KOTTAYAM PUBLIC LIBRARY
894.811
Call No. NAR-S Acc. No. 19644
Author നാരായണൻ നായർ. പി
Title ശ്രീമത് കമ്പരാമായണം.

1142

# ശ്രീമത്

# കമ്പരാമായണം

## മൂലവും വ്യാഖ്യാനവും.

3/-

19644.

## ബാലകാണ്ഡം-പൂർവ്വഭാഗം.

വ്യാഖ്യാതാവ്.

പി. നാരായണൻനായർ,

മാനേജർ, ലക്ഷ്മീനിലയം സംസ്കൃതപാഠശാല,

നെന്മാറ.

കോപ്പി. 500.

കോഴിക്കോട്ട നോർമ്മൻ അച്ചുക്കൂടത്തിൽ അച്ചടിച്ചത്.

1115.

[വില. $1\frac{1}{2}$ക.

894.811

# വിഷയാനുക്രമണിക.


| | | ഭാഗം. |
|---|---|---|
| i | അവതാരിക ... ... ... | 1 |
| ii | മുഖവുര ... ... ... | ൨ |
| iii | കമ്പരുടെ ചരിത്രം ... ... | i |
| iv | ഗുരുവന്ദനം ... ... ... | |
| v | തനിയൻകൾ ... ... ... | 1 |
| vi | പയൻ ... ... ... | 6 |
| vii | നൂൻമുകം ... ... ... | 11 |

| | | |
|---|---|---|
| 1. | ശിറപ്പുപ്പായിരം ... ... ... | 1 |
| 2. | ആറവപ്പടലം ... ... ... | 12 |
| 3. | നാട്ടുപ്പടലം ... ... ... | 31 |
| 4. | നകരപ്പടലം ... ... ... | 71 |
| 5. | അരശിയർപടലം ... ... ... | 119 |
| 6. | തിരുവവതാരപ്പടലം ... ... | 128 |
| 7. | കൈയടൈപ്പടലം ... ... ... | 200 |
| 8. | താടകൈവതൈപ്പടലം ... ... | 214 |
| 9. | വേൾവിപ്പടലം ... ... ... | 251 |
| 10. | അകലികൈപ്പടലം ... ... | 282 |

# അവതാരിക.

മറുഭാഷകളെ പഠിക്കുന്ന കാര്യത്തിൽ മലയാളികൾ മററു നാട്ടുകാരെ അപേക്ഷിച്ചു വളരെ പിന്നിലാണു നില്ക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. തങ്ങളുടെ മാതൃഭാഷയോട് ഏററവും അടുപ്പമുള്ള ദ്രാവിഡമൂലകുടുംബാംഗങ്ങളായ തമിഴ, തെലുങ്കു, കൎണ്ണാടകം എന്നിവയിലെ സാഹിത്യസമുച്ചയങ്ങളെക്കുറിച്ചുപോലും മലയാളികൾക്കു പ്രായേണ അറിവു വളരെ വിരളമായിട്ടാണ് കാണുന്നത്. വാസ്തവമാലോചിച്ചാൽ മലയാളത്തിൻെറ അഭിവൃദ്ധിക്ക് അത്യാവശ്യമായിട്ടുള്ളതാണ് അവയെക്കുറിച്ചുള്ള സാമാന്യജ്ഞാനം. എന്നിട്ടും ഇതു സമ്പാദിക്കുന്നതിന്നു നമ്മുടെ സാഹിത്യകാരന്മാർ പരിശ്രമിക്കാതിരിക്കുന്നതു കഷ്ടമല്ലേ? സംസ്കൃതത്തിൻേറയും ഇംഗ്ലീഷിൻേറയും സഹായംകൊണ്ട് അവക്കു ഭാഷയിൽ കൈകാൎയ്യം ചെയ്യുന്നത് സുകരംതന്നെ ആയിരിക്കാം. പക്ഷെ ലോകത്തിൻെറ അഭിവൃദ്ധിയനുസരിച്ചു കാലാനുകൂലമായ സംസ്കാരം സിദ്ധിച്ചുവന്നിട്ടുള്ള തമിഴഭാഷ അവക്കു സ്വാധീനമാകുന്നതായാൽ അവരിൽനിന്നു കൈരളിക്കു കൂടുതൽ വികാസം കൈവരുവാനിടയുണ്ടെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല. ശബ്ദകോശം, വാക്യരചന, രീതി, ആശയഗതി എന്നിവയിലെല്ലാം ഏററവുമധികം സാജാത്യം മലയാളത്തിനും തമിഴിനും തമ്മിലാണെന്നുള്ളതു സ്പഷ്ടമാണല്ലോ. അങ്ങനെയിരിക്കെ ആ രണ്ടു സോദരികളും തമ്മിൽ കൈമെയ്യ് ചേൎന്നിണങ്ങി മുന്നോട്ടുപോകുന്നതായിരിക്കും അധികം സ്വാഭാവികമായിരിക്കുക. ചുരുക്കിപ്പറയുന്നതായാൽ തമിഴിൻെറ പരിജ്ഞാനമില്ലാത്ത ഒരാൾക്ക് മലയാളത്തിൽ ഒരു പ്രാമാണികനാകുന്ന കാൎയ്യംതന്നെ അസാദ്ധ്യമാകുന്നു. എത്രയെത്ര ശുദ്ധദ്രാവിഡപദങ്ങളാണ് കാലക്രമേണ മലയാളത്തിൽ ലുപ്തപ്രചാരങ്ങളായിത്തീരുന്ന

ത്ത്! അവയുടെ സ്ഥാനം കൈയേറുന്ന സംസ്കൃതപദങ്ങൾക്കു പലപ്പോഴും അവയെക്കാൾ മെച്ചം കുറവായും കാണുന്നുണ്ട്. പുതിയ പദങ്ങളെ സൃഷ്ടിക്കുന്ന വിഷയത്തിലും തമിഴാണ് നമുക്ക് അധികം യോജിക്കുന്നവിധം വഴികാണിച്ചുതരുന്നത്. മലയാളത്തിൽ, വിശേഷിച്ചു ദ്രാവിഡവൃത്തങ്ങളിലുള്ള കാവ്യങ്ങൾക്കു, സംസ്കൃതപദങ്ങളേക്കാൾ എത്രയോ അധികം ഇണക്കം കൂടിയവയാണ് ശുദ്ധ ദ്രാവിഡപദങ്ങൾ! അവയുടേ കലവറയും തമിഴുതന്നെയാണല്ലോ. ഇങ്ങനെ മലയാളത്തിൽ ഇതുവരേ നടപ്പിലിരുന്നിരുന്നവയും, അർത്ഥം ശരിയായി ഗ്രഹിക്കാതെ അബദ്ധമായി ഉപയോഗിക്കപ്പെട്ടുന്നവയും, അല്ലെങ്കിൽ തീരെ സന്ത്യജിക്കപ്പെട്ടുന്നവയും ആയ അസംഖ്യം പഴയ വാക്കുകളേയും ശൈലികളേയും തമിഴിൻെറ സഹായംകൊണ്ടു വീണ്ടും വേണ്ടതുപോലെ പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല അസംഖ്യം പുതിയ ശബ്ദശൈലികളെ തമിഴിൽനിന്നു പകൎത്തുന്നതു മേലിൽ ആശാസ്യവുമായിരിക്കുന്നു.

ഏതു ഭാഷയിലും വ്യുൽപത്തിക്കാവശ്യമായിട്ടുള്ളത് അതിൽ ലബ്ധപ്രതിഷ്ഠങ്ങളായിട്ടുള്ള പ്രശസ്തകാവ്യങ്ങളെ വിവേകപൂർവ്വം പഠിക്കുകയാകുന്നു. അതിനാൽ തമിഴിലെ വിശിഷ്ടഗ്രന്ഥങ്ങളെ മലയാളികൾക്കു പരിചയപ്പെട്ടുത്തിക്കൊടുക്കുവാനുള്ള പരിശ്രമം എത്ര ശ്ലാഘാർഹമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. തമിഴുസാഹിത്യകാവ്യമാലയിലേ നടുനായകമായ "കമ്പരാമായണം" മലയാളത്തിൽ അവതരിപ്പിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്തെന്ന് ഇത്രയും പ്രസ്താവിച്ചതിൽനിന്നു വെളിവായിരിക്കണം.

മൂലഗ്രന്ഥം വായിക്കുന്നതുകൊണ്ടുള്ള ഫലം മുഴുവൻ കിട്ടുന്നതിനു മൂലവും വിസ്തൃതമായ വ്യാഖ്യാനവും കൂട്ടിവെച്ചു പഠിക്കുകതന്നെ വേണം. വെറും തർജ്ജമയോ പരാവൎത്തനമോ മാത്രമായാൽ പോരാ എന്നു താൽപര്യം. ലോകോത്തര

മായ ഒരു മഹാകാവ്യം ഇങ്ങനെ ഇതാ മലയാളികളുടേ മുമ്പാകെ അവതരിക്കുന്നു! ഇതിലേ സാഹിത്യമാഹാത്മ്യത്തിനു പുറമേ ശബ്ദസമ്പത്തും അവരുടേ സവിശേഷശ്രദ്ധക്കു വിഷയീഭവിക്കേണ്ടതാകുന്നു.

മലയാളത്തിലും തമിഴിലും സംസ്കൃതത്തിലും ഒരുപോലെ പാണ്ഡിത്യമുള്ള വ്യാഖ്യാതാവിനോടു കൈരളിയും കേരളീയരും ഈ സദ്വ്യവസായത്തിന് എത്രത്തോളം കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസമത്രെ. തമിഴ്പദങ്ങളുടെ അൎത്ഥവും പ്രയോഗവിശേഷവും മററും സനിഷ്കൎഷം പ്രകാശിപ്പിച്ചുകൊണ്ടു മലയാളത്തിലേ പദാൎത്ഥാഭിവൃദ്ധിയെ ഗണ്യമായവിധം സഹായിക്കുമാറു പ്രസ്തുത വ്യാഖ്യാനം സമുല്ലസിക്കട്ടേ എന്ന പ്രാൎത്ഥനയോടുകൂടി ഗ്രന്ഥത്തിനു സൎവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

എറണാകുളം,
൧൧൧൭ മകരം ൧൨-ാംനു-

പി. ശങ്കരൻനമ്പ്യാർ എം. എ.
Professor of English,
Maharaja's College,
Ernakulam.

# മുഖവുര.

**പ്രാരംഭം**

തങ്ങൾക്കു പരിശീലിക്കേണ്ടി വരുന്ന ഓരോ വിഷയങ്ങളേയും സംബന്ധിക്കുന്ന സംഗതികൾ സാമാന്യമായിട്ടെങ്കിലും അറിഞ്ഞിരിപ്പാൻ എല്ലാവരും കാംക്ഷിക്കുന്നതു സാധാരണമാണല്ലോ. അതനുസരിച്ചാണ് ഞാൻ കുറഞ്ഞൊന്നു പറഞ്ഞുകൊള്ളുന്നത്. തമിഴകത്തിലെ പുരാതന നിക്ഷേപങ്ങളായ സാഹിത്യരത്നങ്ങളെ രൂപാന്തരപ്പെടുത്തി ഭാഷാസാഹിത്യ ഭണ്ഡാരത്തിലേക്കു മുതൽക്കൂട്ടുവാനുള്ള എന്റെ എളിയ ഉദ്യമം ഇദം പ്രഥമമായിട്ടുള്ളതല്ല. 14 സംവത്സരങ്ങൾക്കു മുമ്പ് ശ്രീമാൻ വി. കെ. അച്യുതമേനോൻ അവർകളുടെ പ്രേരണയിന്മേലാണ് ഞാൻ ഈ വിഷയത്തിലേക്കിറങ്ങിയത്. അന്നു കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററിയിലെ സിക്രട്ടറിയായിരുന്ന അദ്ദേഹം കമ്മിററിക്കുവേണ്ടി തമിഴിലുള്ള രണ്ടു മഹാ കാവ്യങ്ങളെ ഭാഷാന്തരീകരിപ്പാൻ എന്നെ ഭരമേല്പിച്ചു. ഇവ തമിഴ് സാഹിത്യത്തിലെ ഉത്തമ ഗ്രന്ഥങ്ങളായി ഗണിക്കപ്പെട്ടിട്ടുള്ള പഞ്ചമഹാ കാവ്യങ്ങളിലുൾപെടുന്ന ചിലപ്പതികാരവും മണിമേഖലയുമാണ്. ഈ രണ്ടു ഗ്രന്ഥങ്ങളും രണ്ടായിരത്തിൽപരം സംവത്സരങ്ങൾക്കു മുമ്പായി തിരുവഞ്ചിക്കുളത്തുവെച്ചാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ ആദ്യത്തെ ഗ്രന്ഥം രചിച്ചത് അന്നു കൊങ്ങല്ലൂർ രാജധാനിയിൽ വാണിരുന്ന ചെങ്കുട്ടവപ്പെരുമാളുടെ അനുജൻ ഇളങ്കോവടികളാണ്. രണ്ടാമത്തേതന്റെ ഗ്രന്ഥകാരൻ ഇളങ്കോവടികളുടെ സഖാവും മധുരയിൽ തമിഴ്സംഘപ്പുലവരുമായ ചാത്തനാരാണ്. ഈ രണ്ടു കാവ്യങ്ങളിലുള്ള ഇതിവൃത്തങ്ങളുടേയും ഓരോ അംശത്തിന്നു കഥാസ്ഥലം വഞ്ചിനഗരമാണ്. ഈ ഗ്രന്ഥങ്ങളുടെ വിവൎത്തനം ഗദ്യപദ്യാത്മകമായിട്ടാണ്. ഇവയിൽ 'മണിമേഖല' 1103-ൽ,

ചിലപ്പതികാരം 1106-ം കൊല്ലങ്ങളിലായി ഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിലപ്പതികാരത്തിൻെറ വിവൎത്തനം കഴിഞ്ഞപ്പോൾ ഭാഷാപരിഷ്കരണക്കമ്മിററിയിലെ അന്നത്തെ സിക്രട്ടരിയും എൻെറ ആപ്തമിത്രവുമായ ശ്രീമാൻ പ്രൊഫെസർ പി. ശങ്കരൻനമ്പ്യാർ അവർകളാണ് കമ്പരാമായണത്തിന്നു ഒരു കേരളഭാഷാവ്യാഖ്യാനമെഴുതുവാൻ എന്നെ ഉദ്യമിപ്പിച്ചത്.

മൂലഗ്രന്ഥം

കമ്പരാമായണത്തിൻെറ മൂലഗ്രന്ഥം വാല്മീകിരാമായണമാണെന്നു ശിറപ്പുപ്പായിരം ഏഴാമത്തേയും നാട്ടുപ്പടലം ഒന്നാമത്തേയും പാട്ടുകളിൽ പറഞ്ഞിട്ടുള്ളതിന്നു പുറമെ മൂലഗ്രന്ഥകാരനിൽ തനിക്കുള്ള ഭക്തിബഹുമാനാദരങ്ങളേയും കമ്പർ തൻെറ ഗ്രന്ഥമുഖേന സവിശേഷം പ്രകാശിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതൊരു ശരിയായ തൎജ്ജമയല്ല. വാല്മീകിരാമായണത്തിലെ ഇതിവൃത്തത്തെ മാത്രമവലംബിച്ചു നിൽക്കുന്ന ഒരു സ്വതന്ത്രകൃതിയെന്നു വേണം പറയുവാൻ. എന്തുകൊണ്ടെന്നാൽ ഏതു ഭാഷയിലും ശാശ്വതമായ പ്രതിഷ്ഠയോടെ പരിലസിക്കുന്ന ഉത്തമഗ്രന്ഥങ്ങളുടെ ആവിർഭാവം കേവലം പുരുഷപ്രയത്നംകൊണ്ടല്ല. അതിന്നും ഉപരിതനയായ ഒരു ദിവ്യശക്തിയുടെ പ്രേരണയുണ്ടായിരിക്കയാലാണെന്നുള്ള തത്വം നമുക്ക് അനുഭവഗോചരമാണ്. എത്രതന്നെ പാണ്ഡിത്യവും കവിത്വവും സ്വായത്തമായിരുന്നാലും ഒരു ഉത്തമ ഗ്രന്ഥനിൎമ്മാണത്തിൽ ഒരു കവി പൊടുന്നനെ പ്രവേശിക്കുകയെന്നുള്ളതു പ്രായേണ സംഭവ്യമല്ല. പല മഹാന്മാരുടേയും പ്രേരണയിന്മേൽ ലോകാനുഭവത്തെ പുരസ്കരിച്ചു നിരന്തരമായി നിരൂപണംചെയ്തു തൃപ്തനായതിൽ പിന്നെ അവിചാരിതമായ ഒരു ദൈവനിയോഗത്താൽ ഗ്രന്ഥം പ്രാദുൎഭവിക്കയും അതു സൎവ്വഥാ ശ്ലാഘനീയമായി പരിണമിക്കയും ചെയ്യുന്നു. ഈ രീതിയിലാണ് വാല്മീകിരാമായണത്തിൻെറ

ഉത്ഭവമെന്നുള്ളതു പ്രസിദ്ധമാണല്ലോ. കമ്പരാമായണത്തിന്റേയും ഉത്ഭവം ഇത്തരത്തിലാണെന്നു കമ്പരുടെ ചരിത്രത്തിൽ നിന്നറിയാവുന്നതാണ്.

വാത്മീകിമുനിയെപ്പോലെ കമ്പരും ഏഴു കാണ്ഡമായത്തന്നെ ഗ്രന്ഥത്തെ വിഭജിച്ചിട്ടുണ്ട്. കാണ്ഡങ്ങളുടെ ഉൾപിരിവുകളായ വാത്മീകിയുടെ സൎഗ്ഗങ്ങൾ കമ്പരുടെ പടലങ്ങളാണ്. വാത്മീകിരാമായണത്തിൽ 24000 ഗ്രന്ഥം (അനുഷ്ടുപ്പ് ശ്ലോകം) ഉണ്ട്. കമ്പരാമായണത്തിൽ 12000 കവിയാണ്. എങ്കിലും ഈ കവി (പാട്ടു)കൾ വലിയ വൃത്തങ്ങളിലാകയാൽ വാത്മീകിരാമായണത്തെക്കാൾ കമ്പരാമായണത്തിന്നു ഗ്രന്ഥവിസ്താരം കൂടും. ഈ കാവ്യങ്ങൾ രണ്ടും ഉപക്രമത്തിൽ വ്യത്യസ്ത രീതികളാണ്.

വാത്മീകിഭഗവാൻ—നാരദമുനി തനിക്കുപദേശിച്ച രാമചരിതത്തിന്റെ സംഗ്രഹരൂപമായ സംക്ഷേപരാമായണത്തെ 1-ാംസൎഗ്ഗത്തിലും, പിന്നെ ബ്രഹ്മാവു പ്രത്യക്ഷനായി തന്നെ അനുഗ്രഹിച്ച സംഭവത്തെ 2-ാംസൎഗ്ഗത്തിലും താൻ സമാരംഭിച്ചിട്ടുള്ള രാമായണത്തിലെ വിഷയസംഗ്രഹത്തെ 3-ാം സർഗ്ഗത്തിലും, ശ്രീരാമദേവന്റെ സഭയിൽ അദ്ദേഹത്തിന്റെ പുത്രന്മാരും വാത്മീകിമഹൎഷിയുടെ ശിഷ്യന്മാരുമായ കുശലവന്മാർ രാമായണം പാടുന്നതിനെ 4-ാംസർഗ്ഗത്തിലും പ്രതിപാദിച്ചതിന്നു ശേഷം അയോദ്ധ്യാപുരവൎണ്ണനമാരംഭിച്ചു കഥ തുടൎന്നുപോകുന്നു.

കമ്പരാകട്ടെ—തമിഴ്‌നാട്ടിന്റേയും തമിഴ്‌സാഹിത്യത്തിന്റേയും പഴക്കവഴക്കങ്ങളെ വിടാതെതന്നെ ഗ്രന്ഥനിൎമ്മാണം ചെയ്യുന്നതാണുചിതമെന്നു കരുതി ആദിയിൽ നൂൻമുകം (ഗ്രന്ഥമുഖം) ശിറപ്പുപ്പായിരം (പ്രബന്ധമുഖം) എന്നീ രണ്ടംഗങ്ങളും അതിന്നു ശേഷം ക്രമത്തിൽ 1 ആറപ്പടലം (സരയൂ

വൎണ്ണനം) 2 നാട്ടുപ്പടലം എന്നിവ കഴിഞ്ഞു നകരപ്പടലം (അയോദ്ധ്യാപുരവൎണ്ണനം) മുതൽക്കു കഥയിൽപ്രവേശിക്കുന്നു.

വാത്മീകിയും കമ്പരും ഒരുപോലെ കഥ തുടൎന്നുകൊണ്ടു പോകുന്നുണ്ടെങ്കിലും ചില സന്ദൎഭങ്ങൾ വ്യത്യാസപ്പെട്ടു കാണുന്നു. ബാലകാണ്ഡത്തിൽ 69-ാംസൎഗ്ഗത്തിൽ 20 ശ്ലോകംകൊണ്ടു "ദശരഥൻ പരിവാരസമേതം അയോദ്ധ്യയിൽനിന്നു പുറപ്പെട്ടു മിഥിലയിലെത്തി ജനകനാലെതിരേററു സ്വീകരിക്കപ്പെട്ടു" എന്നുള്ള കഥാവസ്തു പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇതിന്നു കുത്തു കമ്പർ 1 എഴുച്ചിപ്പടലം, 2 വരൈക്കാട്ചിപ്പടലം, 3 പൂക്കൊയ്പടലം, 4 നീർവിളൈയാട്ടുപ്പടലം, 5 ഉണ്ടാട്ടുപ്പടലം, 6 എതിർകൊൾപടലം. എന്നീ ആറു വിഷയങ്ങളെ ചെലുത്തിയിരിക്കുന്നു. ഇവയിൽ 1-ം, 6-ം മാത്രം ആ സൎഗ്ഗത്തിലെ കഥാവസ്തുവിനെ സ്പൎശിക്കുന്നു. ശേഷം 4 പടലം (270 പാട്ടുകൾ) കമ്പരുടെ കല്പനാവിഷയങ്ങളായ ചന്ദ്രശൈലാദികളുടെ വൎണ്ണനകളാകുന്നു. ഇതു ഈ കാണ്ഡത്തിലെ ഗണ്യമായ ഒരു വ്യത്യാസമാണ്. ഇങ്ങിനെ ആദ്യന്തം ഭേദഗതികളെ ഉദ്ധരിച്ചു വിവരിക്കുന്നതിൽ അസാംഗത്യമില്ലെന്നു വരികിലും വിസ്തരഭയത്താൽ ഇത്രമാത്രം കൊണ്ടവസാനിപ്പിക്കുന്നു.

തമിഴ്മൊഴിയിലുള്ള കാവ്യങ്ങളിൽ കമ്പരാമായണത്തിന്നാണു സൎവ്വോൽകൃഷ്ടമായ പദം നൽകീട്ടുള്ളത്. ഇങ്ങിനെ സകലഗുണസമ്പന്നമായ ഒരു മഹാകാവ്യം "ന ഭൂതം ന ഭവിഷ്യതി" എന്നാണു തമിഴ്പ്പുലവന്മാർ ഐകകണ്ഠ്യേന പ്രഖ്യാപനം ചെയ്യുന്നത്. ഭൂലോകം വാഴുന്ന രാജമണ്ഡലത്തിന്നു ചക്രവൎത്തികൾ മാറിമാറി വന്നുകൊണ്ടിരിക്കുന്നു. തമിഴ്ലോകം വാഴുന്ന കവിരാജമണ്ഡലത്തിന്നാകട്ടെ, അന്നും ഇന്നും ഒരേ ചക്രവൎത്തിയായ്വാഴ്വു കമ്പനാട്ടാഴ്വാൻ. സരസഗംഭീരമായ ഈ കാവ്യാൎണ്ണവത്തിലന്തൎഭവിച്ചു കിടക്കുന്ന അനൎഘങ്ങളും ഹൃദയാവൎജ്ജകങ്ങളുമായ വൈചിത്ര്യങ്ങളെ പ്രത്യേകം ഇ

വിടെ എടുത്തുപറഞ്ഞു പാഠകന്മാരെ ആവർജ്ജനം ചെയ്യുന്നതിൽ എനിക്കു മോഹമില്ലെന്നില്ല. പക്ഷെ എൻെറ പാണ്ഡിത്യക്കുറവിനാൽ ആ കവിചക്രവർത്തിയുടെ ലോകോത്തരങ്ങളായ ചിത്രീകരണങ്ങൾക്കു വല്ല ഊനവും പററിപ്പോയേക്കുമോ എന്നു ശങ്കിച്ചു ഞാൻ അതിന്നു തുനിയുന്നില്ലെന്നേയുള്ളു. സാഹിത്യവിഷയത്തിൽ തൻെറ പ്രാചീനന്മാരിൽനിന്നു വ്യത്യസ്തമായ ഒരു പന്ഥാവിലൂടെയാണ് കമ്പരുടെ ഗതി. സംസ്കൃതപദങ്ങളെ കൂടുതലായി പ്രയോഗിച്ചിട്ടുണ്ട്. സംസ്കൃതവൃത്തങ്ങളോടടുപ്പമുള്ള വിരുത്ത (വൃത്ത)ങ്ങളെയാണു പ്രായേണ സ്വീകരിച്ചിട്ടുള്ളത്. അലങ്കാരപ്രയോഗങ്ങളിലും സംസ്കൃതസാഹിത്യത്തെ ഒട്ടേറെ അനുകരിക്കാതിരുന്നിട്ടില്ല. ഇതിനെത്തന്നെ പിൻഗാമികളും അംഗീകരിച്ചു വന്നതിനാൽ കമ്പരുടെ കാലംമുതൽക്കു തമിഴ് സാഹിത്യം ഒരു പുതിയ പ്രസ്ഥാനത്തെ അംഗീകരിച്ചിരിക്കയാണ്.

ഗംഭീരമായ ഈ പ്രബന്ധത്തിലിറങ്ങി കൈകാര്യം നടത്തുവാൻ കേവലം ഒരു മലയാളിയായ എനിക്കു കെല്പില്ലെന്നു വരികിലും വിലക്ഷണമായ ഈ കാവ്യമൃതരസം കേരളീയ

**വ്യാഖ്യാനം.**

സഹോദരസഹോദരിമാർ ആസ്വദിക്കുമാറാകേണമെന്ന കരുതലോടുകൂടിയാണ് ഞാൻ ഈ വ്യാഖ്യാനമെഴുതുവാൻ മുതിൎന്നിട്ടുള്ളതു. പിന്നെ താവഴി പിരിഞ്ഞിട്ടുണ്ടെങ്കിലും ജ്യേഷ്ഠസഹോദരിയായ ദ്രാവിഡിയോടു കൈരളിക്കുള്ള കൂട്ടുകെട്ട് ഒഴിച്ചുകൂടാത്ത മട്ടിൽതന്നെയാണ് നിലനിൽക്കുന്നത്. നമ്മുടെ കൈരളീമാതാവു ഗൈൎവ്വാണീമുത്തശ്ശിയെ തിരിഞ്ഞുനോക്കിക്കൊണ്ടു ജ്യേഷ്ഠത്തിയെ പ്രതിപദം തുടൎന്നുപോകുന്നതേ ഉള്ളു. ഈ സ്ഥിതിക്കു വലിയമ്മയുടെ സേവകൂടി നമ്മുടെ താവഴിയിലെ സാമ്പത്തികമായ ഭാവി ശോഭനമാക്കിത്തീൎപ്പാൻ യഥാശക്തി പ്രയത്നിപ്പാനുള്ള മോഹവും ഇനിക്കിന്നുള്ളതല്ല.

ഈ വ്യാഖ്യാനത്തെ അവതാരിക, പദാൎത്ഥം, ഭാവം, വിശേഷാൎത്ഥം ഇങ്ങിനെ നാലുഭാഗമാക്കീട്ടാണ് ചേൎത്തിരിക്കുന്നത്. അന്വയക്രമത്തിൽ പദങ്ങളുടെ അൎത്ഥം വ്യക്തമായി കാണിച്ചിട്ടുണ്ട്. ആ പദാൎത്ഥം മാത്രം ക്രമത്തിൽ ചേൎത്തു വായിക്കുന്നതായാൽ ആയത് ആ പാട്ടിന്റെ ഏതാണ്ടൊരു മലയാള തൎജ്ജമയായുമിരിക്കും. പിന്നെ യഥാശ്രുതമായ അൎത്ഥത്തെ സുവ്യക്തമാക്കിക്കാണിക്കുകയാണ് ഭാവമെന്നുള്ള അംശംകൊണ്ടു സാധിച്ചിട്ടുള്ളത്. വിശേഷാൎത്ഥമെന്നുള്ളതിൽ നിഗൂഢങ്ങളായ ആശയങ്ങൾ പദപ്രയോജനങ്ങൾ മററു വിവരണങ്ങൾ സൂചിതകഥകൾ പ്രമാണങ്ങൾ മുതലായവയും പെടുത്തിയിരിക്കുന്നു. സംസ്കൃത തൽഭവപദങ്ങൾ ഈ ഗ്രന്ഥത്തിൽ ദുർല്ലഭമല്ലായ്കയാൽ അവയുടെ തത്സമങ്ങൾ ശരിയായി കാണിച്ചിട്ടുണ്ട്. വിരുത്തങ്ങൾക്കു സാമ്യം കാണുന്ന സംസ്കൃത വൃത്തനാമങ്ങൾ മിക്കതും ചേൎത്തിരിക്കുന്നു. ഈ വ്യാഖ്യാനം കേരളീയൎക്കു പരാശ്രയം കൂടാതെ തമിഴ്ഭാഷയിൽ പാണ്ഡിത്യം സമ്പാദിപ്പാൻ കൂടെ പൎയ്യാപ്തമാകുന്നതാണ്. അതേവിധം കേരളഭാഷാപഠനതല്പരന്മാരായ തമിഴരുടെ ഒരദ്ധ്യാപകസ്ഥാനം വഹിപ്പാനും ഈ വ്യാഖ്യാനത്തിന്നൎഹതയുണ്ട്.

ബാലകാണ്ഡം മുഴുവനും വ്യാഖ്യാനമെഴുതിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സൌകൎയ്യങ്ങളെ അടിസ്ഥാനമാക്കി ഈ കാണ്ഡത്തിന്റെ പൂൎവ്വാൎദ്ധം മാത്രമാണിപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്നത്. ഉത്തരാൎദ്ധവും അധികം താമസിയാതെ പുറപ്പെടുന്നതാണ്. മററു കാണ്ഡങ്ങളേയും വ്യാഖ്യാനിച്ചു വെളിപ്പെടുത്തേണമെന്നുതന്നെയാണ് മനോരഥം. എന്നാൽ നമ്മുടെ മാന്യസഹോദരീസഹോദരന്മാർക്കിതിനെസ്സംബന്ധിച്ചുണ്ടാവുന്ന അനുഭാവത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും അതിന്റെ പ്രവൎത്തനം.

ആദ്യം ഈ വ്യാഖ്യാനപദ്ധതിയിൽ എന്നെ പ്രേരിപ്പിച്ചു. പിന്നീട് ഇതിന്റെ രംഗപ്രവേശത്തെ ഉൽകണ്ഠയോടെ

പ്രതീക്ഷിച്ചിരുന്നു. അവസാനം അവതരിപ്പിക്കയും ചെയ്തു. ഇങ്ങിനെ ഇതിൽ ഒരാദ്യവസാനം വഹിച്ച ശ്രീമാൻ പ്രൊഫസർ പി. ശങ്കരൻനമ്പ്യാർ അവർകളോടും ഈ വിഷയത്തിൽ വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി നിരന്തരം പ്രോത്സാഹനം നൽകിവന്ന ശ്രീമാൻ ആയ്യുർവൈദ്യൻ വടക്കേപ്പാട്ടു നാരായണൻനായരവർകളോടും ഞാൻ ഏററവും കൃതജ്ഞനായിരിക്കുന്നു. ഈ ഗ്രന്ഥമെഴുതുവാൻ ആരംഭിച്ചതുമുതൽ പുസ്തകമാക്കിപ്പുറത്തിറക്കുന്നതുവരെ പകൎത്തെഴുതുക മുതലായ സകല പണികളും ശ്രദ്ധാപൂർവ്വം നടത്തിയ എന്റെ സഹോദരപുത്രനും വിനീതശിഷ്യനുമായ ആയുഷ്മാൻ പി. വിശ്വനാഥൻനായരെ ആശീൎവ്വദിക്കുകയും ചെയ്യുന്നു.

ഇതിന്റെ മുദ്രണം ഹാർദ്ദമായ സഹായത്തിന്മേൽ യഥായോഗ്യം നടത്തിത്തന്ന പ്രിയമിത്രം നോർമ്മൻ അച്ചുക്കൂടം ഉടമസ്ഥൻ ശ്രീമാൻ കെ. വി. അച്യുതൻനായർ അവർകളോടും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ഇതിൽ പ്രാമാദികങ്ങളായോ മററോ വല്ല സ്ഖലിതങ്ങളും വന്നിട്ടുണ്ടെങ്കിൽ ക്ഷമിച്ചുകൊൾവാനും ഇതിന്റെ പ്രചരണത്തിന്നു വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്തുതരുവാനും മാന്യ മലയാളസഹോദരീസഹോദരന്മാരോടഭ്യൎത്ഥിച്ചുകൊള്ളുന്നു.

നെന്മാറ,
16_6_1115.

വ്യാഖ്യാതാവ്.

# കമ്പരുടെ ചരിത്രം.

ചോഴനാട്ടിൽ ഇപ്പോഴുള്ള മായവരം തീവണ്ടി ആപ്പീസ്സിന്നു പടിഞ്ഞാറുള്ള "മൂവലൂർ" എന്ന ഗ്രാമത്തിൽ "ആദിത്യൻ" എന്ന ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു.

ജനനം.

ഏതോ ഗ്രാമവഴക്കു മൂലം ആ ബ്രാഹ്മണനിൽ മററുള്ളവൎക്കു വൈരം ഭവിച്ചു. ഇങ്ങിനെയിരിക്കേ, അദ്ദേഹത്തിൻെറ ബ്രാഹ്മണി ഗൎഭം ധരിക്കുകയും ആ ബ്രാഹ്മണൻ ചരമഗതി പ്രാപിക്കയുംചെയ്തു. ഗ്രാമവാസികൾ പൂൎവ്വവൈരത്തെ പുരസ്കരിച്ചു അശരണയായ ആ വിധവയെ തങ്ങടെ ഇടയിൽ കുടിയിരിപ്പാൻ പാടില്ലെന്നു നിൎബ്ബന്ധിച്ചു ഭയപ്പെടുത്തിത്തുടങ്ങി. പൂൎണ്ണ ഗൎഭിണിയായ ബ്രാഹ്മണി ആ നിഷ്ഠുരന്മാരെ പേടിച്ചു ഗ്രാമത്തിൽനിന്നു പുറപ്പെട്ടു പശ്ചിമാഭിമുഖമായി യാത്രചെയ്തു തിരുവഴന്തൂരിൽ ഒരു ഭദ്രാക്ഷമരച്ചുവട്ടിൽ ചെന്നുചേൎന്നവുടൻ ഒരു പുരുഷപ്രജയെ പ്രസവിക്കുകയും കുട്ടിയെ അവിടെത്തന്നെ ഇട്ടേച്ചുപോവുകയും ചെയ്തു. ചരമഗതി പ്രാപിച്ചുവെന്നും ഒരു പക്ഷമുണ്ട്.

അതിന്നുശേഷം ആ ഗ്രാമവാസിയും അവിടെയുള്ള കാളികോഷ്ഠത്തിലെ പൂജാരിയുമായ ഒരു "ഉവച്ചൻ" (ഒരു ജാതിപ്പേർ) ഈ ശിശുവിനെ കണ്ടു കാരുണ്യം പൂണ്ടെടുത്തു തൻെറ വസതിയിലേക്കു കൊണ്ടുപോയി സ്നേഹപൂൎവ്വം വളൎത്തി വന്നു. ബാല്യം കഴിഞ്ഞപ്പോൾ കുട്ടിയെ വിദ്യാഭ്യാസം ചെയ്യിക്കേണമെന്നു കരുതി ഇപ്പോൾ കതിരാമംഗലമെന്നു പറയുന്ന വെണ്ണനല്ലൂരിൽ വേളാളവൎഗ്ഗത്തിൽ പ്രശസ്തമായ ഒരു പ്രഭുകുടുംബത്തിൻെറ നാഥനും വലിയ സമ്പന്നനുമായ ശടൈയപ്പവള്ളലിൻെറ വശംകൊണ്ടു ചെന്നേല്പിച്ചു. ഉദാരമാനസനായ അദ്ദേഹമാവട്ടെ ഈ ബാലകനെ അന്നവസ്ത്രാദികൾ നൽകി തൻെറ ഭവനത്തിൽ പാൎപ്പിച്ചു.

പിന്നെ ആ പ്രഭു തങ്ങടെ കുട്ടികളുടെ ചെവിടിക്കൊട്ടെടു ത്തുകൊണ്ടു അവരുടെ ക്രുടെ പള്ളിക്കൂടത്തിൽചെന്നു പഠിച്ചു കൊൾവാൻ ഈ ബാലനെ നിയോഗിക്കയും അങ്ങിനെ പഠിച്ചുവരികയും ചെയ്തു.

വിദ്യാഭ്യാസം.

ഈ പള്ളിക്കൂടത്തിലെ ഉപാദ്ധ്യായന്നു വൈരപുരമെന്ന അടുത്ത ഗ്രാമത്തിൽ കമ്പും തിനയും കൃഷിചെയ്യുന്ന സ്വന്തം കാട്ടുകളുണ്ടായിരുന്നതിനാൽ അവയെ ശിഷ്യന്മാർ ഊഴമിട്ടുചെന്നു കാത്തുവരിക പതിവായിരുന്നു. ഈ പതിവനുസരിച്ച് ഒരു നാൾ നമ്മുടെ ബാലൻ തൻെറ ഊഴം നടത്തുവാനായി കാലത്തേ ചെന്നു നട്ടുച്ചവരെ കാടെല്ലാം ചുററിനടന്നു പരവശനായി. ഈ ക്ലേശപരിഹാരത്തിന്നായി അരികേയുള്ള കാളീകോഷ്ഠത്തിൻെറ മുന്നിൽചെന്നു കിടന്നു. ഇവൻെറ അവശതയിൽ കാരുണ്യം കലൎന്നവളോ എന്നു തോന്നുമാറ് നിദ്രാദേവി അവനെ സമാദരിച്ചു. അവൻ ഒരു കുതിരവന്നു തിനക്കാട്ടിൽ മേയുന്നതായി സ്വപ്നംകണ്ടു ഞെട്ടിയുണൎന്നു നോക്കുമ്പോൾ സ്വപ്നം ശരിയായിരുന്നു. അതിനെ ആട്ടിയോടിപ്പാൻ ചെയ്ത ശ്രമം ഫലിക്കാതെ കാണുകയാൽ പേടിച്ച് വിറച്ച് ഓടി കാളിയുടെ സന്നിധിയിൽചെന്നു മുറയിട്ടു. അവനിൽ കാരുണ്യം പൂണ്ടു പ്രസന്നയായ കാളി കൺകാമൂൎത്തിയായി വന്ന്, "കുട്ടി! നീ കരയേണ്ട. നിൻെറ നാവു നീട്ടുക." എന്നരുൾചെയ്തു. അപ്രകാരം ചെയ്തപ്പോൾ ദേവി നാവിൽ സരസ്വതീബീജമെഴുതി അനുഗ്രഹിച്ചു മറഞ്ഞു. പിന്നെയും ബാലൻ തിനക്കാട്ടിൽ ചെന്നു നോക്കുമ്പോൾ കുതിര അവിടെത്തന്നെ മേഞ്ഞുകൊണ്ടിരുന്നു. അതു കണ്ടു കുപിതനായ കുമാരൻെറ മുഖത്തിൽനിന്നു അവിചാരിതമായി,

വാഴ്ത്ത വൈരപുര മാകാളിയമ്മേ കേൾ
കാഴ്ത്ത തിണൈപ്പുണത്തു ക്കാലൈവൈയ്ത്തു-ച്ചാഴ്ത്ത
കുതിരൈ മാളത്തിൻറ കാളിങ്ക്കരായൻ
കുതിരൈ മാള ക്കൊണ്ടുപോ

നാരായണൻനായർ — P



എന്നുള്ള ഒരു പദ്യം ആവിർഭവിച്ചു. ഉടനെ കുതിര വീണു മരിച്ചു. ഇത് അവിടത്തെ നാടുവാഴിയായ കാലിങ്ക്കരായന്റെ കുതിരയായിരുന്നു. ഉപാദ്ധ്യായൻ ഈ സംഭവം കേട്ട മാത്രത്തിൽ ഓടിവന്ന്, "നാം നാടുവാഴിയുടെ കോപത്തിന്നു പാത്രമാകുമല്ലോ" എന്നു പറഞ്ഞു വിഷാദിച്ചപ്പോൾ മാണവകൻ മുൻ കവനം ചെയ്ത പദ്യത്തിന്റെ നാലാംപാദത്തെ "കുതിരൈ മീളക്കൊണ്ടുവാ" എന്നു മാററിപ്പറയുകയും ചത്തുവീണ കുതിര ജീവിച്ചെഴുന്നേററു പോവുകയും ചെയ്തു.

കാലിങ്ക്കരായൻ ഈ അത്ഭുതസംഭവം അന്നു രാജ്യം വാണിരുന്ന കുലോത്തുംഗചോഴനെ അറിയിക്കുകയും അദ്ദേഹം ഈ ബാലനെ തന്റെ അരമനയിൽ വരുത്തുകയും ചെയ്തു. നമ്മുടെ ബാലനാകട്ടെ, തിനക്കാട്ടിൽ കാവലിന്നു പോകുമ്പോൾ എടുത്തിരുന്ന നെററിക്കെട്ടുവടിയും പിടിച്ചുകൊണ്ടു രാജസന്നിധിയിൽ ചെന്നുനിന്നു. അപ്പോൾ ചോഴമന്നൻ, "ഇക്കമ്പനാ അങ്ങനം ശെയ്താൻ" (കമ്പൻ=കമ്പെടുത്തവൻ; കമ്പ്=വടി) എന്നു ചോദിച്ചു. അന്നു മുതൽ എല്ലാവരും ഇവനെ കമ്പനെന്നു വിളിച്ചുതുടങ്ങി.

പിന്നെ ക്രമേണ വരകവിയെന്നു വിഖ്യാതനും തമിഴ് നാട്ടാരുടെ പ്രീതിക്കു പാത്രീഭൂതനുമായ കമ്പർ കാലവിളംബം കൂടാതെ ചോഴരാജധാനിയിലെ ആസ്ഥാനപണ്ഡിതന്മാരിൽ അഗ്രേസരത്വം വഹിച്ചു. അങ്ങിനെ പ്രതിദിനം രാജസഭയിൽ സന്ദർഭോചിതങ്ങളായ കവനങ്ങൾകൊണ്ടു സദസ്യരെ വിസ്മയാനന്ദഭരിതരാക്കിവരികയും ക്രമേണ "കവിചക്രവർത്തി" എന്ന വിരുതുനേടുകയും ചെയ്തു.

കമ്പർ ഗൃഹസ്ഥാശ്രമം കയ്ക്കൊണ്ടു വാണിരുന്നത് ഇപ്പോൾ കതിരാമങ്ങ്ഗലം എന്നു പറയുന്ന വെണ്ണൈനല്ലൂരിൽ

തന്നെയായിരുന്നു. ഈ ഗ്രാമം കുത്താലം തീവണ്ടിയാപ്പീസിന്നു രണ്ടു നാഴിക വടക്കുപടിഞ്ഞാറാണ്.

ഗൃഹസ്ഥധമ്മം.

മേൽകാണിച്ച കുതിര മേഞ്ഞ തിനക്കാട്ടിന്നു ഇപ്പോഴും "കുതിരൈ മേഞ്ചാൻ" എന്നു പേർ പറഞ്ഞുവരുന്നു. കമ്പരെ ആദരിച്ച ശടൈയപ്പമുതലിയാരുടെ വാസസ്ഥാനത്തിന്നു "ശടൈയപ്പൻ തിടൽ" എന്നു പേർ പറയുന്നു. ആ പ്രദേശത്തിൽ ഭവനങ്ങളും ദേവാലയങ്ങളുമുണ്ടായിരുന്നതായി അവയുടെ നഷ്ടശിഷ്ടങ്ങൾ ഇപ്പോഴും കാണ്മാനുള്ളതിനാൽ നിണ്ണയിക്കാം. അത്രയുമല്ല ഇപ്പോൾ ആ ഊരിലുള്ള "വെള്ളപ്പിള്ളയാർ" കോവിലിലുള്ള ചെമ്പുവിഗ്രഹത്തിന്റെ പീഠത്തിൽ "വെണ്ണെനല്ലൂർപിള്ളെയാർ" എന്നു പേർ കൊത്തിയിട്ടുള്ളതായും കാണുന്നുണ്ട്. ഈ ഊരിൽ ഇന്നുള്ള വൈഷ്ണവാഗ്രഹാരത്തിന്നു തെക്കുവശം "കമ്പർമേട്ട" എന്നു പറഞ്ഞുവരുന്ന ഒരു സ്ഥാനമുണ്ട്. ഇവിടെ ഒരു ഭവനമുണ്ടായിരുന്നുവെന്നു അവിടെ ജീണ്ണിച്ചുകിടക്കുന്ന ഗൃഹോപകരണങ്ങളാൽ തെളിയുന്നു. കമ്പരുടെ കുടുംബജീവിതം സുഖസമ്പൂണ്ണമായിത്തീരത്തക്ക ആനുകൂല്യങ്ങളെല്ലാം നൽകിയതും ഉദാരനായ ആ ശടൈയപ്പവള്ളൽ തന്നെയാണ്. കമ്പൎക്ക "അംബികാപതി" എന്ന ഒരു പുത്രനുണ്ടായിരുന്നു. ഈ പുത്രൻ ബുദ്ധികൊണ്ടും വിദ്യകൊണ്ടും പിതാവിന്നനുരൂപനമായിരുന്നു.

കമ്പർ കാളിയുടെ അനുഗ്രഹത്താൽ വരകവിയായിത്തീന്നതാണെന്നു ഐതിഹ്യംകൊണ്ടറിയപ്പെടുന്നു. എന്നാൽ ഇദ്ദേഹത്തിന്റെ കൃതികളെ പരിശോധിക്കുമ്പോൾ അദ്ദേഹം നല്ലൊരു പണ്ഡിതൻ തന്നെയാണെന്നും വ്യക്തമായി കാണുന്നുണ്ട്. തന്റെ മുൻഗാമികളായ തമിഴ് പുലവന്മാരുടെ കൃതികളെ ആരാഞ്ഞറിഞ്ഞ് അവയിലുള്ള സാരഭൂതങ്ങളായ പല അംശങ്ങളേയും അദ്ദേഹം

പാണ്ഡിത്യം.

തന്റെ കൃതികളിൽ സംഗ്രഹിച്ചിട്ടുള്ളതായി കാണാം. തമിഴ് സംഘത്താൽ അംഗീകരിക്കപ്പെട്ട പുരാതന ഗ്രന്ഥങ്ങൾ, തേവാരം, തിരുവാചകം, നാലായിരപ്രബന്ധം ഇത്യാദി (ഇലക്കിയ) ഗ്രന്ഥങ്ങളിൽനിന്നും തൊൽകാപ്പിയം ഇറൈയനാരകപ്പൊരുൾ മുതലായ ഇലക്കണ ഗ്രന്ഥങ്ങളിൽനിന്നും ഉദ്ധരിച്ചിട്ടുള്ള പല ഭാഗങ്ങളും തന്റെ രാമായണത്തിൽ ചേർത്തു കാണുന്നു. സംസ്കൃത ഗ്രന്ഥങ്ങളിൽ വാത്മീകത്തിൽ മാത്രമല്ല മററു ബോധായന വാസിഷ്ഠാദി രാമായണങ്ങളിലും സാരതമങ്ങളായ അംശങ്ങളും രാമായണനാടകങ്ങളിലെ വിസ്മയാവഹങ്ങളായ സന്ദർഭങ്ങളും മനുസ്മൃതി ശുക്രനീതി മുതലായ ധർമ്മശാസ്ത്രസാരങ്ങളും കാളിദാസാദികളുടെ കാവ്യങ്ങളിലുള്ള ശൃംഗാരരസപ്രകാരങ്ങളും കമ്പർ തന്റെ രാമായണത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്നു നല്ലപോലെ കാണാം.

തമിഴ്‌വേദമെന്നു പറഞ്ഞുവരുന്ന തിരുക്കുറലിനെ ഒരു പ്രമാണമാക്കിയെടുത്തു അതിലെ പദങ്ങളേയും അർത്ഥങ്ങളേയും എന്നല്ല പാദങ്ങളെപ്പോലും അമൂല്യരത്നങ്ങളുടെ നിലയിൽ തന്റെ കാവ്യത്തിലമൃത്തി വെച്ചിട്ടുണ്ട്. വാസ്തവം നോക്കുകയാണെങ്കിൽ വാത്മീകിരാമായണത്തിന്റെയും തിരുക്കുറലിന്റെയും ഒരു വ്യാഖ്യാനമാണ് കമ്പരാമായണം എന്നുവേണം പറയുവാൻ. ഇങ്ങിനെ ചിന്തിക്കുമ്പോൾ ഇദ്ദേഹം തമിഴ്‌സാഹിത്യത്തിലുംശാസ്ത്രങ്ങളിലും അതിയായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളതിന്നു പുറമെ സംസ്കൃതത്തിലും ഇദ്ദേഹത്തിന്നു നല്ല വ്യുൽപത്തിയുണ്ടെന്നു നിസ്സംശയം കാണാം. എങ്കിലും കമ്പരുടെ നാവ് കലമകളുടെ കേളിരംഗമായിരുന്നുവെന്നു കല്പിക്കാതിരിക്കാൻനിർവ്വാഹമില്ല. "കമ്പൻ വീട്ടുക്കട്ടുത്തറിയും കവി ശൊല്ലും" "കൽവിയിൽ പെരിയവൻ കമ്പൻ" എന്നാണ് തമിഴ് ലോകോക്തി.

കമ്പർ ചോഴരാജസഭയിൽ കവിസാർവ്വഭൌമനായി വാഴുന്ന കാലത്ത് ഇദ്ദേഹത്തിന്റെ കീർത്തിക്കു അനശ്വരമായ ഒ

രാമായണനിൎമ്മാണം.

രു പ്രതിഷ്ഠയെ പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്ന ശടൈയപ്പമുതലിയാർ നമ്മുടെ കവിവൎയ്യനെക്കൊണ്ടു സംസ്കൃതഭാഷയിലെ ആദികാവ്യമായ രാമായണത്തെ ഛന്ദോമയമായ്ത്തന്നെ തമിഴിൽ കവനം ചെയ്യിക്കേണമെന്നും അതു രാജപ്രേരണയിന്മേലായിരിക്കേണമെന്നും നിശ്ചയിച്ച് ഈ വിവരം ചോഴമന്നവനെ അറിയിച്ചു. അദ്ദേഹം മുതലിയാരുടെ ഉദ്യമത്തെ അഭിനന്ദിച്ചുകൊണ്ട് ഈ കാവ്യനിൎമ്മാണത്തിൽ കമ്പരെ മാത്രം നിയോഗിക്കുന്നതു കാലവിളംബത്തിന്നു കാരണമായേക്കുമെന്ന കരുതലോടുകൂടി ഭോജരാജസഭയിലെ കാളിദാസന്റെയും ഭവഭൂതിയുടെയും നിലയിൽ തന്റെ പണ്ഡിതസഭയിൽ പരിലസിക്കുന്നവരും പാണ്ഡിത്യവിഷയത്തിൽ പരസ്പരസ്പൎദ്ധികളുമായ കമ്പരേയും ഒട്ടക്കൂത്തരേയും വരുത്തി, "നിങ്ങൾ രണ്ടുപേരും വെവ്വേറെ രാമായണത്തെ തമിഴിൽ മഹാകാവ്യമാക്കിച്ചമക്കേണം" എന്നു നിയോഗിച്ചു.

ഒട്ടക്കൂത്തർ രാജനിയോഗത്തെ മുൻനിറുത്തി ഏതാനും കാലംകൊണ്ടു സുന്ദരകാണ്ഡപൎയ്യന്തം അഞ്ചു കാണ്ഡങ്ങളും യുദ്ധകാണ്ഡത്തിൽ കടൽകാൺ പടലവും കവനംചെയ്തു. കമ്പനാകട്ടെ, ഇതിനിടക്കു ഗ്രന്ഥത്തിന്റെ മംഗളാചരണംപോലും ചെയ്തിരുന്നില്ല. മുതലിയാർ ഈ വാസ്തവം രാജാവിനെ ധരിപ്പിക്കയാൽ അദ്ദേഹം രണ്ടു പുലവന്മാരെയും സഭയിൽ വരുത്തി, "രാമായണനിൎമ്മാണം എത്രകണ്ടായി" എന്നു ചോദിച്ചു. ഒട്ടക്കൂത്തർ കടൽകാൺപടലംവരെ കഴിഞ്ഞുവെന്നു പറഞ്ഞു. കമ്പരാകട്ടെ; തനിക്ക് ഒട്ടക്കൂത്തരെ കടന്നുനില്ക്കേണമെന്നും ആത്മാഭിമാനരക്ഷക്കായി ഇവിടെ അഹിംസാരൂപമായ ഒരു കളവു പറയുന്നതു് അധൎമ്മമായ്വരികയില്ലെന്നും, നിശ്ചയിച്ച്, "ഞാൻ 'സേതുപന്തപ്പടലം' വരെയാക്കീട്ടുണ്ട്." എന്നു പറഞ്ഞു.

"എന്നാൽ സേതുപന്തപ്പടലത്തിലുള്ള പദ്യങ്ങളിൽ ഒന്നു പാടികേൾക്കട്ടെ" എന്നു രാജാവു നിയോഗിച്ചു. ഈ നിയോഗമനുസരിച്ചു കമ്പർ തൽക്ഷണം അതേ പടലത്തെ എഴുപതു കവികളാക്കിപ്പാടി കഥാസന്ദർഭം നിറവേറുവാൻ നിശ്ചയിച്ചു സേതുബന്ധത്തിന്നായി വാനരവീരന്മാരുടെ പർവ്വതാഹരണാത്തെ പ്രതിപാദിക്കുന്നതായ

"കുമുതണിട്ട കുലവരൈ ക്രൂത്തരിൻ
തിമിരിമിട്ടുത്തിരിയുന്തിരൈക്കട-
റമിതമൂർപുകവാണവർ തുള്ളിണാ
രമുതമിണ്ണുമെഴമെണുമാശൈയാല്"

ഈ കവി പാടി. ഇതുകേട്ട് ഒട്ടക്കൂത്തർ "നിങ്ങൾ തുളിയെ തുമിയാക്കിയല്ലോ. ഈ പദം നിഘണ്ടുക്കളിലുള്ളതോ? കവികൾ പ്രയോഗിച്ചിട്ടുള്ളതോ?" എന്നു ചോദിച്ചതിന്നു കമ്പർ, "അതു രണ്ടുമല്ല. ഇതു ദേശ്യപദമാണ്." എന്നുത്തരം പറഞ്ഞു. അപ്പോൾ ഒട്ടക്കൂത്തൻ, ഇദ്ദേഹം, "ആശാൻ വീണാൽ അതും ഒരടവ്" എന്നതുപോലെ ഇതു ദേശ്യപദമാണെന്നു സാധിക്കുകയാണെന്നു കണ്ടു് "ഇപ്പറഞ്ഞതു ശരിയാണെന്നു നിങ്ങൾ തെളിയിക്കണമല്ലോ" എന്നായി. കമ്പർ അങ്ങിനെയാവാമെന്നുപറഞ്ഞു പ്രസംഗം നിറുത്തി. എല്ലാവരും പിരിഞ്ഞുപോവുകയും ചെയ്തു.

കമ്പർ വിഷണ്ണനായി തന്റെ ഭവനത്തിൽ വന്നു വാണീദേവിയെ പ്രാർത്ഥിച്ചു. ദേവി പ്രസന്നയായി അഭീഷ്ടം ചോദിച്ചു. മഹാത്മാക്കളുടെ രസനാഗ്രത്തിൽ നടനം ചെയ്യുന്ന ഹേ ദേവി! ഭവതി എളിയവനായ എന്റെ നാവിലിരുന്നരുളിച്ചെയ്തു. "എനിക്കറികയുമില്ല. അവളസത്യം പറയുകയുമില്ല." എന്നു നിനച്ചു് അടിയൻ "തുമി"യെന്നു ചൊല്ലിയതിനെ ഒട്ടക്കൂത്തർ ആക്ഷേപിച്ചു സാധൂകരിക്കേണമെന്നു പറഞ്ഞു പോരാടുന്നുവല്ലോ. അതിന്നു ഞാനെന്തു ചെയ്യട്ടെ" എന്നു

കമ്പർ സങ്കടം പറഞ്ഞപ്പോൾ, ദേവി, "നാളെ പ്രാതഃകാലത്തു അവനെ ഇടച്ചേരിയിലേക്കു കൂട്ടിക്കൊണ്ടു വാ" എന്നരുളിച്ചെയ്തു മറഞ്ഞു.

കമ്പർ അപ്രകാരംതന്നെ ഒട്ടക്കൂത്തരോടും ചോഴമന്നവനോടുംകൂടി അവിടെ ചെന്നപ്പോൾ ഒരു ഇടച്ചി തിണ്ണയിൽ തയിർ കടയുവാനിരിക്കയാണ്. ഇവർ സമീപത്തിലെത്തിയപ്പോൾ അടുത്തിരുന്ന കുട്ടികളോട് അവൾ, പിള്ളെകളേ! ഉങ്കൾമേല് മോർ തൂമി തെറിക്കപ്പോകിറത്. എട്ടവിരുങ്കൾ" എന്നു പറഞ്ഞു. ഒട്ടക്കൂത്തർ ഇതുകേട്ടു കമ്പരുടെ പ്രയോഗം ശരിയാണെന്നു സമ്മതിച്ചു. പിന്നീടു നോക്കിയപ്പോൾ അവിടെ മുൻകണ്ടതൊന്നും കാണ്മാനില്ല. അന്നേരം എല്ലാവരും വിസ്മയിച്ച് ആ കണ്ടതു ശാരദാംബികയുടെ വിലാസമാണെന്നു നിശ്ചയിച്ച് കമ്പരുടെ ഭക്ത്യതിശയത്തെ ശ്ലാഘിച്ചുകൊണ്ടു മടങ്ങുകയും ചെയ്തു.

അതിൽപിന്നെ ഏതാണ്ട് ആറുമാസത്തിന്നുള്ളിൽ ഒട്ടക്കൂത്തർ രാമായണം പൂർത്തിയാക്കിയെങ്കിലും കമ്പക്കു സരസ്വതീകടാക്ഷം വിശേഷിച്ചുമുണ്ടെന്നും അതിനാൽ തന്റെ കൃതി കമ്പരുടെ കൃതിയോടു കിടനില്ക്കയില്ലെന്നും നിശ്ചയിച്ച് അതിൽ വെറുപ്പു തോന്നി ഒരു ദിവസം തെരുവിലുള്ള തന്റെ തിണ്ണയിലിരുന്ന് എഴുതിവെച്ച ഏടുകളെ ചീന്തിയെറിഞ്ഞുകൊണ്ടിരിക്കെ സംഗതിവശാൽ ആ വഴിയെ വന്ന കമ്പർ അടുത്തുചെന്നു വിവരം ചോദിച്ചറിഞ്ഞു. അതിന്നുള്ളിൽ ആറു കാണ്ഡവും കീറിക്കളഞ്ഞുപോയതിനാൽ ബാക്കിയുള്ള ഉത്തരകാണ്ഡത്തെ നശിപ്പിക്കുവാൻ സമ്മതിച്ചില്ല. ഈ കാണ്ഡം രാക്ഷസചരിതപ്രധാനമാകയാൽ തനിക്കതിൽ കൈവെക്കാതെ കഴിക്കാമെന്നും ഇതിനെ തന്റെ കാവ്യത്തോടു ചേർക്കുന്നതിൽനിന്നു തന്റെയും കൂത്തരുടെയും കവനങ്ങളുടെ താരതമ്യവിവേചനത്തിന്നിടയാകുമെന്നും കരുതി, "നിങ്ങളുടെ പ്രയത്നം

വ്യൎത്ഥമായിപ്പോകരുത്. ഞാൻ ആറുകാണ്ഡം മാത്രം കവനം ചെയ്തു ഏഴാമതായി നിങ്ങടെ ഉത്തരകാണ്ഡം രണ്ടായിരവും ചേൎത്തുകൊള്ളാം." എന്നു പറഞ്ഞു. കൂത്തർ അങ്ങിനെ സമ്മതിക്കുകയും ചെയ്തു.

അനന്തരം കമ്പർ രാമായണനിൎമ്മാണത്തിന്നൊരുങ്ങി. അസ്തമനത്തിന്നു ശേഷം സംസ്കൃതവിദ്വാന്മാരായ ബ്രാഹ്മണോത്തമന്മാരെ കൂടെ വെച്ചു രാത്രി മുഴുവനും വാല്മീകം, വാസിഷ്ഠം, ബോധായനം മുതലായ രാമായണങ്ങളേയും മററും യഥായോഗ്യം പരിശോധിച്ചറിഞ്ഞു പകൽ മുഴുവനും താൻ കവി ചൊല്ലുകയും ശിഷ്യന്മാർ എഴുതുകയും ചെയ്തുകൊണ്ടു വാണീകടാക്ഷവിശേഷത്താൽ നാളൊന്നുക്ക് എഴുനൂറു പാട്ടുവീതം പാടി ഒരു പക്ഷത്തിന്നുള്ളിൽ ശ്രീരാമപട്ടാഭിഷേകംവരെ പതിനായിരം പാട്ടുകളുള്ള ആറു കാണ്ഡങ്ങളെ നിറവേററി. പിന്നെ ഒട്ടക്കൂത്തരുടെ ഉത്തരകാണ്ഡവും ചേൎത്തു പന്തീരായിരം കവി ഒരു ഗ്രന്ഥമാക്കി ചോഴമന്നനേയും മററും അറിവിക്കയും അവരുടെ അഭിപ്രായമനുസരിച്ചു കാവ്യത്തെ അരങ്ങേററുവാൻ ശ്രീരംഗനാഥന്റെ സന്നിധിയിൽ കൊണ്ടുപോകയുംചെയ്തു.

ശ്രീരംഗത്തിലെ വൈഷ്ണവന്മാർ കമ്പരുടെ കൃതിയിൽ അസൂയാലുക്കളായി ചില ദോഷങ്ങളാരോപിച്ചുകൊണ്ട് ഇതു തമിഴ്ഗ്രന്ഥമാകയാൽ ഇതിന്റെ സാധുത്വവിചാരം ചെയ്വാൻ "തില്ലെ മൂവായിരം പേർ" എന്ന ദീക്ഷിതന്മാരും മററുമാണ് അധികാരികൾ തങ്ങളല്ലെന്നു പറഞ്ഞു.

**അരങ്ങേററം.** ഇതുകേട്ടു കമ്പർ ചിദംബരത്തിൽചെന്ന് ഓരോ ദീക്ഷിതന്മാരെ കണ്ടു തന്റെ ഗ്രന്ഥം അരങ്ങേററിത്തരേണമെന്നപേക്ഷിച്ചു. ഓരോരുത്തരും മററുള്ളവരെ കണ്ടു പറയുവാനുപദേശിച്ചു. ഇങ്ങിനെ കുറെ സംവത്സരക്കാലം ഓരോരുത്തരുടെ വസതികളിലേക്കു നടന്നു കുഴങ്ങിയതല്ലാതെ കാൎയ്യസാദ്ധ്യത്തിന്നു വഴികണ്ടില്ല. ഇങ്ങിനെ വ്യാകുലംപൂണ്ടു കഴിയു

മ്പോൾ ഒരു രാത്രിയിൽ തന്റെ കഷ്ടപ്പാടോൎത്തു മനസ്സുരുകി തില്ലെയമ്പലത്തിൽ കുടികൊള്ളുന്ന ഗോവിന്ദരാജപ്പെരുമാളെ ധ്യാനിച്ചുകൊണ്ടു കിടന്നുറങ്ങി. ഭക്തവത്സലനായ ഭഗവാൻ സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ച് "നീ വ്യസനിക്കേണ്ട, നാളെ പ്രഭാതത്തിൽ മുവ്വായിരം പേരിൽ ഒരു ദീക്ഷിതരുടെ പുത്രൻ വിഷം തീണ്ടി മരിക്കും. അവിടെ ശവസംസ്കാരത്തിന്നായി എല്ലാ ദീക്ഷിതന്മാരും വന്നുകൂടും ആ സന്ദർഭത്തിൽ അവിടെ ചെന്നു നിന്റെ രാമായണത്തിലെ "നാഗപാശപ്പടലം" എടുത്തു പാടിയാൽ ആ ദീക്ഷിതകുമാരൻ ജീവിക്കും. അപ്പോൾ അവർ നിന്റെ ഗ്രന്ഥത്തെ അംഗീകരിക്കും." എന്നരുളിച്ചെയ്തു മറഞ്ഞു.

പിററന്നാൾ പ്രഭാതമായപ്പോൾ പെരുമാൾ അരുൾചെയ്തപ്രകാരം ദീക്ഷിതകുമാരൻ പാമ്പുകടിച്ചു മരിച്ചു. ദീക്ഷിതന്മാരെല്ലാം അവിടെ കൂടി. ഇതറിഞ്ഞു കമ്പരും അവിടെ ചെന്നു. പെരുമാൾ നിർദ്ദേശിച്ചവിധംതന്നെ പ്രവൃത്തിച്ചു കുമാരനെ ജീവിപ്പിച്ചു. ദീക്ഷതന്മാർ കമ്പരെ അത്യന്ത്യം ശ്ലാഘിക്കയും ഇതുവരെ ഗണ്യമാക്കാതിരുന്നതിന്നു പശ്ചാത്തപിച്ചുകൊണ്ടു മാപ്പുചോദിക്കയും രാമായണത്തെ നല്ലവണ്ണം പരിശോധിച്ചു "തമിഴിൽ ഇതിന്നു തുല്യമായി മറെറാരു കാവ്യമില്ല." എന്നു സമ്മതിച്ച് കയ്യൊപ്പിട്ടുകൊടുത്ത് ഏററവും ബഹുമാനിച്ചയക്കുകയും ചെയ്തു. ഈ സമ്മതപത്രവും കൊണ്ടുചെന്നു ശ്രീരംഗവാസികളായ വൈഷ്ണവന്മാരെ കാണിച്ചതിന്നു പുറമെ അവർ ആവശ്യപ്പെട്ടപ്രകാരം പിന്നേയും ഓരോ സമ്മതപത്രങ്ങൾ വാങ്ങി കൊണ്ടുപോയിക്കൊടുക്കുകയും ചെയ്തു.

അവിടെ ശ്രീവൈഷ്ണവമതാചാൎയ്യരായ നാഥമുനിയുടെ അനുവാദപ്രകാരം ശുഭദിനത്തിൽ അരങ്ങേററമാരംഭിച്ചപ്പോൾ ശ്രീരംഗനാഥൻ അൎച്ചകമുഖേന ആവിർഭവിച്ച്, "നം ശടകോപനൈ പാടിനൈയോ" (നീ നമ്മുടെ ശഠകോപനെ

സംബന്ധിച്ച കവനംചെയ്യുവോ അതു ചെയ്താൽ മാത്രമേ ഞാൻ നിൻെറ രാമായണത്തിൽ പ്രസന്നനാവൂ. അല്ലെങ്കിൽ എനിക്കു അതു സ്വീകാൎയ്യമല്ല.) എന്നരുളിച്ചെയ്തു. ഉടനെ കമ്പർ അപ്രകാരം നൂറു കവികളടങ്ങിയ "ശടകോപരന്താദി"യെന്ന ഒരു ഗ്രന്ഥം രചിക്കുകയും പിന്നെ നാദമുനിയാൽ അലങ്കരിക്കപ്പെട്ട സഭയിൽവെച്ച് ശ്രീരംഗനായകൻ ശിരഃകമ്പം ചെയ്യുംവണ്ണം ശകാബ്ദം 807_ാമത് മീനമാസം അത്തം നക്ഷത്രത്തിൽ രാമായണം അരങ്ങേററപ്പെട്ടുകയും ചെയ്തു.

മററു വിഷയങ്ങളിലെന്നപോലെ ഗ്രന്ഥകാരന്മാരുടെ വിഷയത്തിലും ചരിത്രലക്ഷ്യങ്ങൾ നമുക്കു ദുർല്ലഭങ്ങളാണല്ലോ. തമിഴ്നാട്ടിൽ കവിചക്രവൎത്തിസ്ഥാനം വഹിച്ചു പുകഴേറിയ

**കാലം.** കമ്പരുടെവിഷയത്തിലും ഈ കോട്ടം പററാതിരുന്നിട്ടില്ല. എന്നാൽ ഏതാനും സംവത്സരങ്ങൾക്കിപ്പുറം പല തമിഴ്പണ്ഡിതന്മാരും കമ്പരുടെ കാലനിൎണ്ണയം ചെയ്വാൻ പല പരിശോധനകളും നടത്തി ഓരോ തീരുമാനങ്ങൾ വെളിപ്പെടുത്തിക്കാണുന്നു. ചില പാശ്ചാത്യപണ്ഡിതന്മാരും ഇതിൽ പങ്കുകൊള്ളാതിരുന്നിട്ടില്ല. വിസ്തരഭയത്താൽ അവയൊന്നും ഇവിടെ എടുത്തു പറയുന്നില്ല.

കമ്പരുടെ കൃതികളിൽനിന്നു അദ്ദേഹത്തിൻെറ കാലനിൎണ്ണയത്തിന്നുതകുന്നതായ ഒരു ലക്ഷ്യവും കിട്ടുന്നില്ല. എന്നാൽ രാമായണത്തിൻെറ അനുബന്ധമായി ചേൎത്തുകാണുന്ന അനുമോദനക്കവികളിലേഴാമത്തേതായ,

എണ്ണിയ ശകാത്തമെണ്ണൂറേഴിനിൻമേർശടൈയൻവാഴ്വു
നണ്ണിയ വെണ്ണൈനല്ലൂർ തന്നിലേകമ്പനാടൻ
പണ്ണിയ വിരാമകാതൈ പങ്കുണി യത്തനാളില്
കണ്ണിയ വരങ്കർ മുൻനേ കവിയരങ്കേററിണാനേ

എന്ന പാട്ടിൽ "ശകാത്തമെണ്ണൂറേഴിൻമേല്" എന്നു കാണുന്നു. ഈ ശകാബ്ദം 807_ന്നു ശരിയായ ക്രിസ്താബ്ദം 885_ം,

കൊല്ലവഷം 60_ം ആകുന്നു. ഈ കവിവയ്യൻെറ കാലനിൎണ്ണയം ചെയ്യാൻ പരിശ്രമിച്ചിട്ടുള്ളവരിൽ ഒട്ടുമുക്കാലും പേർ ഈ പക്ഷത്തേത്തന്നെയാണു സ്ഥാപിക്കുന്നതു. അതുകൊണ്ടു കമ്പരുടെ ജീവകാലം ക്രിസ്താബ്ദം ഒമ്പതാം നൂററാണ്ടിലാണെന്നു കാണുന്നു.

ആദരിച്ചവർ.

തമിഴ് നാട്ടിന്നു ഭാഗ്യവശാൽ സിദ്ധിച്ച കവികല്പദ്രുമത്തിൻെറ ചരിത്രപ്രതിപാദനത്തിൽ അതിൻെറ പരിപോഷകനായിരുന്ന പുണ്യപൂരുഷനെ അനുസ്മരിക്കുകയെന്നുള്ളതു തൽഫലഭോക്താക്കളുടെ ഒഴിച്ചുകൂടാത്തതായ ഒരു മുറയാണല്ലോ. അത്രയുമല്ല, കമ്പൎക്കു അനന്യസാധാരണമായ വിദ്യാവൈദഗ്ദ്ധ്യമുണ്ടാവാനും "കവിച്ചക്കിരവർത്തി" എന്നു അദ്ദേഹം സൎവ്വരാലും അന്നും ഇന്നും സ്തുതിക്കപ്പെട്ടുവാനും കാരണഭൂതനായ ആ ധന്യാത്മാവിൻെറ പ്രസംഗം കൂടാതെ കമ്പരുടെ ചരിത്രം പൂൎത്തിയാക്കുവാൻ എങ്ങിനെ സാധിക്കും.

കമ്പരെ സൎവ്വഥാ ആദരിച്ചുവന്നതു മുത്തമിഴും മുന്നാട്ടും മൂവ്വരചരും പോററിപ്പുകഴന്ന മുൻപ്രസ്താവിച്ച "ശടൈയപ്പവള്ളലാ"ണെന്നു കമ്പരുടെ രാമായണത്തിൽനിന്നു തന്നെയല്ല "ശോഴമണ്ഡലശതകം" "പാണ്ടിമണ്ടലശതകം" "തമിഴ്നാവലർ ശരിതൈ" മുതലായ ഗ്രന്ഥങ്ങളിൽനിന്നും തെളിയുന്നുണ്ട്. ഇദ്ദേഹത്തിന്നു ഓരോ കാരണവശാൽ 'ശടൈയൻ' 'ശരരാമൻ' 'കണ്ണൻ' എന്നു മൂന്നു നാമങ്ങളുളളവായിട്ടുണ്ട്. കമ്പരുടെ പുത്രനായ അംബികാപതിക്കു വിവാഹം നടന്നപ്പോൾ കല്യാണാഘോഷത്തിൽ പങ്കുകൊൾവാൻ വന്നിരുന്ന ശടയപ്പപ്രഭു സാധാരണന്മാരെപ്പോലെ ഒരിടത്തു നില്ക്കുന്നതു കണ്ടു വിഷാദം കലൎന്നു നില്ക്കുന്ന തൻെറ കുടുംബിനിയെ നോക്കി, "വള്ളലൈ വയ്ക്കുമിടത്തിൽ വയ്പ്പോം. നീ കവലൈറാതേ." എന്നു താൻ ചെയ്ത പ്രതിജ്ഞയെ നിറവേററുവാൻ തക്കതായ സ്ഥാനം തൻെറ ശ്രീരാമായണമഹാകാവ്യമായിട്ടാണ് ക

മ്പനാട്ടാഴ്വാൻ കണ്ടത്. ശടൈയപ്പപ്രഭുവിൻെറ പ്രശസ്തിക്കായി 100 കവികൾ രാമായണത്തിൽ ചേർത്തിരുന്നത് അരങ്ങേറവന്ന സമയം സാഭ്യന്മാർ ഇതിൽ നരസ്തുതി ചേർത്തത് അനുചിതമെന്നും സഭാദ്ധ്യക്ഷനായിരുന്ന നാദമുനി ഇങ്ങിനെ കാവ്യകാരന്മാർ ചെയ്യുമാറുണ്ടെന്നും പറഞ്ഞതിനാൽ സഭ്യന്മാരുടെ തൃപ്തിക്കായി അവയെ 10 കവികളാക്കിക്കുറച്ചതാണത്രേ. പായിരത്തിൽ ഒന്നും, ബാലകാണ്ഡത്തിൽ മൂന്നും, യുദ്ധകാണ്ഡത്തിൽ ആറും കൂടി കാണുന്നവയാണ് ഈ 10 കവികൾ. ശടൈയപ്പവള്ളലിൻെറ ആഭിജാത്യവും ഔദാൎയ്യാദി ഗുണങ്ങളും അനവദ്യങ്ങളാണ്. ഒരു കൎഷകൻെറ നിലയിലും ഇദ്ദേഹത്തിൻെറ പ്രശസ്തി അനന്യസാധാരണമായിരുന്നു. കൃഷ്യുല്പന്നങ്ങളായ ധാന്യാദി പദാൎത്ഥങ്ങൾ അദ്ദേഹത്തിന്നു ലഭിച്ചിരുന്നതിന്നു ഒരു കയ്യും കണക്കുമുണ്ടായിരുന്നില്ല. സിംഹളദേശത്തിന്നു ഒരു വലിയ പഞ്ചം പിടിപെട്ട കാലത്ത് ഇദ്ദേഹത്തിൻെറ വകയായി അസംഖ്യം കപ്പലുകളിൽ ധാന്യങ്ങൾ കയററി അയച്ചുകൊടുത്തതായി കാണുന്നുണ്ട്.

കമ്പർ ജനനത്തിൽ ബ്രാഹ്മണനായും ഉവച്ചൻ വളൎത്തിയതിനാൽ ബാല്യത്തിൽ ഉവച്ചനായും ശടയപ്പവള്ളലിൻെറ വസതിയിൽ പാൎത്തു വിദ്യാഭ്യാസം ചെയ്ത കാലത്തു് അദ്ദേഹത്തിൻെറ കുലാചാരാദികളിൽ പഴക്കവും തഴക്കവും സിദ്ധിക്കയാൽ പിന്നീട്ട് വേളാളനായും വാണിരുന്നു. ഈ കവികേസരിയെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളെല്ലാം കൂട്ടിച്ചേൎത്തു ഒരു ഗ്രന്ഥമാക്കിയാൽ അതും ഏതാണ്ട് അദ്ദേഹത്തിൻെറ രാമായണത്തോളം വലിപ്പമുള്ള ഒരു ഗ്രന്ഥമായി പരിണമിക്കും.

യാമറിന്ത പുലവരിലേ-കമ്പനൈപ്പോല്
വള്ളുവൻപോലിളങ്കോവൈപ്പോല്
പൂമി തണിലെങ്ങ്കൺമേ പാൎത്തതില്ലൈ
ഉൺമൈയിതു വെറം പുകഴ്ചിയല്ല.

എന്നാണ് വരകവി സുബ്രഹ്മണ്യഭാരതി പാടുന്നതു്.

# ഗുരുവന്ദനം.

1. വിജ്ഞാതശാസ്ത്രനിചയോ വിബുധൈരനേകൈ-
സ്സംജ്ഞാതസൽഗുണഗണാഞ്ചിതസാധുകീൎത്തി:
വിദ്യാപ്രദാനവിനിവേശിതചിത്തവൃത്തി-
ൎവ്വിദ്യോതതാം ഗുരുവര: സതതം ഹൃദന്തേ.

2. പേരായിരങ്കണ്ടെത്തേണ-
മാരായുന്നതരിപ്പമാം
ഓരുന്നേൻ ഗുരുഗോവിന്ദ
നാമമേനവനേത്യകം.

൩. അണ്ണമാതവ ണയണരുൺ മൊഴിയിണാലിയററി
മണ്ണയിർക്കരു മരുന്തെണ മിരാകവൻ ചരിതൈ
പൊണ്ണരുന്തമിഴ്പ്പാക്കളാല്പൊലിവുട ണമൈത്തു
പ്പണ്ണരുമ്പുകഴ്പടൈത്തുയർ കമ്പനൈ പ്പണിവാം.

൪. കുറുമുണിക്കരുണാരേവ കുവലയ മുഴുതും കല്വി
നറുമണം നുകരച്ചെയ്യുണന്തമിഴണ്ണയാരൈ
ത്തിറമുടൻപണിന്തിടതന്തിരുവരുട്ചെയലാലോങ്കി
ക്കരിയമാല്ക്കിണിയ കമ്പൻ കവിച്ചക്രവൎത്തിവാഴി.

# ശ്രീമത് കമ്പരാമായണം.

## തനിയൻകൾ.

### അനുമോദനങ്ങൾ.

1. തരാതലത്തിലുള്ള തമിഴ്ക്കുററമെല്ലാം
അരാവു മരമായിററന്റേ—ഇരാവണൻമേല്
അംപുനാട്ടാഴ്വാനടി പണിയുമാതിത്തൻ
കംപനാട്ടാഴ്വാൻ കവി.

പദാൎത്ഥം—ഇരാവണൻ മേല്=രാവണനിൽ, അംപു=ബാണം, നാട്ടു=പ്രയോഗിച്ച, ആഴ്വാൻ=ശ്രീരാമദേവന്റെ, അടി=പാദങ്ങളെ, പണിയും=വണങ്ങുന്ന, ആതിത്തൻ=ആദിത്യനാകുന്ന, കംപ നാട്ടാഴ്വാൻ=കമ്പ നാട്ടാഴ്വാന്റെ, കവി=കാവ്യം, തരാതലത്തിൻ ഉള്ള=ധരാതലത്തിലുള്ള, തമിഴ്=തമിഴ്ക്കാവ്യങ്ങളുടെ, കുററം എല്ലാം=(പദദോഷം അൎത്ഥദോഷം മുതലായ) ന്യൂനതകളാകുന്ന ഇരുമ്പുകളെയെല്ലാം, അരാവും=രാകി ശരിപ്പെടുത്തുന്ന, അരം ആയിററു അന്റേ=അരമായിതീൎന്നുവെല്ലോ. ആഴ്വാൻ=വൈഷ്ണവശ്രേഷ്ഠൻ.

ഭാവം—സൂൎയ്യൻ തന്നെത്താൻ പ്രകാശമാനും മററു വസ്തുക്കളേയും പ്രകാശിപ്പിക്കുന്നതുപോലെ താനും പ്രാജ്ഞനായിരിക്കുന്നതിന്നു പുറമെ തന്റെ കാവ്യത്താൽ മററുള്ളവരെയും അഭിജ്ഞന്മാരാക്കിത്തീൎക്കുന്നതിനാൽ ആദിത്യനാക്കി പറഞ്ഞിരിക്കുന്നു. ഫ

2. വാഴ്വാർ തിരുവെണ്ണെനല്ലൂർച്ചടൈയപ്പൻവാഴ്ത്തുപെറ
ത്താഴ്വാരുയര പ്പുലവോരകവിരു ടാണകല
പ്പോഴ്വാർ കതിരിരുതിത്ത തെയ്വപ്പുലമൈക്കമ്പനാ
ട്ടാഴ്വാർ പതത്തൈ ച്ചിന്തിപ്പവർക്കിയാതു മരിയതന്റേ.

പ:—വാഴ്വു ആർ=(ഐഹികജീവിതത്തിന്നു തക്ക) ഉപകരണങ്ങളുടെ പരിപൂൎണ്ണതയുള്ള, തിരുവെണ്ണെ നല്ലൂർ=തിരുവെണ്ണനല്ലൂരെന്ന ദേശത്തിൽ (ജാതനായ), ശടൈയപ്പൻ=ശടൈയപ്പനെന്ന പ്രഭു, വാഴ്ത്തു പെററ=തന്നാൽ വാഴ്ത്തി സ്തുതിക്കപ്പെട്ടുകയും, താഴ്വാർ ഉയര=(തമിഴ് വ്യ-

ദ്ദ്യയിൽ) താണവർ ഉയർത്തപ്പെട്ടകയും, പുലവോർ=വിദ്വാന്മാരുടെ, അക ഇരുറാം=ഹൃദയാന്ധകാരം, താൻ അകല=തനിയെ അകലപ്പെട്ടകയും ചെയ്യുംവണ്ണം, പോഴ്=(ബാഹ്യാന്ധകാരത്തെ) ഭേദിക്കുന്ന, വാർ കതിരിൻ=നീണ്ട കിരണങ്ങളിണങ്ങിയ സൂൎയ്യനെപ്പോലെ, ഉതിത്ത=ഉദിച്ച (അവതരിച്ച) തെയ്വപ്പുലമൈ=വരകവിത്വം പൂണ്ട, കംപ നാട്ടാഴ്വാർ=കമ്പ നാട്ടാഴ്വാരുടെ, പതത്തൈ=പാദങ്ങളെ, ശിന്തിപ്പവർക്കു=നിനെക്കുന്നവൎക്ക്, യാതും=(ഇഹപരസുഖപ്രദമായ) ഏതൊരു വസ്തുവും, അരിതു അൻറു=വലുതല്ല (ലഘുസാദ്ധ്യമാണ്.) വ

3. അംപരാ വണിശടൈ യരനയൻ മുത
ലുംപരാൻ മുനിവരാല് യോകരാ ലുയർ
ഇംപരാർ പിണിക്കരു മിരാമ വേഴഞ്ചേർ
കംപരാം പുലവരൈ ക്കരുത്തിരുത്തുവാം.

പ:—അംപു=അംബുവിനെ (ഗംഗയെ)യും, അരാ=സൎപ്പത്തെയും, അണി=അണിഞ്ഞ, ശടൈ=ജടാഭാരത്തോടുകൂടിയ, അരൻ=ശിവൻ, അയൻ=ബ്രഹ്മാവ്, മുതല്=മുതലായ, ഉംപരാല്=ദേവന്മാരാലും, മുനിവരാല്=മുനികളാലും, യോകരാല്=യോഗികളാലും, ഉയർ=മേന്മ കലൻ, ഇംപരാല്=ലൌകികന്മാരാലും, പിണിക്ക അരു=ബന്ധിപ്പാനരുതാത്ത, ഇരാമ വേഴം=ശ്രീരാമദേവനാകുന്ന ഗജം, ശേർ=(തനിയേ വന്നു) ചേരത്തക്ക, കമ്പർ ആം=(ബന്ധ) സ്തംഭമായ, പുലവരൈ=പ്രാജ്ഞനെ (ഈ ഗ്രന്ഥകാരനെ), കരുത്തു=ഹൃദയത്തിൽ, ഇരുത്തുവാം=നാം ഇരുത്തുക, (നിരന്തരം ധ്യാനിക്കുക.)

ഭാവം:—ഹരാദികൾക്കും ദുർഗ്രാഹ്യനായ ശ്രീരാമദേവൻ ഉത്തമഭക്തനായ കമ്പൎക്കു സ്വയം വശ്യനാകയാൽ ഇദ്ദേഹത്തെ സ്മരിക്കുന്നതു രാമസ്മരണകൾ തുല്യമായിരിക്കുമെന്നു താല്പൎയ്യം. ന

4. ശംപനാടണ്ണു മൈ ശെവി ശാററു പൂ
ങ്കൊംപനാടൻ കൊഴന ണിരാമപ്പേർ
പംപനാടമൈ ക്കുങ്കതൈ പാച്ചെയ്ത
കംപനാടൻ കഴറലെയിർ കൊറംവാം.

പ:—ശംപു=ശംഭു (ശിവൻ), അണാറം=പൂൎവ്വകാലത്തിൽ, തൻ=തനിക്കനുരൂപിണിയായ, ഉമൈ=ഉമാദേവിയുടെ, ശെവി=കൎണ്ണങ്ങളിൽ, ശാററു=ഉപദേശിച്ച, പൂങ്കൊംപു അണ്ണാറം=പൂങ്കൊമ്പിന്നൊത്ത ജാന

കിയുടെ, കൊഴുനൻ=നാഥനായ, ഇരാമപ്പേർ=ശ്രീരാമദേവൻെറ നാമം, പംപ=(എങ്ങും) വ്യാപിക്കത്തക്കവണ്ണം, നാളം=എല്ലാകാലത്തും, തഴൈക്കും=(സംസ്കൃതഭാഷയിൽ) പ്രവദ്ധമാനമായിരിക്കുന്ന, കതൈ=രാമകഥയെ, പാശെയ്ത=പദ്യരൂപമായി (തമിഴിൽ) രചിച്ച, കംപനാടൻ=കമ്പനാട്ടാഴ്വാൻെറ, കഴല്=പാദകമലങ്ങളെ, തലൈയില് കൊളംവാം=നാം ശിരസ്സിൽ വഹിക്കുക. ർ

5. നാരണൻ വിളൈയാട്ടെല്ലാം നാരത മുനിവൻ കൂറ
ആരണ ക്കവിതൈ ശെയ്താണറിന്ത വാൻമീകിയെൻപാൻ
ശീരണിശോഴ നാട്ടുത്തിരുവഴുന്തൂരുൾ വാഴ്വോൻ
കാരണക്കൊടൈയാൻ കംപൻറമിഴിനാർ കവിശെയ്താനേ.

പ:—നാരണൻ=നാരായണനെൻെറ (ശ്രീരാമദേവൻെറ), വിളൈയാട്ടു എല്ലാം=ലീലകളെല്ലാം, നാരതമുനിവൻ കൂറ=നാരദമുനിയരുൾ ചെയ്കയാൽ, അറിന്ത=കേട്ടറിഞ്ഞ, വാൻമീകിയെൻപാൻ=വാത്മീകിയെന്നു പ്രസിദ്ധനായ മഹഷി, ആരണക്കവിതൈ ശെയ്താൻ=ഗീവ്വാണശ്ലോകങ്ങളാക്കി കവനം ചെയ്തു. (ആ രാമചരിതത്തെ) ശീർ അണി=മേന്മ കലന്ന, ശോഴ നാട്ടു=ചോളനാട്ടിൽ, തിരുവഴുന്തൂരുൾ=തിരുവഴുന്തൂർ എന്ന ദിവ്യദേശത്തിൽ, വാഴ്വോൻ=വാഴുന്നവനും, കാർ അൺ=മേഘത്തിനു സദൃശമായ, അ കൊടൈയാൻ=(കൈക്കരുതലില്ലാത്ത) ആ വിധം ദാനംചെയ്യുന്നവനുമായ, കംപൻ=കമ്പനാട്ടാഴ്വാൻ, തമിഴിനാല് കവിശെയ്താൻ=തമിഴിൽ വിരുത്തങ്ങളായി (ഛന്ദോമയമായി) കവനം ചെയ്തു. ൫.

6. അംപിലേ ശിലൈയൈ നാട്ടി യമരർക്കൻറമുത മീന്ത
തംപിരാണെണ്ണത്താനും തമിഴിലേ താലൈനാട്ടി
ക്കംപനാടുടൈയവള്ളല് കവിച്ചക്കിരവർത്തി പാർമേല്
നംപുപാമാലൈയാലേ നരരുക്കിൻറമുത മീന്താൻ.

പ:—അംപില്=(പാൽ) കടലിൽ, ശിലൈയൈ=(മന്ദര) പവ്വതത്തെ, നാട്ടി=(മത്തായി) നിറുത്തി (കടഞ്ഞ്), അമുതം=(അതിലുണ്ടായ) അമൃതത്തെ, അൻറ=അക്കാലത്ത്, അമരർക്കു ഈന്ത=ദേവന്മാക്കു നൽകിയ, തംപിരാൻ എണ്ണ=(ഉദാരനായ) ശ്രീനാരായണനെന്നപോലെ, കംപനാടു=കമ്പനാട്ടിനെ, ഉടൈയ=(വാസസ്ഥാനമാക്കി) കയ്ക്കൊണ്ടു, വള്ളല്=(വിദ്യാപ്രദാനത്താൽ) ഉദാരശീലനായ, കവിച്ചക്കിരവർത്തി=കവിചക്രവത്തിയായ കമ്പനാട്ടാഴ്വാൻ, താനും=താനും, തമിഴില്=തമിഴ്ഭാ

ഷയാകുന്ന പാൽക്കടലിൽ, താലൈ=നാവാകുന്ന മന്ദരഗിരിയെ, നാട്ടി=നിവത്തി കടഞ്ഞ്, ഇൻറ=ഇക്കാലത്തിൽ, നരരുകള=നരന്മാക്ക്, പാർമേല്=തമിഴ്നാട്ടിലുള്ളവർ, നംപു=അംഗീകരിക്കുന്ന, പാമാലൈയാല്=പദ്യപങ്ക്തിയാകുന്ന പാത്രത്താൽ, (മുക്കിയെടുത്ത) അമുതം=(രാമചരിതമാകുന്ന) അമൃതിനെ, ഈന്താൻ=(ആസ്വാദിപ്പാൻ) കൊടുത്തു. ൬

7. എണ്ണിയ ശകാത്തമെണ്ണൂറേറിൻമേർ ശടൈയൻ വാഴ്വു
നണ്ണിയ വെണ്ണെ നല്ലൂർ തണ്ണിലേ കംപനാടൻ
പണ്ണിയ വിരാമകാതൈ പങ്കുണി യത്ത നാളില്
കണ്ണിയ വരങ്കർ മുന്ന കവിയരങ്കേററിണാരേ.

പ:—എണ്ണിയ=ഗണിക്കപ്പെട്ട, ശകാത്തം=ശകാബ്ദം, എണ്ണൂറേഴിൻമേല്=എണ്ണൂറേഴിന്നു മേൽ, ശടൈയൻ=ശടൈയപ്പമുതലിയാർ (ഒരു പ്രഭു), വാഴ്വു നണ്ണിയ=വാസസ്ഥാനമാക്കിക്കൊണ്ട, വെണ്ണെ നല്ലൂർ തണ്ണില്=വെണ്ണനല്ലൂരെന്ന ദേശത്തിൽവെച്ച്, കംപനാടൻ പണ്ണിയ=കമ്പനാട്ടാഴ്വാൻ നിമ്മിച്ചതായ, ഇരാമകാതൈ=രാമഗാഥയെ (രാമായണത്തെ), പങ്കുണി അത്തനാളില്=പങ്കുനി (മീന) മാസം അത്തം നക്ഷത്രത്തിൽ, കണ്ണിയ=ഏവരാലും സ്മരിക്കപ്പെട്ട, അരങ്കർ മുൻ=ശ്രീരംഗനാഥൻെറ സന്നിധിയിൽ, കവി അരങ്കേററിണാൻ=വിദ്വത്സഭയുടെ സന്നിധിയിൽ സമപ്പിച്ചു (അരങ്ങേററി) ശാലിവാഹനശകാബ്ദം 807ക്ക് ക്രിസ്താബ്ദം 885. കൊല്ലവഷം 60. ൭

8. ഇംപർനാട്ടിർ ശെല്വമെല്ലാമെയ്തി യരശാണ്ടിരുന്താലും
ഉംപർനാട്ടിർ കർപകക്കാവോങ്കു നീഴലിരുന്താലും
ശെംപൊൻ മേരുവണൈയ പുയത്തിറല്ശേ രിരാമൻറിരുക്കതൈയില്
കംപനാടൻ കവിതൈയിർപോർ കറേറാർക്കിതയം കളിയാതേ.

പ:—ഇംപർ നാട്ടില്=ഈ ലോകത്തിൽ, ശെല്വം എല്ലാം എയ്തി=സവ്വസമ്പത്തും ചേന്ന്, അരശു ആണ്ടു ഇരുന്താലും=രാജാവായി വാണിരുന്നാലും, ഉംപർ നാട്ടില്=ദേവലോകത്തിൽ, കർപകക്കാ=കല്പകപ്പൂഞ്ചോലയിൽ, ഓങ്കു=മികച്ചതായ, നീഴല്=നിഴലിൽ, (ഇരുന്ന് ഇന്ദ്രപട്ടമായന്നാലും) കറേറാർക്കു=(ജ്ഞാനശാസ്ത്രജ്ഞന്മാം) ഗ്രഹിച്ചോക്ക്,

ശെംപൊൻ=ചെമ്പൊന്മയമായ, മേരു അനൈയ=മഹാമേരുവിന്നു സമാനമായ, പുയം=ഭുജങ്ങളുടെ, തിറല് ശേർ=ജയത്തോടുകൂടിയ, ഇരാമൻ=ശ്രീരാമദേവന്റെ, തിരുക്കതൈയില്=ദിവ്യചരിത്രങ്ങളിൽ, കംപനാടൻ=കമ്പനാട്ടാഴ്വാൻ നിമ്മിച്ച, കവിതൈയിർ പോല്=കവിതകളിൽ ആനന്ദിക്കുന്നതുപോലെ, ഇതയം കളിയാതു=(മററൊന്നിൽ) ഹൃദയം ആനന്ദിക്കുകയില്ല. വ്വ

9. കഴന്തരായുൻ കഴല്പണിയാതവർ കതിർമണി മുടിമീതേ
അഴന്തവാളികൾ തൊടുശിലൈ രാകവ വപിനവ കവി നാതൻ
വിഴന്തനായിര വെഴവതൻ മുൻമറൈ വേതിയരുടനാരായ്
ന്തെഴന്തനായിര വിഴവതൻമുൻ കവിപാടിണതെഴന്തുറേ.

പ:—കഴന്തരായ്=കഴന്തിന്നു തുല്യന്മാരായ് (അല്പജ്ഞന്മാരായി) ഉൻ കഴല്=തന്റെ പാദങ്ങളെ, പണിയാതവർ=വണങ്ങാത്തവരായ ദുർജനങ്ങളുടെ, കതിർ=പ്രകാശമാന്, മണിമുടിമീതു=രത്നകിരീടങ്ങളിന്മേൽ, അഴന്ത=തറെക്കുംവണ്ണം, വാളികൾ തൊടു=ബാണങ്ങൾ പ്രയോഗിക്കത്തക്ക, ശിലൈ=വില്ലോടുകൂടിയവനായ, രാകവൻ=രാഘവനെയുദ്ദേശിച്ച്, അപിനവം=അഭിനവമായി, കവിനാതൻ=കവിചക്രവത്തിയായ കമ്പൻ, വിഴന്തനായിര=അസ്തമിച്ച സൂൎയ്യൻ, എ,ഴവതൻ മുൻ=ഉദിക്കും മുമ്പേ, മറൈ=വേദാധികാരികളായ, വേതിയരുടൻ=ബ്രാഹ്മണരോടുകൂടെയിരുന്ന്, ആരായ്ന്തു=(സംസ്കൃതരാമായണത്തിനെ) ആരാഞ്ഞറിഞ്ഞ്, എഴന്തനായിര=ഉദിച്ച സൂൎയ്യൻ, വിഴവതൻ മുൻ=അസ്തമിക്കുന്നതിന്നു മുമ്പേ, പാടിണതു=രചിച്ചതായ, കവി=ശ്ലോകം (പാട്ട്) എഴന്തുറ=എഴന്തുറാണ്. കഴന്തു=നിരന്തരമായ കരസ്പശംകൊണ്ടു തേഞ്ഞുപോയ ഖഡ്ഗാദ്യായുധപ്പിടി.

ഭാ:—രാത്രി മുഴവൻ ബ്രാഹ്മണരോടുകൂടിയിരുന്ന് രാമായണം മൂലം വായിച്ചറിഞ്ഞും പകൽ മുഴവൻ എഴന്തുറ പാട്ടുവീതം കവനം ചെയ്തുംകൊണ്ടാണ് ഒരു പക്ഷത്തിനുള്ളിൽ കമ്പൻ തന്റെ രാമായണത്തെ പൂത്തിയാക്കിയത്. ൻ

# പയൻ.

## (ഫലശ്രുതി.)

1. നാടിയ പൊരുൾ കൈക്കൂട്ടും ഞാനമും പുകഴുമുണ്ടാം
വീടിയല് വഴിയതാക്കും വേരിയങ്കമലൈനോക്കും
നീടിയവരക്കർ ശേനൈ നീറുപട്ടഴിയവാകൈ
ശ്ശൂടിയ ശിലൈയിരാമൻ തോൾ വലികൂറുവോർക്കേ.

പ:—നീടിയ=പെരുത്ത, അരക്കർ ശേനൈ=രാവണൻെറ സേന, നീറുപട്ട അഴിയ=പൊടിപെട്ടു നശിപ്പാൻ വേണ്ടി (രാക്ഷസസംഹാരത്തിന്നായി), വാകൈ ശ്ശൂടിയ=വിജയമാല്യം പൂണ്ട, ശിലൈ=കോദണ്ഡമെന്ന ചാപം കൈക്കൊണ്ട, ഇരാമൻ=രാമദേവൻെറ, തോൾ വലി=ഭുജബലത്തെ, കൂറുവോർക്കേ=വാഴ്ത്തിപ്പറയുന്നവൎക്കാകട്ടെ, നാടിയ=ഇച്ഛിക്കപ്പെട്ട, പൊരുൾ=സർവ്വാൎത്ഥങ്ങളും, കൈക്കൂട്ടും=കൈവരും, ഞാനമും=ജ്ഞാനവും, പുകഴും=കീൎത്തിയും, ഉണ്ടാം=ഉണ്ടാകും, വീടുഇയല്=മോക്ഷപ്രാപ്തിക്കു യോഗ്യമായ, വഴി=മാൎഗ്ഗത്തെ, ആക്കും=ഉളവാക്കുന്ന, വേരി=പരിമളം പൂണ്ട, അം=അഴകാൎന്ന, കമലൈ=കമലത്തിലിരുന്നരുളുന്ന ലക്ഷ്മിദേവി, നോക്കും=കടാക്ഷിക്കയും ചെയ്യും.

വിശേഷാൎത്ഥം—പ്രാണികളുടെ അപരാധത്തെ സാധൂകരിച്ച് ജഗന്നായകനു കാരുണ്യം ജനിപ്പിക്കത്തക്ക പൌരുഷം പൂണ്ടവളാകയാൽ "വീടിയല് വഴിയതാക്കും വേരിയങ്കമലൈ" എന്നു പറഞ്ഞിരിക്കുന്നു. ൧.

2. നൻമൈയു ഞ്ചെല്വമു നാളു നല്കുമേ
തിൻമൈയും പാവമുഞ്ചിതൈന്തു തേയുമേ
ശെൻമമു മരണമു മിൻറി ത്തീരുമേ
ഇമ്മൈയേ രാമവെൻറിരണ്ടെഴുത്തിനാല്.

പ:—രാമ എൻറ ഇരണ്ടെഴുത്തിനാല്=രാമ എന്ന രണ്ടക്ഷരത്തിൻെറ ഉച്ചാരണത്താൽ, ഇമ്മൈയേ=ഇജ്ജന്മത്തിൽ തന്നെ, നൻമൈയും=എല്ലാ നന്മകളും, ശെല്വമും=(തൽകാൎയ്യങ്ങളായ) സവൈശ്വൎയ്യങ്ങളും,

നാളും=നാറാംതോറും, നല്കും=നൽകപ്പെടും. തിൻമൈയും=ദുർവൃത്തികളും, പാവമും=(തജ്ജന്യങ്ങളായ) പാപങ്ങളും, ശിതൈന്തുതേയും=ക്ഷയിച്ചകന്നു പോകും. ശെൻമമും മരണമും=ജനനമരണങ്ങറം, ഇൻറിത്തീരും=ഇല്ലാതായിത്തീരും.

ഭാ:—രാമനാമസ്മരണത്താൽ സൎവ്വദുഃഖങ്ങളും നീങ്ങി സുഖം ലഭിക്കും. വ.

3. വടകലൈ തെങ്കലൈ വടുക കന്നടം
ഇടമുള പാടൈയാ തൊൻറിണായിനും
തിടമുള രകുകുല ത്തിരാമൻറൻ കതൈ
അടൈവുടൻ കേട്പവ രമര രാവരേ.

പ:—ഇടം ഉള=ലോകത്തിലുള്ള, വടകലൈ=വടമൊഴിയെന്ന സംസ്കൃതം, തെൻകലൈ=തമിഴ്, വടുകു=വടുകുഭാഷ, കന്നടം=കന്നാടകം, (എന്നുള്ള) പാടൈ=ഭാഷകറം, യാതൊൻറിണായിനും=ഏതൊന്നിലുള്ളതായിരുന്നാലും, തിടം ഉള=ദൃഢതയുള്ള, രകുകുലത്തു=രഘുകുലത്തിലവതരിച്ച, ഇരാമൻകതൈ=രാമൻെറ കഥയെ, അടൈവുടൻ=വിധിപോലെ, കേട്പവർ=ശ്രവണം ചെയ്യുന്നവർ, അമരർ ആവർ=അമരന്മാർ (മരണമില്ലാത്തവർ—നിത്യസൂരികറം) ആയിത്തീരും. ന്ന.

4. വെൻറിശേ രിലങ്കൈയാണൈവെൻറമാല് വീരമോത
നിൻറ രാമായണത്തി ണികഴ്ത്തിടു കതൈകടമ്മില്
ഒൻറിണൈ പ്പടിത്തോർതാമു മുരൈത്തിട ക്കേട്ടോർതാമും
നൻറിതു വെൻേറാർതാമു നരകമ തെയ്തിടാരേ.

പ:--വെൻറിശേർ=വിജയം വന്നു ചേരത്തക്ക, ഇലങ്കൈയാണൈ=ലങ്കക്കുടയവനായ രാവണനെ, വെൻറ=(അനായാസേന) വെന്ന, മാല്=ശ്രീമഹാവിഷ്ണുവിൻെറ, വീരം=സത്യപരാക്രമത്തെ, ഓത=ഏവരും പാരായണം ചെയ്താനന്ദിപ്പാൻവേണ്ടി, നിൻറ=ലോകത്തിൽ നിലനിന്നുവരുന്ന, രാമായണത്തില്=രാമചരിതത്തിൽ, നികഴ്ന്തിടു=ഉറംപ്പെട്ടിരിക്കുന്ന, കതൈകറം തമ്മില്=കഥകളിൽ, ഒൻറിണൈ=ഏതെങ്കിലുമൊന്നിനെ മാത്രം, പടിത്തോർതാമും=വായിച്ചവരും, ഉരൈത്തിട=മററൊരാറം വായിക്കുമ്പോറം, കേട്ടോർ താമും=ശ്രവണം ചെയ്തവരും, ഇതു നൻറ എൻേറാർ താമും=ഇതു നല്ലതാണെന്നു കരുതി ആദരിച്ചവരും, നരകമതു എയ്തിടാർ=നരകലോകത്തിൽ ചെല്ലുകയില്ല. ർ.

5\. ഇരാകവൻ കതൈയി ലൊരു കവിതന്നി
ലേകപാതത്തിനൈ യുരൈപ്പോർ
പരാവരുമലരോ നുലകിനിലവനും
പൻമുറൈ വഴത്ത വീററിരുന്തു
പുരാതനമറൈയു മണ്ടർപൊർപതമും
പൊൻറുനാ ളതണിനും പൊൻറാ
അരാവണൈയമലനുലകെനും പരമ
പതത്തിനൈ യണുകുവരൻേറ.

പ:—ഇരാകവൻ കതൈയില്=രാമചരിതത്തിൽ, ഒരു കവി തന്നി ല്=ഒരു പാട്ടിൽ, ഏകപാതത്തിനൈ=ഒരു പാദത്തിനെ, ഉരൈപ്പോർ= വായിക്കുന്നവർ, പരാവു=പുകഴ്ത്തത്തക്കതായ, അരു=മഹിതമായ, മല രോൻ ഉലകിനില്=ബ്രഹ്മലോകത്തിൽ, അവനും=ആ ബ്രഹ്മദേവനും, പൻ മുറൈ=പലവട്ടം, വഴത്ത=സ്തുതിക്കുംവണ്ണം, വീററിരുന്തു=ഇരുന്ന്, പുരാതനം=പുരാതനങ്ങളായ, മറൈയും=വേദങ്ങളും, അണ്ടർ പൊർ പ തമും=ദേവകളുടെ ദിവ്യപദവികളും, പൊൻറും നാറ അതണിനും=അഴി ഞ്ഞുപോകുന്ന സർവ്വസംഹാരകാലത്തിലും, പൊൻറാ=അഴിഞ്ഞുപോകാ ത്ത, അരാ അണൈ അമലൻ=അനന്തശായിയും പരിശുദ്ധനുമായ ഭഗവാ ൻെറ, ഉലകു എനും=ലോകമാകുന്ന, പരമപതത്തിനൈ=വൈകുണ്ഠത്തെ, അണുകുവർ=പ്രാപിക്കും. ൫

6\. ഇറവരംപി നിരാമ വെൻേറാരുംപർ
നിറവരെൻപതു നിച്ചയ മാതലാല്
മറുവിൻ മാക്കതൈ കേട്പവർ വൈകുന്തം
പെറുവരെൻപതു പേശവും വേണ്ടുമോ.

പ:—ഇറവരംപിൻ=മരണകാലത്തിൽ, ഇരാമ എൻേറാർ=രാമ എ ന്നുച്ചരിച്ചവർ, ഉംപർ നിറവർ എൻപതു=പരമപദത്തിൽ നിലകൊള്ളു മെന്നുള്ളത്, നിച്ചയം ആതലാല്=നിശ്ചയമാകയാൽ, മറുഇല്=കളങ്ക മററ, മാകതൈ=മഹിമകലന്ന രാമകഥയെ, കേട്പവർ=വിധിപോലെ കേൾക്കുന്നവർ, വൈകുന്തം പെറുവർ എൻപതു=വൈകുണ്ഠം (പരമപദം) പ്രാപിക്കുമെന്നുള്ളത്, പേശവും വേണ്ടുമോ=പറയേണ്ടതുണ്ടോ.

ഇറവരംപില്=(കാശിയിൽ) മരണകാലത്ത്, ഇരാമ എൻറ=രാമ എന്ന്, ഓർ ഉംപർ=നിരുപമനായ ദേവൻ (പരമശിവൻ) നിറവർ എ

ൻപതു=(ദക്ഷിണകർണ്ണത്തിൽ) ഉപദേശിക്കുമെന്നുള്ളത്, നിച്ചയം=(പ്രമാണങ്ങളാൽ) നിശ്ചയമാണ്. എന്നും അന്വയിക്കാം. ൬

7\. അണ്ണതാണ മകില നററാണങ്കൾ
കണ്ണിത്താണങ്കപിലൈയിൻറാണമേ
ശൊണ്ണതാണപ്പലമെണച്ചൊല്ലുവർ
മണ്ണിരാമകതൈ മറവാർക്കരോ.

പ:—മൻ=പ്രതിഷ്ഠ ലഭിച്ച, ഇരാമകതൈ=രാമചരിതത്തെ, മറവാർക്കു=മറക്കാത്തവൎക്ക് (സദാ പാരായണം ചെയ്യുന്നവൎക്ക്), അണ്ണതാണം=അന്നദാനത്തിൻെറയും, നല് അകിലം താണങ്കൾ=നല്ല ഭൂമിദാനത്തിൻെറയും, കണ്ണിതാണം=കന്യകാദാനത്തിൻെറയും, കപിലൈയിൻ താണം=ഗോദാനത്തിൻെറയും, ശൊണ്ണതാണം=സ്വൎണ്ണദാനത്തിൻെറയും, പലം=ഫലങ്ങളാണ്, എണ ശൊല്ലുവർ=എന്ന് (അറിവുള്ളോർ) പറയുന്നു. ൭

8\. ആതിയരിയോനമ നാരായണർ തിരുക്കതൈ
യറിന്തനുതിണം പരവുവോർ
നീതിയനുപോക നെറി നിൻറു നെടുനാളതി
ണിറന്തു ശെകതണ്ട മുഴതു
ക്കാതിപർകളായരശു ശെയ്തുള്ള നിണൈത്തതു
കിടൈത്തരുൾ പൊറുത്തു മുടിവില്
ശോതിവടിവായഴിവിൻ മുത്തി പെറുവാരെണ
വുരൈത്ത ശ്രുതിത്തൊകൈകളേ.

പ:—ആതി=തൊടക്കത്തിൽ, അരി ഓം നമഃ=ഹരിഃ ഓം നമഃ, (എന്നു ചൊല്ലി) നാരായണർ=ശ്രീരാമദേവൻെറ, തിരുക്കതൈ=ദിവ്യചരിതത്തെ, അറിന്തു=(വായിച്ചോ കേട്ടോ) അറിഞ്ഞ്, അനുതിണം പരവുവോർ=ദിനന്തോറം കൊണ്ടാടുന്നവർ, നീതി=ധൎമ്മപരമായ, അനുപോകം=അനുഭവമുള്ള, നെറി=നല്ല മാൎഗ്ഗത്തിൽ, നെടുനാൾ=ദീർഘകാലം, നിൻറു=നിലനിന്ന്, അതിൻ ഇറന്തു=അതിൽനിന്നു വിട്ട്, ശകതണ്ട മുഴുതുക്കും=ജഗദണ്ഡങ്ങൾക്കെല്ലാം, ആതിപർകളായി=അധിപന്മാരായി, അരശു ശെയ്തു=ഭരണം നടത്തി, ഉളം നിണൈത്തതു കിടൈത്തു=മനസ്സിൽ നിനച്ചതു സാധിച്ച്, അരുൾ പൊറുത്തു=ഭഗവൽപ്രസാദം സിദ്ധിച്ച്, മുടിവില്=ഒടുവിൽ, ശോതിവടിവായ്=തേജോരൂപികളായി, അഴിവു

ഇല്=ലയമില്ലാത്ത, മുത്തി=പരമപദത്തെ (മോക്ഷത്തെ) പെറുവാർ എണ=പ്രാപിക്കുമെന്ന്, ശ്രുതി തൊകൈകൾ=ശ്രുതിനിവഹങ്ങൾ (വേദങ്ങൾ), ഉരൈത്ത=ഘോഷിച്ചിരിക്കുന്നു. വ്വ

9. ഇണൈയനൽ കാതൈ മുററു
മെഴുതിണോർ വിയന്തോർ കററോർ
അണൈയതു തന്നൈച്ചൊല്വോർ
ക്കരുംപൊരുൾ കൊടുത്തുക്കേൾപ്പോർ
കണൈകടർ പുടവിമീതേ
കാവലർക്കരശായ് വാഴ്ന്തു
വിണൈയ മതറുത്തു മേലാം
വിണ്ണവൻ പതത്തിർ ശേർവാർ.

പ:—ഇണൈയ=ഈവിധം, നല്=വിലക്ഷണമായ, കാതൈ മുററും= രാമചരിതം മുഴുവനും, എഴുതിണോർ=രചിച്ചവരും, വിയന്തോർ=അതിനെ കൊണ്ടാടിയവരും, കററോർ=പഠിച്ചവരും, അണൈയതു തന്നൈ= അതിനെ, ശൊല്വോൎക്കു=വായിച്ചു (മററുള്ളവരെ) കേൾപ്പിക്കുന്നവൎക്ക്, അരും പൊരുൾ കൊടുത്തു=അധികമായ ദ്രവ്യം കൊടുത്തു, കേട്പോർ= (ശ്രദ്ധാപൂൎവ്വം) കേൾക്കുന്നവരും, കണൈ=മുഴങ്ങുന്ന, കടല്=കടൽ ചൂഴ്ന്ന, പുടവിമീതു=ഭൂലോകത്തിൽ, കാവലൎക്കു അരശായ് വാഴ്ന്തു=രാജാധിരാജത്വം വഹിച്ചു വാണിരുന്ന്, വിണൈയമതു അറുത്തു=പാപബന്ധങ്ങളെ മോചിച്ച്, മേലാം വിണ്ണവൻ=ഏവൎക്കും മേലേയുള്ളവനായ ശ്രീരാമദേവന്റെ, പതത്തില്=പരമപദത്തിൽ, ശേർവാർ=ചെന്നുചേരും. ൻ

# ഗ്രന്ഥമുഖം.

## (ഗ്രന്ഥാരംഭം.)

## ആഴ്വാർ വണക്കം.

1. തരുകൈ നീണ്ട തയരതൻറാൻറരും
ഇരുകൈ വേഴത്തിരാകവൻറൻകതൈ
തിരുകൈ വേലൈ ത്തരൈമിശൈ ച്ചെപ്പിട
കരുകൈ നാതൻ കുരൈകഴല് കാപ്പതേ.

പ:—തരു=ദാനശീലങ്ങളായ, കൈ നീണ്ട=കൈകൾ നീണ്ട, തയരതൻ=ദശരഥചക്രവത്തിയാൽ, തരു=(പുത്രനായി) ലഭിക്കപ്പെട്ട, ഇരുകൈവേഴത്തു=രണ്ടു തുമ്പിക്കയ്യുള്ള ഗജത്തിന്നു തുല്യനായ, ഇരാകവൻ=രാഘവൻെറ (രഘുകുലജാതനായ ശ്രീരാമദേവൻെറ), കതൈ=ചരിത്രത്തെ, തിരുക=ഭേദരൂപവും, ഐ=അഴകുമുള്ള, വേലൈ=കടലിനാൽ ചുററപ്പെട്ട, തരൈ മിശൈ=ഭൂമിയിൽ, (പ്രചരിക്കും വിധം), ശെപ്പിട=(തമിഴിൽ) ഉരചെയ്യാൻ, കുരുകൈനാതൻ="കുരുകൂർ" എന്ന ദേശത്തിന്നു നായകനായ ശാകോപാഴ്വാരുടെ, കുരൈകഴല്=ധ്വനിക്കുന്ന കാൽച്ചിലമ്പണിഞ്ഞ തിരുവടികൾ, കാപ്പതു=(വിഘ്നം തീത്തു) കാത്തുകൊള്ളട്ടെ. താൻ=അശ (പാദപൂരണാത്ഥകമായ നിരത്ഥപദം.)

വി:—ദാതൃത്വമെന്നുള്ള സർവ്വോത്തരമായ ഗുണമാകയാൽ ഗണ്യങ്ങളായ കുലശീലാദി വിശേഷങ്ങളെ വിട്ട്, ആദിപൂരുഷനായ ദേവൻെറ പിതാവായിരിപ്പാൻ ഭാഗ്യം ലഭിച്ച ദശരഥ ചക്രവത്തിക്കു "തരുകൈ നീണ്ട" എന്ന വിശേഷണം നൽകിയതാണ്. ആഴ്വാർ=വൈഷ്ണവോത്തമൻ. ഗ്ര.

## ആഞ്ജനേയ വണക്കം.

2. അഞ്ചിലേ യൊൻറപെററാ ണഞ്ചിലേ യൊന്നൈെറത്താവി
അഞ്ചിലേ യൊൻറാറാക വാരിയർ കാകവേകി
അഞ്ചിലേ യൊൻറപെററ വണങ്ങ്കൈക്കണ്ടയലാരൂരില്
അഞ്ചിലേ യൊന്നൈെറവൈത്താ ണവണെമ്മെ യളിത്തു
കാപ്പാൻ.

പ:—അഞ്ചില് ഒൻറ=പഞ്ചഭൂതങ്ങളിലൊന്നായ വായുവിനാൽ, പെററാൻ=(പുത്രനായി) ലഭിക്കപ്പെട്ടവനും, അഞ്ചില് ഒന്നൈെറ=അഞ്ചി

ലൊന്നായ ജലത്തെ (സമുദ്രത്തെ), താവി=കടന്നു്, അഞ്ചില് ഒൻറ-അഞ്ചിലൊന്നായ ആകാശം, ആറ ആക=മാൎഗ്ഗമായി (ആകാശമാൎഗ്ഗത്തൂടെ), ആരിയർ കാക=ആൎയ്യനായ (പൂജ്യനായ) രാഘവന്നു വേണ്ടി, ഏകി=പോയി, അഞ്ചില് ഒൻറ=അഞ്ചിലൊന്നായ ഭൂമിയാൽ, പെററ=(പുത്രിയായി) ലഭിക്കപ്പെട്ട, അണങ്കൈ=സീതാദേവിയെ, കണ്ടു=കണ്ടു വണങ്ങി, അയലാർ ഊരില്=ശത്രുപുരിയായ ലങ്കയിൽ, അഞ്ചിലൊൻറ=അഞ്ചിലൊന്നായ അഗ്നിയെ, വൈത്താൻ=കൊളുത്തിയവനുമായ, അവൻ=ആഞ്ജനേയൻ, എമ്മൈ=നമ്മെ, അളിത്തുക്കാപ്പാൻ=കൃപചെയ്ത രക്ഷിക്കും "അഞ്ചിലേ" എന്ന പദങ്ങളിലേ ഏകാരങ്ങൾ അശകം. വ.

## സർസ്വതി വണക്കം.

3\. പുത്തകം പടികമാലൈ കുണ്ടികൈ പൊരുൾശേർഞാന
വിത്തക നരിത്തശെങ്കൈ വിമലൈയൈ യമലൈതണ്ണൈ
മൊയ്ത്ത കൊന്തളകപാര മുകിൺമുലൈ ത്തവളമേനി
മൈത്തകു കരുങ്കട് ചെവ്വാ യണങ്കിനൈ വണ
ങ്കല്ശെയ്വാം.

പ:—പുത്തകം=പുസ്തകവും, പടികമാലൈ=സ്ഫടികമാലയും, കുണ്ടികൈ=കമണ്ഡലുവും, പൊരുൾശേർ=തത്വമടങ്ങിയ, ഞാനവിത്തകം=ജ്ഞാനലക്ഷണമായ ചിൻമുദ്രയും, തരിത്ത=ധരിച്ചിരിക്കുന്ന, ശെങ്കൈ=രക്തവൎണ്ണങ്ങളായ കരങ്ങളോടുകൂടിയ, വിമലൈയൈ അമലൈ തണ്ണൈ=ഏററവും പരിശുദ്ധയും, മൊയ്ത്ത=ഇടതിങ്ങിയ, കൊന്തു=പൂങ്കൊത്തുകളണിഞ്ഞ, അളകപാരം=കേശഭാരത്തോട്, മുകിഴ്=കമലമുകുളത്തിന്നൊത്ത, മുലൈ=സ്തനങ്ങളോടും, തവളമേനി=ധവളവൎണ്ണമായ അംഗത്തോടും, മൈ തകു=അഞ്ജനമെഴുതിയ, കരുകൺ=നീലനയനങ്ങളോടും, ശെവ്വായ്=അരുണങ്ങളായ അധരങ്ങളോടും കൂടിയവളുമായ, അണങ്കിനൈ=(സരസ്വതീ)ദേവിയെ, വണങ്കല് ശെയ്വാം=നാം വന്ദനം ചെയ്യുക.

വി:—വിമല അമല എന്ന പദങ്ങൾക്ക സ്വയംപരിശുദ്ധയെന്നും സ്വസാന്നിദ്ധ്യംകൊണ്ടു മററുള്ളവയെ ശുദ്ധീകരിക്കുന്നവൾ എന്നും മററും ചിലർ അൎത്ഥകല്പനം ചെയ്യുമാറുണ്ട്. പുസ്തകാദിനാലും ക്രമത്തിൽ ഇടതു കീഴ്കൈ വലതു കീഴ്കൈ ഇടതുമേൽ കൈ വലതു മേൽ കൈ ഇവയിൽ ധരിച്ചവയാകുന്നു. സ്വ.

ഓം നമോ നാരായണായ

# ശ്രീമത്

# കമ്പരാമായണം

## മൂലവും വ്യാഖ്യാനവും.

## ബാലകാണ്ഡം.

### ൧. * ശിറപ്പുപ്പായിരം (പ്രബന്ധമുഖം.)

അവതാരിക—ഗ്രന്ഥകാരന്മാർ ഇഷ്ടദേവതയേയോ ഗ്രന്ഥത്തിൽ പ്രാമാണ്യം വഹിക്കുന്ന മററു ദേവതയേയോ വാഴ്ത്തുന്നതു പൂർവ്വാചാരമായിരിക്കയാൽ രണ്ടു നിലയിലുമിരിക്കുന്ന ദേവൻെറ മഹിമയെ ഈ ഗ്രന്ഥകർത്താവു തൻെറ ഗ്രന്ഥാരംഭത്തിൽ വാഴ്ത്തുന്നു.

1. ഉലകം യാവൈയുന്താമുളവാക്കലും
നിലൈ പെറുത്തലു നീക്കലു നീങ്ങ്കലാ
അലകിലാ വിളൈയാട്ടുടൈയാരവർ
തലൈവരണ്ണവക്കേ ശരണാങ്ങ്കളെ.

പദാർത്ഥം—ഉലകം യാവൈയും=ലോകങ്ങളെല്ലാററിനേയും, താം=താൻ (തന്നെ) ഉള ആക്കലും_സൃഷ്ടിക്കുന്നതിനേയും, നിലൈ പെറുത്തലും=രക്ഷിക്കുന്നതിനേയും, നീക്കലും=സംഹരിക്കുന്നതിനേയും, നീങ്ങ്ക

---

* ആക്കിയോൻ പെയരേ, വഴിയെ, യെല്ലൈ
നൂർപെയർ, യാപ്പേ, നതലിയ പൊരുളേ,
കേൾപ്പോർ, പയനോ ടായെൺ പൊരുളും
വായ്പ്പക്കാട്ടൽ പായിരത്തിയൽപേ—നണ്ണൂൽ.

ലാ=(തന്നെവിട്ടു)നീങ്ങാത്ത, അലകു ഇലാ=അളവില്ലാത്ത, വിളൈയാട്ടു ടൈയാർ=ലീലയായി വഹിച്ചിട്ടുള്ള, അവർ=അദ്ദേഹം(തന്നെ), തലൈവർ=(ലോകങ്ങൾക്കെല്ലാം) മൂലപുരുഷൻ, അണ്ണവർക്കേ=അങ്ങിനെയുള്ള അദ്ദേഹത്തിനെ (ഈശ്വരനെ) തന്നെ, നാങ്കൾ ശരൺ=നാം ശരണം പ്രാപിച്ചവരായിരിക്കുന്നു.

ഭാവം—സകല ലോകങ്ങളേയും താൻ തന്നെ സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുകയെന്ന കൃത്യങ്ങളിൽനിന്നു വിട്ടൊഴിയാതെ അളവററ ലീലകൾ ചെയ്തുകൊണ്ടിരിക്കുന്നയാൾ യാവനൊരുത്തനോ അദ്ദേഹം തന്നെ ജഗല്പിതാവായ ഈശ്വരൻ; അദ്ദേഹത്തെതന്നെ നാം ശരണം പ്രാപിക്കുന്നു.

വിശേഷം—പൂർവ്വാചാര്യന്മാരുടെ മതമനുസരിച്ചു മംഗളവാചകങ്ങളെക്കൊണ്ടു ഗ്രന്ഥാരംഭം വേണ്ടുന്നതാകയാൽ ഈ പ്രബന്ധകർത്താവും 'ഉലകം' എന്ന മംഗളപദപ്രയോഗം ചെയ്തിരിക്കുന്നു. 'താം' എന്ന പദം അന്യാപേക്ഷയില്ലെന്നു കാണിക്കുന്നു. സൃഷ്ട്യാദി മൂന്നു കൃത്യങ്ങളും ലീലാരൂപേണ ചെയ്യുന്നുവെന്നതിൽനിന്നു ശ്രുഷ്ക്കാന്തിയോടെ മനസ്സിരുത്തി ചെയ്യുന്ന കാര്യങ്ങൾ എത്രകണ്ടു മഹിതങ്ങളായിരിക്കുമെന്നനുമാനിക്കാമല്ലോ. ലോകങ്ങൾക്കുല്പത്തിയും ലയവുമുള്ളതായി കാണുകയാൽ ഇവക്കു മൂലപുരുഷനായി ഒരുവനുണ്ടായിരിക്കേണമെന്നനുമാനിച്ചു "വിളൈയാട്ടുടൈയാർ അവർ തലൈവർ" എന്നു പറഞ്ഞിട്ടുള്ളതാണ്. "മുച്ചകനിഴററു മുഴുമതിക്കുടൈ അച്ചുതൻ—മൂന്നു ജഗത്തിനും നിഴലാം മുഴുമതി മുക്കുട പൂണ്ടോരച്യുതൻ—ബുദ്ധൻ" എന്നുള്ള പ്രമാണവും ഇതിനെ അനുസരിക്കുന്നു. ആ ദേവനൊഴിഞ്ഞന്യമായ ശരണമില്ലായ്കയാൽ അദ്ദേഹം തന്നെ ശരണമെന്നു സമർത്ഥിച്ചതാണ്. "ആതിപകവൻ മുതറേ ഉലകു=ആദിഭഗവാൻ മുതല്ലോ ലോകം" എന്നുള്ള കുറൾവാക്യവും ഇവിടെ പ്രമാണീകരിക്കുന്നു. ഫ.

---

ഗ്രന്ഥകാരൻെറ പേർ, മൂലഗ്രന്ഥം, ഗ്രന്ഥത്തിന്നു പ്രചാരമുണ്ടാകുന്ന ദേശത്തിൻെറ ക്ലിപ്തം, ഗ്രന്ഥനാമം, പദ്യരചനാഭേദം, ഗ്രന്ഥത്തിലെ വിഷയം, പഠനാധികാരികൾ, പഠനത്താലുള്ള പ്രയോജനം—എന്നീ എട്ടംഗങ്ങളേയും വ്യക്തമായി പ്രതിപാദിക്കുന്നതു "പായിര"ത്തിൻെറ ലക്ഷണം. ശിറപ്പുപ്പായിരം=പ്രശസ്ത്യംഗം.

ഈ സ്ഥാനത്തിൽ സംസ്കൃതഗ്രന്ഥകാരന്മാർ സ്വീകരിച്ചു കാണുന്നതു വിഷയഃ, പ്രയോജനം, സംബന്ധഃ, അധികാരീ—എന്നീ അനുബന്ധചതുഷ്ടയത്തേയാണ്.

അ:—ഗുണങ്ങളെ പറയുന്നു.

2. ചിർകുണത്തർ തെരിവരു നല്ലിലൈ
യെർകുണർത്തരി തെണ്ണിയ മൂൻറങ്കം
മൂർകുണത്തവരേ മുതലോരവർ
നർകുണ കടലാട്ടുതണൻറരോ.

പ:—ചിർകുണത്തർ=ജ്ഞാനഗുണസമ്പന്നന്മാരാലും, തെരിവു അരു=അറിവാനരുതാത്ത, നൽ നിലൈ=(ആ പുരാണപുരുഷൻെറ) നല്ല നിലയെ, ഉണർത്തു=ഉണർത്തുന്നത്, എർക്കു അരിതു=(അല്പജ്ഞനായ) എനിക്ക് അസാദ്ധ്യമാണ്, (എന്നിരിക്കിലും) എണ്ണിയ=കണക്കാക്കീട്ടുള്ള, മൂൻറങ്കം=മൂന്നിൽ (മൂന്നു ഗുണങ്ങളിൽ)വെച്ചു, മൂർകുണത്തവരേ=മുഖ്യമായ (സാത്വീക) ഗുണമുള്ളവൻതന്നെ, മുതലോർ=ആദിമപുരുഷൻ, (അതിനാൽ) അവർ=അദ്ദേഹത്തിൻെറ, നർകുണക്കടൽ=നല്ല (സാത്വീക) ഗുണമാകുന്ന കടലിൽ, ആട്ടുതൽ=നീരാട്ടുന്നതു, നൻറു=നന്മയാണ്, അരോ="അരൈ" എന്ന പാദപൂരണാത്ഥകമായ നിരത്ഥപദം.

ഭാ:—ജ്ഞാനസമ്പന്നന്മാരാലും അഗണ്യനായ അദ്ദേഹത്തിൻെറ തത്വം പറഞ്ഞറിയിക്കുകയെന്നുള്ളത് എന്നെപ്പോലുള്ളവക്കു ദുസ്സാദ്ധ്യമാണ്; എങ്കിലും സാത്വിക, രാജസ, താമസമെന്ന മൂന്നു ഗുണങ്ങളിൽ മുഖ്യമായ സാത്വികഗുണത്തെ അവലംബിച്ചിരിക്കുന്ന അദ്ദേഹംതന്നെ പുരാണപുരുഷൻ. അദ്ദേഹത്തിൻെറ അപാരമായ ഗുണത്തിൽ മനസ്സു ചെലുത്തുന്നതു ശ്രേയസ്കരമാണ്.

വി:—"മൂർകുണത്തവരേ" എന്നതിൽ ഏകാരം അന്യഗുണനിഷേധത്തെ കാണിക്കുന്നു. അതിനാൽ ആ ഗുണനിഷേവണം നിരന്തരഗുണാനുഭൂതിയെ നൽകുന്നതത്രെയെന്നു കാണിക്കുന്നു. അദ്ദേഹത്തിൻെറ യഥാത്ഥ തത്വപ്രതിപാദനം തനിക്കു സാദ്ധ്യമല്ലെന്നിരിക്കിലും ഗുണസേവനം ചെയ്യുന്നതായാൽ അതിൻെറ പ്രതിപാദനത്തിന്നുള്ള ശക്തിയുണ്ടാകുമെന്നു കാണിപ്പാനായി "നൻറു" എന്നു പ്രയോഗിച്ചതാണ്. ൨.

അ:—തിരുനാമധേയത്തെ പറയുന്നു.

3. ആതിയന്തമരീയെണയാവൈയും
ഓതിനാരലകില്ലെണവുള്ളണ
വേതമെൻപണമെയ്ന്നെറിനൻമൈയൻ
പാതമല്ലതു പററിലർ പററിലാർ.

പ:—അലകു ഇല്ലന=(അനേകം ശാഖകളുള്ളതിനാൽ) അളവില്ലാത്തതും, ഉള്ളന്=(വിഭാഗങ്ങളാൽകൊണ്ട്) അളവുള്ളതുമായ, വേതം എൻപണ യാവൈയും=വേദങ്ങളെന്നു പറയപ്പെടുന്നവയെല്ലാം, ആതി അന്തം=ആദ്യന്തം, അരീയെണ=ഹരിഃ ഓം എന്നെടുത്തുചൊല്ലി, ഓതിണാർ=അദ്ധ്യയനം ചെയ്ത(അവയുടെ സൂക്ഷ്മാർത്ഥമറിഞ്ഞ)വരായ, പററിലാർ=ബന്ധമററവർ, മെയ്ന്നെറി നൻമൈയൻ=അസൂതവിഹീനങ്ങളായ മാർഗ്ഗങ്ങളെ അരുളിച്ചെയ്ത നല്ലനായ ജഗദീശ്വരൻെറ, പാതമല്ലതു=തിരുവടികളെയല്ലാതെ (മറെറാന്നിനെയും), പററിലർ=(തങ്ങൾക്കാധാരമാക്കി) കൈക്കൊള്ളുന്നതല്ല.

ഭാ:—അനേകം ശാഖകളുള്ളതിനാൽ അളവില്ലാതേയും, ഋക്ക്, യജുസ്സ്, സാമം, അധർവ്വം എന്ന വിഭാഗങ്ങളുള്ളതിനാൽ അളവുണ്ടായും ഇരിക്കുന്ന വേദങ്ങളെയെല്ലാം ആദ്യന്തം "ഹരിഃ ഓം" എന്ന നാമോച്ചാരണപൂർവ്വകം ഓതി അവയുടെ തത്വാർത്ഥങ്ങളെ ഉണർന്നവരും നിസ്സംഗന്മാരുമായ ബുധന്മാർ അസൂതവിഹീനങ്ങളായ ധർമ്മങ്ങളെ പ്രതിപാദിച്ചരുളിയ ജഗദീശ്വരൻെറ അടിയിണകളെയല്ലാതെ മറെറാന്നിനേയും അവലംബിക്കുന്നതല്ല.

വി:—"അനന്താ വൈ വേദാഃ," "ചതുർവ്വേദം" എന്നിവയെ പ്രമാണീകരിച്ച് "അലകില്ലെണവുള്ളന്" എന്നു പ്രയോഗിച്ചതാണ്. "ഉള്ളെന്" എന്നെന്നേക്കുമുള്ളതെന്നും അർത്ഥകല്പനം ചെയ്യാം. മനുഷ്യരുടെ ആത്മാവിന്നു ശാശ്വതമായ ഗതി ലഭിപ്പാൻ തക്ക സദുപദേശങ്ങളരുളിച്ചെയ്കയാൽ "നൻമൈയൻ" എന്നു പ്രതിപാദിച്ചിരിക്കുന്നു. "ആതിയന്തമരീയെണ യാവൈയും ഓതിനാർ മെയ്ന്നെറി നൻ മൈയൻ പാതമല്ലതു പററിലാർ" എന്നന്വയിക്കുമ്പോൾ ആ വേദപ്രതിപാദ്യൻ ഈ ദേവൻ തന്നെയെന്നും, ആ വേദസാരം ഇവൻെറ പാദങ്ങൾ തന്നെയെന്നും വരുന്നു.

ഒന്നാം വിരുത്തത്താൽ ദേവൻെറ പ്രവൃത്തിയും രണ്ടാം വിരുത്തത്താൽ ഗുണവും നിരൂപണം ചെയ്തതിന്നുശേഷം ഈ വിരുത്തത്താൽ അദ്ദേഹത്തിൻെറ തിരുനാമധേയത്തെ പറഞ്ഞിരിക്കുന്നു. വൃത്തിയും ഗുണവും ഉണർന്നതിന്നുശേഷമല്ലാതെ നാമധേയനിരൂപണം ചെയ്വാൻ കഴിയുന്നതല്ലായ്കയാൽ ഇങ്ങിനെ പ്രയോഗിച്ചതാണ്. തന്നിമിത്തം ഇതു ('ഹരി' എന്ന നാമം) പ്രവൃത്തിയേയും ഗുണത്തേയും സംബന്ധിച്ചുവന്ന കാരണപ്പേരാകുന്നു.

സൃഷ്ടികാലത്തിൽ ഈശ്വരനും അദ്ദേഹത്തിന്റെ അനുഗ്രഹത്തിന്നു പാത്രീഭവിച്ച മുനിവൎയ്യന്മാരും ചില വസ്തുക്കൾക്ക് ഓരോ സംജ്ഞ കല്പിച്ചതുപോലെ ഈ ഗ്രന്ഥകാരനും ഈശ്വരന്നു ഒരു നാമം കല്പിക്കരുതോ എന്നു ശങ്കിക്കുന്നതായാൽ, എല്ലാ വസ്തുക്കൾക്കും മുമ്പ് ഈശ്വരനുണ്ടായതുപോലെ ഈശ്വരന്നുമുമ്പ് ഇദ്ദേഹം ഉള്ളവനായിരുന്നാലല്ലെ ഒരു നാമം കല്പിപ്പാൻ വഴിയുള്ളൂ. അങ്ങിനെയില്ലായ്കയാൽ നാമകല്പനം സാദ്ധ്യമല്ല. ഇത് "ആതിപകവൻ മുതറേറയുലകു" എന്നു കാൎയ്യത്തോടു ബന്ധിച്ച കാരണത്തെപ്പറഞ്ഞ വരകവിയായ തിരുവള്ളുവരുടെ വാക്കിനാലും കാണപ്പെടുന്നു. 'ഹരി' എന്ന പദത്തിന്നു അന്ത്യകാലത്തിൽ അഖിലചരാചരങ്ങളേയും തന്റെ ഉദരത്തിലേക്കുപാദാനംചെയ്തടക്കിവെക്കുന്നവൻ (ഹരതി=ആദ്യത്തെ ജഗദഖിലമിതി ഹരിഃ) എന്നൎത്ഥമാകയാൽ കൃത്യവും, അങ്ങിനെ ചെയ്യുന്നതു ശരീരികളിലുള്ള കാരുണ്യം തന്നെയാകയാൽ ഗുണവും ഉണ്ടായ കാരണത്താൽ 'ഹരി'യെന്ന തിരുനാമമുണ്ടായി. (ഹരതി ഭക്തജനാഘരിതാനീതി ഹരിഃ എന്നുമുണ്ട്.) ഇതിന്നു അദ്വൈതികൾ 'നേതി' വാക്യത്താൽ പൃഥിവ്യാദികളെ നീക്കി ചെല്ലുമ്പോൾ ഒടുവിൽ ശേഷിച്ചുനില്ക്കുന്ന വസ്തുവെന്ന് അൎത്ഥകല്പനം ചെയ്യുന്നു.

മേൽപറഞ്ഞ മൂന്നു വൃത്തങ്ങളാലും ഈശ്വരൻ നിഷ്ക്രിയനും നിൎഗ്ഗുണനും നിസ്സംജ്ഞനുമാണെന്നു വാദിക്കുന്നവരെ നിന്ദിച്ചവിധത്തിലായ്ത്തീൎന്നു. എന്നാൽ ഗ്രന്ഥകൎത്താവിന്നു അവരെ നിരസിക്കേണമെന്ന കരുതലില്ല. "നെല്ലുവിതയ്ക്കപ്പുല്ലുതേയും" എന്ന പഴമൊഴിയനുസരിച്ചു സ്വമതസ്ഥാപനംകൊണ്ട് അന്യമതം സ്വതവേ നിരസിക്കപ്പെട്ടുവെന്നേയുള്ളൂ. ന.

അ:—കവി സ്വാഹങ്കാരപരിഹാരം ചെയ്യുന്നു.

4. ഓശൈപെററുയർപാർകടലുറെറാരു
പൂശൈമുററവുനക്കുപു പുക്കെണ
ആശൈപററിയറൈയലുറേൻമററി
കാശില്കൊററത്തിരാമൻ കതൈയരോ.

പ:—ഒരു പൂശൈ=ഒരു പൂച്ച, ഓശൈപെററുയർ=ഉച്ചപ്പെട്ടുയൎന്ന (കേളിയുള്ള), പാർകടല് ഉററ=ശ്രീ പാല്കടലിനെ പ്രാപിച്ചു, മററവു= (അതിലുള്ള പാൽ) മുഴവനും, നക്കുപു പുക്കെന്=(കൊതിപൂണ്ടു) നക്കുവാൻ ചെന്നതുപോലെ, ഇ=ഈ, കാശു ഇല്കൊററത്തു=കുററമററ വിജ

യംപൂണ്ട, ഇരാമൻ കതൈ=ശ്രീരാമന്റെ കഥയെ, ആശൈ പററി=ആഗ്രഹംപൂണ്ട്, അറയല് ഉററേൻ=പറയുവാൻ തുടങ്ങി.

ഭാ:—ഒരു പൂച്ച, അലകളടിച്ചുയൎന്നു മുഴങ്ങിക്കൊണ്ടിരിക്കുന്ന പാല്ക്കടലിന്നരികെ ചെന്നു് ഈ കടൽ മുഴുവനും നക്കിക്കുടിപ്പാനായി മുതിൎന്നതുപോലെ ഞാൻ സത്യവിക്രമനായ ഈ ശ്രീരാമദേവന്റെ കഥയെ കാവ്യമായ് ചമെപ്പാൻ കൊതിപൂണ്ടു തുനിഞ്ഞതാകുന്നു.

വി:—അമൃതം മുതലായ അലൌകിക വസ്തുവിശേഷങ്ങൾക്കു നിലയമായി പുകഴ്കൊണ്ടിരിക്കയാൽ "ഉയർ പാല്കടൽ" എന്നു പ്രയോഗിച്ചിരിക്കുന്നു. പൂച്ചയെ തനിക്കും പാലാഴിയെ രാമകഥയ്ക്കും ഉപമാനമായ് കല്പിച്ചിരിക്കയാൽ പൂച്ചക്കു പാലിന്മേലെന്നപോലെ തനിക്കു രാമകഥയിന്മേലും സഹജമായ അത്യാസക്തിയുണ്ടെന്നും "നക്കപ്പു പുക്കെന" എന്നതിൽനിന്നു മററു പ്രാണികളെപ്പോലെ ഇറമ്പിക്കുടിക്കുവാൻ വഹിയാത്ത പൂച്ചക്കു ക്ഷീരാബ്ധി മുഴുവൻ നക്കിക്കുടിക്കുകയെന്നുള്ളതു എത്രകണ്ടു ദുഷ്കരമോ അതുപോലെതന്നെ അല്പജ്ഞനായ തനിക്കു് അപാരമഹിമാതിശയമാൎന്ന രാമകഥയുടെ കഥനവും ദുഷ്കരമെന്നു കാണിച്ചു കാവ്യകാരൻ സ്വാഹങ്കാരപരിഹാരം ചെയ്തിരിക്കുന്നു. ർ.

5. നൊയ്തിനൊയ്യശൊണ്ണൂർകലുറേറനെനൈ
വൈതവൈവിൻ മരാമരമേർതൊളൈ
യെയ്തവെയ്തവർ കെയ്തിയമാക്കതൈ
ശെയ്തശെയ്തവൻ ശൊണ്ണിൻറ തേയത്തേ.

പ:—വൈത വൈവിൻ=(മഹാജനങ്ങൾ) ശപിച്ച ശാപത്തിനാലെന്നപോലെ, മരാമരം ഏഴ്=ഏഴു മരാമരങ്ങളും, തൊളൈ എയ്ത=തുളപെടത്തക്കവണ്ണം, എയ്തവർകു=ബാണം പ്രയോഗിച്ച ശ്രീരാമനെ വിഷയീകരിച്ച്, എയ്തിയ=ഉണ്ടായിരിക്കുന്ന, മാ കതൈ=മഹിമ കോലുന്ന കഥയെ, ശെയ്ത=(സംസ്കൃതഭാഷയിൽ) നിൎമ്മിച്ച, ശെയ്തവൻ=തപസ്സുചെയ്തു സമാപ്തിവരുത്തിയവന്റെ(വാത്മീകിമുനിയുടെ), ശൊല്=വാക്ക്(കാവ്യം), നിൻറ=നിലനിന്നിട്ടുള്ള, തേയത്തേ=ദേശത്തുതന്നെ, നൊയ്തിൻ നൊയ്യ ശൊല്=അല്പത്തിലും അല്പമായ(തമിഴ്)വാക്കിനാൽ, നൂർകലുറേറൻ=(ഈ ഗ്രന്ഥത്തെ) രചിപ്പാൻ തുടൎന്നു, എനൈ=എന്തൊരത്ഭുതമാണ് (ഇത്).

ഭാ:—നിഗ്രഹാനുഗ്രഹശക്തന്മാരായ മഹാത്മാക്കളുടെ ശാപബലത്താലുണ്ടായ ഒരു അലൌകിക സംഭവംപോലെ മരാമരങ്ങളെന്ന സപ്ത

സാലങ്ങളും തുളയത്തക്കവണ്ണം അമ്പയച്ച ശ്രീരാമനെ വിഷയീകരിച്ചു ണ്ടായിട്ടുള്ള ദിവ്യചരിത്രത്തെ, സംസ്കൃതഭാഷയിൽ കവനം ചെയ്ത തപോ നിധിയായ വാല്മീകിമുനിയുടെ കൃതിയും ആദികാവ്യവുമായ രാമായണ ത്തിന്നു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ദേശത്തുതന്നെ അത്യല്പമായ തമി ഴ്ഭാഷയിൽ രചിപ്പാൻ ഞാനുദ്യമിക്കുന്നു. ഇതെന്തൊരാശ്ചര്യമാണ്.

വി:—മാ_കതൈ_ശൈത_ശൈതവൻ എന്നതിന്നു മാഹാത്മ്യമേ റിയ രാമായണത്തെ നിർമ്മിപ്പാൻ ത ക്ക തപസ്സ ചെയ്തവനെന്നും എനൈ വൈതനേ എന്നനാപയിച്ച് എന്നെ നിന്ദിച്ചുകൊണ്ടു ഞാൻതന്നെ ഇതി ന്നൊരുങ്ങിയപോലെ എന്നും അർത്ഥം കല്പിക്കാം. ൫.

6. വൈയമെണ്ണൈയികഴവുമാശെന
ക്കെയ്തവുമ്മിതിയമ്പുവതിയാതെനില്
പൊയ്യിൽ കേൾവിപ്പുലമൈയിണോർപുകല്
തൈവമാക്കവിമാട്ചി തെരിക്കവേ.

പ:—വൈയം=ലോകം, എണ്ണൈ ഇകഴവും=എന്നെ പരിഹസി പ്പാനും, മാത്രു എനക്കു എയ്തവും=(അതിനാലുള്ള) അപവാദം എനിക്കു പററവാനും വേണ്ടി, ഇതു ഇയമ്പുവതു=ഈ തമിഴ് രാമായണം രചിക്കു ന്നതു, യാതു എനില്=എന്തുകൊണ്ടെന്നാൽ, പൊയ് ഇല്കേൾവി=അ വാസ്തവമല്ലാത്ത കേൾവികളെ അടിസ്ഥാനമാക്കി, പുലമൈയിണോർ= ജ്ഞാനസമ്പന്നന്മാർ (വാല്മീകി മുതലായവർ), പുകല്=അരുളിച്ചെയ്ത, തൈവം=ദിവ്യമായ, മാകവി=മാഹാത്മ്യമുള്ള സംസ്കൃതകാവ്യങ്ങളുടെ, മാ ട്ച്ചി=മഹിമയെ, തെരിക്കവൈ=ഗ്രഹിപ്പിപ്പാൻ വേണ്ടിയാകുന്നു.

ഭാ:—ആദികവിയായ വാത്മീകിമുനിയാൽ മഹനീയമായ സംസ്കൃ തത്തിൽ കവനം ചെയ്യപ്പെട്ട രാമായണം സർവ്വജനങ്ങളാലും ആദരണീ യമായിരിക്കെ അതിനെത്തന്നെ ആ കവിയെ അപേക്ഷിച്ചു അല്പജ്ഞ നായ ഒരുവൻ ആ ഭാഷയെ അപേക്ഷിച്ചു ലഘുവായ തമിഴിൽ രചിച്ച ത് എത്രത്തോളം അവിവേകമാണെന്നു ജനങ്ങൾ എന്നെ പുച്ഛിക്കയും അപവാദമേല്പിക്കയും ചെയ്വാൻ തക്കവണ്ണം ഈ തമിഴ്ഗ്രന്ഥം നിർമ്മി പ്പാൻ കാരണമെന്തെന്നുള്ളതു പറയാം. ഈ കഥയെ നേരായി കേട്ടറി ഞ്ഞ പരമാത്മജ്ഞാനം സിദ്ധിച്ച വാത്മീകി തുടങ്ങിയ മുനിവര്യന്മാർ അരുളിച്ചെയ്ത ദിവ്യങ്ങളായ സംസ്കൃതകാവ്യങ്ങളുടെ മാഹാത്മ്യത്തെ മററ ള്ളവക്കറിവിപ്പാൻ മാത്രമാകുന്നു.

7\. തേവപാടെയിനിക്കതൈശെയ്തവർ
മൂവരാണവർ തമ്മുളമുന്തിയ
നാവിണാരുരൈയിൻപടി നാൻറമിഴ്
പ്പാവിണാലിതുണത്തിയ പണ്പരോ.

പ:—തേവപാടൈയിൻ=ദേവഭാഷയിൽ, ഇക്കതൈ ശെയ്തവർ= ഇക്കഥയെ ചെയ്ത(കാവ്യമായി നിൎമ്മിച്ച)വരായ, മൂവർ ആണവർ ഉള്ളും= (വാൽമീകി, വസിഷ്ഠൻ, ബോധായനൻ ഈ) മൂന്നുപേരിലും, മുന്തിയ നാവിനാർ=മികച്ച വാഗ്വൈഭവമുള്ളവൻെറ (വാൽമീകിയുടെ), ഉരൈയിൻ പടി=വാക്കിന്നനുസരിച്ച (വാൽമീകിരാമായണത്തെ അടിസ്ഥാനപ്പെടുത്തി), നാൻ=ഞാൻ, തമിഴ് പാവിനാല്=തമിഴ് പദ്യങ്ങളാൽ, ഇതു=ഈ കാവ്യം, ഉണത്തിയപൺപു=രചിച്ചതാകുന്നു, തം=ശാരിയെ, അരോ= അശൈ. ഈ പദങ്ങൾക്കിവിടെ അൎത്ഥമില്ല.

ഭാ:—ഈ കഥയെ സംസ്കൃതകാവ്യങ്ങളാക്കിയ മൂന്നു മുനീന്ദ്രന്മാരിൽ വെച്ചു വാഗ്വൈഭവമേറുന്ന വാൽമീകിമുനിയുടെ കൃതിക്കനുസരിച്ചു ഞാൻ ഇതിനെ തമിഴിൽ കവനം ചെയ്തതാകുന്നു.

വി:—"മൂവരാണവർ തമ്മുളം മുന്തിയ നാവിനാൾ ഉരൈയിൻപടി' എന്നും പാഠം. മൂന്നുപേരുടെ മതവുമറിഞ്ഞ സരസ്വതീ ദേവിയുടെ വാക്കിനാൽ എന്നൎത്ഥം. "മുണ്ണിയ നാവിനാൻ ഉരൈയിൻപടി" എന്നു പാഠം കല്പിച്ചാൽ കവികളിൽ മുമ്പനായ വാൽമീകിമുനി പറഞ്ഞവണ്ണം എന്നും അൎത്ഥകല്പനം ചെയ്യാം. ൭.

8\. തുറൈയടുത്ത വിരുത്തത്തൊകൈക്കവി
ക്കുറൈയടുത്ത ശെവികളുക്കോതില്യാഴ്
നറൈയടുത്തവശ്ശുണകൻമാച്ചെവി
പറൈയടുത്തതുപോലുമെൻ പാവരോ.

പ:—തുറൈയടുത്ത=പല സന്ദൎഭങ്ങളോടുകൂടിയ, വിരുത്തത്തൊകൈക്കവികൾ=വൃത്തസംഖ്യയോടുകൂടിയ കവനങ്ങൾക്ക്, ഉരൈ പടുത്ത=ഇരുപ്പിടങ്ങളായ, ശെവികളുകൾ=(അറിവുടയവരുടെ)ചെവികൾക്ക്, എൻപാ ഓതിൽ=എൻെറ തമിഴ് വിരുത്തങ്ങൾ പാടിക്കേട്ടാൽ, യാഴ്നറൈയടുത്ത=(ശ്രുതിമധുരമായ) വീണാനിനാദമാകുന്ന മധുവിനെ പാനം ചെയ്ത, നല് അശ്ശുണകൻ മാ ശെവി=കൌതുകമുള്ള കേകയപ്പക്ഷിയുടെ ചെവികളിൽ, പറൈയടുത്തതുപോലും=(കഠോരമായ) പെരുമ്പറവാദ്യധ്വനികൾ തുല്യമായിരിക്കും.

ഭാ:—പല വിഷയങ്ങളും പ്രതിപാദിക്കപ്പെട്ടിട്ടുള്ളവയും മഹാകവികളാൽ രചിക്കപ്പെട്ടിട്ടുള്ളവയുമായ അനേകം വിരുത്തങ്ങൾ (ശ്ലോകങ്ങൾ) കേട്ടു രസിച്ചിട്ടുള്ള വിദ്വാന്മാരുടെ കണ്ണുങ്ങൾക്ക് എന്റെ വിരുത്തങ്ങൾ കേട്ടാൽ കണ്ണമധുരമായ വീണാഗാനം കേട്ടാനന്ദിക്കുന്ന കേകയപ്പക്ഷിക്കു ഭേരീനിനാദംപോലെ അസഹ്യമായ്ത്തീരുകയെ ഉള്ളൂ

വി:—അത്തുണം ഒരു പക്ഷിയാണെന്നിരിക്കിലും നിപുണന്മാരായ സംഗീതരസികന്മാർ കേട്ടാനന്ദിക്കുന്ന വീണാരവം കേട്ടാനന്ദിക്കുക പതിവാണ്. വ്യ.

9. മുത്തമിഴ്ത്തുറൈയിൻ മുറൈപോകിയ
ഉത്തമക്കവികട്ക്കൊൻറുണത്തുവേൻ
പിത്തർ ശൊണ്ണവും പേതൈയർ ശൊണ്ണവും
പത്തർ ശൊണ്ണവും പണ്ണപ്പെറപവോ.

പ:—മുത്തമിഴ്ത്തുറൈയില്=മുത്തമിഴ്കളിലും, മുറൈപോകിയ=മുറക്കു പാണ്ഡിത്യം സിദ്ധിച്ചവരായ, ഉത്തമക്കവികട്ക്കു=ഉത്തമന്മാരായ വിദ്വാന്മാരോട്, ഒൻറു ഉണത്തുവേൻ=ഒന്നു പറഞ്ഞുകൊള്ളുന്നു. (അതെന്തെന്നാൽ) പിത്തർ ശൊണ്ണവും=ചിത്തഭ്രമക്കാർ പറയുന്നതും, പേതൈയർ ശൊണ്ണവും=അറിവില്ലാത്തവർ പറയുന്നതും, പത്തർ ശൊണ്ണവും=ഭക്തന്മാർ പറയുന്നതും, പണ്ണപ്പെറപവോ=(സാധുതാസാധുതാവിചാരണയിന്മേൽ) ഗണിക്കത്തക്കതാണോ? അല്ല.

ഭാ:—മുറപ്രകാരം ഗുരുകുലവാസംചെയ്തു മുത്തമിഴിലും പ്രവീണന്മാരായ വിദ്വന്മണികളോടെനിക്കൊന്നു പറവാനുള്ളതെന്തെന്നാൽ—ഭ്രാന്തന്മാരോ, അജ്ഞന്മാരോ, ഭക്തജനങ്ങളോ പറയുന്നതിനെ ഗണ്യമാക്കി ഒരു ഗുണദോഷനിരൂപണം ചെയ്യുകയെന്നുള്ളതു യുക്തമല്ലെല്ലോ. എന്നു പറഞ്ഞു ഗ്രന്ഥകാരൻ തന്റെ നിർമ്മാണകൌശലത്തെ ലഘൂകരിച്ച് വിനയത്തെ പ്രകാശിപ്പിക്കുന്നു.

വി:—ചിത്തഭ്രമക്കാർ മനസ്സിന്നു വെളിവില്ലാത്തവരാകയാലും അറിവില്ലാത്തവർ വിവേകശൂന്യന്മാരാകയാലും, ഭക്തന്മാർ പരാധീനന്മാരാകയാലും അവരുടെ വാക്കിൽ കുററം കല്പിക്കുന്നതു മണൽചോററിൽ കല്ലു തിരയുംപോലെയാകയാൽ ഈ മൂവ്വരുടേയും നില കൈക്കൊണ്ടിരിക്കുന്ന തന്റെ കവനത്തിൽ ഗുണദോഷവിചിന്തനം ചെയ്യുകയെന്നുള്ളതും പണ്ഡിതവര്യന്മാൎക്കുചിതകൃത്യമല്ലെന്നു കവിയുടെ മതം. മുത്തമിഴ്=മൂന്നു

തമിഴ്. ൧. ഇയററമിഴ്=സാഹിത്യം. ൨. ഇശൈത്തമിഴ്=സംഗീതം. ൩. നാടകത്തമിഴ്=രൂപകം. തമിഴ്ഭാഷയിലുള്ള ഈ മൂന്നിനുംകൂടി 'മുത്തമിഴ്'' എന്നു സംജ്ഞ നൽകിയിരിക്കുന്നു. ൻ.

10. അറൈയുമാടരങ്കും മടപ്പിള്ളൈകൾ
തറൈയിർ കീറിടിററച്ചരുങ്കാവ്വരോ
ഇറൈയുഞാനമിലാതവൻപുൻകവി
മുറൈയിനൂലുണർന്താരു മുനിവരോ.

പ:—മടപ്പിള്ളൈകൾ=അറിവില്ലാത്ത ബാലന്മാർ, തറൈയില്=നിലത്തിൽ, അറൈയും=അറകളും, ആടരങ്കം=നാടകശാലയും, കീറിടിൻ=(കളിക്കായി) വരച്ചുവെങ്കിൽ, (അതിനെകണ്ടു) തച്ചരും=(ശില്പശാസ്ത്രജ്ഞന്മാരായ) തച്ചന്മാരും, കാവ്വരോ=(അവ ശാസ്ത്രവിഹിതമല്ലെന്നുകണ്ടു) കോപിക്കുമോ. (ഇല്ല. അതുപോലെ) ഇറൈയും=അല്പവും, ഞാനം ഇലാത=ജ്ഞാനമില്ലാത്ത, എൻ പുൻകവി=എന്റെ അല്പീയസ്സായ കവനത്തെ, മുറൈയില്നൂല് ഉണർന്താരും=മുറക്കു ശാസ്ത്രങ്ങളെ ഉണർന്നവരും, മുനിവരോ=(കാവ്യലക്ഷണവിഹീനമെന്നുകണ്ടു) വെറുക്കുമോ? (ഇല്ല)

ഭാ:—കാര്യാകാര്യവിവേചനശക്തിയില്ലാത്ത ബാലന്മാർ തങ്ങടെ വിനോദത്തിന്നായി ഗൃഹങ്ങളുടേയോ നാടകശാലകളുടേയോ ആകൃതികൾ നിലത്തു വരച്ചിരിക്കുന്നതായി കണ്ടാൽ ഇവയുടെ ആകൃതിയും ദീർഘവിസ്തീർണ്ണവും ശാസ്ത്രോക്തമായ കൈകണക്കിന്നിണങ്ങിയതല്ലെന്നറിഞ്ഞു ശില്പികൾ കോപിക്കമാറില്ലാത്തതുപോലെ മുറപ്രകാരം ശാസ്ത്രങ്ങൾ പഠിച്ചറിവു സമ്പാദിച്ചിട്ടില്ലാത്ത എന്റെ ലഘുവായ ഈ കാവ്യത്തെ കാണുന്നതായാൽ യഥാവിധി ശാസ്ത്രാഭ്യാസം ചെയ്ത് നൈപുണ്യം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാർ ഇതിൽ കാവ്യലക്ഷണങ്ങളും മററും ശരിയാംവണ്ണം കാണുന്നില്ലെന്നുവെച്ച് ഇതിനെ അനാദരിക്കയില്ലല്ലൊ. ൧൦.

അ:—ഗ്രന്ഥനിർമ്മാണസ്ഥാനത്തെ പറയുന്നു.

11. നടൈയിനിൻറുയർ നായകൻ തോററത്തിൻ
ഇടൈ നികഴ്ന്തവിരാമാവതാരപ്പേർ
ത്തൊടൈ നിരമ്പിയതോ മറുമാക്കതൈ
ശടൈയൻ വെണ്ണെനല്ലൂർ വയിററന്തതേ.

പ:—നടൈയിൻ നിൻറു=സൽകൃത്യങ്ങളിൽനിന്ന്, ഉയർ=ഉന്നതിയെ പ്രാപിച്ച, നായകൻ=ദേവന്റെ, തോററത്തിൻ ഇടൈ=അവതാ

രങ്ങാംക്കിടയിൽ, (ഒന്നായി) നികഴ്ന്ത=നടന്ന, ഇരാമാവതാരം=രാമാവതാരത്തെ സംബന്ധിച്ചുള്ള, പേർ=പ്രസിദ്ധിയുള്ളതും, തൊടൈനിരമ്പിയ=കവനപംക്തികളാൽ പരിപൂർണ്ണവും, തോം അറ=ദോഷങ്ങാം നീങ്ങിയതുമായ, മാ കതൈ=മഹിമയുള്ള ചരിത്രം, ശടയൻ=ശടൈയപ്പ മുതലിയാരുടെ, വെണ്ണൈ നല്ലൂർ വയിൻ="തിരുവെണ്ണെ" എന്ന ഗ്രാമത്തിൽവെച്ചു, തന്തതു=രചിക്കപ്പെട്ടു.

ഭാ:—രാജസതാമസ ഗുണവൃത്തികളായ സൃഷ്ടി, സംഹാരം എന്ന കൃത്യങ്ങളേക്കാരം ശ്രേഷ്ഠതമുള്ള സാത്വികഗുണവൃത്തിയായ സ്ഥിതികത്വം കൈക്കൊണ്ട ശ്രീമന്നാരായണമൂർത്തിയുടെ ദശാവതാരങ്ങളിലൊന്നായ ശ്രീരാമാവതാരത്തെ പ്രതിപാദിക്കുന്നതും പ്രസിദ്ധിയുള്ളതും ഗ്രന്ഥസംഖ്യ അധികമുള്ളതും ദോഷാംശങ്ങളകന്നതുമായ ഈ ദിവ്യചരിത്രം ശടയപ്പമുതലിയാരുടെ ആധിപത്യത്തിലിരിക്കുന്ന വെണ്ണനല്ലൂർ ദേശത്തിൽ വെച്ചു നിർമ്മിച്ചതാണ്.

വി:—ശ്രീരാമാവതാരം പരശുരാമബലരാമാവതാരങ്ങാംക്കു മദ്ധ്യത്തിലാകയാലും ദശാവതാരങ്ങളിൽ ആദ്യത്തേതുമവസാനത്തേതുമല്ലാതെ മദ്ധ്യത്തിലുള്ളൊന്നാകയാലും "ഇടൈ നികഴ്ന്ത വിരാമാവതാരം" എന്നും ഈ ഗ്രന്ഥത്തിലാദ്യന്തം രാമനാമം നിറഞ്ഞിരിക്കുന്നതിനാൽ "ഇരാമാവതാരപ്പേർത്തൊടൈ നിരമ്പിയ" എന്നും പ്രയോഗിച്ചിരിക്കയാണെന്നും അർത്ഥം കല്പിക്കാം. വെണ്ണനല്ലൂരിലെ പ്രഭുവായ ശടയപ്പൻ കമ്പനെ ബാല്യം മുതൽ പ്രീതിപൂർവ്വം ആദരിച്ചു പരിപാലിച്ചുവരികയാൽ അദ്ദേഹത്തിൽ തനിക്കുള്ള കൃതജ്ഞത കാണിപ്പാനായി കവി തൻെറ കാവ്യത്തിൽ അവിടവിടെ സന്ദർഭോചിതമായി അദ്ദേഹത്തിൻെറ പേരിനെ എടുത്തു പറഞ്ഞിട്ടുണ്ട്. ഇതിനാൽ തൻെറ കൃതിക്കുണ്ടാകാവുന്ന വിഖ്യാതി അദ്ദേഹത്തിന്നും സിദ്ധിക്കേണമെന്നുള്ളതാണ കാവ്യകാരൻെറ മനോഗതമെന്നു "ശടൈയൻ വെണ്ണെനല്ലൂർ" എന്നു പ്രയോഗിച്ചുകാണുന്നതിൽനിന്നു വെളിപ്പെടുന്നു.

ഥ-ാമതായ ശിറപ്പുപ്പായിരം കഴിഞ്ഞു.

# ആററുപ്പടലം.

12\. ആശലം പുരിയൈം പൊറിവാളിയും
കാശലമ്പുമുലൈയവർ കണ്ണെണ്ണും
പൂശലമ്പുനെറിയിൻ പുറഞ്ചെലാ
ക്കോശലം പുണൈയാററണികൂറുവാം.

പ:—ആശു അലംപുരി=കുററമധികം ചെയ്യുന്ന, ഐം പൊറിവാളിയും=(പുരുഷന്മാരുടെ) പഞ്ചേന്ദ്രിയങ്ങളാകുന്ന ബാണങ്ങളും, കാശു അലമ്പും=രത്നഹാരങ്ങൾ (അന്യോന്യസംഘൎഷണത്താൽ) ധ്വനിച്ചുകൊണ്ടിരിക്കുന്ന, മുലൈയവർ=മുലകളോടുകൂടിയവരുടെ (കാമിനികളുടെ), കൺ എണ്ണും=കണ്ണാകുന്ന, പൂശല് അമ്പും=പോരിലേപ്പെട്ടിരിക്കുന്ന അമ്പുകളും, നെറിയിൻപുറം=സന്മാൎഗ്ഗംവിട്ടു പുറത്തു (ദുൎമ്മാൎഗ്ഗത്തിൽ) ശെലാ=ചെല്ലാത്തതായ, കോശലം=കോസലദേശത്തെ, പുനൈ=അലങ്കരിച്ചുകൊണ്ടിരിക്കുന്ന, ആറുഅണി=ആററിൻെറ അഴകിനെ, കൂറുവാം=പറഞ്ഞുകൊള്ളാം.

ഭാ:—ഗൌരവമേറിയ അപരാധങ്ങളുണ്ടായിത്തീരത്തക്കവണ്ണം ഓരോ ചേഷ്ടകൾ ചെയ്യുന്ന പുരുഷന്മാരുടെ പഞ്ചേന്ദ്രിയങ്ങളാകുന്ന ശരങ്ങളും മണിമാലകളണിഞ്ഞു വിലസും മുലയിണയിണങ്ങുന്ന മാനിനികളുടെ നയനങ്ങളാകുന്ന കൂരമ്പുകളും ധൎമ്മമാൎഗ്ഗം വിട്ടു ദുൎമ്മാൎഗ്ഗത്തിലേക്കു കടക്കാതെ വാണുകൊള്ളുന്ന കോസലദേശത്തിന്നലങ്കാരഭൂതമായ സരയൂനദിയുടെ മഹിമയെ പറഞ്ഞുകൊള്ളാം.

വി:—'ആശലംപുരി'യെന്നത് —തങ്ങൾക്കു തോന്നിയവണ്ണം വിഷയങ്ങളിൽ പ്രവേശിച്ച് അതിനാലുണ്ടാകുന്ന പാപംമൂലം ഐഹികപാരത്രികസുഖങ്ങൾക്കൎഹന്മാരല്ലാതെ ഭവിക്കുന്നുവെന്നുള്ളതാണ്. "ഐം പൊറിവാളി, കണ്ണെണ്ണം പൂശലമ്പ് ഇവ രണ്ടിന്നും ഈ ദോഷം പററുന്നതാണ്. ഇവക്കിതു സഹജമെന്നിരിക്കിലും ധൎമ്മമാൎഗ്ഗത്തെ അതിലംഘിക്കാതിരിക്കുന്നതു കോസലദേശത്തിൻെറ പുണ്യപ്രഭാവത്താലാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അതായത്—ഈ കോസലദേശം പുണ്യപുരുഷനായ ശ്രീരാമഭദ്രൻെറ അവതാരഭൂമിയാണെന്നുള്ളതുതന്നെ. 'നെറിയിൻ പുറം ശെലാ എന്നതുകൊണ്ടു സ്ത്രീകൾ തങ്ങടെ ഭൎത്താക്കന്മാരോടും പുരുഷന്മാർ തങ്ങടെ ധൎമ്മപത്നികളോടും ചേൎന്നു രമിക്കയെന്നല്ലാതെ

പരപുരുഷന്മാരിലും പരസ്ത്രീകളിലും പ്രേമമാന്നു രമിക്കയില്ലെന്നു കാണിക്കുന്നു. മ.

അ:—മേഘങ്ങൾ ശിവനെപ്പോലെ പോവുകയും വിഷ്ണുവിനെപ്പോലെ വരികയും ചെയ്തു.

13\. നീറണിന്ത കടവുണിറത്തവാൻ
ആറണിന്തുശെൻറാർകലിമേയ്ന്തകിർ
ചേറണിന്തമുലൈത്തിരുമങ്ങ്കൈതൻ
വീറണിന്തവൻ മേനിയിൻമീണ്ടവേ.

പ:—നീറഅണിന്ത=(സവ്വാംഗം) ഭസ്മം പൂശിയ, കടവുൾ=ദേവൻെറ (രുദ്രൻെറ), നിറത്ത=നിറത്തെപൂണ്ട, വാൻ=മേഘങ്ങൾ, ആറ=(തങ്ങൾ) പോകുന്ന വഴിയെ, അണിന്തുശെൻറ=അലങ്കരിച്ചുകൊണ്ടുപോയ്, ആർകലി=സമുദ്രത്തെ (സമുദ്രജലത്തെ), മേയ്ന്തു=കുടിച്ച്, അകിർചേറ=അകിൽചാറിനെ, അണിന്തു=അണിഞ്ഞ, മുലൈ=മുലകളോടുകൂടിയ, തിരുമങ്ങ്കൈ=ലക്ഷ്മീദേവിയാകുന്ന കാമിനിയെ, തൻവീറ=തൻെറ അടയാളമായി, അണിന്തവൻ=അണിഞ്ഞവൻെറ (വിഷ്ണുവിൻെറ), മേനിയിൻ=തിരുമേനിപോലെ, മീണ്ട=മടങ്ങിവന്നു.

ഭാ:—സർവ്വാംഗം ഭസ്മം ധരിച്ച രുദ്രമൂത്തിയെപോലെ വെളുത്ത നിറം പൂണ്ട മേഘങ്ങൾ തങ്ങടെ മാൎഗ്ഗത്തെ സ്വപ്രഭയാൽ പ്രകാശിപ്പിച്ചുകൊണ്ടു കടലിലേക്ക ചെന്നു ജലപാനം ചെയ്കയും അതിന്നുശേഷം മുലകളിൽ അകിൽക്കൂട്ടണിഞ്ഞു വിലസുന്ന മഹാലക്ഷ്മിയെ തനിക്കൊരടയാളമായി വക്ഷഃസ്ഥലത്തിൽ വലതുഭാഗത്തു വഹിച്ചുകൊള്ളുന്ന (ശ്രീവത്സാങ്കിതവക്ഷസ്സായ) വനായ ശ്രീവൈകുണ്ഠമൂത്തിയെപ്പോലെ നീലാംബുജനിഭമായ നിറത്തോടെ മടങ്ങുകയും ചെയ്തു.

വി: –"എരിപൊൻമേനിപ്പിരാൻ, പവളത്തടങ്കുൻറ, മുക്കൺ പവളമലൈ" എന്നിത്യാദി പ്രയോഗങ്ങളുള്ളതിനാൽ പരമശിവൻെറ അംഗത്തിന്നു ധാവള്യം കല്പിപ്പാൻ "നീറണിന്ത" എന്നു കവി പ്രയോഗിച്ചതാണ്. ആർകലി=ആരകാൾ വന്നു കലരുന്നത്. മങ്ങൈ്ക=പതിനൊന്നു വയസ്സും പത്തു മാസവും പ്രായം ചെന്നവൾ. വ.

അ:—പർവ്വതരാജന്നഭിഷേകം നടത്തുവാനായി പയോരാശി മുതിന്നിരിക്കയാണെന്നു.

14. പംപിമേകം പരന്തതുപാനുവാല്
നംപൻമാതുലൻ വെമ്മെയെനണ്ണിനാൻ
അംപിനാട്ടതുമെൻറകൻകുൻറിൻമേൽ
ഇംപർവാരിയെഴുന്തതു പോൻറതേ.

പ:—മേകം=മേഘങ്ങൾ, പംപിപ്പരന്തതു=തിങ്ങിപ്പരന്നതു, നം=നമ്മുടെ, പൻ=പൂജ്യനായ, മാതുലൻ=അമ്മാമൻ, പാനുവാല്=ഭാനുവിനാൽ (സൂര്യനാൽ); വെമ്മെയെ നണ്ണിനാൻ=ഊഷ്മാവിനെ പ്രാപിച്ചിരിക്കുന്നു; (അതിനാൽ,) അംപിൻ ആട്ടതും എൻറ=അംഭസ്സുകൊണ്ട് അഭിഷേകം ചെയ്യണം എന്നു (കരുതി) അകൻ കുൻറിന്മേൽ=അകന്ന (വിശാലമായ) കുന്നിന്മേൽ (ഹിമാദ്രിയിൽ), ഇമ്പർവാരി=ഈ ഭൂമിയിലുള്ള ജലരാശി, എഴുന്തതു പോൻറതു=ഉയൎന്നുചെന്നതുപോലെ ശോഭിച്ചു.

ഭാ:—"പൂജ്യനായ നമ്മുടെ ശ്വശുരൻ ഹിമവാൻ സൂൎയ്യോഷ്ണത്താൽ സംതപ്തനായിരിക്കുന്നു. അദ്ദേഹത്തിന്നു നേരിട്ടിട്ടുള്ള സന്താപം നീക്കി സുഖം നൽകുന്നതിലേക്കായി നീരാടിക്കേണം" എന്നു കരുതി വാരാന്നിധി മേല്പോട്ടുയൎന്നതുപോലെ മേഘങ്ങൾ ആകാശത്തിൽ തിങ്ങിപരന്നു.

വി:—ഗംഗാദേവി പർവ്വതരാജാവായ ഹിമവാൻെറ മൂത്ത പുത്രിയും സമുദ്രരാജൻെറ പത്നിയുമായതിനാലാണ് ഹിമവല്പർവ്വതം ജലനിധിക്കു ശ്വശുരനായത്. പാർവ്വതീപതിയായ പരമേശ്വരന്നും ഹിമവാൻ ശ്വശുരനായതുകൊണ്ട്, "നംപൻ മാതുലൻ" എന്നു പ്രയോഗിച്ചിരിക്കുന്നു. ന.

അ:—മേഘങ്ങൾ ഉദാരശീലന്മാരെപോലെ വൎഷിച്ചു.

15. പുള്ളിമാൽവരൈ പൊന്നെനനോക്കിവാൻ
വെള്ളി വീഴിടൈ വീഴ്ത്തെനത്താരൈകൾ
ഉള്ളിയുള്ളവെല്ലാമുവന്തീയുമ-
വ്വള്ളിയോരിൻ വഴക്കിണമേകമേ.

പ:—പുള്ളി=പുകഴേറിയ, മാൽവരൈ=വലിയ മല (ഹിമവാൻ) പൊൻ എനല്നോക്കി=പൊന്നാണെന്നുകണ്ട്, വാൻ=വാനിലുള്ളോർ (ദേവന്മാർ), വെള്ളിവീഴ്=വെള്ളിക്കമ്പികളെ, ഇടൈ=ആ പൊന്മലയിന്മേൽ, വീഴ്ത്തെണ=(കൌതുകമായി) വീഴ്ത്തിയതാണോവെന്നു തോന്നത്തക്കവണ്ണം, ഉള്ളി (ധനം ശാശ്വതമല്ലെന്നും ദാനത്താൽ പാരത്രികസുഖം സിദ്ധിക്കുമെന്നും മററും) ഉള്ളത്തിൽ കരുതി, ഉള്ളവെല്ലാം=(തങ്ങളുടെ അധീനത്തിൽ) ഉള്ള ധനമെല്ലാം, ഉവന്തു ഈയും=(കയ്യും കണക്കും

കരുതലുമില്ലാതെ) എടുത്തുകൊടുക്കുന്ന, അവ്വള്ളിയോരിൻ=ആ ദാനശീല ന്മാരെപോലെ, താരൈകൾ=ജലധാരകളെ, മേകം വഴങ്ങ്കിന=മേഘങ്ങൾ വർഷിച്ചു.

ഭാ:—വിഖ്യാതവും മഹത്തരവുമായ ഹിമവല്പർവ്വതം പൊന്മയമാണെന്നു കണ്ടു ദേവന്മാർ അതിന്മേൽ കൌതുകത്തിന്നായി വെള്ളിക്കമ്പികളെ വിതറുകയാണെന്നു കാണികൾക്കു തോന്നത്തക്കവണ്ണം "അനിത്യമായ ധനം സൂക്ഷിച്ചുവെച്ചതുകൊണ്ടു ഫലമില്ലെന്നും അതിനെ വിധിപോലെ ദാനം ചെയ്യുന്നതായാൽ അതിൻെറ ഫലം പരലോകത്തിൽ അനുഭവിക്കാമെന്നും ഗ്രഹിച്ചിട്ടുള്ള ദാതാക്കന്മാർ തങ്ങടെ സകല സ്വത്തും കൈകണക്കില്ലാതെ ദാനം ചെയ്യുന്നവിധം ഹിമാദ്രിയിൽ മേഘങ്ങൾ മഴ പൊഴിച്ചു.

വി:—പൊന്മലയായ മഹാമേരുവിനോടൊത്തിരിക്കയാൽ ഹിമഗിരിക്കും പൊൻനിറമുണ്ടെന്നുള്ളതിന്നു പ്രമാണങ്ങളുള്ളതിനാൽ "പൊണ്ണെന നോക്കി" എന്നു പ്രയോഗിച്ചിരിക്കുന്നു. ൪.

അ:—മഴവെള്ളം ദശരഥൻെറ കീർത്തിപോലെയും അന്തണർക്കു കൊടുക്കുന്ന ദാനം പോലെയും പെരുകിവന്നു.

16. മാണനേർന്തറനോക്കി മണുനെറി
പോണതൺ കുടൈവേന്തൻപുകഴെണ
ഞാണമുണ്ണിയ നാൻ മറൈയാളർകൈ
ത്താണമെണ്ണത്തഴൈത്തതു നീത്തമേ.

പ:—മാനം നേർന്തു=മാനത്തെ അവലംബിച്ച്, അറം നോക്കി=ധർമ്മത്തെക്കരുതി, മണുനെറിപോണ=മാനവധർമ്മശാസ്ത്രത്തെ അനുഗമിച്ച്, തൺകുടൈ വേന്തൻ=തണുപ്പിനെ നൽകുന്ന മുത്തുക്കുടപൂണ്ട(ദശരഥ)രാജാവിൻെറ, പുകഴ് എണ=കീർത്തി എന്നപോലെയും, ഞാനം ഉണ്ണിയ=ജ്ഞാനത്തെ ആശിച്ചവരായ, നാന്മറൈയാളർ=നാലുവേദങ്ങളും ആരാഞ്ഞറിഞ്ഞവരുടെ, കൈ=കയ്യിൽകൊടുത്ത, താണം എണ്ണ=ദാനം (ദാനഫലത്തിൻെറ പെരുപ്പം) പോലെയും, നീത്തം=(ആ വർഷധാരകളാലുണ്ടായ) ജലം, തഴൈത്തതു=പെരുകിവന്നു.

ഭാ:—തൻെറ ബഹുമാനത്തേയും ധർമ്മത്തേയും കരുതി മനുവിനാൽ നിർമ്മിക്കപ്പെട്ട നീതിശാസ്ത്രത്തെ അനുസരിച്ചു നടന്നും, പ്രജകൾക്കു സന്താപം നേരിടാതെ പരിപാലിച്ചും പോരുന്ന ദശരഥമഹാരാജാവിൻെറ കീർത്തിപോലെയും, ജ്ഞാനസമ്പാദനത്തെ ഉദ്ദേശിച്ചു വേദവേദാംഗാദി

കളെ ആരാഞ്ഞറിഞ്ഞ ബ്രാഹ്മണൎക്കു നൽകിയ ദാനത്തിൻെറ ഫലം പോലെയും വൃഷ്ടിപാതത്താലുണ്ടായ ജലം ഏററവും വൎദ്ധിച്ചു.

വി:—പൊൻകുട, മണിക്കുട, മുത്തുക്കുട എന്ന മൂന്നു പ്രകാരമുള്ള (രാജചിഹ്നമായ) കുടകളിൽ മുത്തുക്കുട ശീതളമായ നിഴൽ നൽകുന്നതാകയാൽ "തൺകുടൈ" മുത്തുക്കുടയെന്നു അൎത്ഥം കൊടുത്തിരിക്കുന്നു. മാനിയും ധൎമ്മിഷ്ഠനും, മാനവധൎമ്മശാസ്ത്രാനുസാരിയുമായ നൃപൻെറ ശാസനയിൻ കീഴിലേ ജീവികൾക്കു സുഖസന്തോഷപൂൎണ്ണമായി വൎത്തിപ്പാൻ വഴിയുള്ളുവെന്നു കണ്ടു മാനാദികളെ മുമ്പിലും 'തൺകുടൈവേന്തൻ' എന്ന പദത്തെ പിമ്പിലും പ്രയോഗിച്ചതാണ്. ഏതാദൃശനായ മന്നവൻെറ കീൎത്തി അനശ്വരമായിരിക്കുമെന്നഭിപ്രായം. വേദശാസ്ത്രാദികളുടെ കേവലമായ അദ്ധ്യയനം ജ്ഞാനപ്രദായകമാകയില്ല; അവയിൽനിന്നു വിജ്ഞേയങ്ങളായ തത്വങ്ങളെ ആരാഞ്ഞറിയുന്നതേ ജ്ഞാനമാകയുള്ളു. ൧.

അ:—വേശ്യക്കും വെള്ളത്തിന്നും ശ്ലേഷം.

17. തലൈയുമാകമുന്താളുന്തഴീ ഇയതൻ
നിലൈനിലാതിറൈ നിൻറതുപോലവെ
മലൈയിലുള്ളവെലാം കൊണ്ടു മണ്ടലാല്
വിലൈയിൻമാതരൈയൊത്തതവ്വെള്ളമേ.

പ:—അവ്വെള്ളം=ആ വെള്ളം, വിലൈയിൻ മാതരൈഒത്തതു=വേശ്യാസ്ത്രീകൾക്കൊത്തതായിരുന്നു. (എങ്ങിനെയെന്നാൽ വേശ്യകൾ തങ്ങളെ അണയുന്ന കാമുകന്മാരുടെ), തലൈയും=തലയേയും, ആകമും=മാറിടത്തേയും, താളും=പാദത്തേയും, തഴീഇയ=തഴുകിയ, തൻനിലൈ നിലാതു=തൻെറ നിലക്കു തക്കവണ്ണം (ബാഹ്യത്തിൽ നടിച്ച പ്രീതിക്കനുരൂപമായസമയത്തോളമെങ്കിലും) നിലനില്ക്കാതെ, ഇറൈനിൻറതുപോലവേ=അല്പനേരം നിന്നതുപോലെ (കാണപ്പെട്ട്), ഉള്ളഎല്ലാം=(ആ കാമുകന്മാരുടെ കയ്യിൽ പൊൻ, മണി മുതലായി) ഉള്ളതെല്ലാം, കൊണ്ടു=കൈവശപ്പെടുത്തി, മണ്ടലാല്=ശീഘ്രം ഗമിക്കുന്നതിനാലും, (ആ വെള്ളം) തലൈയും=പർവ്വതാഗ്രത്തേയും, ആകമും=കടകത്തേയും (മദ്ധ്യപ്രദേശത്തേയും) താളും=താഴ്വരയേയും, തഴീഇയ=തഴുവിയ,(അവലംബിച്ച) തൻ നിലൈനിലാതു=തൻെറ നിലയിൽ നില്ക്കാതെ, (തനിക്കവലംബമായതിനെ ഗണിക്കാതെ) ഇറൈനിൻറതുപോലവേ=ഏതാണ്ടു സമയം തങ്ങിനിന്നതുപോലെ കാണപ്പെട്ട്, മലൈയിൽ ഉള്ള എല്ലാം=മലയിലുള്ളതെല്ലാം, കൊണ്ടു=വാരിയെടുത്തു, മണ്ടലാല്=ഓടുന്നതിനാലുമെന്നറിക.

ഭാ:—വേശ്യകൾ തങ്ങളെ കാമിച്ചുവരുന്ന പുരുഷന്മാരുടെ ശിരോ ഹൃദയപാദങ്ങളെ തഴുകി അവരോടു തങ്ങൾ നടിക്കുന്ന പ്രേമത്തിന്റെ നിലക്കൊക്കുന്നവിധത്തിൽപോലും കാലവിളംബം സഹിക്കാതെ അല്പ കാലം ചേൎന്നിരുന്ന് അവൎക്കുള്ള സമ്പത്തെല്ലാം സ്വായത്തമാക്കി ത്വരി തം അവരെ വിട്ടകന്നു പോകുംപോലെ, മഴവെള്ളം ഹിമവാന്റെ മൂൎദ്ധാ വിലും മദ്ധ്യദേശത്തിലും താഴ്വരയിലും ചേൎന്നൊഴുകി അല്പാല്പം തങ്ങി നില്ക്കുംപോലെ കാണിച്ചു മലയിലുള്ള മണിമുക്താദികളായ ദ്രവ്യങ്ങളെ യെല്ലാം ഹരിച്ചുകൊണ്ടു ത്വരിതഗതിയായിപോകുന്നു.

വി:—ഉച്ചൈസ്സായ ഗിരിവരനെ വിട്ടു നീചൈസ്സായ ജലനിധി യെ പ്രാപിക്കുന്ന മഴവെള്ളത്തെ വേശ്യകളോടുപമിച്ചതിൽനിന്ന് ഏ തൊരു മഹാപുരുഷനിൽനിന്നും ആവോളം ദ്രവ്യം കൈക്കലാക്കി അവ നെ നിഷ്പീഡിതാലക്തകംപോലെ തൽക്ഷണം കൈവെടിയുന്നതും ധന വാനെന്നിരിക്കിൽ ഏതൊരു നീചനേയും ചെന്നുചേരുന്നതും അവരുടെ കുലധൎമ്മമാണെന്നു തെളിയിക്കുന്നു. ന്യ.

അ:—വണിക്കുകൾക്കും വെള്ളത്തിന്നും ഉപമ.

18. മണിയും പൊന്നും മയിററഴെപ്പീലിയും
അണിയുമാനൈവെൺകോട്ടുമകിലുന്തൻ
ഇണൈയിലാരമുമിന്നുകൊണ്ടേകലാൻ
വണികമാക്കളൈയൊത്തതവ്വാരിയെ.

പ:—അവ്വാരി=ആ വെള്ളം, വണികമാക്കളൈ ഒത്തതു=വ്യാപാര കൾക്കൊത്തിരുന്നു, എങ്ങിനെയെന്നാൽ (വ്യാപാരികൾ) മണിയും=രത്ന ങ്ങളും, പൊന്നും=സ്വൎണ്ണവും, മയിൽ തഴൈ പീലിയും=മയിലിന്റെ നീ ണ്ട പീലിയും, അണിയും=ആഭരണങ്ങളും, ആനൈ വെൺകോട്ടും=വെ ണ്മയുള്ള ആനക്കൊമ്പും, അകിലും=അകിൽ മുട്ടിയും, തൻ ഇണൈ ഇല് ആരമും=സാമ്യമില്ലാത്ത ചന്ദനമുട്ടിയും (എന്ന) ഇന്ന=ഇപ്രകാരമുള്ളവ യെകൊണ്ടു, ഏകലാൻ=കൊണ്ടുചെല്ലുന്നതിനാൽ ഇങ്ങിനെ ഉപമിച്ച താണ്.

ഭാ:—വൎത്തകന്മാർ ഓരോ ദേശങ്ങളിൽചെന്നു അവിടങ്ങളിൽ ഉ ല്പന്നങ്ങളാകുന്ന പണ്യദ്രവ്യങ്ങളെസ്സംഭരിച്ചുകൊണ്ടുപോകുംവണ്ണം മഴവെ ള്ളം മലയുടെ നാനാഭാഗങ്ങളിൽനിന്നും അരുവികൾ വഴിയായി രത്നങ്ങ ളും കനകപ്പൊടിയും നല്ല നല്ല പീലികളും ഭൂഷണങ്ങളാക്കുവാനുള്ള പ

ലിനഖം പളുങ്കു മുതലായവയും വെണ്മയുള്ള ആനക്കൊമ്പുകളും സൌരഭ്യമേറിയ അകിലും ചന്ദനവും വഹിച്ചുകൊണ്ടൊഴുകി.

വി:—'ആരം'=മുത്ത് എന്നും അർത്ഥം കല്പിക്കാം. (ആരം=ഹാരം) "കരീന്ദ്രജീമൂതവരാഹശംഖമത്സ്യാഹിശുക്ത്യുത്ഭവ വേണുജാനി മുക്താഫലാനി പ്രഥിതാനി ലോകെ തേഷാം ഹി ശുക്ത്യുത്ഭവമേവ ഭൂരി." ഇങ്ങിനെ കരീന്ദ്രവരാഹസർപ്പവേണുക്കളിൽനിന്നുളവാകുന്ന മുത്തുകൾ പർവ്വതപ്രാന്തങ്ങളിൽ സുലഭങ്ങളായിരിപ്പാനവകാശമുണ്ട്. മററുള്ള മണികനകാദികൾ ഓരോ പർവ്വതങ്ങളുടെ അന്തർഭാഗങ്ങളിൽനിന്നും ബഹിർഭാഗങ്ങളിൽനിന്നുമായി യഥേഷ്ടം ലഭിക്കുമാറുണ്ടെന്നുള്ളത് ഇന്നും അനുഭവസിദ്ധമാണല്ലോ. ൧.

അ:—മഴവില്ലിന്നും വെള്ളത്തിന്നും ഉപമ.

19. പൂനിരൈന്തുമെൻറാതു പൊരുന്തിയും
തേൻവളാവിയുഞ്ചെം പൊൻവിരാവിയും
ആനൈമാമതവാറെറാടളാവിയും
വാനവില്ലൈ നികർത്തതു വാരിയേ.

പ:—വാരി=ആ വെള്ളം, വാനവില്ലൈനികർത്തതു=ആകാശവില്ലിന്നു തുല്യമായിരുന്നു. എങ്ങിനെയെന്നാൽ, പൂനിരൈന്തും=പൂക്കൾ നിരന്നുകൊണ്ടും, മേൽ താതു പൊരുന്തിയും=മുറ്റുക്കളായ മകരന്ദങ്ങളോടുകൂടിയും, തേൻ വളാവിയും=തേനോടു കലന്നും, ചെമ്പൊൻ വിരാവിയും=ചെമ്പൊൻ ചേർന്നും, ആനൈ=ആനകളുടെ, മതം ആറെറാടു അളാവിയും=മദജലം ചേർന്നൊഴുകിയുമിരുന്നു.

ഭാ:—ആ മഴവെള്ളം, മലയിൽ വൃക്ഷലതാദികളിൽനിന്നും കൊഴിഞ്ഞ പൂക്കളെ നിരനിരയായണിഞ്ഞും മുറ്റുക്കളായ പുഷ്പരസങ്ങളോടും പെരുന്തേനോടും കലന്നും ചെമ്പൊൻപൊടികൾ കലങ്ങിയും വന്യഗജങ്ങളുടെ മദജലത്തെ വഹിച്ചുകൊണ്ടും കാണപ്പെട്ടു.

വാൻ വില്ലാകട്ടെ സപ്തവർണ്ണപരിലസിതമാകയാൽ നാനാവർണ്ണങ്ങളായ പുഷ്പങ്ങളുടേയും സ്നിഗ്ദ്ധമസൃണങ്ങളായ മകരന്ദാദികളുടേയും മിശ്രതവർണ്ണമായ്ക്കാണപ്പെടുന്നു.

വി:—മഴവെള്ളത്തിൽ യഥേഷ്ടം കലന്നൊഴുകത്തക്കവണ്ണം പുഷ്പങ്ങളും മധുക്കളുമുള്ളതായി കാണുന്നതിനാൽ ഹിമാദ്രിയുടെ സസ്യസമൃദ്ധിയും പൊൻപൊടികളുള്ളതായി കാണുന്നതിനാൽ ലോഹസമ്പത്തിയും മ

ഉജലമുള്ളതായി കാണുന്നതിനാൽ ഗജങ്ങളുടെ സമൃദ്ധിയും കാണിക്കപ്പെട്ടിരിക്കുന്നു. വ്വ

അ:—വാനരസേനാക്കും വെള്ളത്തിന്നും ഉപമ.

20. മലൈയെടുത്തു മരങ്ങ്കൾ പറിത്തുമാ
ടിലൈ മുതൽ പൊരുൾയാവൈയുമേന്തലാൻ
അലൈ കടററലൈയൻററണൈവേണ്ടിയ
നിലൈയുടൈക്കവിനീത്തമണ്ണീത്തമേ.

പ:—അ നീത്തം=ആ വെള്ളം, അലൈ=അലയടിച്ചുകൊണ്ടിരിക്കുന്ന, കടൽ തലൈ=കടലിൽ, അൻറ്=അന്ന്, അണൈ വേണ്ടിയ=അണകെട്ടുവാൻ തുനിഞ്ഞ, നിലൈ ഉടൈ=നിലയോടുകൂടിയ, കവിനീത്തം=വാനരസേന പോലെ ഭവിച്ചു.

എങ്ങിനെയെന്നാൽ, മലൈ എടുത്തും=മലകളെ പുഴക്കിയെടുത്തും, മരങ്ങ്കൾ പറിത്തും=മരങ്ങളെ പറിച്ചും, മാടു=ഇരുപുറത്തുമുള്ള, ഇലൈ മുതർ പൊരുൾ യാവൈയും=ഇല മുതലായ എല്ലാ പദാത്ഥങ്ങളേയും, ഏന്തലാൻ=എടുത്തുകൊണ്ടുവരികയാൽ.

ഭാ:—മുൻകാലത്തു തരംഗമാലാസങ്കലിതമായ ജലധിയിൽ സേതുബന്ധം ചെയ്യാനൊരുങ്ങിപ്പുറപ്പെട്ട് അതിലേക്കായി മലകൾ പുഴക്കുകയും മരങ്ങൾ പറിക്കുകയും തങ്ങളുടെ ആഹാരത്തിന്നായി ഇരുപാശ്ചങ്ങളിലും കാണുന്ന പത്രപുഷ്പഫലാദികളായ പദാത്ഥങ്ങളെപ്പേരും കയ്യലാക്കുകയും ചെയ്തിയലുന്ന വാനരസേനയെപ്പോലെ ഈ വെള്ളം ഒഴുക്കിന്റെ ശക്തിയാൽ മലകളേയും മരങ്ങളേയും കുത്തിപ്പറിക്കുകയും ഇരുവശത്തും കിടപ്പുള്ള കരിയില മുതലായ സവ്വ പദാത്ഥങ്ങളേയും വഹിക്കുകയും ചെയ്തുകൊണ്ടു (അലൈ കടററലൈ=അല കടലിൽ, അണൈ=അണയുവാൻ, വേണ്ടിയ=ഉദ്ദേശിച്ച, നിലൈ ഉടൈ=നിലയോടെ) അല കടലിനെ അണയുവാനുദ്ദേശിച്ചിട്ടുള്ള നിലയിൽ കാണപ്പെട്ടു. ൻ.

അ:—മദ്യപാനികൾക്കും വെള്ളത്തിന്നും ഉപമ.

21. ഈക്കൾവണ്ടൊടുമൊയ്പ്പവരമ്പിക
ന്തുക്കമേമികുന്തുട്ടെളിവിൻറിയേ
തേക്കെറിന്തുവരുതലിററീംപുനല്
വാർക്കുതേങ്കർമാക്കളൈമാണുമേ.

പ:—തീം പുനല്=രുചികരമായ ആ വെള്ളം, വാർക്കു=(വാക്കുന്ന) വാാറിയെടുക്കുന്ന, തേൻ=കള്ളിനെ, നുകർ=കുടിക്കുന്ന, മാക്കളൈ=മനുഷ്യരെ, മാണും=ഒത്തിരുന്നു.

എങ്ങിനെയെന്നാൽ, വെള്ളം, ഈക്കറം=ഈച്ചകൾ, വണ്ടൊടുമൊയ്യ=വണ്ടുകളോടുംചേൎന്നാർത്തുകൊണ്ട്, വരമ്പു ഇകന്തു=അണകടന്ന്, ഊക്കം മികുന്തു=ഊക്കു(ശക്തി)കൂടി, ഉറംതെളിവു് ഇൻറി=ഉള്ളിൽ തെളിവില്ലാതെ, തേക്കു എറിന്തു=തേക്കുമരങ്ങളെ എറിഞ്ഞു (ഒഴുക്കിനാൽ തള്ളിച്ചു) കൊണ്ട്, വരുതലിൻ=വരുന്നതിനാൽ.

ഈക്കറം വണ്ടൊടുമൊയ്യ=(കുടിച്ച കള്ളിൻെറ ഗന്ധത്താൽ) ഈച്ചകളും വണ്ടുകളും വന്നു ദേഹത്തിൽ പൊതിഞ്ഞ്, വരമ്പുഇകന്തു=വരമ്പു (തൻെറ മര്യാദ) അതിലംഘിച്ച്, ഊക്കംമികുന്തു=ഉത്സാഹം വർദ്ധിച്ച്, ഉറംതെളിവുഇൻറി=ഉള്ളിൽ തെളിവ് (ബോധ)മില്ലാതെ, തേക്കുഎറിന്തു=ഏമ്പ്ലം വിട്ടുകൊണ്ടുവരുന്ന മദ്യപാനികറക്കൊത്തിരുന്നു.

ഭാ:—പല പദാൎത്ഥങ്ങളും ചേൎന്നൊഴുകി വന്നതിനാൽ അവയുടെ ഗന്ധരസാസ്വാദനത്തിന്നായി മേൽഭാഗത്തു തിങ്ങിപ്പറന്നുകൊണ്ടിരിക്കുന്ന വണ്ടുകളോടുംകൂടി അവിടവിടെ ബന്ധിച്ചിട്ടുള്ള സേതുക്കളെ ഭഞ്ജിച്ച് ശക്തിയുള്ള ഒഴുക്കോടുകൂടി ഉറംഭാഗം കലങ്ങിക്കൊണ്ട് തന്നിൽ ഒഴുകിവരുന്ന തേക്കുമരങ്ങളെ തള്ളിത്തെറിപ്പിച്ചുകൊണ്ടു വരുന്ന വെള്ളം, വാററിയെടുക്കുന്ന മദ്യവും കുടിച്ച് അതിൻെറ ഗന്ധത്തെ നുകരുവാൻ വന്നു പാറിപ്പറന്നുകൊണ്ടിരിക്കുന്ന ഈച്ചകളേയും വണ്ടുകളേയും വഹിച്ചുകൊണ്ടും തൻെറ കുലകുഡുംബാദികറക്കൊത്ത മാനമര്യാദകളെ അതിലംഘിച്ചും അതിയായ ഉത്സാഹം പൂണ്ടും സുബോധം വെടിഞ്ഞും ഇടക്കിടെ മദ്യം തികട്ടിക്കൊണ്ടും വരുന്ന മദ്യപാനികളുടെ വൃത്തിയെ അവലംബിച്ചിരുന്നു. ൧൦.

അ:—വെള്ളം സമുദ്രരാജനോടു പോരിന്നൊരുങ്ങിപ്പോകുംവണ്ണം കാണപ്പെട്ടു.

22. പണ്ണെമുക്കളിയാണൈപൻമാക്കളോ
ടണിവകുത്തെണവീർത്തിരൈത്താർത്തലിൻ
മണിയുടൈക്കൊടിതോൻറവന്തുൻറലാല്
പുണരിമേർപൊരപ്പോവതുപോൻറതേ.

പ:—ആ വെള്ളം, പുണരിമേൽ=സമുദ്രരാജൻെറ നേരെ, പൊര=പോർചെയ്യാൻ, പോവതുപോൻറതു=പോകുന്നതുപോലെ കാണപ്പെട്ടു,

എങ്ങിനെയെന്നാൽ, പണൈ=സ്ഥൂലമായ, മുകം=മുഖത്തോടും, കളിയാണൈ=ഉത്സാഹത്തോടുംകൂടിയ ആനകളെ, പൽമാക്കളോടു=അനേകം മററ മൃഗങ്ങളോടുകൂടെ, അണിവകുത്തെന=അണിയായി നിറത്തിയതുപോലെ, ഈർത്തു=ഇഴത്തുകൊണ്ടു, ഇരൈത്തു=ഇരെച്ച് (ശബ്ദിച്ച്), ആത്തലിൻ=ആക്രന്നതിനാലും, മണിഉടൈ=അഴകുള്ള, കൊടിതോൻറ=കൊടികളാണെന്നു തോന്നുംവണ്ണം, വന്തു ഊൻറലാല്=വന്നു കുത്തുന്ന ആ വെള്ളം—പണൈമുകക്കളിയാണൈ=സ്ഥൂലശിരസ്സുക്കളായ മത്തഗജങ്ങൾ, പൽമാക്കളോടു=(ഗജപാലാദികളായ) പലരോടുംകൂടി, അണിവികുത്തു=അണിനിരന്നു, ഈർത്തു=ചലിച്ചുകൊണ്ടും, ഇരൈത്തു=രവത്തോടും, ആത്തലിൻ=ആർത്തുവിളിച്ചുകൊണ്ടും, അണി ഉടൈ കൊടി തോൻറ=മണിക്കൊടികളുയർത്തിക്കാട്ടുകയും ചെയ്തു, വന്തു ഊൻറലാൽ=വന്നെതൃക്കുന്നതിനാൽ.

ഭാ:—ആന മുതലായ പല മൃഗങ്ങളേയും പ്രവാഹവേഗത്താൽ നിരനിരയായി ആകർഷിച്ചുകൊണ്ടും എരച്ചു മുഴങ്ങിക്കൊണ്ടും കൌതുകമുള്ള കൊടിക്കൂറകളുടെ ആകാരം കാണിച്ചുകൊണ്ടും ചെങ്കുത്തായൊഴുകിവരുന്ന വെള്ളം, കരിതുരഗരഥപദാതിയായ ചതുരംഗസേനയെ അണിനിരത്തി നയിച്ചും എരച്ചും കൂക്കിവിളിച്ചും മണിക്കൊടികൾ നാട്ടിയുംകൊണ്ടു സമുദ്രരാജനോടു പൊരുതുവാൻ പോകുന്നതുപോലെ കാണപ്പെട്ടു. ൨൨.

അ:—സരയൂനദിക്കുള്ള പരിപാവനത്വം.

23. ഇരവിതൻകുലത്തെണ്ണില്പല്വേന്തർതം
പരവുനല്ലൊഴുക്കിൻപടി പൂണ്ടതു
ശരയുവെമ്പതുതായ്മുലൈയണ്ണതി
വ്വരവുനീർനിലത്തോങ്കുമുയിർക്കെലാം.

പ:—ഇരവി=രവിയുടെ, കുലത്തു=കുലത്തിൽ പിറന്ന, എൺ ഇല്=എണ്ണമററ, പല്വേന്തർ=പല രാജാക്കന്മാരുടെ, പരവും=പരന്നിരിക്കുന്ന (എല്ലാവരും പുകഴ്ത്തുന്ന), നല് ഒഴുക്കിൻപടി=സദാചാരങ്ങളുടെ അവിച്ഛിന്നതയെ (നല്ല ഒഴുക്കിനെ), പൂണ്ടതു=(തന്നിൽ) വഹിച്ചുകൊണ്ടിരിക്കുന്ന, ശരയു എമ്പതു=സരയുവെന്ന നദി, ഉരവു നീർ=കടൽ ചുഴന്ന, നിലത്തു=ഈ ഭൂലോകത്തു, ഓങ്കും=വൃദ്ധിയെ പ്രാപിപ്പാൻപോകുന്ന, ഉയിർക്കു എലാം=ജീവികൾക്കെല്ലാം, തായ്മുലൈ അണ്ണതു=മാതൃസ്തനംപോലുള്ളതാകുന്നു. ('ഇരവി തൻ' ഇതിൽ 'തൻ' എന്ന പദം അശ=പാദപൂരണാർത്ഥകമായ അവ്യയം.)

ഭാ:—സൂൎയ്യവംശജാതന്മാരായ എണ്ണമററ പല ഭൂപാലന്മാരുടെ സ൪്വ്വജനസമ്മതവും ശാശ്വതവുമായ സദാചാരനിഷ്ഠയെന്നപോലെ ഇടവിടാതെ ഒഴുക്കിനെ വഹിക്കുന്നതും പാവനവുമായ സരയൂനദി ചതുരുദധിമേഖലയായ ഈ ഭൂമിയിൽ വളരുന്ന സർവ്വ ജീവികൾക്കും മാതാവിൻെറ സ്തനംപോലെ ഉപകരിക്കുന്നു.

വി:—മാതൃസ്തനം മക്കൾക്കു തന്നിലുള്ള പാൽ കൊടുത്തു വളൎത്തുംപോലെ സഹജവും അവിച്ഛിന്നവുമായ ഒഴുക്കിനാൽ സരയൂനദി സ്ഥാവരജംഗമാത്മകങ്ങളായ സകല ജീവരാശികളെയും തന്നിലുള്ള പാനീയത്തെ വിതരണം ചെയ്തു പോററിവരുന്നു. ഉവ.

അ:—സരയൂനദി വഹിച്ചുകൊണ്ടുവരുന്ന വാസനാദ്രവ്യങ്ങളെ പറയുന്നു.

24. കൊടിച്ചിയരിടിത്ത ചൂൎണ്ണം
കുങ്കുമം കൊട്ടമേലം
നടുക്കുറ ശന്തം ശിന്തു
രത്തൊടു നരന്ത നാകം
കടുക്കൈയാർ വേങ്ങ്കൈ കൊങ്ങ്കു
പച്ചിലൈ കണ്ടില് വെണ്ണെ
അടുക്കലിണടുത്ത തീന്തേ
ണകിലൊടു നാറുമൻറേ.

പ:—(ആ വെള്ളം) കൊടിച്ചിയർ=മലക്കുറത്തികൾ, ഇടിത്ത=ഇടിച്ചുണ്ടാക്കിയ, ചൂൎണ്ണം=(സുഗന്ധ) ചൂൎണ്ണത്തോടും, കുങ്ങ്കുമം=കുങ്കുമമരത്തുണ്ടുകളോടും, കൊട്ടം=കൊട്ട(കോഷ്ഠ)മരത്തുണ്ടുകളോടും, ഏലം=ഏലച്ചെടിയോടും, നടുക്കുറ=(നടുക്കമുള്ള) തുള്ളിക്കൊണ്ടിരിക്കുന്ന, ശന്തം=ചന്ദനമരത്തുണ്ടുകളോടും, ശിന്തുരത്തൊടു=ചെന്തുരമരത്തുണ്ടുകളോടും, നരന്തം=നാരകമരത്തുണ്ടുകളോടും, നാകം=പുന്നമരത്തുണ്ടുകളോടും, കടുക്കൈ=കണിക്കൊന്നമരത്തുണ്ടുകളോടും, ആർ=അകത്തിമരത്തുണ്ടുകളോടും, വേങ്ങ്കൈ=വേങ്ങമരത്തുണ്ടുകളോടും, കൊങ്ങ്കു=കൊങ്ങുമരത്തുണ്ടുകളോടും, പച്ചിലൈ=പച്ചിലമരത്തുണ്ടുകളോടും, കണ്ടില്വെണ്ണെ=കണ്ടിവെണ്ണ മരത്തുണ്ടുകളോടും, അടുക്കലിൻ അടുത്ത=മലയിൽ (ഈച്ചകളാൽ) ഉണ്ടാക്കപ്പെട്ട, തീന്തേൻ=മധുരമുള്ള തേനാടകളോടും, അകിലൊടു=അകിൽ മരത്തുണ്ടുകളോടും, നാറും=പരിമളിക്കും. "എൻറ" 'ഏ' ഇവ അശകൾ.

ഭാ:—മലയിലുളവാകുന്ന മേല്പറഞ്ഞ പദാൎത്ഥങ്ങളെല്ലാം സാധാരണമായൊഴുകിവരുന്നതിനാൽ അവയുടെ സുഗന്ധം കലൎന്ന സരയൂനദീജലം പരിമളവാഹിയായിരിക്കുന്നു.

വി:—കുങ്കുമം=കുങ്കുമപ്പൂ, നരന്തം=കസ്തൂരി, നട്കൊര=കുളുൎച്ചയുള്ള എന്നും അൎത്ഥകല്പനം ചെയ്യാം. പിതൃദേവാദികളുടെ അഭിഷേകം മുതലായവക്കും മനുഷ്യരുടെ സ്നാനപാനാദികൾക്കും വിനിയോഗിക്കുന്ന ശുദ്ധജലം ഔഷധികളാലോ പുഷ്പങ്ങളാലോ സുരഭിലമായിരിക്കേണ്ടതാകയാൽ സരയൂജലത്തിന്റെ താദൃശഗുണവിശിഷ്ടമായ സ്നാനപാനാദിയോഗ്യതയെ കാണിച്ചിരിക്കുന്നു. ൩൩.

അ:—വെള്ളം സേനപോലെയിരുന്നു.

25. എയിണർവാഴ് ശിററൂരപ്പ
മാരിയിണിരിയല് പോക്കി
വയിൻ വയിണെയിററി മാതർ
വയിറലൈത്തോടവോടി
അയിൻ മുകക്കണൈയും വില്ലും
വാരിക്കൊണ്ടലൈക്കുനീരാല്
ശെയിർത്തരുങ്കൊററമന്നർ
ശേണൈയൈമാണുമൻറേ.

പ:—(ആ വെള്ളം), ശെയിർത്തരും=ഹിംസ ചെയ്യുന്ന, കൊററം=വിജയികളായ, മന്നർ=മന്നവന്മാരുടെ, ശേണൈയൈ=സേനയെ, മാണും=ഒത്തിരിക്കുന്നു.

എങ്ങിനെയെന്നാൽ, എയിണർവാഴ്=വേടന്മാർ വാസം ചെയ്യുന്ന, ശിററൂർ=ചെറിയ ഊരുകളെ, അപ്പമാരിയിൻ=അമ്പു മാരിയാൽ, ഇരിയൽപോക്കി=അകററി ഓടിച്ച്, വയിൻ വയിൻ=എല്ലായിടത്തും, എയിററമാതർ=വേടസ്ത്രീകൾ, വയിറ അലൈത്തുഓട്=വയററിൽ അടിച്ചുകൊണ്ടോടത്തക്കവണ്ണം, ഓടി=വേഗത്തിൽ ചെന്ന്, അയിൽ=മൂൎച്ചയുള്ള, മുകം=അഗ്രങ്ങളോടുകൂടിയ, കണൈയും=ബാണങ്ങളേയും, വില്ലും=വില്ലുകളേയും, വാരിക്കൊണ്ടു=ഗ്രഹിച്ചുകൊണ്ട്, അലൈക്കും=അലച്ചു കയറുന്ന, നീരാല്=ജലത്താൽ—അപ്പമാരി=ജലവൎഷം, ശരവൎഷമെന്നും, അലൈക്കുംനീർ=അലെക്കുന്ന വെള്ളം, അലെക്കുന്ന സ്വഭാവമെന്നും അൎത്ഥഭേദം; 'അൻറ്' 'ഏ' ഇവ അശകൾ.

ഭാ:—വേടന്മാരുടെ ഇരിപ്പിടങ്ങളായ ചെറിയ പതികളിലുള്ളവരെ വൃഷ്ടിപാതംകൊണ്ടു സ്വസ്ഥാനത്തിൽനിന്നും ഓടിച്ച് അവിടെയെങ്ങുമുള്ള കിരാതനാരികൾ വയററിലടിച്ചു വിലാപിച്ചുകൊണ്ടോടത്തക്കവണ്ണം വേഗതയോടെ എന്തിച്ചെന്ന് ആ വേടരുടെ കൂത്തുമൂത്ത ശരങ്ങളും വില്ലുകളും വഹിച്ചുകൊണ്ട് അലയടിച്ചൊഴുകുന്ന വെള്ളം, കിരാതന്മാരുടെ വാടങ്ങളിൽചെന്ന് അവരെ ശരവർഷം ചെയ്തകററി അവരുടെ സ്ത്രീകൾ വയററത്തടിച്ചു മുറയിട്ടുംകൊണ്ടു മണ്ടത്തക്കവിധം വേഗത്തിൽ അടുത്തുകൂടി അവിടെ സംഭരിച്ചുവെച്ചിട്ടുള്ള അമ്പുകളും വില്ലുകളും വാരിയെടുത്തു കൊണ്ടിരിക്കുന്നവരായ പരഹിംസാകാരിയും വിജയിയുമായ രാജാവിന്റെ സേനകളെപോലെ ശോഭിച്ചു. ഫ്.

അ:—വെള്ളത്തിന്നും കണ്ണന്നും ഉപമ.

26. ശെറിനറും തയിരും പാലും
വെണ്ണെയ്യും ശേർന്തനെയ്യും
ഉറിയൊടു വാരിയുണ്ടു
കുരുന്തൊടു മരുതമുന്തി
മറിയുടൈയായർ മാതർ
വളൈ തുകില് വാരുനീരാല്
പൊറിവരിയരവിണാടും
പുനിതനും പോലുമൻേറ.

പ:—(ആ വെള്ളം) പൊറി=പുള്ളികളേയും, വരി=വരികളേയുംപൂണ്ട, അരവിൻ=സർപ്പത്തിന്മേൽ, ആടും=നൃത്തംചെയ്യുന്ന, പുനിതനും പോലും=പാവനനായ ശ്രീകൃഷ്ണനോടും തുല്യമാകും.

എങ്ങിനെയെന്നാൽ—ശെറി=കട്ടിയായ, നറതയിർ=നറുന്തയിരും, പാലും വെണ്ണെയും=പാൽ വെണ്ണകളും, ശേർന്ത നെയ്യും=ധാരാളം ശേഖരിച്ചുവെച്ചിട്ടുള്ള നെയ്യും, ഉറിയൊടു വാരി ഉണ്ടു=(കെട്ടിത്തൂക്കിയിരിക്കുന്ന) ഉറിയോടുകൂടെ വാരിയെടുത്തു ഭക്ഷിച്ചു, കുരുന്തൊടു മരുതം ഉന്തി=കാട്ടുനാരകത്തേയും മരുതിനേയും തള്ളി, മറി ഉട=ആടുകളോടുകൂടിയ (അവയെ ധനമാക്കിവെച്ചിട്ടുള്ള) ആയർമാതർ=ഗോപസ്ത്രീകളുടെ, വളൈ തുകില്=ഉടുപുടവകളെ, വാരിക്കൊണ്ടുപോകുന്നതിനാൽ—'അൻറ' 'ഏ' ഇവ അശകൾ.

ഭാ:—തീരത്തിലുള്ള ഇടച്ചേരികളിലേന്തിയൊഴുകി അവിടങ്ങളിലുള്ള തയിർ നൈ പാൽ വെണ്ണകളെ ഉറികളോടുകൂടെ വഹിച്ചും, കാട്ടുനാര

19644

കം മരുത് എന്നീ മരങ്ങളെ കുത്തിപ്പുഴക്കിയും ആറുകളെ വളൎത്തി ജീവിതം കഴിക്കുന്ന ഇടച്ചികളുടെ ഉടുപുടവകളെ ആകൎഷിച്ചുകൊണ്ടൊഴുകിപ്പോകുന്ന വെള്ളം ഗോപവാടത്തിൽ ആച്ചിമാർ സംഭരിച്ചിട്ടുള്ള തയിരും പാലും വെണ്ണയും നെയ്യും ഉറിയോടുകൂടി യഥേഷ്ടം കവൎന്നും (ഉലൂഖലബദ്ധനായപ്പോഠം) വൃക്ഷയുഗളത്തെ ധ്വംസിച്ചും അജപാലികമാരായ ഗോപിമാരുടെ ഉടുപുടവകളെ അപഹരിച്ചും ലീല ചെയ്യുന്ന കാളിയമൎദ്ദനനായ ശ്രീകൃഷ്ണന്നു തുല്യമായിരുന്നു.

വി:—ഗോരസചോരണം, പാദപഭഞ്ജനം, വസനഹരണമെന്നിവ ഭാഗവതം ദശമസ്കന്ധത്തിൽ പ്രതിപാദിച്ചിട്ടുള്ള കൃഷ്ണലീലകളാണ്. കൃഷ്ണൻ ഭഞ്ജിച്ചത് 'അൎജ്ജുന'വൃക്ഷങ്ങളെന്നു മൂലത്തിലും 'മരുതു'മരങ്ങളെന്നു കിളിപ്പാട്ടിലും "രണ്ടായി നില്ക്കും കകുഭദ്രുമത്തെ" എന്നു ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലും കാണുന്നു. അൎജ്ജുനപദത്തിന്നു യഥാശ്രുതമായ അൎത്ഥം മരുതുമരമെന്നാണ്. കകുഭം=കടമ്പുവൃക്ഷം ഈ പ്രയോഗം "അൎജ്ജുനഃ കകുഭേ പാൎത്ഥേ" എന്നു നാനാൎത്ഥം കൊടുത്തിരിക്കയാൽ പക്ഷേ സാധൂകരിക്കാം. ഈ ഗ്രന്ഥകാരൻെറ "കുരുന്തൊടു മരുതം" എന്ന പ്രയോഗം ഏതിനെ പ്രമാണിച്ചതാണെന്നറിയുന്നില്ല. ഫ്ര.

അ:—വെള്ളത്തിന്നും ആനകളും ഉപമ.

27. കതവിളൈ മുട്ടിമള്ളർ
കൈയെടുത്താർപ്പവെയ്തി
നുതലണിയോടൈ പൊങ്ങ്ക
നുകർവരിവണ്ടുകിണ്ട
ത്തതൈമണിശിന്തവുന്തി
ത്തറിയിറത്തടൈക്കൊശായ്ത്തു
മതമഴൈയാനൈയെണ്ണ
മരുതംശെൻറടൈന്തതൻെറ.

പ:—കതവിളൈ മുട്ടി=(ജലാശയങ്ങളിലുള്ള ഓവുകളുടെ) ചീപ്പിനെ ചെന്നു മുട്ടി, മള്ളർ=ഉഴവുകാർ, കൈ എടുത്തു ആർപ=കൈ പൊക്കി ആർപ്പുവിളിക്കുംവണ്ണം, എയ്തി=പോയ്, നുതൽ അണി=മുന്നണിയിലുള്ള, ഓടൈ=വായ്ചാലുകളിൽ, പൊങ്ങ്ക=പൊങ്ങുകയും, നുകർ=(തങ്ങടെ ഇര) തിന്നുന്ന, വരി വണ്ടു=(അംഗത്തിൽ) വരയുള്ള വണ്ടുകഠം, കിണ്ട=നീന്തിയും, തതൈ=തതമായും (തിങ്ങിപ്പരന്നും), മണിശിന്ത=രത്നങ്ങഠം ചി

തറിയും, ഉന്തി=(നദിയുടെ ഇരുകരയിലും) നാട്ടിയ, തറി ഇറ=കുററികഠം മുറിയുകയും, തടം കൈ ശായ്ത്ത=വലിയ (അലകളാകുന്ന) കൈകളെ ചാച്ചും, ഏന്തിവരുന്ന ആ വെള്ളം, കതവിനൈ മുട്ടി=(ആനപ്പന്തിയുടെ)വാതിലിനെ തള്ളി, മള്ളർ=ആനപ്പാപ്പാൻമാർ, കൈ എടുത്തു ആപ്പ്=കൈ ഉയത്തി കൂക്കിവിളിക്കത്തക്കവണ്ണം, എയ്തി=പോയ്, നുതൽ അണിഓടൈ പൊങ്ക=നെററിയിലണിഞ്ഞ പൊൻപട്ടത്തിൻെറ കാന്തി വിളങ്ങിയും, വരിവണ്ടു=വരിപ്പാട്ടുകഠം പാടുന്ന വണ്ടുകഠം, കിണ്ടവും=ബാധിച്ചുകൊണ്ടും, തലൈ=(ഇരുപാശ്വത്തിലും) നിരന്നുതൂങ്ങുന്ന, മണിശിന്തു=കുടമണികളെ തെറിപ്പിച്ചും, ഉന്തി തറി ഇറ=തന്നെ (ആനയെ) കെട്ടുന്ന കുററി മുറിയത്തക്കവണ്ണം, തടം കൈ ശായ്ത്ത=നീണ്ട തുമ്പിക്കയ്യിനാൽ പിടിച്ചു വളച്ചും, മതം മഴൈ=മദജലത്തെ വഷിക്കുന്ന, യാനൈഎന=ആനയെപ്പോലെ, മരുതം=മരുതനിലത്തിൽ, ശെൻറ അടൈന്തതു=ചെന്നുചേന്നു. 'അൻറ' 'ഏ' അശകഠം.

ഭാ:—ഓരോ ഏരികളിലും വായ്ചാലുകളിലും വയലിലേക്കു (വെള്ളം) തിരിഞ്ഞു പോവാനായി വെച്ചിട്ടുള്ള ഓവുകളുടെ ചീപ്പുപലകകളെ ചെന്നു മുട്ടിയും, വയലിലുഴുന്ന കഷകന്മാർ പുതുവെള്ളം വരുന്നതായി കണ്ട് സന്തോഷത്താൽ കൈപൊക്കി ആപ്പുവിളിക്കത്തക്കവണ്ണം മുന്നണിയിലുള്ള വാഴ്ച്ചാലുകളിലേന്തിപൊങ്ങി ഇരതെണ്ടി നീന്തിക്കൊണ്ടിരിക്കുന്ന ഒരുതരം വണ്ടുകളോടുകൂടി പലതരം രത്നക്കല്ലുകളെ യഥേഷ്ടം കരക്കടിച്ചു കയററി നദിയുടെ ഇരുഭാഗത്തും കരയുടെ രക്ഷക്കായി നാട്ടീട്ടുള്ള കുററികളെ അലകളാൽ തള്ളിച്ചരിച്ചും വരുന്ന വെള്ളം പന്തിയുടെ വാതിൽ മുട്ടിത്തകത്തു മററ ജനങ്ങഠം ദൂരത്തിൽ വിലങ്ങിപോകുവാനായി "ആന മദിച്ചു വരുന്നുണ്ടെ"ന്നു ഗജപാലന്മാർ കയ്യുയത്തി കൂക്കിവിളിച്ചു പറയത്തക്കവണ്ണം നെററിയിൽ കെട്ടിയ പൊൻപട്ടത്തിൻെറ ഒളി വീശിക്കൊണ്ട് കന്നത്തിൽപ്പാററി മദജലം കുടിച്ചു മദിച്ചു വരിപ്പാട്ടുപാടി തുമ്പികളാലൂന്നിക്കൊണ്ടിരിക്കുന്ന വണ്ടുകളോടുകൂടെ രണ്ടു പാശ്വത്തിലും ഇടതിങ്ങി നിരയായി തൂങ്ങുന്ന കുടമണികഠം ഗതിവേഗത്താൽ ഒന്നിനൊന്നു മുട്ടിയുടഞ്ഞു തെറിച്ചും തൻെറ ബന്ധസ്തംഭത്തെ മുറിപ്പാൻതക്കവണ്ണം നീണ്ട തുമ്പിക്കൈകൊണ്ടു പിടിച്ചു വളച്ചും മദവാരി വഷിച്ചുകൊണ്ടിരിക്കുന്ന മത്തഗജത്തെപ്പോലെ മരുതനിലത്തെ ചെന്നുചേന്നു.

വി:—വരിവണ്ടു=വരിപാടുന്ന വണ്ട്, വരി=ഗാനവിഭാഗങ്ങളിലൊന്ന്. തമിഴ്സ്സാഹിത്യത്തിൽ പാട്ടുകഠം രണ്ടുവിധം. 1. ഉരൈപ്പാട്ട്.

2.ഇശൈപ്പാട്ട്. ഇവയിൽ ഒന്നാമത്തേതു പദ്യം (ശ്ലോകം)തന്നെ. രണ്ടാമത്തേതു (ഇശൈ—സംഗീതം) ഗാനം. ഇതിന്റെ ഒരു വിഭാഗമാണ് വരിപ്പാട്ട്. ഇതിൽ അനേകഭേദങ്ങളുണ്ട്—'മരുതം' ഇതു പഞ്ചഭൂപ്രകൃതിയിലൊന്നു. അവ 1. കുറിഞ്ചി-മലമ്പ്രദേശം, 2. മുല്ല—കാട്ടുപ്രദേശം, 3. പാല—വരണ്ട ഭൂമി, 4. മരുതം—വയൽപ്രദേശം, 5. നൈതൽ-പെരുമണൽപ്രദേശം. അതായത് കുറിഞ്ചിനിലം, മുല്ലനിലം, പാലനിലം, മരുതനിലം, നൈതൽനിലം ഇങ്ങിനെ ഐവകനിലങ്ങളെന്നു പറയുന്നു. ഇവ മലതൊട്ടു കടൽവരെ ക്രമത്തിൽ തുടന്നുകിടക്കുന്ന ഭൂവിഭാഗങ്ങളാണ്.

അ:—വെള്ളത്തിന്നും കമ്മദ്വയത്തിന്നും ഉപമ.

28. മുല്ലൈയൈ കുറഞ്ചിയാക്കി
മരുതത്തൈ മുല്ലൈയാക്കി
പ്പുല്ലിയ നൈതറല്ലൈ
പൊരുവരുമരുതമാക്കി
യെല്ലൈയിർ പൊരുൾകളെല്ലാ
മിടൈതടുമാറുനീറാർ
ചെല്ലുറക്കതിയിർ ചെല്ലും
വിണൈയെണച്ചെൻറതൻറേ.

പ:—മുല്ലൈയൈ=മുല്ലനിലത്തെ, കുറഞ്ചി ആക്കി=കുറിഞ്ചിനിലമാക്കിത്തീർത്തും, മരുതത്തൈ=മരുതനിലത്തെ, മുല്ലൈ ആക്കി=മുല്ലനിലമാക്കിത്തീർത്തും, പുല്ലിയ നൈതലൈ=ഈഷൽഫലവത്തായ നൈതൽനിലത്തെ, പൊരുവു അരു=(ഫലവത്വംകൊണ്ട്) ഉപമിപ്പാനരുതാത്ത, മരുതം ആക്കി=മരുതനിലമാക്കിത്തീർത്തു, എല്ലൈയിൽ=അതാതു നിലങ്ങളിലുള്ള, പൊരുൾകൾ എല്ലാം=ദ്രവ്യങ്ങളെല്ലാം, ഇടൈ തടുമാറു നീരാൽ=അതാതു നിലത്തെ വിട്ടകന്നുപോകുന്നതിന്നു ഹേതുഭൂതമായ നീരിനാൽ, ശെൽ ഉറ=ജീവന്മാർ ചെല്ലുമാറുള്ള, കതിയിൽ=നാലുവക ഗതികളിൽ, ശെല്ലും=തുടന്നുപോകുന്ന, വിണൈഎന=കമ്മയുഗളംപോലെ, ശെൻറതു=(ആ വെള്ളം) ഒഴുകിച്ചെന്നു.

ഭാ:—പൊങ്ങിപ്പരന്നു ശക്തിയുള്ള പ്രവാഹത്താൽ കാട്ടുപ്രദേശത്തെ മലമ്പ്രദേശം പോലെയും ഫലപുഷ്ടിയുള്ള വയലുകളെ കാട്ടുപ്രദേശം പോലെയും തീരെ ഫലവത്തല്ലാത്ത മണൽപ്രദേശത്തെ ഉയന്നതരം വിളനിലംപോലെയും ആക്കിത്തീർത്ത് അവയിലുള്ള വളങ്ങളെല്ലാം ഒന്നി

ൽനിന്നു മറെറാന്നിലേക്കു മാറുന്നതായ ഈ വെള്ളം, ജീവികൾ കടന്നു ചെല്ലുന്നതായ ഗതികളെ തുടൎന്നു ചെല്ലുന്ന കൎമ്മഫലങ്ങൾപോലെ ഒഴുകിച്ചെന്നു.

വി:—കുറഞ്ചി, മുല്ല, പാല, മരുതം, നൈതൽ ഈ അഞ്ചുതരം നിലങ്ങൾ ക്രമത്തിൽ മല മുതൽ കടൽവരെ തുടൎച്ചയായി കിടക്കുന്നതായിട്ടാണ് പ്രായേണ കണ്ടുവരുന്നത്. അതുകൊണ്ട് നദി ഉത്ഭവസ്ഥാനമായ പൎവ്വതം മുതൽ സമുദ്രംവരെ ഒഴുകി ഒരു നിലത്തിന്നു മറെറാരു നിലത്തിന്റെ ഗുണത്തെ നൽകുന്നു ജീവികൾക്കു ദേവഗതി, മനുഷ്യഗതി, തിൎയ്യഗ്ഗതി, നരകഗതിയെന്ന നാലുഗതികൾ സിദ്ധിക്കാവുന്നതാണ്. പുണ്യപാപരൂപമായ രണ്ടു വിഭാഗത്തോടുകൂടിയ കൎമ്മം അവയിലോരോന്നിന്റെ ഊൎദ്ധ്വഗതിക്കോ അധോഗതിക്കോ ഹേതുവായിത്തീരുന്നു. ന്ദ്ര.

അ:—വെള്ളത്തിന്നും കുലത്തിന്നും ഉപമ.

29. കാത്തകാൻ മള്ളർ വെള്ള
കലിപ്പറൈ കറങ്ക്കൈപോയ്
ച്ചേൎത്തനീൎത്തിവലൈപൊന്ന്
മുത്തൊടുതിരൈയിൻവീശി
നീത്തമാന്തലൈയവാകി
നിമിൎന്തു പാർ കിഴിയ നീണ്ടു
കോത്തകാലൊൻറി നൊൻറു
കുലമെണപ്പിരിന്തവന്റേ.

പ:—കാത്ത=(തങ്ങളാൽ) കാത്തു രക്ഷിക്കപ്പെട്ട, കാൽ=വെള്ളച്ചാലുകളോടുകൂടിയ, മള്ളർകളതു=വേളാളന്മാരുടെ, വെള്ളം=വെള്ളത്തിന്റെ നിലയെ അറിവിപ്പാനായി, ഒലി=വാദിക്കപ്പെടുന്ന, പറൈ=പറകൾ (കൃഷകഗ്രാമങ്ങളിൽ ഉപയോഗിക്കപ്പെടുന്ന 'കിണ്ണ'യെന്നു പേരുള്ള ഒരു വാദ്യം), കറങ്ക=മുഴങ്ങിക്കൊണ്ടിരിക്കുംവണ്ണം, കൈപോയ് ചേൎത്ത= മുറക്കു ചെന്നുചേൎന്ന്, നീർ തിവലൈ=നീൎത്തുള്ളികളേയും, പൊന്നും= പൊന്നിനേയും, മുത്തോട്=മുത്തുകളോടു ചേൎത്തു, തിരൈയിൻ വീശി=അലകളാൽ വീശിയെറിഞ്ഞ്, നീത്തം ആം തലൈ ആകി—വെള്ളമാകുന്ന മൂലസ്ഥാനത്തോടുകൂടിയതായി, നിമിൎന്തു=ഉയൎന്നും, പാർ കിഴിയ=ഭൂമി പിളക്കുംവണ്ണം, നീണ്ടു=നീണ്ടും, കോത്ത=ക്രമത്തിൽ തുടൎന്ന, കാൽകൾ= ചാലുകൾ, ഒൻറിൽ ഒൻറ=ഒന്നിൽനിന്നു മറെറാന്നു, കുലം എണ=കുലപരമ്പരപോലെ, പിരിന്ത=പിരിഞ്ഞു.

ഭാ:—കൃഷികന്മാരായ വേളാളന്മാർ തങ്ങളുടെ രക്ഷയിലും മേൽനോട്ടത്തിലും വെച്ചിട്ടുള്ള നീച്ചാലുകളിൽ പായുന്ന വെള്ളത്തിന്റെ നിലയെ പ്രഖ്യാപനം ചെയ്യുന്നതിന്നായി പ്രയോഗിക്കുന്നതും, 'കിണ'യെന്നു പേരുള്ളതും കൃഷികദേശത്തിന്നു പ്രത്യേകമുള്ളതുമായ ഒരുതരം പറയുടെ നാദം, മുഴങ്ങുംവണ്ണം ഒഴുകിച്ചെന്നു നീർത്തുള്ളികളും പൊന്നും മുത്തും അലയടിച്ചു കരെക്കെറിഞ്ഞുകൊണ്ടിരിക്കുന്ന ആ വെള്ളമാകുന്ന മൂലസ്ഥാനത്തോടു കൂടിയവയും, ഒഴുക്കു പൊങ്ങി ഭൂമിയെ പിളക്കുംവിധം ദീർഘമായി തുടന്നു മുറക്കു പോകുന്നവയുമായ പിള്ളച്ചാലുകാം ഒന്നിൽനിന്നു മററൊന്നായ്പുറപ്പെട്ട് ഒരു കുലത്തിൽനിന്നുള്ള ശാഖപോലെ പിരിഞ്ഞു. ദ്രവ്യ.

അ:—വെള്ളത്തിന്നും സമയ(മത)ത്തിന്നും ഉപമ.

30. കല്ലിടൈ പ്പിറന്തു പോന്തു
കടലിടൈക്കലന്ത നീത്തം
എല്ലൈയിൻ മറൈകളാലു
മിയമ്പരും പൊരുളീതെന്ന
ത്തൊല്ലൈയിനൊൻ്റേയാകി
ത്തുറൈതൊറും പരന്തശൂഴ്ചി
പൽപെരുഞ്ചമയം ശൊല്ലും
പൊരുളുംപോർ പരന്തതൻ്റേ.

പ:—കല് ഇടൈ=കല്ലിൽ (ഹിമാദ്രിയിൽ), പിറന്തു=ഉത്ഭവിച്ചു, പോന്തു=ചെന്നു, കടൽ ഇടൈ കലന്തു=കടലിൽ ചേന്ന, നീത്തം=വെള്ളം, എല്ലൈ ഇല്=അളവില്ലാത്ത, മറൈകളാലും=വേദങ്ങളാലും, ഇയമ്പു അരു=വിവരിപ്പാൻ കഴിയാത്ത, പൊരുാം ഈതു എന്ന=പരം പൊരുളാണിതെന്നു പറയത്തക്കവണ്ണം, തൊല്ലൈയിൽ=ആദികാലത്തിൽ, ഒൻ്റേ ആകി=ഒന്നായിത്തന്നെ ഇരുന്ന്, തുറൈ തോറും=ജലാശയങ്ങാം തോറും, പരന്തു=പരന്ന്, ശൂഴ്ചി=ആലോചനക്കു തക്ക കാഴ്ചയാൽ, പൽ=പല തരത്തിലും, പെരുഞ്ചമയം=മഹിമയുള്ള മതഗ്രന്ഥങ്ങളാൽ, ശൊല്ലും=പറയപ്പെടുന്ന, പൊരുാം=പരമാത്മവസ്തു, പരന്തതു പോൻ്റതു=(എല്ലാ മതങ്ങളിലും) വ്യാപിച്ചതുപോലെ കാണപ്പെട്ടു.

ഭാ:—ഹിമാലയപവ്വതത്തിൽ നിന്നുത്ഭവിച്ചു വാരാന്നിധിയിൽ ചെന്നു ലയിച്ചതായ ആ ജലം, ശാഖോപശാഖമായി അളവില്ലാതിരിക്കുന്ന വേദങ്ങളാലും എടുത്തു വിവരിപ്പാൻ സാദ്ധ്യമല്ലാത്ത പരമാത്മവസ്തുവാ

ണ്ണിതെന്നു പറയത്തക്ക നിലക്ക് ആദികാലത്തിൽ ഏകമായിരുന്ന്, പിന്നീട് ഏറി കുളം മുതലായ ജലാശയങ്ങളിൽ പരന്നൊഴുകി ജനങ്ങളുടെ പശ്ചാലോചനക്കു വിഷയമായ് ഭവിച്ചതിനാൽ ബഹുക്കളും ശ്രേഷ്ഠങ്ങളുമായ മതഗ്രന്ഥങ്ങളാൽ പ്രതിപാദിക്കപ്പെടുന്ന പരാപരവസ്തു എല്ലാ സമയ(മത)ങ്ങളിലും വ്യാപിച്ചു നാനാരൂപമായി നില്ക്കുമ്പോലെയും കാണപ്പെട്ടു. ഏസ്.

31. താതകു ശോലൈതോറ
ഞ്ചണ്പകക്കാടു തോറം
പോതവിഴ് പൊയ്കൈ തോറം
പുതുമണററടങ്കടോറം
മാതവി വേലിപ്പൂക
വനന്തോറം വയല്കടോറം
ഓതിയവുടമ്പുതോറ
മുയിരെണ വുലായതന്റേ.

പ:—താതു ഉകു=മകരന്ദം ചൊരിയുന്ന, ശോലൈ തോറം=പൂഞ്ചോലകറംതോറം, ശണ്പകക്കാടുതോറം=ചെമ്പകവനം തോറം, പോതു അവിഴ്=നല്ല പൂക്കറം വികസിക്കുന്ന, പൊയ്കൈതോറം=തടാകങ്ങറം തോറം, പുതു=നൂതനമായ, മണററടങ്കറം തോറം=മണൽത്തിട്ടുകറം തോറം മാതവി വേലി=കുരുക്കുത്തിമുല്ലവേലിയോടു കൂടിയ, പൂകവണന്തോറം=കവുങ്ങിൻതോപ്പുകറം തോറം, വയല്കറം തോറം=വിളനിലങ്ങറംതോറം, ഓതിയ=(ബുധന്മാരാലും ശാസ്ത്രങ്ങളാലും ശ്ലാഘിച്ചു) പറയപ്പെട്ട, ഉടമ്പു തോറം=സർവ്വ പ്രാണികളുടേയും ശരീരങ്ങളിലും, ഉയിർ എണ=ജീവചൈതന്യം വ്യാപിക്കുംപോലെ, ഉലായതു=(ആ വെള്ളം) ഒഴുകിപ്പരന്നു.

വി:—"ശരീരമാദ്യം ഖലു ധമ്മസാധനം" എന്ന പ്രമാണംകൊണ്ടു ശരീരം പുരുഷാത്ഥസാധകമാകയാൽ 'ഓതിയ' എന്ന പദത്തിന്നു മേൽ കാണിച്ച പ്രകാരം അത്ഥകല്പനം ചെയ്തിട്ടുള്ളതാകുന്നു. വ൦.

2-ാമതായ ആററപ്പടലം കഴിഞ്ഞു.

# ൩ നാട്ടുപ്പടലം.

**കോസലത്തിലുള്ള നാട്ടുപുറങ്ങളുടെ സമൃദ്ധിയെ കാണിക്കുന്നത്.**

32. വാങ്ക് അരും പാതംനാങ്കും
വകുത്ത വാന്മീകിയെമ്പാൻ
തീങ്കവി ശെവികളാര
ത്തേവരും പരുകച്ചെയ്താൻ
ആങ്കവൻ പുകഴ്ന്ത നാട്ടൈ
യമ്പെണ്ണ നറവമാന്തി
മൂങ്കൈയാൻ പേശലുററാ
ണെണ്ണയാൻ മൊഴിയലുറേറൻ.

പ:—വാങ്ക അരു=ഭേദപ്പെടുത്തുവാനരുതാത്ത, പാതം നാങ്കും= നാലു പാദങ്ങളേയും, വകുത്ത=കല്പിച്ച (ശ്ലോകമാക്കിയ), വാന്മീകിയെ മ്പാൻ=വാന്മീകിയെന്ന മുനിവരൻ, തീങ്കവി=മാധുൎയ്യമുള്ള കാവ്യം, തേ വരും=ദേവന്മാരും, ശെവികൾ ആര=ശ്രോത്രങ്ങൾ പൂൎണ്ണമാകുംവണ്ണം, പരുക=ശ്രവിപ്പാൻ വേണ്ടി, ശെയ്താൻ=കവനം ചെയ്തു. ആങ്കു അവൻ പുകഴ്ന്ത=അങ്ങിനെ അദ്ദേഹം പുകഴ്ത്തിയ, നാട്ടൈ=കോസലദേശത്തെ, മൂങ്കൈയാൻ പേശലുററാൻ എണ്ണ=മൂകനായവൻ പറയുവാൻ തുടങ്ങി യതുപോലെ, അമ്പു എണ്ണം=ആശയെന്ന, നറവം=മദ്യത്തെ, മാന്തി=കു ടിച്ച്, യാൻ മൊഴിയല് ഉറേറൻ=ഞാൻ പറയുവാനൊരുങ്ങി.

ഭാ:—സൎവ്വതന്ത്രസ്വതന്ത്രന്മാരായ ദേവന്മാൎക്കും ഋഷികൾക്കും കൂടെ യാതൊരു ഭേദഗതിയും ചെയ്വാൻ സാദ്ധ്യമല്ലാത്ത ശ്ലോകരൂപമായ കാ വ്യാമൃതത്തെ, പയോരാശിമഥനത്താലുണ്ടായ പീയൂഷത്തിൽ ആസക്ത ന്മാരായ അമരന്മാരും കൂടെ ആമോദമാൎന്നാസ്വാദിപ്പാൻ തക്കവണ്ണം അരു ളിച്ചെയ്ത ആദികവിയായ വാന്മീകിമുനിവൎയ്യനാൽ വൎണ്ണിക്കപ്പെട്ടിരിക്കു ന്ന ആ കോസലദേശത്തിലുള്ള നാട്ടുപുറത്തെപ്പററി മൂകനായ ഒരുവൻ ഉപന്യസിപ്പാൻ തുനിഞ്ഞതുപോലെ ഞാനും അതിന്മേലുള്ള മോഹമാകു ന്ന മദ്യം സേവിച്ചു മത്തനായി ഈ നാട്ടിൻെറ നന്മയെ പ്രകടിപ്പാൻ സന്നദ്ധനായിരിക്കുന്നു.

വി:—ശതകോടിഗ്രന്ഥവിസ്തൃതവും സത്യലോകപ്രസിദ്ധവുമായ ശ്രീരാമചരിതത്തെ ബ്രഹ്മദേവൻ ഭൂവാസികളിലുള്ള അനുഗ്രഹബുദ്ധിനി

മിത്തം മൎത്ത്യലോകത്തിലും പ്രസിദ്ധമാക്കിത്തീൎക്കേണമെന്നുള്ള മോഹത്തിന്മേൽ നാരദമഹൎഷിമുഖേന വാൽമീകിമുനിവൎയ്യനെ രാമായണം രചിപ്പാനായി പ്രേരിപ്പിച്ചു. തദവസരത്തിൽ സ്നാനത്തിന്നായി നദീതീരത്തെ പ്രാപ്തനായ അദ്ദേഹത്തിന്നു വ്യാധനാൽ വധിക്കപ്പെട്ട ഒരു ക്രൌഞ്ചപക്ഷിയെ കാണ്മാനിടവരികയും കാരുണ്യവശാൽ വ്യാധനെ ഉദ്ദേശിച്ചു ശാപപരവും ഛന്ദോമയവുമായ ഒരു വാക്യം അദ്ദേഹത്തിൻെറ മുഖത്തിൽ നിന്നുത്ഭവിക്കയും ചെയ്തു. അതായത്—

മാ നിഷാദ പ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീസ്സമാഃ
യൽ ക്രൌഞ്ചമിഥുനാദേകമവധീഃ കാമമോഹിതം.

ഈ ലോകത്തിൽ ആദ്യമായുണ്ടായ ഛന്ദസ്സ് ശ്ലോകം) ഇതുതന്നെ. ഇതുതന്നെയാണു രാമായണത്തിൻെറ ആദ്യശ്ലോകം. ഇതിനെ തുടൎന്നുകൊണ്ടാണദ്ദേഹം ശ്ലോകരൂപമായ രാമായണകാവ്യം ചമച്ചതും. കാവ്യഗ്രന്ഥങ്ങളിലും ആദിമമായത് ഇതുതന്നെ. അതിനാൽ രാമായണം ആദികാവ്യവും വാൽമീകി ആദികവിയുമായ്ഭവിച്ചു ഛന്ദോമയമായ വാക്യത്തെ ശ്ലോകമെന്നും പദ്യമെന്നും പറയുന്നു. "അപാദഃ പദസംഘാതോ ഗദ്യം പദ്യം ചതുഷ്പദം." പാദനിയമത്തോടുകൂടാത്തതായ പദസമുദായത്തെ 'ഗദ്യ'മെന്നും പാദനിയമത്തോടുകൂടിയ പദസമുദായത്തെ 'പദ്യം' എന്നും നിയമിച്ചിരിക്കുന്നു. പാദനിയമമെന്നുള്ളത് ഒരു പാദത്തിന്നു ഒന്നുമുതൽ ഇരുപത്താറുവരെ അക്ഷരങ്ങളുണ്ടായിരിക്കാമെന്നുള്ള ഛന്ദശ്ശാസ്ത്രസിദ്ധാന്തം. പാദങ്ങളാൽ നിബന്ധിക്കപ്പെട്ടതു പദ്യം. മേൽകാണിച്ച ഭാഗങ്ങളെ അധിഷ്ഠാനമാക്കി "വാണ്ടകരു പാതനാണ്ടകം വകുത്തു" എന്ന് ഈ കാവ്യകാരൻ പ്രയോഗിച്ചതാണ്.

സൎവ്വജ്ഞനായ ആദികവിയാൽ സവിശേഷം പുകഴ്ത്തപ്പെട്ട നാട്ടിനെ അല്പജ്ഞനായ ഞാൻ പുകഴ്ത്തിപറയുകയെന്നുള്ളതു ദുസ്സാദ്ധ്യമെന്നു കാണിപ്പാൻ "മൂണ്ട്കൈയാൻ പേശലുററാണെണ്ണ" എന്നും മധുമത്തന്നെന്നപോലെ തനിക്കും വാക്കിന്നു ഭ്രംശവും ക്രമക്കേടും സംഭവ്യമാണെന്നു കാണിപ്പാൻ "അമ്പെങ്ങനറവമാന്തി" എന്നും പ്രയോഗിച്ചു സ്വാഹങ്കാരത്തെ പരിഹരിച്ചിരിക്കുന്നു. ഫ.

33. വരമ്പെലാ മുത്തന്തത്തു
മടൈയെലാം പണ്ണിലമാനീർ
ക്കരമ്പെലാഞ്ചെമ്പൊൻമേതി
കുഴിയെലാങ്ക് കഴനീർക്കൊള്ളെ

പരമ്പെലാം പവളഞ്ചാലി
പരപ്പെലാമണ്ണം പൊങ്കർ
ക്കരമ്പെലാഞ്ചെന്തേൻ ശന്ത
ക്കാവെലാങ്കളിവണ്ടീട്ടം.

പ:—വരമ്പു എല്ലാം=വരമ്പുകളിലെല്ലാം, മുത്തം=മുത്തുകളും, തന്തും=(വെള്ളത്തെ) തടുത്തിട്ടുള്ള, മടൈയെലാം=മടകളിലെല്ലാം, പണിലം=ശംഖങ്ങളും, മാനീർ=പെരുവെള്ളത്തിൻെറ, കുരമ്പു എലാം=കരവെപ്പിലെല്ലാം, ചെമ്പൊൻ=ചെമ്പൊന്നും, മേതി=എരുമകളുടെ (അവ കിടക്കുന്ന), കുഴിയെലാം=കുഴികളിലെല്ലാം, കഴനീർക്കൊള്ളൈ=ചെങ്കഴനീർപ്പൂക്കളുടെ കൊള്ള(സമൃദ്ധി)യും, പരമ്പു എലാം=പരന്ന ഭാഗങ്ങളിലെല്ലാം, പവളം=പവിഴങ്ങളും, ശാലിപ്പരപ്പുഎലാം=നെൽക്കൃഷിയുള്ളേടത്തെല്ലാം, അണ്ണം=അരയന്നങ്ങളും, പാങ്കർ=(അവയുടെ) സമീപത്തിൽ കിടക്കുന്ന, കരമ്പു എലാം=കരിമ്പുത്തോട്ടങ്ങളിലെല്ലാം, ചെന്തേൻ=ചെന്തേനും, ശന്തം=ചന്തമുള്ള, കാ എലാം=മരക്കാവുകളിലെല്ലാം, കളി=കളിച്ചുനടക്കുന്ന, വണ്ടിൻ ഈട്ടം=വണ്ടുകളുടെ കൂട്ടവും (ഉണ്ട്.) വ.

34\. ആറപായരവമള്ളരാലൈപായമലൈയാലൈ
ച്ചാറപായോശൈവേലൈച്ചങ്കുവായ്പൊങ്കുമോതൈ
ഏറപായ്തമരനീരിലെരുമൈപായ്തുഴണിയിണ്ണ
മാറമാറാകിത്തമ്മിൽ മയങ്കുമാ മരുതവേലി.

പ: —ആറപായ്=നദീജലമൊഴുകുന്നതിനാലുണ്ടാകുന്ന, അരവം=ധ്വനിയും മള്ളർ=കൃഷിക്കാർ, ആലൈപായ്=ആലയിൽ കരിമ്പാട്ടുന്നതിനാലുള്ള, അമലൈ=ധ്വനിയും, ആലൈ=ആ ആലയിൽനിന്നും പുറപ്പെടുന്ന, ചാറ=കരിമ്പിൻനീർ, പായ്=പായുന്നതിനാലുണ്ടാകുന്ന, ഓശൈ=ശബ്ദവും, വേലൈ=(ജലാശയങ്ങളുടെ) കരകളിലുള്ള, ശങ്കുവായ്=ശംഖങ്ങളുടെ മുഖത്തിൽനിന്നു, പൊങ്കും=പൊങ്ങുന്ന, ഓതൈ=ഒച്ചയും, ഏറപായ്=കാളകൾ അന്യോന്യം കുത്തുന്നതിനാലുണ്ടാകുന്ന, തമരം=നിസ്സ്വനവും, നീരിൽ=വെള്ളത്തിൽ, എരുമൈപായ്=എരുമകൾ ഇറങ്ങികിടക്കുന്നതിനാലുണ്ടാകുന്ന, തുഴണി=ശബ്ദവും, ഇണ്ണ=ഇവയെപ്പോലുള്ള (മററ ധ്വനികളും) തമ്മിൽ, മാറമാറ ആകി=അന്യോന്യം ഒന്നിനൊന്നു മത്സരിച്ചുകൊണ്ട്, മരുതവേലി=വിളനിലത്തിൽ, മയങ്കും=ഒന്നിനൊന്നു തിരിച്ചറിവാൻ കഴിയാതെ മുഴങ്ങും. ന്നു.

35. തണ്ടലൈ മയില്കളാട
    ത്താമരൈ വിളക്കന്താങ്ക
    ക്കൊണ്ടല് കൺമുഴവിണേങ്ക
    ക്കുവളൈകൺവിഴിത്തുനോക്ക
    തെണ്ടിരൈ യെഴിനികാട്ട
    ത്തേമ്പിഴി മകരയാഴിൻ
    വണ്ടുകളിനിതുപാട
    മരുതംവീററിരുക്കുമാതോ.

പ:—തണ്ടലൈ=ചോലകളിൽ (രംഗങ്ങളിൽ), മയില്കൾ ആട=മയിലുകൾ (നടികൾ) നടനം ചെയ്യുകയും, താമരൈ=ചെന്താമരവള്ളികൾ, വിളക്കം താങ്ക=(പൂക്കളാകുന്ന) വിളക്കുകൾ പിടിക്കുകയും, കൊണ്ടല്കൾ=മേഘങ്ങൾ, മുഴവിൻ ഏങ്ക=മദ്ദളധ്വനി മുഴക്കുകയും, കുവളൈ=കരിങ്കുവളവള്ളികൾ, കൺ=(പുഷ്പങ്ങളാകുന്ന) കണ്ണുകളെ, വിഴിത്തു നോക്ക=മിഴിച്ചുനോക്കുകയും, തെൾതിരൈ=തെളിവുള്ള അലകളാകുന്ന, എഴിനി=തിരശ്ശീലകളെ, കാട്ട=(തടാകങ്ങൾ) കാട്ടുകയും, തേമ്പിഴി=മധുരമുള്ള മധുവിനു തുല്യമായ, മകരയാഴിൻ=മകരവീണയുടെ നിനാദംപോലെ, വണ്ടുകൾ=വണ്ടുകൾ (ഗായകന്മാർ), ഇനിതുപാട=മധുരമായ് പാടുകയും ചെയ്തുകൊള്ളത്തക്കവണ്ണം, മരുതം=മരുതനിലം (എന്ന രാജാവ്), വീററിരുക്കും=ഇരുന്നരുളും, (അൻറ_ഓ_ഇവ അശകൾ.)

ഭാ:—മരുതനിലം, ഒരു രാജാവു നൃത്തഗീതവാദ്യാദി രാജഭോഗങ്ങളോടൊത്തു വാഴുന്നവിധം കാണപ്പെട്ടു. ർ.

36. താമരൈപ്പട്ടവവണ്ടു
    ന്തകൈവരും തിരുവുന്തണ്ടാർ
    ക്കാമുകർപ്പട്ടവമാതർ
    കൺകളും കാമനമ്പും
    മാമുകിർപട്ടവവാരി
    പ്പവളമും വയങ്കുമുത്തും
    നാമുതർപട്ടവമെയ്യു
    നാമണ്ണർ പൊരുളുമണ്ണോ.

പ:—വണ്ടും=വണ്ടുകളും, തകൈവരും തിരുവും=അഴകേറിയ ലക്ഷ്മിയും, താമരൈ പട്ടവ=താമരപ്പൂക്കളിൽ തങ്ങുന്നു, മാതർകൺകളും=

വേശ്യകളുടെ നയനങ്ങളും, കാമൻ അമ്പും=മന്മഥൻെറ ബാണങ്ങളും, തൺതാർ=കുളുൎമ്മയുള്ള പൂമാലയണിഞ്ഞ, കാമുകർപടുവ=കാമുകന്മാരെ പ്രഹരിക്കുന്നു, വാരി=വാരിധിയിലുണ്ടായ, പവളമും=പവിഴവും, വയങ്ങ്കും=ശോഭിക്കുന്ന, മുത്തും=മുത്തുകളും, മാമുകില്പടുവ=വലിയ മേഘങ്ങളിൽ തങ്ങുന്നു. മെയ്യും=വാസ്തവവും, നാമം=പ്രബലമായ, നൂല്പൊരുളും=ശാസ്ത്രാൎത്ഥങ്ങളും, നാ മുതല്പടുവ=നാവിന്മേൽ തങ്ങുന്നു.

ഭാ:—ശോഭയുള്ള താമരപ്പൂക്കളിൽ വണ്ടു ചെന്നു മധുപാനം ചെയ്യുന്നു. വേശയുവതികളുടെ കടാക്ഷപാതത്താൽ കാമുകന്മാർ കാമബാണമേററ വലയുന്നു. മേഘങ്ങൾ സാഗരവാരിയോടുകൂടെ കയ്ക്കൊള്ളുന്ന മുത്തും പവിഴവും കൈവിടാതെ ലോകോപകാരത്തിന്നത്യാവശ്യമായ ജലത്തെ മാത്രം വൎഷിക്കുന്നു. സത്യവും ശാസ്ത്രാൎത്ഥവുമാണ് ജനങ്ങൾ പറയുന്നത്, അണ്ണോ=അശ.

വി:—എല്ലാം അതാതിന്നനുരൂപങ്ങളായ സ്ഥാനങ്ങളെ പ്രാപിക്കുകയും യഥായോഗ്യം ചേഷ്ടിക്കയും ചെയ്യുന്നു. 'കാമുകർപ്പടുവ'–എന്നതിനോടനായിക്കുന്നതിനാൽ "മാതർ" എന്ന പദത്തിന്നു വേശ്യകൾ എന്നൎത്ഥം കല്പിച്ചതാണ്. ഉ.

37. നീരിടൈയുറങ്ങ്കും ശങ്ക
നിഴലിടൈയുറങ്ങ്കുമേതി
താരിടൈയുറങ്ങ്കുംവണ്ടു
താമരൈയുറങ്ങ്കുഞ്ചെയ്യാൾ
തൂരിടൈയുറങ്ങ്കുമാമൈ
തുറൈയിടൈയുറങ്ങ്കുമിപ്പി
പോരിടൈയുറങ്ങ്കുമന്നം
പൊഴിലിടൈയുറങ്ങ്കും തോകൈ.

പ:—ശങ്കം=ശംഖങ്ങൾ, നീർഇടൈ=നീരിലും, മേതി=എരുമകൾ, നിഴല്ഇടൈ=മരത്തണലിലും, വണ്ടു=വണ്ടുകൾ, താർഇടൈ=പൂമാലയിലും, ശെയ്യാൾ=ശ്രീദേവി, താമരൈ=താമരപ്പൂവിലും, ഇപ്പി=മുത്തുച്ചിപ്പികൾ, തുറൈ ഇടൈ=ജലാശയങ്ങളിലും, ആമൈ തൂർ ഇടൈ=ആമ കരയിലുള്ള മരങ്ങളുടെ വേരുകളിലും, അന്നം=അരയന്നങ്ങൾ, പോർ ഇടൈ=വയ്ക്കോൽകുണ്ടകളിലും, തോകൈ–മയിലുകൾ, പൊഴില്ഇടൈ= ചോലകളിലും, ഉറങ്ങ്കും=ഉറങ്ങും (സുഖിക്കും.) സ.

38. പടൈയുഴവെഴന്തപൊണ്ണും
പണിലങ്കളുയിർത്തമുത്തും
ഇടറിയപരമ്പിർകാന്തു
മിണമണിത്തൊകൈയുനെല്ലും
മിടൈപത്തുണ്ട്കതിരുമീനു
മെൻറഴൈക്കരുമ്പും വണ്ടും
കടൈശിയർമുകമും പോതു
മ്ദ്കൺമലർന്തൊളിരുമാതോ.

പ:—പടൈ ഉഴ=കരികാംകൊണ്ടുഴതതിനാൽ, എഴന്ത=മലെ പൊത്തിവന്ന, പൊണ്ണും=സ്വർണ്ണവും, പണിലങ്കാം=ശംഖുകാം, ഉയിർ ത്ത=ഉത്ഭവിപ്പിച്ച, മുത്തും=മുത്തുകളും, ഇടറിയ പരമ്പിൽ=പലകനിര ത്തിയ നിലത്തിൽ, കാന്തും=പ്രകാശിക്കുന്ന, ഇണമണി തൊകൈയും=രത്ന വിശേഷങ്ങളുടെ സഞ്ചയവും, നെല്ലും=നെല്ലും, ഇടൈ പത്തു കതിർ=ഇട തിങ്ങിനില്ക്കുന്ന മുഴലങ്ങളായ കതിരുകളെ, ഈനും=നൽകുന്ന, മെല് ത ഴൈ=നല്ലതരം ഇലകളോടുകൂടിയ, കരിമ്പും=കരിമ്പുകളും, വണ്ടും=വണ്ടു കളും, കടൈശിയർ=ഉഴന്നവരുടെ, മുകമും=മുഖങ്ങളും, പോതും=പൂക്ക ളും, കൺമലർന്തൊളിരും=കൺമലൎന്നു വിളങ്ങും.

വി:—'കൺമലർന്തൊളിരും' ഇതിന്നു പൊന്നും മുത്തും മണിയും കി രണങ്ങളെ പൊഴിക്കുമെന്നും നെല്ല് എങ്ങും പരന്നുകാണുമെന്നും, കരു മ്പുകാം കണക്കളോടുകൂടെ ശോഭിക്കുന്നു, അല്ലെങ്കിൽ ഭൂമിയുടെ ഫലശ ക്തികൊണ്ടു പുഷ്ടി കൂടുന്ന കരിമ്പിൻതടികളിൽ നീർ തിങ്ങി പൊട്ടിത്തു റന്ന ദ്വാരത്തിലൂടെ പൊഴിയുന്നുവെന്നും, വണ്ടുകാം കാമിനീജനത്തിൻെറ കണ്ണുകാംക്കു തുല്യമായി വിളങ്ങുന്നുവെന്നും കടച്ചിയരുടെ മുഖങ്ങാം വിക സിതങ്ങളായ നയനങ്ങാം കൊണ്ടു ശോഭിക്കുന്നുവെന്നും, പൂക്കാം മധുവാ ന്നു വികസിച്ചു വിളങ്ങുന്നുവെന്നും താല്പൎയ്യം. ൧.

39. തെൾവിളിശിറിയാഴ്പാണർ
തേമ്പിഴിനറവമാന്തി
വിൾ വിശികരുവിയമ്പ
വയിൻ വയിൻ വഴങ്ങ്കുപാടല്
വെള്ളിവെണ്മാടത്തുമ്പർ
വെയില്വിരിപത്തുമെപ്പാർപള്ളി

എള്ളരുങ് കരുങ് കട്ടോകൈ
യിൻറയിലെഴപ്പമൻേറ.

പ:—തൊംവിളി=തൊംവിളിയെന്ന രാഗത്തിൽ പാട്ടമാറള്ള കഷ കഗീതത്തിന്നനുയോജ്യമായ, ശിറിയാഴ്=ചെറവീണയെ കയ്യൊണ്ടവരായ, പാണർ=ഗായകന്മാർ, തെം=മധുരമായ, പിഴി=വാററിയെടുക്കപ്പെട്ട, നറവം=മദ്യത്തെ, മാന്തി=പാനം ചെയ്ത്, വാംവിശികരുവി=വാറിട്ട മുറക്കപ്പെട്ട (ചമ്മവാദ്യമായ) മൃദംഗത്തിൻെറ ധ്വനി, പമ്പ=വീണാനാദത്തോടിണങ്ങി ധ്വനിക്കുംവണ്ണം, വയിൻ വയിൻ=ഓരോരിടത്തും, വഴങ്കു പാടർ=നടക്കുന്ന ഗാനം, വെള്ളി=വെള്ളികൊണ്ടു പണി ചെയ്യപ്പെട്ട, വെണ്മാടത്തു ഉമ്പർ=വെണ്മാടങ്ങളുടെ മേൽത്തട്ടുകളിൽ, വെയില്വിരി=ഒളി പരത്തുന്ന, പശുമ്പൊൻ=പശിമയുള്ള പൊന്നിനാൽ നിമ്മിക്കപ്പെട്ട, പള്ളി=ശയനത്തിൽ നിദ്ര ചെയ്യുന്ന, എാം അരു=നിന്ദിപ്പാനരുതാത്ത, കരുകൺ=കറുത്ത കണ്ണുകളോടുകൂടിയ, തോകൈ=മയിലിന്നൊത്ത മാനിനികളെ ഇൻറയിൽ=സുഖനിദ്രയിൽനിന്നു, എഴപ്പം=എഴുന്നേല്പിക്കും. അൻറ, ഏ. അശകാം.

ഭാ—“തൊംവിളിപ്പണ്ണു” എന്ന കഷകഗ്രാമീണന്മാർ പാട്ടമാറള്ള ഗാനഭേദത്തിനു യോജിച്ച ചെറവീണയും അതിൻെറ ശ്രുതിക്കിണങ്ങത്തക്കവണ്ണം വാറ മുറക്കിശ്ശരിപ്പെടുത്തിയ മൃദംഗവും പക്കവാദ്യമായ്വെച്ചുകൊണ്ടു മദ്യപാനത്താൽ ഉന്മേഷം പൂണ്ടവരായ ഗായകന്മാർ എല്ലായിടത്തും നടത്തിവരുന്ന ഗീതങ്ങൾ, വെള്ളികൊണ്ടു നിമ്മിക്കപ്പെട്ടിട്ടുള്ള മാളികകളുടെ മേൽതട്ടുകളിന്മേൽ കാന്തികോലുന്ന കാഞ്ചനമയങ്ങളായ മഞ്ചങ്ങളിൽ നിദ്ര ചെയ്യുന്നവരും മയിൽപേടകളെപ്പോലെ മോഹനാംഗികളുമായ നീലായതാക്ഷികളെ സുഖനിദ്രയിൽ നിന്നുണത്തുന്നു. വ്യ.

40. ആലൈവായ് കരുമ്പിൻ തേണു
മരിതലൈപ്പാളൈത്തേണും
ചോലൈ വായ് കണിയിൻ തേണു
ന്തൊടൈയിഴിയിറാലിൻ തേണും
മാലൈ വായുകുത്ത തേണും
വരമ്പികന്തോടിവങ്ക
വേലൈ വായ് മടുപ്പവുണ്ട
മീണെലാം കളിക്കുമാതോ.

പ:—ആലൈവായ്=ആലയിൽ (കരിമ്പാട്ടുന്ന ചക്കിൽവെച്ചു മർദ്ദിച്ചു), കരുമ്പിൻ തേണും=കരിമ്പിൻ നീരും, അരി തലൈ=തലപ്പുകൾ മുറിച്ചു, പാളൈ=(തെങ്ങു മുതലായവയുടെ) കലകളിൽനിന്നുണ്ടാകുന്ന, തേണും=കള്ളും, ചോലൈവായ്=പൂഞ്ചോലകളിലുള്ള, കനിയിൻ തേണും=മുപ്പഴങ്ങളുടെ ചാറും, തൊടൈ=ഒന്നിച്ചു തുടച്ച്യായ്, ഇഴി=ഒഴുകുന്ന, ഇറാലിൻ തേണും=ഈച്ചകൂട്ടിയ തേനും, മാലൈവായ്=പൂമാലകളിൽനിന്നു, ഉകുത്ത തേണും=പൊഴിഞ്ഞ തേനും, വരമ്പു ഇകന്തു ഓടി=അളവില്ലാതൊഴുകിപ്പാഞ്ഞു്, വങ്കം=കപ്പലുകൾ സഞ്ചരിക്കുന്ന, വേലൈവായ്=കടലിൽ, മടപ്പു=ചെന്നു ചേരുമ്പോൾ, മീൻ എലാം=(അവിടെയുള്ള) മീനുകളെല്ലാം, ഉണ്ടു=(ആ തേനിനെ) പാനം ചെയ്തു, കളിക്കും=സുഖിക്കും, മാതു=ഓ. അശകൾ.

വി:—ഇങ്ങിനെ ഉപഭുക്തശേഷങ്ങളായ കരിമ്പിൻ നീർ മുതലായ മധുരദ്രവങ്ങൾ പലവഴിയും ചേൎന്നൊഴുകി പയോരാശിയിൽ അഗാധമായ കപ്പൽച്ചാൽവരെ ചെല്ലുന്നതായി പറഞ്ഞതിനാൽ നാട്ടുപുറങ്ങളുടെ ഫലസമൃദ്ധി കാണിച്ചിരിക്കുന്നു. ൻ.

41. പൺകൾ വായ്മിഴററമിൻചൊർ
കടൈശിയർ പരന്തുനീണ്ട
കൺകൈ കാൽമുകം വായൊക്കു
ങ്കളൈയലാർകളൈയിലാമൈ
ഉൺകൾ വാർകടൈവായ്മള്ളർ
കളൈകലാതുലാവിനിർപ്പാർ
പെൺകൾ പാൽവൈത്തനേയം
പിഴൈപ്പരോ ശിറിയോർപെററാല്.

പ—പൺകൾ=പാട്ടുകൾപോലെ, വായ്മിഴററം=വായിനാൽ ഭാഷണം ചെയ്യും, ഇൻ ശൊല്=മധുരമൊഴികളായ, കടൈശിയർ=പുലച്ചികളുടെ, പരന്തു നീണ്ട=വിശാലവും ആയതവുമായ, കൺ=കണ്ണുകളേയും, കൈ=കരങ്ങളേയും, കാല്=പാദങ്ങളേയും, മുകം=മുഖങ്ങളേയും, വായ്=വായ്കളെയും, ഒക്കും=ഒക്കുന്ന, കളൈ അലാൽ=കളകളല്ലാതെ, കളൈ ഇലാമൈ=പുല്ലു മുതലായ മററു കളകൾ ഇല്ലായ്കയാൽ, ഉൺ=കുടിക്കുന്ന, കൾ വാർ=കള്ളൊഴുകിക്കൊണ്ടിരിക്കുന്ന, കടൈവായ്=കോർവായോടുകൂടിയ, മള്ളർ=പുലയർ, കളൈകലാതു=അവററെ കളയുവാൻ മന

സ്സില്ലാതെ, ഉലാവി നിർപ്പാർ=ച്ചററി നടന്നുകൊണ്ടിരിക്കും. (എന്തുകൊണ്ടെന്നാൽ) ശിറിയോർ=താണ തരക്കാർ, പെററാല്=കൈക്കൊണ്ടാൽ, പെൺകാം പാൽവൈത്ത=പെണ്ണുങ്ങളിൽ ഉറപ്പിച്ച, നേയം=സ്നേഹത്തെ, പിഴൈപ്പരോ=മാററമോ (മാററുന്നതല്ല.)

ഭാ:—ഗാനം ചെയ്യുന്നതുപോലെ മധുരമാംവണ്ണം ഭാഷണം ചെയ്യുന്ന പുലയസ്ത്രീകളുടെ നീണ്ടു വിശാലങ്ങളായ നയനങ്ങാംക്ക തുല്യങ്ങളായ നീലോല്പലങ്ങളും, ഹസ്തപാദമുഖങ്ങാംക്ക തുല്യങ്ങളായ രക്തോല്പലങ്ങളും, വായ്ക്കു തുല്യങ്ങളായ ചെവ്വല്ലിപ്പൂക്കളുമാകുന്ന കളകളല്ലാതെ മററ പുല്ലു മുതലായ കളകളൊന്നും വയലിലില്ലാതിരുന്നതിനാൽ കള്ളുകുടിയന്മാരായ പുലയന്മാർ മേല്പറഞ്ഞ (തങ്ങടെ കാന്തമാരുടെ അംഗങ്ങാംക്ക പമാനങ്ങളായ) നീലോല്പലാദികളായ കളകളെ പറിച്ചുകളയുവാൻ മനസ്സവരാതെ ഉദാസീനന്മാരായി നടന്നുകൊണ്ടിരിക്കും. കിഴിഞ്ഞ തരക്കാക്കു കാമിനികളിൽ പ്രേമം പതിഞ്ഞുപോയാൽ അതിന്നു ഭേദഗതി വരുന്നതല്ല. ൹,

42. പുതുപ്പുണല് കുടയുമാതർ
പൂവ്വോട്ടനാവി പൂത്ത
കതുപ്പുറ വെറിയേനാറ
ങ്കരുങ്കടററരങ്കമെൻറാൻ
മതുപ്പൊതിമഴലൈച്ചെവ്വായ്
വാാംക്കടൈക്കണ്ണിൻമൈന്തർ
വിതുപ്പുറ നോക്കുമണ്ണാർ
മികുതിയൈ വിളമ്പലാമേ.

പ:—പുതുപ്പുണല്=പുതുവെള്ളത്തിൽ, കുടൈയും=കുളിക്കുന്ന, മാതർ=സ്ത്രീകളുടെ, പൂവോട്ട നാവിപൂത്ത=പുഷ്പങ്ങളും കസ്തൂരിയും ചേൎന്നുള്ള, കതുപ്പു ഉറ=അളകഭാരത്തിൽ തങ്ങിനില്ക്കുന്ന, വെറിയെ=പരിമളംതന്നെ, കരുകടല് തരങ്കം=കരുങ്കടലിൻെറ അലകളിൽ, നാറം എൻറാൽ=വാസിക്കുമെങ്കിൽ, മതു പൊതി=മധു പൊതിഞ്ഞിരിക്കുന്ന (തേനൊലുന്ന), മഴലൈ=കൊഞ്ചും മൊഴിയോടും, ചെവ്വായ്=ചുവന്നവായോടും(കൂടിയ), വാാം=വാളിന്നൊത്ത, കടൈക്കണ്ണിൻ=കടക്കണ്ണുകളാൽ, മൈന്തർ=പുരുഷന്മാർ, വിതുപ്പു ഉറ=കാമിച്ചുഴലുംവണ്ണം, നോക്കും=നോക്കുന്ന, അണ്ണാർ=അവരുടെ (ആ സ്ത്രീകളുടെ), മികുതിയൈ=വൎദ്ധനയെ, വിളമ്പല് ആമേ=പറയാമെല്ലോ.

ഭാ:—ആ നാട്ടിലെ സ്ത്രീകൾ കുളിക്കുമ്പോൾ ആ വെള്ളം അവരുടെ അളകങ്ങളിലുള്ള സൌരഭ്യത്തെ വഹിച്ചുകൊണ്ടു നദീമാൎഗ്ഗമായൊഴുകി കരുങ്കടലിൽ ചെന്നുചേൎന്നു അതിന്റെ ഓൎന്നാററം നീക്കിക്കളഞ്ഞ് അതിനെയും സുഗന്ധിയാക്കിത്തീൎക്കുന്നതുകൊണ്ട് അവിടെയുള്ള സ്ത്രീജനത്തിന്റെ സമൃദ്ധി ഇത്രത്തോളമുണ്ടെന്നു പറയുവാൻ കഴിയുമെല്ലോ. ൫൨.

43. വെണ്ടളക്കലവൈച്ചേര
ങ്കുങ്കുമവിരൈമെൻ ചാന്തും
കുണ്ടലക്കോലമൈന്തർ
കുടൈന്തനീർക്കൊളെള ശാററില്
തണ്ടലൈപ്പരപ്പും ശാലി
വേലിയും തഴീഇയവൈപ്പും
വണ്ടലിട്ടോട്ടു മണ്ണു
മതുകരമൊയ്ക്കുമാതോ.

പ:—വെൾതളംകലവൈശേരും=വെളുത്തു വിലസുന്ന പച്ചക്കൎപ്പൂരം മുതലായവ ചേൎത്തുണ്ടാക്കിയ ചന്ദനക്കൂട്ടിനേയും, കുങ്കുമം വിരൈമേല് ചാന്തും=കുങ്കുമപ്പൂ മുതലായവ ചേൎത്തു പരിമളഭരിതമാക്കിത്തീൎക്കപ്പെട്ട മൃദുവായ ചന്ദനച്ചാറിനേയും, (പൂശിക്കൊണ്ടിരിക്കുന്ന) കുണ്ഡലം=കുണ്ഡലത്തെയണിഞ്ഞ്, കോലം=അഴകിയലുന്ന, മൈന്തർ=പുരുഷന്മാർ, കുടൈന്ത=കുളിച്ച, നീർകൊളെള ശാററില്=ജലത്തിന്റെ സമൃദ്ധിയെ പറയുന്ന വിഷയത്തിൽ, തണ്ടലൈപ്പരപ്പും=പൂഞ്ചോലപ്പരപ്പുകളിലും, ശാലിവേലിയും=നെൽവയലുകളിലും, തഴീഇയ=ഇവയോടുചേൎന്ന, വൈപ്പും=തരിശുനിലങ്ങളിലും, വണ്ടലിട്ടൊട്ടും=ചളിവെള്ളം കയററിയിട്ടുംകൊണ്ടുപോകുന്ന, മണ്ണും=മണ്ണിലും, മതുകരം=വണ്ടുകൾ, മൊയ്ക്കും=പററിച്ചേരും. മാതു, ഓ, അശകൾ.

ഭാ:—നാട്ടുപുറത്തിൽ പലതരം ചന്ദനക്കൂട്ടുകൾ പൂശുന്നവരായ പുരുഷന്മാർ കുളിപ്പാനുപയോഗിച്ച വെള്ളം ഒഴുകി പൂഞ്ചോലകളിലും നെൽവയലുകളിലും തരിശു നിലങ്ങളിലും പരക്കുന്നതിനാൽ അവിടങ്ങളിലും അപ്പുറം കുത്തിയൊലിച്ചുപോകുമ്പോൾ ഇരുവശത്തും പടിയുന്ന ചളിമണ്ണിന്മേലും വണ്ടുകൾ വിരഞ്ഞുചെന്നു മണം നുകരുന്നു.

വി:—ഇങ്ങിനെ കുളിച്ച വെള്ളത്തിന്റെ പെരുക്കം പറഞ്ഞതിൽ നിന്നു പുരുഷന്മാർ അത്രമാത്രം കൂട്ടതലുണ്ടെന്നും വെള്ളമൊഴുകി പരക്കു

ന്നോടങ്ങളിലെന്നല്ല അതിനോട്ട കലന്ന മണ്ണിൽപോലും സുഗന്ധലോലു പങ്ങളായ ഷട്പദങ്ങൾ ചെന്നുചേരുന്നതായി പറഞ്ഞതിൽനിന്ന് അവർ ഉപയോഗിക്കുന്ന അംഗരാഗം അത്രമാത്രം പരിമളവാഹിയാണെന്നും കാണിക്കുന്നു. ൧൨.

44. ശേലുണ്ട വൊൺകണാരി
റതിരികിൻറ ശെങ്കാലണ്ണം
മാലുണ്ട നളിണപ്പള്ളി
വളത്തിയമഴലൈപ്പിള്ളൈ
കാലുണ്ട ശേറമേതി
കൻവള്ളിക്കണൈപ്പച്ചോർന്ത
മാലുണ്ട തുയിലപ്പച്ചൈ
ത്തേരൈതാരാട്ടും പണ്ണൈ.

പ:—പണ്ണൈ=വയലുകളിൽ, ശേല് ഉണ്ട=മീനങ്ങൾക്കു തുല്യമായി, ഒൾ കണ്ണാരിൻ=കാന്തി കോലുന്ന കണ്ണിണകളിണങ്ങിയ കാമിനികളെ പ്പോലെ, തിരികിൻറ=ചുററി നടക്കുന്ന, ശെങ്കാല്അണ്ണം=ചുവന്ന കാലുകളോടുകൂടിയ അരയന്നങ്ങൾ, മാല്ഉണ്ട=മഹത്വമുള്ള, നളിനം=താമരപ്പൂക്കളാകുന്ന, പള്ളി=ശയ്യയിൽ, വളത്തിയ=വളത്തിവരുന്ന, മഴലൈപ്പിള്ളൈ=ഇളംകുഞ്ഞങ്ങൾ, കാല്ഉണ്ട=കാലിൽ പററിയ, ശേറ=ചേറോടുകൂടിയ, മേതി=എരുമകൾ, കാറ ഉള്ളി=(ഗോഷ്ഠത്തിൽ തങ്ങൾ വിട്ടുപിരിഞ്ഞു വന്ന) കിടാങ്ങളെ നിനച്ച്, കണൈപ്പ=കതറുമ്പോൾ, ശോർന്ത=(സ്നേഹാധിക്യത്താൽ) ചുരന്നൊഴുകുന്ന, പാൽ ഉണ്ട തുയില-പാൽ കുടിച്ചുറങ്ങുമ്പോൾ, പച്ചൈത്തേരൈ=പച്ച നിറത്തിലുള്ള തവളകൾ, താരാട്ടും=താലോലിക്കും.

ഭാ:—വയലുകളിൽ മീനായതചാരുലോചനകളായ കാമിനികളെപ്പോലെ ചുററിനടക്കുന്ന അരയന്നങ്ങൾ, താമരമലർമെത്തമേൽ കിടത്തി വളത്തിവരുന്ന കുഞ്ഞങ്ങൾ, അവിടെ ചളിപ്രദേശത്തു നിന്നുകൊണ്ടിരിക്കുന്ന എരുമകൾ പട്ടിയിൽ വിട്ടേച്ചുവന്നിട്ടുള്ള തങ്ങളുടെ കിടാങ്ങളെ നിനച്ചു കതറുമ്പോൾ അവയുടെ മുല ചുരന്നൊഴുന്ന പാൽ കുടിച്ചുറങ്ങുമ്പോൾ പച്ചത്തവളകൾ അവയെ താരാട്ടുന്നു.

വി:—താമരകൾ യഥേഷ്ടം വളന്നു ചക്രവാകങ്ങൾ അവയിൽ കുടികൊള്ളത്തക്കവണ്ണം വയലിനുള്ള ജലസമൃദ്ധിയെ കാണിച്ചിരിക്കുന്നു. ൧൩.

45. കുയിലിണം വതുവൈ ശെയ്യ
കൊമ്പിടൈക്കുണിക്കു മഞ്ഞൈ
അയില് വിഴിമകളീരാട്ട
മരങ്കിനുക്കഴകു ശെയ്യ
പ്പയില് ശിറൈയരശവണ്ണം
പൻമലർപ്പള്ളിനിൻറും
തുയിലെഴത്തുംപികാലൈ
ച്ചെല്വഴി മുരല്വശോലൈ.

പ:—ശോലൈ=ചോലകളിലുള്ള, കുയിൽ ഇണം=കുയിൽക്കൂട്ടം, കൊമ്പു ഇടൈ=മരക്കൊമ്പുകളിൽ, വതുവൈ ശെയ്യ=വേളി നടത്തുകയും, കുണിക്കും=ആടുന്ന, മഞ്ഞൈ=മയിലുകൾ, അയില്വിഴി—വേലിന്നു തുല്യമായ നയനങ്ങളോടുകൂടിയ, മകളിർ=സ്ത്രീകൾ (നടികൾ), ആട്ടം=ആടുന്ന, അരങ്കിനുക്കു=നാടകശാലക്കു, അഴകുശെയ്യ=അലങ്കാരം ചെയ്യുകയും, പയില് ശിറൈ=ഇടചേൎന്ന ചിറകുകൾ പൂണ്ട, അരശു അണ്ണം= രാജഹംസങ്ങൾ, പല്=പല, മലർപ്പള്ളി നിൻറു=താമരപ്പൂക്കളാകുന്ന ശയ്യയിൽനിന്നു, തുയില് എഴ=ഉറക്കമുണരുകയും ചെയ്യുമ്പോൾ, തുമ്പി= വണ്ടുകൾ, കാലൈ=പ്രഭാതസമയത്തിൽ, ചെവ്വഴി=ചെവ്വഴിയെന്ന ഗീതം, മുരല്വ=പാടുന്നു.

ഭാ:—പ്രഭാതത്തിൽ പൂഞ്ചോലകളിലുള്ള മരക്കൊമ്പുകളിലിരുന്നു കൊണ്ടു കുയിലുകൾ വേളി നടത്തുന്നു; വേലൊത്ത മിഴികളായ നാടകപ്പെൺമണികൾ നടനം ചെയ്യുന്ന നാടകശാലയെപ്പോലും ശോഭനമാക്കുവാൻ കഴിയുംവണ്ണം മയിലുകൾ ആടുന്നു; തടാകങ്ങളിൽ കമലങ്ങളാകുന്ന ശയ്യകളിൽ നിദ്രചെയ്യുന്ന രാജഹംസങ്ങൾ ഉണരുന്നു; മധുകരങ്ങൾ പ്രഭാതഗീതം പാടുന്നു.

വി:—'മലർപ്പള്ളി നിൻറു' എന്നതിൽ മലർ=താമരപ്പൂവെന്നൎത്ഥം കല്പിച്ചതു് ഹംസങ്ങളുടെ ആവാസം താമരപ്പൊയ്കയാണെന്നുള്ള പ്രസിദ്ധിയെ അടിസ്ഥാനപ്പെടുത്തിയാകുന്നു. "കാലൈച്ചെവ്വഴി"=പ്രഭാതത്തിൽ ഭൂപാളം മുതലായ രാഗങ്ങളിൽ പാടിവരാറുള്ള ഗീതങ്ങൾ. ഫർ.

46. പൊരുന്തിയമകളീരോടു
വതുവൈയിർ പൊരുന്തുവാരും
പരുന്തൊടു നിഴല്ശെൻറണ്ണ
വിയലിശൈപ്പയൻറുയ്പ്പാരും

മരുന്തിങ്ങുമിനിയകേറംവി
ശെവിയുറമാന്തുവാരും
വിരുന്തിനർ മുകം കണ്ടങ്ങ
വിഴാവണി വിരുമ്പുവാരും.

പ:—പൊരുന്തിയമകളിരോടു=അനുരൂപിണികളായ കാമിനികളോടു, വതുവൈയില് പൊരുന്തുവാരും=വിവാഹച്ചടങ്ങിൽ ഏർപ്പെട്ടിരിക്കുന്നവരും, പരുന്തോടു=പരുന്തിനോടുകൂടെ, നിഴല് ശെൻറങ്ങ=നിഴലും ചെല്ലുംവണ്ണമുള്ള, ഇയല്=ലക്ഷണം ചേൎന്ന, ഇശൈപ്പയൻ=അനുരാഗഫലത്തെ, ഉയ്പ്പാരും=അനുഭവിക്കുന്നവരും, മരുന്തിങ്ങും=അമൃതത്തെക്കാളും, ഇനിയ=ആസ്വാദ്യമായ, കേറംവി=ശാസ്ത്രശ്രവണത്തെ, ശെവി ഉറ=ശ്രോത്രങ്ങളാൽ ഗ്രഹിച്ച്, മാന്തുവാരും=അനുഭവിക്കുന്നവരും, വിരുന്തിനർ=വിരുന്നുകാരുടെ, മുകം കണ്ടു_മുഖങ്ങളെക്കണ്ട്, അങ്ങ വിഴാ അണി=അന്നദാനോത്സവം കൊണ്ടാടുവാനുള്ള അലങ്കാരത്തെ, വിരുമ്പുവാരും=ആഗ്രഹിക്കുന്നവരുമായിരുന്നു.

ഭാ:—ചിലർ കുലശീലാദികളാൽ തങ്ങറംക്ക തുല്യകളായ തരുണീമണികളെ പാണിഗ്രഹണം ചെയ്യുന്ന ചടങ്ങുകളെ നടത്തുന്നു; മററ ചിലർ പരുന്തിനെ അതിൻെറ നിഴലെന്നപോലെ തങ്ങളെ അനുകരിക്കുന്ന പ്രാണവല്ലഭമാരോടൊത്തു വാഴുന്നതിനാലുള്ള പ്രേമഫലത്തെ ഭുജിക്കുന്നു; വേറെ ചിലർ അമൃതിനെക്കാളും ആസ്വാദ്യമായ ശാസ്ത്രപ്രസംഗങ്ങളെ കേട്ട് അതിലുള്ള തത്വം ഗ്രഹിക്കുന്നു; പിന്നെച്ചിലർ വിരുന്നുകാരെ (അതിഥികളെ) കണ്ട് അന്നദാനമാകുന്ന ഉത്സവം നടത്തുന്നതിന്നു വേണ്ടുന്ന ഒരുക്കങ്ങറം ചെയ്യുന്നു. ൪൬.

47. കറപ്പുറമനമുങ്കണ്ണിർ
ച്ചെവപ്പുറത്തുട്ടങ്കാട്ടി
ഉറപ്പുറപടൈയിററാക്കി
യുറപൈകെയിൻറിച്ചീറി
വെറപ്പിലകളിപ്പിൻവെമ്പോർ
മതുകൈയ വീരവാഴ്കൈ
മറപ്പടവാവിപേണാ
വാരണം പൊരുത്തുവാരും.

പ: —കരപ്പു ഉറ=കോപമേറിയ, മനമും=മനസ്സിനേയും, കണ്ണിൻ= കണ്ണുകളെപ്പോലെ, ശെവപ്പു ഉറ=ചുവപ്പുനിറം കലന്ന, ശ്ലൂട്ടം=ശിരസ്സിലുള്ള കൊണ്ടയും, കാട്ടി=കാണിച്ചു, ഉറപ്പു=അവയവത്തിൽ, (കാലിൽ) ഉറ=ഉള്ള, പടൈയിൻ=മുള്ളാകുന്ന ആയുധത്താൽ, താക്കി=പരസ്പരം പ്രഹരിച്ച്, ഉറ പകൈ ഇൻറി=പൂർവ്വത്തിൽ വൈരം ഇല്ലാതെതന്നെ, ശീറി=കോപിച്ചും, വെറപ്പുഇല്=പൊരുതുന്നതിൽ വെറപ്പില്ലാതേയും, കളിപ്പിൻ=ആവേശത്താൽ, വെംപോർ=ഞെരുങ്ങിയ പോരിൽ, മതുകൈയ= പരാക്രമമുള്ള, വീരവാഴ്ക്കൈ മറപ്പട=തങ്ങടെ വീരവൃത്തിക്കു കളങ്കം ഭവിച്ചാൽ, ആവി പേണാ=ജീവനെപ്പോലും ഗണിക്കാത്ത, വാരണം=പൂവ്വൻകോഴികളെ, പൊരുത്തുവാരും=പോർ ചെയ്യിക്കുന്ന പുരുഷന്മാരും ഉണ്ട്.

ഭാ:—വീരധൎമ്മം കയ്ക്കൊണ്ടു പ്രാണഭയംപോലുമില്ലാതെ എതിരാളിയിൽ വൈരം വെച്ചു വാശിയോടെ പൊരുതുന്ന കോഴികളെക്കൊണ്ടങ്കം നടത്തിക്കുന്ന പുരുഷന്മാരും ഉണ്ട്. ൫൭

48. ഏരുമൈ നാകീൻറ ശെങ്ക
ണേററയോടേററശീററ
ത്തുരുമിവൈയെണ്ണത്താക്കി
യൂഴറനെരുക്കിയൊൻറായ്
വിരിയിരു ളിരണ്ടുക്കൂറായ്
വൈകുണ്ടണവണൈയനോക്കി
അരിയിണം കുഞ്ചിയാർപ്പ
മഞ്ചുറവാർക്കിൻറാരും.

പ:—എരുമൈനാകു=എരുമകൾ, ഈൻറ=പെററ, ശെങ്കൺ= ചുവന്ന കണ്ണുകളോടുകൂടിയ, ഏററയോടുഏററൈ=ഒരു പോത്തുക്കിടാവിനോടു മറെറാരു പോത്തുക്കിടാവ്, ഇവൈ=ഇവകൾ, ചീററത്തു=രോഷമിയന്ന, ഉരുമ എണ്ണ=ഇടികൾ (സ്തനിതങ്ങൾ) ആണെന്നു കാണികൾ പറയത്തക്കവണ്ണം, താക്കി=തമ്മിൽ മുട്ടി, ഊഴ് ഉറ=വൈരം വദ്ധിക്കത്തക്കവണ്ണം, നെരുക്കി=തലകൾ തമ്മിൽ ചേത്തു ഞെരുക്കി, ഒൻറായ്=ഒരേ ശരീരംപോലെയായ്, വിരിഇരുൾ=പരന്ന ഇരുട്ട്, ഇരണ്ടു കൂറായ്=രണ്ടു ഭാഗമായ്, വെകുണ്ടണ അണൈയ=കോപിച്ചുനില്ക്കുമ്പോലെ കാണപ്പെടുന്ന അവയെ, നോക്കി=കണ്ട്, അരിയിണം=വണ്ടിൻകൂട്ടങ്ങൾ, കുഞ്ചി (പോത്തുക്കിടാങ്ങളുടെ) ശിരസ്സുകളിൽ; ആർപ്പ=ആത്തുകൊണ്ടിരിക്കെ, മഞ്ചുഉറ=മേഘമണ്ഡലംവരെ കേൾക്കത്തക്കവിധം, ആർക്കിൻറാരും= ആത്തുവിളിക്കുന്ന പുരുഷന്മാരും ഉണ്ട്.

ഭാ:—യുവാക്കന്മാർ തങ്ങളുടെ എരുമകറം പെററവണ്ടായ ബലശാലികളായ പോത്തുക്കിടാങ്ങളെ തമ്മിൽ മുട്ടുവാൻ വിടുകയും അവ വൈരം കലൻറു വാശിയോടെ പൊരുതുന്നതിലുള്ള ജയാപജയങ്ങളിൽ പക്ഷം പിടിച്ചുകൊണ്ട് അത്യുച്ചത്തിൽ ആപ്പുവിളിക്കയും ചെയ്യുന്നു.

വി:—'ശെങ്കൺ' എന്നത് ശൌര്യത്തേയും, 'ഉരുമുഎണ്ണ' എന്നു കൊമ്പുകറം തമ്മിൽ മുട്ടുമ്പോഴുള്ള ഉച്ചധ്വനിയേയും, 'വിരി ഇരുറം' എന്നതിനാൽ അവയുടെ കരപ്പുനിറത്തേയും, 'അരിയിണം കുഞ്ചി ആപ്പ്' എന്നതിനാൽ അവയുടെ തലയിൽ പൂമാലയണിഞ്ഞിട്ടുള്ളതിനേയും കാണിക്കുന്നു. ൧൯.

49. മുള്ളരൈമുളരിവെള്ളി
മുളൈയിറ മുത്തും പൊണ്ണും
തള്ളുറ മണികറം ചിന്ത
ച്ചലംചലം പുലമ്പച്ചാലില്
ത്തുള്ളിമീൻറടിപ്പവാമൈ
തലൈപുടൈച്ചുരിപ്പത്തുമ്പി
ന്റെറംവരാലൊളിപ്പമള്ള
രുഴറപകട്ടുരപ്പുവാരും.

പ:—മുറം അരൈ=മുള്ളുകറം പെരുത്തിരിക്കുന്ന, മുളരി=താമരകളുടെ, വെള്ളിമുളൈ=വെളുത്ത മുളകറം, ഇറ=ഒടിയുകയും, മുത്തും പൊണ്ണും=മുത്തുകളും സ്വർണ്ണവും, തറം ഉറ=തള്ളപ്പെടുകയും, മണികറം=രത്നങ്ങറം, ചിന്ത=ചിതറുകയും, ചലഞ്ചലം=ചലഞ്ചലമെന്ന ഒരുതരം ശംഖുകറം,പുലമ്പ=മുഴങ്ങുകയും, ചാലില്=നീർച്ചാലുകളിൽ, മീൻ തുള്ളിത്തുടിപ്പ=മീനുകറം തുള്ളിച്ചാടുകയും, ആമൈ=ആമകറം, തലൈ=തലയും, പുടൈ=പാശ്വങ്ങളിലുള്ള പാദചതുഷ്ടയത്തേയും, ചുരിപ്പ=ഉള്ളടക്കമായി ചുരുക്കുകയും, വരാല്=ബ്രാൽമത്സ്യങ്ങറം, തുമ്പിണറം=ബിലങ്ങളിൽ, ഒളിപ്പ=ഒളിക്കുകയും, മള്ളർ ഉഴ പകട്ടു ഉരപ്പുവാരും=ഉഴുന്നവർ ഉഴവുകാളകളെ തെളിക്കുകയും ചെയ്യുന്നു.

വി:—താമരയേയും ജലജന്തുക്കളേയും പറഞ്ഞതിൽനിന്നു നാട്ടിലെ ജലസമൃദ്ധിയും സുവർണ്ണാദികളെ പറഞ്ഞതിൽനിന്നു ധനസമൃദ്ധിയും കാണിച്ചിരിക്കുന്നു.

50. മുന്തുമുക്കണിയിനാണാ
മുതിരൈയിൻ മുഴത്തനെയ്യിർ
ചെന്തയിർ കണ്ടങ്ക്കണ്ട
മിടൈയിടൈ ശെറിന്ത ശോററിൽ
തന്തമിലിരുന്തുതാമും
വിരുന്തൊടും തമരിണോടും
അന്തണരമുതരുണ്ടി
യയില്വുറമമലൈത്തെങ്കും.

പ:—എങ്കും=ആ നാട്ടിലെങ്ങും, മുന്തും=കനികളിൽ മുഖ്യമായ, മുക്കണിയിൻ=മുപ്പഴങ്ങളാലും, നാണാമുതിരൈയിൻ=പലവകയായ പരുപ്പിനാലും, മുഴത്ത=അവ മുഴുവനും മുങ്ങത്തക്ക, നെയ്യിൻ=നെയ്യിനാലും, ചെന്തയിർക്കണ്ടം=ചുവപ്പുനിറം കലന്ന തയിർക്കട്ടകളാലും, കണ്ടം=കല്ക്കണ്ടിനാലും, ഇടൈയിടൈ ശെറിന്ത=ഇടക്കിടെ ചേക്കപ്പെട്ട, ചോററിൻ=അന്നത്തെ, തം തം ഇൽ ഇരുന്തു=അവരവരുടെ ഭവനങ്ങളിലിരുന്നുകൊണ്ട്, താമും=തങ്ങളും, വിരുന്തൊടും=വിരുന്നുകാരോടും (അതിഥികളോടും), തമരിണോടും=സ്വന്തജനങ്ങളോടുംകൂടെ, അന്തണർ=ബ്രാഹ്മണർ, അമുതർ ഉണ്ടി=ദേവന്മാരുടെ അന്നമായ അമൃതംപോലെ രുചികലന്ന്, അയില്വു കുറം=ഉണ്ണുന്ന, അമലൈത്തു=അമളിയോടു (നിനാദത്തോടു) കൂടിയിരിക്കുന്നു.

വി:—"അന്തണർ അമുതർ ഉണ്ടി അയില്വുറം അമലൈത്തു" എന്നുള്ളേടത്തു "ബ്രാഹ്മണർ ദേവാന്നമായ ഹവിസ്സിനെ ഭുജിപ്പിപ്പാൻ തക്ക യജ്ഞം നടത്തുന്നതിനാലുണ്ടാകുന്ന ആരവം" എന്നും അൎത്ഥകല്പനം ചെയ്യാം. "ചെന്തയിർ" എന്നതിന്നു ചുവക്കെക്കാച്ചിയ പാലിൽനിന്നുണ്ടായ തയിർ എന്നു താല്പൎയ്യം. ഫൻ.

51. മുറൈയറിന്തവാവൈ നീക്കി
മുനിവുഴിമുനിന്തുവെഃകും
ഇറൈയറിന്തുയിർക്കുനൽകു
മിശൈകെഴവേന്തൻകാക്ക
പൊറൈതവിർന്തുയിർക്കുന്തൈവ
പ്പൂതലന്തന്നിർപൊണ്ണിൻ
നിറൈപരഞ്ചൊരിന്തുവങ്ക
നെടുമുതുകാററ നൈതൽ.

പ:—മുറൈഅറിന്തു=മാനവധർമ്മശാസ്ത്രത്തെ ഉണ്ണന്നു, അവാവൈ നീക്കി=ആശ വെടിഞ്ഞു, മുനിവുഴി മുനിന്തു=കോപം വേണ്ടുന്നിടത്തു കോപം പ്രകാശിപ്പിച്ചു, വെഃകും=താൻ ശ്രദ്ധിക്കേണ്ടവരായ, ഇറൈ=പ്രജകളെ, അറിന്തു=ഇന്നിന്നവരെന്നറിഞ്ഞ്, ഉയിർക്കു=ജീവികളുടെ നേരെ, നൽകും=കൃപ കോലുന്ന, ഇശൈ കെഴ=കീർത്തിയോടുകൂടിയ, വേന്തൻ=രാജാവു, കാക്ക=കാക്കുമ്പോൾ, പൊറൈ തവിർന്തു=ഭാരംനീങ്ങി, ഉയിർക്കും=ആശ്വസിക്കുന്ന, തൈവം=ദിവ്യത്വമുള്ള, പൂതലം തന്നിൻ=ഭൂമിയെപ്പോലെ, വങ്കം=കപ്പലുകൾ, പൊന്നിൻ=പൊന്നിനാൽ, നിറൈ=നിറെക്കപ്പെട്ട, പാരം=ഭാരത്തെ, നൈതൽ=നൈതൽ നിലത്തിൽ, ശൊരിന്തു=ചൊരിഞ്ഞിട്ട്, നെടുമുതുകൈ=തൻെറ നെടിയ മുതുകിനെ (ഭാരം കയറവന്ന ഉപരിഭാഗത്തെ), ആററും=ഭാരം നീക്കി ആശ്വസിക്കും.

ഭാ:—ഗുണസമ്പന്നനായ ഒരു രാജാവിനാൽ പാലിക്കപ്പെടുന്നതുകൊണ്ടു ഭാരം നീങ്ങി ആശ്വസിക്കുന്ന ഭൂമിയെന്ന കണക്കെ സുവർണ്ണഭാരം കയററി വന്ന കപ്പലുകൾ തമ്മിലുള്ള ഭാരത്തെ കടപ്പുറത്തിറക്കി ഭാരമൊഴിഞ്ഞു നില്ക്കുന്നു.

വി:—നാട്ടുപുറത്തു കടലോരങ്ങളിൽ കപ്പൽമാർഗ്ഗമായ്യുന്ന സുവർണ്ണഭാരങ്ങളിറക്കിച്ചൊരിയുന്നതായി പറഞ്ഞിരിക്കയാൽ നാട്ടിൻെറ ധനപുഷ്ടി കാണിക്കുന്നു. ൨൦.

52. എറിതരുമരിയിൻശുമൈമെ
യെടുത്തുവാനിട്ടപോർകൾ
കുറികളും പോററിക്കൊൾവാർ
കൊൻറനെർക്കുവൈകൾശെയ്യാർ
വറിയവർക്കുതവിമിക്ക
വിരുത്തുണമരൈയിണുയ്പാൻ
നെറികളും പുതയപ്പുണ്ടി
നിരൈത്തുമണ്ണുളിയവൂർവാർ.

പ:—എറിതരും=കൊയ്യപ്പെട്ടുക്കപ്പെട്ട, അരിയിൻചുമൈ=ചുരുട്ടുകളുടെ ചുമ(കററ)കളെ, എടുത്തു=എടുത്തുകൊണ്ടുപോയ്, വാൻ ഇട്ട പോർകൾ=മാനം മുട്ടത്തക്കവണ്ണം ഇടപ്പെട്ട കുണ്ടകളിൽ, കുറികളും പോററിക്കൊൾവാർ=അടയാളങ്ങൾ ഇട്ടുവെയ്ക്കും; (പിന്നെ)കൊൻറ=(അവയെ

പൊളിച്ച കാളകളെക്കൊണ്ടു) മിതിപ്പിച്ചെടുത്ത, നെല്ലൈ=നെല്ലിനെ, കുവൈകൾ ശെയ്യാർ=അമ്പാരത്തിലിട്ടും; വറിയവർക്കു ഉതവി=(ആ നെല്ലിനെ) എളിയവൎക്കു (കൊടുക്കേണ്ടും മുറെക്കു) കൊടുത്തു, മിക്ക=ബാക്കിയുള്ളതിനെ, വിരുന്തു ഉണ്ണ=തക്ക അതിഥികളോടുകൂടി തങ്ങൾക്കും ഭുജിപ്പാനായി, മനൈയിൻ=തങ്ങടെ ഭവനങ്ങളിൽ, ഉയ്പാൻ=കൊണ്ടുപോവാൻ, പണ്ടി നിരൈത്തു=വണ്ടികളിൽ നിറച്ച, നെറികൾ പുതയ=പോകുന്ന വഴികൾ ഞെരിയുംവണ്ണവും, മൺ നെളിയ=ഭൂമിദേവിയുടെ മുതുകു ഞെളിയും വണ്ണവും, ഊർവാർ=(ആ നെല്ലുകയററിയ വണ്ടികളെ) തെളിച്ചുകൊണ്ടുപോകുന്നു.

വി:—"വിരുന്തു ഉണ്ണ=തക്ക അതിഥികളോടുകൂടി തങ്ങൾക്കും ഭുജിപ്പാനായി" ഇതിൽ 'തക്ക' എന്നു കാണിച്ചിട്ടുള്ളതിനു 'ജ്ഞാനഗുണസമ്പന്നന്മാർ' എന്നു താല്പൎയ്യം. അതിഥിപൂജനം ഗൃഹസ്ഥധൎമ്മങ്ങളിൽ പ്രാധാന്യമേറിയതാകുന്നു. "അപൂജിതേ തിഥിൎയ്യസ്യ, ഗൃഹാദ്യാതി വിനിശ്വസൻ; ഗച്ഛന്തി സഹസാ തസ്യ, പിതൃഭിസ്സഹ ദേവതാഃ" അതിഥികളോടുകൂടി താനും ഭുജിക്കേണ്ടതാണ്. സൎവ്വകൎമ്മങ്ങളിലും താൻ സംബന്ധിച്ചിരിക്കേണ്ടതാകയാൽ സ്വഭുക്തിയും ധൎമ്മാനുസൃതംതന്നെ വിളവിൽനിന്നു ബാക്കി കിട്ടുന്ന നെല്ലിനെ ധൎമ്മാൎത്ഥമായിട്ടല്ലാതെ സ്വാൎത്ഥത്തിന്മേൽ വ്യയം ചെയ്യുമാറില്ലെന്നു സാരം. വ. മ.

53. കതിർകട്ട വയലിലുള്ള
കടികമഴ്പൊഴിലിനുള്ള
മുതിർപലമരത്തിനുള്ള
മുതിരൈകൾ പുറവിനുള്ള
പതിപട്ട കൊടിയിനുള്ള
പടിവളർകുഴിയിനുള്ള
മതുവണമലരിർകൊള്ളും
വണ്ടെണമള്ളർ കൊൾവാർ.

പ:—കതിർ പട്ട=കതിൎത്തുനില്ക്കുന്ന, വയലിൽ ഉള്ള=വയലുകളിലുള്ള, പൊരുൾകളേയും=ദ്രവ്യങ്ങളേയും, കടികമഴ്=പരിമളം വീശുന്ന, പൊഴിലിൻ ഉള്ള=ചോലകളിലുള്ള, മുതിർ=മൂതിന്ന, പല്മരത്തിൻഉള്ള=പലവക മരങ്ങളിലുള്ള ദ്രവ്യങ്ങളേയും, മുതിരൈകൾ=പലതരം പരുപ്പുകളേയും, പുറവിൻ ഉള്ള=മുല്ലനിലത്തിലുള്ള, പതിപട്ട=വിത്തുകൾ നട

പ്പെട്ട, കൊടിയിൻ ഉള്ള=വള്ളികളിലുള്ള ദ്രവ്യങ്ങളേയും, പടിവളർ=നിലത്തു പടരുന്നതായി, കുഴിയിനുള്ള=കുഴികളിൽ നട്ടുണ്ടാകുന്നവയിലുണ്ടാകുന്ന ദ്രവ്യങ്ങളേയും, വനം മലരിൻ=ഭംഗിയുള്ള പൂക്കളിൽനിന്നു, മതു കൊള്ളും=മധുവിനെ ആദാനംചെയ്യുന്ന, വണ്ടു എണ=വണ്ടുകളെന്നപോലെ, മള്ളർ=കൃഷകന്മാർ, കൊൾവാർ=കൈക്കൊള്ളുന്നു.

ഭാ:—വണ്ടുകൾ സകല പുഷ്പങ്ങളിലും ചെന്നു മധുവിനെ ഗ്രഹിച്ചു ഒരിടത്തു കൊണ്ടുവന്നു സംഗ്രഹിക്കുമ്പോലെ കൃഷകന്മാർ എല്ലായിടത്തും ചെന്നു അവിടവിടെ വിളഞ്ഞുണ്ടാകുന്ന വസ്തുക്കളെ എടുത്തു കൊണ്ടുവന്നു തങ്ങടെ വസതികളിൽ സംഭരിക്കുന്നുവെന്നു താല്പര്യം.

വി:—വയലുകളിൽനിന്നു നെല്ലു മുതലായവയും മരങ്ങളിൽനിന്നു കനികൾ മുതലായവയും വള്ളികളായ അവര മുതലായവയിൽനിന്നു കാ യ്കളും പടക്കോടികളിൽനിന്നു കുമ്പളങ്ങ മുതലായവയും കൃഷീവലന്മാൎക്കു കിട്ടിവരുന്നു. വ. വ.

വൃത്തം മാറി.

54. പരുവമങ്ങ്കൈയർ പങ്കയ വാൺമുക
ത്തുരുവ വുൺകണ്ണൈ യൊൺപെടൈ യാമെണ
ക്കരുതിയമ്പൊടു കാമുറവ വൈകലും
മരുതവേലിയിൻ വൈകിണ വണ്ടരോ.

പ:—വണ്ടു=ആൺവണ്ടുകൾ, പരുവം=ഇളംപ്രായത്തിലുള്ള, മങ്കൈയർ=യുവതികളുടെ, പങ്കയം=പങ്കജംപോലുള്ള, വാൾമുകത്തു=ഒളി തിരളുന്ന മുഖത്തിലുള്ള, ഉരുവം=നിറത്തോടുകൂടിയ, ഉൺ=മയ്യെഴുതിയ, കണ്ണൈ=കണ്ണുകളെ, ഒൺ പെടൈആം എണ=അഴകുടയ തങ്ങടെ പിടകളെന്നു, കരുതി=നിനച്ചു, അമ്പോടു=ആദരവോടെ, കാമുറവ=മോഹിച്ചു, വൈകലും=ദിനന്തോറം, മരുതവേലിയിൻ=മരുതനിലത്തിൽ, വൈകിണ=വസിച്ചിരുന്നു.

വി:—പിന്നീടു 'ഒൺപെടൈ' എന്ന പ്രയോഗമുള്ളതിനാൽ 'വണ്ടു=ആൺവണ്ടു'' എന്നൎത്ഥം കല്പിച്ചതാണ്. 'കണ്ണൈ' എന്നതിനെത്തന്നെ 'കണ്ണൈ' എന്ന രൂപത്തിൽ പ്രയോഗിച്ചതാണ്. ''പങ്കയം മുകത്തു ഉരുവം വാൾ ഉൺ കണ്ണൈ'' എന്നന്വയിച്ചു ''താമരമലൎക്കൊത്ത മുഖത്തിൻ നിറം കലൎന്നു വാളിന്നു നേരായി മയ്യെഴുതിയ കണ്ണുകളെ എന്നും അൎത്ഥം കല്പിക്കാം. ''ദ്രുതവിലംബിതം'' വൃത്തംപോലെ. വ. ന.

55. വേളൈവെൻറ മുകത്തിയർ വെമ്മുലൈ
ആളൈനിൻറ മുണിന്തിടുമങ്ങ് കൊർപാല്
പാളൈ തന്ത മതുപ്പരുകിപ്പരു
വാളൈനിൻറ മതർക്കു മരുങ്ങ് കെലാം.

പ:—അങ്ക് ഓർ പാല്=അവിടെ ഒരുഭാഗത്തു, വേളൈ=(സൌന്ദൎയ്യത്തിൽ പുകഴാന്ന) മന്മഥനെയും, വെൻറ=(ചാരുത്വംകൊണ്ടു) ജയിച്ചു, മുകത്തിയർ=മുഖത്തോടുകൂടിയവരായ കൎഷകസ്ത്രീകളുടെ, വെമ്മുലൈ=(കാണികൾക്കു) മോഹം ജനിപ്പിക്കുന്ന സ്തനങ്ങൾ, ആളൈ=ആണുങ്ങളുടെ നേരെ, നിൻറ മുണിന്തിടും=ഇടവിടാതെ കോപിക്കും, മരുങ്ങ് കെലാം=സമീപങ്ങളിലെങ്ങും, പരുവാളൈ=വലിയ വാളമത്സ്യങ്ങൾ, പാളൈ തന്ത=തെങ്ങിൻകുലകളിൽനിന്നൊഴുകുന്ന, മതു പരുകി=മധുവിനെ പാനംചെയ്തു, നിൻറ മതർക്കും=മദിച്ചു വാഴും.

വി:—ഇതിനാൽ കൎഷകസ്ത്രീകളുടെ സൌന്ദൎയ്യവും, തെങ്ങിൻതോട്ടങ്ങളുടെ സമൃദ്ധിയും, അവക്കരികെ പെരുവാളമീനുകളുള്ളതായ് പറഞ്ഞതിനാൽ നീരാഴമുള്ള ജലാശയങ്ങളുമുണ്ടെന്നു താല്പൎയ്യം. ൫൪.

56. ഈരനീർ പടിന്തിന്നിലത്തേശില
കാർകളെണ്ണവരുങ്ങ് കരുമേതികൾ
ഊരിനിൻറകൻറുള്ളിട വുൺമുലൈ
താരൈകൊള്ളു ത്തഴൈപ്പണ ശാലിയേ.

പ:—ഈരം നീർ=കുളുത്ത ജലത്തിൽ, പടിന്തു=വീണു, ഇന്നിലത്തു=ഈ ഭൂമിയിൽ, ശില കാർകൾ എണ്ണ=ചെറിയ മേഘങ്ങളെന്നപോലെ, വരും=വരുന്ന, കരുമേതികൾ=കറുത്ത എരുമകൾ, ഊരിൽ നിൻറ=ഗ്രാമത്തിൽ നില്ക്കുന്ന, കൻറു=തങ്ങടെ കിടാങ്ങളെ, ഉള്ളിട=നിനെക്കുകയാൽ, ഉൺ=അവ കുടിക്കത്തക്ക, മുലൈ=മുലകളിൽനിന്നു, താരൈ കൊള്ളു=പാൽ ധാരയായി ചുരന്നൊഴുകുന്നതിനാൽ, ശാലി=നെല്ലുകൾ, തഴൈപ്പണ=തഴച്ചുവരുന്നു. ൫൫.

57. മുട്ടിലട്ടിൻ മുഴങ്ങ് കുറ വാക്കിയ
നെട്ടുലൈക്കുഴനീർ നെടു നീത്തന്താൻ
പട്ടമെൻ കഴുകോങ്ങ് കുപടപ്പെപ്പോയ്
നട്ട ശെന്നെല്ലിനാറു വളക്കുമേ.

പ:—മുട്ട ഇല്=കുറവില്ലാത്ത (വലിയ), അട്ടിൽ=അടുക്കളയിൽ, മുഴങ്ങ് കു ഉറ=മുഴക്കമുണ്ടാകത്തക്കവണ്ണം, വാക്കിയ=വാക്കപ്പെട്ട, നെടു ഉലൈ=നെടിയ അടുപ്പുകളിലെ, കഴനീർ=കഞ്ഞിയുടെ, നെടു നീത്തം= അധികമായ വെള്ളം, പട്ടം=കുളങ്ങളിലും, മെൽ=മൃദുവായ, കമുകു=കവുങ്ങുമരങ്ങൾ, ഓങ്ങ് കു=നിറഞ്ഞിരിക്കുന്ന, പടപ്പൈ പോയ്=ചോലകളിലുംകൂടി ഒഴകിപ്പോയ്, നട്ടു=നടപ്പെട്ടിരിക്കുന്ന, ശെന്നെലിൻ നാറ=ചെന്നെല്ലിൻെറ ഞാറുകളെ, വളർക്കും=വളത്തും.

വി:—തമിഴ്ദേശങ്ങളിൽ ഒരു നെടിയ ചാൽ ഉണ്ടാക്കി അതിൽ തീയിട്ടു നിരക്കെ പാത്രങ്ങൾ വെച്ചു പദാൎത്ഥങ്ങൾ പാകം ചെയ്യുന്നു. അതിനാൽ 'നെടു ഉലൈ' എന്നു പ്രയോഗിച്ചു. ഇങ്ങിനെ വാൎത്ത കഞ്ഞിയുടെ ഒഴക്കിന്നളവു പറഞ്ഞതിനാൽ നാട്ടിലുള്ള അന്നസത്രങ്ങളുടെ ആധിക്യം പ്രകാശിപ്പിച്ചിരിക്കുന്നു. വ-സ.

58. ചൂട്ടുടൈത്തുണൈത്തൂണിറ വാരണം
താട്ടുണൈക്കുടൈ യുന്തകൈ ശാൻമണി
മേട്ടിമൈപ്പുണ മിൻമിനി യാമെണ
ക്കൂട്ടിണുയ്ക്കുങ്കുരീ ഇക്കുഴാമരോ.

പ:—ചൂട്ടു ഉടൈ=തലയിൽ ചൂട്ടോടുകൂടിയ, തുണൈ=ചേവലോടുകൂടിയ, തൂനിറം വാരണം=പരിശുദ്ധനിറത്തോടുകൂടിയ പിടക്കോഴികൾ, താൾ തുണൈ=രണ്ടു കാലുകളാലും, കുടൈയും=ചിനക്കുന്നതിനാൽ പുറപ്പെടുന്ന, തകൈ=അഴകേറിയ, മണി=മാണിക്കങ്ങൾ, മേടു ഇമൈപ്പുണ= കുപ്പമേടുകളിൽ മിന്നുന്നതു കാണുമ്പോൾ, മിൻമിണി ആം എണ=മിന്നാമിനുങ്ങികളാണെന്നു കരുതി, കുരീ ഇ കുഴാം=കുരുവി (കുരിപ്പക്ഷി)ക്കൂട്ടം, കൂട്ടിൻ=തങ്ങടെ കൂടുകളിൽ, ഉയ്ക്കും=കൊണ്ടുപോയ് വെയ്ക്കും.

വി:—കുരുവികൾ മിന്നാമിനുങ്ങികളെ കൊത്തിക്കൊണ്ടു ചെന്നു (തെങ്ങു മുതലായ വൃക്ഷങ്ങളിൽ തൂങ്ങുന്ന) തങ്ങടെ കൂടുകളിൽ പതിച്ചുവെക്കുക പതിവുണ്ട്. 'മണി' എന്ന പദം രത്നസാമാന്യവാചിയാണെന്നിരിക്കിലും ഇവിടെ സന്ദൎഭാനുസാരേണ 'മാണി'ക്കമെന്നൎത്ഥം കൊടുത്തതാണ്. ഇങ്ങിനെ കുപ്പക്കുന്നിൽപോലും മാണിക്കം ഇറഞ്ഞുകിടക്കുന്നുവെന്നതിനാൽ രത്നസമൃദ്ധി കാണിക്കപ്പെട്ടിരിക്കുന്നു. വ-ര.

59. തോയും വെണ്ടയിർ മത്തൊലി തുള്ളവും
ആയ വെൾവളൈ വായ്വിട്ടരററവും
തേയുബുണ്ണിടൈ ശെൻറവണങ്ങ്കവും
ആയമങ്ങൈ്കയരങ്ങൈ്ക വരുന്തുവാർ.

പ:—തോയ്യം=ഉറക്കൂടിയ, വെഠം തയിർ=വെണ്മയുള്ള തയിർ (കലങ്ങളിൽ) മത്തു ഒലി=മത്തുകളുടെ ശബ്ദം, തുള്ളവും=ഇടവിട്ടു ശക്തിയോടെ മുഴങ്ങുകയും, ആയ വെഠം വളൈ=വെളുത്ത ശംഖു വളകഠം, വായ്ലിട്ടു അരററവും=ഉച്ചത്തിൽ ധ്വനിക്കയും, തേയ്യം=മെലിഞ്ഞ, നൺ ഇടൈ=നന്നത്ത അരകഠം, ശെൻറ വണങ്കവും=ഇരുപാശ്വത്തിലേക്കും ചാഞ്ഞു നമിക്കുകയും, ആയ മടൈച്ച്കയർ=ഇടച്ചികളുടെ, അടൈച്ക വരുത്തുവാർ=അകം കൈ വേദനിക്കയും ചെയ്യുന്നു

വി:—ഇതിനാൽ മുല്ലനിലത്തിന്റെ അഭിവൃദ്ധി പറയപ്പെട്ടിരിക്കുന്നു. വ-വ്യ.

60\. കുററ പാകു കൊഴിപ്പവർ കോണെറി
കററിലാത കരുങ്ക്കൺനൈച്ചിയർ
മുററിലാരമുകന്തു തം മുൻറിലില്
ചിററില്കോലിച്ചിതറിയ മുത്തമേ.

പ:—കുററപാകു=വെട്ടപ്പെട്ട അടക്കകളെ, കൊഴിപ്പവർ=ചേറികൊഴിക്കുന്നവരാൽ (തരംതിരിക്കപ്പെടുന്നത്), കോഠനെറി=പുരുഷന്മാരുടെ ഇംഗിതമറിവാൻ കഴിഞ്ഞിട്ടില്ലാത്ത, കരുങ്ക്കൺ=നീലലോചനകളായ, നൈച്ചിയർ=നൈതൽനിലത്തുള്ള ബാലികമാർ, മുററില് ആരം=മുറം നിറയെ, മുകന്തു=വാരി, തം മുൻറിലില്=തങ്ങടെ മുററത്തിൽ, ശിററില്കോലി=ചെറിയ വീടുകഠം കെട്ടി, ചിതറിയ=(കളിയിൽ) ചിന്നിപ്പോയ, മുത്തമേ=മുത്തുകഠം തന്നെയാണ്.

ഭാ:—പുരുഷന്മാരുടെ ഇംഗിതമറിയാത്ത പ്രായത്തിലുള്ളവരും കളിച്ചുനടക്കുന്നവരുമായ നൈതൽനിലപ്പെൺകുട്ടികഠം മുറം നിറയെ മുത്തുകഠം വാരിക്കൊണ്ടുവന്നു തങ്ങടെ ഭവനാങ്കണങ്ങളിൽ നിരത്തി വീടു കെട്ടിക്കളിക്കയും കളി കഴിഞ്ഞു ഏതാനും വാരിക്കൊണ്ടു പോകയും ബാക്കി ചിതറിപ്പോകയും ചെയ്കയാൽ ആ മുററങ്ങളിൽ ഉണക്കുന്ന വെട്ടടക്ക വാരി ചേറിക്കൊഴിച്ചെടുക്കുമ്പോഠം കലന്നു കിടക്കുന്നതായി കണ്ടു തള്ളിക്കളയേണ്ടതായ്വരുന്നതെല്ലാം മുത്തുകഠം തന്നെ.

വി:—മരുതത്തിലുണ്ടാവുന്ന അടക്ക, നൈതലത്തിലുണ്ടാകുന്ന മുത്ത്, ഇവയെ ചേത്തു പറഞ്ഞിരിക്കയാൽ രണ്ടു ഭൂമികളും തൊട്ടുകിടക്കുന്നതാണെന്നും നൈതൽ നിലത്തിൽ അത്രകണ്ടു മുത്തുകഠം ലഭിക്കുന്നുണ്ടെന്നും കാണിക്കുന്നു. വ-ൻ.

61. തുരുവൈ മെൻപിണൈ യീൻറ തുളക്കിലാ
വരിമരുപ്പിണ വൻറലൈ യേററവാൻ
ഉരുമിടിത്തെണ ത്താക്കുറ മൊല്ലൊലി
വെരുവിമാല് വരൈച്ചൂൻമഴൈ മിന്നുമേ.

പ:—മെൻപിണൈ തുരുവൈ=ഉയന്നതരം ചെമ്മിരിയാട്ടുകൾ, ഈൻറ=പെററ, തുളക്ക ഇലാ=ചലനമില്ലാത്ത, വരിമരുപ്പിണ=വരികളുള്ള കൊമ്പുകളോടുകൂടിയ, വല്തലൈ=വലിയ തലകളുള്ള, ഏററൈ=കിടാങ്ങൾ, വാൻ=മേഘത്തിലുള്ള, ഉരുമ ഇടിത്തണ=ഇടിപൊട്ടിയപോലെ, താക്കുറം=ഒന്നിനൊന്നു തമ്മിൽ മുട്ടിയാലുണ്ടാകുന്ന, ഒൽ ഒലി=ഒല്ലെന്ന ശബ്ദത്തെ, വെരുവി=ഭയപ്പെട്ടു, മാൽവരൈ=വലിയ മലകളിന്മേൽ ഇറങ്ങിനില്ക്കുന്ന, ശൂല്=ഗർഭം ധരിച്ച, മഴൈ=മേഘങ്ങൾ, മിന്നും=മിന്നൽ പുറപ്പെടുവിക്കും.

ഭാ:— ആട്ടിൻകിടാങ്ങൾ തമ്മിൽ മുട്ടുമ്പോഴുണ്ടാകുന്ന ഉച്ചദ്ധ്വനി ഇടിനിനാദംപോലെ മേഘങ്ങളെ പിളക്കുകയാൽ അവയിൽനിന്നു മിന്നൽ പുറപ്പെടുന്നു.

വി:—തളന്നിരിക്കുമ്പോൾ ഉച്ഛ്വസനം കേൾപ്പാനിടയായവർ പൊട്ടുന്നനെ വായ് തുറക്കുന്നതു സഹജമാകയാൽ ഗർഭം ധരിച്ച് ആലസ്യം കലന്നിരിക്കുന്ന മേഘങ്ങൾ വായ് തുറക്കുകയും ചെയ്യുവെന്നറിക. നീരുണ്ട (ഗർഭം ധരിച്ച) മേഘം ഗർഭം പൂർണ്ണമാകുംവരെക്കും പർവ്വതത്തിൽ പടിഞ്ഞുനിന്നു ഗർഭപൂർത്തി വരുമ്പോൾ വാനിലേക്കുയന്നു വർഷിക്കുന്നതായി കണ്ടുവരുമാറുണ്ടല്ലോ. അതിനാൽ "മാൽവരൈച്ചൂൺമഴൈ" എന്നു പ്രയോഗിച്ചിരിക്കുന്നു. ഇതിനാൽ കാവ്യകാരൻ നാട്ടിൽ ആടുകളുടെ പെരുക്കവും അവക്കുള്ള ആരോഗ്യവും കാണിച്ചിരിക്കുന്നു. നം.

62. തിണൈച്ചിലമ്പുവ തീഞ്ചൊലിളങ്കിളി
നണൈച്ചിലമ്പുവ നാകിളവണ്ടുപൂം
പുണൈച്ചിലമ്പുവ പുള്ളിണം വള്ളിയോർ
മണൈച്ചിലമ്പുവ മങ്കലവള്ളെയേ.

പ:—തിണൈ=തിനക്കാട്ടുകളിൽ, തീ=മധുരമായ, ശൊല്=വാക്കുകളോടുകൂടിയ, ഇളങ്കിളി=ഇളംപ്രായത്തിലുള്ള കിളികൾ, ശിലമ്പുവ=ശബ്ദിക്കുന്നു; നണൈ=പൂമൊട്ടുകളിൽ, നാകു ഇള് വണ്ടു=നന്നെച്ചെറിയ വണ്ടുകൾ, ശിലമ്പുവ=മൂരളുന്നു; പുണൈ=വെള്ളത്തിൽ, പുൾ ഇണം=പ

ക്ഷിക്കൂട്ടങ്ങം, ശിലമ്പുവ=ചിലയ്ക്കുന്നു; വള്ളിയോർമനൈ=പ്രഭുക്കളുടെ മന്ദിരങ്ങളിൽ, മങ്കലം=മംഗളകരമായ, വളൈ=ഉലക്കപ്പാട്ടുകൾ, ശിലമ്പുവ=മുഴങ്ങുന്നു.

വി:—'വളൈ' എന്നത്—സ്ത്രീകൾ പരിമളചൂർണ്ണം മുതലായവ ഉരലിൽ ഉലക്കകൊണ്ടിടിച്ചുണ്ടാക്കുമ്പോൾ തങ്ങടെ നായകന്മാരുടെ ധനധാന്യാദി സമ്പൽസമൃദ്ധിയെ വിഷയീകരിച്ചു പാടുന്നത്. ന. ഫ.

63\. കൻറടൈപ്പിടി നീക്കി ക്കളിററിണം
വൻറാടർപ്പടുക്കുംവണവാരിശ്ശുഴ്
കുൻറടൈ കുലമള്ളർ കുഴക്കുരല്
ഇൻറണൈ ക്കളിയണ്ണ മിരിക്കുമേ.

പ:—കൻറഉടൈ=കുട്ടികളോടുകൂടിയ, പിടി=പിടിയാനകളെ, നീക്കി=വിട്ടുകളഞ്ഞ്, കളിററ ഇണം=കൊമ്പനാനക്കൂട്ടങ്ങളെ, വല്തൊടർ=വലിയ ചങ്ങലകളിൽ, പടുക്കും=അകപ്പെടുത്തുന്ന, വണം=കാടുകളിൽ ഒഴുകിപ്പോകുന്ന, വാരി=വെള്ളം, ശ്ശുഴ്=ചുഴന്നിരിക്കുന്ന, കുൻറ ഉടൈ=മലകളുടെ ഉടമാവകാശമുള്ള, കുലം=കുലീനന്മാരായ, മള്ളർ=കുറിഞ്ചിനിലത്തിലെ നിവാസികളുടെ, കുഴ=കൂട്ടത്തിൽനിന്നുണ്ടാകുന്ന, കുരൽ=ആരവം, ഇൻ=ഇമ്പം നൽകുന്ന, തുണൈ=പിടകളോടുകൂടി, കളി=വിനോദിച്ചുകൊണ്ടിരിക്കുന്ന, അണ്ണം=അരയന്നങ്ങളെ, ഇരിക്കും=തമ്മിൽ പിരിപ്പിക്കും. ന. വ.

ഭാ:—മലമ്പ്രദേശങ്ങളുടെ ജന്മികളും കുലീനന്മാരുമായ കൃഷകന്മാർ ജനശേഖരത്തോടുകൂടി ആനപ്പിടുത്തം നടത്തുമ്പോഴുണ്ടാകുന്ന ആരവം കേൾക്കയാൽ പിടകളോടൊന്നിച്ചു ക്രീഡിക്കുന്ന അരയന്നങ്ങൾ ഭയന്നു ഇണപിരിഞ്ഞോടിപ്പോകുന്നു.

64\. വള്ളി കൊൾംപവർ കൊൾവണ മാമണി
തുള്ളി കൊൾവണ തൂങ്കിയ മാങ്കണി
പുള്ളി കൊൾവണ പൊൻവിരി പ്പുണ്ണൈകൾ
പള്ളി കൊൾവണ പങ്കയ ത്തണ്ണമേ.

പ:—വള്ളി=കിഴങ്ങുകളെ, കൊൾംപവർ=കിളച്ചെടുക്കുന്നവരാൽ, മാമണി=അമൂല്യങ്ങളായ മാണിക്കങ്ങൾ, കൊൾവണ=ലഭിക്കപ്പെടുന്നു, തൂങ്കിയ=ഭരംകൊണ്ടു തൂങ്ങിയ, മാങ്കണി=മാമ്പഴങ്ങൾ, തുള്ളി=(അവയിലുള്ള രസത്തിൻെറ) തുള്ളികളെ, കൊൾവണ=പൂണ്ടിരിക്കുന്നു, പൊൻ

വിരി=പൊന്നിന്നൊത്ത പൂമ്പൊടികഠം പരന്നു വിലസുന്ന, പുണ്ണെകഠം=പുന്നപ്പൂക്കാം, പുള്ളി=പുള്ളികളെ (ഓരോ പുള്ളിതൊട്ടിരിക്കുന്ന നിലയെ), കൊഠംവണ=വഹിക്കുന്നു, അണ്ണം=അരയന്നപ്പക്ഷികഠം, പങ്കയത്തു=താമരപ്പൂക്കളിൽ, പള്ളികൊഠംവണ=ശയിച്ചുകൊണ്ടിരിക്കുന്നു. ൬൪.

65. കൊന്റെറ വേയ്ങ്കുഴർ കോവലർ മുൻറിലിർ
കൻറുറക്കങ്കുരവൈ കടൈശിയർ
പുൻറലൈപ്പുണങ്കാപ്പുടൈ പോതര
ച്ചെൻറിശൈക്ക ഞളൈച്ചിയർ ശെവ്വഴി.

പ:—കടൈശിയർ=പുലച്ചികഠം (പാടുന്ന), കുരവൈ=കുരവപ്പാട്ടുകഠം, കൊന്റെറ=കൊന്നക്കുഴലുകളേയും, വേയ്ങ്കുഴല്=ഇപ്പേരുള്ള കുഴൽകളെയും (വായിച്ചുകൊണ്ടിരിക്കുന്നവരായ), കോവലർ=(ഗോപാലർ) ഇടയന്മാരുടെ, മുൻറിലില്=മുററത്തിരിക്കുന്ന, കൻറു=പശുക്കുട്ടികളെ, ഉറക്കം=ഉറങ്ങുവാനിടയാക്കും; അളൈച്ചിയർ=നൈതൽ നിലപ്പെണ്ണുങ്ങഠം പാടുന്ന, ശെവ്വഴി=ശെവ്വഴിയെന്ന പാട്ട് (പ്രഭാതഗീതം), പുല് തലൈ=ചെറിയ കതിരുകളോടുകൂടിയ, പുണം=തിനക്കാട്ടിൻെറ, കാപ്പു=കാവൽ, ഉടൈപോതര=ഒഴിവാക്കത്തക്കവണ്ണം, ശെൻറു ഇശൈക്കും=ചെന്നു മുഴങ്ങും.

ഭാ:—ഗോപാലന്മാർ സാധാരണമായി വായിക്കാറുള്ള കൊന്നക്കുഴലിൻേറയും വേയ്ങ്കുഴലിൻെറയും മധുരസ്വനം കേട്ടു പരിചയമുള്ള പൈക്കുട്ടികഠം കടച്ചികളുടെ കുരവപ്പാട്ടു കേട്ടാനന്ദം പൂണ്ടുറങ്ങുന്നു. നൈതൽ നിലപ്പെണ്ണുങ്ങളുടെ പ്രഭാതഗീതം രാത്രി തിനക്കാട്ടു കാക്കുന്നവർ കേട്ട് പ്രഭാതമട്ടത്തതായറിഞ്ഞു കാവലൊഴിഞ്ഞു പോകുന്നു.

വി:—കുരവപ്പാട്ട് ഗോപാലന്മാരുടെ കുഴലിൻെറ നാദത്തേക്കാഠം ആസ്വാദ്യമാണെന്നും നൈതലികഠം നിശ്ചിതസമയത്ത് ഉച്ചത്തിൽ പ്രഭാതഗീതം പാടിവരുന്നുണ്ടെന്നും സാരം. കുരവൈ—ഒരു തരം പാട്ട്. ഇതു പാടിക്കളിക്കുന്നതിന്നു "കുരവക്കൂത്ത്" എന്നു പറയും. കുരവതന്നെ പല വിധമുണ്ട്. ശാസ്ത്രോക്തമായി മുല്ലൈക്കുഴല്, ആമ്പർക്കുഴല്, കൊന്റെറക്കുഴല് എന്നു മൂന്നുവിധമാണ്. 'വേയ്ങ്കുഴല്" മുല്ലക്കുഴലിൻെറ ഒരു വകഭേദമാണ്. ൬൫.

66. ചേമ്പുകാല് പൊരച്ചെങ്കഴനീർക്കുള
ത്തുമ്പുകാല ച്ചുരിവളൈ മേയ്പ്പണ
കാമ്പുകാല്പൊര ക്കണ്ണകൻ മാല്വരൈ
പ്പാമ്പുനാൻെറണ പ്പായ്പ്പത്തു ന്തേറലേ.

പ:—കാമ്പു=പട്ടിലുകരം (പരുവകരം), കാല്പൊര=കാററിനാലു ലയുന്നതുകൊണ്ട്, കൺ അകല്=വിസ്താരമേറിയ, മാല്വരൈ=വലിയ മലകളിലുള്ള (തേൻകൂട്ടുകരം പിളൎന്ന് അവയിൽനിന്നുള്ള), പാമ്പുനാൻറ ണ=പാമ്പുകരം തുങ്ങുന്നതുപോലെ, പായ്=ഒഴുകുന്ന, പത്തന്തോറലേ=പൈന്തേനൊഴുക്കിനെത്തന്നെ, ചെങ്കഴനീർ=ചെങ്കഴണിപ്പൂക്കളുള്ള, കുളം=കുളങ്ങളിലെ, തൂമ്പു=ഓവുകരം, കാല=പുറപ്പെട്ടവിക്കുന്നതിനാൽ (ആ തേനിനെ തന്നെ), ചുരിവളൈ=പിരിയുള്ള മുഖത്തോടുകൂടിയ ശംഖുകരം, ചേമ്പു=ചേമ്പിൻതണ്ടുകരം, കാല്=കാററിനാൽ, പൊര=തങ്ങടെ ശരീരത്തിൽ മുട്ടുംവണ്ണം, മേയ്പ്പണ=മേഞ്ഞു (കുടിച്ചു)കൊണ്ടിരിക്കുന്നു.

ഭാ:—മലകളിൽ അപരിമിതമായുണ്ടാകുന്ന തേനിൻെറ ഒഴുക്കുകരം തടാകങ്ങളിൽ വന്നുചേൎന്ന് അവയുടെ ഓവുകരം വഴിക്കു പുറപ്പെട്ടു ആ പ്രണാളികളുടെ മുഖത്തിൽ ജീവിക്കുന്ന ശംഖങ്ങളുടെ ആഹാരമായ്ത്തീരുന്നു. ൬൬

67\. പെരുന്തടങ്കരം പിറൈനുതലാർക്കെലാം
പൊരുന്തു ശെൽവമും കല്വിയും പൂത്തലാല്
വരുന്തി വന്തവർ ക്കീതലും വൈകലും
വിരുന്തു മൻറി വിളൈവണ യാവൈയേ.

പ:—പെരുന്തടം കൺ=ഏററവും വിശാലങ്ങളായ കണ്ണുകളോടു കൂടിയ, പിറൈ നുതലാർക്കഎലാം=ചന്ദ്രനോടൊത്ത നെററിത്തടമുള്ള നാരികരംക്കെല്ലാം, പൊരുന്തു=നില നില്ക്കുന്നതായ, ശെല്വമും=ഐശ്വൎയ്യവും, കൽവിയും=പഠിച്ചറിവും, പൂത്തലാല്=ഉണ്ടായിരിക്കയാൽ, വരുന്തി വന്തവർക്ക=ദാരിദ്ര്യദുഃഖം പൂണ്ടു തമ്മെ ഉദ്ദേശിച്ചു വന്നവൎക്കു (യാചകന്മാൎക്കു), ഈതലും=അഭീഷ്ടംപോലെ കൊടുക്കലും, വൈകലും=ദിനന്തോറം, വിരുന്തും=അതിഥികളെ സല്ക്കരിക്കലും, അൻറി=അല്ലാതെ, വിളൈവണ യാവൈ=ഉണ്ടാകുന്ന തൊഴിൽ എന്ത്?

ഭാ:—നാട്ടുപുറത്തുള്ള നാരീമണികരംക്കു ശാശ്വതമായ സമ്പത്സമൃദ്ധിയും വൈദഗ്ദ്ധ്യവുമുണ്ടായിരുന്നതിനാൽ ആതുരന്മാരായ യാചകന്മാൎക്കു അഭീഷ്ടദാനം ചെയ്യുന്നതും പരിചിതന്മാരുംഅപരിചിതന്മാരുമായ അതിഥികളെ സല്ക്കരിക്കുന്നതുമല്ലാതെ കൃത്യാന്തരങ്ങളൊന്നും ഉണ്ടായിരുന്നില്ല.

68. പിറൈ മുകത്തലൈപ്പെട്ട്പ്പിണിരുമ്പു പൊഴ്
കുറൈ കറിത്തിരൾ കുപ്പൈ പരുപ്പൊടു
നിറൈവെൺ മുത്തി ണിറത്തരി ശിക്കുവൈ
ഉറൈവ കൊട്ട്പ്പിണ വൂട്ടിട ന്തോറെലാം.

പ:—പിറൈ മുകം തലൈ=ചന്ദ്രക്കലക്കൊത്ത അഗ്രഭാഗത്തോടു കൂടിയ, പെട്ട്പ്പിൻ ഇരുമ്പു=വലിയ മുട്ടിക്കത്തികൊണ്ടു, പോഴ്=കീറി, കുറൈ=മുറിച്ച (കഷണങ്ങൾ പാകം ചെയ്ത), കറിത്തിരൾ=പലവക കറികളും, കുപ്പൈപ്പരുപ്പോടു=പരുപ്പിൻ കൂമ്പലുകൾകൊണ്ടു, നിറൈ= നിറയപ്പെട്ട, വെൺമുത്തിൻ നിറത്തു=വെൺമുത്തിൻ നിറം കലന്ന, അരി ശിക്കുവൈ=ചോററുളുമ്പൽകളും, കോൾപ്പിണഊട്ടിടന്തോറം എലാം ഉ റൈവണ=ചുററിലുമുള്ള അന്നസത്രങ്ങളിലെല്ലാം നിറഞ്ഞുകിടക്കുന്നു.

വി:—"പിറൈമുകത്തലൈ" മേലററം ചന്ദ്രക്കലപോലെ അദ്ധ്വൃത്തമായിക്കാണപ്പെടുന്നത്. അല്ലെങ്കിൽ അഗ്രത്തിൽ അദ്ധ്വൃത്താകാരമായ ചിരവനാക്കോടുകൂടിയത്. "പെട്ട്പ്പിൻ ഇരുമ്പു" കറിക്കു നുറുക്കുവാനുപയോഗപ്പെടുത്തിയതായി കാണിച്ചിരിക്കയാൽ "മുട്ടിക്കത്തി" എന്നത്ഥം കൊടുത്തതാണ്. അല്ലെങ്കിൽ ഇതിന്നു "വലിയ ഇരുമ്പ്" എന്നേ അത്ഥമുള്ളു. അഗ്രത്തിൽ ചിരവനാക്കോടുകൂടിയ മുട്ടിക്കത്തി തമിഴദേശങ്ങളിൽ കാണാം. ന-൭

69. കല ഞ്ചുരക്കു നിതിയങ്ക്കണക്കിലാ
നില ഞ്ചുരക്കു നിറൈവള നന്മണി
പില ഞ്ചുരക്കും പെറതർ ക്കരിയത
ങ്ക്കുലഞ്ചുരക്കു മൊഴുക്കങ്ക്കുടിക്കെലാം.

പ:—കുടിക്കു എലാം=ആ നാട്ടിലുള്ള കുടികൾക്കെല്ലാം, കലം=മരക്കലങ്ങൾ (കപ്പൽ മുതലായ ജലവാഹനങ്ങൾ), നിതിയം=ദ്രവ്യങ്ങളെ, കണക്കു ഇലാ=അളവില്ലാതെ, ചുരക്കും=(പല ദേശങ്ങളിൽനിന്നും കൊണ്ടുവന്നു) കൊടുക്കും; നിലം—ഭൂമി, നിറൈവളം=പൂണ്ണമായ ഉല്പന്നങ്ങളെ, ചുരക്കും=ഇടവിടാതെ നൽകും; പിലം=ഖനികൾ, നല്മണി ചുരക്കും=നല്ല രത്നങ്ങളെ കൊടുക്കും; പെറതക്കു അരിയ=ലഭിപ്പാൻ സാദ്ധ്യമല്ലാത്ത, തം കുലം=തങ്ങളുടെ കുലത്തിലുള്ള ജനനം, ഒഴുക്കം=സദാചാരത്തിയെ, ചുരക്കും=നൽകിക്കൊണ്ടിരിക്കും.

വി:—ഖനികളിൽനിന്നു രത്നങ്ങൾ ലഭിക്കപ്പെടുന്നുവെന്നുള്ളതിൽ

സുവൎണ്ണാദിവിശിഷ്ടവസ്തുക്കളും ഉൾപെടും. 'ഒഴുക്കം' എന്നതു ബ്രാഹ്മണാദിവൎണ്ണങ്ങൾക്ക വിധിച്ചിട്ടുള്ള ധൎമ്മങ്ങളുടെ അന്യൂനമായ അനുഷ്ഠാനം. നമ്പ്ര.

70. ക്കുററ മില്ലെയോർ കുററ മിലാമൈയാല്
ചീററ മില്ലെ തഞ്ചിന്തൈയില് ശെയ്കൈയാല്
ആററ നല്ലറ മല്ലതിലാമൈയാല്
ഏററ മല്ല തിഴിതക വില്ലെയേ.

പ:—ഓർ കുററം ഇല്ലാമൈയാല്=(ആ നാട്ടിലുള്ള ജീവികളിൽ) ഒരു കുററ (പാപ)വും ഇല്ലാതിരിക്കുന്നതിനാൽ, കൂററം ഇല്ലെ=അന്തകഭയമില്ല; തം ചിന്തൈയില് ശെകൈയാല്=തങ്ങളുടെ ഹൃദയപൂൎവ്വകമായ സദാചാരത്താൽ, ചീററം ഇല്ലെ=കോപമില്ല; നല് അറം അല്ലതു= ഉല്കൃഷ്ടധൎമ്മത്തെ ചെയ്യുന്നതിലല്ലാതെ, ആററല് ഇല്ലാമൈയാല്=(മററൊന്നിലും) വാഞ്ഛയില്ലായ്കയാൽ, ഏററം അല്ലതു=അഭിവൃദ്ധിയല്ലാതെ, ഇഴിതകവു ഇല്ലെ=ക്ഷയമില്ല.

വി:—'കുററം' എന്നതു കാമാദി ചിത്തവൃത്തികൾ തന്നെ. അവയില്ലാതിടത്തു മൃത്യുവിൻെറ ആജ്ഞ നടക്കുന്നതല്ല. ത്രിഗുണങ്ങളിൽ ശ്രേഷ്ഠമായ സത്വഗുണത്തിൻെറ കാൎയ്യമായ സച്ചിന്ത പ്രബലപ്പെട്ടിരിക്കുമ്പോൾ തമോഗുണത്തിൻെറ കാൎയ്യമായ കോപം ഫലപ്പെടുകയില്ല. പുരുഷാൎത്ഥങ്ങളിൽ അഗ്രഗണ്യത്വം വഹിക്കത്തക്ക മാഹാത്മ്യമുള്ള ധൎമ്മം നടക്കുന്നിടത്തു പാപകാൎയ്യമായ ക്ഷയത്തിൻെറ പ്രസക്തിയുണ്ടാവുകയുമില്ല. ആകയാൽ ആ നാട്ടിനുള്ള സൽഗതി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. നമ്പ്ര.

71. നെറി കടന്തു പരന്തന നീത്തമേ
കുറി യഴിന്തന കുങ്കുമത്തോൾകളേ
ശിറിയ മങ്കൈയർ തേയ്വു മരുങ്കുലേ
വെറിയ വുമ്മവർ മെൻമലർ ക്കുന്തലേ.

പ:—നെറികടന്തു=മുറവിട്ടു, പരന്തന=പരന്നു ചെല്ലുന്നതു, നീത്തമേ=വെള്ളം മാത്രമാണ്; കുറി അഴിന്തന=കുറി മാഞ്ഞിരിക്കുന്നവ, കുങ്കുമത്തോൾകളേ=(മങ്കമാരുടെ) കുങ്കുമച്ചാറണിഞ്ഞ ഭുജങ്ങൾ മാത്രമാണ്; ശിറിയ=ചെറുതായിരിക്കുന്നവ, മങ്കൈയർ=മങ്കമാരുടെ, തേയ്വും= മെലിഞ്ഞിരിക്കുന്ന, മരുങ്കുലേ=മദ്ധ്യങ്ങൾ മാത്രമാണ്; വെറിയവും= വെറിയുള്ളവയാകട്ടെ (വെറി—സുഗന്ധം—എന്നു പരിഹാരം), അവർ=അവരുടെ, മെൻ മലർ=മൃദു മലർമാലയണിഞ്ഞ, കുന്തലേ=തലമുടികൾ മാത്രമാണ്.

ഭാ—നില കടന്നുപോവുകയെന്നുള്ളതു വെള്ളത്തിൻെറയും, (ഭർത്തൃപരിരംഭണത്താൽ കുങ്കുമാദികളാലെഴുതിയ) കുറി മാഴ്കുകയെന്നുള്ളത് കാമിനീഭുജത്തിൻെറയും, കൃശതയെന്നുള്ളതു തരുണീജനങ്ങളുടെ മദ്ധ്യത്തിൻെറയും, വെറി (വാസന)യെന്നുള്ളതു വനിതാജനകേശപാശത്തിൻെറയും സഹജധർമ്മമാകയാൽ ആ വൃത്തികൾ അവക്കുണ്ടായിരുന്നുവെന്നല്ലാതെ, ധർമ്മത്തെ അതിക്രമിക്കുക, കുറിച്ച കുറി മാറുക (ഇട്ട കുറി മാഴ്കുക), എളിയവരായിരിക്കുക, വെറി (അവിവേകം) കാണിക്കുകയെന്നുള്ള ദോഷങ്ങളൊന്നും ആ നാട്ടിലുള്ളവരിൽ കാണ്മാനുണ്ടായിരുന്നില്ല. ൪൦.

72. അകിലിടും പുകൈ യട്ടിലിടും പുകൈ
നകലി നാലൈ നറുംപുകൈ നാന്മറൈ
പുകലും വേൾവിയിർ പൂമ്പുകൈ യോടളായ്
മുകിലിൻ വിമ്മി മുഴങ്ങ്കിണ വെങ്ങ്കണും.

പ:—അകിൽ ഇടും പുകൈ=അകിൽമുട്ടികളിലുണ്ടാകുന്ന പുകയും, അട്ടിൽ ഇടുംപുകൈ=വെയ്പുപുരകളിലുണ്ടാകുന്ന പുകയും, നകലിൻ=നല്ലപോലെ പൊങ്ങിക്കൊണ്ടിരിക്കുന്ന, ആലൈനറും പുകൈ=(കരിമ്പിൻനീർ കാച്ചുന്ന) ആലകളിലുണ്ടാകുന്ന നറുമ്പുകയും; നാന്മറൈ പുകലും=നാലു വേദങ്ങളും പാഠം ചെയ്യുന്ന, വേൾവിയിർ=യജ്ഞങ്ങളിലുണ്ടാകുന്ന, പൂ പുകൈയോടു=പരന്ന പുകയോടുകൂടെ, അളായ്=ചേന്നു, മുകിലിൻ=മേഘംപോലെ, വിമ്മി=അധികരിച്ച്, എങ്ങ്കണും=എല്ലായിടത്തും, മുഴങ്ങ്കിണ=ഏവരാലും കാണപ്പെട്ടു. ൪൧.

വൃത്തം മാറി.

73. ഇയല്പുടൈ പെയർവണ മയിൻമണിയിഴൈയിൻ
വെയില്പുടൈ പെയർവണ മുലൈയവർ കുഴല്പോർ
പുയല്പുടൈ പെയർവണ പൊഴിലവർ വിഴിപോർ
കയല്പുടൈ പെയർവണ കടികമഴ്കഴണി.

പ:—മുലൈയവർ=ചാരുസ്തനികളുടെ, ഇയല്=കേശബന്ധംപോലെ, മയില്=മയിലുകൾ, പൊഴില്പുടൈ=ചോലകളിന്മേൽ, പെയർവണ=സഞ്ചരിക്കുന്നു, മണിയിഴൈയിൻ=(അവരണിഞ്ഞിരിക്കുന്ന) രത്നാഭരണപ്രഭപോലെ, വെയില്=സൂര്യപ്രകാശം, പുടൈ പെയർവണ=(ആ പൂഞ്ചോലകളിൽ) പ്രകാശിക്കുന്നു, കുഴല്പോല്=അവരുടെ കേശംപോലെ, പുയല്=മേഘങ്ങൾ, പുടൈ=ആ ചോലയിൽ, പെയർവണ=ഈറ

ങ്ങിനില്ക്കുന്നു, അവർ=അവരുടെ, വിഴിപോല്=മിഴിപോലെ, കടികമഴ്= സൌരഭ്യം കലന്ന, കഴണിപുടൈ=വയലുകളിൽ, കയല്=ചെമ്മീനുകാം, പെയർവണ=സഞ്ചരിക്കുന്നു. "മണിഗ്രണനികരം" വൃത്തംപോലെ. ൪൨.

74. ഇടൈയിറ മകളിർക ളെറിപുണൻ മറുക
ക്കുടൈപവർ തുവരിത ഴലർവണ കുമുതം
മടൈപെയ രണമെണ മടനടൈ യളക
ക്കടൈശിയർ മുകമെണ മലർവണ കമലം.

പ:— ഇടൈ ഇറ=ഇട (മദ്ധ്യം) ഒടിയുകയും, എറിപുണല്=അലക ളലയ്ക്കുന്ന വെള്ളം, മറുക=കലങ്ങുകയും ചെയ്യുംവണ്ണം, കുടൈപവർ=നീ രാടുന്ന, മകളിർകാം=മങ്കമാരുടെ, തുവർ=പവിഴത്തിന്നൊത്ത, ഇതഴ്=അ ധരങ്ങളോടുകൂടിയ വദനങ്ങാംപോലെ, കുമുതം=ആമ്പൽപൂക്കാം, അല ർവണ=വിരിയുന്നു, മടൈ പെയർ=മടകളിൽ സഞ്ചരിക്കുന്ന, അണ്ണം എണ=അരയന്നങ്ങാംപോലെ, മടനടൈ=മൃദുവായ നടയോടും, അള കം=അളകത്തോടുംകൂടിയ, കടൈശിയർ=പുലച്ചികളുടെ, മുകം എണ=മു ഖംപോലെ, കമലം=ചെന്താമരപ്പൂക്കാം, മലർവണ=വിരിയുന്നു. ൪൩.

75. വിതിയിണൈ നകുവണ വയില്വിഴി പിടിയിൻ
കതിയിണൈ നകുവണ വവർനടൈ കമല
പ്പൊതിയിണൈ നകുവണ പുണർമുലൈ കലൈവാഴ്
മതിയിണൈ നകുവണ വണിതൈയർ വതണം.

പ:—വനിതൈയർ=വനിതകളുടെ, അയിൽ=വേൽപോലെയുള്ള, വിഴി=മിഴികാം, വിതിയിണൈ=(മുനികളുടെ) വ്രതത്തെ, നകുവണ=എതി ക്കുന്നു, അവർനടൈ=അവരുടെ ഗമനം, പിടിയിൻ കതിയിണൈ=പിടി യാനയുടെ ഗതിയെ, നകുവണ=എതൃക്കുന്നു, പുണർമുലൈ=അവരുടെ പ രസ്പരശ്ലിഷ്ടങ്ങളായ കുചങ്ങാം, കമലം പൊതിയിണൈ=താമരമൊട്ടുക ളെ, നകുവണ=എതൃക്കുന്ന, വതണം=അവരുടെ മുഖങ്ങാം, കലൈവാഴ്= കലകളാൽ പൂർണ്ണനായ, മതിയിണൈ=ചന്ദ്രനെ, നകുവണ=എതൃക്കുന്നു.

ഭാ:—ആ നാട്ടുപുറപ്പെണ്ണുങ്ങളുടെ—കടാക്ഷങ്ങാം മുനികളേയും മ യക്കുന്നു; ഗമനം പിടിയാനയുടെ മൃദുയാനത്തെ അതിശയിക്കുന്നു; മുലയി ണകാം കമലമുകുളങ്ങളെ ധിക്കരിക്കുന്നു; മുഖം പൂർണ്ണനായാലും കളങ്കിയാ യ ചന്ദ്രനെ അധഃക്കരിക്കുന്നു.

വി:—"വിതിയിനൈ നകുവന വയില്‌വിഴി" ഇതിന്നു "തങ്ങടെ കടാക്ഷപാതത്താൽ പുരുഷന്മാൎക്കു നിധനം നൽകി അവൎക്കു വിധിവിഹിതമായ ആയുസ്സിനെ കുറച്ചു ദൈവവിധിക്കു വൈപരീത്യം ചെയ്യുന്ന വേലൊത്ത മിഴികൾ" എന്നും "ഇങ്ങിനെ ഇച്ഛാമാത്രേണ ആയുൎഭംഗത്തിൽ നൈപുണ്യമുള്ള തങ്ങളുടെ മഹിമയറിയാതെ 'ആയുൎവ്വൎഷശതം നൃണാം പരിമിതം' എന്നുള്ള ബ്രഹ്മവിധിയെ അതിലംഘിക്കുന്ന മിഴികൾ" എന്നും, "തങ്ങടെ പാടവം കൊണ്ടു മനുഷ്യവൎഗ്ഗത്തിന്നായ് കല്പിച്ചിട്ടുള്ള ശാസ്ത്രവിധികളെ മുഴുവനും (പുരുഷന്മാരെ അവശന്മാരാക്കിത്തീൎത്തു) നിരോധിപ്പാൻതക്ക പാടവമുള്ള നയനങ്ങൾ" എന്നും "കലൈ വാഴ്മതി" ഇതിന്നു "മാൻ വാഴുന്ന ചന്ദ്രൻ" എന്നും അൎത്ഥഭേദം കല്പിക്കാം. ൭൫.

76. പകലിണൊ ടികലുവ പടർമണി മടവാർ
നകിലിണൊ ടികലുവ നളിവള രിളനീർ
തുകിലിണൊ ടികലുവ ശുതൈപുരൈ നരൈകാർ
മുകിലിണൊ ടികലുവ കടിമണ മുരശം.

പ:—പടർമണി=എങ്ങും പരന്നുകിടക്കുന്ന രത്നകിരണങ്ങൾ, പകലിനൊടു=സൂൎയ്യകാന്തിയോട്, ഇകലുവ=പഴിക്കുന്നു, നളിവളർ=കുളർമയോടെ വളരുന്ന, ഇളനീർ=തെങ്ങിളനീരുകൾ, മടവാർ നകലിനൊടു= കാമിനീസ്തനങ്ങളോടു, ഇകലുവ=പഴിക്കുന്നു, ശുതൈപുരൈ=വെണ്മയാൽ അമൃതിനു തുല്യമായ, നരൈ=വെള്ളത്തിലെ നുരകൾ, തുകിലിനൊടു=അവരുടെ ഉടുപുടവയോടു, ഇകലുവ=പഴിക്കുന്നു; കടി=നവമായ, മണമുരശം=വൈവാഹികതൂൎയ്യവാദ്യം, കാർമുകിലിനോടു=കാർമേഘങ്ങളോടു, ഇകലുവ=മത്സരിക്കുന്നു.

ഭാ:—നാട്ടിൽ മണി മുതലായ മേൽപറഞ്ഞവയുടെ സമൃദ്ധിയും മഹിമയും കാണിച്ചിരിക്കുന്നു. ൭൬.

77. കാരോടു നികർവണ കടിപൊഴില്‌കഴണി
പ്പേരോടു നികർവണ പുണർമുലൈ യണൈശുഴ്
നീരോടു നികർവണ നിറൈകട ണിതിശാല്‌
ഉൗരൊടു നികർവണ വിമയവ രുലകം.

പ:—കടിപൊഴില്‌=മണമിണങ്ങിയ പൂങ്കാവുകൾ, കാരൊടുനികർവണ=മേഘങ്ങളോടു കിടപിടിക്കുന്നു; പുണർമുലൈ=(തരുണികളുടെ)തമ്മിലിടയുന്ന മുലകൾ, കഴണി=വയലുകളിലുള്ള, പോരൊടു=നെൽപൊ

ലികളോടു, നികർവണ=കിടപിടിക്കുന്നു, ന്റൈകടല്=നിറഞ്ഞിരിക്കു ന്ന കടലുകൾ, അണൈശ്ശൂഴ്=കരകളാൽ ചുററപ്പെട്ട, നീരൊടുനികർവ ണ=ജലാശയങ്ങളോടു കിടപിടിക്കുന്നു, ഇമയവർ ഉലകം=സുരന്മാരുടെ ലോകങ്ങൾ, നിതിശാല്=നിധികൾ നിറഞ്ഞ, ഊരൊടുനികർവണ=(ആ നാട്ടിലുള്ള) ഗ്രാമങ്ങളോടു കിടപിടിക്കുന്നു. ൭൰.

78. നെൻമലൈ യല്ലണ നിരൈവരു തരളം
ശൊൻമലൈ യല്ലണ തൊടുകട ലമിർതം
നൻമലൈ യല്ലണ നതിതരു നിതിയം
പൊൻമലൈ യല്ലണ മണിപടു പുളിനം.

പ:—നിരൈ വരു=നിരയായുള്ള, തരളം അല്ലണ=മുത്തുപ്പൊലികളല്ല; നെല്മലൈ=നെൽപൊലികൾ തന്നെയാണ്. തൊടു=തോണ്ടപ്പെട്ട (കടയപ്പെട്ട), കടല്=പാൽക്കടലിൽ നിന്നുണ്ടായ, അമിർതം അല്ലണ= അമൃതങ്ങളല്ല; ശൊല്മലൈ=(കഷ്ടകസ്ത്രീകളുടെ) വാശേധാരണിതന്നെ. നല്മലൈ അല്ലണ=നല്ല (സാക്ഷാൽ) മലകളല്ല; നതി തരു=നദികളാൽ നൽകപ്പെട്ട, നിതിയം=നിക്ഷേപാദനുകൾതന്നെ. പൊൻമലൈ അല്ല ണ=പൊൻകൂമ്പാരങ്ങളല്ല; മണിപടു=രത്നങ്ങൾ നിറഞ്ഞ, പുളിനം=മണ ൽക്കുന്നുകൾ തന്നെയാണ്.

അഥവാ:—നെല് മലൈ അല്ലണ=നെൽപൊലികളില്ലാതിടങ്ങളി ൽ, നിറൈവരു തരളം=മുത്തുപ്പൊലിനിരകളുണ്ട്; ശൊല്മലൈ അല്ല ണ=ഇപ്പറഞ്ഞ മുത്തുപ്പൊലികളില്ലാതിടങ്ങളിൽ, തൊടുകടല്അമൃതം=കു ഴിക്കപ്പെട്ട കടലിലുണ്ടായ ഉപ്പുപ്പൊലികളുണ്ട്; നല് മലൈ അല്ലണ= നല്ല ആ ഉപ്പുപ്പൊലികളില്ലാതിടങ്ങളിൽ, നതി തരു നിതിയം=നദികളാ ൽ നൽകപ്പെട്ട നിധിസ്തോമങ്ങൾ ഉണ്ട്; പൊൻമലൈ അല്ലണ=ആ പൊൻ പൊലികളില്ലാതിടങ്ങളിൽ, മണിപടു പുളിനം=രത്നങ്ങൾ നിറ ഞ്ഞ മണൽക്കുന്നുകളുണ്ട്. ഇങ്ങിനെയും അർത്ഥം കല്പിക്കാം. ൭൯.

79. പന്തിണൈ യിളയവർ പയിലിട മയിലൂർ
കന്തണൈ യണൈയവർ കലൈതെരി കഴകം
ചന്തണ വണമല ചൺപക വണമാം
നന്തണ വനമല നറൈവിരി പുറവം.

പ:—ഇളൈയവർ=ബാലസ്ത്രീകൾ, പന്തിണൈ പയില് ഇടം= പന്തടിക്കുന്ന സ്ഥലങ്ങൾ, ചന്തണവണമല്ല=ചന്ദനച്ചോലകളല്ല; ചൺ

പകവണം ആം=ചമ്പകച്ചോലകളാകുന്നു. മയില് ഊർ=മയിൽവാഹന ത്തിലേറുന്ന, കന്തനൈഅനൈയവർ=സുബ്രഹ്മണ്യനു തുല്യന്മാരായ യു വാക്കന്മാർ, കലൈ=വേദം മുതലായ കലകളെ, തെരി=അഭ്യസിക്കുന്ന, ക ഴകം=വിദ്യാശാലകൾ, നന്തവണം അല്ല=നന്ദനവനങ്ങളല്ല; നറവിരി= മധുവുതിരുന്ന, പുറവം=മുല്ലവനമാകുന്നു.

ഭാ:—ബാലസ്ത്രീകൾ പന്തടിക്കുന്നതു ചന്ദനവനത്തിലാണെന്നിരി ക്കിലും അതു ചമ്പകവനമായ്ത്തീരുന്നു. മയൂരവാഹനനായ സ്കന്ദനെപ്പോ ലെ ശൂരന്മാരായ യുവാക്കന്മാരുടെ വേദശാസ്ത്രാദികലാശാല ചന്ദണവന മാണെന്നിരിക്കിലും മുല്ലവനം (വരണ്ടകാട്) ആകുന്നു.

വി:—പന്തടിക്കുന്ന പെൺകിടാങ്ങളുടെ ശരീരകാന്തി വ്യാപിച്ചി രുന്നതുകൊണ്ടും കായക്ലേശം നിമിത്തമുണ്ടാകുന്ന നിശ്വാസാനിലൻെറ സൌരഭ്യംകൊണ്ടും പന്തടി നിമിത്തം ഭയന്നു വണ്ടുകളണയാതിരിക്കുന്ന തുകൊണ്ടും ചന്ദണവനം ചെമ്പകവനസദൃശമായ്ത്തീൎന്നതാണ്. അംഗകാ ന്തി ചെമ്പകപ്പൂവിൻനിറത്തേയും നിശ്വാസം അതിൻെറ മണത്തെയും കാട്ടുകയും വണ്ടുകളണയാതിരിക്കയും ചെമ്പകച്ചോലയോടഭേദമായ്ക്കാണ പ്പെട്ടുവെന്നു സാരം. "ചമ്പകേഷു നവിശന്തി ഷൾപദാ:" ചെമ്പകപ്പൂ ക്കളുടെ ഉഗ്രഗന്ധം തങ്ങൾക്കസഹ്യമാകയാൽ വണ്ടുകൾ അവയിൽ ചെ ല്ലുമാറില്ല.

ബ്രഹ്മചൎയ്യത്തെ അനുഷ്ഠിക്കുന്ന ഇളംപ്രായക്കാരുടെ കലാശാലകൾ നന്ദനവനം (പൂഞ്ചോല) തന്നെയായിരുന്നു. എന്നാൽ പാഠകാലങ്ങളിൽ ഓരോന്നുച്ചരിക്കുമ്പോൾ അവരുടെ ദന്തങ്ങൾ മുല്ലമൊട്ടുകൾപോലെ പ്ര കാശിക്കുന്നതിനാലും വേദാദ്ധ്യയനം ചെയ്യുമ്പോഴുള്ള സ്വരങ്ങൾ അളി നാദത്തിന്നു തുല്യമായിരിക്കുന്നതിനാലും അതു മുല്ലവനംപോലെ ആയി ത്തീൎന്നതാണ്. കലാവിദ്യാൎത്ഥികൾ ബ്രഹ്മചാരികളാകയാലും അഷ്ടഭോഗ ങ്ങളിലൊന്നായ താംബൂലം അവൎക്കു വൎജ്ജ്യമാകയാലും അവരുടെ ദന്തങ്ങ ൾക്കു രക്തവൎണ്ണമുണ്ടാവാനിടയില്ലാത്തതിനാൽ ദന്തങ്ങളെ കുന്ദകുട്മള ങ്ങളോടുപമിച്ചിരിക്കുന്നു. (അഷ്ടഭോഗങ്ങൾ—ആഭരണം, വസ്ത്രം, താംബൂ ലം, പരിമളം, സംഗീതം, പുഷ്പം, സ്ത്രീ, മൃഷ്ടാന്നം എന്നിവയാകുന്നു.) "നറൈവിരിപുറവം—ധനുൎവ്വേദാഭ്യാസസ്ഥാനം" ആയുധം പയററന്നിട മാകയാൽ ഭയംമൂലം ജനങ്ങളുടെ പ്രവേശമില്ലായ്കയാൽ അവിടം വിജന മായിരിക്കും. അപ്പോൾ അതു കാട്ടുപ്രദേശത്തിന്നു തുല്യമായ്പരിണമിക്ക യാൽ നന്ദനവനമല്ല; മുല്ലവനമായിരിക്കുന്നു. (മുല്ല=പഞ്ചഭൂതപ്രകൃതിക ളിലൊന്ന്—കാട്ടുപുറം, അവിടെയുള്ള വനം.) ൪്വ്വ.

80 കോകില നവില്വണ വിളൈയവർ കുതലൈ
പ്പാകിയല് കിളവിക ളവർപയി ണടമേ
കേകയ നവില്വണ കിളരിള വളൈയിൻ
നാകുക ളുമിഴ്വണ നകൈപുരൈ തരളം.

പ:—ഇളൈയവർ=ബാലസ്ത്രീകളുടെ, കുതലൈ=കൊഞ്ചുംമൊഴികളാകുന്ന, പാകു=ശക്കരപ്പാകിന്നു തുല്യം, ഇയല്=മാധുര്യമുള്ള, കിളവികാ=വാക്യങ്ങളെ, കോകിലം നവില്വണ=കുയിലുകാ പഠിക്കുന്നു, അവർ=ആ പെൺമണികാ, പയില്=(ആടി)പ്പഠിച്ച, നടമേ=നടനത്തെത്തന്നെ, കേകയം നവില്വണ=മയിലുകാ പഠിക്കുന്നു, കിളർ=പ്രകാശിക്കുന്ന, ഇളൈ വളൈയിൻ നാകുകാ=ഇളംപ്രായത്തിലുള്ള പെൺശംഖങ്ങാ, അവർ=ആ പെൺമണികളുടെ, നകൈപുരൈ=ദന്തങ്ങാക്കു തുല്യങ്ങളായ, തരളം=മുത്തുകളെ, ഉമിഴ്വണ=ഉമിഴുന്നു (ചൊരിയുന്നു.)

ഭാ:—ആ നാട്ടിലെ പെൺകിടാങ്ങളുടെ മൊഴികാ കുയിൽനാദംപോലെയും, അവരുടെ നടനം മയിലാട്ടംപോലെയും, അവരുടെ പല്ലുകാ ശംഖിൽനിന്നുണ്ടായ മുത്തുകാപോലെയും ശോഭിക്കുന്നുവെന്നുള്ളതിനെ കാവ്യകാരൻ ചമൽക്കാരത്തിന്നായി മേൽക്കാണിച്ച വിധം വർണ്ണിച്ചിരിക്കുന്നു. ർൻ.

81. പഴൈയർ തമണൈയണ പഴനറൈ നുകരും
ഉഴവർത മണൈയണ വുഴതൊഴില്പുരിയും
മഴവർത മണൈയണ മണവൊലി യിശൈയിൻ
കിഴവർത മണൈയണ കിളൈപയില്വളൈയാഴ്.

പ:—പഴനറൈ=പഴകിയ കള്ള്, പഴൈയർ തം മണൈയണ=കള്ളുവില്ക്കുന്നവരുടെ വീടുകളിലെന്നപോലെ, ഉഴതൊഴിൽ=ഉഴവുപണികാ, നുകരും=(ആ കള്ളിനെ) ആസ്വദിക്കുന്ന, ഉഴവർതം മണൈയണ=കഷ്കന്മാരുടെ ഗേഹങ്ങളിലെന്നപോലെ, മണവൊലി=കല്യാണവാദ്യധ്വനികാ, പുരിയും=(ആ ഉഴവു പണികാ) ചെയ്യുന്ന, മഴവർതം മണൈയണ=ഇളംപ്രായക്കാരുടെ വീടുകളിലെന്നപോലെ, കിളൈ പയില്=കിള (കൈക്കിള-ഗാന്ധാരം) യെന്ന സ്വരം പുറപ്പെടുവിക്കുന്ന, വളൈയാഴ്=വളവുള്ള വീണകാ, ഇൻ=ഇമ്പം ജനിപ്പിക്കുന്ന, ഇശൈക്കിഴവർ തം മണൈയണ=സംഗീതവിദഗ്ദ്ധന്മാരുടെ സദനങ്ങളിലെന്നപോലെ;

പഴൈയർതം മണൈയണ പഴനറൈനുകരും=കള്ളു വ്യാപരിക്കുന്നവരുടെ വീടുകളിലുള്ളവർ(കുട്ടികാ) കള്ളുകുടിക്കും; ഉഴവർതം മണൈയണ

ഉഴതൊഴില് പുരിയും=ഉഴവുപണിക്കാരുടെ വീട്ടിലുള്ളവർ (കുട്ടികൾ) ഉഴവുപണിചെയ്യും, മഴവർതം മനൈയണ മണവൊലി=ഇളംപ്രായക്കാരുടെ വീട്ടുകളിലുള്ളവർ (കുട്ടികൾ) കല്യാണവാദ്യദ്ധ്വനി (മുഴക്കും); ഇശൈയിൻ കിഴവർ തം മനൈയണ=സംഗീതവിദഗ്ദ്ധന്മാരുടെ സദനങ്ങളിലുള്ള (കുട്ടികൾ), കിളൈ പയില് വളൈയാഴ്=ഗാന്ധാരസ്വരവാഹിയും വക്രാകാരവുമായ വീണ (വായിക്കും) എന്നും അൎത്ഥഭേദമുണ്ടു്.

ഭാ:—ഇതിൽ പൂൎവ്വാൎദ്ധംകൊണ്ടു് ഒരു ജാതിക്കുള്ള തൊഴിൽ മറ്റൊരു ജാതി ചെയ്യുന്നില്ലെന്നും, ഉത്തരാൎദ്ധംകൊണ്ടു് ഓരോ കുഡുംബങ്ങളിലും പ്രായം ചെന്നവർ അഭ്യസിച്ചിട്ടുള്ള വിദ്യതന്നെ പിന്തുടൎച്ചക്കാരും അംഗീകരിച്ചുവരുന്നുവെന്നും പ്രതിപാദിച്ചിരിക്കുന്നു. ൧൦.

82. കോതൈകൾ ചൊരിവണ കുളിരിള നറവം
പാതൈകൾ ചൊരിവണ പരുമണി കണകം
ഊതൈകൾ ചൊരിവണ വുറൈയുറ മമൃതം
കാതൈകൾ ചൊരിവണ ചെവിനുകർ കവികൾ.

പ:—കുളിർ ഇള നറവം=കുളൎമ്മയുള്ള ഇളന്തേനിനെ, കോതൈകൾ=പൂമാലകൾ, ചൊരിവണ=പൊഴിക്കുന്നു, പരുമണി കണകം=മുഴുത്ത രത്നങ്ങളേയും പലതരം സ്വൎണ്ണങ്ങളേയും, പാതൈകൾ=മരക്കലങ്ങൾ, ചൊരിവണ=(ദേശാന്തരങ്ങളിൽനിന്നും കൊണ്ടുവന്നു) ചൊരിയുന്നു, ഉറൈ ഉറം അമൃതം=മഴത്തുള്ളികളായി പരിണമിച്ച ജലത്തെ, ഊതൈകൾ=കുളിർകാററുകൾ, ചൊരിവണ=(കൊണ്ടുവന്നു) ചൊരിയുന്നു, ശെവി നുകർ കവികൾ=ചെവികളാലാസ്വദിക്കത്തക്ക കാവ്യാമൃതത്തെ, കാതൈകൾ=ചരിത്രങ്ങളാകുന്ന പൂങ്കൊത്തുകൾ, ചൊരിവണ=ചൊരിയുന്നു.

ഭാ:—മാലകളിൽ തൊടുത്ത പൂക്കളിൽനിന്നു കൂടെ മധുവൊഴുകുന്നു; ദേശാന്തരങ്ങളിൽനിന്നു ജലയാനങ്ങൾ വഴിയായി നല്ല രത്നങ്ങളും സുവൎണ്ണങ്ങളും അപരിമിതമായ്വന്നുകൊണ്ടിരിക്കുന്നു; ശീതളവാതപ്രഭാവത്താൽ കാലോചിതമായ വൃഷ്ടിയുണ്ടാകുന്നു; ചരിത്രങ്ങളിൽനിന്നു ശ്രാവ്യങ്ങളായ കാവ്യാമൃതങ്ങൾ ലഭിക്കപ്പെടുന്നു. "പാതൈകൾ=പന്ഥാക്കൾ" എന്നൎത്ഥഭേദം വരുത്തുമ്പോൾ വഴികളിലിറഞ്ഞുകിടക്കുന്ന സുവൎണ്ണരത്നങ്ങൾ "അരിപ്പവർ കൈയക്കപ്പെട്ടവ വായിരത്തിരട്ടി" എന്ന ചിന്താമണി വചനപ്രകാരം "അരിപ്പുകാരുടെ കയ്യിലകപ്പെട്ടുന്നതായിരത്തിലിരട്ടി"യാകുന്നു.

വി:— ഒരു നാട്ടിൽ സർവ്വസമ്പത്സമൃദ്ധിയുമുണ്ടെന്നിരിക്കിലും അതിൻെറ അഭ്യുന്നതിയെ പ്രദർശിപ്പിക്കുന്നതിൽ പ്രാമാണ്യം വഹിക്കുന്ന സാഹിത്യസമ്പത്തിയും അവിടെ ഒട്ടും കുറവില്ലെന്നു കാണിപ്പാനായി "കാതൈകൾ ചൊരിവണ ചെവി നുകർ കവികൾ" എന്നു പ്രയോഗിച്ചിരിക്കുന്നു. ഉ.ഫ.

വൃത്തം മാറി.

83. ഇടംകൊൾ ശായല്ക ണ്ടിളൈഞർ ശിന്തൈപോല്
തടംകൊൾ ശോലൈവായ് മലർപെയ് താഴ്കുഴല്
വടംകൊൾ പൂൺമുലൈ മടന്തൈ മാരൊട്ടും
തൊടർന്തു പോവണ തോകൈ മഞ്ഞൈകൾ.

പ:—ഇടം കൊൾ=മഹിമയുള്ള, ചായല് കണ്ടു=(തരുണികളുടെ) സൌന്ദര്യം കണ്ട്, ഇളൈഞർ=യുവാക്കന്മാരുടെ, ശിന്തൈപോല്=മനസ്സ് (അവരെ) പിന്തുടൎന്നുപോകുംപോലെ, തടംകൊൾ=വിശാലങ്ങളായ, ചോലൈവായ്=ചോലകളിൽ, മലർപെയ് താഴ് കുഴല്=പൂവണിഞ്ഞ വാർകുന്തലിനേയും, വടം കൊൾ=മുത്തു മുതലായ രത്നപങ്ക്തികളിണങ്ങിയ, പൂൺ=ഭൂഷണങ്ങളണിഞ്ഞ, മുലൈ=മുലകളോടുകൂടിയ, മടന്തൈ മാരൊട്ടും=യുവതികളുടെ പിമ്പെ, തോകൈ=പീലികളോടുകൂടിയ, മഞ്ഞൈകൾ=മയിലുകൾ, തൊടർന്തു പോവണ=പിന്തുടൎന്നു ചെല്ലുന്നു. "തടം കൊൾ" എന്നതിന്നു തടാകങ്ങളെ (തങ്ങൾക്കുള്ളിൽ) കൈക്കൊണ്ടിരിക്കുന്ന എന്നുകൂടി അൎത്ഥമെടുക്കാം. "ചായല്=കുന്തൽ" എന്നും അൎത്ഥം.

ഭാ:—യുവതികളുടെ സൌന്ദര്യം കണ്ടു യുവാക്കന്മാരുടെ മനസ്സു പിന്തുടരുംപോലെ അവരുടെ വാർകുന്തൽ കണ്ടു കൌതുഹലം പൂണ്ടു മയിലുകൾ പിന്നാലെ പോകുന്നു.

"സമ്മതാ"വൃത്തമായ ഗോപികാഗീതംപോലെ. ഉ.വ.

84. വണ്മൈ യില്ലൈയോർ വറുമൈ യിന്മൈയാല്
തിണ്മൈ യില്ലൈനേർ ശെറുന രിന്മൈയാല്
ഉണ്മൈ യില്ലൈപൊ യ്യുരൈയിലാമൈയാല്
വെണ്മൈ യില്ലൈപല് കേൾവി മേവലാല്.

പ:—ഓർവറുമൈയിന്മൈയാല്=ഒരുവിധത്തിലും ദാരിദ്ര്യമില്ലായ്കയാൽ, വണ്മൈയില്ലൈ=ദാനമില്ല, നേർ ശെറുനർ ഇന്മൈയാല്=എ

തിത്തു പോർ ചെയ്യുന്നവരില്ലായ്കയാൽ, തിണ്മെയില്ലൈ=പരാക്രമമില്ല, പൊയ് ഉരൈ ഇല്ലാമൈയാല്=പൊളിപറയുകയെന്നതില്ലായ്കയാൽ, ഉണ്മെയില്ലൈ=സത്യമില്ല, പല് കേൾവി മേവലാല്=പലതും കേട്ടറിവാനിടയായതിനാൽ, വെണ്മൈ ഇല്ലൈ=അജ്ഞതയില്ല.

ഭാ:—ദാനമില്ല, പരാക്രമമില്ല, സത്യമില്ല എന്നു പ്രയോഗിച്ചിട്ടുള്ളതിൽനിന്നു ദരിദ്രന്മാരില്ലാതിടത്തു ദാനത്തിന്നും, മത്സരികളില്ലാതിടത്തു പരാക്രമത്തിന്നും, അസത്യവാദികളില്ലാതിടത്തു സത്യത്തിന്നും വൈശിഷ്ട്യം ലഭിക്കുന്നതല്ലെന്നു താല്പര്യം. ഓരോന്നിന്നും അതാതിൻെറ പ്രതികൂലശക്തികളെ അപേക്ഷിച്ചാണല്ലോ ഉല്ക്കർഷാപകർഷങ്ങൾ കല്പിക്കുന്നത്. ഒന്ന.

85. എള്ളു മെണല്ല മിരണ്ടു് കു ഞ്ചാമൈയും
കൊള്ളും കൊള്ളെയിർ കൊണരും പണ്ടിയും
അള്ള ലൊങ്ങ് കള ത്തമുതിൻ പണ്ടിയും
തള്ളു നീർമ്മെയി ററലൈ മയങ്ങ് കുമേ.

പ:—എള്ളും എനലും ഇരണ്ട് കും ചാമൈയും കൊള്ളും=എള്ളും തിനയും ചോളവും ചാമയും മുതിരയും, കൊള്ളെയിൻ=കൊള്ളയായി (അധികമായി), കൊണരും=കൊണ്ടുവരുന്ന, പണ്ടിയും=(കററ)കളങ്ങളും, അള്ളല്=കുഴഞ്ഞ ചേറ്, ഓങ്ങ് കു=അധികമായ, അളത്തു=ഉപ്പളത്തിലുണ്ടായ, അമുതിൻ പണ്ടിയും=ഉപ്പു കൊണ്ടുവന്നു കൂട്ടുന്ന കളങ്ങളും, തള്ളുംനീർമൈയില്=ഒന്നിനൊന്നു തള്ളിച്ചേരുന്നതിനാൽ, തലൈ മയങ്ങ് കും=(കളങ്ങളിലുള്ള ഈവക പദാർത്ഥങ്ങൾ) പരസ്പരം കൂടിക്കലൎന്നുപോകുന്നു. ഒര്

86. ഉയരു ഞ്ചാർവിലാ വുയിർകൾ ശെയ്വിണൈ
പ്പെയരും പല് കതി പിറക്കുമാറുപോല്
അയിരു ന്തേനമിൻ പാകു മായൎ്ർ
ത്തയിരും വേരിയും തലൈ മയങ്ങ് കുമേ.

പ:—ഉയരും ചാർവു ഇലാ=ഊർദ്ധ്വഗതിക്കവകാശമില്ലാത്ത, ഉയിർകൾ=ജീവികൾ, ശെയ് വിണൈ=ചെയ്യുന്ന കർമ്മത്താൽ, പെയരും=നില മാറി ചെല്ലുന്ന, പല് കതി=പല ഗതികളിൽ (ദേവന്മാർ, നരകവാസികൾ, മനുഷ്യർ, തിര്യക്കുകൾ എന്ന നാലു ഗതികൾ) പിറക്കും ആറുപോല്=പിറക്കുന്ന സമ്പ്രദായംപോലെ, അയിരും തേനും=പഞ്ചസാരയും തേനും, ഇൻ പാകും=മാധുര്യമുള്ള ശക്കരപ്പാവും, ആയർ ഊർ തയി

രും=ഇടച്ചേരിയിലുള്ള തയിരും, വേരിയും=കള്ളും, തലൈ മയങ്ങ്കും= (ഒന്നിനൊന്ന്) ഇടകലൻകൊണ്ടിരിക്കും.

വി:—"ആയർച്ചേർ തയിർ" എന്നു തയിരിൻെറ ഉല്പത്തിസ്ഥാനം മാത്രം പറഞ്ഞു മററുള്ളവയുടെ സ്ഥാനം കുറിച്ചിട്ടില്ലായ്കയാൽ മററുള്ള ഉല്പന്നങ്ങൾക്കനുരൂപങ്ങളായ ഭൂമികളെ കല്പിച്ചുകൊള്ളേണ്ടതാകുന്നു. "ഉയരും ചാർവു" എന്നത് അജ്ഞാനം മൂലം ജനനമരണങ്ങളാൽ താഴ്ന്ന ഗതികളിൽ ചെല്ലുന്നതിൽനിന്നു നിവൃത്തിച്ചു മോക്ഷം പ്രാപിപ്പാനുള്ള സാധനമായ യഥാർത്ഥജ്ഞാനം. ൮൬.

87. കുരവ പാടലും കുഴലിൻ പാടലും
വേറ വേറനിൻ റിശൈക്കും വീതിവായ്
ആറ മാറംവ ന്തെതിർന്ത വാമെണ
ച്ചാറം വേൾവിയു ന്തലൈ മയങ്ങ്കുമേ.

പ:—കുരവപാടലും=വായ്പാട്ടും, കുഴലിൻപാടലും=കുഴൽകൊണ്ടുള്ള പാട്ടും, വേറ വേറ നിൻറ=വെവ്വേറെ നിന്നു, ഇശൈക്കും=സംന്ധിപ്പാനുള്ളിടമായ, വീതിവായ്=തെരുവുകളിൽ, ആറം ആറം=നദിയും നദിയും, വന്തു എതിർന്ത ആം എണ=വന്നെതിരിട്ടതോവെന്നു തോന്നുംവണ്ണം, ശാറം=ഉത്സവവും, വേൾവിയും-കല്യാണക്കോലവും, തലൈമയങ്ങ്കും=(ഒന്നോടൊന്നു) മിശ്രിതമായ്ത്തീരും.

ഭാ:—ദേവോത്സവങ്ങളും കല്യാണാഘോഷങ്ങളും ഇടവിടാതെ നടന്നുകൊണ്ടിരിക്കയാൽ അവയിൽ വെവ്വേറെ പങ്കുകൊണ്ടിരിക്കുന്ന ജനങ്ങൾ തെരുക്കളിലുള്ള ജനത്തിരക്കുകൊണ്ട് ഒരു സംഘത്തിൽനിന്നു മററൊരു സംഘത്തിലേക്കു തെററായിക്കൂടികലൻനു പോകുന്നു. ൮൭.

88. മൂക്കി ററാക്കുറ മൂരി!നന്തുനേർ
താക്കി ററാക്കുറം പറൈയു ന്തണ്ണുമൈ
വീക്കി ററാക്കുറം വിളിയു മള്ളർതം
വാക്കി ററാക്കുറ മൊലിയിൻ മായുമേ.

പ:—മൂക്കിൻ=മൂക്കിൽ (പിരിമുഖാഗ്രത്തിൽ) നിന്നു, താക്കുറം=പുറപ്പെടുവിക്കുന്ന, മൂരിനന്തും=ഉച്ചത്തിലുള്ള ശംഖദ്ധ്വനിയും, നേർതാക്കിൻ=നേർ കൊലടിയാൽ, താക്കുറം=ധ്വനിക്കുന്ന, പറൈയും=പെരുമ്പറനാദവും, വീക്കിൻ=വാർ മുറക്കിക്കെട്ടിയതിനാൽ, താക്കുറം=ശബ്ദിക്കുന്ന, തണ്ണുമൈ-മദ്ദളത്തിൻെറ, വിളിയും-നിനാദവും, മള്ളർ=പള്ളന്മാരുടെ, വാ

ക്കിൻതാക്കം=വാക്കുകളാലുണ്ടാകുന്ന, ഒലിയിൻ=മാറെറാലിയാൽ, മായ്യം= അടങ്ങിപ്പോകുന്നു. ഐ.

89. താലി യൈംപടൈ തഴവു മാർപിടൈ
മാലൈവാ യമു തൊഴുകു മക്കളൈ
പ്പാലി നൂട്ടുവാർ ശെങ്കൈ ക പ്പങ്കയം
വാല് നിലാവുറ കുവിവ മാണുമെ.

പ:—താലി=താലിച്ചരട്ടിൽ കോക്കപ്പെട്ട, ഐംപടൈ=പഞ്ചായുധങ്ങളും (ശംഖചക്രഗദാചാപഖഡ്ഗങ്ങൾ), തഴവും=ചേന്നിരിക്കുന്ന, മാർപു ഇടൈ=തങ്ങടെ മാറിടത്തിൽ, മാലൈ=ധാരയായി, വായമൃതു=വായിൽനിന്നൊലിക്കുന്ന വെള്ളം (ലാലാജലം), ഒഴുകും=ഒഴുകിക്കൊണ്ടിരിക്കുന്ന, മക്കളൈ=കുട്ടികളെ വെച്ച്, പാലിൻ ഊട്ടുവാർ=പാലൂട്ടുന്ന പെൺമണികളുടെ, ശെങ്കൈ=(നമിച്ച) ചുവന്ന കരങ്ങൾ, വാല് നിലാ ഉറ=വെണ്മ തിരളുന്ന ചന്ദ്രിക തട്ടുമ്പോൾ, പങ്കയം=താമരപ്പൂക്കൾ, കുവിവമാണും=കൂമ്പുന്നതിനോടു തുല്യങ്ങളായിരുന്നു.

ഭാ:—തങ്ങളെ ശിശുക്കളെ ഇടതുകൈകൾകൊണ്ടു തല താങ്ങി മടിയിൽവെച്ചു പാലൂട്ടുവാനായി കുനിച്ചു പിടിക്കുന്ന കാമിനികളുടെ വലകൈകൾ (ശിശുക്കളുടെ പുഞ്ചിരിയാകുന്ന) പൂനിലാവിനാൽ മുകുളിതങ്ങളായി നമിച്ചിരിക്കുന്ന കമലങ്ങളെന്നപോലെ കാണപ്പെട്ടു. ദവ്യ.

90. പൊർപി നിൻറണ പൊലിവു പൊയ്യിലാ
നിർപി നിൻറണ നീതി മാതരാർ
അർപി നിൻറണ വറങ്ക ളുണ്ണവർ
കർപി നിൻറണ കാല മാരിയേ.

പ:— പൊലിവു=കീത്തികൾ, പൊർപിൻ=പുരുഷന്മാരുടെ സൽഗുണത്താൽ, നിൻറണ=നിലനിന്നിരുന്നു; നീതി=നീതികൾ, പൊയ് ഇലാ നിർപിൻ=അവരുടെ സത്യനിഷ്ഠയാൽ, നിൻറണ=നിലനിന്നിരുന്നു; അറങ്കൾ=ധമ്മങ്ങൾ, മാതരാർ=നാരിമാരുടെ, അർപിൻ=അമ്പിനാൽ, നിൻറണ=നിലനിന്നിരുന്നു; കാലമാരി=കാലവഷം, അണ്ണവർ=അവരുടെ, കർപിൻ നിൻറണ=പാതിവ്രത്യത്താൽ നിലനിന്നിരുന്നു. ഒൻ.

90. ചോലൈ മാനില ന്തുരുവി യാവരേ
വേലൈ കണ്ടുതാ മീള വല്ലവർ
ശാലുംവാർ പുണർ ചരയു വുംപല
കാലി നോടിയുങ് കണ്ട തില്ലെയേ.

പ:—ചോലൈ=ചോലകളാൽ ചുററപ്പെട്ട, മാ=മഹിമയുള്ള, നലം=ആ കോസലദേശത്തെ, തുരുവി=തിരഞ്ഞു, വേലൈ—അതിരിനെ, കണ്ടു=നോക്കി, മീളവല്ലവർ=മടങ്ങിവന്നു പറയുവാൻ കഴിയുന്നവർ, യാവർ=ഏതൊരുത്തരുണ്ട്; (ആരുമില്ല) ശാലും=നിറഞ്ഞ, വാർ പുനല്=ജലസമൃദ്ധിയുള്ള, ചരയുവും=സരയൂനദിയും, പല കാലിൻ ഓടിയും=പല (വായ്) കാലുകളാൽ ഓടി നോക്കിയും, കണ്ടതു ഇല്ലൈ=(ആ ദേശത്തിൻെറ അതിരിനെ) കാണുകയുണ്ടായില്ല.

ഭാ—ദ്വിപാത്തുകളാലും ബഹുപാത്തുകളാലും കണ്ടുപിടിപ്പാൻ കഴിയാത്തവിധം അതിവിസ്തീർണ്ണമുള്ളതാകയാൽ കോസലദേശത്തിൻെറ അതിരുകഠം കണ്ടുവരുന്നതു് ആരാലും ദുസ്സാദ്ധ്യമാണെന്നു താല്പര്യം. സ൦.

92. വീട്ട ശേരനീർ വേലൈ കാൻമട്ട
ത്തൂട്ട പേരിണു മുലൈവിലാ നലം
ക്കൂട്ട കോശല മെണ്ണും കോതിലാ
നാട്ട ക്കുറിണാ നകരങ്ങ്ക്കുറവാം.

പ:—വീട്ടശേര=എല്ലാം നശിച്ചുപോകത്തക്ക, നീർ=നീർപെരുക്കമുള്ള, വേലൈ=സമുദ്രങ്ങഠം, കാല്മട്ടത്തു=ചണ്ഡമാരുതനാൽ നയിക്കപ്പെട്ട്, ഊട്ട പേരിണം=സ്വസ്ഥാനം വിട്ടിളകിവന്നു മൂടിയാലും, ഉലൈവു ഇലാ=കേട്ട പാറാത്ത, നലം കൂട്ട=നന്മകഠം ചേൎന്നിരിക്കുന്ന, കോതു ഇലാ=കുററമററ, കോശലം എണ്ണും നാട്ട=കോസലമെന്ന നാട്ടിൻെറ പുഷ്ടിയെ, കുറിണാം=പറഞ്ഞു, (ഇനി) നകരം=നഗരത്തിൻെറ സമൃദ്ധിയെ, കുറവാം=പറയാം. സ൧.

൩—ാമതായ നാട്ടുപ്പടലം കഴിഞ്ഞു.

# ൪ നകർപ്പടലം.

93. ചെവ്വിയമതുരം ചേർന്തനർ പൊരുളിർ
ചീരിയ ക്രരിയതീഞ്ചൊല്
വവ്വിയകവിഞ്ഞ രണൈവരും വടനൂൻ
മുണിവരും പുകഴ്ന്തതുവരമ്പില്
എവ്വുംലകത്തോർ യാവരുന്തവം ശെ
യ്യേറവാണാതരിക്കിൻറ
അവ്വുംലകത്തോ രിഴിവതർക്കരുത്തി
പൂരികിൻറതയോത്തിമാനകരം

പ:—ചെവ്വി=കൌതുഹലം നൽകുന്നതും, മതുരംചേർന്ത=മാധുര്യ്യം ചേൎന്നതും, നൽപൊരുളിൻശീരിയ=നല്ല അത്ഥങ്ങളെ വിതരണം ചെയ്യു ന്നവിഷയത്തിൽ മേന്മകൊള്ളുന്നതും, ക്രരിയ=സംക്ഷിപ്തവുമായ, തീൻ ചൊല്=മാധുര്യ്യമേറിയ വാക്യങ്ങളെ, വവ്വിയ=ഉരംക്കൊണ്ട, കവിഞ്ഞർ അ ണൈവരും=ശഠകോപൻ മുതലായവരാലും, വടനൂൽമുണിവരും=സംസ്കൃത ഭാഷാഭിജ്ഞന്മാരായ വാന്മീകിമുതലായമുനികളാലും, പുകഴ്ന്തതു=വർണ്ണി ക്കപ്പെട്ടതും, വരമ്പു ഇല്=അളവററ, എവ്വുലകത്തോർയാവരും=എല്ലാ ലോകത്തിലുമുള്ള എല്ലാവരും, തവംശെയ്തു=തപസ്സചെയ്തു, ഏറവാൻ=കിട്ടു വാൻ, ആതരിക്കിൻറ=ആഗ്രഹിക്കുന്ന, അവ്വുലകത്തോർ=ആ പരമപദമാ യ ലോകത്തിലിരിക്കുന്നവരും, ഇഴിവതർക്കു=ഇറങ്ങിവരുവാൻ, അരുത്തി പൂരികിൻറതു-ആശിക്കത്തക്കതും, അയോത്തിമാനകരം=ശ്രീഅയോദ്ധ്യ യെന്നു മഹിമ കലൎന്ന നഗരമാണ്.

ഭാ:—വശ്യവാക്കുകളായ ശഠകോപൻ വാന്മീകി തുടങ്ങിയുള്ളവരാ ൽ പുകഴ്ത്തപ്പെട്ടതും സൎവ്വലോകവാസികളും പരമപദമായ യാതൊരു ലോ കത്തിൻെറ ലാഭത്തിന്നായി തപം ചെയ്യുന്നുവോ ആ ലോകവാസികരം അവിടം വിട്ടിറങ്ങി വന്നുചേരുവാനാശിക്കും വണ്ണമുള്ളതുമാണ് ശ്രീമത്താ യ അയോദ്ധ്യാനഗരം.

വി:—ശ്രീമന്നാരായണമൂൎത്തി സകലകലാപരിപൂൎണ്ണനും ദിവ്യ മംഗളവിഗ്രഹധാരിയുമായി രാമനാമം കയ്ക്കൊണ്ടവതാരം ചെയ്ത ദേശ മാകയാൽ നിരതിശയാനന്ദാനുഭൂതിയിൽ ലയിച്ച നിരീഹന്മാരായ പര മപദപ്രാപ്തന്മാൎക്കു പോലും സ്പൃഹണീയമായിട്ടുള്ളതാണ് അയോദ്ധ്യാ

നഗരം. ശംഖചക്രങ്ങളും ആദിശേഷനും ഭഗവദനുയായികളായി അയോദ്ധ്യയിൽ അവതരിക്കയും ചെയ്തുവല്ലോ. ൧.

94. നിലമകൺമുകമോ തിലകമോ കണ്ണോ
നിറൈനെടുമങ്ങ്കലനാണോ
ഇലകുപൂൺമുലൈമേലാരമോ വുയിരി
നിരുക്കൈയോ തിരുമകൾക്കിനിയ
മലർകൊലൊ മായോൻ മാർപിനൻമണികൾ
വൈത്തപൊർ പെട്ടിയോ വാനോർ
ഉലകിന്മേലുലകോ വൂഴിയിണിവതി
യുറൈയുളോ യാതെണവുരെപ്പാം.

പ:—(ആ അയോദ്ധ്യാനഗരം) നിലമകൾ=ഭൂമിദേവിയുടെ, മുകമോ=മുഖം തന്നെയോ, തിലകമോ=ആ മുഖത്തിൽ തൊട്ട തിലകം തന്നെയോ, കണ്ണോ=ആ മുഖത്തിലുള്ള കണ്ണുതന്നെയോ, നിറൈ നെടുമങ്ങ്കലനാണോ=പരിപൂർണ്ണമായ നെടുമംഗലസൂത്രം തന്നെയോ, ഇലകു പൂൺ=പ്രകാശമാനങ്ങളായ വിഭൂഷണങ്ങളിഞ്ഞ, മുലൈമേൽ=മുലകളിന്മേൽ പുരളുന്ന, ആരമോ=മുത്തുമാലതന്നെയോ, ഉയിരിൻ ഇരുക്കയോ=ആത്മാവിൻെറ ഇരിപ്പിടംതന്നെയോ, തിരുമകൾക്ക്=ശ്രീദേവിക്ക്, ഇനിയ=പ്രിയമായ, മലർകൊലൊ=താമരമലർ തന്നെയോ, മായോൻമാർപിൻ=അത്ഭുതഗുണചേഷ്ടിതങ്ങളിണങ്ങിയ ദേവൻെറ ഉരസ്ഥലത്തു വിളങ്ങുന്ന, നല്മണികൾ=നല്ല കൌസ്തുഭാദി രത്നങ്ങൾ, വൈത്ത=വെച്ചിരിക്കുന്ന, പൊൻപെട്ടിയോ=പൊൻപെട്ടി തന്നെയോ, വാനോർ ഉലകിന്മേൽ=ബ്രഹ്മാദിദേവന്മാരുടെ ലോകത്തിന്നു മേലെയിരിക്കുന്ന, ഉലകോ=ശ്രീവൈകുണ്ഠലോകംതന്നെയോ, ഊഴിയിൻ ഇരുതി=യുഗാന്തകാലത്തിൽ, ഉറൈ ഉളോ=(നഗരങ്ങളെല്ലാം ചെന്നൊതുങ്ങുന്നിടമായ ശ്രീമന്നാരായണൻെറ) ഉദരം തന്നെയോ, യാതുഎ്ണ ഉരൈപ്പാം=(ഇവയിൽ) ഏതെന്നുറപ്പിച്ചു പറയട്ടെ.

ഭാ: —വൈകുണ്ഠവാസിയായ പരമപുരുഷൻ രാമനായവതരിച്ചു രമാദേവിയായ സീതയോടുംകൂടി വാണിരുന്നതും പാവനമഹിമാതിശയംകൊണ്ടു പുകൾപെരുകിയതുമായ അയോദ്ധ്യാപുരിയെ കവി നാനാരൂപത്തിൽ ഉൽപ്രേക്ഷിച്ചിരിക്കുന്നു. ൨.

95. ഉമൈക്കൊരുപാകത്തൊരുവനുമിരുവർ
ക്കൊരുതണിക്കൊഴുനനുമലർ മേല്
കമൈപ്പെരുഞ്ചെല്വ ക്കടവുളുമുതലോർ
കണ്ടിലാണകരത്തു കാൺപാൻ
അമൈപ്പരുങ്കാതൻ മുൻപിടിത്തുന്ത
വന്തരഞ്ചന്തിരാതിത്തർ
ഇമൈപ്പിലർ തിരിവരിതുവലാലതനു
ക്കിയപ്പലാമുവമൈ മററിയാതോ.

പ:—ഉമൈക്കു=ഉമാദേവിക്കു കൊടുത്ത, ഒരു പാകത്തു=ഒരു ഭാഗത്തോടുകൂടിയ, ഒരുവനും=പരമേശ്വരൻ, ഇരുവൎക്കു=വള്ളി ദേവയാനയെന്ന രണ്ടുപേൎക്കും, തനി=അപ്രതിദ്വന്ദ്വനായ, ഒരു കൊഴുനനും=ഒരു പതിയായ സുബ്രഹ്മണ്യൻ, മലർമേല്=താമരമലരിൽ വിളങ്ങുന്ന, കമൈ=ക്ഷമയായ, പെരുഞ്ചെല്വം—മഹിതസമ്പത്തോടുകൂടിയ, കടവുളും=ബ്രഹ്മദേവൻ, മുതലോർ=മുതലായ ദേവന്മാർ, കണ്ടു ഇലാ=(ഗുണഗണങ്ങളെ) കണ്ടറിഞ്ഞിട്ടില്ലാത്ത, നകരത്തു=ഈ അയോദ്ധ്യക്കു തുല്യമായ മററൊരു നഗരം, കാൺപാൻ=തങ്ങൾ കാണ്മവാൻ, അമൈപ്പു അരു=അടക്കുവാനരുതാത്ത, കാതൽ=ആഗ്രഹം, പിടിത്തു=പിടന്നിയിൽ പിടിച്ചു, മുൻ ഉന്ത=മുമ്പോട്ടു തള്ളുകയാൽ, അന്തരം=ആകാശത്തിൽ, ശന്തിരാതിത്തർ=ചന്ദ്രസൂൎയ്യന്മാർ, ഇമൈപ്പു ഇലർ=കണ്ണുകൾ ഇമെക്കാതെ (അടെക്കാതെ), തിരിവർ=ഇനിയും നോക്കിക്കൊണ്ടുഴലുകയാണു്; (അതിനാൽ) ഈനുക്കു=ഈ നഗരത്തിന്നു്, ഇതു അല്ലാല്=ഈ നഗരമല്ലാതെ, ഇയല്പലാം=പറയുവാൻ തക്ക, ഉവമൈ=ഉപമ, മററു ഇയാതോ=മറേറതൊന്നാണു്. (ഒന്നുമില്ല.)

ഭാ—രുദ്രൻ മുതലായ ദേവന്മാർ തന്നെ ഇതിന്നു തുല്യമായി മററൊരു നഗരവും കാണാതിരിക്കെ ചന്ദ്രസൂൎയ്യന്മാർ അവർ കണ്ടിട്ടില്ലെന്നറിഞ്ഞോ അറിയാതേയോ തങ്ങൾക്കു കാണണമെന്ന മോഹത്തോടെ കണ്ണടക്കാതെ ഇപ്പോഴും ചുററിനടന്നു നോക്കിക്കൊണ്ടിരിക്കുന്നു. അതിനാൽ ഈ നഗരത്തിന്നു ഇതുതന്നെ ഉപമാനമെന്നു പറയുന്നതല്ലാതെ വേറെ ഉപമാനമുണ്ടെന്നു എങ്ങിനെ പറയുവാൻ കഴിയും.

വി:—മൂന്നും എട്ടും പന്ത്രണ്ടും കണ്ണുള്ള രുദ്രവിരിഞ്ചഗുഹന്മാരെ പറഞ്ഞു മററുള്ളവരെ സമഷ്ടിയായ് പറഞ്ഞിട്ടുള്ളതു പരിമിതദൃഷ്ടികളെ

ന്ന നിലയിലാകുന്നു. ഈ നഗരം ഉപമാനഹീനമാണെന്നറിയാതെ കാണ്മാൻ തുടങ്ങിയ കാലം മുതൽ ഇതിന്നു തുല്യമേതെന്നു കണ്ടറിവാൻ ചുററിനടക്കുന്നതായി പറഞ്ഞതിൽ ചന്ദ്രസൂൎയ്യന്മാൎക്കു ലാഘവം ആരോപിച്ചിരിക്കുന്നു. "ഇമൈപ്പിലർ" എന്നത് അവരുടെ ജാഗ്രതയെ കാണിക്കുന്നു. ന.

96. അയിൻമുകക്കുലിശ ത്തമരർകോണകരു
മളകൈയുമെൻറിവൈയയനാർ
പയിലുറവുററപടി പെരുമ്പാലു
മിപ്പെരുന്തിരുനകർ പടൈപ്പാൻ
മയൻമുതറൈറയ്യ ത്തച്ചരുംതത്ത
മണത്തൊഴിനാണിനർ മറന്താർ
പുയറൊട്ടു കുടുമി നെടുനിലൈമാട
ത്തിണ്ണകർ പുകലുമാറെവണോ.

പ:—അയനാർ=ബ്രഹ്മദേവൻ, അയില്മുകം=കൂൎത്ത മുനയുള്ള, കുലിശത്തു=വജ്രായുധത്തോടുകൂടിയ, അമരർകോൻ=ദേവേന്ദ്രൻെറ, നകരും=നഗരമായ അമരാവതി, അളകൈയും=കുബേരൻെറ നഗരമായ അളകാപുരി, എൻറ ഇവൈ=എന്നുള്ള ഇവകളുടെ, പയിലുറവു ഉററപടി=(സൃഷ്ടിയാൽ) അഭ്യാസം അധികമായിസ്സിദ്ധിച്ചിരുന്നതിനാൽ, പെരുമ്പാലും=മിക്കതും, ഇ പെരുന്തിരുനകർ പടൈപ്പാൻ=ഈ ഉത്തമസമ്പത്സമൃദ്ധിയുള്ള നഗരത്തെ സൃഷ്ടിപ്പാൻ പ്രാപ്തനായി; (ഃതിനാൽ ഇതുപോലെ ഒരു മഹാനഗരത്തെ നിൎമ്മിപ്പാൻ നമ്മാൽ കഴികയില്ലെന്നു കരുതി) മയൻ മുതല് തൈവത്തച്ചരും=മയൻ മുതലായ ദേവശില്പികളും, നാണിനർ=ലജ്ജിതന്മാരായി, തത്തം=അവരവരുടെ, മണത്തൊഴില്=മനസ്സുകൊണ്ടുള്ള സൃഷ്ടികളെ, മറന്താർ=മറന്നുകളഞ്ഞു; (അങ്ങിനെയിരിക്കുമ്പോൾ) പുയല്തൊടു=മേഘത്തോടു മുട്ടുന്ന, കുടുമി=ശിഖരങ്ങളോടുകൂടിയ, നെടുനിലൈ=നെടുതായ മേൽനിലകളോടുകൂടിയ, മാടത്തു=മാളികകൾ നിറഞ്ഞ, ഇ നകർ=(ബ്രഹ്മാവു പഠിച്ചു സൃഷ്ടിച്ച) ഈ നഗരത്തിൻെറ മഹത്വം, പുകലും ആറ എവൻ=പറയുന്ന വിധമെങ്ങിനെ.

ഭാ:—ബ്രഹ്മദേവന്ന് അമരാവതിയും അളകയും നിൎമ്മിച്ചു പഴക്കം വന്നതിന്നു ശേഷം ഈ നഗരം നിൎമ്മിപ്പാനുള്ള നൈപുണ്യം സിദ്ധിച്ചു. കൈത്തൊഴിൽ ചെയ്തുണ്ടാക്കിയ ഈ നഗരംപോലെ നമ്മുടെ മനസ്സുകൊ

ണ്ടും നിർമ്മിപ്പാൻ കഴിയുന്നതല്ലെന്നു കണ്ടു മയൻ മുതലായവർ നാണിച്ചു തങ്ങളുടെ മനസ്സൃഷ്ടി മറന്നുകളഞ്ഞുവെന്നു സാധിക്കുന്നു. അതുകൊണ്ടു അമരാവതിയേയും അളകയേയും അപേക്ഷിച്ച് ഈ നഗരത്തിന്നു മേന്മ യേറുമെന്നു സാരം. ര്

97. പുണ്ണിയംപുരിന്തോർ പുകുവതുതുറക്ക
മെന്നുമീതരുമറൈപ്പൊരുളേ
മണ്ണിടൈയാവനിരാകവനൻറി
മാതവമറത്തൊടും വളർത്താർ
എണ്ണരും കുണത്തിനവനിനിതിരുന്തി
വ്വേഴുലകാളുവിടമെൻറാല്
ഒണ്ണുമോ വതണിൻ വേറൊരുപോക
മുറൈവിടമുണ്ടെണവുരൈത്തല്.

പ:—പുണ്ണിയം പുരിന്തോർ=പുണ്യം ചെയ്തവർ, പുകുവതു=(ആ പുണ്യഫലാനുഭവത്തിന്നായി) പ്രാപിക്കുന്നതു, തുറക്കം എണ്ണും ഈതു=മോക്ഷപദമാണെന്നുള്ളത്, അരുമറൈപ്പൊരുളേ=മഹനീയമായ വേദവാക്യാർത്ഥം തന്നെയാണ്; മാതവം=വലിയ തപസ്സിനെയും, അറത്തോടും=ഉൽകൃഷ്ടധർമ്മത്തെയും, മണ്ണിടൈ=ഭൂമിയിൽ, ഇരാകവൻ അൻറി=ശ്രീരാമദേവനെക്കുറിച്ചല്ലാതെ, യാർ വളർത്താർ=ആരാണനുഷ്ഠിച്ചവർ; (ആരുമില്ല) എൺ അരു കുണത്തിൻ=അഗണ്യഗുണഗണയുക്തനായ, അവൻ=ആ രാമൻ, ഇനിതു ഇരുന്തു=പ്രീതനായ് വാണ്, ഇ ഏഴ് ഉലകു=ഈ ഏഴു ലോകങ്ങളും, ആൾ=പാലിപ്പാൻ തക്ക, ഇടം എൻറാല്=സ്ഥാനമായിട്ടുള്ളതു അയോദ്ധ്യയാണെങ്കിൽ, അതണിൻ=അതുപോലെ, പോകം ഉറൈ=സുഖങ്ങളുള്ള, വേറൊരു ഇടം=മറെറാരിടം, ഉണ്ടു എണ ഉരൈത്തല് ഒണ്ണുമോ=ഉണ്ടെന്നു പറഞ്ഞുകൂടുമോ.

ഭാ:—ജനനമരണദുഃഖങ്ങൾ നീക്കി നിരതിശയാനന്ദാനുഭൂതിയെ നൽകുന്ന മുക്തിപദം പ്രാപിപ്പാൻ പരിപൂർണ്ണനും പുരാതനനുമായ രാഘവനെ ഉദ്ദേശിച്ചു യാവരും തപോനിയമങ്ങളെ അനുഷ്ഠിച്ചിരിക്കുന്നു. ഇങ്ങിനെയിരിക്കെ ആ ലോകനാഥൻ ആ ലോകത്തെക്കാൾ ഈ നഗരം ആനന്ദപ്രദമാണെന്നു കരുതി ഇവിടെ സന്നിധാനം ചെയ്തു വാണുവെന്നു വരികിൽ ഈവിധം ആനന്ദപ്രദമായ മററു ലോകം ഉണ്ടെന്നു പറയാവുന്നതല്ല. ഉ.

98. തങ്കമാംപൊരുളും തരുമമും തുണൈയാ
ത്തമ്പകൈപ്പുലൻകളൈത്തവിർക്കും
പൊങ്കുമാതവമുഞാണമും പുണർന്തോർ
യാവർക്കും പുകലിടമാണ
ശെങ്കൺമാല് പിറന്താണ്ടളപ്പരുങ്കാല
ത്തിരുവിൻ വീററിരുന്തമൈ തെരിന്താല്
അങ്കൺമാഞാല ത്തണ്ണകരൊക്കും
പൊണ്ണകരമരർ നാട്ടിയാതോ.

പ:—മാ തങ്കം=മഹിമയിണങ്ങുന്ന, പൊരുളും=സമ്പത്തിനെയും, തരുമമും=ധർമ്മത്തേയും, തുണൈയാ=തുണയാക്കിക്കൊണ്ട്, തം പകൈ=തങ്ങടെ ശത്രുസ്ഥാനം വഹിച്ചിരിക്കുന്ന, പുലൻകളൈ=പഞ്ചേന്ദ്രിയങ്ങളേയും, തവിർക്കും=അകററുന്ന, പൊങ്കും=വർദ്ധിച്ചുവരുന്ന, മാതവമും=മേന്മയുള്ള തപസ്സുകളേയും, ഞാണമും=ജ്ഞാനത്തേയും, പുണർന്തോർ=കൈക്കൊണ്ടവർ, യാവർക്കും=എല്ലാവർക്കും, പുകല് ഇടമാണ=ചെന്നുചേരുവാനുള്ളിടമായ, ശെങ്കൺമാല്=ചെന്താമരക്കണ്ണനായ നാരായണമൂത്തി, പിറന്തു=അവതാരം ചെയ്ത്, ആണ്ടു=അവിടെ, അളപ്പു അരുകാലം=അളവില്ലാത്ത കാലം, തിരുവിൻ വീററിരുന്തമൈ=ലക്ഷ്മീദേവിയോടുംകൂടി വാണിരുന്നുവെന്നുള്ളത്, തെരിന്താല്=അറിഞ്ഞാൽ, അം കൺ മാ ഞാലത്തു=മനോഹരവും വിശാലവുമായ വലിയ ഭൂതലത്തിൽ, വിളങ്ങുന്ന, അണ്ണകർ ഒക്കും=ആ അയോദ്ധ്യാനഗരത്തിനോടൊത്ത, പൊണ്ണകർ=അഴകുള്ള നഗരം, അമരർ നാട്ടു=ദേവലോകത്തിലും, യാതോ=യാതൊന്നോ (യാതൊന്നുമില്ല.)

വി:—ഇന്ദ്രിയങ്ങളാകുന്ന വൈരികളെ ജയിക്കേണ്ടതിന്നു ധർമ്മാർത്ഥങ്ങളുടെ സഹകരണം ഒഴിച്ചുകൂടാത്തതല്ല. ഈ ശത്രുബാധയൊഴിയുമ്പോഴും തപസ്സു നിറവേറുകയും അതിനാൽ യഥാർത്ഥജ്ഞാനമുളവാകുകയും തന്മൂലം പ്രാപ്യസ്ഥാനമായ വൈഷ്ണവപദം ലഭിക്കയും ചെയ്യുന്നു. സ.

99. അരൈശെലാമവണ വണിയെലാമവണ
വരും പെറൻമണിയെലാമവണ
പുരൈശെമാല്കളിറം പുരവിയുന്തേരും
പൂതലത്തിയാവൈയുമവണ

വിരശ്ശുവാർ മുനിവർ വിണ്ണവരിയക്കർ
വിഞ്ചൈയർ മുതലിനോരെവരും
ഉരൈശെയ്യാരാണാ രാണപോതതണു
ക്കുവമൈ താണരിതഃരാവുളതോ.

പ:—അരൈശെലാം=ഭൂലോകത്തിലുള്ള രാജാംഗങ്ങളെല്ലാം, അവണ=അവിടെയുണ്ട്; അണിയെലാം=ആഭരണങ്ങളെല്ലാം, അവണ=അവിടെയുണ്ട്; അരും പെറൽ=ദുർല്ലഭങ്ങളായ, മണിയെലാം=മണികളെല്ലാം, അവണ=അവിടെയുണ്ട്; പുരശൈ=കഴുത്തുക്കയറോട്ടകൂടിയ, മാല് കളിറം=വാരണവീരന്മാരും, പുരവിയും തേരും=കുതിരകളും തേരുകളും, പൂതലത്തിയാവൈയും=ഭൂതലത്തിലുള്ള മററ സൎവ്വ വസ്തുക്കളും, അവണ=അവിടെയുണ്ട്; (അവയ്ക്കും പുറമെ) മുനിവർ വിണ്ണവർ ഇയക്കർ വിഞ്ചൈയർ മുതലിനോരേവരും=മുനികൾ ദേവന്മാർ, യക്ഷന്മാർ, വിദ്യാധരന്മാർ മുതലായ എല്ലാവരും, വിരശ്ശുവാർ=ആ നഗരത്തിൽ വന്നു, ഉരൈ ശെയ്‌വാരാണാർ=പുകഴ്ത്തിക്കൊണ്ടിരുന്നു; ആണപോതു=അങ്ങിനെയിരിക്കെ, അതണുക്കു=ആ നഗരത്തിന്നു, ഉവമൈ=ഉപമ, അരിതു=(കാണുന്നതു) അസാദ്ധ്യം; ഉളതോ=(കഷ്ടപ്പെട്ടു കണ്ടുപിടിക്കാമെന്നുവെച്ചാൽ) മററൊന്നുണ്ടോ (ഇല്ല).

വി:—സൎവ്വ ദേശാധിപന്മാരും കോസലദേശാധിപതിയായ ദശരഥനിൽനിന്നും തങ്ങൾക്കുള്ള ഭൂഭാഗങ്ങളെ ലഭിച്ചു വാണിരുന്നവരാകയാൽ "അരശെലാമവണ" എന്നു പ്രയോഗിച്ചിരിക്കുന്നു. ൧.

100. നാല്‌വകൈച്ചതുര വിതിമുറൈനാട്ടി
നണിതവവുയർന്തണ പണിതോയ്
മാല്‌വരൈക്കുലത്തിൻ യാവൈയുമില്ലെ
യാതലാലുവമൈ മററില്ലെ
നൂല്‌വരൈത്തൊടർന്തു പയത്തൊടും പഴകി
നണങ്ങ്കിയ നവലരുമുണർവേ
പോല്‌വകൈത്തല്ലാ ലുയർവിണോടുയർന്ത
തെണ്ണലാം പൊൻമതിണിലൈയേ.

പ:—ഉയർവിണോടു=(ഈ പ്രാകാരത്തിന്റെ) ഉയരത്തോടു (തുല്യമായി), ഉയർന്തതെണ്ണലാമല്ലാല്=ഉയൎന്നുനില്ക്കുന്നതാണെന്നു പറയാമെന്നല്ലാതെ, നാല്‌വകൈച്ചതുരം=നാലുമൊത്തചതുരമായി, വിതി മുറൈ=

ശില്പശാസ്ത്രവിധിപ്രകാരം, നാട്ടി=വിഭാഗിച്ച (നിമ്മിച്ച), നണിതവ=ഏറവും, ഉയർന്തണ=ഉയന്നതായി, പണിതോയ്=കുളൎച്ചിയുള്ള, മാല്വരൈക്കലത്തിൻ=കുലപർവ്വതസഞ്ചയത്തിൽ, യാവൈയുമില്ലൈ=യാതൊന്നുമില്ല; ആതലാൽ=അതുകൊണ്ട്, ഉവമൈ മററ ഇല്ലൈ=ഇതോടുപമിപ്പാൻ മററൊരു മലയുമില്ല; (എങ്കിലും) നൂല്വരൈ=ശാസ്ത്രത്തിൻെറ അളവെത്രയോ അത്രത്തോളം, തൊടർന്തു=മനസ്സിരുത്തിയാരാഞ്ഞറിഞ്ഞ്, പയത്തോടും പഴകി–അവയിൽ പ്രതിപാദിച്ചിട്ടുള്ളതിൻെറ ഫലമായ പുരുഷാൎത്ഥങ്ങളിൽ പരിചയിച്ച്, നണങ്കിയ=കൂമ്മതയുള്ള, നവലരു=പറയുവാൻ കഴിയാത്ത, ഉണർവേ പോല്വകൈത്തു=ജ്ഞാനം തന്നെയെന്ന രീതിയിലുള്ളതാണ്, പൊൻ=പൊന്നുകൊണ്ടുണ്ടാക്കിയ, മതില്=മതിലിൻെറ, നിലൈ=നില.

ഭാ:—ഈ മതിലിനോടൊപ്പം ഉയന്നുനില്ക്കുന്നുണ്ടെന്നു പറയാമെന്നല്ലാതെ നാൽചതുരമൊത്തു ശില്പശാസ്ത്രവിധിപ്രകാരം നിമ്മിക്കപ്പെട്ടതും ഉയന്നതുമായി തുഷാരവത്തുക്കളായ കുലപർവ്വതങ്ങളിലൊന്നുംതന്നെയില്ല. അതിനാൽ ഇതിനോടുപമിക്കത്തക്ക പവ്വതങ്ങളൊന്നുമില്ല. എങ്കിലും ശാസ്ത്രത്തിൻെറ പരമകാഷ്ഠവരെക്കും തുടന്നു ചിന്തിച്ചറിഞ്ഞ് അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഫലമായ ധൎമ്മാദികളെ അനുഭവഗോചരങ്ങളാക്കി കൂമ്മതയുള്ളതും ചൊല്ലുവാനരുതാത്തതും ജ്ഞാനത്തിൻെറ നിലയെ വഹിച്ചിരിക്കുന്നതും പൊന്മയമായ മതിൽക്കെട്ടാകുന്നു.

വി:—പഠിച്ചറിഞ്ഞവരുടെ ജ്ഞാനം ദേവന്മാൎക്കുപോലും പ്രാപ്യമല്ലാത്ത പരാപരവസ്തുവിനെ പ്രാപിക്കത്തക്കതാകയാൽ മതിൽ അതിനൊക്കുമെന്നു പറഞ്ഞതാണ്. "നൂല്വരൈത്തൊടർന്തു പയത്തൊടും പഴകി" എന്നതിന്നു പ്രാകാരപരമായി അൎത്ഥകല്പനം ചെയ്യുമ്പോൾ "ശില്പശാസ്ത്രവിധിയെ അതിലംഘിക്കാതെയും അകഴിയിലെ ജലത്തോടു സംബന്ധിച്ചും നില്ക്കുന്നു" എന്നൎത്ഥം. വ്യ.

101. മേവരുമുണർവു മുടിവിലാമൈയിനാല്
വേതമുമൊക്കും വിൺപുകലാല്
തേവരുമൊക്ക മുനിവരുമൊക്ക
ന്തിൺപൊറിയടക്കിയ ശെയലാല
കാവലിർ കലിയുർ കണ്ണിയൈയൊക്ക
ഞ്ചൂലത്താർ കാളിയൈയൊക്കും
യാവൈയുമൊക്കും പെരുമൈയാലെയ്ത
ൎക്കരുമൈയാലീശനൈയൊക്കും.

പ:—(ആമതിൽ) മേവു അരു ഉണർവും=ദുഷ്പ്രാപമായ ജ്ഞാനം കൊണ്ടും, മുടിവു ഇലാമൈയാല്=അവസാനം കാണ്മാനരുതാത്തതിനാൽ, വേതമും ഒക്കം=വേദങ്ങൾക്കും ഒത്തിരിക്കുന്നു, വിൺ പുകലാല്=സ്വർഗ്ഗലോകപ്രാപ്തി ലഭിച്ചിരിക്കയാൽ, തേവരും ഒക്കം=ദേവന്മാരൊക്കൊത്തിരിക്കും, തിൺ=ശക്തിമത്തുക്കളായ, പൊറി=യന്ത്രവിശേഷങ്ങളെ (ഇന്ദ്രിയങ്ങളെ), അടക്കിയ ശെയലാല്=അടക്കിവെക്കുന്ന വൃത്തിയാൽ, മുനിവരും ഒക്കം=മുനിമാരോടും തുല്യമായിരിക്കും, കാവലില്=കാത്തുകൊള്ളുന്ന വിഷയത്തിൽ, കലൈ ഊർ കന്നിയൈ ഒക്കം=കലമാനിനെ വാഹനമാക്കിസ്സഞ്ചരിക്കുന്ന ദുർഗ്ഗാദേവിക്കനുരൂപമായിരിക്കും, ശൂലത്താല്=ശൂലത്തെ വഹിച്ചിരിക്കുന്നതിനാൽ, കാളിയൈ ഒക്കം=ഭദ്രകാളിക്കു സമമായിരിക്കും, പെരുമൈയാല്=മഹിമകൊണ്ടു, യാവൈയും ഒക്കം=മഹിതവസ്തുക്കൾക്കെല്ലാമൊത്തിരിക്കും, എയ്തുക്കു അരുമൈയാല്=ദുഷ്പ്രാപത്വം കൊണ്ടു, ഈശനൈ ഒക്കം=സർവ്വേശ്വരന്നു (വിഷ്ണുവിന്നു) സമാനമായിരിക്കും.

ഭാ:—അന്തമില്ലാതെ അസംഖ്യം ശാഖാപശാഖകളോടുകൂടി പടന്നു കിടക്കയാൽ തീഷ്ണമായ ബുദ്ധികൾപോലും അപരിച്ഛേദ്യമായ വേദത്തോട്, അപരിമിതങ്ങളായ ശില്പാദികളോടുകൂടി അന്തം കാണ്മാനരുതാത്തതായ ഈ പ്രാകാരത്തിന്നു സാമ്യമുണ്ടു; ദേവന്മാർ സ്വർഗ്ഗലോകത്തെ പ്രാപിച്ചിരിക്കുംപോലെ ഇതും ഔന്നത്യംകൊണ്ടു സ്വർഗ്ഗലോകത്തെ പ്രാപിച്ചിരിക്കുന്നു; മുനികൾ വിഷയവ്യാപാരഗോചരങ്ങളായ ഇന്ദ്രിയങ്ങളെ അടക്കിവെക്കുംപോലെ ഈ പ്രാകാരം പ്രബലങ്ങളായ യന്ത്രവിശേഷങ്ങളെ (ശത്രുബാധാനിവർത്തകങ്ങളായ പീരങ്കി, യന്ത്രകവാടം, ഗളഹസ്തികായന്ത്രം മുതലായവയെ) തന്നിലടക്കിവെച്ചിരിക്കുന്നു; ദുർഗ്ഗാദേവി നഗരത്തെ കാക്കുംപോലെ പ്രാകാരവും നഗരത്തെ കാത്തു രക്ഷിക്കുന്നു; കാളി ശൂലായുധം ധരിച്ചിരിക്കുംപോലെ പ്രാകാരവും (കാവൽമാടങ്ങളിലുള്ള യോധന്മാർ ധരിച്ചിരിക്കുന്ന) ശൂലങ്ങളാൽ പരിശോഭിക്കുന്നു. ശ്രീമന്നാരായണൻ എങ്ങിനെ സർവ്വ ജനങ്ങളാലും ദുഷ്പ്രാപ്യനായിരിക്കുന്നുവോ അപ്രകാരം ഈ പ്രാകാരവും സർവ്വ ജനങ്ങൾക്കും ദുർഗ്ഗമമായിരിക്കുന്നു. ൯.

102. പഞ്ചിവാൻ മതിയൈ യൂട്ടി യവണൈയ
പടരുകിർ പ്പുണ്ട്കയ ച്ചെണ്ട്കാല്
വഞ്ചിപോൻ മരുങ്ങ്കില് കുരുമ്പൈപോർ കൊങ്ങ്കൈ
വാങ്ങ്കുവേയ്വൈത്ത മെൻ പണൈത്തോൾ

അഞ്ചൊലാർ പയില്വ മയോത്തിമാനകരി
നഴകുടൈത്തൻെറണ വറിവാൻ
ഇഞ്ചിവാനോങ്ങ്കി യിമയ വരുലക
ങ്ങ്കാണിയവെഴന്ത തൊത്തുളതേ.

പ:—പഞ്ചി=ചെമ്പഞ്ഞിച്ചാറിൽ, വാല്=വെണ്മയുള്ള, മതി യൈ=ചന്ദ്രനെ, ഊട്ടിയ അണയ=ചേൎത്തു (മുക്കിയതു) പോലെ, പടർ ഉകിർ=പരന്ന നഖങ്ങളോടുകൂടിയ, പങ്കയം=പങ്കജത്തിന്നു തുല്യമായ, ശെങ്കാല്=ചുവന്ന വൎണ്ണം കലൎന്ന പാദങ്ങളേയും, വഞ്ചിപോല്=പൂ ങ്കൊടിപോലുള്ള, മരുങ്കുല്=മദ്ധ്യപ്രദേശത്തേയും, കുരുമ്പൈപോല്= കുരുമ്പ (തെങ്ങിളനീർ) പോലുള്ള, കൊങ്ങ്കൈ=കൊങ്കകളേയും, വാ ങ്കു=വളയത്തക്ക ഇളംപ്രായത്തിലുള്ള, വേയ് വൈത്ത=ആണ്ടാലിന്നു തുല്യം, മെല്=മൃദുവായ, പണൈ=പരുത്ത, തോറം=തോളുകളേയും, അം ചൊല്ലാർ=മധുരമൊഴികളേയും പൂണ്ട കാമിനികറം, പയിലും=വാസം ചെയ്യുന്ന, അയോത്തിമാ നകരിൽ=അയോദ്ധ്യാനഗരംപോലെ, അഴകു ഉടയതു അൻറ എൻ=അഴകോടുകൂടിയതോ അല്ലയോവെന്നു, അറിവാൻ= അറിയുവാനായ്ക്കൊണ്ടു, ഇഞ്ചി=ഈ പ്രാകാരം, വാനോങ്കി=ആകാശ ത്തിലേക്കുയൎന്നു, ഇമയവർ ഉലകം കാണിയ=ദേവലോകത്തെ നോക്കുവാ ൻവേണ്ടി, എഴന്തു ഒത്തു ഉളതു=പുറപ്പെട്ടതുപോലെ കാണപ്പെട്ടു.

വി:—"അം ചൊലാർ" എന്നതിൽ 'അം' അഴകുള്ളതെന്നൎത്ഥമാ ണെന്നിരിക്കിലും വാക്കിന്നഴകു മാധുൎയ്യമാകയാൽ "മധുരമൊഴികറം" എ ന്നൎത്ഥം കല്പിച്ചതാണ്. 'അഞ്ചൊലാർ പയിലും' എന്നതിനാൽ ഇന്ദ്രാ ണി, ഉൎവ്വശി, മേനക, രംഭ, തിലോത്തമയെന്നുള്ള അപ്സരസ്ത്രീകളാലും, യക്ഷകിന്നരവിദ്യാധരാദിവനിതാനിവഹത്താലും നിരന്തരമായി സുഖഭോ ഗയോഗ്യമാണ് സ്വൎല്ലോകമെന്നു കാണിക്കുന്നു. ഇന്ദ്രാണി ഒരുത്തിയോടു ചേൎന്നു സുഖമനുഭവിപ്പാൻവേണ്ടി നൂറശ്വമേധം ചെയ്യുമാറുള്ളതു പുരാ ണപ്രസിദ്ധമാണല്ലോ. ൧൦.

103. കോലിടൈ യുലക മളത്തലിർപകൈഞർ
മുടിത്തലൈ കോടലിൻ മണ്ടവിൻ
നുണൈറി നടക്കു ഞ്ചെവ്വെയിൻയാർക്കു
നോക്കരും കാവലിൻ വലിയിൻ

വേലൊടുവാൾവിർ പയിററലിൻ വെയ്യ
ശ്ശുഴ് ചിയിൻ വെലർകരുവലത്തിർ
ചാല്പുടൈയുയർവിർ ശക്കരനടത്തു
ന്തൻമൈയിററലൈവ രൊത്തുളതേ.

പ:—(മതിലാകട്ടെ) കോലിടൈ=(മുഴ)ക്കോൽകൊണ്ടു, ഉലകം=(ശില്പവിജ്ഞാനി) ജനം, അളത്തലിൻ=അളക്കുന്നതിനാലും, പകൈഞർ=ശത്രുക്കളുടെ, മുടിത്തലൈ=കിരീടം വെച്ച ശിരസ്സുകളെ, കോടലിൻ=(യന്ത്രങ്ങളാൽ) ഛേദിച്ചെടുക്കുന്നതിനാലും, മണുവിൻ നൂല് നെറി=മനുവിനാൽ നിൎമ്മിക്കപ്പെട്ട ശില്പിശാസ്ത്രപ്രകാരം, നടക്കം=നടത്തപ്പെടുന്ന, ശെവ്വെയിൻ=ചാരുത്വംകൊണ്ടും, യാർക്കും നോക്കു അരു=ആൎക്കും കാണ്മാൻ കഴിയാത്ത, കാവലിൻ=കാവൽ നടത്തിപ്പുകൊണ്ടും, വലിയിൻ=ബലത്തിനാലും, വേലൊടു=വേലോടുകൂടെ, വാൾ വില്=വാളും വില്ലും (കൊണ്ടുള്ള പ്രയോഗങ്ങളെ), പയിററലിൻ=പയററുന്നതിനാലും, വെയ്യശ്ശുഴച്ചിയിൻ=എത്രയും സൂക്ഷിച്ചറിയേണ്ടുന്ന ഉപായങ്ങളാലും, വെല്ലർക്കു അരു=പരന്മാൎക്കു ജയിപ്പാൻ കഴിയാത്ത, വലത്തിൻ=വിജയത്തിനാലും, ചാല്പു ഉടൈ ഉയർവിൻ=പൂൎണ്ണമായ ഉന്നതിയാലും, ശക്കരം നടത്തും തൻമൈയിൻ=ചക്രം നടത്തുന്ന സമ്പ്രദായത്തിനാലും, തലൈവർ ഒത്തു ഉളതു=(പ്രാകാരപരിവീതയായ അയോദ്ധ്യാപുരി) ചക്രവൎത്തിയെപ്പോലെ ശോഭിച്ചു.

ചക്രവൎത്തിപക്ഷത്തിൽ കോല്=ചെങ്കോൽ, മണുവിൻ നൂല് നെറി=മാനവധൎമ്മമാൎഗ്ഗം, കാവല്=രക്ഷാധികാരം, ശക്കിരം=ആജ്ഞാചക്രം.

ഭാ:—ശില്പിവൎയ്യന്മാരാൽ ഖണ്ഡങ്ങളും വീഥികളും മററും കല്പിക്കേണ്ടതിന്നായി നഗരഭൂമദ്ധ്യം അളന്നു നിൎണ്ണയിക്കപ്പെട്ടിട്ടുള്ളതിനാലും, പ്രാകാരാദിസ്ഥാനങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള യന്ത്രവിശേഷങ്ങളാൽ അടുത്തു ചെല്ലുന്ന രിപുക്കളുടെ കണ്ഠഛേദം ചെയ്യുന്നതിനാലും, മനുവിനാൽ കല്പിക്കപ്പെട്ട ശില്പശാസ്ത്രത്തിന്നൊത്തവണ്ണം പ്രാസാദതോരണാദിനിൎമ്മാണങ്ങൾ നടത്തുന്നതിന്മേലുള്ള വൈശിഷ്ട്യത്തിനാലും, ആൎക്കും കണ്ടറിയുവാൻ കഴിയാത്തവണ്ണം സ്ഥാപിക്കപ്പെട്ടിട്ടുള്ള രക്ഷാപുരുഷവിഭാഗങ്ങളാലും, സൈന്യബലത്തിനാലും, പൌരന്മാരുടെ വേൽ വാൾ വില്ല് മുതലായ ആയുധാഭ്യാസത്തിനാലും, സൂക്ഷ്മഗ്രാഹ്യങ്ങളായി നടന്നുവരുന്ന സാമാദ്യുപായപ്രയോഗങ്ങളാലും, അപ്രധൃഷ്യമായ വിജയത്തിനാലും, പൂൎണ്ണ

മായ ഉന്നതിയാലും, യന്ത്രങ്ങളുടെ ചക്രം നടത്തും പ്രകാരത്തിനാലും, പ്രാകാരപരിവീതമായ അയോദ്ധ്യാനഗരം—ഭൂലോകം ആകമാനം തൻെറ അധികാരത്തിലുൾപ്പെടുത്തി, ശത്രുക്കളുടെ മുടിയണിഞ്ഞ മസ്തകങ്ങളെ ഛേദനം ചെയ്തു, മനുവിൻെറ ധൎമ്മശാസ്ത്രത്തിന്നൊത്തവണ്ണം ശരിയായ നീതികളെ നടത്തി. ആക്ഷം ചിന്തിപ്പാൻപോലുമരുതാത്ത നിലയിൽ പ്രജാഭരണം ചെയ്തു, കരബലത്തോടെ, വാൾ വേൽ വില്ലെന്നുള്ള ആയുധപ്രയോഗങ്ങൾ പയററി, സൂക്ഷ്മഗ്രാഹ്യമാംവണ്ണം സാമാദ്യുപായങ്ങളെ കൈക്കൊണ്ടു, അജയ്യമായ ചതുരംഗബലത്തോടെ സമ്പൂൎണ്ണമായ ഉന്നതി കലൻറുകൊണ്ടു, ആജ്ഞാചക്രം നടത്തി വാഴുന്ന ചക്രവൎത്തിക്കു തുല്യമായി ശോഭിച്ചു. ൧൧.

104. ശിണത്തയില് കൊലൈവാൾ ശിലൈ മഴുത്തണ്ടു
ശക്കരന്തോമരമുലക്കൈ
കനത്തിടൈയുരുമിൻ വെരുവരും കവൺക
ല്ലെൻറിവൈ കണിപ്പിലകൊതുകിൻ
ഇണത്തൈയുമുവണത്തിറൈയൈയുമിയങ്ങ്കും
കാലൈയുമിതമല നിണൈവാർ
മണത്തെയുമെറിയും പൊറിയുളവെൻറാൻ
മററിണിയുണർത്തുവതെവണോ.

പ:—ശിണത്തു അയില് = ഉഗ്രമായ വേലും. കൊലൈവാൾ = കൊലത്തൊഴിൽ ചെയ്യുന്ന വാളും, ശിലൈ = വില്ലും, മഴു = വെണ്മഴുവും, തണ്ടു = ദണ്ഡും, ശക്കരം = ചക്രവും, തോമരം = കൈവേലും, ഉലക്കൈ = ഉലക്കയും, കണത്തിടൈ = ഘനത്തിന്മേൽ വിളങ്ങുന്ന, ഉരുമിൻ = മിന്നൽ പിണരുപോലെ, വെരുവരും = നടുക്കത്തെ ചെയ്യുന്ന, കവൺ കല് എൻറിവൈ = കവണക്കല്ല് എന്നിവ, കണിപ്പു ഇല = അളവില്ലാത്ത, കൊതുകിൻ ഇണത്തൈയും = കൊതുക്കളുടെ കൂട്ടത്തേയും, ഉവണത്തു ഇറൈയൈയും = പക്ഷിരാജനേയും, ഇയങ്ങ്കും കാലൈയും = അടിക്കുന്ന കാററിനേയും, ഇതം അല = ഹിതമല്ലാത്തതു, നിണൈവാർ = നിനക്കുന്നവരുടെ, മണത്തെയും = മനസ്സിനേയും, എറിയും = ഹനിക്കത്തക്ക, പൊറി ഉള എൻറാല് = യന്ത്രങ്ങൾ (ആ മതിലിന്മേൽ) ഉണ്ടെന്നു വരികിൽ, ഇണി ഉണർത്തുവതു എവണോ = (ആ മതിലിൽ ഉറപ്പിക്കപ്പെട്ട കാവൽ) ഇന്ന പ്രകാരമാണെന്നു പറയുന്നതെങ്ങിനെ?

വി:—"കൊതുകിൻ ഇണമൈത്തെയും ഉവണത്തിറൈയെയും" എന്നുള്ള പ്രയോഗത്താൽ താഴ്ന്നും ഉയൎന്നും സഞ്ചരിക്കുന്നവയേയും, "ഇയങ്ങ്കും കാലൈയും" "ഇതമല നിരൈവാർ മണത്തെയും" എന്നതിനാൽ സ്പൃശ്യങ്ങളെയെന്നല്ല അസ്പൃശ്യങ്ങളായ പദാൎത്ഥങ്ങളേയും ഹനിപ്പാൻ ആ ശസ്ത്രങ്ങൾക്കു കഴിയുമെന്നു താല്പൎയ്യം. ൧൨.

105. പൂണിനും പുകഴേയമൈയുമെൻറിണൈയ
പൊർപ്പിനിൻറുയിർ നണിപുരക്കും
യാണരെണ്ടിശൈക്കു മിരുളറവിമൈക്കു
മിരവിതൻ കുലമുതണിരുപർ
ശേണൈയും കടന്തു തിശൈയെയും കടന്തു
തികിരിയുഞ്ചെന്തണിക്കോലും
ആണൈയും കടക്കുമായിനുനകരു
ക്കണിയെണവിയററിയതൻറേ.

പ:—പൂണിനും=രത്നാഭരണങ്ങളെക്കാളും, പുകഴേ=കീൎത്തി തന്നെയാണ്, അമൈയും എൻറു=ഭൂഷണമായി ഭവിക്കുന്നതെന്നു കരുതി, ഇണൈയ=ഇത്തിനെയുള്ള, പൊർപ്പിൻ നിൻറു=പൊലിമയോടെ നിന്നു, ഉയിർ നണി=ജീവികളെ മുഴുവനും, പുരക്കും=പാലിച്ചുകൊണ്ടിരിക്കുന്ന, യാണർ=ഗുണശാലികളും, എൺ തിശൈക്കും=അഷ്ടദിക്കിലുമുള്ള, ഇരുൾ അറ=ഇരുൾ നീങ്ങത്തക്കവണ്ണം, ഇമൈക്കും=പ്രകാശിക്കുന്ന, ഇരവി തൻകുലം=സൂൎയ്യകുലജാതരിൽ, മുതല് നിരുപർ=അഗ്രഗണ്യന്മാരുമായ രാജാക്കന്മാരുടെ, തികിരിയും=ആജ്ഞാചക്രവും, തണി ചെങ്കോലും=നിരുപമമായ നീതിയും, ആണൈയും=കല്പനയും, ശേണൈയും കടന്തു=സ്വൎഗ്ഗത്തേയും കടന്നു, തിശൈയെയും=ദിക്കുകളേയും, കടക്കും ആയിനും=(ഈ ലോകത്തേയും) കടക്കുമെന്നിരിക്കിലും, നകരുക്കു=നഗരത്തിന്നു, അണിയെണ=അലങ്കാരത്തെ നൽകുന്നതാണെന്നു കരുതി, ഇയററിയതു അൻറേ=(ഈ മതിൽ) നിൎമ്മിക്കപ്പെട്ടിരിക്കുന്നതു തന്നെയാണ്.

വി:—ആഭരണം ഉടലിന്നു മാത്രം അലങ്കാരമായ് ഭവിക്കും; കീൎത്തിയാകട്ടെ ലോകമെല്ലാം ആദരിക്കത്തക്ക നിരതിശയശോഭയെ ഉല്പാദിപ്പിച്ചു തൽകൎത്താവിൻെറ അഭാവത്തിലും മറഞ്ഞുപോകാതെ ശാശ്വതമായ് നില്ക്കുന്നതാകയാൽ "പുകഴേയമൈയും" എന്നു പറഞ്ഞിരിക്കുന്നു. കീൎത്തി വിദ്യാവിനയാദികളാലും വീൎയ്യൌദാൎയ്യാദികളാലും ലഭിക്കപ്പെടുന്നു. ആ

ജ്ഞയും, നീതിയും, കല്പനയും സ്വർഗ്ഗത്തേയും ദിക്കുകളേയും, ഈ ലോക ത്തെത്തന്നെയും കടന്നു നില്ക്കുമെങ്കിൽ ദുർഗ്ഗരൂപമായ ഈ പ്രാകാരത്തിന്റെ പ്രയോജനമെന്തെന്നു ശങ്കിക്കുന്നുവെങ്കിൽ അത് നഗരത്തിന്നൊഴിച്ചുകൂടാത്തതായ അലങ്കാരത്തിന്നു മാത്രമായി നിൎമ്മിക്കപ്പെട്ടതാണെന്നറിക.

ഇനി "ഉന്നതിയാൽ സേനയേയും, പരപ്പിനാൽ ദിക്കുകളേയും, അസ്തിവാരത്തിനാൽ പാതാളലോകത്തേയും, ആജ്ഞയും നീതിയും കല്പനയും ചെല്ലാത്ത മററ ഭാഗങ്ങളെയും ആക്രമിച്ചിരിക്കയാൽ ഈ പ്രാകാരം നില നിറുത്തത്തക്കതല്ലെന്നു വിചാരിക്കുന്നപക്ഷം നഗരത്തിന്റെ ശോഭ നൽകുന്നതിന്നായി പണി ചെയ്യപ്പെട്ടതാകയാൽ നീക്കം ചെയ്യാതെ നിറുത്തി വെച്ചതാണ്" എന്നും ഒരു വ്യാഖ്യാനമുണ്ട്. ൧൦൫.

106. അണ്ണമാമതില്വ ക്കാഴിമാല്വരൈയൈ
യലൈകടല്ശൂഴ്ന്തണവകഴി
പൊൻവിലൈമകളിർ മനമെണക്കീഴ്പോയ്
പ്പുൻകവിയെണത്തെളിവിൻറി
ക്കണ്ണിയരല്കുററടമെണ യാർക്കും
പടിവരുങ്കാപ്പിണതാകി
നൺനെറിവിലക്കും പൊറിയെണവെറിയു
ങ്കരാത്തതു നവിലലുററതുനാം.

പ:—അണ്ണ=അങ്ങിനെയുള്ള, മാമതിലുക്കു=വലിയ മതിലിനെ, മാല് ആഴി വരൈ=മഹത്തായ ചക്രവാളപർവ്വതത്തെ, അലൈ കടല്=അലകളോടുകൂടിയ പുറക്കടൽ, ശൂഴ്ന്താല' അണ=ചുററിയിരുന്നാലെന്ന പോലെയിരിക്കുന്ന, അകഴി=കിടങ്ങ്, പൊൻവിലൈ മകളിർ=പൊന്നിനെ വിലയാക്കിക്കല്പിച്ചു തങ്ങടെ സദ്വൃത്തിയെ വില്ക്കുന്ന വേശ്യകളുടെ, മണം എണ=മനസ്സുപോലെ, കീഴ്പോയ്=കീഴോട്ടുപോയതും, പുല്കവിയെണ=പാണ്ഡിത്യപൂർത്തിവരാത്ത മന്ദകവിയെപ്പോലെ, തെളിവു ഇൻറി= തെളിവില്ലാത്തതും, കണ്ണിയർ=കുലകന്യകകളുടെ, അല്കുല് തടമെണ= ഗുഹ്യപ്രദേശംപോലെ, യാവർക്കും പടിവു അരു=യാതൊരുത്തക്കും അവഗാഹനം ചെയ്യാൻ (പുണരുവാൻ) അരുതാത്ത, കാപ്പിണതാകി=കാവലോടുകൂടിയതുമായി, നല്നെറി=സന്മാർഗ്ഗവൎത്തനത്തിന്നു സമ്മതിക്കാതെ, വിലക്കും=തടയുന്ന, പൊറി എണ=ഇന്ദ്രിയങ്ങളെപ്പോലെ, വെറിയും=അലഞ്ഞുകൊണ്ടിരിക്കുന്ന, കരാത്തതു=മുതലകളോടുകൂടിയതുമാണ്, (ഈ കിട

ഞ്ങിൻെറ മഹിമ ഇനി) നാം നവില് ഉററതു=നമ്മാൽ പറയപ്പെടേണ്ട തായിരിക്കുന്നു, കരാം=മൂതല.

വി:—ഈ കിടങ്ങ് അഗാധമായും തെളിമയില്ലാതെയും കാവലോടു കൂടിയുമിരിക്കുന്നതാണ്. ചക്രവാളപർവ്വതം സപ്തസമുദ്രങ്ങളുടേയും അപ്പുറത്തിലുള്ളതാണ്. പുറക്കടൽ ഈ പർവ്വതത്തിന്നപ്പുറം ചുഴന്നു കിടക്കുന്നു. വേശ്യാസ്ത്രീകളുടെ ഹൃദയംപോലെ അളവററു താണുകിടക്കുന്നതിനാൽ "പൊൻവിലൈ മാതർ മണമെണക്കീഴ്പോയ്" എന്നു പറഞ്ഞിരിക്കുന്നു. കുലസ്ത്രീകാം നവയൌവ്വനം പൂണ്ടിരുന്നാലും വേളിക്കുമുമ്പെ ഒരുത്തരും അവരെ സംഗമിക്കാത്തവണ്ണം കാവലോടുകൂടി ഇരിക്കുന്നതുപോലെ ഈ കിടങ്ങും ആരുംവന്നു മജ്ജനം ചെയ്യാത്തവണ്ണം കാവലോടുകൂടിയിരിക്കയാൽ "കണ്ണിയരല് കുററടമെണയാർക്കും പടിവരുങ്കാപ്പിണതാകി" എന്നും പറഞ്ഞിരിക്കുന്നു. ൧൪.

വൃത്തം മാറി.

107. ഏകുകിൻറതങ്കണങ്കളോടുമെല്ലെ കാങ്കിലാ
നാകമൊൻറകൻ കിടങ്ങ്കൈ നാമവേളൈയാമെണാ
മേകമൊണ്ടുകൊണ്ടെഴുന്തു വിൺടൊടർന്തകുൻറമെ
ൻറാകനൊന്തുനിൻറതാരൈ യമ്മതിർകൺവീഴ്ത്തുമെ.

പ:—മേകം—മേഘങ്ങാം, ഏകുകിൻറ=നീർകൊള്ളുവാൻ പോകുന്ന, തം കണങ്കാം=തങ്ങടെ ഗണങ്ങാം, ഓടും എല്ലെ=ഓടുന്ന വഴിയെ, കാൺകിലാ=കാണാതെ കണ്ട്, നാകം=പാതാളലോകം വരെക്കും, ഒൻറ= ആഴ്ന്നു ചെന്നു, അകൻറ=വിശാലമായ് കിടക്കുന്ന, കിടങ്കൈ=കിടങ്ങിനെ, നാമം=അത്ഭുതജനകമായ, വേളൈയാ മെണാ=ആഴിയാണെന്നു കരുതി, കൊണ്ടു കൊണ്ടു=അതിലുള്ള ജലമെടുത്തുകൊണ്ട്, എഴുന്തു=ഉയന്നു, വിൺ തൊടർന്ത=ആകാശം തൊട്ടുനില്ക്കുന്ന, കുൻറമെൻറ=മലയെന്നു കരുതി, അമ്മതിർ കൺ=ആ മതിലിന്മേൽ ആകം നൊന്തു=കായക്ലേശം ചെയ്തു കയറി, നിൻറ=(ഗർഭത്തിലുള്ള ജലം വർഷിപ്പാൻ തക്ക പാകമാകുംവരെക്കും) തങ്ങിനിന്ന്, (പിന്നെ മേല്പോട്ടുയന്നു) താരൈ വീഴ്ത്തും= ജലധാര പൊഴിക്കും.

ഭാ:—മേഘങ്ങാം കിടങ്ങിനെ കടലായും പ്രാകാരത്തെ പർവ്വതമായും കരുതി കിടങ്ങിൽനിന്നു നീർകൊണ്ടു പ്രകാരത്തിന്മേൽ വർഷിക്കുന്നു.

വി:—കിടങ്ങ് അഗാധവും വിപുലവുമാണെന്നും പ്രാകാരം അത്യുന്നതമാണെന്നും സാരം.

"താണ്ഡവം" വൃത്തംപോലെ. ൧൫.

108. അന്തമാമതില് പുറ ത്തകത്തെഴന്തലർന്തനീഠ
കന്തനാറപങ്ക് കയത്ത കാണമാണ മാതരാർ
മുന്തുവാൺമുകങ്ക് കളുക്കുടൈന്തുപോണമൊയ്മ്പെലാം
വന്തുപോർമലൈക്കമാ മതില് വളൈത്തൻമാണുമേ.

പ:—അന്തമാമതില്=ആ വലിയ മതിലിൻെറ, പുറത്തു=വെളിപ്പുറത്തു വിളങ്ങുന്ന, അകത്തു=കിടങ്ങിൻെറ അകത്ത്, എഴന്തു അലർന്ത=എഴുന്നു മലൎന്ന, നീഠ കന്തം നാറം=അധികമായ ഗന്ധം വീശുന്ന, പങ്കയത്ത=പങ്കജങ്ങളാകുന്ന, കാണം=വനം, മാണം=മാനമുള്ള, മാതരാർ=(ആ നഗരത്തിലുള്ള) വനിതകളുടെ, വാഠ=ഒളി തിരളുന്ന, മുകങ്കളുക്കു=മുഖങ്ങൾക്കു, മുന്തു=മുൻകാലത്ത്, ഉടൈന്തു പോണ=തോററു മടങ്ങിപ്പോയ, മൊയ്മ്പു എലാം=ശക്തിയെല്ലാം, വന്തു=പിന്നീടു വന്നതിനാൽ, പോർമലൈക്ക=പോർ ചെയ്വാൻ, മാമതില്=ആ വലിയ മതിലിനെ, വളൈത്തല്=വളഞ്ഞതിനോടു, മാണും=ഒക്കും.

ഭാ:—ആ മതിലിന്നു പുറത്തുള്ള കിടങ്ങിൽ വികസിച്ചു ശോഭിക്കുന്ന ചെന്താമരപ്പൂക്കൾ ആ നഗരാംഗനകളുടെ മുഖകാന്തിയോടു മുമ്പു തോററുപോയി പിന്നീടു ജയിപ്പാൻ തക്ക ശക്തി വന്നിരിക്കയാൽ വീണ്ടും അവരുടെ മുഖങ്ങളോടു മല്ലിടുവാൻ മതിലിനെ വളഞ്ഞിരിക്കുംവിധം കാണപ്പെടുന്നു. ഫന്തു.

109. ശൂഴ്ന്തനാഞ്ചില് ശൂഴ്ന്തവാരൈ ശുററുമുററുപാരെലാം
പോയ്ന്തമാകിടങ്ക് കിടൈക്കിടന്തുപൊങ്ക് കിടങ്ക്കർമാ
താഴ്ന്തവങ്കവാരിയി ററട്ടപ്പൊണാമതത്തിണാൽ
ആഴ്ന്തയാണൈ മീതെഴ ന്തഴന്തുനിൻറ പോലുമേ.

പ:— ശൂഴ്ന്ത=മികച്ച, നാഞ്ചില്=വിഭാഗങ്ങളോടുകൂടെ, ശൂഴ്ന്ത=ചുററപ്പെട്ട, ആരൈ=മതിലിനെ, ചുററം=ചുററിക്കിടക്കുന്ന, മുററുപാർ എലാം=എല്ലാ ഭൂഭാഗത്തേയും, പോഴ്ന്ത=വ്യാപിച്ചുനിന്ന, മാകിടങ്കിടൈ=വലിയ കിടങ്ങിന്നുള്ളിൽ, കിടന്തു=കിടന്നു, പൊങ്കു=പൊങ്ങുന്ന, ഇടങ്ക്കർമാ=മുതലകൾ, (ഉള്ളിലേക്കു താണു വീണ്ടും മേലോട്ടു പൊങ്ങുന്ന തെങ്ങിനെയെന്നാൽ) താഴ്ന്ത=ആഴമുള്ളതും, വങ്കം=ഓടങ്ങളോടുകൂടിയതുമായ, വാരിയില്=സമുദ്രത്തിൽ, തട്ടപ്പൊണാ=തട്ടപ്പാൻ കഴിയാത്ത, മതത്തിനാല്=മദമ്പാടിനാൽ, ആഴ്ന്ത=മുങ്ങിയ, യാണൈ=ആനകൾ, മീതു എഴന്തു=മേലെ പൊങ്ങി, അഴന്തുകിൻറ പോലും=വീണ്ടും താഴുന്നതുപോലെ ഇരിക്കുന്നു.

ഭാ:—വിശാലമായ ഈ കിടങ്ങിൽ മുതലകൾ താഴുകയും പൊങ്ങുകയും ചെയ്യുന്നത്, കടലിൽ മത്തഗജങ്ങൾ മുങ്ങുകയും പൊങ്ങുകയും ചെയ്യുന്ന വിധത്തിലായി കാണപ്പെട്ടു. ൧൦൯.

110. ഈരുംവാളിൻവാല് വിതിർത്തെയിററിളംപിറെക്കുലം
പേരമിണ്ണിവായ് വിരിത്തെതിർന്തകട് പ്പിറങ്ങ് കുതീ
ശോരവൊന്റെയൊൻറമുൻെറാടർന്തുശീറിടങ്ങ് കർമാ
പോണില് വന്തു ശീറകിൻറ പേരരക്കർ പോലുമേ.

പ:—ഈരും വാളിൻ=ഈർവാൾ പോലുള്ള, വാല് വിതിർത്തു=വാലിനെ ഇളക്കി, എയിറ=പല്ലുകളാകുന്ന, ഇളം പിറെക്കുലം=ബാലചന്ദ്രനിവഹം, മിണ്ണിപ്പേര=മിന്നിപ്രകാശിക്കുമാറ, വായ് വിരിത്തു=വായ് തുറന്നുകൊണ്ടു എതിർന്ത=നേരെ തിരിച്ച, കൺ=കണ്ണുകളിൽനിന്നും, പിറങ്ങ് കു തീ=പുറപ്പെടുന്ന തീപ്പൊരികൾ, ശോര=ചൊരിയുംവണ്ണം, ഒന്റെ യൊൻറ=ഒന്നിനെ മററൊന്നു, മുൻെറാടർന്തു=എതിരിട്ടുചെന്നു, ചീറ=ചീറുന്ന, ഇടങ്ങ് കർമാ=മുതലകൾ, പോരില് വന്തു=പോർക്കളത്തിലണഞ്ഞു, ശീറകിൻറ=(പരസ്പരം നോക്കി) ചീററം കൊള്ളുന്ന, പേരരക്കർപോലും=വീരദാനവന്മാരെന്നപോലെ കാണപ്പെട്ടു.

ഭാ:—കിടങ്ങിൽ മുതലകൾ തമ്മിൽ കലഹിക്കുന്നതു രാക്ഷസന്മാർ അന്യോന്യം പൊരുതുന്നതുപോലെയിരുന്നു. ൧൧൦.

111. ആളുമണ്ണം വെൺകുടൈക്കുലങ്ങ് കളാവരുങ്ങ് കരാ
കോളെലാമുലാവുകിൻറ കുൻറമണ്ണയാണൈയാ
താളുലാവുപങ്കയ ത്തരങ്ങ് കമുന്തുരങ്ങ് കമാ
വാളും വേലു മീണമാക മണ്ണർ ശേണൈമാണുമേ.

പ:—ആളും=ആ കിടങ്ങിൽ വാസംചെയ്യുന്ന, അണ്ണം=അരയന്നങ്ങൾ, വെൺകുടൈക്കുലങ്ങ് കളാ=വെൺകൊററക്കുട നിരകളായും, വരും കരാ=അതിലുള്ള മുതലകളെല്ലാം, കോൾ എലാം=ആദിത്യാദി നവഗ്രഹങ്ങളും, ഉലാവുകിൻറ=ഉരസിക്കൊണ്ടു സഞ്ചരിക്കുന്ന, കുൻറം അണ്ണ=പർവ്വതതുല്യങ്ങളായ, യാണൈയാ=ആനകളായും, താളുലാവു=വള്ളികളോടുചേന്ന, പങ്കയം=താമരപ്പൂക്കളോടുകൂടിയ, തരങ്ങ് കമും=അലകളും, തുരങ്ങ് കമാ=തുരംഗങ്ങളായും, മീണം=മത്സ്യങ്ങൾ, വാളും വേലും ആക=വാളുകളും വേലുകളുമായും, മണ്ണർ ശേണൈ മാണും=മന്നവരുടെ സേനയോടൊക്കും.

ഭാ:—കിടങ്ങിലുള്ള അരയന്നങ്ങൾ വെൺകൊററക്കുടകൾപോലെയും, മുതലകൾ സൂൎയ്യാദിഗ്രഹങ്ങളോടുരസിനില്ക്കുന്ന മേരുപൎവ്വതം പോലെ ഉന്നതങ്ങളായ ആനകളെപ്പോലെയും, കൊടികൾക്കു തുല്യങ്ങളായ താമരപ്പൂക്കളോടുകൂടിയ അലകൾ കുതിരകളെപ്പോലെയും, മീനുകൾ വാളുകളേയും വേലുകളേയും പോലെയും ഇരിക്കുന്നതിനാൽ ആ കിടങ്ങ് രാജാക്കന്മാരുടെ സേനക്കു സമാനമായ്ക്കാണപ്പെട്ടു. ൧ൻ.

112. വിളിമ്പുതെററിമുററവിത്തു വെള്ളികട്ടിയുള്ളുറ
പളിങ്കുപൊററലത്ത കട്ടടുത്തുറപ്പടുത്തലില്
തളിന്തകററലത്തൊടച്ചലത്തിണൈത്തനിത്തുറ
ത്തെളിൎന്തുണൎത്തുകിററമെൻറല് തേവരാലുമാവതേ.

പ:—വിളിമ്പു=ആ കിടങ്ങിന്നരികെ, തെററി=തിണ്ണകൾ, വെള്ളി കട്ടി=വെള്ളികൊണ്ടു കെട്ടി, മുററവിത്തു=മുഴമിച്ചു, ഉൾ ഉറ=ഉള്ളു മുഴവൻ, പൊൻതലം=പൊൻതളമായ, തകിടു=തകിട്ടിൽ, പളിങ്കു=സ്ഫടികം, അടുത്തു ഉറ=അടുത്തടുത്തായി, പടുത്തലിൻ=പടുത്തിരിക്കുന്നതിനാൽ, തളിന്ത=പരന്ന, കല് തലത്തു ഓടു=ആ സ്ഫടികക്കല്ലിനോടു, അച്ചലത്തിണൈ=ആ കിടങ്ങിലുള്ള ജലത്തെ, തണിത്തു ഉറ=േവർതിരിച്ചു, തെളിന്തു= (ഇതു പളുങ്കു, ഇതു നീർ എന്നു) തിരിച്ചറിഞ്ഞ്, ഉണൎത്തുകിററമെൻറല്=(ഞങ്ങൾക്കു) പറയുവാൻ കഴിയുമെന്നതു, തേവരാലുമാവതേ=ദേവന്മാരാലും സാദ്ധ്യമല്ലാത്തതാണ്.

ഭാ:—ആ കിടങ്ങിൻെറ ഉള്ള് ഇരുപാൎശ്വങ്ങളിലുമുള്ള ഭിത്തികൾ മുഴവനും വെള്ളികൊണ്ടു കെട്ടിശ്ശേരിപ്പെടുത്തി അടിത്തട്ടു നിരക്കെ സ്വൎണ്ണത്തകിടു പരത്തി അതിൽ അടുത്തടുത്തായി പളുങ്കുകൾ നിരത്തി പതിച്ചിരിക്കുന്നതിനാൽ ആ സ്ഫടികക്കല്ലിനേയും കിടങ്ങിലുള്ള ജലത്തേയും വേർതിരിച്ചറിയുകെന്നുള്ളതു അമരന്മാൎക്കുപോലും അസാദ്ധ്യമായിട്ടുള്ളതാകുന്നു. ൨൦.

113. അണ്ണനീരകല് കിടങ്കുശൂഴ്കിടന്ത വാഴിയൈ
ത്തുണ്ണിവേരശൂഴ്കിടന്ത തുങ്കുവീങ്കിരുട് പിഴം
പെണ്ണലാമിവമ്പു ശൂഴ്കിടന്തശോലൈ യെണ്ണില
പ്പൊണ്ണിൻമാമതിട് കുടുത്ത നീലവാടൈപോലുമേ.

പ:—അണ്ണ=അങ്ങിനെയുള്ള, നീർ=ജലസമൃദ്ധിയുള്ള, അകല്=വിസ്തീൎണ്ണമായ, കിടങ്കു=കിടങ്ങിനെ, ശൂഴ്കിടന്ത=ചുററിക്കിടക്കുന്നതും,

ആഴിയെ=പെരുമ്പുറക്കടലിനെ, തുണ്ണി=അടുത്തു, വേറ ശൂഴ്കിടന്ത= വേർതിരിഞ്ഞു ചുററിലും കിടക്കുന്ന, തുങ്ങ്കു=സ്ഥിരമായ് നില്ക്കുന്ന, വീങ്ങ്കു=നിർഭരമായ; ഇരുൾ പിഴമ്പു=അന്ധകാരവ്യൂഹം, എണ്ണല് ആം= എന്നു പറയത്തക്കതുമായ, ഇറമ്പു=ഗിരിദുർഗ്ഗത്തോടുകൂടി, ശൂഴ കിടന്ത= ചുററിക്കിടന്ന, ചോലൈ=വനദുർഗ്ഗത്തെ, എണ്ണില്=നോക്കുന്നതായാൽ, പൊണ്ണിൻ=സ്വർണ്ണനിർമ്മിതമായ, അമ്മാമതിൾകൾ=ആ മഹാപ്രാകാരത്തിന്നു, ഉടുത്ത നീല ആടൈ പോലും=വളച്ച നീലത്തിരശ്ശീലയോയെന്നു തോന്നും.

ഭാ:—അങ്ങിനെ ആഴവും അകലവും ഉള്ള കിടങ്ങിനെ ചുററിക്കിടക്കുന്നതും, പെരുമ്പുറക്കടലിന്നു ചുററം നിബിഡമായ് പടിഞ്ഞുനില്ക്കുന്ന അന്ധകാരപടലമോയെന്നുള്ള ശങ്കയെ ജനിപ്പിക്കുന്നതുമായ, ഗിരിദുർഗ്ഗത്താൽ ചുററപ്പെട്ട വനദുർഗ്ഗത്തെ നോക്കുന്നതായാൽ പൊന്മയവും ഉന്നതവുമായ വലിയ മതിലിന്നു ചുററം വളച്ച നീലത്തിരശ്ശീലയോയെന്നു തോന്നും. പെരുമ്പുറക്കടലിന്നപ്പുറത്തു ചുററമുള്ള തിമിരനികരംപോലെ കിടങ്ങിനെ ചുററിക്കിടക്കുന്ന ഗിരിദുർഗ്ഗം നഗരത്തിന്റെ ദൃഷ്ടിബാധാപരിഹാരാർത്ഥം നീലത്തിരശ്ശീല വളച്ചതുപോലെയിരുന്നു.

വി:—നാം വസിക്കുന്ന ഭൂഭാഗത്തിന്നുചുററം സമുദ്രം അതിന്നു ചുററം ഒരു ദ്വീപം, അതിന്നുചുററം സമുദ്രം, ഇങ്ങിനെ സപ്തദ്വീപങ്ങളും സപ്താർണ്ണവങ്ങളും ഉള്ളവയിൽ ഏഴാമത്തെ അർണ്ണവത്തെയാണ് പെരുമ്പുറക്കടലെന്നു പറഞ്ഞിട്ടുള്ളത്. അതിന്നപ്പുറം സൂര്യകിരണങ്ങളുടെ വ്യാപ്തിയില്ലായ്കയാൽ ആ കടലിന്നു ചുററിലും സാർവ്വകാലികമായ ഗാഢാന്ധകാരം വ്യാപിച്ചിരിക്കയാണ് എന്നു പുരാണസിദ്ധാന്തം. വ.ഗ.

114. എല്ലൈനിൻറവെൻറിയാനൈ യെണ്ണനിൻറമുന്നമാല്
ഒല്ലൈയുമ്പർനാടളന്ത താളിൻ മീതുയർന്തവാല്
മല്ലൻഞാലംയാവുനീതി മാറരാവഴക്കിനാല്
നല്ലവാറശൊല്ലും വേതനാൻകുമന്നവായിലേ.

പ:—വായില്=കോട്ടവാതിലുകൾ, എല്ലൈ നിൻറ=നാലു ദിക്കുകളിലേക്കും, വെൻറി=ജയംകൊണ്ടു, യാനൈ എണ്ണ=ആനകൾപോലെ, നിൻറ=നിലനിന്നും, (അതുമല്ല) മുന്നം=മുൻകാലത്തു, മാല്=മഹാവിഷ്ണു, എല്ലൈ=വേഗത്തിൽ, ഉമ്പർനാട=ദേവലോകത്തെ, അളന്ത=അളന്ന, താളിൻ=ശ്രീപാദംപോലെ, മീതു ഉയർന്ത=മേല്പോട്ടുയർന്നും, (അതുതന്നെയല്ല) മല്ലല്=പരപ്പോടുകൂടിയ, ഞാലം യാവും=ലോകത്തിലുള്ളവ

ക്കെല്ലാം, നീതിമാററാ=നീതിക്ക ഭംഗം വരാതെ, വഴക്കിനാല്=തീർപ്പു ക ല്പിക്കുന്നതിനാൽ, നല്ലവാറ=ഉത്തമധർമ്മങ്ങളെ, ശൊല്ലും=ഉപദേശിക്കുന്ന, നാൻകുവേതം=നാലു വേദങ്ങൾക്കും. അണ്ണ=തുല്യമായും കാണപ്പെട്ടു.

ഭാ:—ആ പ്രാകാരത്തിൻെറ നാലു ദ്വാരങ്ങൾ നാലു ദിക്കിനേയും ജ യിച്ച നാലു ഗജേന്ദ്രന്മാരുടെ നില പൂണ്ടുനിന്നിരുന്നു; പണ്ട് ശ്രീമഹാവി ഷ്ണു വാമനനായി സ്വർഗ്ഗലോകത്തെ അളന്ന ശ്രീപാദംപോലെ മേലോട്ടു യൎന്നുനിന്നു. വിശാലങ്ങളായ നിഖിലലോകങ്ങളിലുമുള്ളവക്കെല്ലാം നീതി ക്ക ഭംഗം കലരാത്തവണ്ണം തീർപ്പുകൾ ചെയ്യുന്നതിനാൽ ഉത്തമധർമ്മങ്ങ ളുപദേശിക്കുന്ന നാലു വേദങ്ങളെപ്പോലെയുമിരുന്നു.

വി:—"എല്ലൈ നിൻറ വെൻറിയാനൈ യെണ്ണ" എന്നതിനാൽ പരന്മാരാൽ അപ്രധൃഷ്യമാണെന്നു കാണിക്കുന്നു. ഒരു വിഷയത്തെപ്പററി രണ്ടുപേർ തമ്മിൽ ഭിന്നാഭിപ്രായമുണ്ടായി ബഹിർദ്വാരം വഴിക്ക ചെന്നു ചക്രവർത്തിയെ അറിയിക്കുമ്പോൾ രണ്ടുപേക്കും സമ്മതം വരത്തക്ക നീതി വാക്യമുപദേശിച്ചയക്കുന്നതിനാൽ ദ്വാരചതുഷ്ടയത്തെ വേദത്വേന ഉൽ പ്രേക്ഷിച്ചിരിക്കയാണ്. വ.വ.

115. താവില്പൊററലത്തിണററവത്തിണോർകടങ്കുതാൾ
പൂവുയിർത്തകപ്പ്ക പ്പൊതുമ്പർപുക്കൊതുങ്കുമാല്
ആവിയൊത്ത വമ്പുശേവല്ക്കുവവന്തണൈന്തിടാ
ഓവിയപ്പുറാവിൻ മാടിരുക്കവൂട്ടപേടൈയേ.

പ:—ആവിയൊത്ത=തൻെറ പ്രാണനോടു തുല്യമായ, അമ്പു=പ്രേ മത്തെ വഹിച്ചിരിക്കുന്ന, ശേവല്=ആൺപിറാവ്, കൂവ്=താൻ കൂകുന്ന തു കേട്ടിട്ടും, വന്തു അണൈന്തിടാ=വന്നു ചേരാതെ, ഓവിയം=(ആ ഗോ പുരശിഖരങ്ങളിൽ) ചിത്രീകരിച്ചുവെച്ചിട്ടുള്ള, പിറാവിൻ മാടു=പെൺ പിറാവിന്നടുക്കൽ, ഇരുക്ക=ഇരിക്കുന്നതായ്ക്കണ്ടു, ഊടു=വിട്ടുപിരിഞ്ഞ, പേടൈ=പെൺപിറാവ്, നല് തവത്തിണോർകൾ=ഉത്തമതപസ്വികൾ, തങ്കും=വാസം ചെയ്യുന്ന, താഇല്=ദോഷമില്ലാത്ത, പൊൻ തലത്തു= സ്വർല്ലോകത്തിലിരിക്കും, താൾ പൂ=നാരം പൂക്കൾ, ഉയിർത്ത=വികസി ച്ചു നില്ക്കുന്ന, കർപ്പകപ്പൊതുമ്പർ=കല്പകമരച്ചോലയിൽ, പുക്ക ഒതു ങ്കും=ചെന്നുചേരും.

ഭാ:—താൻ കൂകിയപ്പോൾ അരികെ വരാതെ ഗോപുരാഗ്രത്തിൽ ചിത്രീകരിച്ചിരിക്കുന്ന പിടയിൽ ആസക്തനായി അതിനോടിണങ്ങിയിരി ക്കുന്ന തൻെറ ഇണയായ ആൺ പിറാവിനെ കണ്ടു വൈമനസ്യം പൂണ്ടു

പിരിഞ്ഞുപോയ പെൺപിറാവ് സുരലോകത്തിൽ പുക്ക കല്പകച്ചോല യിൽ സുഖിക്കും.

വി:—ചിത്രീകരിച്ചിരിക്കുന്ന പിടയിൽ ആസക്തനായതായി പറയുന്നതിനാൽ അവയിലുള്ള ചിത്രങ്ങളെ സജീവങ്ങളാക്കി കാണിക്കത്തക്ക ശില്പവൈചിത്ര്യം പ്രകാശിപ്പിക്കപ്പെടുന്നു. തപോനിധികളുടെ പ്രാപ്യസ്ഥാനമായ കല്പകപ്പൂഞ്ചോലയെ പെൺപിറാവിൻെറയും പ്രാപ്യസ്ഥാനമായി പറഞ്ഞിരിക്കയാൽ ഈ നഗരത്തിൻെറ പുണ്യപരിപാകത്തെയു ണർത്തുന്നു. വ.ന.

116. കല്ലടിത്തടുക്കി വായ്പളിങ്ക് കരിന്തു കട്ടിമീ
തെല്ലിടപ്പത്തുമ്പൊൻ വൈത്തിലങ്ങ്കുപൻമണിക്കുലം
പുല്ലിടക്കുയിററിവാറ് വിരിക്കും വെള്ളിമാമരം
പുല്ലിടക്കിടത്തിവച്ചിരത്തകാല് പൊരുന്തിയേ.

പ:—കല് അടിത്തു=കല്ലുകളെച്ചെത്തിക്കുറവുതീർത്തു, അടുക്കി=അസ്തിവാരം കെട്ടി, പളിങ്ക്=പളുങ്കുകളെ, അരിന്തു=ചെത്തി മിനുപ്പിച്ചു, വായ്കട്ടി=കട്ടിളവെച്ചു, മീതു=മേലെ, എല്ലിട=ഒളി തിരളുംവണ്ണം, പത്തുമ്പൊൻ=തങ്കപ്പൊന്നിനാൽ, വൈത്തു=ചുമർവെച്ചു, ഇലങ്ക്=വിളങ്ങിയ, പല്മണിക്കുലം=പലവക രത്നങ്ങളെ, വില്ലിട=വിളങ്ങുമാറ, കുയിററി=(ആ ചുവരിന്മേൽ) പതിച്ചു, വാറ് വിരിക്കും=ഒളിവീശുന്ന, വെള്ളിമാമരം=വെള്ളികൊണ്ടുള്ള വലിയ ഉത്തരങ്ങൾ, പുല്ലിട=ഇണങ്ങും പോലെ, കിടത്തി=ചേർത്തു, വച്ചിരത്ത=വജ്രമയങ്ങളായ, കാല്=തൂണുകൾ, പൊരുന്തി=നാട്ടി. വ.ർ.

117. മരകതത്തിലങ്ക് പോതി കൈത്തലത്തു വച്ചിരം
പുരൈതപുത്തടുക്കിമീതു പൊൻ കുയിററിമിൻകുലാ
നിരൈമണിക്കുലത്തിനാളി നീറ് വകുത്തവോളിമേല്
വിരവുകൈത്തലത്തിലുയ്ത്തമേതകത്തിൻ മീതരോ—

പ:—മരകതത്തു=(ആ ഒന്നാം നിലത്തൂണുകളിന്മേൽ) മരതകക്കല്ലുകളാൽ പണിചെയ്ത, ഇലങ്ക്=വിളങ്ങുന്ന, പോതികൈ=പോതികകളെ (തുലാങ്ങളെ), തലത്തു=ആ നിരപ്പിന്മേൽ, വച്ചിരം=വജ്രങ്ങളെ, പുരൈതപുത്തു=പഴുതുവരാതെ, അടുക്കി=(തട്ടുപലകയായ്) നിരത്തി, മീതു=അതിനുമേൽ, പൊൻകുയിററി=പൊൻതകിടുകൾ പരത്തി, മിൻകുലാം=ഒളി തിരളുന്ന, നിരൈ=വരികളായി, മണിക്കുലത്തിൻ=നാനാരത്നങ്ങളാലും,

ആളി=വ്യാളിയുടെ രൂപത്തിൽ പണി ചെയ്യപ്പെട്ട, നീടം വകുത്ത=വലിയ തുണുകൾവെച്ച, ഒളിമേല്=(നീണ്ട വരാന്തകളുടെ) താങ്ങുത്തരത്തിന്മേലുള്ള, വിരവു കൈത്തലത്തിൽ=പരന്ന കൊട്ടങ്ങകളിന്മേൽ, ഉയ്ത്ത=വെക്കപ്പെട്ട, മേതകത്തിൻ മീതു=ഗോമേദകരത്നംകൊണ്ടുള്ള ശലാകയിന്മേൽ. വരി

118. ഏഴ്പൊഴിർക്കുമേഴ്നിലത്ത ലഞ്ചമൈത്തതെണ്ണനൂല്
ഊഴറക്കവിത്തമൈത്ത വുമ്പർ ശെമ്പൊൻവേയ്ന്തുമീ
ച്ചൂഴ്ചുടർച്ചിരത്തുനൻ മണിത്തഴുമ്പു തോൻറലാല്
വാഴ്നിലക്കുലക്കൊഴുന്തൈ മൌലിച്ചൂട്ടിയണ്ണവേ.

പ:—ഏഴ്പൊഴിർക്കും=മേലേഴ ലോകങ്ങൾക്കും ചെല്ലുവാൻ, ഏഴ്നിലത്തലം=ഏഴ നിലകളെ, ചമൈത്തതെണ്ണ=നിർമ്മിച്ചതുപോലെ, നൂല്=ശില്പശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന, ഊഴ്ഉറ=വിധിക്കിണങ്ങത്തക്കവണ്ണം, കുവിത്തു അമൈത്ത=ഉയൎത്തി പണിചെയ്ത്, ഉമ്പർ=അതിന്മേൽ, ശെമ്പൊൻ=ചെമ്പൊന്നിനാൽ; വേയ്ന്തു=അഗ്രഭാഗം പണിചെയ്ത്, മീ ച്ചൂഴ്=അതിനുമേലെ, ചുടർ ശിരത്തു=ഒളിയാൎന്ന ശിഖരത്തിന്മേൽ, നല്മണി=നല്ല മാണിക്കങ്ങളാൽ നിൎമ്മിതമായ, തഴുമ്പു=താഴികക്കുടങ്ങൾ, തോൻറലാല്=കാണപ്പെടുന്നതിനാൽ, (ആ ഗോപുരം) വാഴ്=(ഈ ലോകത്തെ പാലിച്ചു) വാഴുന്ന, നിലക്കുലക്കൊഴുന്തൈ=ഭൂമിദേവിക്കു, മൌലി ചൂട്ടിയണ്ണ=കിരീടമണിയിച്ചതുപോലെയിരുന്നു.

വി:—ഈ നഗരത്തെ മുമ്പു് ഭൂമിദേവിയുടെ മുഖമായി ഉൽപ്രേക്ഷിച്ചതനുസരിച്ചു ഗോപുരത്തെ മകുടമായും ഉല്പ്രേക്ഷിച്ചിരിക്കുന്നു. വസ്തു.

119. തിങ്കളും കരിതെണവെണ്മൈ തീററിയ
ശങ്കവെൺചുതൈയുടൈ ത്തവളമാളികൈ
വെങ്കടുങ്കാല്പൊര മേക്കു നോക്കിയ
പൊങ്കിരും പാർക്കടററരങ്കംപോലുമേ.

പ:—തിങ്കളും=ചന്ദ്രനും, കരിതെണ=കറുത്തതാണെന്നു പറയത്തക്കവിധം, വെണ്മൈ തീററിയ=വെള്ളനിറം വരത്തക്കവണ്ണം ലേപനം ചെയ്യപ്പെട്ട, വെൺ ചങ്കച്ചുതൈ ഉടൈ=വെണ്മ കലരുന്ന ശംഖു നീററിയ ചുണ്ണാമ്പു തേച്ച, തവളം മാളികൈ=വെൺമാടങ്ങൾ, വെം=അഗ്നിയായ, കടുങ്കാല്പൊര=കൊടുങ്കാററടിക്കയാൽ, മേക്കു നോക്കിയ=മേല്പോട്ടു, പൊങ്കു=പൊങ്ങിവരുന്ന, ഇരു=മഹിമ കലൎന്ന, പാർക്കടല്=പാൽക്കടലിന്റെ, തരങ്കം പോലും=തരംഗംപോലെ (ശോഭിച്ചു.) വരി.

120. പുള്ളിയമ്പുറവിറൈ പൊരുന്തുമാളികൈ
തള്ളരും തമനിയ ത്തകടുവേയ്ന്തെണ
എള്ളരും കതിരവ ണിളവെയിർക്കുഴാം
വെള്ളിയങ്ങ്കിരിമിശൈ വിരിന്തപോല്യമേ.

പ:—പുള്ളി=പുള്ളികളോടുകൂടിയ, പുറവു=പിറാവുകൾ വാസംചെയ്യുന്ന, ഇറൈ പൊരുന്തും=ഇറവാരങ്ങളുള്ള, .മാളികൈ=മാളികകളിന്മേൽ, തള്ളരു=ത്യാജ്യമല്ലാത്ത, തമണിയത്തകടുവേയ്ന്തെണ=സ്വർണ്ണത്തകടുകൾ അടിച്ചിട്ടുള്ളത്, വെള്ളിയങ്ങ്കിരിമിശൈ=കൈലാസശിഖരത്തിൽ, വിരിന്ത=പരന്ന, .എൾ അരു=താഴ്മയില്ലാത്ത, കതിരവൻ=ആദിത്യൻെറ, ഇളവെയിർക്കുഴാംപോലും=ഇളം കതിരുകൾക്കു സമാനം. (വിളങ്ങി) വ.വ്യ.

121. വയിരണർകാൻമിശൈ മരകതത്തുലാം
ശെയിരറപ്പോതികൈ കിടത്തിച്ചിത്തിരം
ഉയിർപെറക്കുയിററിയവുമ്പർ നാട്ടവർ
അയിരുറവിമൈപ്പണ വളവില്കോടിയേ.

പ:—വയിരം=വൈരക്കല്ലുകൊണ്ടുണ്ടാക്കിയ, നല്കാല്മിശൈ=നല്ല തൂണുകളിന്മേൽ, മരകതത്തുലാം=മരതകക്കല്ലുകൊണ്ടുള്ള ഉത്തരം, ശെയിർ അറ=കുററമററ,പോതികൈ കിടത്തി=(ആ ഉത്തരത്തെ മരതകം കൊണ്ടു തന്നെയുള്ള) പോതികകളിന്മേൽ വെച്ച്, ഉയിർപെറ=ജീവനുള്ള പോലെ തോന്നുന്ന, ചിത്തിരം=ചിത്രങ്ങളെ, കുയിററിയ=കൊത്തീട്ടുള്ളതും, ഉമ്പർ നാട്ടവർ=സ്വർല്ലോകവാസികളും, അയിർ ഉറ=(സജീവങ്ങളോ നിർജീവങ്ങളോവെന്നു) സംശയിക്കുംപ്രകാരം, ഇമൈപ്പണ=വിളങ്ങുന്ന, അളവു ഇല്കോടി=അനേകം കോടി (മാളികകളുണ്ട്). വൻ.

1:2. ശന്തിരകാന്തത്തിൻറലത്തശന്തണ
പ്പന്തിശെയ്തുണിൻമെർ പവളപ്പോതികൈ
ച്ചെന്തണിമണിത്തുലാ ഞെറിന്തതിൺചുവർ
ഇന്തിരനീലത്ത വെണ്ണില് കോടിയേ.

പ:—ശന്തിരകാന്തത്തിൻ=ചന്ദ്രകാന്തമണികൾ പതിച്ച, തലത്ത=നിലങ്ങളോടു കൂടിയവയും, പന്തിശെയ്=നിരയായി പണിചെയ്യപ്പെട്ടവയും, ശന്തണത്തൂണിന്മേല്=ചന്ദണമരത്തൂണുകളിൽ, പവളപ്പോതികൈ=പവിഴപ്പോതികകളിന്മേൽ, (വെച്ചിട്ടുള്ള) ശെന്തണിമണിത്തുലാം=ചുവന്ന

നല്ല മാണിക്കക്കല്ലുകൊണ്ടുള്ള ഉത്തരങ്ങൾ, ശെറിന്ത=ചേർത്തു, തിൺ=വലിയ, ചുവർ=ചുമരുകൾ, ഇന്തിര നീലത്ത=ഇന്ദ്രനീലമണികളാൽ നിർമ്മിക്കപ്പെട്ടവയായും, (വിളങ്ങുന്ന) എണ്ണിൽ്കോടി=എണ്ണമററ കോടി മാളികകളുണ്ട്.

വി:—ഇന്ദ്രനീലം നീലമണിവർഗ്ഗത്തിൽ ശ്രേഷ്ഠമായിട്ടുള്ളതാണ്. ഈ മണിയെ ഒരു കുടം പശുവിൻപാലിൽ ഇട്ടുനോക്കുന്നതായാൽ ആ കുടത്തിലെ പാൽ മുഴുവൻ നീലവർണ്ണമായ്ത്തീരുമെന്നാണ് രത്നശാസ്ത്രത്തിൽ ഇതിൻെറ പരീക്ഷ പറഞ്ഞിട്ടുള്ളത്. ന-ഠ.

അ:—സ്ത്രീകൾക്കും മാളികകൾക്കും ശ്ലേഷം.

123. പാടകക്കാലടി പതുമത്തൊപ്പണ
ശേടരൈത്തഴീഇയണ ശെയ്യവായണ
നാടകത്തൊഴിലണ നടുവുതുയ്യണ
വാടകത്തോററത്ത വളവിലാതണ.

പ:—പാടകം അണിന്ത കാല് അടി=പാടകമണിഞ്ഞ കാലടികൾ, പതുമത്തു ഒപ്പണ=പത്മങ്ങൾക്കു തുല്യങ്ങളായും, ശേടരൈ=പ്രിയന്മാരെ, തഴി ഇയണ=ആദരിച്ചും, ശെയ്യവായണ=ചുവന്ന നിറം കലൎന്നും, നാടകത്തൊഴിലണ=വേശ്യാവൃത്തികൾക്കൊണ്ടും, നടുവു തുയ്യണ=നന്നുത്ത ഇടയോടുകൂടിയും, ആടകത്തോററത്ത=സ്വൎണ്ണത്തെ കാണുമ്പോലുള്ള കാഴ്ചയോടുംകൂടിയിരിക്കുന്നതിനാൽ, (മാനിനികളോടു തുല്യങ്ങളായ മാളികകൾ) അളവിലാതണ=അളവില്ലാതെ കാണപ്പെടുന്നു.

അടി=കീഴ്ഭാഗം, പതുമത്തു ഒപ്പന=താമരമലരിന്നു തുല്യമായും, പാടകം=വിചിത്രപ്പണികളോടുകൂടിയും, കാല്=തൂണുകളോടുകൂടിയും, ശേടരൈത്തഴീ ഇയ= അസ്തിവാരത്തിൻെറ താഴ്ചകൊണ്ടു) ആദിശേഷൻെറ ഫണാമകുടങ്ങളെത്തൊട്ടും, ശെയ്യവായണ=ഓട്ടൊഴുക്കമായ് പണിചെയ്യപ്പെട്ടും, നാടു=നാട്ടുകാരെല്ലാം വിസ്മയിച്ചുനോക്കത്തക്ക, അകത്തൊഴിലണ=ഉൾഭാഗത്തിലുള്ള പണികളോടുകൂടിയും, നടുവു=നടുഭാഗം, തുയ്യണ=പരുത്തിനൂലിഴകൾക്കു തുല്യം നന്നുത്ത പണിത്തരങ്ങളാൽ പേർ പുകഴ്ത്തപ്പെട്ടും, ആടകം=പൊൻമയമായി, തോററത്ത=കാണപ്പെട്ടും വിളങ്ങുന്ന മാളികകൾ, അളവു ഇലാതന=അളവില്ലാതെയുണ്ട്. ന-ഫ.

124. പൂക്കവർ കണ്ണിണൈ പൊരുന്തുറാതൊളി
തൊക്കുടൻെറയങ്ങ്കി വിണ്ണവരിറേറാൻറലാല്
തിക്കുറനിണൈപ്പിണിർ ചെല്ലുന്തെവവീ
ടൊക്ക നിൻറിമൈപ്പണവുമ്പർ നാട്ടിനും.

പ:—പുക്കവർ=ആ മാളികകളെക്കാണ്മാൻ ചെന്നവർ, കൺ ഇണൈ=കണ്ണിണകൾ, പൊരുന്തു ഉറാതു=(ഇമകൾ) തമ്മിൽ ചേരാതെ, ഒളിതൊക്ക=പ്രകാശം അധികരിച്ച്, ഉടൻ തയങ്ങ്കി=അവയോട്ട (ആ മാളികകളോട്ട) ചേൎന്നു വിളങ്ങി, വിണ്ണവരില്=നിത്യസൂരികളെപ്പോലെ, തോൻറലാല്=കാണപ്പെട്ടുകയാൽ, നിണൈപ്പിനില്=ധ്യാനത്താൽ, തിക്ക ഉറ=(ചേതനന്നു) ശരണമായി, ചെല്ലും=പ്രാപിപ്പാൻതക്ക, തെയ്യ വീട്=ആദിദേവൻെറ പരമപദത്തിന്നു, ഒക്ക നിൻറ=തുല്യമായ്നിന്നു, ഉമ്പർ നാട്ടിനും=ദേവലോകത്തുള്ള അമരാവതിയിലേക്കും, ഇമൈപ്പണ= പ്രകാശത്തെ ചെലുത്തുന്നു.

ഭാ:—ആ മാളികകളെ ചെന്നു കാണുന്നവർ കണ്ണടക്കാതെ അവയുടെ അതിയായ പ്രഭാപൂരത്തിൽ ലയിച്ചു വിളങ്ങി നിത്യമുക്തന്മാരെപ്പോലെ കാണപ്പെട്ടുകയാൽ ധ്യാനത്താൽ ശരീരികൾക്ക ശരണം പ്രാപിക്കത്തക്കതായ ആദിദേവൻെറ പരമപദത്തിന്നു സമാനമായി സ്വൎഗ്ഗലോകത്തിലേക്ക തങ്ങടെ ഒളി വീശുന്നു. ൨൪.

125. അണിയിഴൈമകളിരു മലങ്ങ്കല് വീരരും
തണിവണവറനെറി തണിവിലാതണ
മണിയിനും പൊന്നിനും വണൈന്തവല്ലതു
പണിപിറിതിയൻറണ പാങ്ങ്കുമില്ലൈയേ.

പ:—അണിയിഴൈ=സൌന്ദൎയ്യസമ്പാദകങ്ങളായ ഭൂഷണങ്ങളണിഞ്ഞുള്ള, മകളിരും=സ്ത്രീകളും, അലങ്ങ്കല്=മാല ചൂടിയ, വീരരും=വീരന്മാരും, തണിവണ=(കാൎയ്യവശാൽ ആ മാളികകളെ) വിട്ടുപോയിരിക്കുന്നതായാലും, അറ നെറി തണിവു ഇലാതണ=ധൎമ്മകാൎയ്യങ്ങൾ മുടക്കംവരാത്തവയായി, മണിയിനും പൊന്നിനും=മണികളാലും പൊന്നിനാലും, വണൈന്ത വല്ലതു=പണിചെയ്യപ്പെട്ടവയല്ലാതെ, പിറിതു=മററ പദാൎത്ഥങ്ങളാൽ, പണി ഇയൻറണ=പണിചെയ്യപ്പെട്ട മാളികകൾ, പാങ്ങ്കും ഇല്ലൈ=സമീപങ്ങളിൽപോലുമില്ല. ൨൫.

126. വാന്ഉറനിമിർന്തണ വരമ്പില് ശെല്വത്ത
താന്ഉയർ പുകഴെണത്തയങ്ങ്കു ശോതിയ
ഊണമിലറനെറി യുററവെണ്ണിലാ
ക്കോണികർകുടികടങ്ങ്കൊള്ളെശാൻറണ.

പ:—(ആ മാളികകൾ) വാൻ ഉറ=സ്വർഗ്ഗത്തോടു മുട്ടുംവണ്ണം, നിമി ർന്തണ=ഉയൎന്നവയും, വരമ്പുഇല്=അളവില്ലാത്ത, ശെല്വത്ത=സമ്പത്തുള്ളവയും, ഉയർ പുകഴെണ=പൊങ്ങിയ പുകഴോടു തുല്യമായി, തയങ്കു=വിളങ്ങുന്ന, ശോതിയ=ജ്യോതിസ്സോടു കൂടിയവയും, ഊണം ഇല്=പഴതില്ലാത്ത, അറനെറിയുററ=ധർമ്മവിഷയങ്ങളോടു കൂടിയവയുമായി, കോൻ നികർ=(സമ്പത്സമൃദ്ധിയാൽ) ചക്രവൎത്തികൾ തുല്യമായി, എണ്ണിലാ=അളവില്ലാത്ത, കുടികൾ തങ്കൊള്ളെ=നിവാസികളുടെ (കുടിയിരുപ്പുകളുടെ) ആധിക്യത്താൽ, ശാൻറണ=പൂൎണ്ണമായിരുന്നു. ൧൨൬.

127. അരുവിയിററാഴ്ന്തു മുത്തലങ്കുതാമത്ത
വിരിമുകിർകുലമെണ ക്കൊടി വിരായിണ
പരുമണിക്കവൈയണ പത്തുമ്പൊർ കോടിയ
പൊരുമയിർകണത്തണ മലൈയും പോൻറണ.

പ:—(ആ മാളികകൾ) അരുവിയില് താഴ്ന്തു=അരുവികളെപ്പോലെ താഴ്ന്നു, അലങ്കു=അലയുന്ന, മുത്തു താമത്ത=മുത്തുമാലകളോടു കൂടിയവയും, വിരിമുകില് കുലമെണ=പരന്ന മേഘപടലംപോലെ, കൊടി=നീലക്കൊടിക്കൂറകളാൽ, വിരായിണ=തിങ്ങി നില്ക്കുന്നവയും, പരുമണിക്കവൈയണ=മുഴുത്ത രത്നവ്യൂഹത്തോടു കൂടിയവയും, പത്തുമ്പൊൻ കോടിയ=പശിമയുള്ള സുവൎണ്ണരാശികളോടു കൂടിയവയും, പൊരും=തങ്ങിയിരിക്കുന്ന, മയില്കണത്തണ=മയിൽക്കൂട്ടംപോലെയുള്ള മാനിനികളോടു കൂടിയവയും, മലൈയും പോൻറണ=മലകൾ സാമ്യമുള്ളവയുമായിരുന്നു. "പൊരുമയിർക്കണത്തണ" എന്നതിനെ, പൊരും=പോർ ചെയ്യത്തക്ക, അയിർക്കണത്തണ=മൂൎച്ചയുള്ള ആയുധങ്ങളെ സംഭരിച്ചു വെച്ചിട്ടുള്ള (മാളികകൾ) എന്നും അൎത്ഥമുണ്ട്.

128. അകിലിടുകൊഴുമ്പുകൈ യളായ്മയങ്കിണ
മുകിലൊടുവേററുമൈ തെരികലാ മുഴ
ത്തുകിലൊടു നെടുങ്കൊടി ച്ചൂലമിണ്ണുവ
പകലിടുമിണ്ണണി പ്പുരപ്പു പോൻറവേ.

പ:—അകിലിടു=അകിൽ മുട്ടിയാൽ ഇടപ്പെട്ട, കൊഴുമ്പുകൈ=ഘനമായ പുകയോടുകൂടെ, അളായ് മയങ്കിണ=കലൎന്നിരിക്കുന്നവയായ്, മുകിലൊടു=നീർകൊണ്ട മേഘത്തോടു, വേററുമൈ=വ്യത്യാസം, തെരികിലാ=അറിയാത്ത, മുഴത്തുകിലൊടു=വലിയ കൊടിക്കൂറയോടുകൂടെ, നെടു

ങ്കൊടിച്ചൂലമിണ്ണവ=നെടിയ കൊടിമരത്തിന്നഗ്രത്തിലുള്ള ശ്ശൂലങ്ങാം മിന്നുന്നത്, പകലിട്ടു=പകൽസമയത്തുണ്ടാകുന്ന, മിൻ=മിന്നലിൻെറ, അ ണി=പങ്ക്തിയുടെ, പരപ്പു പോൻറണ=പരപ്പുപോലെ കാണപ്പെടുന്നു.

ഭാ:—അകിൽപുകയോടു കലൎന്നുകാണുന്ന കൊടിക്കുറ മേഘസങ്കാശമായിരിക്കയാൽ അതിൻെറ അഗ്രത്തിലുള്ള ശ്ശൂലം പകല്ക്കാലത്തുണ്ടാവുന്ന ഇടിമിന്നലോ എന്നു തോന്നിപ്പോകും. ൧൨൮

129. തുടിയിടൈപ്പണൈമുലൈ ത്തോകൈയണ്ണവർ
അടിയിണൈച്ചിലമ്പുപൂണ്ടരററു മാളികൈ
കൊടിയിടൈ തരളവെൺ കോവൈച്ചുഴ്വണ
കടിയുടൈക്കർപകങ്ങ്കാൻറ മാലൈയേ.

പ:—തുടിയിടൈ=ഉടുക്കുപോലുള്ള മദ്ധ്യപ്രദേശവും, പണൈ മുലൈ=പരുത്ത മുലകളുമുള്ള, തോകൈയണ്ണവർ=മയിലിൻെറ പീലിക്കൊത്ത കുന്തലുള്ള മൈക്കണ്ണിമാരുടെ, അടിയിണൈ=അടിയിണകളിൽ, ശിലമ്പുപൂണ്ടു=ചിലമ്പുകൾ ചുഴന്നു, അരററും=ധ്വനിച്ചുകൊണ്ടിരിക്കുന്ന, മാളികൈ=മാളികകളിൽ, വെം=വെണ്മയായ, തരളം കോവൈച്ചുഴ്വണ=മുത്തുമാലകൾ ചുററിയിരിക്കുന്നതെല്ലാം, കടിയുടൈ=മണമുള്ള, കർപകം=കല്പകവൃക്ഷം, കാൻറ=ഉല്പാദിപ്പിച്ച, മാലൈയേ=മാലക്കു തുല്യമായ്ത്തന്നെ ഇരുന്നു.

ഭാ:—"നനുത്ത ഇട പരുത്ത മുലയിണയുടെ ഭാരത്താൽ ഭിന്നമായ്തീരും; അതിനാൽ മന്ദമന്ദം നടപ്പിൻ" എന്നു പാദങ്ങളെ ചുഴന്നുകൊണ്ടു ചിലമ്പുകൾ കതറികൊണ്ടു പറയുന്നുവോയെന്നു തോന്നും. കൊടിക്കുറകൾ സ്വൎഗ്ഗലോകത്തോളം ഉയൎന്നു പറന്നുകൊണ്ടിരിക്കുന്നതിനാൽ, കല്പകവൃക്ഷങ്ങളിൽനിന്നും ഉതിരുന്ന മലർനിരകളെത്തന്നെ ആ മുത്തുമാലകൾ അനുകരിച്ചു. ൧൨൯

130. കാൺവരു നെടുവരൈ ക്കതലിക്കാണംപോല്
കോണിമിർ പതാകൈയിൻ കുഴാന്തഴൈത്തണ
വാണണിമഴുങ്ങ്കിട മടങ്ങ്കിവൈകലും
ശേൺമതി തേയ്വതക്കൊടികടൈയ്ക്കവൈ.

പ:—നെടുവരൈ=വലിയ പൎവ്വതത്തിങ്കൽ, കാൺവരു=കാണപ്പെടുന്ന, കതലിക്കാണംപോല്=കദളിക്കാനനംപോലെ, കോണിമിർ=നവഗ്രഹമണ്ഡലത്തോളമുയൎന്ന, പതാകൈയിൻകുഴാം=കൊടിക്കുറക്കൂട്ടം, ത

ഴൈത്തണ=തിങ്ങിനില്ക്കുന്നു; വാഠം=പ്രകാശം, നണി=ഏററവും, മഴങ്ങ്കി ട=മങ്ങുംവിധം, മടങ്ങ്കി=വളഞ്ഞു, വൈകലും=നാഠംതോറം, ശേൺ= (ആകാശത്തിൽ) ചെല്ലുന്ന, മതി=ചന്ദ്രൻ, തേയ്വതു=തേഞ്ഞുവരുന്നത്, അക്കൊടികഠം=ആ കൊടികഠം, തേയ്ക്കവൈ=ഉരസുന്നതിനാൽ തന്നെ യാകുന്നു.

ഭാ:—ഉന്നതമായ പവ്വതത്തിന്മേൽ കാണപ്പെടുന്ന വാഴക്കൂട്ടംപോലേ ധ്വജപംക്തി നവഗ്രഹമണ്ഡലത്തോളമുയൎന്നു തിങ്ങിനില്ക്കുന്നതിനാൽ ഏററവും കാന്തി കുറയുംവണ്ണം വളഞ്ഞുംകൊണ്ടു നാഠംതോറം നഭോ മാൎഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന ചന്ദ്രൻ തേഞ്ഞുകൊണ്ടു വരുന്നതു ആ കൊടികഠം തട്ടി ഉരയുന്നതിനാൽതന്നെയാകുന്നു. നവ്വ

131. പൊൻറിണിമണ്ടപ മല്ലപൂത്തൊടർ
മൻറകളല്ലണ മാടമാളികൈ
കുൻറകളല്ലണ മണിശെയ്കുട്ടിമ
മുൻറില്കളല്ലണ മുത്തിൻപന്തരേ.

പ:—പൊൻതിണി=കാഞ്ചനംകൊണ്ടു കമനീയമായ്പണി ചെയ്യപ്പെട്ടു, മണ്ഡപം=മണ്ഡപങ്ങളുണ്ടു; അല്ലണ=അല്ലാതിടങ്ങളിൽ, പൂത്തൊടർ=പൊലിമയുള്ള, മൻറകഠം=മന്നങ്ങഠം ഉണ്ടു; അല്ലണ=അല്ലാതിടങ്ങളിൽ, മാടമാളികൈ=മാടമാളികകളുമാകുന്ന, കുൻറകഠം=കുന്നുകളുണ്ടു; അല്ലണ=അല്ലാതിടങ്ങളിൽ, മണിശൈ=രത്നങ്ങഠം പതിച്ച, കുട്ടിമം മുൻറില്കഠം=സമതലങ്ങളായ മുററങ്ങഠം ഉണ്ടു; അല്ലണ=അല്ലാതിടങ്ങളിൽ, മുത്തിൻപന്തർ=മുത്തുപ്പന്തലുകളുണ്ടു.

ഭാ:—ആ നഗരത്തിൽ ഇങ്ങിനേ ഓരോ സ്ഥാപനങ്ങളുള്ളേടങ്ങളല്ലാതെ ഒഴിവായ്ക്കിടക്കുന്നേടമൊന്നുമില്ലെന്നു താല്പൎയ്യം.

മണ്ഡപങ്ങ്കളല്ല മുത്തിൻ പന്തരാം; മൻറകളല്ലണ മുത്തിൻ പന്തരാം; മാളികൈക്കുൻറകളല്ലണ മുത്തിൻ പന്തരാം; മുൻറില്കളല്ലണ മുത്തിൻ പന്തരാം; ഇങ്ങിനെയും അന്വയിച്ചൎത്ഥം പറയാം. അപ്പോഠം മണ്ഡപാദികളെല്ലാം മുത്തുസരങ്ങളാൽ അലങ്കൃതങ്ങളായി മുത്തുപ്പന്തലായ്ത്തന്നെയിരിക്കുന്നുവെന്നു സാരം. നൻ.

132. മിന്നെണവിളക്കെണ വെയിർപിഴമ്പെണ
തുന്നിയതമണിയത്തൊഴിറഴൈത്തവ
കണ്ണിനണ്ണകർ നിഴല്കതുവലാലരോ
പൊന്നുലകായതപ്പുലവർ വാണമേ.

പ:—മിൻ എണ=മിന്നൽപോലെയും, വിളക്ക എണ=വിളക്കപോലെയും, വെയിർപിഴമ്പു എണ=വെയിലിൻെറ നിലപോലെയും, തുണ്ണിയ=ഒളിചേൎന്ന, തമണിയം=സുവൎണ്ണനിൎമ്മിതമായ, തൊഴില് തഴൈത്ത=ഏറ്റവും വിചിത്രവേലകളോടുകൂടിയ, കണ്ണി=അഴിവില്ലാത്ത, അ നകർ=ആ അയോദ്ധ്യാനഗരത്തിൻെറ, നിഴൽ=ശോഭ, കതുവലാല്=(സ്വൎഗ്ഗത്തിൽചെന്നു) തട്ടുന്നതിനാൽ, പുലവർ=ദേവന്മാർ വാഴുന്ന, വാണം=സുരലോകം, പൊൻഉലകു ആയതു=പൊന്നുലകമായി.

ഭാ:—പൊന്മയമായ അയോദ്ധ്യാനഗരത്തിൻെറ ദീപ്തി മേല്പോട്ടുയൎന്നു സുരലോകമെങ്ങും വ്യാപിച്ചു സൌവൎണ്ണനിഭമായ്ക്കാണപ്പെട്ടുകയാലാണു് ആ ലോകം "പൊന്നുലക"മെന്നു വ്യവഹരിക്കപ്പെട്ടുവാനിടയായതെന്നു താല്പൎയ്യം. ൪൦.

133. എഴമിടത്തകൻറിടൈ യൊൻറിയർ പടു
പൊഴതിടൈ പോതലിർപ്പുരിശൈപ്പൊൻമതില്
അഴൻമണിതിരുത്തിയ വയോത്തിയാളുടൈ
നിഴലെണപ്പൊലിയുമാ നേമിവാൻ ചുടർ.

പ:—എഴമിടത്തു=(സൂൎയ്യൻ) ഉദിക്കുമ്പോഴും, അകൻറു=(കാന്തി) ഇല്ലാതേയും, ഇടൈയൊൻറി=മദ്ധ്യാഹ്നത്തിൽ വൎദ്ധിച്ചും, എർപടു പൊഴുതു=ദിനാന്തത്തിൽ, ഇടൈ പോതലിൻ=നീങ്ങിയും പോകുന്നതിനാൽ, അഴല്മണി=മാണിക്കക്കല്ലുകളും, തിരുത്തിയ=നല്ലവണ്ണം പതിക്കപ്പെട്ട, പുരിശൈ പ്പൊൻമതില്=പൊന്മയമായ മതിലുകളാൽ ചൂഴപ്പെട്ട, അയോത്തിയാളുടൈ=അയോദ്ധ്യാവനിതയുടെ, നിഴലെണ=കാന്തിപ്രതിഫലനമാണെന്നു പറയത്തക്കവണ്ണം, പൊലിയും=വിളങ്ങുന്നതാണ്, നേമിവാൻ ചുടർ=വൃത്താകാരനായ ദിവസകരൻ.

ഭാ:—മാണിക്യരത്നഖചിതസുവൎണ്ണപ്രാകാരപരിവീതയായ അയോദ്ധ്യാനഗരിയുടെ ദീപ്തി തന്നിൽ പ്രതിഫലിക്കയാലാണു് ആദിത്യൻ പ്രകാശിക്കുന്നത്. പ്രാതഃകാലത്തും സായങ്കാലത്തും പ്രഭയില്ലാതെ കാണപ്പെടുന്നതിനാൽ സ്വയം പ്രകാശമില്ലെന്നും കനകമണിപ്രാകാരപരിവൃതയായ അയോദ്ധ്യാപുരിക്കു നേരെ ഉപരിഭാഗത്തിൽ വരുമ്പോഴും വൃത്താകാരമായ അതിൻെറ പ്രഭാപൂരത്താൽ വ്യാപ്തനായിട്ടാണു് പ്രകാശിക്കുന്നതെന്നും സ്പഷ്ടമാകുന്നു. ൪൧.

134. ആയ്ന്ത മേലൈയവ രമ്പൊൻ മാളികൈ
വേയ്ന്ത കാരകിർ പ്പുകൈയുണ്ടമേകംപോയ്

ത്തോയ്ന്ത മാകടനര ന്തുപനാറമേല്
പായ്ന്ത താരൈയിണിലൈ പകരല്വേണ്ടുമോ.

പ:—ആയ്ന്ത=ഭംഗിയിൽ പണിചെയ്യപ്പെട്ട, മേകലൈയവർ=മേഖലയെ അണിഞ്ഞ കാമിനികൾ, അം=അഴകുള്ള, പൊൻ=പൊന്നു കൊണ്ടുണ്ടാക്കിയ, മാളികൈകൾ=മാളികകളിന്മേൽ, വേയ്ന്ത=(അളകങ്ങളെ സുഗന്ധീകരിപ്പാനും അംഗങ്ങളിൽ പൂശിയ കുറിക്കൂട്ടുകൾ ഉലരുവാനുമായി) ചെയ്ത (ധൂപിപ്പിച്ച), കാർ അകിർ പുകൈ=കാരകിൽ പുകയെ, ഉണ്ട്=വഹിച്ച, മേകം=മേഘങ്ങൾ, പോയ്=നീരെടുത്തുചെന്ന്, തോയ്ന്ത=പടിഞ്ഞ, മാ കടല്=മഹാസമുദ്രം, നറ=മണത്തോടുകൂടിയ, തുപം നാറമേല്=ആ പുകയുടെ മണം വഹിക്കുമെന്നിരിക്കിൽ, പായ്ന്ത=ആ മേഘങ്ങളിൽനിന്നു കീഴ്പോട്ടു പതിച്ച, താരൈയിണിലൈ=മഴയുടെ സ്ഥിതി (സൌരഭ്യം), പകരല് വേണ്ടുമോ=പറയേണമെന്നുണ്ടോ?

ഭാ:—കാരകിൽ പുകയേററ മേഘങ്ങൾ ചെന്നു വെള്ളമെടുത്തതുമൂലം ആ പെരുങ്കടലിന്നു ആ സുഗന്ധം പകന്നുവെന്നു വന്നാൽ ആ മേഘങ്ങൾ വർഷിക്കുന്ന വെള്ളത്തിന്നു എത്രത്തോളം ആ മണം ചേർന്നിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

വി:—ആ നഗരത്തിൽ മേഘമണ്ഡലത്തോളമുയന്ന മാളികകളിന്മേൽ വാഴുന്ന എണ്ണമില്ലാത്ത തനപംഗിമാർ നിരന്തരം അത്യധികമായി ക്കാരകിൽ പുകകുന്നുണ്ടെന്നു താല്പയ്യം. ൪൨.

135. കുഴലിശൈമടന്തൈയർ കുതലൈകോതൈയർ
മഴലൈയങ്കുഴലിശൈ മകരയാഴിശൈ
എഴിലിശൈമടന്തൈയ രിൻ ചൊലിന്നിശൈ
പഴൈയർ തഞ്ചേരിയിർ പൊരുണർ പാട്ടിശൈ.

പ:—കുഴലിശൈ=കടയൊത്തു വരുന്ന അളകത്തോടുകൂടിയ, മടന്തൈയർ=സ്ത്രീകളുടെ, കുതലൈ=കൊഞ്ചുംമൊഴികൾ, അം=മനോഹരമായ, കുഴലിശൈ=(ഉച്ചസ്വനമുള്ള) കുഴൽനാദത്തിന്നു തുല്യമാകുന്നു; കോതൈയർ=(കടകൂടിയ കുറനിരയിണങ്ങിയ) കാമിനികളുടെ, മഴലൈ=അരുമമൊഴികൾ, മകരയാഴിശൈ=മകരവീണാനിനാദത്തിന്നു സമമാകുന്നു, എഴിലിശൈ=സർവ്വസൌന്ദയ്യസമ്പൂത്തിയുള്ള, മടന്തൈയർ=മാനിനികളുടെ, ഇൻ=മധുരമായ, ശൊൽ ഇൻ ഇശൈ=മൊഴിയാകുന്ന മധുരധ്വനി, പഴൈയർ തം=ചാണാന്മാരുടെ (മദ്യവ്യാപാരികളുടെ), ശേരിയില്=ചേ

രിയിലുള്ള, പൊരുണർ=നടവർഗ്ഗത്തിൻെറ, പാട്ടിശൈ=പാട്ടിൻെറ ധ്വ
നിക്കൊക്കുന്നു.

ഭാ:—അയോദ്ധ്യാപുരിയിലുള്ള ബാലസ്ത്രീകളുടെ കണ്ഠസ്വനം കുഴലി
നും, വീണക്കും തുല്യമായിരിക്കുമെന്നും യുവതികളുടെ കണ്ഠദ്ധ്വനി മദ്ദ്യകാര
ക നടവർഗ്ഗത്തിൻെറ ഗാനമാധുർയ്യത്തോടൊത്തിരിക്കുമെന്നും താല്പര്യം. ൪൩.

136. കണ്ണിടൈക്കനല് ശൊരി കളിറുകാല്കൊട്ട
മണ്ണിടൈ വെട്ടുവ വേൾക്കുമൈന്തർകൾ
പണ്ണൈകൾ പയിലിടങ്കുഴി പടൈപ്പ്പണ
ശുണ്ണമക്കുഴികളൈത്തൊടർന്തു തൂർപ്പ്പണ.

പ:—കണ്ണിടൈ=കണ്ണുകളിൽനിന്നു, കനല് ചൊരി=കനൽ ചൊ
രിയുന്ന, കളിറു=ആനകൾ, കാല് കൊട്ട=കാലുകളാൽ, മണ്ണിടൈ=ഭൂമി
യിൽ, വെട്ടുവ=കുഴിക്കുന്നു, (അതിനാൽ) വേൾക്കുമൈന്തർകൾ=കണ്ടവർ
കാമിക്കത്തക്ക ബാലന്മാരുടെ, പണ്ണൈകൾ=കൂട്ടങ്ങൾ, പയില് ഇടം=
കളിക്കുന്ന പ്രദേശങ്ങൾ, കുഴി പടൈപ്പ്പണ=കുഴിഞ്ഞവയായിത്തീരുന്നു;
ശുണ്ണം=(അവരണിഞ്ഞുകൊണ്ടിരിക്കുന്ന) സുഗന്ധചൂർണ്ണങ്ങൾതന്നെ, തൊ
ടർന്തു=തുടച്ചയായ് വീണു, അക്കുഴികളൈ തൂർപ്പ്പണ=ആ കുഴികളെ തൂക്കു
ന്നവയായുമിരിക്കുന്നു. ൪൪.

137. പന്തുകൺ മടനൈതെയർ പയിററുവാരിടൈ
ശിന്തുവ മുത്തിണ മവൈതിരട്ടുവാർ
അന്തമില് ചിലതിയ രാററകുപ്പൈകൾ
ശന്തിരനൊളികെട ത്തണൈപ്പ്പതണ്ണിലാ.

പ:—പന്തുകൾ=പന്തുകളെ, പയിററുവാർ=ആടുന്ന, മടനൈതെയർ
ഇടൈ=കാമിനികളുടെ പക്കൽനിന്നും, മുത്തു ഇണം=പലതരം മുത്തുകൾ,
ചിന്തുവ=ചിന്നിപ്പോകുന്നു; അവൈ=അവകളെ, അന്തം ഇല്=അളവി
ല്ലാത്ത, ചിലതിയർ=ദാസികൾ, തിരട്ടുവാർ=വരണ്ടിക്കൂട്ടുന്നു; ആററ=അ
ങ്ങിനെ കൂട്ടിയ, കുപ്പൈകൾ=പൊലികൾ, ശന്തിരൻ=ചന്ദ്രൻെറ, ഒളി=
പ്രകാശം, കെട=മങ്ങുംവണ്ണം, തൺ=തണുത്ത, നിലാതണൈപ്പ്പ=നിലാവു
വീശുന്നു. ൪൫.

138. അരങ്ങ്കിടൈ മടനൈതെയ രാടുവാരവർ
കരുങ്ങ്കടൈക്കണ്ണുയില് കാമർനെഞ്ചിനൈ
ഉരുങ്ങ്കുവമററവ രുയിർകളുണ്ണവർ
മരുങ്ങ്കുല് പൊറേറയ്വണ വളർവതാശൈയേ

പ:—മടന്തൈയർ=അംഗനകൾ, അരങ്ങ്കളിടൈ=നാടകരംഗത്തിൽ. ആടുവാർ=ആടുന്നു; അവർ=അവരുടെ, കരു=കറുത്ത, കടൈക്കൺ=കടക്കണ്ണുകളാകുന്ന, അയില്=വേലുകൾ, കാമർ=കാമുകന്മാരുടെ, നെഞ്ചിനൈ=മനസ്സിനെ, ഉരുങ്കുവ=തപിപ്പിക്കുന്നു; (അതിനാൽ) മററവർ=ആ കാമുകന്മാരുടെ, ഉയിർകൾ=പ്രാണങ്ങൾ, അണ്ണവർ=ആ കാമിനികളുടെ, മരുങ്കുല്പോല്=മദ്ധ്യങ്ങൾപോലെ, തേയ്വന=ക്ഷയിക്കുന്നു; ആശൈ=(ആ കാമുകന്മാരുടെ) ആശയാകട്ടെ, വളർവതു=(മെലിച്ചിൽ കൂടാതെതന്നെ മേല്ക്കുമേൽ) വദ്ധിക്കുന്നു.

ഭാ:—അയോദ്ധ്യാപുരിയിലുള്ള കാമിനികളുടെ കടാക്ഷവീക്ഷണത്താൽ കാമുകന്മാരുടെ മനസ്സുരുകി ആ കാമിനികളുടെ മദ്ധ്യംപോലെ പ്രാണങ്ങൾ ക്ഷയിക്കുയും, (അവരുടെ സ്തനങ്ങൾപോലെ) ആശ വദ്ധിക്കുയും ചെയ്യുന്നു.

വി:—ഇതിനാൽ യുവജനഹൃദയാകഷകമായ പൌരനാരീജനത്തിന്റെ സൌന്ദര്യാതിശയം പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. ർസ.

139. പൊഴിവന ശോലൈകൾ പുതിയതേൻ ചില
വിഴൈവനതെൻറലു മിഞിറു മെല്ലെന
നുഴൈവന വണ്ണവൈ നുഴൈയനോവൊടു
കുഴൈവന പിരിന്തവർ കൊതിക്കുംകൊങ്കൈയേ.

പ:—ശോലൈകൾ=ഉപവനങ്ങൾ, പുതിയ തേൻ=പുതിയ തേനിനെ, ചില=ചെറുതുള്ളികളായി, പൊഴിവന=പൊഴിക്കുന്നു; വിഴൈവന=സസ്പൃഹങ്ങളായ, മിഞിറു=(കൂട്ടം പിരിയാത്ത) വണ്ടുകളും, തെൻറലും=മലയമാരുതനും, മെല്ലെന=മെല്ലെ മെല്ലെ, നുഴൈവന=നുഴഞ്ഞു കടക്കുന്നു; അണ്ണവൈ=അവ രണ്ടും, നുഴൈയ=ഉൾപൂകുന്നതിനാൽ, പിരിന്തവർ=വിയോഗിനികളായ കാമിനികളുടെ, കൊതിക്കും=വിങ്ങിക്കൊണ്ടിരിക്കുന്ന, കൊങ്കൈ=സ്തനങ്ങൾ, നോവൊടു=വേദനയോടെ, കുഴൈവന=മെലിയുന്നു. ർറ.

140. ഇറങ്കുവ മകരയാ ഴെടുത്ത വിണ്ണിശൈ
നിറങ്കിളർ പാടലാ നിമിർവ വഴ്വഴി
കറങ്കുവവൾ വിശി കരുവികൺമുകിഴ്
ത്തുറങ്കുവമകളിരോ ടോ തുങ്കിളൈയേ.

പ:—മകരയാഴ്=മകരവീണയിൽനിന്നു, എടുത്ത=(വിരലിനാൽ)

കവന്നൊട്ടത്ത, ഇണ്ണിശൈ=മധുരസ്വനം, നിറം കിളർ=അക്ഷരവ്യക്തിയു ള്ള, പാടലാല്=വായ്പാട്ടിനോടുകൂടി, ഇറങ്ങ്കുവ നിമിർവ=ആരോഹ ണത്തേയും അവരോഹണത്തെയും പ്രാപിക്കുന്നു; അവ്വഴി=ആ ക്രമത്തിൽ, വാം വിശി=വാർമുറുക്കിയ, കരുവി=മൃദംഗങ്ങൾ, കറങ്ങ്കുവ=മുഴങ്ങുന്നു; (ആ ധ്വനികേട്ട) മകളിരോടു=മാനിനികളോടു, ഓതും=സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്ന, കിളൈള=കിളികൾ, കൺമുകിഴ്ത്തു=കണ്ണടച്ചുകൊണ്ടു, ഉറങ്ങ്കുവ=ഉറങ്ങുന്നു.

വി:—കിളികളുടെ സ്ഥിതിതന്നെ ഈ വിധമായിരിക്കുമ്പോൾ കേകയം, മയിൽ, അരയന്നം മുതലായവയുടെ സ്ഥിതി എന്തായിരിക്കും. എപ്പോഴും അടുത്തും അനുകരിച്ചും പെരുമാറുന്ന കിളികൾതന്നെ ഈ നാദാശ്രവണത്തിൽ ലയിച്ചുറങ്ങുമ്പോൾ ഗാനാസക്തങ്ങളും അകന്നു പെരുമാറുന്നവയുമായ മററു പക്ഷികൾ ഇതിലുമധികം ലയം പ്രാപിക്കതന്നെ ചെയ്യും. മകരയാഴ്=പത്തൊമ്പതു കമ്പികളുള്ള വീണ. ര്വ.

141. കുതൈവരിച്ചിലൈനുതർ കൊവ്വൈ വായ്ച്ചിയർ
പതയുകത്തൊഴില് കൊടു പഴിപ്പിലാതണ
തതൈമലർത്താമരൈ യണ്ണതാളിനാല്
ഉതൈപടച്ചെവപ്പണ വുരവുത്തോൾകളേ.

പ:— കുതൈ=കുതത്തോടും (വില്ലിന്റെ അഗ്രം), വരി=വരക്കെട്ടോടും കൂടിയ, ശിലൈ=വളഞ്ഞ വില്ലുപോലെയുള്ള, നുതല്=നെററിത്തടത്തോടും, കൊവ്വൈ=കോവപ്പഴംപോലുള്ള, വായ്ച്ചിയർ=വായോടുംകൂടിയ വനിതകൾ, (തങ്ങളുടെ) പതയുകം=പാദയുഗങ്ങൾക്കിണങ്ങിയ, തൊഴില്കൊടു=(ചെമ്പഞ്ഞിച്ചാറും ചിലമ്പു മുതലായതും അണിയിക്കലും മററുമായ) തൊഴിലുകളെ കയ്യോണ്ടു, പഴിപ്പു ഇലാതണ=വൈരമില്ലാത്ത, തതൈ=തതമായ (ദളങ്ങൾ തിങ്ങിയ), മലർത്താമരൈയണ്ണ=ചെന്താമരമലരിന്നൊത്ത, താളിനാല്=പാദങ്ങൾകൊണ്ടു, ഉതൈപട=ചവിട്ടിയതിനാൽ, ഉരവു തോൾകൾ=(പുരുഷന്മാരുടെ) പരുത്ത തോളുകൾ, ശെവപ്പണ=ചുവപ്പുനിറം കൊള്ളുന്നു.

ഭാ:—വില്ലിന്റെ ആകാരത്തിലുള്ള നിടിലത്തടവും കോവപ്പഴംപോലെ ചുവന്ന വായും കയ്യോണ്ടു വിലസുന്ന കമനികൾ തങ്ങളുടെ അടിയിണകൾക്കു പണിവിടചെയ്തു (ഗുണസാമ്യംമൂലം തന്നോടുള്ള) വിരോധം തീർത്തു വിലസുന്ന കമലങ്ങൾക്കു തുല്യങ്ങളായ പാദങ്ങൾകൊണ്ടു ചവിട്ടിയതിനാൽ പുരുഷന്മാരുടെ പീനസ്കന്ധങ്ങൾ രക്തവർണ്ണങ്ങളായ്ത്തീരുന്നു.

വി:—നായകൻ നായികക്കു തന്നോടുള്ള പിണക്കം തീൎപ്പാനുദ്യമിച്ച സന്ദൎഭത്തിലുണ്ടായ സംഭവമാണിത്. ഇങ്ങിനെയുള്ള സന്ദൎഭത്തിൽ ഈ വിധമുള്ള മാനിനിമാരുടെ കൃത്യങ്ങറം കുററകരങ്ങളല്ലെന്നാണ് ധൎമ്മശാസ്ത്ര സിദ്ധാന്തം. കുതം—"സൌമിത്രിതന്നെ കുതംകൊണ്ടു ചാട്ടിനാൻ." അ_രാ_ ൎൻ.

142. പൊഴുതുണർ വരിയവ പ്പൊരുവിൻമാനകർ
തൊഴുതകൈ മടന്തൈയർ ശ്ശുടർവിളക്കെണ
പഴുതറമേണിയൈ പാർക്കമാശൈകൊല്
എഴുതുചിത്തിരങ്ങ്കളു മിമൈപ്പിലാതവേ-

പ:—പൊഴുതു ഉണർവു അരിയ=(പൊന്നിൻെറയും മണികളുടേയും പ്രഭകളാൽ) പകൽകാലവും രാത്രികാലവുമറിവാൻ വിഷമമായ, പൊരുവില=സാമ്യമില്ലാത്ത, അമ്മാനകർ=ആ വലിയ നഗരത്തിലുള്ള, തൊഴുതകൈ=(ചാരിത്രശുദ്ധിയാൽ) തൊഴത്തക്ക മഹിമയുള്ള, മടന്തൈയർ=വധൂക്കളുടെ, ശുടർ=കാന്തികോലുന്ന, വിളക്കെണ=വിളക്കുപോലെ, പഴുതു അറ=ദോഷഹീനമായ, മേണിയൈ=ശരീരത്തെ, പാർക്കം=കാണേണമെന്നുള്ള, ആശൈകൊല്=ആശകൊണ്ടോ, എഴുതു=മാളികകളിൽ എഴുതിയ, ചിത്തിരങ്ങ്കളും=ചിത്രങ്ങളും, ഇമൈപ്പു ഇലാത=നിമീലനം (കണ്ണടക്കൽ) ഇല്ലാത്ത പ്രകൃതിയോടുകൂടിയവയായ്താണെന്നത്.

ഭാ:—മാളികകളിലെഴുതീട്ടുള്ള ദേവമാനുഷാദിരൂപങ്ങളായ ചിത്രങ്ങറം നിമീലനമില്ലാതെ കാണപ്പെടുന്നതിനാൽ അവ ആ പുരിയിലുള്ള സുന്ദരിമാരുടെ സൌന്ദൎയ്യം കാണ്മാനാശിച്ചു നില്ക്കുയായിരിക്കുമോ എന്നു കാണികറംക്കാശങ്ക ജനിക്കും.

വി:—സ്വൎണ്ണരത്നപ്രഭകളാൽ വെയിലും നിലാവും മങ്ങിപ്പോകുന്നതിനാൽ രാപ്പകൽ തിരിച്ചറിയുന്നില്ലെന്നു സാരം. ൧൦

143. തണിമലർത്തിരുമക ടയങ്ങ്കു മാളികൈ
ഇണരൊളിപരപ്പിനിൻറിരുടരപ്പണ
തിണിശ്ശുടർ നെയ്യുടൈ ത്തീവിളക്കമോ
മണിവിളക്കല്ലണ മകളിർമേണിയേ.

പ:—തണി=അഴകുള്ള, മലർ=മലരിൽ വാഴുന്ന, തിരുമകറം=ശ്രീദേവി, തയങ്ങ്കം=വിളങ്ങിക്കൊണ്ടിരിക്കുന്ന, മാളികൈ=മാളികകറം, ഇണർ=ഇടതിങ്ങിയ, ഒളി=കാന്തിപൂരത്തെ, പരപ്പിനിൻറ=വ്യാപിപ്പിച്ചു, ഇരു

നാരാചിത്രം



ഠം തുരപ്പണ=ഇരുഠം അകററന്നു; (ഈ ഒളി) തിണ്ണി=നിദാനം കവിഞ്ഞ, ശുടർ=പ്രകാശത്തോടുകൂടിയ, നെയ്യുടൈ=നൈ പകന്ന, തീവിളക്കമോ= തീവിളക്കോ, മണിവിളക്കു=മണിവിളക്കോ, അല്ലണ=അല്ല, മകളിർ മേ ണിയേ=കാമിനികളുടെ ശരീരങ്ങഠംതന്നെ

ഭാ:—മാളികകളിൽനിന്നും കാന്തി പരന്നു ഇരുളിനെ അകററന്നു; ഈ കാന്തി തീവിളക്കുകളോ മണിവിളക്കുകളോ അല്ല; അംഗനകളുടെ അം ഗങ്ങഠം തന്നെ. ഉ.ഫ.

144. പതങ്ങ്കളിററണ്ണുമൈ പാണിപണ്ണുറ
വിതങ്ങ്കളിൻ വിതിമുറൈ ശതിമിതിപ്പവർ
മതങ്ങ്കിയരച്ചതി വകുത്തുക്കാട്ടുവ
ശതങ്ങ്കൈകളല്ലണ പുരവിത്താർകളെ.

പ:—പതങ്ങ്കളിൻ=പാദങ്ങളാൽ (വാദനം ചെയ്യപ്പെടുന്ന), തണ്ണു മൈ=ഒററക്കണ്ണൻ പറയും, പാണി=(നൈപുണ്യം സിദ്ധിച്ച നടികഠം പാടുന്ന) പാട്ടും, പൺ=വീണാതന്ത്രീസ്വനവും, ഉറ=ചേൎന്നു മുഴങ്ങിക്കൊ ണ്ടിരിക്കെ, വിതങ്ങ്കളിൻ=(അഭിനയ) ഭേദങ്ങളോടുകൂടെ, വിതിമുറൈ= (ഭരതശാസ്ത്ര)വിധിപ്രകാരം, ശതിമിതിപ്പവർ=സതിയെന്ന ആട്ടം ആടുന്ന വർ, മതങ്ങ്കിയർ=മതംഗിക (പതിനാറു വയസ്സായ പെൺകിടാങ്ങ)ളാ ണ്; അ ചതി=അവർ ആടുന്ന ആ സതിയെ, വകുത്തു ക്കാട്ടുവ=വേർതിരി ച്ചു കാട്ടുന്നത്, ചതങ്ങ്കൈകഠം=അവരുടെ പാദങ്ങളിലണിഞ്ഞിരിക്കു ന്ന ചതങ്കകഠം തന്നേ; അല്ലണ=അല്ലാതുള്ളതു, പുരവിത്താർകളെ=(മേൽ പറഞ്ഞ പ്രകാരം ആടുന്ന) കുതിരകളുടെ (കഴുത്തുകളിൽ അണിയപ്പെട്ടി രിക്കുന്ന) കിങ്കിണിമാലകഠം തന്നെ.

ഭാ:—നൈപുണ്യമെഴുന്ന നടികഠം വീണയുടെ ശ്രുതിക്കും പറയുടെ പക്കമേളത്തിനും ഇണങ്ങി പാടുമ്പോഠം അഭിനയഭേദങ്ങളോടുകൂടി ശാ സ്ത്രോക്തമാംവണ്ണം സതി എന്ന നാട്യഭേദം ആടുന്നതു മതംഗികളാണ്. ആ ആട്ടത്തെ വിവരിച്ചു കാണിക്കുന്നത് അവരുടെ പാദങ്ങളിലണിഞ്ഞി ട്ടുള്ള ചതങ്കകഠം തന്നെയാണ്; ഈ ചതങ്കകളെ ഒഴിച്ചാൽ പിന്നെ ഈ വിധം നടനവൈചിത്ര്യത്തെ വിവരിച്ചു കാണിപ്പാൻ കഴിയുന്നത് ആ ന ഗരത്തിലുള്ള അശ്വങ്ങളുടെ ഗളഭൂഷണങ്ങളായ കിങ്കിണിമാലകഠംക്കു മാ ത്രമാകുന്നു.

വി:—"തണ്ണുമൈ" ഇതു ചക്കയുടെ മൂട്ടുമുറിയുടെ ആകൃതിയിൽ, പ രന്നു വൃത്താകാരമായ മുഖത്തിൽ മാത്രം ഒരുവട്ടം ചേൎത്തു വാറിട്ടു മുറുക്കീട്ടു

ള്ള ഒരു ചമ്മവാദ്യം. ഇതിനെ മൃദംഗാദി വാദ്യങ്ങളെ കരതലങ്ങളാലെന്ന പോലെ പാദതലങ്ങളാൽ വാദനം ചെയ്യുമാറുണ്ട്. "സതി" എന്നത് വലതുകാൽ മുന്നോട്ടു വെച്ചു രംഗത്തിൽ കരേറി കരതലം വിടർത്തിക്കാട്ടി നടനം ചെയ്യുന്നത്. ചതങ്കയുടെ ധ്വനി നടനത്തിൻെറ താളഭേദത്തേയും മററും എടുത്തുകാണിക്കുന്നു. ഇങ്ങിനെ കാണിപ്പാൻ കുതിരകളുടെ കണ്ഠത്തിലുള്ള കിങ്കിണിമാലകൾക്കേ കഴികയുള്ളു. രാജാംഗങ്ങളിൽ തുരഗങ്ങൾക്കും നൃത്തം പഠിപ്പിക്കുമാറുണ്ട്. ആ നഗരത്തിലുള്ള സ്ത്രീകളെപ്പോലെ ഭരതശാസ്ത്രോക്തമായി ദ്രുതകാലത്തിൽ നൃത്തം ചെയ്വാൻ കുതിരകൾക്കെ സാദ്ധ്യമാകയുള്ളു എന്നു സാരം. "അഭിനയം" ഇതു പാട്ടുകളെ (ശ്ലോകങ്ങളെ) പാടാതെ അവയുടെ അത്ഥംമാത്രം (കഥകളിയിലെന്നപോലെ) കൈമുദ്രകൊണ്ടു കാണിച്ചു നടിക്കുന്നത്. ഇപ്പറഞ്ഞതിൽനിന്ന് ഈ നഗരത്തിൽ ഭരതനാട്യത്തിനുള്ള പ്രചാരവും അതിൽ നഗരാംഗനകൾക്കുള്ള ശിക്ഷാനൈപുണ്യവും അവരുടെ മഹിമയും വിശദീകരിക്കപ്പെട്ടിരിക്കുന്നു. ൧൦.

145. മുളൈപ്പണ മുറുവലും മുല്വവല് വെന്തുയർ
വിളൈപ്പണ വൻറിയു മെലിന്തു നാടോറും
ഇളൈപ്പണ നുണ്ണിടൈ യിളൈപ്പമെൻമുലൈ
തിളൈപ്പണ മുത്തൊട്ടു ശെമ്പൊണാരമേ.

പ:—മുറുവല് =(ആ മതംഗികളുടെ മുഖത്തിൽ) പുഞ്ചിരികൾ, മുളൈപ്പന=പുറപ്പെടുന്നു; അമ്മുറുവല് =ആ പുഞ്ചിരികൾ, (കാമുകന്മാക്ക) വെന്തുയർ=കൊടിയതാപത്തെ, വിളൈപ്പണ=ഉണ്ടാക്കിത്തീക്കുന്നു; അൻറിയും=ഇതിന്നു പുറമെ, നുൺഇടൈ=(ആ മതംഗികളുടെ) നന്നുത്ത മദ്ധ്യങ്ങൾ, നാൾതോറും=നാൾക്കുനാൾ, മെലിന്തു=അഴൽപൂണ്ടു, ഇളൈപ്പണ=മെലിഞ്ഞുപോകുന്നു; ഇളൈപ്പ=അവ ഇളയ്ക്കുംവണ്ണം, മെൻമുലൈ=അവരുടെ മേന്മയുള്ള മുലകളിൽ, മുത്തു ഒടു=മുത്തുമാലയും, ശെമ്പൊൻ=ചെമ്പൊന്മയമായ, ആരമും=പതക്കങ്ങളും,തിളൈപ്പണ=(എണ്ണത്തിലും വണ്ണത്തിലും) ഏറിവരുന്നു.

ഭാ:—കാമിനികളുടെ പുഞ്ചിരിപ്പുതുമ കണ്ടു കാമുകന്മാരുടെ അംഗങ്ങൾ മെലിയുന്നു; കാമിനികളുടെ മദ്ധ്യങ്ങൾ (ഭാരംകൊണ്ടു) ക്ഷയിച്ചു പോകുന്നവിധം അവരുടെ മുലയിണകളിൽ, മുത്തുമാലകളും പതക്കങ്ങളും കനത്തുവരുന്നു. ൧൧.

146. ഇടൈയിടൈയെങ്ങ് കണും കളിയറാതണ
നടൈയിളവണ്ണങ്ങ് ക ണളിണ നീർക്കയല്

പെടൈയിള വണ്ടുകൾ പിരശമാന്തിടും
കടകരിയല്ലണ മകളിർകൺകളേ.

പ:—നളിണ നീർ=താമരപ്പൊയ്കകളിൽ, ഇടൈ ഇടൈയെങ്കണും=എല്ലായിടത്തും എപ്പോഴും, കളിയറാതണ=കളിയാടാതിരിക്കുന്നവ, നടൈ ഇള=മേന്മയുള്ള നടയോടുകൂടിയ, അണ്ണങ്ങൾ=അരയന്നങ്ങളും, കയല്=കരുമീനുകളും, പെടൈ=(പെൺ) വണ്ടുകളും, ഇളവണ്ടുകൾ=ഇളം പ്രായത്തിലുള്ള (ആൺ) വണ്ടുകളും, പിരശം=പുഷ്പരസത്തെ, മാന്തിടും=ഭുജിക്കുന്ന, കടകരി=മത്തഗജങ്ങളും, അല്ലൻ=അല്ലാതിടങ്ങളിൽ, മകളിർ=അംഗനകളുടെ, കൺകളേ=കണ്ണുകൾ മാത്രവുമാകുന്നു.

ഭാ:—താമരപ്പൊയ്കകളിൽ അവിടവിടെയായി എല്ലായിടത്തും ഇടവിടാതെ കളിയാടുന്നത് അരയന്നങ്ങളും, കരുമീനുകളും, വണ്ടുകളും, മത്തഗജങ്ങളുമാണ്; ഇവയെ ഒഴിച്ചു മററുള്ളേടങ്ങളിലെല്ലാം ഇടവിടാതെ കളിയാടുന്നതു കാമിനികളുടെ നയനങ്ങൾതന്നെ.

നളിണം ഇടൈ എങ്കണും=കമലങ്ങൾതോറും ഇടവിടാതെ കളിയാടുന്നത് അരയന്നങ്ങളാണ്; നീർ ഇടൈ എങ്കണും=ജലത്തിങ്കലെല്ലാം ഇടവിടാതെ കളിയാടുന്നതു കരിമത്സ്യങ്ങളാണ്; വണ്ടുകൾ ആ കമലങ്ങൾതോറും മധുപാനം ചെയ്യുന്നു; മത്തഗജങ്ങൾ പൊയ്കകളിൽ ജലപാനം ചെയ്യുന്നു. മാനിനികളുടെ നയനങ്ങളാകട്ടെ എങ്ങും എല്ലാപ്പോഴും കളിയാടുന്നു. എന്നും അർത്ഥഭേദം. ഒർ.

147. തഴല്വിഴിയാളിയു ത്തുണൈയുന്താഴ്വരൈ
മുഴൈവിഴൈ കിരിനകർ കളിററിൻ മുമ്മത
മഴൈവിഴം വിഴന്തൊറ മണ്ണുംകീഴ്ഉറ
കുഴൈവിഴമവില് വിഴങ്ങ് കൊടിത്തിണ്ടേർകളേ.

പ:—തഴല്=അഗ്നി (കണങ്ങളെ പുറപ്പെടുവിക്കുന്ന) വിഴി=മിഴികളോടുകൂടിയ, ആളിയും=സിംഹവും, തുണൈയും=അതിൻെറ ഇണയും, മുഴൈ വിഴൈ=കാംക്ഷിക്കുന്ന ഗുഹകളിണങ്ങിയ, താഴ്വരൈ=താഴ്വരയോടുകൂടിയ, കിരിനകർ=ഗിരിക്കു തുല്യമായ, കളിററിൻ=ആനയുടെ, മുമ്മതം=ത്രിവിധമദജലവും, മഴൈവിഴം=മഴപോലെ ,സ്രവിക്കും; വിഴന്തോറം=ആ മദജലം വീഴുന്തോറം, മണ്ണും=ഭൂമിയും, കീഴ് ഉറ=ആഴം വരുംവണ്ണം (ആഴത്തിൽ), കുഴൈ വിഴം=ചേറ വീഴും; അവില്=ആ ചേറകളിൽ, കൊടി=കൊടികളിയന്ന, തിൺതേർ=വലിയ തേരുകൾ, വിഴ്ം=ആണ്ടുപോകും.

ഭാ:—പർവ്വതാകാരങ്ങളായ ഗജങ്ങളുടെ മൂന്നു വഴിക്കും (രണ്ടു ചെന്നികരം, മേഢ്രം ഈ മൂന്നു സ്രോതസ്സുകളിൽനിന്നും) സ്രവിക്കുന്ന മദജലം പൊഴിഞ്ഞ് ഏററവും ആഴത്തിൽ ചേറ വീണുകിടക്കുന്ന രത്ഥ്യകളിലൂടെ ഓടുന്ന വലിയ തേരുകരം ആ ചേററിലാണ്ടു പോകുന്നു. ൧൪.

148. ആടുവാർ പുരവിയിൻ കുരത്തൈ യാർപ്പണ
ചൂടുവാരികഴ്ന്തവത്തൊങ്ക്കൻ മാലൈകരം
ഓടുവാരിഴക്കുവ വൂടലൂടറ
ക്കൂടുവാർ വണമുലൈ കൊഴിത്ത ശാന്തമേ.

പ:—ചൂടുവാർ=പ്രസാധികകരം (സ്ത്രീകരംക്കലങ്കാരം ചെയ്യുന്ന തോഴികരം), ഇകഴ്ന്ത=നിസ്സാരമാക്കിത്തള്ളിക്കളഞ്ഞ, അത്തൊങ്ക്കല് മാലൈകരം=ആ തൊങ്ങൽമാലകരം, ആട്=ആടുന്ന, വാർ=ദീർഘകായന്മാരായ, പുരവിയിൻ=കുതിരകളുടെ, കുരത്തൈ=ഖുരങ്ങളെ (കുളമ്പുകളെ), ആർപ്പണ=ബന്ധിക്കുന്നു, ഊടല്=പ്രണയകലഹം, ഊടു ഉറ=ശമിക്കത്തക്കവണ്ണം, കൂടുവാർ=ഇണങ്ങിക്കൂടുവാനർഹന്മാരായ നായകന്മാർ, വണം മുലൈ=അഴകിയലുന്ന കൊങ്കകളിൽനിന്നും, കൊഴിത്ത=തുടച്ചെറിഞ്ഞ, ശാന്തം=ചന്ദനക്കുട്ടുകരം, ഓടുവാർ=(തെരുവിൽ) ഓടുന്നവരെ, ഇഴക്കുവ= (ഓടുവാനയക്കാതെ) വഴുക്കി വീഴിക്കുന്നു.

ഭാ:—ആ നഗരത്തിൽ പ്രസാധികമാർ തരുണീജനത്തെ അലങ്കരിപ്പിക്കുന്ന സമയം നിസ്സാരമെന്നു കരുതി എറിഞ്ഞുകളഞ്ഞവയും അതിദീർഘങ്ങളുമായ മാലകരം രത്ഥ്യയിലൂടെ നൃത്തമാടിക്കൊണ്ടു പോകുന്ന ദീർഘകായന്മാരായ അശ്വങ്ങളുടെ കുളമ്പുകളിൽ ചുററിപിണയുന്നു. പ്രണയകലഹത്താൽ പിണങ്ങിയിരിക്കുന്ന നായികമാരെ സാന്ത്വനം ചെയ്തിണങ്ങിക്കൂടുന്ന നായകന്മാർ വിരഹതാപശാന്തിക്കായി അവർ മുലയിണകളിലണിഞ്ഞിട്ടുള്ള ചന്ദനക്കൂട്ടുകളെ വടിച്ചെടുത്തു തെരുവിലെറിഞ്ഞിരിക്കുന്നതിനാൽ ആ വഴിയേ ഓടിപ്പോകുന്നവർ അതു ചവിട്ടി വഴുതിവീഴുന്നു. ൧൫

149. ഇളൈപ്പരും കുരങ്ക്കളാ ലിവുളിപാരിണൈ
കിളൈപ്പണ വവ്വഴി കിളർന്തതൂളിയിൻ
ഒളിപ്പണ മണിയവൈ യൊളിരമീതുതേൻ
തുളിപ്പണ കുമരർത നോളിൻമാലൈയേ.

പ:—ഇളൈപ്പ അരു=ചലിപ്പില്ലാത്ത, കുരങ്ക്കളാല്=കുളമ്പുകളാ

ൽ, ഇവുളി=കുതിരകാം, പാരിണൈ=ഭൂമിയെ, കിളൈപ്പണ=കിളക്കുന്നു; അവ്വഴി=അവിടെ, കിളർന്ത=മേല്പോട്ടുയൎന്ന, തുളിയിൻ=ധൂളിയാൽ, കുമരർതം=(ആ കുതിരകളിന്മേൽ കരയേറി വരുന്ന) കുമാരന്മാർ (അണിഞ്ഞിരിക്കുന്ന) മണി=രത്നങ്ങാം, ഒളിപ്പണ=മറെക്കപ്പെടുന്നു. അവൈ=ആ മണികാം, ഒളിർ=വിളങ്ങുംവണ്ണം, തോളിൻമാലൈ=(ആ കുമാരന്മാർ) തോളിൽ അണിഞ്ഞിരിക്കുന്ന പൂമാലകാം, മീതു=(ആ മണികളിൻ) മേൽ, തേൻ=തേനിനെ, തുളിപ്പണ=തുളിക്കുന്നു. (തുള്ളി തുള്ളിയായ് വീഴുന്നു.)

ഭാ:—ചലിപ്പില്ലാതെ ഓടുന്ന കുതിരകളുടെ കുളമ്പടികൊണ്ടുണ്ടാകുന്ന മൺപൊടി മേല്പോട്ടുയൎന്നു തുരഗാരൂഢന്മാരായ കുമാരന്മാർ അണിഞ്ഞിരിക്കുന്ന രത്നാഭരണങ്ങളിൽ പററി അവയേ നിഷ്പ്രഭങ്ങളാക്കുകയും അവർ ധരിച്ചിട്ടുള്ള പൂമാലകളിൽനിന്നുതിരുന്ന പുഷ്പരസങ്ങളാൽ ക്ഷാളിതങ്ങളായിട്ട് അവ യഥാപൂർവ്വം പ്രകാശിക്കയും ചെയ്യുന്നു. ൧൯.

150. വിലക്കരുങ്കരിമതം വേങ്കൈ നാറുവ
കുലക്കൊടിമാതർ വായ്കുമുതനാറുവ
കലക്കടൈ കണിപ്പരുങ്കതിർകണാറുവ
മലക്കടി നാറുവ മകളിർ കുന്തലേ.

പ:—വിലക്ക അരു=വിലക്കുവാനരുതാത്തവണ്ണം മദിച്ച, കരി=ആനകളുടെ, മതം=മദജലങ്ങാം, വേങ്കൈ=വേങ്ങപ്പൂപ്പോലെ, നാറുവ=മണക്കുന്നു, കൊടി=പൂങ്കൊടികാംപോലുള്ള, കുലമാതർ=കുലസ്ത്രീകളുടെ, വായ്=വായ, കുമുതം=ചുവന്നാമ്പൽപൂപ്പോലെ, നാറുവ=കാണപ്പെടുന്നു, കലംകടൈ=(അവർ അണിഞ്ഞിരിക്കുന്ന) ആഭരണജാലം, കണിപ്പ അരു=ഗണിപ്പാനരുതാത്ത, കതിർകാം=രശ്മികളെ, നാറുവ=പുറപ്പെടുവിക്കുന്നു, മകളിർ കുന്തല്=കാമിനികളുടെ കുന്തളുകാം, മലർക്കടി=പൂമണം, നാറുവ=വീശുന്നു

വി:—മദജലത്തിന്നു അതു വീഴുന്ന പ്രദേശത്തെ അനുസരിച്ചു ഗന്ധത്തിന്നു ഭേദം വരുന്നതാണ്. ൨൦.

151. കോവൈയിന്നകരൊടെൺ കുറിക്കലാതവ
ത്തേവർ തന്നരികയ്യൈച്ചെപ്പുകിൻറതെൻ
യാവൈയും വഴങ്കിട ത്തികലിയിന്നകർ
ആവണങ്കണ്ട പിണളകൈ തോററതേ.

പ;—ഇന്നകരോടു=ഈ അയോദ്ധ്യാനഗരത്തോടു (ചേൎത്തു), കോ

വൈ=(പുണ്യനഗരങ്ങൾ ഏഴാണെന്നുള്ള) കോർവ്വയിൽ, എൺ കുറിക്ക ലാത=(മുൻകാലത്തെ മുനികളാൽ) എണ്ണം കുറിക്കപ്പെട്ടിട്ടില്ലാത്ത, അത്തേവർ തം നകരിയെ=ആ ദേവനഗരിയായ അമരാവതിയെ, ശെപ്പുകിൻറതു എൻ=(സാമ്യമുള്ളതല്ലെന്നു) നാം പറയുന്നതിൽഫലമെന്ത്? ഇന്നകർ ആവണം=ഈ നഗരത്തിലെ ആപണത്തെ, യാവൈയും=(കച്ചവടച്ചരക്കുകളെ) മുഴവനും, വഴങ്ങ്കിടത്തു=പറയുന്ന വിഷയത്തിൽ, ഇകലി=(ആ ആപണത്തിന്മേൽ) വൈരം തോന്നി, കണ്ടപിൻ=(വന്ന് അതിൻെറ സമൃദ്ധി) കണ്ടതിൽപിന്നെ, അളകൈ=അളകാപുരി, തോററതു=പരാജയം പ്രാപിച്ചു.

ഭാ:—അയോദ്ധ്യയോടു ചേർത്ത് ഏഴു നഗരങ്ങളാണ് ഉൽകൃഷ്ടങ്ങളെന്നു മുനികളാൽ ഗണിക്കപ്പെട്ടിരിക്കയാൽ സുരനഗരിയായ അമരാവതി ഈ അയോദ്ധ്യാപുരിക്കു സാമ്യമല്ലെന്നു നാം പറയേണ്ടതില്ലല്ലോ. ഈ നഗരത്തിലുള്ള വ്യാപാരവീഥിയെപ്പററി കേട്ട് അതിൻെറ നേരെ വൈരം ജനിക്കുകയും പിന്നീട് അതിനെ വന്നു കാണുകയും ചെയ്തതിൽ അളകാപുരി അതിനോടു തോല്ക്കുകയാണുണ്ടായത്.

വി:—"അയോദ്ധ്യാ മധുരാ മായാ, കാശീ കാഞ്ച്യവന്തികാ, ദ്വാരകാ ചേതി സപ്തൈതേ, പുണ്യാനി നഗരാണി വൈ" ഈ സപ്തപുരികൾക്കു മാത്രമാണു മുനികൾ ഉത്തമസ്ഥാനം നൽകീട്ടുള്ളത്. ഇവയിലുൾപ്പെടുത്തീട്ടില്ലാത്തതിനാൽ അമരാവതിയും അളകാപുരിയും അയോദ്ധ്യക്കനുരൂപങ്ങളല്ലെന്നു വ്യക്തമാകുന്നു. വിശേഷിച്ച് ധനപതിയുടെ അളകാപുരിയുടെ സർവ്വ വിഭവങ്ങളുംകൂട്ടി നോക്കിയാൽതന്നെ അയോദ്ധ്യയിലെ ആപണത്തിന്നു സമാനമാകുന്നതല്ല. ൫൧.

52. അതിർ കഴലൊലിപ്പണ വയിലിമൈപ്പണ
കതിർ മണിയണി വെയില്കാല്വമാൻമതം
മുതിർ വുറക്കമഴ്വണ മുത്തമിണ്ണവ
മതുകരമിശൈപ്പണ്മൈന്തരീട്ടമേ.

പ:—മൈന്തരീട്ടം=(ആ നഗരവീഥികളിൽ അവിടവിടെ നില്ക്കുന്ന) കുമാരന്മാരുടെ കൂട്ടങ്ങളിൽ, അതിർ കഴല്=പരസ്പരമിടറുന്ന വീരനൂപുരങ്ങൾ, ഒലിപ്പണ=ശബ്ദിക്കുന്നു, അയില്=വേലായുധങ്ങൾ, ഇമൈപ്പണ=മിന്നുന്നു, കതിർ=കിരണങ്ങൾ വീശുന്ന, മണി=രത്നമയങ്ങളായ, അണി=ആഭരണങ്ങൾ, വെയില്=പ്രകാശത്തെ, കാല്വ=കാലുന്നു (പുറപ്പെടുവിക്കുന്നു), മുതിർവുറ=അധികമായി, മാൻമതം=കസ്തൂരി, കമഴ്വ=മണക്കുന്നു,

മുത്തം=മുത്തുമാലകൾ, മിന്നുവ=മിന്നുന്നു, മതുകരം=വണ്ടുകൾ, ഇശൈപ്പ ണ=പാടുന്നു.

ഭാ:—ആ നഗരത്തിലെ തെരുവുകളിൽ കൂട്ടംകൂട്ടമായ് നില്ക്കുന്ന യുവജനത്തിൻെറ നില ഈവണ്ണമായിരുന്നു. ൱൦.

153. വളൈയൊലിവയിരൊലി മകരവീണൈയിൻ
കിളൈയൊലി മുഴവൊലി കിണ്ണരത്തൊലി
തൊളൈയൊലി പല്ലിയന്തുവൈക്കുഞ്ചുമ്മൈയിൻ
വിളൈയൊലി കടലൊലി മെലിയ വിമ്മുമേ.

പ:—വളൈ ഒലി=ശംഖിൻെറ ധ്വനിയും, വയിർ ഒലി=ഊതുന്ന കൊമ്പിൻെറ ധ്വനിയും, മകരവീണൈയിൻ കിളൈ ഒലി=മകരവീണാതന്ത്രികളുടെ ധ്വനിയും മുഴവു ഒലി=മദ്ദളധ്വനിയും, കിന്നരത്തു ഒലി=കിന്നരവാദ്യധ്വനിയും, തൊളൈ ഒലി=ധാര ചിന്നം മുതലായ രന്ധ്രോപകരണങ്ങളുടെ ധ്വനിയും, പല് ഇയം=(ഇവക്കും പുറമെ) പല വാദ്യങ്ങളും, തുവൈക്കും=ശബ്ദിക്കുന്ന, ശുമ്മൈയിൻ=ആലഭാരത്താൽ, വിളൈ=വിളയുന്ന (ഉണ്ടാകുന്ന), ഒലി=ധ്വനിയും, കടലൊലി=സമുദ്രധ്വനി, മെല്ലിയ=അടങ്ങത്തക്കവണ്ണം, വിമ്മും=തിങ്ങി മുഴങ്ങും.

ഭാ:—ആ നഗരത്തിലുള്ള പലവിധ വാദ്യധ്വനികൾ കടലിരവത്തെ അടക്കുംവണ്ണം മുഴങ്ങുന്നു. ൱൧.

154. മണ്ണവർ തരുതിറൈ യളക്കു മണ്ടപം
അണ്ണമെണ്ണടൈയവ രാട്ടു മണ്ടപം
ഉണ്ണരുമരുമറൈ യോത്തു മണ്ടപം
പണ്ണരുങ്കലൈ തെരി പട്ടി മണ്ടപം.

പ:—മണ്ണവർ= അന്യദേശ) രാജാക്കന്മാർ. തരു=കൊണ്ടുവരുന്ന, തിറൈയളക്കും=തിരുമുൽക്കാഴ്ച്ചദ്രവ്യങ്ങളെ അളക്കുന്ന, മണ്ടപം=മണ്ഡപങ്ങളും, അണ്ണം=അന്നനടപോലെ, മെല്=മേന്മയുള്ള, നടൈയവർ=നടയോടുകൂടിയ നാരീമണികൾ, ആട്ടു മണ്ടപം=ആടുന്ന നൃത്തമണ്ഡപങ്ങളും, ഉൻ അരു=(ഇത്രത്തോളമെന്നു) നിനെപ്പാൻ കഴിയാത്ത, മറൈ=വേദങ്ങൾ, ഓതു മണ്ടപം=ഓതുന്ന മണ്ഡപങ്ങളും, പൻ അരുങ്കലൈ തെരി=ഉക്തങ്ങളായ പല ഉത്തമ കലകളെയും ആരാഞ്ഞറിയുന്ന, പട്ടി മണ്ടപം=അദ്ധ്യയനമണ്ഡപങ്ങളും ഉണ്ട്. കലകൾ=വ്യാകരണം, ധനുർവ്വേദം, ധർമ്മശാസ്ത്രം, ഗണിതം, ഇതിഹാസം മുതലായവ. ൱൨.

155\. ഇരവിയിർ ചുടർമണി യിമൈക്കു ന്തോരണ
ത്തെരുവിണിർ ചിറിയണ തിശൈകൾ ശേൺവിള
ങ്കരുവിയിർ പെരിയണ വാണൈ ത്താണങ്കൾ
പരവൈയിർ പെരിയണ പുരവിപ്പന്തിയേ.

പ:—ചുടർമണി=മിന്നുന്ന മണികൾ, ഇരവിയിൻ=സൂൎയ്യനെപ്പോലെ, ഇമൈക്കും=പ്രകാശിച്ചുകൊണ്ടിരിക്കുന്ന, തോരണം=തോരണങ്ങളോടുകൂടിയ, തെരുവിണിൻ=തെരുവിൽനിന്നും, തിശൈകൾ=ദിക്കുകൾ, ശിറിയണ=ചെറിയവയാകുന്നു, ശേൺ=ദൂരത്തുനിന്നും, വിളങ്കും=തെളിഞ്ഞൊഴുകുന്ന, അരുവിയിൻ=മലയരുവിയിൽനിന്നും, ആണൈ=ആനകളുടെ, താണങ്കൾ=മദജലങ്ങൾ, പെരിയണ=വലിയവയാകുന്നു, പരവൈയിൻ=സമുദ്രത്തിൽനിന്നും, പുരവിപ്പന്തി=കുതിരപ്പന്തികൾ, പെരിയണ=വലിയവയാകുന്നു.

ഭാ:—ഇതിനാൽ അയോദ്ധ്യാനഗരത്തിലുള്ള, തെരുവീഥികളുടെ അതിയായ ദീർഘവിസ്തീൎണ്ണങ്ങളും ഗജങ്ങളുടെ മദസമൃദ്ധിയും, വാജിശാലകളുടെ വിശാലതയും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു. നമ്പ.

156\. ശൂളികൈമഴൈ മുകില് തൊടക്കുന്തോരണ
മാളികൈമലർവണ മകളിർ വാൾമുകം
വാളികളന്നവൈ മലർവമററവൈ
ആളികളന്നവർ നിറത്തിനാഴ്പവേ.

പ:—ശൂളികൈ=ശിഖരത്തിനാൽ, മഴൈ=കുളർമയുള്ള, മുകില്=മേഘത്തെ, തൊടക്കും=തൊട്ടുനില്ക്കുന്ന, തോരണം=തോരണങ്ങൾ പണിചെയ്തിട്ടുള്ള, മാളികൈ=മാളികകളുടെ കിളിവാതിലുകൾ, മകളിർ=മങ്കമാരുടെ, വാൾ=ഒളിതിരളുന്ന, മുകം=മുഖങ്ങളെ, മലർവ=വികസിപ്പിക്കുന്നു. അന്നവൈ=ആ മുഖങ്ങൾ, വാളികൾ=അമ്പുകളെ, മലർവ=വികസിപ്പിക്കുന്നു, അവൈ=ആ അമ്പുകൾ, ആളികൾ അന്നവർ=സിംഹങ്ങൾക്കു തുല്യന്മാരായ യുവാക്കന്മാരുടെ, നിറത്തില്=മാറിൽ, ആഴ്പ=തറെക്കുന്നു.

ഭാ:—വാതായനത്തിലൂടെ വാമമിഴിമാരുടെ വദനങ്ങൾ പരിലസിക്കുകയും, ആ മുഖങ്ങളിൽ വിലസുന്ന നയനങ്ങൾ നാരാചനിൎവ്വിശേഷം നാഗരികയുവജനത്തിന്റെ ഹൃദയഭേദകമായിത്തീരുകയും ചെയ്യുന്നു. സർ

157\. മണ്ണവർകഴലൊടു മാവുകൊൾവണ
പൊണ്ണണിത്തേരൊലിപുരവിത്താരൊലി

ഇണ്ണകൈയവർ ശിലമ്പേങ്കവേങ്കുവ
കണ്ണിയർകുടൈ തുറൈ ക്കമലവണ്ണമേ.

പ:—പൊൻഅണി=പൊന്നിനാലലങ്കരിക്കപ്പെട്ട, തേർ ഒലി=തേരിൻെറ ധ്വനിയും, പുരവി താർ ഒലി=കുതിരകളുടെ (കണ്ഠത്തിലണിഞ്ഞ) കിങ്കിണികളുടെ നിനാദവും, മണ്ണവർ=രാജാക്കന്മാരുടെ, കഴലൊടു=വീരത്തണ്ടയോടു, മാറകൊൾവണ=എതൃത്തുകൊണ്ടു ധ്വനിക്കുന്നു, ഇൻ=ഇമ്പമേകുന്ന, നകൈയവർ=വിഭൂഷിതകളായ വനിതകൾ (അണിഞ്ഞിരിക്കുന്ന) ശിലമ്പു=ചിലമ്പുകൾ, ഏങ്ക=ധ്വനിക്കുന്നതിനാൽ (അതു തങ്ങടെ വർഗ്ഗക്കാരുടെ കണ്ഠസ്വനമെന്നു കരുതി) കണ്ണിയർ=ആ കന്യകമാർ, കുടൈ തുറൈ=സ്നാനം ചെയ്യുന്ന ഘട്ടത്തിൽ (കുളിക്കുന്ന കടവിൽ) ഉള്ള, കമലം=താമരപ്പൂവിൽ വാസം ചെയ്യുന്ന, അണ്ണം=അരയന്നപ്പക്ഷികൾ, ഏങ്കുവ=ശബ്ദിക്കുന്നു. സൗ.

158. ഊടവും കൂടവുമുയിരിനിണ്ണിശൈ
പാടവും വിറലിയർ പാടല്കേൾക്കവും
ആടവുമകൻ പുണലാടിയമ്മലർ
ക്കൂടവും പൊഴുതുപോഞ്ചിലർക്കത്തൊണ്ണകർ.

പ:—അത്തൊണ്ണകർ=ആ പുരാതനനഗരത്തിൽ, ശിലർക്കു=ചില നാരികൾക്കു, ഊടവും കൂടവും=(തങ്ങടെ നായകന്മാരോടു) പിരിയുകയും കൂടുകയും, ഉയിരിൻ=പ്രാണനോടൊപ്പം പ്രിയമുള്ള, ഇൻ ഇശൈ=മാധുര്യമുള്ള രാഗങ്ങളെ, പാടവും=തങ്ങൾ പാടുകയും, വിറലിയർ=ഗായികമാരുടെ, പാടല്=ഗാനങ്ങളെ, കേൾക്കവും=കേൾക്കുകയും, അകല്=പരന്ന, പുണല്=ജലാശയത്തിൽ, ആടവും=കുളയിട്ടു കളിക്കയും, ആടി=അങ്ങിനെ കളിച്ചു, അം മലർ=അഴകുള്ള പൂക്കളെ, ശൂടവും=പറിച്ചു ചൂടുകയും ചെയ്തുകൊണ്ടു, പൊഴുതു പോം=ദിവസം പോകുന്നു. സന്ദ.

159. മുഴങ്കുതിൺ കടകരി മുൻപിണ്ടരവും
എഴുങ്കുരത്തിവുളിയോ ടിരതമറവും
പഴങ്കണോടിരന്തവർ പരിവുതീർത്തര
വഴങ്കവും പൊഴുതുപോഞ്ചിലർക്കമ്മാണകർ.

പ:—അമ്മാണകർ=ആ വലിയ നഗരത്തിൽ, ശിലർക്കു=ചില പുരുഷന്മാൎക്കു, മുഴങ്കു=ഗർജ്ജിക്കുന്നവയും, തിൺകടം=ബലത്തോടും മദ

ത്തോടും കൂടിയവയുമായ, കരി=ആനകളെ, മുൻപിൻ=മുന്നും പിന്നുമായി, ഊരവും=കരയേറി നടത്തുകയും, എഴങ്കുരത്തു=മേല്പോട്ടുയരുന്ന കുള മ്പുകളോടുകൂടിയ, ഇവുളിയോടു=കുതിരകളിന്മേലും, ഇരതം=രഥങ്ങളി ന്മേലും, ഏറവും=കരേറുകയും, പഴങ്കണോടു=മെലിഞ്ഞ ദേഹത്തോടെ വന്നു, ഇരന്തവർ=യാചിച്ചവരുടെ, പരിവുതീർതര=ദുഃഖം നീങ്ങത്തക്കവ ണ്ണം, വഴങ്കവും=കൊടുക്കുകയും ചെയ്തുകൊണ്ടു, പൊഴുതുപോം=ദിവ സം പോകുന്നു. സ്വ.

160. കരിയൊടുകരിയെതിർ പൊരുത്തുകൈപ്പടൈ
വരിശിലൈ മുതലിയ വഴങ്കി വാലുളൈ
പ്പുരവിയിർ പൊരുവില് ശെണ്ടാടിപ്പോർക്കലൈ
തെരിതലിർപ്പൊഴുതുപോഞ്ചിലർക്കച്ചേണകർ.

പ:—അച്ചേണകർ=ആ വിശാലമായ നഗരത്തിൽ, ശിലർ=ചില വീരന്മാർ, കരിയൊടുകരി=ഗജങ്ങളോടു ഗജങ്ങളെ, എതിർ=അന്യോന്യം എതൃത്തു, പൊരുത്തി=പൊരുതിച്ചും,കൈപ്പടൈ=കയ്യായുധങ്ങളെയും (ഖ ഡ്ഗശൂലപരശുഗദാദികൾ), വരിശിലൈ മുതലിയ=വില്ലിനാലും മററും അയക്കത്തക്ക ആയുധങ്ങളേയും (അമ്പ്, ചാട്ടുകുന്തം, കവണ മുതലാ യവ), വഴങ്കി=വഹിച്ചും, വാല് ഉളൈ=വെണ്മ തിരളുന്ന സ്കന്ധരോ മങ്ങളോടുകൂടിയ, പുരവിയില്=കുതിരകളിന്മേലേറിക്കൊണ്ടു, പൊരു ഇല്=എതിരില്ലാത്ത, ശെണ്ടാടി=(കുതിരസ്സവാരിചെയ്യുന്ന) വീഥിയിൽ ക ളിയാടിയും, പോർക്കലൈ=ധനുർവ്വേദങ്ങളെ, തെരിതലിൻ=പരിശീലിക്കു ന്നതിനാൽ, പൊഴുതുപോം=ദിവസം കഴിയുന്നു. സ്വ.

161. നന്തണവണത്തലർ കൊയ്തുനവ്വിപോല്
വന്തിളൈയവരൊടു വാവിയാടിവായ്
ച്ചെന്തുവരഴിതരത്തേറൻ മാന്തിച്ചൂ
തുന്തലിർപ്പൊഴുതു പോഞ്ചിലർക്കവ്വൊണ്ണകർ.

പ:—അ ഒൺ നകർ=ശോഭനമായ ആ നഗരത്തിൽ, ശിലർക്കു= ചില മങ്കമാർ, നന്തണവണത്തു=പുഷ്പവാടിയിൽചെന്നു, അലർകൊയ്തു= പുഷ്പങ്ങളറുത്തും, നവ്വിപോല്വന്തു=മാൻപേടകളെപ്പോലെ വന്നു, ഇ ളൈയവരോടു=തങ്ങൾ തങ്ങടെ കണവന്മാരോടുകൂടെ, വാവിയാടി= വാപികളിൽ (തടാകങ്ങളിൽ) കളിയാടിയും, വായ്=അധരങ്ങളിലുള്ള, ശെന്തുവർ=ചുവപ്പുനിറം, അഴിതര=മാറിപ്പോകുംവണ്ണം, തേറല്=(അധര)

മധുവിനെ, മാന്തി=മോന്തിയും (പാനംചെയ്തും), ശൂതു ഉന്തലില്=ചൂതാട്ട ന്നതിനാൽ, പൊഴുതുപോം=നാഠം കഴിയുന്നു. ന്നൻ

വൃത്തം മാറി.

162\. നാണാവിതമാ നളിമാതിര വീതിയോടി
മീണാറവേലെപ്പുണല് വെൺമുകിലുണ്ണുമാപോല്
ആണാതമാടത്തിടൈയാടി കൊടിക്കൺമീപ്പോയ്
വാണാറനണ്ണിപ്പുണല് വററിടനക്കുമണ്ണോ.

പ:—നാണാവിതമാനളി=പലവിധത്തിലും മഹത്തായ, മാതിരം വീതി ഓടി=ആകാശവീഥിയിൽചെന്നു, മീണാറ=മീനുകഠം അധികമായ് പ്രകാശിക്കുന്ന, വേലൈപ്പുണല്=സമുദ്രജലത്തെ, വെഠം മുകില്=വെളുത്ത മേഘങ്ങഠം, ഉണ്ണുമാപോല്=പാനം ചെയ്യുന്നതുപോലെ, ആണാത= അഴിവില്ലാത്ത, മാടത്തിടൈ ആട്ട=മേടകളുടെ ഉപരിഭാഗത്തിൽ ആടിക്കൊണ്ടിരിക്കുന്ന, കൊടി=കൊടികളുടെ, കൺ=മുളകഠം (മുളകൊണ്ടുള്ള കൊടിമരങ്ങഠം) മീപ്പോയ്=മേല്പോട്ടു പൊങ്ങി, വാൻ ആറ=സ്വൎന്നദിയെ (ആകാശഗംഗയെ), നണ്ണി=ചെന്നുമുട്ടി, പുണല്=അതിലെ ജലം, വററിട=വററിപ്പോകുംവണ്ണം, നക്കും=നക്കും.

ഭാ:—അപാരമായ ആകാശമാൎഗ്ഗത്തിൽ പരിഭ്രാന്തങ്ങളായ വെണ്മേഘങ്ങഠം വന്നു സമുദ്രജലം പാനം ചെയ്യുന്നതുപോലെ അയോദ്ധ്യാനഗരിയിലെ മേടകളിന്മേലാടിക്കൊണ്ടിരിക്കുന്ന കൊടിമരങ്ങഠം ആൎത്തപക്ഷാന്തങ്ങളാകയാൽ മേല്പോട്ടു ചെന്നു സുരനദീജലത്തെ (പാറുന്ന കൊടിക്കൂറയാകുന്ന നാവിനാൽ) ആൎത്തിയോടെ നക്കിക്കുടിക്കയാണെന്നുതോന്നും. ൧൦

163\. വന്േറാരണങ്ങ്കഠം പുണർവായിലും വാണിനുമ്പർ
ശെൻേറാങ്കിമേലോരിടമില്ലെണച്ചെമ്പൊണിഞ്ചി
കുൻേറാങ്കുതോളാർകുണങ്ങ്ക്കുട്ടിശൈക്കപ്പെയെണ്ണ
ഒൻേറാടിരണ്ടു മുയർന്തോങ്ങ്കിണ ഉമ്പർനാണ.

പ:—വല് തോരണങ്ങ്കഠം=വലിയ തോരണങ്ങഠം, പുണർ=ഇണങ്ങിയ, വായിലും=ഗോപുരവാതിലും, വാണിൻ ഉമ്പർ=സ്വൎഗ്ഗത്തിന്നു മേലേ, ശെൻറ ഓങ്കി=ചെന്നുയൎന്നു, മേല്=ഇനി, ഓർ ഇടം ഇല് എണ=ഒരിടവും ഇല്ലെന്ന (ഭാവത്തിലിരിക്കുന്ന), ശെമ്പൊൻ ഇഞ്ചി= ചെമ്പൊന്നിനാൽ നിൎമ്മിക്കപ്പെട്ട മതിലുകളും, കുൻറ ഓങ്കു=മലപോലെ ഉയൎന്നു; തോളാർ=തോളോടുകൂടിയ (പീനസ്കന്ധന്മാരായ മനുകുല

മന്നവന്മാരുടെ) കുണം കൂട്ട=ഗുണങ്ങളോടുചേൎന്ന ഇശൈ കുപ്പെ എണ്ണ=കീൎത്തിപുഞ്ജമാകുന്ന, അ ഒൻേറാടു=ആ ഒന്നിനോടുകൂടെ, ഇരണ്ടും=ഗോപുരവും മതിലും, ഉമ്പർ നാണ=(കാണുമ്പോൾ) അമരന്മാർ നാണിക്കുംവണ്ണം, ഉയർന്തോങ്ങ്കിന=ഉയൎന്നിട്ടുള്ളതാണ്.

ഭാ:—അയോദ്ധ്യാപുരിയുടെ പ്രാകാരങ്ങളും ഗോപുരങ്ങളും അതിനെ പാരമ്പൎയ്യമായിട്ട് ഭരിച്ചുവരുന്ന മനുവംശാധിശ്വരന്മാരുടെ ഗുണഗണമിളിതമായ യശസ്സുപോലെ അമരന്മാരും നാണിക്കത്തക്കവണ്ണം സുരലോകവും കടന്നുയൎന്നുനില്ക്കുന്നവയാണ്. ൧൬.

164. കാടും പുണമും കടലണ്ണ കിടങ്ങ്കുമാതർ
ആടും കുളരുമ്മരുവിച്ചുനൈക്കുൻറമുമ്പർ
വീടും വിരവും മണിപ്പന്തരും വീണൈവണ്ടു
പാടും പൊഴിലും മലർപ്പല്ലവപ്പള്ളിമണ്ണോ.

പ:—കാടും=(ആ നഗരത്തെ ചുററിയുള്ള) കാടുകളിലും, പുണമും=ഗൃഹവാടികകളിലും, കടല് അണ്ണ=കടൽപോലുള്ള, കിടങ്ങ്കും=കിടങ്ങുകളിലും, മാതർ ആടും കുളരും=കാമിനിമാർ കുളിക്കുന്ന കുളങ്ങളിലും, അരുവി=ചെറുപുഴകളോടും, ചുനൈ=ഉറവുകളോടും കൂടിയ, കുൻറം=മലകളിലും, ഉമ്പർ വീടും=മേൽനിലകളോടുകൂടിയ വീടുകളിലും, വിരവും=(കലൎപ്പില്ലാതെ) കെട്ടിയിണക്കിയ, മണിപ്പന്തരും=മുത്തുപ്പന്തലുകളിലും, വീണൈവണ്ടു=വീണക്കൊത്ത (നാദത്തോടുകൂടിയ) വണ്ടുകൾ, പാടും പൊഴിലും=പാടുന്ന പൂങ്കാവുകളിലും, മലർപ്പല്ലവം പള്ളി=പൂക്കളാലും തളിരുകളാലും ചമക്കപ്പെട്ട മെത്തകളുണ്ട്.

ഭാ:—കാടു മുതലായ പ്രദേശങ്ങളും ജലാശയങ്ങളുടെ തീരങ്ങളും ശുചിത്വവും ശീതളത്വവും പൂണ്ടിരുന്നതിനാൽ ആ നഗരവാസികൾ അവിടങ്ങളിലെല്ലാം യഥേഷ്ടം തളിരുകളാലും പൂക്കളാലും തല്പങ്ങളുണ്ടാക്കി അവയിലിരുന്നും കിടന്നും സുഖിച്ചിരുന്നു. ൧൭.

165. തെൾവാർമഴൈയു ന്തിരൈയാഴിയു മൂട്ക്കനാളും
വൾവാർമുരശ മ്മതിർമാണകർ വാഴമാക്കൾ
കൾവാരിലമൈപ്പൊരുൾ കാവലുമില്ലൈയാതും
കൊൾവാരിലാമൈക്കൊടുപ്പാർകളുമില്ലൈമാതോ.

പ:—തെൾ=തെളിവുള്ള, വാർ=വാരിയോടുകൂടിയ, മഴൈയും=മേഘങ്ങളും, അലൈ=അലകളെറിഞ്ഞുകൊണ്ടിരിക്കുന്ന, ആഴിയും=സമുദ്രങ്ങ

ളും, ഉട്ക്ക=നടുങ്ങുംവണ്ണം, നാളും=നാറംതോറം, വറംവാർ=തോൽവാർ കെട്ടിയ, മുരശം=ഭേരിവാദ്യങ്ങാം, അതിർ=മുഴങ്ങുന്ന, മാണകർ വാഴും=മ ഹാനഗരിയായ അയോദ്ധ്യയിൽ വാസം ചെയ്യുന്ന, മാക്കാം=ജനങ്ങളി ൽ, കാംവാർ ഇലാമൈ=കളവു ചെയ്യുന്നവരില്ലായ്കയാൽ, പൊരുാം= (സമ്പാദിച്ചുവെച്ചിട്ടുള്ള) ധനത്തിന്നു, കാവലും ഇല്ലൈ=കാവൽ വെക്കാ റമില്ല; യാതും=യാതൊരു ദ്രവ്യവും, കൊാംവാർ ഇല്ലാമൈ=(ദാരിദ്ര്യമില്ലാ യ്ക നിമിത്തം) യാചിച്ചു വാങ്ങുന്നവരില്ലായ്കയാൽ, കൊട്ടപ്പാർകളും ഇ ല്ലൈ=കൊടുക്കുന്നവരുമില്ല. ൧൬.

166. കല്ലാതുനിർപ്പാർ പിററിൻമൈയിർകല്വിമുററ
വല്ലാരുമില്ലൈയവൈ വല്ല രല്ലാരുമില്ലൈ
എല്ലാരുമെല്ലാ പ്പെരുഞ്ചെൽവമു മെയ്തലാലേ
ഇല്ലാരുമില്ലൈ യുടൈയാർകളു മില്ലൈമാതോ.

പ:—കല്ലാതു=പഠിപ്പൊന്നുമില്ലാതെ, നിർപ്പാർ=സ്വസ്ഥന്മാരായി രിക്കുന്ന, പിറർ ഇൻമൈയിൻ=മററാരും ഇല്ലായ്കയാൽ, കല്വി=ആ പ ഠിപ്പുകളിൽ, മുററ=മുഴുവനും, വല്ലാരും ഇല്ലൈ=നിപുണന്മാരുമില്ല; അ വൈ=പഠിച്ചവർകൂടിയ സഭയിൽ, വല്ലരല്ലാരുമില്ലൈ=നിപുണന്മാരല്ലാ ത്തവരുമില്ല; എല്ലാരും=ആ നഗരവാസികളെല്ലാം, എല്ലാപ്പെരുഞ്ചെല്വമും=വിദ്യാസമ്പത്തി, ധനസമ്പത്തി മുതലായി പ്രാധാന്യമുള്ള സർവ്വ സമ്പത്തുക്കളും, എയ്തലാലേ=(അധികമായി) കൈവന്നിരിക്കയാൽ, ഇല്ലാ രും ഇല്ലൈ=(ധനം) ഇല്ലാത്തവരുമില്ല; ഉടൈയാർകളും ഇല്ലൈ=(ധനം)ഉ ള്ളവരുമില്ല.

ഭാ:—ആ നഗരത്തിൽ എല്ലാവരും ഒരുപോലെ വിദ്യാഭ്യാസം സി ദ്ധിച്ചവരാകയാൽ പ്രത്യേകം നിപുണനെന്നു ആരെയും പറഞ്ഞുകൂടാ. പ ഠിച്ചവർ കൂടുന്ന ഒരു സദസ്സിൽ എല്ലാവരും നിപുണന്മാർതന്നെ. പ്രാധാ ന്യമുള്ള സമ്പത്തുക്കളെല്ലാം എല്ലാവൎക്കും ഒരുപോലെയുള്ളതിനാൽ നിർദ്ധ നന്മാരുമില്ല; ധനവാന്മാരുമില്ല. വിദ്യകൊണ്ടോ ധനംകൊണ്ടോ ആൎക്കും അന്യോന്യം യാതൊരു താരതമ്യവും കല്പിപ്പാൻ കഴിവില്ലെന്നു താല്പൎയ്യം. ഉല്ക്കൎഷനികൎഷങ്ങാം താരതമ്യപരങ്ങളാണ്. അവിദ്വാനെ അപേക്ഷിച്ചു വിദ്വാന്നും നിൎദ്ധനനെ അപേക്ഷിച്ചു ധനവാന്നും ഉല്ക്കൎഷം സിദ്ധിക്കുന്നു.

ഇങ്ങിനെ താരതമ്മ്യപ്രസംഗമില്ലാത്തിടത്തു ഉല്ക്കൃഷ്ടനികൃഷ്ടങ്ങൾക്കു സ്ഥാനം ലഭിക്കുന്നതല്ലെല്ലോ. ൧൮.

167. ഏകംമുതർകല്വി മുളൈത്തെഴുന്തെണ്ണില്കേൾവി
അകമ്മൂതററിൺപണൈപോക്കി യരുന്തവത്തിൻ
ശാകന്തഴൈത്തൻ പരുമ്പിത്തരുമമ്മലർന്തു
പോകങ്ങ്കണി യൊൻറുപഴുത്തതു പോലുമന്റേ.

പ:—(അയോദ്ധ്യാനഗരം) കല്വി=വിദ്യയാകുന്ന, ഏകംമുതല്= ഒരു മൂലവസ്തു, മുളൈത്തു എഴുന്തു=മുളച്ചുപൊങ്ങി, എൺ ഇല്കേൾവിയാകു=എണ്ണമററ ശാസ്ത്രശ്രവണമാകുന്ന, മുതല്തിൺ=ആദിമത്വവും മഹത്വവുമുള്ള, അപ്പണൈ=ആ പെരുങ്കൊമ്പുകളെ, പോക്കി=മേലേ പൊക്കി വിട്ടു്, അരുതവത്തിൻ=മഹാ തപസ്സാകുന്ന, ശാകം തഴൈത്തു=ഇലകൾ തഴച്ചു്, അമ്പു=കൃപയാകുന്ന മൊട്ടുകൾ, അരുമ്പി=പുറപ്പെട്ടു്, തരുമം= ധമ്മമാകുന്ന പൂക്കൾ, മലർന്തു=മലന്നു്, പോകം=ഭോഗമാകുന്ന, കനി യൊൻറു പഴുത്തതുപോലും=ഒരു പഴം പഴുത്തതുപോലെയിരിക്കുന്നു.

ഭാ:—മുളച്ചുവളൎന്നു ശാഖാപത്രപുഷ്പഫലാഢ്യമായ ഒരു വൃക്ഷത്തിന്റെ സൽഫലംപോലെ (വിദ്യാസക്തന്മാരായി ശാസ്ത്രജ്ഞാനവും തപസ്സും സമ്പാദിച്ചു കാരുണ്യശാലികളും ധമ്മതല്പരന്മാരുമായി സവ്വസുഖ സമ്പന്നന്മാരായ ജനങ്ങളാൽ പരിപൂണ്ണമായിരിക്കയാൽ) ഐഹികഭോഗരൂപമായ ഒരു കനിയുടെ നിലയെ പ്രാപിച്ചിരുന്നു. ൧൯.

൪-ാമതായ നകരപ്പടലം കഴിഞ്ഞു.

# ൭. അരശിയർപ്പടലം.

## രാജഗുണപ്രഖ്യാപനം.

168\. അമ്മാണകരു ക്കരശ നരശർക്കരശൻ
ശെമ്മാണ്ടണി ക്കോലുലകേഴിനു ഞ്ചെല്ലനിൻറാൻ
ഇമ്മാൺകതൈക്കോ രിറൈയായ വിരാമണെണ്ണും
മൊയ്മ്മാൺകഴലോററരു നല്ലരുമൂത്തിയണ്ണാൻ.

പ:—അമാൺ നകരുക്ക=ആ മഹിമയുള്ള നഗരത്തിന്നു, അരശൻ=രാജാവായിരിക്കുന്നവൻ, (ആരെന്നുവരികിൽ, അരശർക്ക അരശൻ=രാജരാജനും, മാൺ=മഹിമയിണങ്ങിയ, തണി=സാമ്യമകന്ന, ശെങ്കോല്=തൻെറ ചെങ്കോൽ, ഉലകു ഏഴിനും ശെല്ല=ഏഴു ലോകങ്ങളിലും ചെല്ലത്തക്കവണ്ണം, നിൻറാൻ=നിന്നവനും, ഇ മാൺകതൈക്കു=ഈ മഹിതമായ ചരിത്രത്തിന്നു, ഇറൈ=നായകനായ, ഇരാമൻ എണ്ണും=രാമനെന്നു പ്രശംസിച്ചു പറയപ്പെടുന്ന, മൊയ്മാൺ കഴലോൻ തകും=പരാക്രമത്താലുള്ള പ്രശസ്തിക്കു ലക്ഷ്യമായ വീരതണ്ട അണിഞ്ഞവനെ ഉൽപാദിപ്പിച്ചവനും, നല്=നന്മയെത്തന്നെ നൽകുന്ന, അറം മൂർത്തി അണ്ണാൻ=ധമ്മമൂത്തിയോടൊത്തവനും ആകുന്നു.

ഭാ:—ഈ അയോദ്ധ്യാപുരിയുടെ രാജാവു സാവ്ഭൌമനും അപ്രതിഹതമായ തൻെറ ആജ്ഞാശക്തി സപ്ത ഭുവനങ്ങളിലും നടത്തിവരുന്നവനും, ഈ കഥക്കു നായകനും വീരന്മാർ വന്നടിപണിയുന്നവനും പ്രസിദ്ധനുമായ രാമൻെറ പിതാവും ഏററവും ധമ്മശീലനുമാകുന്നു.

വി:—തന്നോടു സാമ്യമുള്ളതോ തന്നെക്കാൾ മേന്മയിണങ്ങിയതോ ആയ മറെറാരു നഗരമില്ലെന്നു വരുന്നതാണ് ഒരു നഗരത്തിന്നുള്ള മഹിമ. നീതിയെ നിറവേററുന്നതു ചെങ്കോലിന്നുള്ള മഹിമ. (ചെവ്വിയ=ചൊവ്വുള്ള, കോല്=വടി, ചൊവ്വുള്ള കോൽപോലെ നേരായിരിക്കുന്നത്=വക്രതമില്ലാത്തത്, ചെങ്കോൽ=നീതി) പഠനശ്രവണാദികളാൽ ധമ്മാത്ഥകാമമോക്ഷപ്രദാതൃത്വം ചരിത്രത്തിന്നുള്ള മഹിമ വൈരിഭൂപാലന്മാർ വന്നു വണങ്ങത്തക്കവണ്ണം വീരധമ്മത്തിന്നു കുറവു വരാതിരിക്കുന്നതാണ് വീരതണ്ടക്കുള്ള മഹിമ. യാവനൊരുത്തൻെറ ചരിതം പുരുഷാത്ഥസാധകമായിരിക്കുന്നുവോ വീരാഗ്രഗണ്യനായ ആ രാമൻെറ പിതാവായിത്തീരുവാൻ തക്ക ഭാഗ്യം സിദ്ധിച്ച പുണ്യാത്മാവായ ദശരഥമഹാരാജാവാണ് ഈ അയോദ്ധ്യാപുരിക്കു രാജാവായിരിക്കുന്നതു്. ഫ.

169. ആതിമതിയു മ്മരുളുമ്മറവു മ്മമൈവും
ഏതമിൻമിടല് വീരമുമീകൈയു മെണ്ണില് യാവും
നീതിനിലൈയു മ്മിവൈനേമിയിനോർക്കനിൻറ
പാതിമുഴുതുമ്മിവർകേപണി കേട്പ്പമണ്ണോ.

പ:—ആതി=ആദിമമായ, മതി=അറിവും, അരുളും=(അതിനൊഴിച്ചു കൂടാത്ത അംഗമായ) കരുണയും, അറവും=(അതിൻെറ കാൎയ്യമായ) ധൎമ്മവും, അമൈവും=(ആ ധൎമ്മാചാരത്താലുണ്ടായ) സമൃദ്ധിയും, ഏതം ഇല്=ദോഷഹീനമായ, മിടല്=ബലത്തോടുകൂടിയ, വീരമും=വീരത്വവും, ഈ കൈയും=ദാനവും, എൺ ഇല് യാവും=അളവററ മററ രാജയോഗ്യങ്ങളായ ഗുണങ്ങളൊക്കയും, നീതിനിലൈയും=നീതിയിൽ ഉറച്ച നിലയും, ഇവൈ=(എന്നുള്ള) ഈ ഗുണങ്ങാം, നേമിയിനോർ =മുമ്പുള്ള ചക്രവത്തികാംക്ക്, നിൻറ=നിലനിന്നിരുന്നത്, പാതി=അരവാശി മാത്രമാണ്. (അങ്ങിനെയല്ലാതെ) മുഴുതും=ഓരോ ഗുണങ്ങളും പൂൎണ്ണമായി, ഇവർക്കേ=ഈ ചക്രവൎത്തിക്കുതന്നെയാണ്, പണികേട്പ്പ=ചൊല്ക്കീഴിലുള്ളവയായി (സ്വാധീനപ്പെട്ടു) ഇരുന്നത്.

ഭാ:—മേല്പറഞ്ഞ ഗുണങ്ങാം മററ രാജാക്കന്മാരിലും ചക്രവൎത്തികളിലും പൂൎണ്ണങ്ങളായിരുന്നില്ല ഇദ്ദേഹത്തിങ്കലാവട്ടെ എല്ലാ സൽഗുണങ്ങളും സമ്പൂർണ്ണങ്ങളാണ്. "അണ്ണോ" വിസ്മയാൎത്ഥകമായ അവ്യയം. വ.

170. മൊയ്യാർകലിശ്ശൂഴ്മുതുപാരിൻ മുകന്തുതാണ
കൈയ്യാർ പുണലാണയൈയാതണ കൈയുമില്ലൈ
മെയ്യാകിയവേതത്തുറൈ വേന്തരുക്കേയ്ന്തയാതും
ശെയ്യാതയാക മിവൻ ശെയ്തമറന്തമാതോ.

പ:—മൊയ്=(അലകാം) ബലമായടിക്കുന്ന, ആർകലിശ്ശൂഴ്=ആഴിയാൽ ചൂഴപ്പെട്ട, മുതുപാരില്=പുരാതനമായ ഭൂലോകത്തിൽ, മുകന്തു=മുക്കിയെടുത്തു, താണ കൈ ആർ=ദാനം ചെയ്യുന്ന കയ്യിലേന്തിയ, പുണലാല്=ധാര പകരുന്ന നീരിനാൽ, നണൈയാതണ=നനയാത്തതായ, കൈയ്യും ഇല്ലൈ=കൈകളുമില്ല; മെയ് ആകിയ=സത്യമായ, വേതത്തുറൈ=വേദങ്ങളിലോതിയ മാൎഗ്ഗങ്ങളെ അനുഗമിക്കുന്ന, വേന്തരുക്കു ഏയ്ന്ത=രാജാക്കന്മാൎക്കു യോഗ്യങ്ങളും, യാതും ശെയ്യാത=യാതൊരു രാജാക്കന്മാരാലും നടത്തി സമാപ്തി വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവയുമായ, യാകം=യാഗങ്ങാം ഇവൻശെയ്തു മാന്തം=ഇവൻ ചെയ്തു മറന്നിരിക്കയാണ്.

ഭാ:—പയോരാശിയാൽ ചൂഴപ്പെട്ട പുരാതനമായ ഇപ്പാരിടത്തിൽ ഈ മന്നവൻെറ ദാനോദകധാരകൊണ്ടു നനയാത്ത (ബ്രാഹ്മണരുടെ) കൈകളുമില്ല; വൈദികമതാനുയായികളായ വസുധാധിപന്മാരാൽ അനുഷ്ഠേയങ്ങളും യാതൊരു ഭൂപതിയാലും നടത്തിസ്സമാപ്തി വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവയുമായ യജ്ഞങ്ങളിൽ ഇവൻ ചെയ്യാത്തവയുമില്ല.

വി:—"ഈ വസ്തു ഞാൻ തിരികെ വാങ്ങുന്നതല്ല." എന്നു വാങ്ങുന്നവനെ അറിയിപ്പാനായി ദാനം ചെയ്യുന്നവൻ നീർ കൊടുക്കുന്നതു മുറയാണെല്ലോ. അതുകൊണ്ടു "നനൈയാത കൈയുമില്ലൈ" എന്നു പറഞ്ഞു. അശ്വമേധാദിയാഗങ്ങൾ ക്ഷത്രിയനു വിധിച്ചിട്ടുള്ളവയെന്നിരിക്കിലും എല്ലാവക്കും എല്ലാ യജ്ഞങ്ങളും നടത്തുവാൻ പ്രാപ്തിയുണ്ടായിരിക്കുന്നതല്ല. അതിമേധാവികൾക്കെ എല്ലാ യജ്ഞങ്ങളും നടത്തുവാൻ കഴികയുള്ളു. ഇവനോടു ദാനം വാങ്ങാത്ത ബ്രാഹ്മണനുമില്ല; ഇവൻ ചെയ്യാത്ത യജ്ഞവുമില്ലെന്നു സാരം. "മാതു ഓ." അവ്യയം. ന-.

171\. തായൊക്കുമൻ പിററവമൊക്കുനലം പയപ്പിൻ
ശേയൊക്കുമുന്നിൻെറാരു ശെല്കതിയുയ്ക്കു നീരാല്
നോയൊക്കുമെന്നിൻ മരുന്തൊക്കുനുണാങ്കുകേൾവി
ആയപ്പുകുങ്കാലറിവൊക്കുമെവക്കു മന്നാൻ.

പ:—അന്നാൻ=അങ്ങിനെയുള്ള അരചൻ, എവർക്കും=ഏവക്കും, അൻപിൻ=കരുണയാൽ, തായ് ഒക്കും=മാതാവിന്നു തുല്യനായിരിക്കും; നലം പയപ്പിൻ=നന്മചെയ്യുന്നതിൽ, തവം ഒക്കും=മുൻചെയ്ത തപസ്സിന്നു തുല്യനായിരിക്കും; മുൻനിൻറു=മുൻനില വഹിച്ചിരുന്ന്, ഒരു=സാമ്യമകന്ന, ശെല്കതി=ചെല്ലുവാൻ കഴിവുള്ള സൽഗതികളിൽ, ഉയ്ക്കും നീരാല്=ചെലുത്തുന്ന വിഷയത്തിൽ, ശേയ് ഒക്കും=പുത്രനു തുല്യനായിരിക്കും; നോയ് ഒക്കും എന്നിൻ=വ്യാധിയെപ്പോലെ പരോപദ്രവം ചെയ്യുന്നവൻെറ വിഷയത്തിൽ, മരുന്തു ഒക്കും=ഔഷധത്തെപ്പോലെ ദണ്ഡനം ചെയ്യും; നുണങ്കുകേൾവി=സൂക്ഷ്മമായ (ശാസ്ത്രീയ) പ്രശ്നങ്ങളെ; ആയപ്പുകുങ്കാല്=ആരാഞ്ഞുനോക്കുന്നതിൽ, അറിവു ഒക്കും=(അതിൻെറ ഗവേഷണം ചെയ്യുന്നവക്കു സന്ദേഹം തീത്തു സമാധാനം വരുത്തുന്നതിൽ) അറിവിന്നു തുല്യനായിരിക്കും.

ഭാ:—ഈ രാജാവു പ്രജാഭരണവിഷയത്തിൽ സമദൃഷ്ടിയോടുകൂടിയ കരുണകൊണ്ടു മാതാവിനെപ്പോലെയും, നന്മചെയ്യുന്നതിൽ പുരാതന പുണ്യംപോലെയും, മുൻനിന്നു വേണ്ടുന്ന അനുകൂലങ്ങൾ ചെയ്തു അവശ്യം ല

ഭിപ്പാൻ യോഗ്യങ്ങളായ സൽഗതികളെ പ്രാപിക്കുന്നതിൽ പുത്രനെപ്പോലെയും, വ്യാധിയെപ്പോലെ പരന്മാരെ ബാധിക്കുന്ന ദുർജ്ജനങ്ങളിൽ ഔഷധത്തെപ്പോലെ ഉഗ്രവീര്യനായും, ശാസ്ത്രീയങ്ങളും സൂക്ഷ്മങ്ങളുമായ സന്ദേഹങ്ങളെ നിവൎത്തിക്കുന്നതിൽ സർവ്വസന്ദേഹ നിരാകരണനിപുണമായ സാക്ഷാൽ ജ്ഞാനംതന്നെയായും ശോഭിച്ചു.

വി:—മാതാവിൽ കാണുന്നവിധം കരുണയുണ്ടാവുകയെന്നുള്ളത് ലോകത്തിൽ ഒരു ഉൽകൃഷ്ടഗുണമാകയാൽ "തായൊക്കുമമ്പിൻ" എന്നു ഈ കവിയിൽ ആദ്യമായുന്നെ പ്രയോഗിച്ചതാണ്. "അപുത്രസ്യ ഗതിൎന്നാസ്തി" എന്നു പറയപ്പെട്ടിരിക്കുന്നതിനാൽ "ശെയൊക്കും ശെല്കതി" എന്നു പ്രയോഗിച്ചിട്ടുള്ളതാണ്. ൪.

172. ഈയ്ന്തേ കടന്താണിരപ്പോർ കടലെണ്ണിലുണ്ണൂല്
ആയ്ന്തേ കടന്താണറിവെണ്ണമളക്കർ വാളാല്
കായ്ന്തേ കടന്താൻ പകൈവേലൈ കരുത്തുമററ
ത്തോയ്ന്തേ കടന്താൻറിരുവിറെറാടർപോക പൌവം.

പ:—(ആ നരപാലൻ) ഇരപ്പോർകടല്=യാചകന്മാരാകുന്ന കടലിനെ, ഈയ്ന്തേ കടന്താൻ=(അവർ ഇച്ഛിച്ച വസ്തുക്കളെ) കൊടുത്തുതന്നെ കടന്നു; അറിവു എണ്ണും അളക്കർ=അറിവാകുന്ന സമുദ്രത്തെ, എൺഇല്=കണക്കില്ലാത്ത, നൺനൂല്=സൂക്ഷ്മങ്ങളായ ശാസ്ത്രങ്ങളെ, ആയ്ന്തേ കടന്താൻ=ആരാഞ്ഞുകൊണ്ടുതന്നെ കടന്നു; പകൈ വേലൈ=വൈരികളാകുന്ന വാരിധിയെ, വാളാല്=ഖഡ്ഗത്താൽ, കായ്ന്തേ=കോപിച്ചുതന്നെ, കടന്താൻ=കടന്നു; തിരുവിൻ തൊടർ=സമ്പത്തിനാൽ തുടന്ന, പോകം പൌവം=ഭോഗങ്ങളാകുന്ന പയോധിയെ, കരുത്തുമററ=ഇഷ്ടംപോലെ, തോയ്ന്തേ=അനുഭവിച്ചുതന്നെ, കടന്താൻ=കടന്നു.

ഭാ:—യാചകന്മാരെ ഇനിയൊരിടത്തു ചെന്നു യാചിപ്പാനിടവരാത്തവണ്ണം ദാനംചെയ്തു സമ്പന്നന്മാരാക്കി. സാരമേറിയ അനേകം ശാസ്ത്രങ്ങളെ പഠിച്ചു പാരംഗതനായി. അനേകം ശത്രുക്കളെ തൻെറ കരവാളിന്നിരയാക്കി ജയം സമ്പാദിച്ചു. ഐശ്വര്യമൂലകങ്ങളായ സുഖഭോഗങ്ങളെ തൃപ്തിയാംവണ്ണം അനുഭവിച്ചു തീൎത്തു. ര.

വൃത്തം മാറി.

173. വെള്ളമും പറവൈയും വിലങ്ക്കും വേശിയർ
ഉള്ളമു മൊരുവഴിയോട നിൻറവൻ

തള്ളരു പെരുമ്പുകഴ്ത്തയരതപ്പെയർ
വള്ളല്വള്ളറൈയയിൻ മണ്ണർമണ്ണണേ.

പ:—വെള്ളമും=ആററവെള്ളവും, പറവൈയും=പക്ഷികളും, വില ലങ്കും=മൃഗങ്ങളും, വേശിയർ ഉള്ളമും=വേശ്യകളുടെ ഹൃദയവും, ഒരു വ ഴി ഓട=ഒരേവഴിക്കു ചെല്ലുന്നക്കവണ്ണം, നിൻറവൻ=നിലക്കുനിന്നു നാട്ടു വാണവൻ, (ആരെന്നാൽ) താം അരു=തള്ളരുതാത്ത, പെരുമ്പുകാം=അ തിയായ കീൎത്തിയോടുകൂടിയ, തയരതപ്പെയർ=ദശരഥനെന്ന പേരിനേ യും, വള്ളല്=പ്രഭുത്വത്തെയും, വാം=ചൎമ്മനിൎമ്മിതമായ, ഉറൈ=ഉറയിലി രിക്കുന്ന, അയില്=വേലായുധത്തേയും വഹിച്ചിരിക്കുന്ന, മണ്ണർ മണ്ണൻ= രാജരാജനാകുന്നു.

ഭാ:—ജലം പക്ഷി മൃഗം വേശ്യാഹൃദയമെന്നിവയെ സഹജമായ അമാർഗഭ്രമണത്തിന്നു വിടാതെ ഋജുഗാമികളാക്കിത്തീൎത്തു ധരിത്രീഭരണം നിർവ്വഹിച്ചവൻ പേരും പെരുമയും പുകഴ്ന്ന ദശരഥചക്രവൎത്തിയാകുന്നു.

വി:—ചക്രവൎത്തി നീതിമാർഗത്തെ അതിലംഘിക്കാതെ ആജ്ഞ ന ടത്തിവന്നതിനാൽ അതിവൃഷ്ടി അനാവൃഷ്ടിയെന്നീ ദോഷങ്ങാം കൂടാതെ മാസം മൂന്നു മഴവീതം പെയ്തു വെള്ളം ശരിയായി ഒരേവഴിക്കൊഴുകി. വെ ള്ളം ശരിക്കൊഴുകിയതിനാൽ ധാന്യവൎഗ്ഗം തൃണവർഗം മുതലായവ അ താതു ഭാഗങ്ങളിൽ കുറവുകൂടാതെ വളൎന്നു സുലഭമാവുകയും തന്നിമിത്തം പക്ഷികളും മൃഗങ്ങളും ഒരിക്കൽ ചെന്നേടത്തുതന്നെ പതിവായി ചെന്നു മേഞ്ഞുകൊണ്ടിരുന്നു. അഴിയാത്ത സമ്പത്തും കുഴയാത്ത കുടികളുമിയന്നു വി ലസുന്ന നഗരത്തേയും ഐശ്വൎയ്യശാലിയും ദാനശീലനുമായ നായകനേ യും ലഭിച്ചതിനാൽ വേശ്യകളുടെ ചിത്തം ധനത്തിലും ജനത്തിലും മോഹി ക്കാതെ സന്മാൎഗ്ഗത്തിൽതന്നെ വൎത്തിക്കുന്നതായിരുന്നു. സ്വം.

174. നേമിമാല് വരൈമതിലാക നീാംപുറ
പ്പാമമാ കടൈ കിടങ്കാക പൻ മണി
വാമമാളികൈ മലൈയാക മണ്ണർകു
പ്പൂമിയുമയോത്തിമാണകരം പോലുമേ.

പ:—മാല്=വലിയ, നേമിവരൈ=ചക്രവാളഗിരി, മതില്ആക= മതിലായും, നീാം=നീണ്ടു, പാമം=പരന്നുള്ള, മാ പുറക്കടല്=പെരുമ്പുറ ക്കടൽ, കിടങ്കു ആക=കിടങ്ങായും, മലൈ=ഇടയിലുള്ള മലകാം, പല് മണി=പലതരം രത്നങ്ങാം പതിച്ചു, വാമം=അഴകുള്ള, മാളികൈ ആക=

മാളികകളും, മണ്ണർകു=ദശരഥമഹാരാജാവിന്നു, പൂമിയും=ഈ ഭൂമിയും, അയോത്തിമാണകരംപോലും=അയോദ്ധ്യയെന്ന മഹാനഗരത്തിന്നു തുല്യ മായിരുന്നു.

ഭാ:—പുറക്കടലാകുന്ന കിടങ്ങോടും ചക്രവാളപർവ്വതമാകുന്ന പ്രാകാരത്തോടും ചക്രവാളത്തിന്നകത്തുള്ളപർവ്വതങ്ങളാകുന്ന മണിമേടകളോടും കൂടിയ ഈ ഭൂലോകം ദശരഥമഹാരാജാവിന്നു അയോദ്ധ്യാനഗരം പോലെ തന്നെയിരുന്നു. ഭൂലോകമെല്ലാം കീഴടക്കിവാണിരുന്നുവെന്നു സാരം. ൭.

175. ആവരും വൻമൈ നേരറിന്തു തീട്ടലാൻ
മേവരുങ്കൈയടൈ വേലും തേയുമാല്
കോവുടൈ നെടുമണിമകുട കോടിയാല്
ശേവടിയടൈന്ത പൊർകഴലുന്തേയുമാല്.

പ:—ആവർ വൻമൈയും=സകല വീരന്മാരുടെ ശക്തിയും, നേർ അറിന്തു=ശരിയായറിഞ്ഞു, തീട്ടലാല്=പ്രഹരിക്കയാൽ, മേവു അരു=അനന്യലഭ്യമായ, കൈ അടൈ വേലും=(ദശരഥമഹാരാജാവിൻെറ) കയ്യിൽനിന്നൊഴിയാത്ത വേലും, തേയും=തേയുന്നു; കോ ഉടൈ=(വന്നു വണങ്ങുന്ന അന്യ)രാജാക്കന്മാരുടെ, നെടുമണി=മഹിമയുള്ള നവരത്നഖചിതങ്ങളായ, മകുടകോടിയാൽ=കിരീടങ്ങളുടെ അഗ്രങ്ങളാൽ, ശേവടി അടൈന്ത=അവൻെറ പാദങ്ങളെ അണിഞ്ഞിരിക്കുന്ന, പൊൻകഴലും= പൊന്നുകൊണ്ടുണ്ടാക്കപ്പെട്ട വീരതണ്ടയും, തേയും=തേയുന്നു.

ഭാ:—താൻ നേരിടുന്ന സകല വീരന്മാരുടേയും ബലാബലങ്ങളറിഞ്ഞു ഓരോരുത്തരുടെയും നേരെ എത്ര മുറ പ്രയോഗിക്കണമോ അത്ര മുറ പ്രയോഗിച്ചു പരാജിതന്മാരാക്കുന്നതിനാൽ ഒരിക്കലും കൈവിടാതെ ധരിച്ചുകൊണ്ടിരിക്കുന്ന ദശരഥ ചക്രവർത്തിയുടെ വേലായുധം തേഞ്ഞുപോയിരുന്നു. തന്നാൽ കീഴടക്കപ്പെട്ട അനേകം വൈരിഭൂപാലന്മാർ വന്നു കാലിണ വണങ്ങുന്നതിനാൽ അവരുടെ കിരീടകോടികൾ (വജ്രാദി രത്നഖചിതങ്ങളായി മുനപ്പോട്ടുകൂടി എഴുന്നുനില്ക്കുന്ന വിഭാഗങ്ങൾ) മുട്ടിയുരസുകയാൽ അടിയിണയിലണിഞ്ഞിട്ടുള്ള സുവർണ്ണനിർമ്മിതങ്ങളായ വീരത്തണ്ടകളും തേഞ്ഞുകൊണ്ടിരുന്നു. വ്യ.

176. മണ്ണിടൈയുയിർതൊറും വളർന്തു തേയ്വിൻറി
തണ്ണിഴല് പരപ്പവുമിരുളൈത്തള്ളവും
അണ്ണറൻകുടൈമതിയമൈയുമാതലാല്
വിണ്ണിടൈമതിയിണൈമികൈയിതെണ്ണവേ.

പ:—മണ്ണിടൈ=ഭൂലോകത്തിലുള്ള, ഉയിർ തൊറം വളർന്തു=ജീവരാശിതോറം വ്യാപിച്ചു, തേയ്‌വു ഇൻറി=കുറവില്ലാതെ, തൺനിഴല്‌ പരപ്പവും=ശീതളച്ഛായ പരത്തുകയും, ഇരുളൈ തള്ളവും=(പാപമാകുന്ന) ഇരുളിനെ നീക്കുകയും ചെയ്യാൻ, അണ്ണല്‌തൻ കുടൈ=മഹാരാജാവിൻെറ മുത്തുക്കുടയാകുന്ന, മതി=ചന്ദ്രൻ, അമൈയും ആതലാല്‌=മതിയാകുന്നതുകൊണ്ടു്, വിണ്ണിടൈ മതിയിനൈ=ആകാശത്തിൽ കാണുന്ന ചന്ദ്രനെ, ഇതു=ഈ ചന്ദ്രൻ, മികൈ എണ്ണ=അധികമാണെന്നു (പ്രാജ്ഞന്മാർ) പറയും.

ഭാ:—ഭൂലോകത്തിലുള്ള സകല ജീവികളിലും തൻെറ അധികാരം പരത്തി ക്ഷയമൊന്നും പററാതെ അവക്കു് കുളർമയും സന്തോഷവും നൽകുന്ന തണലായി സന്മാൎഗ്ഗപ്രേരണംകൊണ്ടു മാനസികമായ തിമിരത്തെ അകററുന്ന ചക്രവൎത്തിയുടെ മുക്താമയമായ വെൺകൊററക്കുടയാകുന്ന ചന്ദ്രനിരിക്കെ ആകാശത്തിൽതന്നെ നിന്നു ബാഹ്യാന്ധകാരത്തെ മാത്രം നീക്കുന്നതും ക്ഷയത്തോടും കളങ്കത്തോടും കൂടിയതുമായ ആകാശത്തിലുള്ള ചന്ദ്രൻ ആവശ്യമില്ലാതെ മികവുള്ളതും ത്യാജ്യവുമാണെന്നു കാൎയ്യജ്ഞന്മാർ പറയും. ൯.

177. വയിരവാൻ പൂണണിമടങ്ങ്‌കൻ മൊയ്‌മ്പിനാൻ
ഉയിരെലാന്തന്നുയിരൊപ്പവോമ്‌പലാല്‌
ശെയിരിലാ വുലകിനിർചെൻറ നിൻറവാഴ്‌
ഉയിരെലാ മുറൈവതോരുടമ്‌പുമായിണാൻ.

പ:—വയിരം=വൈരം തൊട്ടുള്ള രത്നങ്ങളാൽ രചിക്കപ്പെട്ട, വാൻപൂൺ=മഹിതങ്ങളായ ഭൂഷണങ്ങളെ, അണി=അണിഞ്ഞ, മടങ്ങ്‌കല്‌ മൊയ്‌മ്പിണാൻ=സിംഹപരാക്രമിയായ ദശരഥമഹാരാജാവു്, ഉയിർ എലാം=(ലോകത്തിലുള്ള) ജീവികളെയെല്ലാം, തൻ ഉയിർ ഒപ്പ=തൻെറ പ്രാണനു തുല്യമായി (ഭാവിച്ചു), ഓമ്‌പലാല്‌=പരിപാലിച്ചു വരികയാൽ, ശെയിർ ഇലാ=ദോഷഹീനമായ, ഉലകിനില്‌=ഈ ലോകത്തിൽ, ശെൻറ നിൻറവാഴ്‌=ചരവും അചരവുമായിരിക്കുന്ന, ഉയിർ എലാം=ജീവരാശികളെല്ലാം, ഉറൈവതു=തങ്ങിയിരിക്കുന്നതായ, ഓർ=ഉപമാനമററ, ഉടമ്പും ആയിണാൻ=ശരീരവുമായിരുന്നു.

ഭാ:—നാനാമണിമയഭൂഷണഭൂഷിതകളേബരനും പഞ്ചാസ്യവിക്രമിയുമായ ദശരഥചക്രവൎത്തി ഭൂവാസികളെയെല്ലാം സ്വപ്രാണനിൎവ്വി

ശേഷമായ് നിനച്ചു കാത്തുരക്ഷിച്ചിരുന്നതിനാൽ നിർദ്ദോഷമായ്തീൎന്ന ഈ ലോകത്തിൽ വൎത്തിക്കുന്ന ചരാചരങ്ങളെല്ലാം തങ്ങിയിരിക്കുന്ന ഒരു അപൂൎവ്വശരീരം കൂടെയായിരുന്നു.

വി:—താൻ ക്ഷത്രിയനാകയാൽ ഈശ്വരകല്പിതമായ തന്റെ ആജ്ഞാചക്രത്തെ ഭയന്നു യാതൊരുത്തരും ദുഷ്കൎമ്മങ്ങൾ ചെയ്യാതിരിക്കയാൽ ലോകത്തിന്നു നിർദ്ദോഷത്വം ഭവിച്ചു. ഒരു ശരീരത്തിന്നു ഒരു ആത്മാവുണ്ടായിരിക്കുന്നതു സ്വാഭാവികമായിരിക്കെ ഈ രാജാവ് ലോകത്തിലുള്ള ജീവരാശികൾക്കെല്ലാം ഇരിപ്പിടമായിരിക്കുകയാൽ ഒരു അപൂൎവ്വമായ ശരീരവും കൂടെ ആയിത്തീൎന്നു. ജീവകാരുണ്യമുള്ളവനെന്നു സാരം. ൧൦.

178. കുൻറെന വുയരിയ കുവവുത്തോളിണാൻ
വെൻറിയ ന്തികിരിവെമ്പരിതിയാമെണ
ഒൻറണവുലകിടൈയുലാവി മീമിശൈ
നിൻറനിൻറയിർ തൊറനെടിതുകാക്കുമേ.

പ:—കുൻറ എണ ഉയരിയ=കുന്നുപോലെ ഉയൎന്ന, കുവവുത്തോളിണാൻ=പരുത്ത ഭുജങ്ങളോടുകൂടിയ ദശരഥമഹാരാജാവിന്റെ, വെൻറി അന്തികിരി=വിജയപ്രദവും ശോഭനവുമായ ആജ്ഞാചക്രം, വെം പരിതി ആം എണ=വിളങ്ങുന്ന സൂൎയ്യനെന്നപോലെ, ഒൻറ എണ=സാമ്യമില്ലാത്തതെന്നു പറയത്തക്കവണ്ണം, ഉലക ഇടൈ ഉലാവി=ലോകത്തിൽ മുഴുവൻ വ്യാപിച്ചും, മീമിശൈ നിൻറ നിൻറ=(സൎവ്വ രാജാക്കന്മാരുടെ) ഭരണത്തിന്നും മേലെ നിന്നുകൊണ്ടും, ഉയിർതൊറം=സകല ജീവികളേയും, നെടിതു കാക്കും=നല്ലപോലെ രക്ഷിച്ചുകൊണ്ടിരിക്കും.

ഭാ:—ദശരഥ ചക്രവൎത്തിയുടെ ആജ്ഞാശക്തി ആദിത്യനെപ്പോലെ ലോകമെങ്ങും വ്യാപിച്ചു സൎവ്വ പ്രാണികൾക്കും രക്ഷയായിരുന്നു. ൧൧.

179. എയ്യെണ വെഴപകൈയെങ്കുമിൻമൈയാല്
മൊയ്പ്പൊരുതിണ വുറമുഴവുത്തോളിണാൻ
വൈയകമുഴവതും വറിഞ്ഞണോമ്പുമോർ
ശെയ്യെണക്കാത്തി ണിതരശ്ശുശെയ്കിൻറാൻ.

പ:—എയ് എണ=എയ്യുക എന്നു ഘോഷിച്ചുകൊണ്ടു, എഴ പകൈ=തന്റെ നേരെ വരുന്ന വൈരികൾ, എങ്കും ഇൻമൈയാല്=എങ്ങും ഇല്ലായ്കയാൽ, മൊയ്=ബലമുള്ളതും, പൊരുതിണവു ഉറ=പോർ ചെ

യ്യാനുണ്ടാകുന്ന വെറിയോടു കൂടിയതും, മുഴവു തോളിനാൻ=മൃദംഗത്തിന്നു തുല്യവുമായ ഭുജങ്ങളോടുകൂടിയ ദശരഥമഹാരാജാവ്, വൈയകം മുഴവതും=ലോകത്തെ മുഴവനും, വറിഞ്ഞൻ=ദരിദ്രൻ; ഓമ്പും=നോക്കി രക്ഷിക്കുന്ന, ഓർ ശെയ്എണ=ഒരു ചെറിയ വയലിനെപ്പോലെ, ഇനിതു കാത്തു=ജാഗ്രതയോടെ കാത്തു രക്ഷിച്ചു, അരശു ശെയ്കിൻറാൻ=രാജ്യഭാരം നടത്തിവരുന്നു.

ഭാ:—ഒരു ദരിദ്രൻ തൻെറ ചെറിയ വയലിലേ വിളയെ കാലികൾ മുതലായവ വന്നുപദ്രവിക്കാതെ കാക്കുന്നതുപോലെ ഈ രാജാവു തന്നാലോ തൻെറ പരിജനത്താലോ മാത്രമല്ല ചോരന്മാരാലോ ശത്രുക്കളാലോ കൂടെ യാതൊരു ബാധയും നേരിടാത്തവിധം സകല ജീവരാശിയേയും കാത്തുവരുന്നു. ൧൨.

൫_ാമതായ അരശിയർപ്പടലം കഴിഞ്ഞു.

# ൯. തിരുവവതാരപ്പടലം.

180. ആയവനൊരു പകലയനൈയേനികർ
തൂയമാമുനിവരറെറാഴുതു തൊല്കുല
ത്തായരുന്തന്തൈയുന്തവമുമമ്പിനാല്
മേയവാൻ കടവുളും പിറവും വേറ നീ.

പ:—ആയവൻ=അങ്ങിനെയുള്ള ദശരഥമഹാരാജാവ്, ഒരു പകല്=ഒരു ദിവസം, അയനൈയേനികർ=ബ്രഹ്മദേവനുതന്നെ തുല്യനായി, തൂയ=പരിശുദ്ധനും, മാ=മഹിമാവോടുകൂടിയവനുമായ, മുനിവരൻ=മുനിശ്രേഷ്ഠനായ വസിഷ്ഠഭഗവാനെ, തൊഴുതു=വണങ്ങി, തൊല്=പഴമയുള്ള, കുലം=എൻെറ കുലത്തിലുണ്ടായ, തായരും=മാതാക്കന്മാരും, തന്തൈയും=പിതാവും, തവമും=തപസ്സും, അമ്പിനാല്മേയ=ഭക്തിയോഗത്തിനാൽ എങ്ങൾക്കു ലഭിച്ച, വാൻകടവുളും=ആദിമഹാദേവനും, പിറവും=മററഹിതകരങ്ങളായ വസ്തുക്കളും, വേറനീ=അവയിൽനിന്നെല്ലാം പരിച്ഛിന്നനായതും ഭവാൻതന്നെയാകുന്നു.

വി:—"ന മാതുർദ്ദൈവതം പരം" എന്നു സർവ്വോൽകൃഷ്ടമായ പൂജ്യതയും അനന്യസാധാരണമായ കാരുണ്യവായ്പും ഉള്ളതിനാൽ മാതാവിനെ ഒന്നാമതായും, പുരുഷാർത്ഥസിദ്ധിക്കു നിദാനമായ ശരീരോല്പത്തിക്കു മാതാവോടുകൂടിസ്സമവായികാരണമായ്നില്ക്കയാൽ പിതാവിനെ രണ്ടാമതായും, മാതാപിതാക്കന്മാരുടെ തപോവൈഭവംമൂലം സന്തതികൾക്കു തപപ്രാപ്തിയുണ്ടാകേണ്ടതാകയാൽ തപസ്സിനെ മൂന്നാമതായും, തപസ്സിനെ ആദരിച്ചു വൈകല്യംവരാതെ അനുഷ്ഠിക്കുന്നതായാൽ സർവ്വേശരൻ കൃപാവശനായി പ്രത്യക്ഷപ്പെടുന്നതാകയാൽ "അമ്പിനാല് മേയവാൻ കടവുൾ" എന്നതിനെ നാലാമതായും അനുക്രമത്തിൽ പറഞ്ഞിട്ടുള്ളതാണ്. അജമഹാരാജാവിന്നനേകം പത്നിമാരുള്ളതുകൊണ്ട് തൻെറ ജനനിക്കു തുല്യമായിട്ടുതന്നെ സപത്നീമാതാക്കന്മാരേയും ഗണിക്കുന്നവനാകയാൽ "തായർ" എന്നു ബഹുവചനപ്രയോഗം ചെയ്തിരിക്കുന്നു. 'തായർ' എന്നതു മുതൽ പിറവും എന്നതുവരെ അഞ്ചും ഓരോന്നായി വേർതിരിഞ്ഞിരിക്കുന്നവയാണ്. അവയെല്ലാംകൂടി ഒരു രൂപം കയ്ക്കൊണ്ടതുപോലെയിരിക്കുന്ന വസിഷ്ഠമുനി അവയിൽനിന്നു ഭിന്നനാണെന്നു കാണിപ്പാൻ 'വേറ നീ' എന്നു പ്രയോഗിച്ചു. ൧.

181\. എങ്ങ്കുലത്തലൈവർക ളിരവിതണ്ണിനും
തങ്ങ്കുലം വിളങ്ങ്കുറ ത്തരണി താങ്ങ്കിനാർ
മങ്ങ്കുണരില്ലെണ വരമ്പില്വൈയകം
ഇങ്ങ്കുണ തരുളിനാ ലിനിതിനോമ്പിനേൻ.

പ:—എങ്ങ്കുലത്തലൈവർകൾ=ഞങ്ങളുടെ വംശത്തിലുള്ള പ്രധാനപുരുഷന്മാർ, ഇരവി തണ്ണിനും=സൂൎയ്യനെക്കാളും (അധികമായി), തംകുലം വിളങ്ങ്കുറ=തങ്ങടെ കുലം വിളങ്ങുംവണ്ണം, തരണി താങ്ങ്കിനാർ=ധരണിയെ കാത്തു രക്ഷിച്ചു. (അവരിൽ) മങ്ങ്കുണർ ഇല്=ശോഭിക്കാത്തവരില്ല, എണ=എന്നു എല്ലാവരും പുകഴ്ത്തുംവണ്ണം, വരമ്പു ഇല്=അതിരില്ലാത്ത, വൈയകം=ലോകത്തെ, ഇങ്ങ്കു ഉണതു അരുളിനാല്=ഇക്കാലത്തും ഭവാൻെറ കൃപയാൽ, ഇനിതിൻ=ചൊവ്വോടെ, ഓമ്പിനേൻ=അടിയനും പാലിച്ചുവന്നു.

വി:—"ഭവാൻെറ കൃപയാൽ പാലിച്ചുവന്നു" എന്നതിനാൽ പത്തുദിക്കിലും രഥം നടത്തുവാൻ കഴിവുള്ള തൻെറ ബലപരാക്രമാദികളാലല്ല; അങ്ങയുടെ തപോബലത്താലാണ്; എന്നും "ഇക്കാലത്തും" എന്നതിനാൽ അങ്ങുന്നുതന്നെ ഗുരുവായിരുന്ന നമ്മുടെ പൂൎവ്വന്മാരുടെ കാലത്തും ഭവാൻെറ മഹിമകൊണ്ടു തന്നെയാണ് അവർ ഭൂഭാരം വഹിച്ചുവന്നത് എന്നും സൂചിപ്പിക്കുന്നു. ൨.

182\. അറുപതി നായിര മാണ്ടു മാണ്ടുറ
ഉറുപകൈ യൊടുക്കിയിവ്വുലകൈ യോമ്പിനേൻ
പിറിതൊരു കുറൈയിലൈ യെർപ്പിൻ വൈയകം
മറുകുറു മെമ്പതോർ മറുക്കമുണ്ടരോ.

പ: —അറുപതിനായിരമാണ്ടും=അറുപതിനായിരം വത്സരങ്ങളും, മാണ്ടുറ=കഴിഞ്ഞുപോകുംവണ്ണം, ഉറുപകൈ=ഏറിയ വൈരികളെ, ഒടുക്കി=ഹനിച്ചു, ഇ ഉലകൈ=ഈ ലോകത്തെ, ഓമ്പിനേൻ=ഞാൻ പാലിച്ചു. പിറിതു ഒരു കുറൈ ഇല്ലൈ=മററു യാതൊരു കുറവുമില്ല. എർപിൻ=എൻെറ പിൻകാലത്തിൽ, വൈയകം=ഈ ലോകം, മറുകു ഉറും എമ്പതു=ക്ഷോഭിച്ചു പോകുമെന്നുള്ളതായ, ഓർ മറുക്കം=ഒരു ക്ഷോഭം, ഉണ്ടു=എൻെറ മനസ്സിലുണ്ട്. ൩.

183\. അരുന്തവ മുനിവരു മന്തണാളരും
വരുന്തുതലിൻറിയേ വാഴ്വിൻ വൈകിനാർ

ഇരുന്തുയ രുഴക്കുനരെർപി ണെമ്പതോർ
അരുന്തുയർ വരുത്തുമെണ്ണകത്തെ യെൻറണൻ.

പ:—അരു=ചെയ്യാനരുതാത്ത, തവം=തപസ്സോടു കൂടിയ, മുനിവരും=മുനികളും, അന്തണാളരും=ബ്രാഹ്മണരും, വരുന്തുതല് ഇൻറിയേ=ദുഃഖമില്ലാതെ തന്നെ, വാഴ്‌വിൻ വൈകിനാർ=സുഖവൃത്തിയിൽ കഴിഞ്ഞുവന്നു. (അങ്ങിനെ കഴിഞ്ഞു വന്നവർ) എർപിൻ=എൻെറ പിൻകാലത്തിൽ, ഇരു തുയർ=പെരുത്ത ദുഃഖത്തിനാൽ, ഉഴക്കുനർ=ക്ഷുബ്ധന്മാരാകും; എമ്പതു ഓർ അരു തുയർ=എന്നുള്ള ഒരു അസഹ്യമായ അഴൽ, എൻ അകത്തെ=എൻെറ ഹൃദയത്തെ, വരുത്തും=വേദനിപ്പിക്കുന്നു, എൻറണൻ=എന്നുര ചെയ്തു. ൮.

184. മുരശറൈ ശെഴുങ്കടൈ മുത്തമാമുടി
അരശർ തങ്കോമക ണയൈയക്കൂറലും
വിരൈശെറി കമലമെൻ പൊകുട്ടു മേവിയ
വരശരോരുകൻമകൻ മണത്തിണെണ്ണിനാൻ.

പ:—മുരശു അറൈ=ഭേരിവാദ്യം മുഴങ്ങുന്ന, ശെഴുകടൈ=മനോഹരമായ മുററത്തോടുകൂടിയവനും, മുത്തം=മുത്തു മുതലായ രത്നങ്ങൾ പതിച്ച, മാ=മഹിമയുള്ള, മുടി=കിരീടത്തെ (ധരിച്ചവനുമായ), അരശർ തം കോമകൻ=രാജാധിരാജൻ ദശരഥചക്രവൎത്തി, അയൈയ കൂറലും=ആ വിധം പറഞ്ഞപ്പോൾ, വിരൈശെറി=മണമേറിയ, കമലം=താമരപ്പൂവിൻെറ, മെല് പൊകുട്ടു=മേന്മയുള്ള കൎണ്ണികയിൽ, മേവിണ=വസിക്കുന്ന, വരം=ശ്രേഷ്ഠനായ, ശരോരുകൻ മകൻ=പങ്കജോത്ഭവൻെറ പുത്രനായ വസിഷ്ഠമഹാമുനി, മണത്തിൻ എണ്ണിനാൻ=മനസ്സിൽ (ഇപ്രകാരം) ചിന്തിച്ചു. ൯.

185. അലൈകട ണടുവണോ രണന്തൻ മീമിശൈ
മലൈയെണ വിഴിതുയില് വളരുമാമുകില്
കൊലൈതൊഴി ലരക്കർ തങ്കൊടുമൈതീർപ്പെണെ
ൻറലൈവുറ മമരരു ക്കരൈത്ത വായ്മൈയൈ.

പ:—അലൈ=അലഞ്ഞുകൊണ്ടിരിക്കുന്ന, കടല്=ശ്രീപാൽകടലിൻെറ, നടുവൺ=നടുവിൽ, ഓർ=സാമ്യമില്ലാത്ത, അണന്തൻ മീമിശൈ=ആദിശേഷൻെറ മേൽ, മലൈ എണ=ഒരു നീലമലപോലെ, വിഴി തുയി

ല്‌വളരും=നിദ്രചെയ്തു മരുവുന്ന, മാമുകില്‌=മഹാമേഘത്തിന്നു തുല്യനായ ശ്രീമഹാവിഷ്ണു, കൊലൈത്തൊഴില്‌=(സാധുക്കളിൽ) ഹിംസാകർമ്മം ചെയ്യുന്ന, അരക്കർ തം കൊടുമൈ=രക്ഷസ്സുക്കളുടെ ക്രൂരകർമ്മം, തീർപ്പേൻ എൻറ=തീർത്തുകൊള്ളുന്നുണ്ടെന്നു, ഉലൈവു ഉറം=ദുഃഖം പൂണ്ടു മരുവുന്ന, അമരരുക്കു ഉരൈത്ത=ബ്രഹ്മരുദ്രാദിദേവന്മാരോടരുളിച്ചെയ്ത, വായ്മൈയൈ=വാക്കിനെ, "മണത്തിൻ എണ്ണിനാൻ" (എന്നു മുൻവൃത്തത്തോടന്വയിക്കേണം.) ൯

186. ചുടുതൊഴി ലരക്കരാററൊലൈന്തു വാനുളോർ
കടുവമർ കളണടി കലന്തു കുറലും
പടുപൊരു ളുണർന്ത വപ്പരമൻ യാമിനി
അടുവതില്ലെന മറുത്തവരൊടേകിനാൻ.

പ:—ചുടു=(പരന്മാരെ) തപിപ്പിക്കുന്ന, തൊഴില്‌=തൊഴിൽ ചെയ്യുന്ന, അരക്കരാൽ=(രാവണാദി) രാക്ഷസന്മാരാൽ, വാനുളോർ=സ്വർഗ്ഗവാസികൾ (ഇന്ദ്രാദി ദേവന്മാർ), തൊലൈന്തു=പരാജിതന്മാരായി, കടു അമർ കളൻ=വിഷമിയലും ഗളത്തോടുകൂടിയവൻെറ (ശിവൻെറ), അടി കലന്തു=തിരുവടികളെ പ്രാപിച്ചു, കുറലും=(തങ്ങടെ അരിഷ്ടങ്ങളെ) ഉണർത്തിച്ചപ്പോൾ, പടു പൊരുൾ ഉണർന്ത=പൂർവ്വവൃത്താന്തമറിഞ്ഞ, അപ്പരമൻ=ആ പരമപുരുഷൻ, ഇനി=ഇനിമേൽ, യാം അടുവതു ഇൽ എന= നാം അവരെ വധിക്കുന്നതില്ലെന്നു, മറുത്തു=തടുത്തു പറഞ്ഞ്, അവരോടു ഏകിനാൻ=അവരോടുകൂടെ പോയി.

വി:—"പടു പൊരുളുണർന്ത" എന്നത്—"ഒരിക്കൽ ദുർവ്വാസാവു മഹർഷി വിഷ്ണുഭഗവാനെ ദർശിപ്പാനായി വൈകുണ്ഠത്തിലേക്കു ചെന്നു. അവിടെ ദ്വാരപാലന്മാരായ ജയവിജയന്മാർ അദ്ദേഹത്തെ അകത്തു കടപ്പാനനുവദിക്കാതെ തടുത്തുനിർത്തി. വിഷ്ണു ഈ സംഭവമറിഞ്ഞു കോപിച്ച് അവരിരുപേരെയും ശപിച്ചു. മൂന്നു ജന്മം തൻെറ ശത്രുക്കളായി ഭൂമിയിൽ പിറന്നു തൻെറ കയ്യാൽ മൂന്നു വട്ടവും മരണം ലഭിച്ചതിന്നു ശേഷം മാത്രം വീണ്ടും അവർ വൈകുണ്ഠത്തിൽ പ്രവേശിപ്പാനർഹന്മാരായിതീരും എന്ന്" ഇതാണ്. ൧.

187. വടവരൈ കുടുമിയി നടുവൺ മാശറ
ത്തുടർമണി മണ്ടപ ത്തുണ്ണി നാൻമുക

കടവുളൈ യടിതൊഴ തമരകണ്ടകർ
ഇടിനികർ വിനൈയമ തിയമ്പി നാണരോ.

പ:—(അങ്ങിനെ പോയ ദേവന്മാർ) വടവരൈ=മേരുപർവ്വതത്തിന്റെ, കുടുമിയിൻ നടുവൺ=ശിഖരത്തിൻ മദ്ധ്യത്തിലുള്ള, മാശ്രു അറ=കളങ്കമററ, ശ്ശുടർ=പ്രകാശത്തോടുകൂടിയ, മണിമണ്ഡപം=രത്നമണ്ഡപത്തെ, തുണ്ണി=പ്രാപിച്ച്, നാൻമുകക്കടവുളൈ=ബ്രഹ്മദേവനെ, അടിതൊഴുതു=അടിവണങ്ങി, അമരകണ്ടകർ=അമരവൈരികളായ രാക്ഷസന്മാരുടെ, ഇടി നികർ=അശനിപാതത്തിന്നു തുല്യമായ, വിനൈയമതു=ക്രൂരകൎമ്മങ്ങളെ, ഇയമ്പിനാൻ=(ഉമാപതി) പറഞ്ഞു. വ്യ.

188. പാകശാതനൻററനൈ പാശത്താർ തടല്
മേകനാതൻ പുകുന്തിലങ്ങ്കൈ മേയനാൾ
പോകമ മലരുറൈ പുണിതൻ മീട്ടമൈ
തോകൈപാകർക്കുറ ച്ചൊല്ലിനാണരോ.

പ:—അടല് മേകനാതൻ=വിജയിയായ ഇന്ദ്രജിത്ത്, പാകശാതനൻററനൈ=ഇന്ദ്രനെ, പാശിത്തു ആർത്തു=പാശത്താൽ ബന്ധിച്ചു, ഇലങ്ങ്കൈ പുകുന്തുമേയനാൾ=ലങ്കയിൽ ചെന്നിരുന്ന കാലം, മീട്ടമൈ=(താൻ ചെന്നു) വീണ്ടുകൊണ്ടു വന്നതിനെ, തോകൈ പാകർകു=അർദ്ധനാരീശ്വരനോടു, പോകം ആം=സുഖവാസയോഗ്യമായ, മലർ ഉറൈ പുണിതൻ=താമരപ്പൂവിൽ വാസം ചെയ്യുന്ന ബ്രഹ്മദേവൻ, ഉറ ചൊല്ലിനാൻ=വിസ്തരിച്ചു പറഞ്ഞു.

ഭാ:—മുമ്പൊരിക്കൽ മേഘനാദൻ ഇന്ദ്രനെ ബന്ധിച്ചു ലങ്കയിൽ കൊണ്ടുചെന്നു വെച്ചപ്പോൾ താൻചെന്നു വിടുവിച്ചു കൊണ്ടുവന്ന വൃത്താന്തത്തെ ബ്രഹ്മാവു പരമേശ്വരനോടു വിസ്തരിച്ചു പറഞ്ഞു.

വി:—'അരോ' എന്നത് അശ്വ—ജനനസമയത്ത് മേഘത്തെപ്പോലെ നാദം പുറപ്പെടുവിച്ചതിനാൽ മേഘനാദനെന്ന പേർ സിദ്ധിച്ചു. തന്റെ ഇന്ദ്രപ്രത്യാനയനം ഒരു മഹൽകൃത്യമായ്ത്തീരുതിയതിനാൽ ബ്രഹ്മാവു പരമേശ്വരനോടു ആ സംഭവത്തെ വിസ്തരിച്ചു പറകയാണ്. ൻ.

189. ഇരുപതു കരന്തലൈ യീരൈന്തെണ്ണമ
ത്തിരുവിലി വലിക്കൊരു ശെയലിൻെറങ്കളാല്
കരുമുകിലെണ വളർ കരുണൈയങ്കടല്
പൊരുതിടർ തണിക്കില്ലുണ്ടെങ്കും പുണർപ്പിനാർ.

പ:—ഇരുപതു കരം=ഇരുപതു കൈകാം, ഈരൈന്തു തലൈ=ഈരഞ്ചു തലകാം, എണ്ണം=ഇവന്നുണ്ടെന്നു പറയത്തക്ക, അ തിരു ഇലി=ആ ശ്രീയില്ലാത്തവൻെറ (യഥാൎത്ഥജ്ഞാന ലക്ഷ്മീവിഹീനനായ രാവണൻെറ) വലിക്കു=ബലത്തെ അടക്കുന്നതിന്നു്, എങ്കളാല് ഒരു ശെയല് ഇൻറു=നോം ഇരുവരും ചെയ്യേണ്ടതൊന്നുമില്ല. കരുമുകില് എന=കാർമേഘം പോലെ, വളർ=പെരുകുന്ന, കരുണൈയങ്കടല്=കരുണാജലധിയായ ദേവൻ, പൊരുതു=അവനോടു പൊരുതി, ഇടർ=നമ്മുടെ സങ്കടത്തെ, തണിക്കിൻ=തീൎക്കുന്നതായാൽ, ഉണ്ടു=സുഖമുണ്ടു്, എണും=എന്നുള്ള, പുണർപ്പിനാല്=കരുതലോടു കൂടിയവരായ് (ഭവിച്ചു) ൧൦.

190. തിരൈകെഴ പയോതതി തുയിലും തൈവവാൻ
മരകത മലൈയിനൈ വഴത്തി നെഞ്ചിനാല്
കരകമലങ്കുവിത്തിരുന്ത കാലൈയില്
പരകതി യുണർന്തവർ ക്കുതവു പണ്ണവൻ.

പ:—(അപ്പോാം) തിരൈ കെഴ=തിരകളടിച്ചുകൊണ്ടിരിക്കുന്ന, പയോതതി=പയോദധിയിൽ, (പാൽക്കടലിൽ), തുയില്=യോഗനിദ്ര ചെയ്യുന്ന, തൈവം=ദിവ്യത്വമുള്ള, വാം=വലിയ, മരകത മലൈയിനൈ=മരതകമലക്കൊത്ത ശ്രീമന്നാരായണമൂൎത്തിയെ, നെഞ്ചിനാല് വഴത്തി=മനസ്സുകൊണ്ടു ധ്യാനിച്ചു്, കരകമലം കുവിത്തു=കരകമലങ്ങാം കൂപ്പി, ഇരുന്തകാലൈയില്=നിന്നപ്പോാം, ഉണർന്തവർക്കു=തന്നെയറിഞ്ഞ ഭക്തന്മാൎക്കു, പരകതി=പരമപദത്തെ, ഉതവു=കൊടുത്തരുളുന്ന, പണ്ണവൻ=(ആ) ദേവൻ,

വി:—"പരകതി .... പണ്ണവൻ" എന്നതിൽനിന്നു "പരമപദം തന്നരുളുന്ന പരമപുരുഷനോടു കേവലം കാമികമായ രാവണസംഹാരമെന്ന നിസ്സാരകാൎയ്യത്തെ പ്രാൎത്ഥിക്കുന്ന ബ്രഹ്മരുദ്രാദികളുടെ കിഴിഞ്ഞ നിലയെപ്പററി അനുശോചിക്കേണ്ടിയിരിക്കുന്നു." എന്നറിയേണ്ടതാണു്.

191. കരുമുകി റാമരൈ ക്കാടു പൂത്തുനീ
ടിരുശുട രിരുപുറ ത്തേന്തി യേടവിഴ്
തിരുവൊടും പൊലിയവോർശെമ്പൊർകുൻറിൻമേല്
വരുവപോർ കലുഴൻമേൽ വന്തു തോൻറിനാൻ.

പ:—കരുമുകില്=നീലമേഘം, താമരൈക്കാടു പൂത്തു=(തന്നിൽ) ചെന്താമരക്കൂട്ടം വിരിഞ്ഞു, നീടു ഇരുശുടർ=മഹത്തുക്കളായ രണ്ടു തേജ

സ്സുക്കളെ (ചന്ദ്രസൂൎയ്യന്മാരെ=ശംഖചക്രങ്ങളെ), ഇരുപുറത്തു ഏന്തി=ഇരു പാൎശ്വത്തിലും വഹിച്ചും, ഏട്ട അവിഴ്=ദളങ്ങറം വിരിഞ്ഞ (താമരപ്പൂവിൽ കുടികൊള്ളുന്ന) തിരുവോടും=ലക്ഷ്മീദേവിയോടും, പൊലിയ=വിളങ്ങുമാറു, ഓർശെമ്പൊർ കുൻറിൻമേല്=ഒരു ചെമ്പൊന്മലയിന്മേൽ വരുവപോല്=വരുന്നതുപോലെ, കലുഴൻമേല് വന്തു=ഗരുഡാരൂഢനായ്വന്നു, തോൻറിനാൻ=അവൎക്കു പ്രത്യക്ഷമായി.

വി:—വിഷ്ണുവിൻെറ ശരീരം നീലവൎണ്ണവും മുഖം, വായ, കൺ, കയ്യ്, കാൽ എന്നിവ രക്തവൎണ്ണവുമാകയാൽ "കരുമുകില് താമരൈക്കാടു പൂത്തതു" എന്നു പറഞ്ഞു. ഗരുഡൻ ചെമ്പൊൻ നിറമാകയാൽ "ചെമ്പൊൻ കുൻറു" എന്നു പറഞ്ഞു. മുഖാദ്യംഗങ്ങളുടെ ബഹുത്വം പ്രമാണിച്ചു "താമരൈക്കാടു" എന്നു പ്രയോഗിച്ചു. ഗരുഡനു വിഷ്ണുഭക്തോത്തമനെന്ന നിലയിൽ "പെരിയ തിരുവടി" എന്നു പേരുണ്ടു്. ൧൯൧.

192. എഴുന്തനർ കറൈമിടററിറൈയു ന്താമരൈ
ച്ചെഴുന്തവി ശുകന്തവ ത്തേവുഞ്ചെൻറതിർ
വിഴുന്തണ രടിമിശൈ വിണ്ണുളോരൊടും
തൊഴുന്തൊറു ന്തൊഴുന്തൊറുങ്കളിതുലങ്കുവാർ.

പ:—(ദേവൻ ആവിൎഭവിച്ചപ്പോറം) കറൈമിടററു ഇറൈയും=കാളകണ്ഠനായ ദേവനും, താമരൈ=താമരപ്പൂവാകുന്ന, ശെഴുതവിശുഉകന്ത=വിശാലമായ ആസനത്തിൽ ആസക്തനായ, അ തേവും=ആ ദേവനും, (ബ്രഹ്മദേവനും) എഴുന്തനർ=എഴുനേററു, എതിർശെൻറു=നേരെ ചെന്നു, വിണ്ണുളോരൊടും=ദേവന്മാരോടും, അടിമിശൈ=തിരുവടികളിൽ, വിഴുന്തനർ=വീണു നമസ്കരിച്ച്, തൊഴുന്തൊറും തൊഴുന്തൊറും=വീണ്ടും വീണ്ടും തൊഴുതു, കളിതുലങ്കുവാർ=ആനന്ദക്കളിയാടിക്കൊണ്ടിരുന്നു. ൧൯൨.

193. ആടിനർ പാടിന രങ്കുമിങ്കുമാ
ഓടിന രുവകൈമാ നറവുണ്ടോർകിലാർ
വീടിന രരക്കരെൻറുവക്കും വിമ്മലാല്
ശൂടിനർ മുറൈമുറൈ തുളവത്താൺമലർ.

പ:—അരക്കർ വീടിനാർ എൻറു=രാക്ഷസർ നശിച്ചുവെന്നു കരുതി, ഉവക്കും=സന്തോഷത്തിൻെറ, വിമ്മലാല്=പൂൎത്തിയാൽ, ഉവകൈആം=പരമാനന്ദമാകുന്ന, നറവുഉണ്ടു=മദ്യത്തെ പാനംചെയ്തു, ഓർകി

ലാർ=തങ്ങാം ചെയ്യുന്നതിന്നതെന്നോക്കാതെ, ആടിനാർ=ആടി, പാടിനാർ=പാടി, അങ്ങ്കുഇങ്ങ്കും ഓടിനാർ=അങ്ങുമിങ്ങും ഓടി, (അത്രയുമല്ല) മുറൈ മുറൈ=(ഗുരുലഘുത്വംപോലെ) മുറപ്രകാരം, തുളവം=തുളസിമാലയണിഞ്ഞ, താം=ശ്രീപാദങ്ങളാകുന്ന, മലർ=ചെന്താമരപ്പൂക്കളെ, ശൂടിനാർ=(തങ്ങടെ ശിരസ്സുകളിൽ) അണിഞ്ഞു. ൧൯൩.

194. പൊൻവരൈ യിഴിവതോർ പുയലിൻ പൊർപ്പുറ
എന്നൈയാളുടൈയവൻേറാണിൻെറമ്പിരാൻ
ശെന്നിവാൻറടവുമണ്ടപത്തു ച്ചേർന്തരി
തുന്നപൊർപീടമേർ പ്പൊലിന്തു തോൻറിണാൻ.

പ:—(ദേവകൾ ഇങ്ങിനെയിരിക്കെ) എമ്പിരാൻ=നമ്മുടെ സ്വാമി ശ്രീനാരായണമൂർത്തി, പൊൻവരൈ=ഹേമാദ്രിയുടെ മുകളിൽനിന്നും, ഇഴിവതു=ഇറങ്ങുന്നതായ, ഓർ=അനിർവ്വാച്യമായ, പുയലിൻ=മേഘത്തിൻെറ, പൊർപ്പുഉറ=ഭംഗി ചേരുംവണ്ണം, എന്നൈ ആളുടൈയവൻ=എന്നിനും ആളായിരിക്കുന്നവൻെറ (ഗരുഡഭഗവാൻെറ), തോംനിൻറ=കഴുത്തിന്മേൽനിന്നും, (ഇറങ്ങി) ശെന്നി=ശിഖരം, വാൻതടവും=പരമപദത്തിലെത്തുന്ന, മണ്ടപത്തു=മഹാമണ്ഡപത്തിൽ, ശേർന്തു=എഴുന്നെള്ളി, അരിതുന്ന=സിംഹത്തിൻെറ സ്കന്ധത്തിന്മേൽ വെച്ചിട്ടുള്ള, പൊൻപീടംമേല്=സ്വർണ്ണപീഠത്തിൻെറ ഉപരിഭാഗം, പൊലിന്തു തോൻറിണാൻ=വിളങ്ങുംവണ്ണം കുടികൊണ്ടു. "അരിതുന്ന പൊർപ്പീടമേല്" എന്നതിന്നു "സുവർണ്ണസിംഹാസനത്തിന്മേൽ" എന്നു ഭാവാർത്ഥം. ൧൯൪

195. വിതിയൊടു മുണിവരും വിണ്ണുളോർകളും
മതിവളർ ശടൈമുടി മഴവലാളനും
അതിശയ മുടനുവ നയലിരുന്തുഴി
കൊതികൊാം വേലരക്കർതങ്ങ്കൊടുമൈ കൂറിണാർ.

പ: —വിതിയൊടു=ബ്രഹ്മാവോടുകൂടിയ, മുണിവരും=മുനികളും, വിണ്ണുളോർകളും=ദേവന്മാരും, മതിവളർശടൈമുടി=ചന്ദ്രനെ ജടമുടിയിൽ ധരിച്ച, മഴവലാളനും=ശിവനും, അതിശയമുടൻ=ആശ്ചര്യത്തോടെ, ഉവന്തു=സന്തോഷിച്ചു, അയല് ഇരുന്തുഴി=അരികെ ഇരുന്നതിന്നുശേഷം, കൊതികൊാം=കോപം കലൎന്നിരിക്കുന്ന, വേല്=വേലോടുകൂടിയ, അരക്കർ=രാക്ഷസന്മാരുടെ, കൊടുമൈ=ക്രൂരകൃത്യങ്ങളെ, കൂറിണാർ=ക്രമത്തിൽ പറഞ്ഞു.

വി:—ബ്രഹ്മദേവനെ മുൽനിറുത്തിക്കൊണ്ടു പോയതിനാൽ അദ്ദേഹത്തിന്നു പ്രഭാവം നൽകുവാനായി "വിതിയൊടു" എന്നു പ്രയോഗിച്ചു വേർതിരിച്ചതാണ്. ഫന്ദ.

196. ഐയിരു തലൈയിണോ ണനുശ രാതിയാം
മെയ്‌വലി യരക്കരാല്‌വിണ്ണു മണ്ണുമേ
ശെയ്‌തവ മിഴന്തണ തിരുവിണായക
ഉയ്‌തില മില്ലൈയെൻറുയിർപ്പു വീങ്‌കിണാർ.

പ:—തിരുവിൻനായക=(ഐഹികപാരത്രിക) വിഭൂതികൾക്കു നാഥനായുള്ളോവേ, ഐയിരുതലൈയിണോൻ=ഈരഞ്ചു ശിരസ്സുകളുള്ള രാവണനും, അനുശർ=അവൻെറ അനുജന്മാരും, ആതി അം=ആദികാല മുതൽക്കേ, മെയ്‌വലി=ദേഹബലമുള്ള, അരക്കരാല്‌=രാക്ഷസരെക്കൊണ്ടു, വിണ്ണും മണ്ണും=സ്വൎഗ്ഗലോകവും ഭൂലോകവും (തദ്വാസികൾ), ശെയ്‌തവം=ചെയ്യേണ്ടതായ തപോനിയമങ്ങളെ, ഇഴന്തണ=ഇല്ലായ്മചെയ്യിച്ചു (ആയതിനാൽ) ഉയ്‌തിറം=ഇനി ഞങ്ങൾക്കു ജീവിക്കേണ്ടും മാൎഗ്ഗം, ഇല്ലൈ എൻറു=ഞങ്ങൾ കാണുന്നില്ലെന്നു തിരുവുള്ളത്തിലേററി, ഉയിർപ്പുവീങ്‌കിണാർ=നെടുവീൎപ്പിട്ടു. ഫ൭.

197. എങ്‌കണീൾ വരങ്‌കളാലരക്ക രെൻറുളാർ
പൊങ്‌കുമൂവുലകൈയും പുടൈത്തഴിത്തണർ
ശെങ്‌കണാ യകവിണി തീർത്ത ലില്ലൈയേൽ
നങ്‌കുവരുലകൈയോർ നൊടിയി ണെൻറണർ.

പ:—ശെങ്‌കൺ=ചെന്താമരക്കണ്ണനായ, നായക=നാഥ!, എങ്‌കൾ=ഞങ്ങളാൽ നൽകപ്പെട്ട, നീൾ വരങ്‌കളാല്‌=അരിയ വരബലങ്ങളാൽ, അരക്കരെൻറുളാർ=രാക്ഷസന്മാരെന്നു പറയപ്പെടുന്നവർ, പൊങ്‌കു=അഭിവൃദ്ധിയിൽ വരുന്ന, മൂവുലകൈയും=മൂന്നു ലോകങ്ങളേയും, പുടൈത്തു=ഹിംസിച്ചു, അഴിത്തണർ=നശിപ്പിച്ചുകളഞ്ഞു. ഇനി=മേലിൽ, തീർത്തല് ഇല്ലൈയേല്‌=അങ്ങുന്ന് അവരെ കൊന്നൊടുക്കുന്നില്ലെന്നുവരികിൽ, ഉലകൈ=ലോകങ്ങളെ, ഓർനൊടിയിൻ=ഒരു നിമിഷനേരംകൊണ്ടു, നങ്‌കുവർ=വിഴുങ്ങിക്കളയും. എൻറണർ=എന്നറിവിച്ചു.

വി:—ഇവർ ഇങ്ങിനെ അക്രമം ചെയ്യുമെന്നു കരുതാതെ ഞങ്ങൾ തന്നെ കൊടുത്ത വരപ്രഭാവത്താൽ അവർ ഞങ്ങളെ ദ്രോഹിക്കുന്നതുമൂലം ദുഃഖിക്കയാണെന്നു തങ്ങടെ ദോഷത്വം ഉണൎത്തിക്കുകയാണു ചെയ്തതു്.

നായകനാകയാൽ ഇവിടുന്നുതന്നെ അവരെ കൊന്നുകളയേണം. അങ്ങിനെ ചെയ്യാതിരുന്നാൽ അവരെ തടുത്തുനില്ലാൻ ഞങ്ങൾക്കോ ഞങ്ങളെപ്പോലുള്ളവക്കോ കെല്പില്ലായ്കയാൽ ലോകങ്ങളെ അവർ ക്ഷണനേരം കൊണ്ടു വിഴുങ്ങിക്കളയും എന്നു താല്പൎയ്യം. ൧൯൭.

198. എൻറണ രിടരുഴ ന്തിറൈഞ്ചി യേത്തലും
മൻറലർ തുളവിണാൻ വരുന്തല് വഞ്ചകർ
തന്തലൈയറുത്തിടർ തണിപ്പെൻറാരണി
ക്കൊൻറുനീർ കേൺമെണ വുരൈത്തൻ മേയിണാൻ.

പ:—എൻറണർ=എന്നു ശരണം പ്രാപിച്ചു, ഇടരുഴന്തു=ദുഃഖിച്ച്, ഇറൈഞ്ചി=വണങ്ങി, ഏത്തലും=സ്തുതിച്ച മാത്രത്തിൽ, മൻറ അലർ=സുഗന്ധം വീശുന്ന, തുളവിണാൻ=തൃത്തുളസിമാലയണിഞ്ഞ ഭഗവാൻ, (ആ ദേവന്മാരെ നോക്കി) വഞ്ചകർ തലൈയറുത്തു=വഞ്ചകന്മാരായ രാക്ഷസന്മാരുടെ തലയറുത്തു, താരണിക്കു=ധരണിക്കു (ഭൂവാസികൾക്കു), ഇടർ=(അവരാലുണ്ടായ) അഴലിനെ, തണിപ്പൻ=ശമിപ്പിക്കുന്നുണ്ട്, വരുന്തല്=സങ്കടപ്പെടാതിരിപ്പിൻ, (അങ്ങിനെ ഞാൻ ചെയ്യുന്നതായാലും) ഒൻറു=(നിങ്ങൾ ചെയ്യേണ്ടതായ) ഒരു കാൎയ്യത്തെ, നീർ=നിങ്ങൾ, കേൺമെണ=കേട്ടുകൊൾവിനെന്നു, ഉരൈത്തല് മേയിണാൻ=പറഞ്ഞുതുടങ്ങി. ൧൯൮.

199. വാണുളോ രണൈവരും വാണരങ്കളാ
കാണിണും വരൈയിണുങ് കടിതടത്തിണും
ശേണൈയോ ടവതരി ത്തിടുമിൻ ശെൻറണ
ആണണ മലർന്തണ ണരുളി ണാഴിയാൻ.

പ:—വാണുളോർ അണൈവരും=സ്വർല്ലോകവാസികളായ നിങ്ങളെല്ലാവരും, വാണരങ്കൾ ആ=വാനരങ്ങൾ ആയി, കാണിണും=കാട്ടിലും, വരൈയിണും=മലയിലും, കടി=വാസനയുള്ള, തടത്തിണും=താഴ്വരകളിലും, ശേണൈയോടു=നിങ്ങളുടെ സേനയോടുകൂടെ, ശെൻറു അവതരിത്തിടുമിൻ=ചെന്ന് അവതരിച്ചുകൊൾവിൻ, എണ=എന്നു, അരുളിൻ ആഴിയാൻ=കൃപാലുവായ ഭഗവാൻ, ആണണം മലർന്തണൻ=മുഖപ്രസാദംപൂണ്ടു (അരുളിച്ചെയ്തു). ൨൦.

200. മശരത മണൈയവർ വരമും വാഴ്വുമോർ
നിശരത കണൈകളാ നീറുശെയ്യു യാം
കശരത തുരകമാ ക്കടല്കൊൾ കാവലൻ
തശരതൻ മതലൈയാ വരുതുന്താരണി.

പ:—മശരതം=കാനൽജലംപോലെയിരിക്കുന്ന (അസത്യമായ), അ ഞൈയവർ വരമും വാഴ്വും=ആ രാക്ഷസന്മാർ സമ്പാദിച്ച വരങ്ങളും അതിനാൽ അഹങ്കാരത്തോടുകൂടിയ അവരുടെ വാഴ്ച്ചയും, ഓർ=അനിവ്വാച്യമായ, നിശം=സത്യമാകുന്ന, രതം=രസ (സാര) മിയന്ന, കണൈകളാല്=ബാണങ്ങളാൽ, നീവശെയ്യ=ഭസ്മീകരിപ്പാൻ, യാം=നാം, കശ രത തുരകം=ഗജരഥതുരഗമെന്ന ചതുരംഗങ്ങളാകുന്ന, മാക്കടല്കൊാം=മഹാബ്ധിയെ തൻെറ അധീനത്തിൽവെച്ചിരിക്കുന്ന, കാവലൻ=ചക്രവത്തിയായ, തശരതൻ മതലൈ ആ=ദശരഥമഹാരാജാവിന്നു പുത്രനായി, താരണി=ഭൂലോകത്തിൽ, വരുതും=നാംവന്നവതാരം ചെയ്യുന്നുണ്ട്    വ.ഥ.

201. വളൈയൊടു തികിരിയും വടവൈ തീതര
വിളൈതരു കടുവുടൈ വിരികൊാം പായലും
ഇളൈഞർക ളെണവടി പരവ വേകി നാം
വളൈമതി ലയോത്തിയില് വരുതു മെൻറണൻ.

പ:—വളൈയൊടുതികിരിയും=ശംഖചക്രങ്ങളും, വടവൈതീതര=ബഡവാഗ്നിയും ദഹിച്ചുപോകുംവണ്ണം, വിളൈതരു=ജ്വലിക്കുന്ന, കടുവുടൈ=വിഷത്തെ വഹിച്ചിരിക്കുന്ന, വിരികൊാം=വിശാലമായ, പായലും=(ആദിശേഷനാകുന്ന) മെത്തയും, ഇളൈഞർകാം എണ=സോദരന്മാരെന്നു (കാണികാം പറയത്തക്കവണ്ണം), അടിപരവ=പാദത്തെ സ്തുതിക്കുമാറ, നാം ഏകി=നാം ചെന്നു, വളൈമതില്=മതിൽച്ചുറേറാടുകൂടിയ, അയോത്തിയില്=അയോദ്ധ്യാപുരിയിൽ, വരുതും=അവതരിക്കും, എൻറണൻ=എന്നരുളിച്ചെയ്തു.

ഭാ:—ശംഖം ചക്രം ആദിശേഷൻ ഇവ മൂന്നും ഈ അവതാരത്തിൽ എൻെറ അനുജന്മാരാണെന്നു ജനങ്ങാംക്കു തോന്നത്തക്കവണ്ണം എൻെറ പാദസേവനം ചെയ്തു വാണുകൊള്ളുംവിധം ഞാൻ അയോദ്ധ്യാപുരിയിലവതരിക്കാം.    വവ.

202. എൻറവ നുരൈത്തപോ തെഴുന്തു തുള്ളിണാൻ
നൻറികൊൺ മങ്കല നാതം പാടിണാർ
മൻറലർ ശെഴുന്തുള വണിയു മായണാർ
ഇൻെറമൈ യളിത്തണ രെണ്ണു മേമ്പലാല്.

പ:—എൻറ അവൻ ഉരൈത്തപോതു=എന്ന് ആ പ്രഭു അരുാംചെയ്തപ്പോാം, മൻറഅലർ=മണം വീശുന്ന, ശെഴുന്തുളവു അണിയും=മനോ

ജ്ഞമായ തുളസിമാലയണിഞ്ഞ, മായനാർ=വിചിത്രശക്തികളോടുകൂടിയ സ്വാമി, ഇൻറു=ഇപ്പോഠം, എമ്മൈ അളിത്തനർ എണ്ണം=ഞങ്ങളെ രക്ഷിച്ചുവെന്നുള്ള, ഏമ്പലാല്=സന്തോഷത്താൽ, എഴുന്തുതുള്ളിനാർ=എഴുന്നേററു തുള്ളിച്ചാടി, നൻറികൊഠം=നല്ല അർത്ഥത്തോടുകൂടിയ, മങ്കലനാതം പാടിനാർ=മംഗളകീർത്തനങ്ങഠം പാടി. ൨൩.

വൃത്തം മാറി.

203. പോയതെമ്പാരുമലെണ്ണാ
    വിന്തിര നുവകൈ പൂത്താൻ
തൂയമാ മലരുള്ളോനു
    ഞ്ചുടർമതി ച്ചൂടിനോനും
ശേയുയർ വിച്ചുമ്പുള്ളോരു
    ന്തീർന്തതെ ഞ്ചിറുമൈയെൻറാർ
മായിരു ഞാലമുണ്ടോൻ
    കലുഴന്മേൽ ചരണം വൈത്താൻ.

പ:—(അപ്പോഠം) ഇന്തിരൻ=ഇന്ദ്രൻ, എമ്പാരുമല് പോയതുഎണ്ണാ=നമ്മുടെ സന്താപം തീൎന്നുപോയെന്നു, ഉവകൈപൂത്താൻ=ആമോദം പൂണ്ടു, തൂയ=പരിശുദ്ധമായ, മാ=മഹിമയിണങ്ങിയ, മലരുള്ളോനും=കമലാധിവാസനായ ബ്രഹ്മാവും, ശുടർമതി=കാന്തിമാനായ ചന്ദ്രനെ, ച്ചൂടിനോനും=അണിഞ്ഞിരിക്കുന്ന ശിവനും, ശേയ്ഉയർ=ഏററവുമുയൎന്ന, വിശുമ്പുഉള്ളോരും=സ്വൎഗ്ഗത്തിലുള്ള ദേവന്മാരും, എം ശിറുമൈ=ഞങ്ങളുടെ എളിമ, തീർന്തതു എൻറാർ=തീൎന്നുപോയി എന്നു പറഞ്ഞു, മാ ഇരു=ഏററവും വലിയ, ഞാലം=ലോകങ്ങളെ, ഉണ്ടോൻ=ഭുജിച്ചവനായ ശ്രീനാരായണൻ, കലുഴന്മേല്=ഗരുഡന്മേൽ, ചരണംവൈത്താൻ=പാദങ്ങളെ വെച്ചു.

വി:—സുഖഭോഗങ്ങഠംക്കു യോഗ്യമായിട്ടുള്ളതു സ്വൎഗ്ഗലോകംതന്നെയാകയാൽ യുദ്ധോദ്യുതന്മാരായ രാക്ഷസന്മാർ ആ ലോകത്തെ ലക്ഷ്യമാക്കിത്തന്നെ പുറപ്പെട്ടുമാറുള്ളതാകയാൽ ദേവേന്ദ്രൻ മററു ദേവന്മാരെയപേക്ഷിച്ചു മുമ്പിനാൽതന്നെ പരിതുഷ്ടനായതാണ്. "വഞ്ചകർ തൻറലൈയററിടർ തണിപ്പെൻ" എന്നുള്ള അരുളപ്പാടുകൊണ്ടു തങ്ങടെ താപശാന്തി ഭാവിയിലാണെന്നിരിക്കിലും ഭഗവദ്വാക്യം അന്യഥാ ഭവിക്കുന്നതല്ലായ്കയാൽ സാധിതപ്രായമാണെന്നുവെച്ചു "പോയതെമ്പൊരുമല്"

എന്നു ഭൂതകാലപ്രയോഗം ചെയ്തതാണ്. 'ഞാലം' എന്ന പദം ഉപലക്ഷണത്താൽ അഖിലാണ്ഡങ്ങളേക്കും ബാധകപ്പെടുന്നു. വര്.

204. എണ്ണെയാ ളുടൈയവൈയൻ
കലുഴൻമീതെഴുന്തുപോയ
പിന്നർവാണ വരൈനോക്കി
പിതാമകൻ പേശുകിൻറാൻ
മുന്നരേ യെൺകിൻവേന്തൻ
യാനെണമൊഴികിൻറാൻമ
റങ്ങവാ റെവരുനീർപോ
യവതരി ത്തിടുമിണെൻറാൻ.

പ:—എണ്ണൈ ആൾ ഉടൈയ=എന്നെ അടിമയാക്കി കയ്ക്കൊണ്ടിരിക്കുന്ന, ഐയൻ=ഭഗവാൻ, കലുഴൻമീതു="പരിയ തിരുവടി"യെന്ന ഗരുഡന്റെ കഴുത്തിൽ, എഴുന്തു=എഴുന്നെള്ളി, പോയ പിന്നർ=പോയതിൽപിന്നെ, പിതാമകൻ=ബ്രഹ്മദേവൻ, വാണവരൈ നോക്കി=ദേവന്മാരെ നോക്കി, പേശുകിൻറാൻ=പറയുന്നു. (എന്തെന്നാൽ) മുന്നരേ=മുമ്പേതന്നെ, എൺകിൻ വേന്തൻ=ഋക്ഷാധിപ (കരടിക്കരങ്ങുകളുടെ രാജാവ്) നായ ജാംബവാനായ്പ്പിറന്നവൻ, യാൻ എണ=ഞാൻ എന്നു, മൊഴികിൻറാൻ=അറിവിച്ചുംകൊണ്ട്, അങ്ങവാറ=അപ്രകാരം, നീരുംപോയ്=നിങ്ങളെല്ലാവരും പോയ്, അവതരിത്തിടുമിൻ=അവതരിപ്പിൻ, എൻറാൻ=എന്നു പറഞ്ഞു.

വി:—ആദിദേവൻ മറഞ്ഞരുളിയ ശേഷം അവിടെസ്സന്നിഹിതന്മാരായ ദേവന്മാരിൽ വെച്ചു താൻ മുമ്പനാകയാൽ പിതാമഹൻ ഇങ്ങിനെ പറയുവാനിടയായി. വ.ഭ.

205. തരുവുടൈ ക്കടവുൾ വേന്തൻ
ശാറുവാ ണെണതുക്രുറ
മരുവലർ ക്കശണിയെണ്ണ
വാലിയു മകണുമെണ്ണ
അരവിമ റെറണതുക്രുറ
ങ്കവർക്കിളൈയവണെൻറോത
അരിയു മറെറണ തുക്രുറ
നീലണെൻറ റൈന്തിട്ടാബാല്.

പ:—തരു ഉടൈ=കല്പവൃക്ഷങ്ങൾ തന്റെ അധീനത്തിലുള്ളവനായ,

കടവുാം വേന്തൻ=ദേവരാജൻ, മരുവലർക്കു=വൈരികളായ മലകാംകൾ, അശണി അണ്ണ=ഇടിക്കു തുല്യനായ, വാലിയും=ബാലിയും, മകനും=മകനായ അംഗദനും, എണതുക്കുറ എണ്ണാ=എൻെറ അംശമാണെന്നു, ശാററവാൻ=പറകയുണ്ടായി. ഇരവി=സൂൎയ്യൻ, എണതു കൂറ=എൻെറ അംശം, അങ്ക്കു=മേൽപറഞ്ഞ, അവർക്കു ഇളൈയവൻ=ആ ബാലിക്കു അനുജനായ സുഗ്രീവൻ, എൻറ ഓത=എന്നു പറഞ്ഞപ്പോാം, അരിയും=അഗ്നിദേവനും, എണതുക്കുറ=എൻെറ അംശം, നീലൻ എൻറ=നീലനാണെന്നു, അറൈന്തിട്ടാൻ=പറഞ്ഞു. "ആല്" അശ.

വി:—ബാലിയെ അശനിയാക്കിയതനുസരിച്ചു വൈരികളെ പൎവ്വതങ്ങളുമാക്കി അൎത്ഥകല്പനം ചെയ്തതാണ്. ഇടി തട്ടിയ മല രണ്ടായി പിളരുമ്പോലെ ബാലിയോടെതിരിടുന്ന രിപുവിൻെറ ബലവും രണ്ടായി പിരിഞ്ഞുപോകും. തന്നോടു നേരിടുന്ന വൈരിയുടെ ബലത്തിൽ പകുതി തന്നെച്ചേരുമെന്നു ബാലിക്കു ഒരു വരം ലഭിച്ചിട്ടുണ്ട്. അതിനാൽ അശനി പൎവ്വതത്തെ ഭേദിക്കുംപോലെ ബാലി എതിരിയുടെ ബലത്തേയും ഭേദിക്കുന്നു. വന്നു.

206. വായുമ റെറണതു ക്കുറ
മാരുതിയെണ ലുമറേറാർ
കായുമർ കടങ്ക്കളാകി
കാശിണിയതണിൻമീതു
പോയിട ത്തുണിന്തോമെൻറാർ
പുരാരിമ ററിയാണേവാത
ശേയെണപ്പുകൻറാൻ മറൈറ
ത്തിശൈയുളോർ ക്കവതിയുണ്ടോ.

പ:—വായു=വായുദേവൻ, എണതു കൂറ=എൻെറ അംശം, മാരുതി എണലും=മാരുതിയാണെന്നു പറഞ്ഞപ്പോഴെക്കും, മറേറാർ=മററുള്ളവർ, (ഞങ്ങാം) കായും=കോപമിയലുന്ന, മർകടങ്ക്കാം ആകി=വാനരങ്ങളായി, കാശിണിയിൻമീതു=ഭൂമിയിങ്കൽ, പോയിട=പോവാൻ, തുണിന്തോം=നിശ്ചയിച്ചു, എൻറാർ=എന്നു പറഞ്ഞു. പുരാരി=ശിവൻ, വാതശേയ്=വായുപുത്രനായത്, യാണേ എണ=ഞാൻ തന്നെയാണെന്നു, പുകൻറാൻ പറഞ്ഞു. മറൈറ തിശൈയുളോർക്കു=മററ ദിക്കിലുള്ളവക്ക്, അവതിയുണ്ടോ=അളവുണ്ടോ? മററ എന്ന രണ്ടും അശകാം.

വി:—"എണതുക്കുറ മാരുതി" എന്നു വായുദേവനും, "യാണേവാതശേയ്" എന്നു പുരാരിയും പറഞ്ഞതുകൊണ്ടു അവർ രണ്ടുപേരുടേയും

അംശഭൂതനാണ് ഹനൂമാൻ എന്നു കാണിക്കുന്നു. മററു ദേവന്മാർ ഓരോരുത്തരും രണ്ടും അധികവും പേരെ ഉല്പാദിപ്പിക്കയാൽ അവരുടെ അംശഭൂതന്മാർ ഓരോ ദിക്കുകളിലായി അസംഖ്യം പേരുണ്ട്. വ൭.

207. അരുടരു കമലക്കണ്ണ
ണരുൺ മുറൈ യലരുള്ളോനും
ഇരുടരു മിടററിണോനു
മമരരു മിണൈയരാകി
മരുടരു വനത്തിൻ മണ്ണിൻ
വാണര രാകിവന്താർ
പൊരുടരു മിറൈവർതത്ത
മുറൈവിട ഞ്ചെൻറു പുക്കാർ.

പ:—അരുൾ തരു=കൃപ നൽകുന്ന, കമലക്കണ്ണൻ=താമരക്കണ്ണനായ ശ്രീനാരായണൻ, അരുൾ=അരുളിച്ചെയ്ക, മുറൈ=മുറപോലെ, അലർ ഉള്ളോനും=താമരസാവാസനായ ബ്രഹ്മദേവനും, ഇരുൾ തരുമിടററിണോനും=കാളകണ്ഠനായ മഹാദേവനും, അമരരും=മററു ദേവന്മാരും, ഇണൈയർ ആകി=ഈവിധമുള്ളവരായി, മരുൾ തുരു=മദജനകമായ, വനത്തില്=കാട്ടിലും, മണ്ണിൻ=മററു ഭൂഭാഗത്തും, വാണരർ ആകി വന്താർ=വാനരരൂപധാരികളായ്വന്നു. പൊരുൾ തരും=ആശ്രിതന്മാർ ഇച്ഛിക്കുന്ന വസ്തുക്കളെക്കൊടുക്കുന്ന, ഇറൈവർ=ദേവശ്രേഷ്ഠന്മാരായ ബ്രഹ്മരുദ്രേന്ദ്രാദികൾ, തത്തം ഉറൈവിടം=അവരവരുടെ വാസസ്ഥാനങ്ങളിൽ, ശെൻറു പുക്കാർ=ചെന്നു ചേൎന്നു. വവ്വ.

208. ഈതു മുന്നികഴ്ന്തവണ്ണ
മെണ മുനിയിതയത്തെണ്ണി
മാതിരം പൊരുതതിണ്ടോൻ
മണ്ണനീ വരുന്തലേഴേഴ്
പൂതലമുഴുതുങ്കാക്കും
പൂതല് വരൈ യളിക്കും വേൾവി
തീ തറ മുയലിണൈയ
ശിന്തൈ നോയ് തീരുമെൻറാൻ.

പ:—ഈതു=ഇതാണ്, മുൻനികഴ്ന്തവണ്ണം=മുൻനടന്ന വിധം, എണ=എന്നു, മുനി=വസിഷ്ഠൻ, ഇതയത്തു എണ്ണി=ഹൃദയത്തിൽ നിന

ച്ചു, മാതിരം=മലയെ, പൊരുത=പ്രഹരിച്ച, തിൺ തോ൦=കനത്ത ഭുജങ്ങളോടുകൂടിയ, മണ്ണ!=നൃപതേ, നീ വരുന്തല്=നീ വ്യസനിക്കരുത്, ഏഴ്=സമൃദ്ധിയുള്ള, ഏഴ്പൂതലം മുഴതും=ഏഴു ഭൂമിയെ മുഴുവനും, കാക്കം=രക്ഷിപ്പാൻതക്ക, പുതല്വരൈ=പുത്രന്മാരെ, അളിക്കം=തരുവാൻ കഴിവുള്ള, വേ൦വി=(പുത്രകാമേഷ്ടി) യാഗത്തെ, തീതു അറ മുയലിൻ= ദോഷഹീനമാംവണ്ണം നടത്തിക്കഴിഞ്ഞാൽ, ഐയ!=ഹേ മന്നവ, ചിന്തൈ നോയ്=ചിന്തയാകുന്ന വ്യാധി, തീരും=നീങ്ങിപ്പോകും, എൻറാൻ= എന്നു പറഞ്ഞു.

വി:—"തീതറ" എന്നതിന്നു വിഘ്നംകൂടാതെയെന്നാണിവിടെ അൎത്ഥം. കൎമ്മത്തിന്നു തിയ്യതു വരിക എന്നുള്ളതു വിഘ്നംതന്നെ. നിൎവ്വിഘ്നപരിസമാപ്തി വന്ന കൎമ്മത്തിന്നേ ഫലമുള്ളൂ. ഈ യജ്ഞഫലരൂപമായ ഔഷധംകൊണ്ടേ ചിന്താജ്വരം ശമിക്കയുള്ളൂ. അതിനാൽ ആ യജ്ഞത്തിന്റെ നിൎവ്വിഘ്നപരിസമാപ്തിക്കായുദ്യമിക്കുക. വൻ.

209\. എണ്ണമാ മുനിവൻകൂറ
വെഴന്ത പേരുവകൈപൊങ്ക
മണ്ണവർ മണ്ണനന്ത
മാമുനി ശരണ ഞ്ചൂടി
ഉണ്ണൈയേ പുകല് പുക്കേറ്ക്കു
കുറകൺവ ന്തടൈവതുണ്ടോ
അണ്ണതർ കടിയേൻ ശെയ്യും
പണിയിനി തളിത്തിയെൻറാൻ.

പ:—എണ്ണ=എന്നു, മാമുനിവൻ=മഹിമകോലുന്ന വസിഷ്ഠമഹൎഷി, കൂറ=പറഞ്ഞപ്പോൾ (അതുകേട്ടു), മണ്ണവർ മണ്ണൻ=രാജരാജനായ ദശരഥമന്നവൻ, എഴന്ത=ഉൽഭൂതമായ, പേരുവകൈ പൊങ്ക=പരിതോഷം പെരുകിയതിനാൽ, അന്ത മാമുനി ശരണം=ആ മഹാമുനിയുടെ ചരണങ്ങളെ, ചൂടി=ശിരസാ വഹിച്ച്, ഉണ്ണൈയേ=ഭവാനെത്തന്നെ, പുകല് പുക്കേറ്ക്കു=ശരണം പ്രാപിച്ച അടിയന്നു, ഉറകൺ=ദുഃഖമെന്നുള്ളതു, വന്തു അടൈവതു ഉണ്ടോ=വന്നുചേരുകയെന്നുള്ളതുണ്ടാകുമോ (ഇല്ലായ്കയാൽ) അണ്ണതർകു=അങ്ങിനെയുള്ള യജ്ഞത്തിന്നായി, അടിയേൻ ശെയ്യും പണി=ഈയുള്ളവൻ ചെയ്യേണ്ടുന്ന കൃത്യം, ഇനിതു അളിത്തി എൻറാൻ= പ്രീതിപൂൎവ്വം അരുളിച്ചെയ്താലും എന്നുണൎത്തിച്ചു. നം.

അ:—ഋശ്യശൃംഗന്റെ ചരിത്രം.

210\. മാശറ്റ ശ്രുരർകളോട്ട
മററളോർ തമ്മെയ്യമീൻറ
കാശിപ ണരുള മൈന്തൻ
വിപാണ്ടകൻ കങ്ങ്കൈ ശ്രൂട്ടം
ഈശണും പുകഴ്തർകൊത്തോ
ണിരുങ്ങ്കലൈ പിറവുമെണ്ണിൽ
തേശ്ശുടൈ ത്തന്തൈയൊപ്പാ
ൻറിരുവരുഠം പുണൈന്തമൈന്തൻ.

പ:—മാശു അറ=കുററമററ, ശ്രുരർകളോട്ട മററളോർ തമ്മെയും= ദേവന്മാരോട്ടകൂടെ മററുള്ളവരെയും, ഈൻറ=ഉല്പാദിപ്പിച്ച, കാശിപൻ= കാശ്യപ പ്രജാപതി, അരുളം=ജനിപ്പിച്ച, മൈന്തൻ=പൌത്രനും, വിപാ ണ്ടകൻ=വൈഭണ്ഡകനും (വിഭണ്ഡകന്റെ പുത്രനും), കങ്ങ്കൈ ശ്രൂട്ടം= ഗംഗയെദ്ധരിച്ച, ഈശണും=ശിവനും, പുകഴ്തർകു ഒത്തോൻ=പുകഴത്ത ക്കവനും, ഇരു കലൈ=മഹിമയുള്ള കലകളിലും (വേദവേദാംഗങ്ങളിലും), പിറവും=മററുള്ളവയിലും, എണ്ണിൻ=ചിന്തിച്ചുനോക്കുന്നതായാൽ, തേശു ഉടൈ=തേജസ്സോട്ടകൂടിയ, തന്തൈ ഒപ്പാൻ=പിതാവിന്നു തുല്യനും, തിരു വരുഠം പുണൈന്ത മൈന്തൻ=ഭഗവല്ലാരുണ്യം ലഭിച്ചതിനാൽ ശക്തിപൂ ണ്ടവനും.

വി:— "മണ്ണിനിർ ച്ചിറന്തു വാഴമമ്പതൈത്തൊകുതി തണ്ണി
ണെണ്ണിനിർ ച്ചിറന്തോരൻേറാവിയക്കരവ്വിയക്കർ തമ്മിൻ
വിണ്ണവർ ശിറന്തോരൻേറാ......................."

എന്നുള്ള അനുക്രമത്തിൽ ദേവത്വം ഉൽകൃഷ്ടജന്മമാകയാൽ "മാശറ ശ്രു രർ" എന്നും, സൎവ്വേശ്വരന്റെ ശ്രീപാദതീൎത്ഥധാരണത്താലുണ്ടായ മാഹാ ത്മ്യം മൂലം ഈശത്വം ലഭിച്ചതാകയാൽ "കങ്ങ്കൈ ശ്രൂട്ട മീശൻ" എ ന്നും പ്രയോഗിച്ചതാന്ന്. ഈശൻ=ഐശ്വൎയ്യസമ്പന്നൻ.

"അണിമാ മഹിമാ ചൈവ
ഗരിമാ ലഘിമാ തഥാ
ഈശിത്വംച വശിത്വംച
പ്രാപ്തിഃ പ്രാകാശ്യമേവ ,ച." ഇവ അഷ്ടൈശ്വൎയ്യങ്ങൾ. നൃം.

211\. വതുകലൈ പിറവു നീതി
മരുനെറി വരമ്പിൽവായ്മൈ

തരുകലൈ മറൈയുമെണ്ണിർ
ചതുമുകർ കുവമൈശാൻേറാൻ
തിരുകലൈ യുടൈയവിന്ത
ച്ചെകത്തുളോർ തൻമൈതേരാ
ഒരു കലൈ മുകച്ചിരുങ്ക
മുയർതവൻ വരുതല്വേണ്ടും.

പ: --വരുകലൈപിറവും=വഴങ്ങിവരുന്ന മററന്യകലകളിലും, നീതി=നീതിയിലും, മണുനെറി=മാനവധർമ്മശാസ്ത്രാനുകരണത്തിലും, വരമ്പു ഇല്വായ്മെതരു=അളവററ സാരാർത്ഥങ്ങളെ പ്രതിപാദിക്കുന്ന, കലൈ= വിഭാഗങ്ങളോടുകൂടിയ, മറൈയും=വേദങ്ങളിലും, എണ്ണിൻ=ചിന്തിച്ചു നോക്കുമ്പോൾ, ശതുമുകർകുഉവമൈ ശാൻേറാൻ=ചതുർമ്മുഖനു പൂർണ്ണമായ സാദൃശ്യം സിദ്ധിച്ചവനും, തിരുകുഅലൈ ഉടൈയ=മാറി മാറി വന്നുകൊണ്ടിരിക്കുന്ന അലകളോടുകൂടിയ, ഇന്ത ശെകത്തു ഉ:ളാർതൻ മൈ=ഈ ഭൂലോകത്തിൽ വാഴുന്നവരുടെ (സ്ത്രീ പുരുഷ) സ്വഭാവത്തെ, തേരാ=അറിയാത്തവനും, ഒരു കലൈമുകം ശിരുങ്കം=ഒരു കൊമ്പുള്ള മാനിൻെറ മുഖത്തോടുകൂടിയവനുമായ, ഉയർതവൻ=ഉൽകൃഷ്ട തപോമഹിമയുള്ളവൻ, വരുതല് വേണ്ടും=വരേണ്ടതാണ്.

വി:—കലൈ=മാൻ, കോട്ടു=കൊമ്പ്, കലൈക്കോട്ടുമുനി=ഋശ്യശൃംഗമഹർഷി. ഋശ്യം=ഒരു ജാതി മാൻ, ശൃംഗം=കൊമ്പ്. ന. വ.

212. പാന്തളിൻ മകുടകോടി
പരിത്തപാ രതിനില് വൈകും
മാന്തർകൾ വിലങ്ങ്കൻറുണ്ണം
മണത്തൻമാ തവത്തണെണ്ണില്
പൂന്തറി ശ്രുകന്തുളോരും
പുരാരിയും പുകഴ്തർകൊത്ത
ശാന്തണാല്വേൾവി മുററി
ററണൈയർക ളുളരാമെൻറാൻ.

പ:—പാന്തളിൻ=(ആദിശേഷനെന്ന) സർപ്പത്തിൻെറ, മകുടകോടി=മൌലികളുടെ അഗ്രങ്ങളാൽ, പരിത്ത=ഭരിക്കപ്പെട്ട, പാരില് വൈകും= ഭൂതലത്തിൽ വാസം ചെയ്യുന്ന, മാന്തർകൾ=മനുഷ്യരെ, വിലങ്കു എൻറ ഉണ്ണം=തിര്യക്കുകൾ (മൃഗങ്ങൾ) എന്നു നിനക്കുന്ന, മണത്തൻ=മന്ന

സ്തോട്ടക്കൂടിയവനും, മാതവത്തൻ=മഹാതപസ്വിയും, എണ്ണിൻ=വിചാരിച്ചുനോക്കുമ്പോൾ, പൂതവിത്തു ഉകന്തുളോൺ=പത്മാസനം പൂണ്ട ബ്രഹ്മദേവനും, പുരാരിയും=പരമശിവനും, പുകഴ്തർക്കു ഒത്ത=പുകഴ്ത്തുവാൻ തക്ക, ശാന്തണാല്=ശാന്തശീലനായ അവനാൽ, വേൾവിമുററിൻ=യജ്ഞം നിറവേററിയാൽ, തണൈയർകൾ ഉളർ ആം=പുത്രന്മാർ ജാതരാകും, എൻറാൻ=എന്നരുൾ ചെയ്തു. ൬൬.

**213.** ആങ്ങ്കുരൈ യിണൈയക്കുര
മരുന്തവർ ക്കരശൻശെയ്യ
പൂങ്ങ്കഴ റെറാഴുതു വാഴ്ത്തി
പ്പൂതലമണ്ണർമണ്ണൻ
തീങ്ങ്കറുകുണത്താൻമിക്ക
ശെഴന്തവൻ യാണ്ടെയുള്ളാൻ
ഈങ്ങ്കിയാൻ പുരിയുന്തൻമൈ
യരുളുതി യിറൈവ വെൻറാൻ.

പ:—ആങ്ങ്കു=അപ്പോൾ, ഇണൈയ ഉരൈക്കുരം=ഈ വിധമുള്ള വചനങ്ങളെ ഉരചെയ്യുന്ന, അരുതവർക്കു അരശൻ=മഹാതപസ്വികളില ഗ്രഗണ്യനായ വസിഷ്ഠമുനിയുടെ, പൂകഴല്=പാദപത്മങ്ങളെ, പൂതലം മണ്ണർമണ്ണൻ=ഭൂതലത്തിലുള്ള മന്നവന്മാൎക്കെല്ലാം മന്നവനായ ദശരഥൻ, തൊഴുതുവാഴ്ത്തി=വണങ്ങി സ്തുതിച്ചു, തീങ്ങ്കു അറു=ദോഷമകന്ന, കുണത്താല് മിക്ക=സൽഗ്ഗുണങ്ങളാൽ പുകൾപെററ, ശെഴതവൻ=തപോവൃദ്ധനായ ആ ഋശ്യശൃംഗൻ, യാണ്ടു ഉളാൻ=എവിടെയിരിക്കുന്നാളാണ്, ഈങ്ങ്കു=ഇവിടെ, യാൻപുരിയും തൻമൈ=എന്നാൽ ചെയ്യപ്പെടേണ്ടുന്ന കാൎയ്യം, ഇറൈവ=സ്വാമിൻ!, അരുളുതി=നിശ്ചയിച്ചരുൾ ചെയ്യേണമേ, എൻറാൻ=എന്നറിയിച്ചു.

വി:—"തീങ്ങ്കറുകുണത്താൻ മിക്കശെഴന്തവൻ" എന്നു പറഞ്ഞതുകൊണ്ടു "കാമാദിദോഷങ്ങൾ നീങ്ങിയവൎക്കേ തപസ്സു ഫലിക്കയുള്ളു." എന്നു സാധിച്ചിരിക്കുന്നു. ൬൭.

വൃത്തം മാറി.

**214.** പുത്താണകൊട്ടവിണൈയോ ടരുന്തുയരം
പോയൊളിപ്പ പ്പുവണംതാങ്ങ്കും
ശത്താണകുണമുടൈയോൻറയെയിണോട്ട
ന്തണ്ണുളിയിൻ ശാലൈപോല്വാൻ.

എത്താണും വെലർകരിയാൻ മണുകുലത്തേ
വന്തുതിത്തോണിലങ്ങ്കുമൌലി
ഉത്താണപാതനരുഠം രോമപതണെ
ൻറുളണിവ്വലകൈയാഠംവാൻ.

പ:—(അപ്പോഠം വസിഷ്ടമുനി പറഞ്ഞുതുടങ്ങി) പുവണം താങ്കും=ലോകത്തെ രക്ഷിക്കുന്ന, ശത്താണക്കുണം ഉടൈയോൻ=സത്തായ ഗുണമിണങ്ങിയവനും, തയ്യൈയോടും തണ്ണളിയിൻ=ദയക്കും സ്നേഹത്തിനും, ശാലൈ പോല്വാൻ=ഇരിപ്പിടംപോലിരിക്കുന്നവനും, എത്താണും വേലർകു ആരിയാൻ=ശത്രുക്കഠം പ്രയോഗിക്കുന്ന ഏതുപായത്താലും ജയിക്കപ്പെട്ടുവാനരുതാത്തവനും, മണകുലത്തുവന്തുഉതിത്തോൻ=മനുകുലത്തിൽ വന്നു പിറന്നവനും ആയ, ഇലങ്കും=ഒളി തിരളുന്ന, മൌളി=കിരീടത്തെയണിഞ്ഞ, ഉത്താണപാതൻ=ഉത്താനപാദനെന്ന രാജാവ്, പുത്താണ കൊടുവിണൈയോടു=(പരത്തിൽ) പുത്ത് എന്ന കൊടുതായ നരകത്തോടുകൂടെത്തന്നെ, അരുതുയരം=(ഇഹത്തിൽ) അസഹ്യങ്ങളായ ദുഃഖങ്ങളും, പോയ്ഒളിപ്പ=നീങ്ങി മറഞ്ഞുപോകത്തക്കവണ്ണം, അരുഠം=ഉല്പാദിപ്പിച്ചരുളിയ, രോമപാതൻ എൻറ=ലോമപാദൻ എന്നു പ്രസിദ്ധനായ, ഇവ്വലകൈയാഠംവാൻ=ഈ ലോകത്തെ കാത്തു വാഴുന്ന ഒരു രാജാവ്, ഉളൻ=ഇരിക്കുന്നുണ്ട്.

ഭാ:—ഉത്താനപാദൻ ഇഹത്തിൽ അസഹ്യങ്ങളായ ദുഃഖങ്ങളേയും പരത്തിൽപുത്തെന്ന നരകത്തേയും (തന്നെ ബാധിക്കാതെ) ഒഴിപ്പാൻ തക്ക സാധനമായ ലോമപാദനെന്ന പുത്രനെ ഉല്പാദിപ്പിച്ചു.

"പുന്നാമമാകും നരകത്തിൽ നിന്നുടൻ
തന്നുടെ താതനെ ത്രാണനം ചെയ്കയാൽ
പുത്രനെന്നുള്ള ശബ്ദം വിധിച്ചുശത
പത്രസമുത്ഭവൻ......................"

ഉത്താനപാദൻ ലോമപാദനെന്ന പുത്രനെ ലഭിക്കയാൽ "അപുത്രസ്യഗതിൻ്നാസ്തി" എന്ന വിധിപ്രകാരം പുത്തെന്ന നരകശിക്ഷയിൽ നിന്നു വിമുക്തനായി. പുതം=പുത്തെന്ന നരകത്തെ, രാതി=അകറവന്നു, എന്നതിനാൽ. പുത്രൻ_പുമ:_പും എന്ന നരകത്തിൽ നിന്നു, ത്രായതെ_(പിതാവിനെ) രക്ഷിക്കുന്നു. എന്നതിനാൽ. പുത്രൻ_ഇങ്ങിനെ ഉപപത്തിഭേദം കാണുന്നുണ്ട്.

215. അണ്ണവൻറാൻ പുരന്തളിക്കു ന്തിരുനാട്ടി
ണെടുകാല മളവതാക
മിണ്ണിയെഴ മുകിലിൻറിവെന്തുയരം
പെരുകുതല്യം വേതണ്ണല്
മണ്ണമുണിവരൈയഴൈത്തു മാതാണം
കൊടുക്കിണുംവാൻ വഴങ്ങ്കാതാക
പ്പിണ്ണമുണിവർക്കേൾപ്പ ക്കലൈക്കോട്ടു
മുണിവരിൻ വാൻപിലിററമെൻറാർ.

പ:—അണ്ണവൻ=ആ നൃപൻ, പുരന്തു അളിക്കും=കാത്തു രക്ഷിക്കുന്ന, തിരുനാട്ടിൽ=മനോഹരമായ ദേശത്തിൽ, നെടുകാലം അളവതാക_ബഹുകാലംവരെക്കും, മിണ്ണി എഴും=മിന്നിക്കൊണ്ടിരിക്കുന്ന, മുകില് ഇൻറി=മേഘങ്ങളുടെ വരവില്ലാതെ, വെം ഉയരം പെരുകുതലും=കഠിനമായ താപം വദ്ധിക്കുകയും, വേതം വണ്ണല് മണ്ണം=വേദങ്ങളും മുഖ്യങ്ങളായ ശാസ്ത്രങ്ങളും പഠിച്ചുണന്നിരിക്കുന്ന, മുണിവരൈ=മുനിശ്രേഷ്ഠന്മാരെ, അഴൈത്തു=വരുത്തി, മാതാണം കൊടുക്കിണം=വിശിഷ്ടദാനങ്ങൾ കൊടുത്തിട്ടും, വാൻ വഴങ്ങ്കാതാക=മേഘങ്ങൾ മഴ പൊഴിക്കാതെ വരികയാൽ, പിണ്ണം=പിന്നെയും, മുണിവർക്കേൾപ്പ=മുനിവരന്മാരോടു ചോദിച്ചപ്പോൾ, (അവർ) കലൈക്കോട്ടു മുണിവരിൻ=ഋശ്യശൃംഗമഹഷി വന്നാൽ, വാൻ പിലിററം എൻറാർ=മേഘങ്ങൾ വഷിക്കുമെന്നു പറഞ്ഞു. (പിലിററം_തുളിക്കും_തുള്ളിവീഴ്ത്തും.) ന_ന്യ.

216. ഓതനെടുങ്ങ്കടലാടൈ യുലകിണില്വാഴ്
മണിതർ വിലങ്ങ്കെണവേയുണ്ണും
കോതില്കുണത്തരുന്തവണൈക്കൊണരുംവകൈ
യാവതെണ ക്കുണിക്കും വേലൈ
ശോതിനതർക്കരുനെടുങ്ങ്കട്ടുവരിതഴ്വായ്
ത്തരളന്ദകൈത്തുണൈമെൻകൊങ്ങ്കൈ
മാതരെഴന്തിയാമേകി യരുന്തവണൈ
ക്കൊണർത്തുമെണവണക്കം ശെയ്താർ.

പ:—(മുനികളങ്ങിനെ മൊഴിഞ്ഞപ്പോൾ) ഓതം=അലകളോടുകൂടിയ, നെടു കടല്=നെടുതായ കടലാകുന്ന, ആടൈ=വസ്നത്തെ ചുററീയ, ഉലകിണില്=ഭൂമിയിൽ, വാഴ്=നിവസിക്കുന്ന, മണിതർ=മനുഷ്യർ, വ

ലങ്ക് എണവേ ഉണ്ണം=മൃഗങ്ങളെന്നുതന്നെ നിനക്കുന്ന, കോതു ഇല് ക ണത്തു=കുററമററ ഗുണങ്ങളോടുകൂടിയ, അരു തവനൈ=അത്ഭുതമായ തപ സ്സോടുകൂടിയ ഋശ്യശൃംഗനെ, കൊണരും വകൈ യാതു എണ=കൊണ്ടുവ രുന്നപ്രകാരം ഏതെന്നു, കുണക്കം വേലൈ=ആലോചിക്കുമ്പോൾ, ശോ തി ഞുതല്=ഒളിതിരളുന്ന നെററിത്തടത്തോടും, കരു നെടു കൺ=നീലായ തനേത്രങ്ങളോടും, തുവർ ഇതഴ് വായ്=പവിഴംപോലുള്ള അധരത്തോടി ണങ്ങിയ വായയോടും, തരള നകൈ=മുത്തിനോടൊത്ത പല്ലുകളോടും, തുണൈ=തങ്ങൾക്കു തങ്ങളെ ഉപമാനമായ, മെല് കൊങ്കൈ=മൃദുക്ക ളായ സ്തനങ്ങളോടുംകൂടിയ, മാതർ=വേശ്യകൾ, എഴുന്തു=ഒരുങ്ങിനിന്ന്, യാം ഏകി=ഞങ്ങൾ പോയി, അരുതവനൈ=മഹാ തപസ്വിയായ മുനി യെ, കൊണർന്തും എണ=കൊണ്ടുവരാമെന്നു പറഞ്ഞ്, വണക്കം ശെ യ്താർ=വണങ്ങി. ൩൭.

**217.** ആങ്കവരമ്മൊഴിയുരൈപ്പ വരശൻ മകിഴ്
ന്തവർക്കണിതു ശാതിയായ
പാങ്കുളമററവൈയരുളി പ്പണിപ്പിറൈയൈ
പഴിത്തനുതർ പണൈത്ത വേയ്ത്തോൾ
ഏങ്കുമിടൈ തടിത്തമുലൈ യിരുണ്ടകുഴ
ന്മരുണ്ട വിഴി യിലവച്ചെവ്വായ്
പൂങ്കൊടിയീരേകുമെണത്തൊഴുതിറഞ്ചി
യിരതമിശൈ പ്പോയിണാരേ.

പ:—ആങ്കു=അങ്ങിനെ, അവർ=ആ വേശ്യാസ്ത്രീകൾ, അമ്മൊഴി ഉരൈപ്പ=ആ വാക്കു പറഞ്ഞതിനാൽ, അരശൻ=ലോമപാദമന്നവൻ, മകിഴ്ന്തു=സന്തോഷിച്ച്, അണി=ആഭരണങ്ങളും, തുശുആതിയായ=വസ്ത്ര ങ്ങൾ മുതലായ, പാങ്കു ഉള=നല്ല തരങ്ങളായ, മററവൈ=മററുള്ളവ യും, അരുളി=കൊടുത്തു, പണിപ്പിറൈയൈ=ശീതളനായ അഷ്ടമിച്ചന്ദ്ര നെ, പഴിത്ത=നിരസിച്ച, നുതല്=നെററിത്തടത്തേയും, പണൈത്ത=പ രുത്ത, വേയ്=മേഘംപോലുള്ള, തോൾ=തോളുകളേയും, ഏങ്കും ഇ ടൈ=തേഞ്ഞു കുഴയുന്ന മദ്ധ്യപ്രദേശത്തേയും, തടിത്തമുലൈ=തടിച്ച മുല കളേയും, ഇരുണ്ട കുഴല്=കറുത്ത കുന്തലിനേയും, മരുണ്ട വിഴി=മദമിയന്ന മിഴികളേയും, ഇലവംചെവ്വായ്=പൂളപ്പൂപ്പോലെ ചുവന്ന വായിനേയും കയ്ക്കൊണ്ട പൂങ്കൊടിയീർ=പൂങ്കൊടിപോലുള്ള പെണ്ണുങ്ങളേ, ഏകും

എണ=പോകുവിനെന്നു അനുമതി കൊടുത്തപ്പോഠം, തൊഴുതു ഇറഞ്ചി=തൊഴുതുവണങ്ങി, ഇരതമിശൈ പോയിനാർ=അവർ (ആ മന്നവൻ കൊടുത്ത) രഥത്തിന്മേലേറി പോയി. ന-വ്യ.

വൃത്തം മാറി.

218. ഓശൈ പലകടന്തിണി യൊരോശൈ
ഏശറ തവണുറൈ യിടമിതെൻവഴി
പാശിഴൈ മടന്തൈയർ പണ്ണശാലൈശെയ്
താശറ മരുന്തവത്തവരിൻ വൈകിണാർ.

പ:—ഓശൈ പല കടന്തു=അനേക യോജന ദൂരം കടന്നുചെന്ന്, ഏശു അറ=ദ്വേഷവിഹീനമായ, തവൻഉറൈ=താപസൻ വാഴുന്ന, ഇടംഇതു=ഇടമാണിതെന്നു ചൂണ്ടിക്കാണിച്ച്, ഇനിഓർയോശൈ എൻവഴി=ഇനി ഒരു യോജനദൂരം ഉണ്ടെന്നുള്ള ദിക്കിൽ, പാശിഴൈ മടന്തൈയർ=പച്ചപ്പൊന്നാഭരണങ്ങളണിഞ്ഞ ആ വേശ്യകഠം, പണ്ണശാലൈശെയ്തു=(അവിടെ) ഓരോ പർണ്ണശാല കെട്ടി, ആശു അറം=കന്മഷഹരമായ, അരു തവത്തവരിൻ=ഉഗ്രതപം ചെയ്യുന്നോരെപ്പോലെ, വൈകിണാർ=വാസം ചെയ്തു. ന-ൻ.

219. അരുന്തവൻറനൈ്തയൈ യററ നോക്കിയേ
കരുന്തടങ്കണ്ണിയർ കലൈവലാളനിർ
പൊരുന്തിനർ പൊരുന്തുപു വിലങ്കണാപ്പുരി
ന്തിരുന്തവ രിവരെണ വിനൈയ ശെയ്തണൻ.

പ:—കരുന്തടക്കണ്ണിയർ=നീലവിശാലേക്ഷണകളായ ആ വേശ്യകഠം, അരുന്തവൻതനൈ്തയൈ അററംനോക്കി=മഹാതപസ്സായ ഋശ്യശൃംഗൻെറ പിതാവായ വിഭണ്ഡകൻെറ സാന്നിദ്ധ്യമില്ലാത്ത സമയംനോക്കി, കലൈവലാളനില്=കലാവല്ലഭനായ ആ മുനിയുടെ ഇരിപ്പിടത്തിൽ, പൊരുന്തിനർ=ചെന്നുചേർന്നു. പൊരുന്തുപു=(അങ്ങിനെ) ചെന്നപ്പോഠം, (ലോകവാസികളെ) വിലങ്കു എണ=തിര്യക്കുകളെന്നു രൂപത്താൽകണ്ടു, പുരിന്തു ഇരുന്തവർ ഇവർ=(നമ്മെപ്പോലെ) നിനച്ചിരുന്നവരാണിവരും, എണ=എന്നു കരുതി, ഇനൈയ ശെയ്തണൻ=ഇങ്ങിനെ താൻ ചെയ്യേണ്ടുന്ന മുറകളെ ചെയ്തു. ർഠ.

220. അരുക്കിയ മുതലിനോ ടാശണംകൊടു
ത്തിരുക്കെണ വിരുന്തപിണ്ണിനിയ ക്കുറലും

മുരുക്കിതഴ് മടന്തൈയർ മുനിവനൈത്തൊഴാ
പ്പൊരുക്കെണ വെഴന്തുപോയ്പുരൈയുൾപുക്കണർ.

പ:—അരുക്കിയം മുതലിണോടു=അർഘ്യാദിയോടുകൂടി, ആശണം കൊടുത്തു=ആസനവും കൊടുത്തു, ഇരുക്ക എണ=ഇരിക്കുവിനെന്നു പറഞ്ഞപ്പോൾ, ഇരുന്തപിൻ=അവർ മുറക്കിരിക്കുകയും, ഇനിയകുറലും=മുനിവരൻ അവരോടു മധുരമാംവണ്ണം കുശലപ്രശ്നാദികൾ ചെയ്കയും, മുരുക്കഇതഴ്=മുരുക്കിൻ പൂവിന്നൊത്ത അധരങ്ങളോടുകൂടിയ, മടന്തൈയർ=ആ മാനിനികൾ, മുനിവനൈ=ആ മുനിയെ, തൊഴാ=വന്ദിച്ചു, പൊരുക്കെണ=പൊടുന്നനെ, എഴന്തുപോയ്=എണീട്ടുപോയ്, പുരൈയുൾ പുക്കണർ=തങ്ങടെ പുരകളിലേക്കു പ്രവേശിക്കുകയും ചെയ്തു.

വി:—"അർഘ്യാദി" അർഘ്യം, പാദ്യം, ആചമനീയം ഈ മൂന്നും. അർഘ്യം=തലയിൽ തളിപ്പാനുള്ള ജലം, പാദ്യം=കാൽ കഴുകുവാനുള്ള നീർ, ആചമനീയം=ഉൾക്കൊള്ളുവാനുള്ള ഉദകം. ൨൨൦.

221. തിരുന്തിഴൈ യവർശില തിണങ്കടീർന്തുഴി
മരുന്തിനു മിനിയണ വരുക്കൈവാഴൈമാ
തരുന്തരും കനിയൊടു താഴൈയിൻപലം
അരുന്തവ വരുന്തെണ വരുളിണാരരോ.

പ:—തിരുന്തു ഇഴൈയവർ=പണിക്കുറവു വരാത്തവിധം നിർമ്മിക്കപ്പെട്ട ഭൂഷണങ്ങളണിഞ്ഞ ആ വേശ്യകൾ, ശിലതിണങ്കൾ തീർന്തുഴി=ചില ദിനങ്ങൾ കഴിഞ്ഞപ്പോൾ, മരുന്തിനും ഇനിയ=അമൃതിലും രുചിയേറിയ, വരുക്കൈ=വരിക്ക (പിലാവ്) വാഴൈ=വാഴ, മാ=മാവ് എന്നീ, തരു=മരങ്ങൾ, തരു=നൽകുന്ന, കനിയൊടു=പഴങ്ങളോടുകൂടെ, താഴൈയിൻ പലം=തെങ്ങിന്റെ ഫലങ്ങളും, അരുതവ!=തപോനിധേ!, അരുന്തുഎണ=ഭുജിച്ചാലും എന്ന് (അദ്ദേഹത്തിന്നു) അരുളിണാർ=അലിവോടെ കൊടുത്തു. ൨൨൧.

222. ഇന്നണ പല്പക ലിറന്ത പിൻറിരു
നന്നുതൻ മടന്തൈയർ നവൈയിൻ മാതവൻ
തന്നെയെമ്മിടത്തിനു ഞ്ചാർതല് വേണ്ടുമെ
ൻറന്നവർ തൊഴുതലു മവരൊ ടേകിണാൻ.

പ:=ഇന്നണ പല് പകല്=ഇങ്ങിനെയുള്ള പല ദിവസങ്ങൾ, ഇറന്ത പിൻ=കഴിഞ്ഞശേഷം, തിരു=ശ്രീദേവിക്കൊത്ത, നല് നുതല് മട

ന്നെയർ=അഴകാന്ന നെററിത്തടത്തോടുകൂടിയ, അണ്ണവർ=ആ സ്ത്രീകഠം, നവൈ ഇല്=ഊനമില്ലാത്ത, മാതവൻ തന്നൈ=തപോനിധിയെ, (നോക്കി) എം ഇടത്തിലും=ഞങ്ങളുടെ ആശ്രമത്തിലേക്കും, (ഭവാൻ) ശാർതല് വേണ്ടും എൻറ=വരേണമെന്നു ചൊല്ലി, തൊഴതലും=വണങ്ങിയപ്പോഠം, (ആ മുനീന്ദ്രൻ) അവരോടു ഏകിനാൻ=അവരോടുകൂടെച്ചെന്നു.

ഭാ:—ആ വാരനാരികഠം കുറെ ദിവസത്തേക്കു മുനിയുടെ ആശ്രമത്തിൽ അതിഥികളായിരുന്നതിന്നുശേഷം ലൌകികാചാരത്തെ അടിസ്ഥാനമാക്കി തങ്ങടെ ആശ്രമത്തിലും എഴുന്നരുളി ആതിത്ഥ്യം സ്വീകരിക്കേണമെന്നുള്ള ക്ഷണനത്തെ സ്വീകരിച്ചു മുനിവരൻ അവരോടൊന്നിച്ചു പോവുകയും ചെയ്തു. ൪൩.

223. വിമ്മുറ മുവകൈയർ വിയന്ത നെഞ്ചിനർ
അമ്മവി തിതുവെന വകല്നീണെറി
ശെമ്മൈയിൻ മുനിവരൻറാടര ച്ചെൻറനർ
തമ്മന മെനമരുട്ടൈയ ലാർകളേ.

പ:—തമ്മനം എന=തങ്ങടെ മനസ്സു (നടുങ്ങും) പോലെ, മരുഠം തൈയലാർകഠം=(ശരീരത്തിന്നും) നടുക്കത്തോടുകൂടിയ ആ വനിതകഠം, വിമ്മുറം ഉവകൈയർ=പെരുകിവരുന്ന പരിതോഷത്തോടുകൂടിയവരും, വിയന്ത നെഞ്ചിനർ=(മുനീന്ദ്രൻെറ ആഗമനത്തിൽ) അതിശയമാന്ന മനസ്സോടുകൂടിയവരുമായി, ഇതു ഇതു എന=(ഞങ്ങളുടെ ആശ്രമം) ഇതുതന്നെ ഇതുതന്നെയെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു, അകലും=പോകുന്ന, നീഠം നെറി=പെരുവഴിയിൽ, മുനിവരൻ=മുനിശ്രേഷ്ഠൻ, ശെമ്മൈയിൻ തൊടര=കപടം കരുതാതെ പിന്തുടന്നു പോയ്ക്കൊണ്ടിരിക്കെ, ശെൻറനർ=നടന്നുചെന്നു, അമ്മ!=ആശ്ചര്യം.

ഭാ:—അകൈതവമാനസനായ മുനിവയ്യൻ തങ്ങഠം അദ്ദേഹത്തിൻെറ നേരെ പ്രയോഗിക്കുന്ന (വശീകരിച്ചുകൊണ്ടുപോകുന്ന) കൈതവമാഗ്ഗം ഗ്രഹിക്കുന്നതായാൽ അദ്ദേഹത്തിൻെറ ശാപകോപാദികഠംക്കു പാത്രീഭവിച്ച് എന്തെല്ലാം അനത്ഥങ്ങഠം സംഭവിച്ചേക്കുമായെന്നുള്ള ചിന്തയാൽ ആ വേശ്യകഠംക്കു മനസ്സിന്നും തന്മൂലം ശരീരത്തിന്നും മരുഠംച്ചി (നടുക്കം) ഉണ്ടായിത്തീന്നു എന്നു താല്പയ്യം. ൪൪.

224. വളുണകർ മുനിവരൻ വരുമുൻ വാണവൻ
കളുണമർ കടുവെണക്കുരുകി വാൻമിശൈ

ശളശള വെണമഴൈത്താരൈകാൻറണ
കുളണൊട്ട നതികടങ്കുരൈ കടീരവെ.

പ:—മുണിവരൻ=ആ മുനിശ്രേഷ്ഠൻ, വളണകർ=(ലോമപാദൻെറ) സമൃദ്ധമായ നഗരത്തിൽ, വരുമുൻ=വരുന്നതിന്നു മുമ്പുതന്നേ, വാൻമിശൈ=ആകാശത്തിൽ, (സമുദ്രജലത്തെ പാനംചെയ്തു മടങ്ങി) വാണവൻ കളൻ അമർ=ശിവൻെറ കണ്ഠത്തിൽ തങ്ങിനില്ക്കുന്ന, കട്ടു എണ=വിഷംപോലെ, കരുകി=കറുത്തു, കുളണൊട്ട നതികൾ തം കുരൈകൾ തീര=കുളങ്ങളുടേയും നദികളുടേയും (വെള്ളമില്ലാത്ത) കുറവുകൾ തീരത്തക്കവണ്ണം, ശള ശള എണ=ചള ചള എന്നു, മഴൈ=മേഘങ്ങൾ, താരൈ കാൻറണ=ജലധാരകളെ പൊഴിച്ചു, ശള ശള=അനുകരണശബ്ദം അത്ഭുതാവഹമാകയാൽ രണ്ടാവൎത്തിച്ചു. ൪൫.

225. പെരുമ്പുണ നതികളുങ്കുളണും പെട്പ്പറ
കരുമ്പൊട്ട ശെണ്ണെലുങ്കവിൻകൊണ്ടോങ്കിട
ഇരുമ്പുയല്കകണമീതിടൈ വിടാതെഴ
ന്തരുമ്പുണല് ശൊരിന്ത പോതരശുണൎന്തണൻ.

പ:—പെരുമ്പുണല് നതികളും കുളണും=ധാരാളം നീരൊഴുകുന്ന ആറുകളും കുളങ്ങളും, പെട്പ്പു അറ=ജലത്തിന്നുള്ള അപേക്ഷയെ നിവൃത്തിക്കുകയും, കരുമ്പൊട്ട ശെണ്ണെലും=കരിമ്പുത്തോട്ടങ്ങളും ചെന്നെൽ (ചുവന്ന നെല്ലു്) വയലുകളും, കവിൻകൊണ്ടു ഓങ്കിട=ഭംഗിയിൽ വളരുകയും, ഇരുപുയല്=വലിയ മേഘങ്ങൾ, കകണമീതു എഴന്തു=ഗഗനത്തിൽ ഉയൎന്നു, ഇടൈവിടാതു=ഇടവിടാതെ, അരുപുണല്=(ലോകത്തിലേക്കു) ഒഴിച്ചുകൂടാത്തതായ ജലത്തെ, ശൊരിന്ത പോതു=വൎഷിക്കുകയും ചെയ്തപ്പോൾ, അരശു=ലോമപാദമഹാരാജാവ്, ഉണൎന്തണൻ=ആലോചിച്ചുതുടങ്ങി. ൪൬.

226. കാമമും വെകുളിയുങ്കളിപ്പുങ്കൈത്തെഴ
കോമുണിയിവണഴൈന്തണൻ കൊല്കൊവ്വൈവായ്
ത്താമരൈ മലർമുക തരള വാണകൈ
ത്തുമമെൻ കുഴലിയർ പുണർന്ത ശൂഴ്ച്ചിയാല്.

പ:—കാമമും വെകുളിയും കളിപ്പും=കാമത്തേയും ക്രോധത്തേയും മോഹത്തേയും, കൈത്തു എഴ=കച്ച (വെറുത്തു) വാഴുന്ന, കോമുണി=മുനീന്ദ്രൻ, കൊവ്വൈ വായ്=കോവപ്പഴംപോലുള്ള അധരത്തേയും, താമരൈ മലർമുകം=ചെന്താമരപ്പൂവിന്നു തുല്യമായ മുഖത്തേയും, തരളം വാൾ നകൈ=മുത്തിനോടൊത്തു കാന്തി കോലുന്ന ദന്തപങ്ക്തിയേയും, തുമം=

പരിമളധൂമമേല്പിക്കപ്പെട്ട, മെല് കുഴലിയർ=മൃദുവായ കുന്തലിനെയും കൈക്കൊണ്ട ആ മഹിളകൾ, പുണർന്ത ശൂഴ്ച്ചിയാല്=ചെയ്ത ഉപായത്താൽ, ഇവൺ അടൈന്തണൻ കൊല്=ഇവിടെ (നമ്മുടെ നഗരത്തിൽ) വന്നുകഴിഞ്ഞുവോ. ൪൬.

227. എൻറെഴന്തരുമറൈ മുണിവർ യാരൊടും
ശെൻറിരണ്ടിയോശനൈ ശേണൈ ശൂഴ്തര
മൻറലങ്കുഴലിയർ നടുവൺ മാതവ
കുൻറിനൈയെതിർന്തണൻ കുവവുത്തോളിണാൻ.

പ:—കുവവുതോളിണാൻ=മാംസളങ്ങളായ ഭുജങ്ങളോടുകൂടിയ ലോമപാദൻ, എൻറഎഴന്തു=എന്നു പറഞ്ഞുംകൊണ്ടെഴുന്നേററ, അരുമറൈ=മഹനീയങ്ങളായ വേദങ്ങളെ ഗ്രഹിച്ച, മുണിവർയാരോടും=മുനിമാരെല്ലാവരോടുംകൂടെ, ശേണൈശ്ശൂഴ്തര=സേനകളാൽ പരിവൃതനായി, ഇരണ്ടു യോശനൈശെൻറ=രണ്ടു യോജന ദൂരംചെന്നു, മൻറല് അം കുഴലിയർ നടുവൺ=പരിമളമിളിതമായ കേശഭാരം പൂണ്ട ആ കാമിനികളുടെ മദ്ധ്യത്തിലായി വരുന്ന, മാതവക്കുൻറിനൈ=കുന്നിന്നൊത്ത മഹാതപസ്സോടുകൂടിയ ഋശ്യശൃംഗനെ എതൃന്തണൻ=എതിരേററ.

വി:—"മാതവക്കുൻറിനൈ" എന്നതിൽനിന്നു മുനിയുടെ തപസ്സിൻെറ മഹിമയും നിശ്ചലതയും പ്രകാശിക്കുന്നു. ൪൭.

228. വീഴ്ന്തണണ്ടിമിശൈ വിഴിക ണീർതര
വാഴ്ന്തണമിണിയെണമകിഴഞ്ചിന്തൈയാൻ
താഴ്ന്തെഴ മാതരാർ തമ്മൈ നോക്കിനീർ
പൊഴ്ന്തണിരെണ തിടർ പുണർപ്പിണാലെൻറാൻ.

പ:—(അങ്ങിനെ സന്ധിച്ചപ്പോൾ) ഇണിവാഴ്ന്തണം എണ=ഇനി എനിക്കു ക്ഷേമമായി എന്നു, മകിഴം=ആനന്ദിക്കുന്ന, ശിന്തൈയാൻ=ഹൃദയത്തോടുകൂടിയവനായി, വിഴികൾ നീർ തര=മിഴികൾ ആനന്ദബാഷ്പം പൊഴിക്കുമാറ്, അടിമിശൈവീഴ്ന്തണൻ=(ആ മുനിയുടെ)അടിയിണയിൽ വീണ്, (അനന്തരം) താഴ്ന്തുഎഴം=തന്നെ നമസ്കരിച്ചെഴുന്നേററ, മാതരാർ തമ്മൈനോക്കി=ആ കന്യകമാരെ നോക്കി, പുണർപ്പിണാല്=നിങ്ങളുടെ ഉപായത്താൽ, എണതു ഇടർ=എൻെറ ദുഃഖം, പോഴ്ന്തനീർ=നിങ്ങൾ നീക്കികളഞ്ഞു, എൻറ പുകഴ്ന്തുശൊല്ലാൻ=എന്നു പുകഴ്ത്തി പറഞ്ഞു. ൪൮.

229. അരശരു മുനിവരു മടൈന്ത വായിടൈ
വരമുനി വഞ്ചമെൻറുണർന്ത മാലൈവായ്
വെരുവിനർ വിണ്ണവർ വേന്തൻ വേണ്ടലാല്
കരൈയെറിയാതലൈകടലും പോൻറനൻ.

പ:—അരശരും=രാജാക്കളും, മുനിവരും=മുനിമാരും, അടൈന്ത ആയിടൈ=വന്നതായ ആസ്സമയത്തിൽ, വരം=ശ്രേഷ്ഠനായ, മുനി=ഋശ്യശൃംഗൻ, വഞ്ചം എൻറു=ഇതു വഞ്ചനയാണെന്നു, ഉണർന്തമാലൈവായ്=അറിഞ്ഞ സമയത്തിൽ, വിണ്ണവർ=ദേവകളും, വെരുവിനർ=ഭയം പൂണ്ടു, വേന്തൻ=രോമപാദൻ, വേണ്ടലാല്=അപേക്ഷിക്കയാൽ, (ആ മുനീന്ദ്രൻ) കരൈ എറിയാത=കര തള്ളിപ്പൊളിച്ചു കവിഞ്ഞൊഴുകാത്ത, അലൈ കടലും=അലയടിച്ചിരമ്പിക്കൊണ്ടിരിക്കുന്ന സമുദ്രത്തെയും, പോൻറനൻ=അനുകരിക്കുന്നവനായിരുന്നു.

ഭാ:—ഇങ്ങിനെ ലോമപാദനും അനുഗാമികളായ മററു മന്നവന്മാരും മഹിഷിമാരും കൂടിച്ചെന്നെതിരേററപ്പോൾ ഋശ്യശൃംഗൻതന്നെ ആനയിച്ചതിൽ വ്യാജമുണ്ടെന്നു ഗ്രഹിച്ചു. ഇതറിഞ്ഞു ദേവന്മാർ ഋഷി കോപിച്ചു വല്ല ശാപവും നൽകിക്കളയുമോ എന്നു ഭയപ്പെട്ടു. തൽക്ഷണം ലോമപാദൻ ക്ഷമായാചനം ചെയ്തപേക്ഷിക്കയാൽ മുനി അലകളിളകി മറിഞ്ഞാലും കരകവിഞ്ഞൊഴുകാത്ത കടൽപോലെ ക്രോധത്തിന്നു വശംവദനാകാതെയിരുന്നു. ൯൦.

230. വള്ളുറ വൈരവാൺ മണ്ണൻ പൻമുറൈ
എള്ളരു മുനിവനൈ യിറഞ്ചി യാരിനും
തള്ളരു ന്തുയരമു ഞ്ചമൈവു ഞ്ചാററലും
ഉള്ളുറ വെകുളിപോ യൊളിത്ത താമരോ.

പ:—വാൾഉറ=ഉറയിലിരുന്ന, വയിരവാൾ=വജ്രായുധത്തിന്നു തുല്യമായ വാളോടുകൂടിയ, മണ്ണവൻ=ആ നൃപൻ, എൾ അരു=ദ്വേഷബുദ്ധിയില്ലാത്ത, മുനിവനൈ=ഋഷിയെ, ഇറഞ്ചി=വണങ്ങി, യാരിനും=ആരാലും, തൾ അരു=അകററവാനരുതാത്ത, തുയരമും—(മഴ പെയ്യാതിരുന്നതിലുണ്ടായ) ദുഃഖത്തേയും, ശമൈവും=(തല്ക്കാലം വഷമുണ്ടായതിനാലുണ്ടായ) സമാധാനത്തേയും, ശാററലും=പറഞ്ഞുകേൾപ്പിച്ച മാത്രയിൽ, ഉൾ ഉറ=(ആ മുനിയുടെ) ഹൃദയത്തിൽ വളൎന്ന, വെകുളി=ക്രോധം, പോയ് ഒളിത്തതു=പോയ് മറഞ്ഞു. "ആം—അരോ" ഇവ രണ്ടും അശകൾ ൯൧.

231. അരുൾ ശുരന്തരശനു ക്കാശിയുങ്ങ്കൊട്ട
ത്തുരുടരു തേരിൻ മീതൊല്ലെ യേറിണൻ
പൊരുടരു മുനിവരു ന്തൊടര പ്പോയിണൻ
മരുളൊഴി യുണർവുടൈ വരതമാതവൻ.

പ:—മരുൾ ഒഴി=മോഹനിവൃത്തികരമായ, ഉണർവു ഉടൈ=ജ്ഞാനത്തോടുകൂടിയ, വരതമാതവൻ=വരം നൽകത്തക്ക തപോബലമുള്ള ഋശ്യശൃംഗൻ, അരുൾ ശുരന്തു=കാരുണ്യമിയന്ന്, അരശനക്കു=ലോമപാദമന്നവനു, ആശിയും കൊട്ടത്തു=ആശീർവ്വാദം നൽകി, ഉരുൾ തരു=ചക്രങ്ങളോടിണങ്ങിയ, തേരിൻമീതു=(ആ മന്നവൻെറ) തേരിന്മേൽ, ഒല്ലെ=വേഗത്തിൽ, ഏറിണൻ=കരേറി, പൊരുൾ തരും=(ആശ്രയിച്ചവർ കാമിച്ച) ധനം നൽകുന്ന, മുനിവരും=മുനികളും, തൊടര=തുടന്നു ചെല്ലുംവണ്ണം, പോയിണൻ=(ഋശ്യശൃംഗൻ) പോയി. ൩൧.

232. അടൈന്തണൻ വള നക രലങ്ങ്കരി ത്തെതിർ
മിടൈന്തിട മുനിയൊടു വേന്തൻ കോയില്പു
ക്കൊടുങ്ങ്കലില് പൊർക്കുഴാ ത്തുറൈയു ളെയ്തിയോർ
മടങ്ങ്കലാ തണ ത്തിടൈ മുനിയൈ വൈത്തണൻ.

പ:—വേന്തൻ=അരചൻ, വളം=സമൃദ്ധിയുള്ള, നകർ=നഗരത്തെ, അലങ്ങ്കരിത്തു=അലങ്കരിച്ച്, എതിർ മിടൈന്തിട=(ആ നഗരവാസികളാൽ)എതിരേല്ക്കപ്പെട്ടു, മുനിയൊടു=ആ മുനിയോടുകൂടെ, അടൈന്തണൻ=പോയ്, കോവില് പുക്കു=തൻെറ കോവിലകത്തു കടന്നു, ഒടുങ്ങ്കല് ഇല്=കുറവില്ലാത്ത, പൊൻകുഴാത്തു=സുവർണ്ണനികരത്താൽ നിർമ്മിക്കപ്പെട്ടതായ, ഉറൈയുൾ=സഭാമണ്ഡപത്തിൽ, എയ്തി=പ്രവേശിച്ച്, മടങ്ങ്കല് ആതണത്തിടൈ=സിംഹാസനത്തിന്മേൽ, മുനിയൈ=ആ ഋശ്യശൃംഗമുനിവര്യനെ, വൈത്താൻ=ഇരുത്തി. ൩൨.

233. അരുക്കിയ മുതലിയ കടൻകളാററിവേ
റുരൈക്കുവ തിലതെണ വുവന്തുതാണരുൾ
മുരുക്കിത ഴിള മുലൈ മുകനലാടലൈ
ഇരുക്കൊടു വിതിമുറൈ യിണിതിണീന്തണൻ.

പ:—(അങ്ങിനെയിരുത്തിയതിന്നു ശേഷം) വേറ ഉരൈക്കുവതു ഇലതു എണ=(ചെയ്യാതെ വിട്ടുപോയതായി) മറേറതെങ്കിലും ഉണ്ടെന്നു പറവാനില്ലെന്നുള്ള നിലയിൽ, അരുക്കിയം മുതലിയ കടൻകൾ ആററി=

അർഘ്യം മുതലായ ഉപചാരമുറകളെ ചെയ്ത്, ഉവന്തു=സന്തോഷിച്ച്, താൻ അരുാം=താൻ ഉല്ലാദിപ്പിച്ച, മുരുാള ഇതഴ്=മുരുക്കിൻപൂവിനു സമാനമായ അധരത്തേയും, ഇളമുലൈ=ഇളംപ്രായമായ സ്തനങ്ങളേയും, മുകം നല്ലാാം തണൈ=മനോജ്ഞമായ മുഖത്തേയും പൂണ്ട കന്യകയെ, ഇരുക്കൊട്ടു വിതിമുറൈ=ഋക്കുകളോടുകൂടെ വേദമന്ത്ര വിധിപ്രകാരം, ഇണിതിൻ ഈന്തനൻ=അമ്പോടെ വേളി കഴിച്ചുകൊടുത്തു "മുകനലാാം=സുമുഖി" എന്നത് ആ കന്യകയുടെ നാമധേയം തന്നെയാണെന്നും ഒരു പക്ഷമുണ്ട്. ൭ർ.

234. വറമൈനോയ് തണിതര വാൻ വഴങ്കവേ
ഉറതുയർ തണിന്തത വ്വുലകം വേന്തരുാം
ശെറികുഴല് പോററിട ത്തിരുന്തു മാതവ
ത്തറിഞ്ഞനാണ്ടിരുക്കണ നരശവെൻറനൻ.

പ:—വറുമൈ നോയ് തണിതര=(ദീർഘകാലം അനാവൃഷ്ടി നിമിത്തമുണ്ടായിരുന്ന) ദാരിദ്ര്യമാകുന്ന വ്യാധി ശമിക്കുംവണ്ണം, വാൻ വഴങ്കവേ=മേഘം വർഷിച്ചപ്പോാം, അവ്വുലകം=ആ ലോമപാദന്റെ രാജ്യം, ഉറതുയർ തണിന്തതു=അനുഭവിച്ചിരുന്ന പരിതാപത്തിൽനിന്നു മോചനം പ്രാപിച്ചു (അതിനുശേഷം) വേന്തു=ആ നരവരൻ, അരുാം=ഉല്ലാദിപ്പിച്ച, ശെറകുഴല്=പെൺമണിയാൽ, പോററിട=ഉപചരിക്കപ്പെട്ടുകൊണ്ട്, തിരുന്തു=സംസ്കരിക്കപ്പെട്ട, മാതവത്തു=മഹാ തപസ്സോടുകൂടിയ, അറിഞ്ഞൻ=ജ്ഞാനസമ്പന്നനായ ആ ഋശ്യശൃംഗൻ, ആണ്ടു=അവിടെ (ആ നഗരത്തിൽ) ഇരുക്കണൻ=ഇരിക്കുന്നുണ്ട്. അരശ!=ഹേ ദശരഥരാജാവേ, എൻറനൻ=എന്നു (വസിഷ്ഠമഹർഷി) പറഞ്ഞു. ൭൭.

വൃത്തം മാറി.

235. എൻറലുമേ മുനിവരൻറണടിയിറഞ്ചി
യീണ്ടേകി ക്കൊണർവെണ്ണാ
തുൻറുകഴൻ മുടിവേന്തരടിപോററ
ച്ചുമന്തിരനേ മുതല് വരായ
വൻറിറല് ശേരമൈച്ചരൊട്ടു മാമണിത്തേ
രേറുതലും വാണോർവാഴ്ത്തി
ഇൻറമതു വിണൈ മുടിന്തതെനച്ചൊരിന്താർ
മലർമാരിയിടൈവിടാമല്,

പ:—എൻറലുമേ=എന്നരുളിച്ചെയ്തപ്പോ൦, (ദശരഥമഹാരാജാവ്) മുനിവരൻ അടിഇറഞ്ചി=മുനിവരനായ വസിഷ്ഠൻെറ പാദങ്ങളെ വന്ദിച്ചു, ഈണ്ടു ഏകി=ഇപ്പോ൦തന്നെ പോയ്, കൊണർവേൻ എന്നാ=(അദ്ദേഹത്തെ) കൂട്ടിക്കൊണ്ടു വരുന്നുണ്ടെന്നു, കഴൽ തുൻറ=വീരതണ്ടയണിഞ്ഞ, മുടിവേന്തർ=കിരീടപതികൾ, അടി പോററ=തൻെറ പാദങ്ങളിൽ വണങ്ങിക്കൊണ്ടിരിക്കെ, ശ്രുമന്തിരനേ മുതല്വരായ=സുമന്ത്രൻ മുതലായ, വല്തിറല്ശേർ=ഏററവും അറിവുള്ള, അമൈച്ചരൊടു=അമാത്യന്മാരോടുകൂടെ, മാമണിത്തേർ=രത്നഖചിതമായ വലിയ രഥത്തിൽ, ഏറതലും=കരേറിയ ഉടനെ, വാനോർ=ദേവകൾ, വാഴ്ത്തി=(ദശരഥനെ) ആശീർവ്വദിച്ച്, ഇൻറ എമതു വിനൈ മുടിന്തതു എന=ഇപ്പോ൦ ഞങ്ങടെ ആപത്തിന്നറുതി വന്നിരിക്കുന്നുവെന്നു കരുതി ആദരവോടെ, ഇടൈ വിടാമല്=ഇടവിടാതെ, മലർമാരി ശൊരിന്താർ=പുഷ്പവൃഷ്ടി ചെയ്തു. ഒന്നു.

236. കാകളമും പല്ലിയമുങ്കനൈകടലിൻ
മേൻമുഴങ്ങ്കക്കാനം പാട
മാകതർകളരുമറൈന്നൂല്വേതിയർകൾ
വാഴ്ത്തെടുപ്പമതുരച്ചെവ്വായ്
തോകൈയർ പല്ലാണ്ടിശൈപ്പ കടററാനൈ
പുടൈശ്രുഴച്ചുടരോനെന്ന
ഏകിയരുനെറിനീങ്കി രോമപാത
ൻറിരുനാട്ടെയെതിർന്താനൻേറ.

പ:—കാകളമും=കാഹളവും, പല്ഇയമും=മററ പല വാദ്യങ്ങളും, കനൈ=ധ്വനിക്കുന്ന, കടലിൻമേല്=കടലിനേക്കാളും മേലെ, മുഴങ്ക=മുഴങ്ങുകയും, കാനം പാട=(പാഠകന്മാർ) ഗാനം ചെയ്യുകയും, മാകതർകൾ=മാഗധന്മാരും, അരുമറൈ നൂല് വേതിയർകൾ=മാഹാത്മ്യമുള്ള വേദശാസ്ത്രങ്ങളെ ഗ്രഹിച്ച വിപ്രന്മാരും, വാഴ്ത്തെടുപ്പ=വാഴ്ത്തുകയും, മതുരം=മാധുര്യ്യമിയന്ന, ചെവ്വായ്=ചുവന്ന അധരത്തോടുകൂടിയ, കോതൈയർ=സുന്ദരികൾ, പല്ലാണ്ടു ഇശൈപ്പ=പല്ലാണ്ടു പാടുകയും, കടല്=കടലിന്നു തുല്യമായ, താനൈ=സേനയാൽ, പുടൈശ്രുഴ=ചൂഴപ്പെടുകയും ചെയ്തുകൊണ്ടു, ശ്രുടരോൻ എന്ന ഏകി=സൂൎയ്യനെപ്പോലെപ്രയാണംചെയ്ത്, അരുനെറിനീങ്കി=ദുൎഗ്ഗമങ്ങളായ മാൎഗ്ഗങ്ങൾ കടന്നു, രോമപാതൻ=ലോമപാദനൃപൻെറ, തിരുനാട്ടൈ=ശ്രീമയമായ നാട്ടിനെ, എതിർന്താൻ=കണ്ടു, "അൻറ ഏ," ഇവ അശകൾ.

വി:—'പല്ലിയം' എന്നു ഒററപ്പദമാക്കുന്നതായാൽ തന്നാമകമായ വാദ്യവിശേഷമെന്നും അർത്ഥം കല്പിക്കാം. മാഗധൻ—വൈശ്യന്നു ക്ഷത്രിയ സ്ത്രീയിലുണ്ടായവൻ. രാജാക്കന്മാരുടേയോ പ്രഭുക്കളുടേയോ വീര്യശൌര്യാദികളെ വാഴ്ത്തുകയാണ് അവൻെറ വൃത്തി. "പെരിയാഴ്‌വാർ" എന്നീ വൈഷ്ണവാചാൎയ്യർ അരുളിച്ചെയ്ത വൈഷ്ണവപ്രബന്ധത്തെ "നാലായിര പ്രബന്ധ"മെന്നു പറയുന്നു. ഇതു വേദങ്ങളുടെ സാരാൎത്ഥമാണ്. ഇതിൻെറ ആദിമമായ ഒരംശത്തെയാണ് "പല്ലാണ്ടു" എന്നു പറഞ്ഞുവരുന്നത്. അതായത്—

൧. പല്ലാണ്ടു പല്ലാണ്ടു പല്ലായിരത്താണ്ടു<br>
പല് കോടി നൂറായിരം<br>
മല്ലാണ്ട തിണ്ടോൾ മണിവണ്ണാവുൻ<br>
ശേവടി ശെവ്വിതിരുക്കാപ്പു.

(ഇതു പ്രബന്ധമുഖമായ മംഗളാചരണമാണ്.)

൨. അടിയോമോടുനിന്നോടും പിരിവിൻറി ആയിരമ് പല്ലാണ്ടു<br>
വടിവായ്നിൻവലമാർപിനിർ വാഴ്കിൻറമങ്ങ്കൈയ്യുമ് പല്ലാണ്ടു<br>
വടിവാർശോതി വലത്തുറൈയുഞ്ചുടരാഴിയുമ് പല്ലാണ്ടു<br>
പടൈപ്പോർ പുക്കമുഴങ്ങ്കുമ് പാഞ്ചശന്നിയമുമ് പല്ലാണ്ടേ (ഇത്യാദി)

ഈ പ്രബന്ധത്തിൻെറ ഉല്പത്തി—പൂൎവ്വകാലത്തിൽ ഒരു പാണ്ഡ്യരാജാവു പരമമായ വസ്തു ഏതെന്നു തീരുമാനിക്കുന്നവന്നു വലിയ ഒരു പണക്കിഴി സമ്മാനിക്കുന്നുണ്ടെന്നു വിളംബരം നടത്തി. ഈ കിഴി ഒരു ഉന്നതസ്തംഭാഗ്രത്തിൽ തൂക്കിയിരിക്കുമെന്നും വസ്തുനിൎണ്ണയം ചെയ്തവൻ തപശ്ശക്തിയാൽ ആ കിഴി തൻെറ കയ്യിൽ വരുത്തിക്കൊള്ളണമെന്നുംകൂടി നിശ്ചയമുണ്ട്. ഈ വിളംബരം കേട്ടു ശ്രീ വില്ലിപുത്തൂർ ഗ്രാമവാസിയും വേദവേദാംഗവേദിയുമായ ഒരു ബ്രാഹ്മണോത്തമൻ പാണ്ഡ്യരാജസഭയിൽ വന്ന്, "സൎവ്വം വിഷ്ണുമയം ജഗൽ" എന്നു സിദ്ധാന്തിച്ചു സ്തംഭത്തിന്നരികെ ചെന്നു കൈനീട്ടിയതും പണക്കിഴി തനിയേ അദ്ദേഹത്തിൻെറ കയ്യിൽവന്നു. തത്സമയം ബ്രാഹ്മണൻെറ ഭക്ത്യതിശയത്താൽ ഭക്തപരായണനായ ഭഗവാൻ ഗരുഡാരൂഢനായി പ്രത്യക്ഷീഭവിച്ചു. പെരുമാളുടെ മനോമോഹനമായ ദിവ്യമംഗളവിഗ്രഹം കാണികളുടെ കണ്ണും കരളും ഒരുപോലെ കവൎന്നു. ബ്രാഹ്മണൻ ഇതു കണ്ടു ഭഗവാന്നു ദൃഷ്ടിബാധയുണ്ടായേക്കുമോയെന്നു ശങ്കിച്ചു പല്ലാണ്ടു പാടിയതാണ്. പിന്നീട് അതൊരു ദിവ്യപ്രബന്ധമായി പരിണമിച്ചു. ബ്രാഹ്മണൻ "പെരിയാഴ്‌വാർ" എന്ന വൈഷ്ണവാ

ചാൎയ്യനമായി. തമിഴ്നാട്ടിൽ വൈഷ്ണവക്ഷേത്രങ്ങളിൽ പല്ലാണ്ടു പാടുക യെന്നുള്ളത് ഒഴിച്ചുകൂടാത്ത ഒരംഗമാണ്. ഈ പല്ലാണ്ടിൻെറ ഒരനുകരണമായി ബാലന്മാർ തുംബുകയോ കൌതുകാവഹമായി വല്ലതും പറകയോ പ്രവൃത്തിക്കുകയോ ചെയ്യുമ്പോഠം അമ്മമാർ "നൂററാണ്ട്" "ആയിരത്താണ്ട്" എന്നു തൽക്ഷണം പറഞ്ഞു കൃതാൎത്ഥമാരാകുകയെന്നുള്ളതു കേരളത്തിലും നടപ്പുണ്ട്. അതുകൊണ്ട് സൎവ്വ ദോഷപരിഹാരാത്മകവും ഭഗവല്ലൈങ്കൎയ്യരൂപവും ആശീൎവ്വാദപ്രതിപാദകവുമായ പല്ലാണ്ടു സൎവ്വത്ര ശോഭനമാകുന്നു. പല്ലാണ്ടു—പല സംവത്സരം. ൭൬.

237. കൊഴുന്തോടിപ്പടർ കീൎത്തിക്കോവേന്ത
ണടൈന്തമൈ ശെൻെറാററർക്കുറ
കഴന്തോട്ടം വരിശിലൈക്കൈക്കടററാണൈ
പുടൈ ശ്ശുഴ ക്കഴർകാല് വേന്തൻ
ശെഴുന്തോട്ടം പല്കലണും വില്വീശ
മാകതർകഠം തിരണ്ടുപാട
എഴുന്തോട്ടമുവകൈയുടൻ യോശനൈശെ
ൻെറാണരശൈ യെതിർകോളെണ്ണി.

പ:—കൊഴുന്തു ഓടി പടർകീൎത്തി=കരുത്തു ഓടിപ്പടരുന്ന (മേല്ക്കുമേൽ വൎദ്ധിച്ചുവരുന്ന) കീൎത്തിയോടുകൂടിയ, കോവേന്തൻ അടൈന്തമൈ= ദശരഥചക്രവൎത്തി വന്നതിനെ, ഒററർ ശെൻറകൂറ=ദൂതന്മാർ ചെന്നു പറഞ്ഞപ്പോഠം, (അതുകേട്ടു) കഴല്കാല് വേന്തൻ=കാലിൽ വീരതണ്ടയണിഞ്ഞ ലോമപാദമന്നവൻ, കഴന്തു ഓട്ടം=തേച്ചിൽ തട്ടിയ, വരി=വരികളോടുകൂടിയ, (വില്ലു മുളമ്പൊളികൊണ്ടുണ്ടാക്കിയതാകയാൽ അതിൻെറ കമ്പുകഠം എഴുന്നു ഓരോ കെട്ടുകഠംപോലെ കാണുന്നത്. അല്ലെങ്കിൽ ചാപദണ്ഡത്തിന്നു ഒരു വൎണ്ണംകൊടുത്തു മറെറാരു വൎണ്ണംകൊണ്ട് ഇടക്കിടെ വരക്കെട്ടുകഠം വരുത്തീട്ടുള്ളത്.) ശിലൈ=വില്ലിനെ ധരിച്ച, കൈ= കയ്യോടുകൂടിയ, കടല് താണൈ=കടൽപോലുള്ള സേന, പുടൈശ്ശുഴ= സമീപത്തു ചുററം വരികയും, ശെഴുന്തോട്ടം=വിലസുന്ന കൎണ്ണാഭരണങ്ങളും, പല് കലണും=മററം പല ഭൂഷണങ്ങളും, വില് വീശ=കാന്തി പൊഴിക്കുകയും, മാകതർകഠം തിരണ്ടുപാട=മാഗധന്മാർ ഒന്നിച്ചുകൂടി പാടുകയും ചെയ്തുകൊണ്ട്, എഴുന്തു ഓട്ടം ഉവകൈയുടൻ=എണീററ തന്നെക്കാഠം മുമ്പിൽ ഓടുന്ന സന്തോഷത്തോടുകൂടെ, അരശൈ=ദശരഥചക്രവ

ത്തിയെ, എതിർ കൊാം എണ്ണി=എതിരേല്ക്കുവാൻ നിനച്ച്, യോശനൈ ശെൻറാൻ=ഒരു യോജന ദൂരത്തോളം പോയി. ഭവ്യ.

238. എതിർകൊാംവാൻ വരികിൻറ വയവേന്ത
ൻറനൈക്കണ്ണുറെഴിലി നാണ
അതിർകിൻറ പൊലന്തേർ നിൻറരശർപിരാ
നിഴിന്തുശെൻറടിയിൻവീഴ
മുതിർകിൻറ പെരുങ്കാതററൈത്തോങ്ക
വെടുത്തിറക മുയങ്കലോടും
കതിർകൊണ്ട ശ്ശുടർവേലാൻറനൈനോക്കി
യിവൈയുരൈത്താൻ കളിപ്പിൻമിക്കാൻ.

പ:—എതിർകൊാംവാൻ വരികിൻറ=എതിരേല്പാൻ വരുന്ന, വയവേന്തൻ തനൈകണ്ണുററ=വിജയിയായ ലോമപാദമന്നവനെക്കണ്ട്, അരശർ പിരാൻ=ചക്രവത്തിയായ ദശരഥൻ, എഴിലി നാണ അതിർകിൻറ= മേഘം നാണിക്കുംവണ്ണം ധ്വനിക്കുന്ന, പൊലം തേർ നിൻറ=പൊന്മയമായ തേരിൽ നിന്നും, ഇഴിന്തുഴി=ഇറങ്ങിയപ്പോാം, ശെൻറ അടിയിൻവിഴ=(രോമപാദൻ) ചെന്നു അടികളിൽ വീണു നമസ്കരിക്കയും, മുതിർകിൻറ പെരുങ്കാതല്=പെരുകുന്ന പേരാശ, തഴൈത്തു ഓങ്ക=വദ്ധിച്ചു വരികയും ചെയ്ത്, എടുത്തു=അവനെയെടുത്തു, ഇറകമുയങ്കലോടും= (ചക്രവത്തി) മുറുകെത്തഴുകിയപ്പോാം, കതിർകൊണ്ട=ഒളിതിരണ്ട, ശ്ശുടർ= സൂൎയ്യനെപ്പോലുള്ള, വേലാൻ തനൈ നോക്കി=വേലായുധം പൂണ്ട ചക്രവത്തിയെ നോക്കി, കളിപ്പിൻ മിക്കാൻ=സന്തോഷം മികച്ച ലോമപാദൻ, ഇവൈ ഉരൈത്താൻ=ഇവയെ പറഞ്ഞു. ഭൻ.

239. യാൻശെയ്ത മാതവമോ വിവ്വുലകം
ശെയ്തവമോ യാതോവിങ്കൺ
വാൻശെയ്ത ശ്ശുടർവേലോയടൈന്തതെണ
മണമകിഴ മണിത്തേരേറി
തേൻശെയ്തതാർ മൌലിത്തേർവേന്തെ
ച്ചെഴുനകരിൽ കൊണർന്താൻ തെവ്വർ
ഊൻശെയ്ത ശ്ശുടർവടിവേല് രോമപാത
ണെ:ിമരൈക്കു മുവ്വുത്തോള്ളാൻ.

പ:—തെവ്വർ=വൈരികളെ, ഊൻശെയ്ത=ഊനം വരുത്തിയ, ശ്രുടർ=പ്രകാശിക്കുന്ന, വടിവേല്=നീണ്ട വേൽ കയ്യോണ്ട, രോമപാതൻ എൻറ ഉരൈക്കം=ലോമപാദനെന്നു പറയുന്ന, ഉരവു തോളാൻ=ബലമിയന്ന ബാഹുക്കളോടുകൂടിയ മന്നവൻ, വാൻ ശെയ്ത ശ്രുടർ വേലോയ്=ദേവലോകത്തെ നിലനിറുത്തിയതും ഒളിതിരളുന്നതുമായ വേലോടുകൂടിയ ഹേ സാവ്വഭൌമ!, ഇങ്കൺ=ഇവിടെ (എൻെറ അധീനത്തിൽ) അടൈന്തതു=ഭവാൻ വന്നതിന്നു കാരണം, യാൻ ശെയ്ത മാ തവമോ=ഞാൻ ചെയ്ത മഹാതപസ്സോ, ഇവ്വുലകഞ്ചെയ്ത തവമോ=ഈ ദേശം ചെയ്ത തപസ്സോ, യാതോ=മറേറതെങ്കിലുമോ, എന=എന്നു പറഞ്ഞു (കൊണ്ടാടി), മനം മകിഴ=അവന്നു മനഃപ്രീതി വരുംവണ്ണം, മണിതേർ ഏററി=നവരത്നഖചിതമായ രഥത്തിലേററി, തേൻ ശെയ്ത താർ=തേനൊലുന്ന മലർമാലയണിഞ്ഞ, മൌളി=കിരീടം ധരിച്ച, തേർ വേന്തൈ=തേരോടുകൂടിയ ദശരഥചക്രവത്തിയെ, ശെഴനകരില് കൊണർന്താൻ=തൻെറ സമൃദ്ധമായ നഗരത്തിലേക്ക കൂട്ടിക്കൊണ്ടുവന്നു.

വി:—ശംബരാദികളായ ദാനവന്മാരെ വെന്നു സുരലോകത്തെ ശതമന്യുവിന്നു ദത്തംചെയ്തവനാകയാൽ ദശരഥനെ "വാൻ ശെയ്ത ശ്രുടർ വേലോയ്" എന്നു സംബോധനം ചെയ്തു. "വാൻ ശെയ്ത ശ്രുടർ" എന്നതിന്നു "സൂൎയ്യന്നു തുല്യമായ" എന്നും "ഉന്നത കാന്തികോലുന്ന" എന്നും കൂടി അൎത്ഥകല്പനം ചെയ്യാം. ൩൦

൨40. ആടകപ്പൊൎച്ചുടരിമൈക്കു മണിമാടത്തിടൈ
യൊരുമണ്ടപത്തൈയൺമി
പ്പാടകച്ചെമ്പതുമ മലർപ്പാവൈയർ പല്ലാ
ണ്ടിശൈപ്പ പൈംപൊർപീട
ത്തോടുതുററവടിവേലോൻറനൈയിരുത്തി
ക്കടൻമുറൈകൾ യാവുമീയ്ന്തു
തോടുതുററമലർത്താരാൻ വിരുന്തളിപ്പ
വിണിതുകന്താൻ ശൂരർനാടീയ്ന്താൻ.

പ:—ആടകം പൊൻശ്രുടർ ഇമൈക്കം=ഹാടകമെന്ന പൊൻ(കൊണ്ടു നിൎമ്മിച്ചതാകയാൽ) സൂൎയ്യനെപ്പോലെ വിളങ്ങുന്ന, അണി=അഴകുള്ള, മാടത്തിടൈ=മാളികയിന്മേലുള്ള, ഒരു മണ്ടപത്തെ അൺമി=ഒരു മണ്ഡപത്തെ പ്രവേശിപ്പിച്ച്, പാടകം=കാലിൽ പാടകമണിഞ്ഞ, ശെമ്പതു

മമലർ=ചെന്താമരപ്പൂവിന്നു തുല്യങ്ങളായ പാദങ്ങളോടുകൂടിയ, പാവൈയർ=പാവകളെപ്പോലെയുള്ള സുന്ദരികഠം, പല്ലാണ്ടു ഇശൈപ്പ=പല്ലാണ്ടു പാടിക്കൊണ്ടിരിക്കെ, പൈം പൊൻ പീടത്തു=പത്തുംപൊൻപീഠത്തിൽ, ഏട്ടുഉററ=പുഷ്പദളമാലയണിഞ്ഞ, വടി=കൂത്തതായ, വേലോൻതനൈ=വേലിനൊദ്ധരിച്ച ചക്രവത്തിയെ, ഇരുത്തി=ഇരുത്തി, കടൻ മുറൈകഠം യാവും ഈന്തു=താൻ ചെയ്യാൻ കടപ്പെട്ടിട്ടുള്ള ഉപചാരമുറകളെല്ലാം ചെയ്തു്, തോടു ഉററ=ദളങ്ങഠം തിങ്ങിയ, മലർ താരാൻ=പൂമാലയണിഞ്ഞ ലോമപാദമഹാരാജാവു്, വിരുന്തു അളിപ്പ=വിരുന്നു നടത്തിയപ്പോഠം, ശുരർ നാടു ഈയ്ന്താൻ=സുരലോകത്തെ വീണ്ടുകൊടുത്ത ദശരഥചക്രവത്തി, ഇനിതു ഉകന്താൻ=പ്രീതിയോടെ ഭുജിച്ചു.

വി:—അമത്ത്യലോകത്തെ വീണ്ടുകൊണ്ടതുമൂലം അമൃതം ഭുജിച്ചിരിപ്പാനവകാശമുള്ളവൻ മത്ത്യലോകത്തിൽ ഒരു രാജാവിനാൽ നൽകപ്പെട്ട വിരുന്നും ഭുജിച്ചു സന്തുഷ്ടനായെന്നുള്ളതു് ചക്രവത്തിയുടെ മഹാമനസ്കതയെ പ്രകാശിപ്പിക്കുന്നു. ഹാടകം, കിളിച്ചിറ, ശാതകുംഭം, ജാംബൂനദം ഇങ്ങിനെ നാലുതരം പൊന്നുണ്ടു്. ഇവ ക്രമത്തിൽ മഞ്ഞ, പച്ച, ചുവപ്പു്, നീലം എന്ന വണ്ണങ്ങളോടുകൂടിയവയാണു്. ഇവയിൽ ശാതകുംഭം "ശതകുംഭ"മെന്ന പർവ്വതത്തിൽ നിന്നുണ്ടാവുന്നതാണു്. ജാംബൂനദം "ജംബു" എന്ന നദിയിൽ നിന്നുണ്ടാവുന്നതു്.

മഹാമേരു പവ്വതത്തിലുള്ള ഒരു ഞാവഠം മരത്തിലേ ഓരോ ആനയോളം വലിപ്പമുള്ള ഫലങ്ങഠം താഴെ വീണു ചതഞ്ഞുണ്ടാവുന്ന നീരൊഴുകി നദിയായ്ത്തീന്നു് ഇളാവൃത ഖണ്ഡത്തിൽ പ്രവഹിക്കുന്നു. അതിൻെറ ഇരുകരയിലും ഈ ജംബൂരസമിശ്രിതമായ മണ്ണു് സൂര്യകിരണങ്ങളുടേയും വായുവിൻെറയും നിരന്തരസമ്പക്കംകൊണ്ടു കാലക്രമത്തിൽ ജാംബൂനദമെന്ന നീലപ്പൊന്നായി പരിണമിക്കുന്നു. ഈ പൊന്നുകൊണ്ടാണു് ദേവന്മാർ ആഭരണങ്ങഠം നിമ്മിക്കുമാറുള്ളതു് എന്നു ശ്രീമഹാഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു. ന്യ. ഫ.

241. ശെവ്വിനറഞ്ചാന്തളിത്തു ത്തേർവേന്ത
ൻറനൈ നോക്കിയിവണിശേർന്ത
കവ്വൈവ്വുരൈ ത്തരുഠംകവെണനികഴ്ന്തപരി
ശരശർപിരാൻ കഴറലോടും
അവ്വിയ നീത്തുയർന്തമണ ത്തരുന്തവനൈ
കൊണർന്താങ്ങ്കൺ വിടുപ്പെണാൻറ

ശെവ്വിമുടിയോണെ ണല്ല ന്തേരേറി
ച്ചേണൈയൊട യോത്തിശേർന്താൻ.

പ:—ശെവ്വി നറശാന്തു അളിത്തു=അഴകും വാസനയുമുള്ള ചന്ദന വും നൽകി, തേർ വേന്തൻ തണൈനോക്കി=ചക്രവത്തിയെ നോക്കി, ഇ വൺ നീ ശേർന്തകവ്വൈ=ഇവിടെ ഭവാൻ വന്ന വൃത്താന്തം, ഉരൈത്തരു ളക എണ=പറഞ്ഞരുളേണമെന്നു, (വണക്കത്തോടെ ചോദിച്ചപ്പോൾ) അരശർ പിരാൻ=ചക്രവത്തി, നികഴ്ന്ത പരിശു=നടന്ന വൃത്താന്തം, കഴ റലോടും=പറയുകയാൽ, (രോമപാദൻ) ആൻറ ശെവ്വിമുടിയോയ്=ശില്പ വിശേഷമിയന്ന കിരീടം പൂണ്ട സാവ്വഭൌമ!, അവ്വിയമും നീത്തു=അസൂയ വിട്ടു, ഉയർന്തമണത്തു=മഹാ മനസ്സനായ, അരുതവണൈ=മഹാ തപസ്സാ യ ഋശ്യശൃംഗനെ, ആങ്കൺ=ആ അയോദ്ധ്യയിൽ, കൊണർന്തുവിട്ട പ്പൻ=കൊണ്ടുവന്നു വിടുന്നുണ്ട്, എണലും=എന്നുര ചെയ്യവെ, (ചക്രവ ത്തി) തേർ ഏറി=രഥത്തിൽ കയറി, ശേണൈയൊടു=തൻെറ സേനയോ ടൊന്നിച്ച്, അയോത്തി ശേർന്താൻ=അയോദ്ധ്യാപുരിയെ പ്രാപിച്ചു. ന്വ.

242. മണ്ണർപിരാണകൻറ തർപിൻ വയവേന്ത
ണരുമറൈ നൂല്വടിവങ്ങ്കൊണ്ട
തണ്ണമുണിവരണുറൈ യുടണൈയണുകി
യിണൈയടിത്താമറൈ കളംപൊൻ
മണ്ണുമണിമുടിയണിന്തു വരൻമുറൈ ശെ
യ്തിടറിവണീ വരുതർകൊത്ത
തെണ്ണെയെണ വടിയേർകോർ വരമരുള
മടികളെണ യാവതെൻറാൻ.

പ:—മണ്ണർ പിരാൻ=രാജരാജനായ ദശരഥൻ, അകൻറതർപിൻ= പോയതിൽപിന്നെ, വയവേന്തൻ=വിജയിയായ ലോമപാദ മഹാരാജാ വ്, അരു=മഹിമ കലന്ന, മറൈ നൂല്=വേദശാസ്ത്രങ്ങൾ, വടിവംകൊ ണ്ടതു അണ്ണ=മൂത്തിമത്തായതുപോലെയുള്ള, മുണിവരൻ=ഋശ്യശൃംഗമഹഷി യുടെ, ഉറൈയുൾ തണൈ അണുകി=ഇരിപ്പിടത്തെ പ്രാപിച്ച്, ഇണൈ അടിതാമറൈകൾ=ആ മുനിയുടെ പാദപത്മയുഗളത്തെ, അമ്പൊൻ മണ്ണും=മേത്തരം പൊന്നുകൊണ്ടുള്ള, മണി മുടി അണിന്തു=തൻെറ മണി മകുടത്തിന്മേൽ താങ്ങി, വരൻ മുറൈ ശെയ്തിട=വന്ദനാദികൾ വിധി പോലെ ചെയ്കയും, (അദ്ദേഹം രാജാവിനോടു) ഇവൺ=ഇവിടെക്ക്, നീ

വരുതർകു ഏത്തഉ എണ്ണെ=നീ വരുവാൻ നേരിട്ട കാൎയ്യമെന്ത്, എനഃ എന്നു ചോദിക്കയും, അടിയേർക്കു=അടിയന്നു്, അടികൾ=സ്വാമികൾ, ഓർ വരം അരുളും എന=ഒരു വരം തന്നരുളേണമെന്നു പ്രാൎത്ഥിക്കുകയും, യാവഉ എൻറാൻ=ആ വരം എന്തെന്നു മുനി വീണ്ടും ചോദിക്കുകയും ചെയ്തു. സമ്പ-

243. പുറവൊൻറിൻ പൊരുട്ടാകത്തുലൈപുക്ക
പെരുന്തകൈ തൻ പുകഴിർപൂത്ത
അറനൊൻറ തിരുമണത്താണ മരർകളു
ക്കിടരിഴൈക്കു മവുണരായോർ
തിറലുണ്ട വടിവേലാൻറശരതനൈ
ന്ദയർ കീർത്തിച്ചെങ്കോല് വേന്തൻ
വിറല്കൊണ്ട മണിമാടയോത്തി നക
രടൈന്തിവണീ മീടലെൻറാൻ.

പ:—പുറവൊൻറിൻ പൊരുട്ടാകെ=ഒരു പിറാവിന്നു വേണ്ടി, തുലൈ പുക്ക=തുലാസ്സിൻെറ തട്ടിൽ കയറിയിരുന്ന, പെരുന്തകൈ തൻ പുകഴിൻ പൂത്ത=മഹാഗുണവാൻെറ (ശിബിചക്രവൎത്തിയുടെ) പുകഴാൎന്ന വംശത്തിൽ പിറന്ന, അറൻ ഒൻറ തിരുമണത്താൻ=ധൎമ്മത്തിലിണങ്ങിയ നല്ല മനസ്സോടും, അമരർകളുക്കു=ദേവകൾക്കു, ഇടർ ഇഴൈക്കും=സന്താപത്തെ നൽകുന്ന, അവുണർ ആയോർ=അസുരന്മാരുടെ, തിറല്=വിജയത്തെ, ഉണ്ട=കബളിച്ച, (നിശ്ശേഷം നശിപ്പിച്ച) വടിവേലാൻ=തീഷ്ണമായ വേലായുധത്തോടുകൂടി, തശരതനെൻറ=ദശരഥനെന്ന പ്രസിദ്ധിയും, ഉയർ കീർത്തി=ഉന്നതമായ കീൎത്തിയും, ശെങ്കോല്=ആജ്ഞാശക്തിയും കയ്ക്കൊണ്ട, വേന്തൻ=ചക്രവൎത്തി, വിറല്കൊണ്ട=വിജയംകൊണ്ടു വാഴുന്ന, മണിമാടം=മണിമേടകളിണങ്ങിയ, അയോത്തി നകർഅടൈന്തു=അയോദ്ധ്യാനഗരം പ്രാപിച്ച്, ഇവൺ=ഇവിടെക്കു, നീ മീടല്=ഭവാൻ മടങ്ങിവരുന്നത് (ആ വരമായിരിക്കും), എൻറാൻ=എന്നു പറഞ്ഞു.

വി:—സൂൎയ്യവംശജാതനായ ശിബി ചക്രവൎത്തി യാഗം ചെയ്യുമ്പോൾ അദ്ദേഹത്തിൻെറ ധൎമ്മം പരീക്ഷിപ്പാനായി ഇന്ദ്രൻ ഒരു പരുന്തിൻെറ രൂപം പൂണ്ട് അഗ്നിയാകുന്ന മണിപ്രാവിനെ പിന്തുടൎന്നു വരികയും പിറാവു യാഗശാല് പുക്കു ചക്രവൎത്തിയെ ശരണം പ്രാപിക്കയും ചെയ്തു. പരുന്തു തൻെറ ഇരയായ കപോതത്തെ വിട്ടുതരേണമെന്നു പറഞ്ഞു. ശിബി

യാവട്ടെ ശരണാഗതനെ വിട്ടുകൊടുക്കാതെ അതിന്നു തുല്യം തന്റെ ശരീരത്തിലുള്ള മാംസം തരാമെന്നു സമ്മതിച്ചു തുലാസ്സിന്റെ ഒരു തട്ടിൽ കപോതത്തെ വെച്ച് മറെറത്തട്ടിൽ താനും കയറിയിരുന്നു. ഇതുകണ്ടു സന്തുഷ്ടന്മാരായ ഇന്ദ്രനും അഗ്നിയും പ്രത്യക്ഷരൂപികളായി ശിബിയുടെ ധർമ്മനിഷ്ഠയെ അഭിനന്ദിച്ചനുഗ്രഹം നൽകി മറഞ്ഞുപോകയും ചെയ്തു. സർ.

244. അവ്വരന്തന്തണമിനിത്തേർ കൊണിർതിയെണ
വരുന്തവത്തോണറൈതലോടും
വെവ്വരന്തിൻറയില് പടൈക്കും ശുടർവേലോ
ണടിയിറൈഞ്ചി വേന്തർ വേന്തൻ
കവ്വൈയൊഴിത്തുയർന്ത ണനെൻറതിർകുരറേർ
കൊണർന്തതണിർ കലൈവലാളൻ
ശെവ്വിനുതററിരുവിണൊടും പോന്തേറ
കെണ വേറി ച്ചിറന്താൻ മണ്ണോ.

പ:—അവ്വരം=നീ ചോദിച്ച വരം, തന്തണം=ഞാൻ തന്നിരിക്കുന്നു, ഇണി=ഇനി, തേർ കൊണർകി എണ=തേർ കൊണ്ടുവരികയെന്നു, അരുതവത്തോൻ=മഹാ തപസ്സായ ഋശ്യശൃംഗൻ, അറൈ തലോടും=പറഞ്ഞപ്പോഴെക്കും, വെവ് അരം തിൻറ=ഉരമുള്ള അരത്താൽ രാകപ്പെട്ട, അയില് പടൈക്കും=മൂച്ച കൂട്ടിയ, ശുടർ വേലോൻ=ഒളിയിണങ്ങിയ വേലായുധം കയ്യെക്കാണ്ട (ലോമപാദമന്നവൻ), അടി=(ആ മുനിയുടെ) പാദങ്ങളെ, ഇറൈഞ്ചി=വണങ്ങി, വേന്തർ വേന്തൻ=ചക്രവത്തിയുടെ, കവ്വൈ ഒഴിത്തു=കാര്യത്തെ നിറവേററി, ഉയർന്തണൻ എൻറ=ഞാൻ മാന്യനായി തീന്നുവെന്നുറച്ച്, അതിർ കുരല്=മുഴങ്ങുന്ന ശബ്ദത്തോടുകൂടിയ, തേർ=തേരിനെ, കൊണർന്തു=കൊണ്ടുവന്നു, അതണില്=അതിൽ, ശെവ്വി=ചാരുവായ, നുതല്=നെററിത്തടം പൂണ്ട, തിരുവിണൊടും=ലക്ഷ്മിദേവിയെപ്പോലുള്ള അവിടത്തെ ദേവിയോടും, പോന്തു ഏറുക എണ=വന്നു കരേറിയരുളേണമെന്ന് അപേക്ഷിക്കയും, കലൈ വലാളൻ=കലകളിൽ വിദഗ്ധനായ (ഋശ്യശൃംഗൻ), ഏറി=രഥത്തിൽ കരയേറി, ശിറന്താൻ=വിളങ്ങുകയും ചെയ്തു. സദ.

വൃത്തം മാറി.

245. കുണിശിലൈ വയവണും കരങ്ങ്കൾ കൂപ്പിട
തുണിയറ മുണിവരർ തൊടർന്തു ശൂഴ്‌വര

വണിതൈയു മരുമറൈ വടിവുപോൻറൊളിർ
മുനിവനും പൊറിമിശൈ ഞെറിയെ മുന്നിനാർ.

പ:—കുനി=കുനിഞ്ഞ (വളഞ്ഞ), ശിലൈ=വില്ലിനാൽ, വയവനും=വിജയിയായ ലോമപാദനും, കരങ്കൾ കൂപ്പിട=കരങ്ങൾ കൂപ്പി വണങ്ങിക്കൊണ്ടും, തുനി അറ=(ജനനരൂപമായ) ലജ്ജ നീങ്ങിയ, മുനിവരർ=മുനിശ്രേഷ്ഠന്മാർ, തൊടർന്തു ശൂഴ്വര=തുടൎന്നു ചുററിയും അനുഗമിച്ചു കൊണ്ടിരിക്കെ, വണിതൈയും=ദേവിയും, അരുമറൈ വടിവു പോൻറ=മഹിതമായ വേദസ്വരൂപത്തെ അനുകരിച്ചു, ഒളിർ=വിളങ്ങുന്ന, മുനിവനും=ഋശ്യശൃംഗമുനിയും, പൊറിമിശൈ=തേരിലേറി, ഞെറി`യ മുന്നിൻറാർ=വഴിയെ മുന്നിട്ടുചെന്നു. ൨൨

246. അന്തരത്തുന്തുമി മുഴക്കി യായ്മലർ
ശിന്തിനർ കളിത്തനരറമും തേവരും
വെന്തെഴ കൊടുവിനൈ വീഴ്ക്കുമെയ്മ്മുതല്
വന്തെഴ വരുടരു വാനെൻറെണ്ണിയേ.

പ:—(ആ മുനിവരൻ തേരിലേറി പുറപ്പെട്ട മാത്രത്തിൽ) അറമും=ധൎമ്മദേവതയും, തേവരും=ദേവകളും, വെന്തു എഴ=അഗ്നിപോലെ കത്തിക്കാളുന്ന, കൊടുവിനൈ=നിഷ്ഠുരങ്ങളായ വിപത്തുകളെ, വീഴ്ക്കും=(തലയെടുപ്പാനയക്കാതെ) അടക്കിവെക്കുന്ന, മെയ്=സത്യസ്വരൂപനായ, മുതല്=ആദിദേവൻ, വന്തു എഴ=(ഈ ലോകത്തിൽ) വന്നവതരിക്കുംവണ്ണം, അരുൾ തരുവാൻ എൻറ=(ഈ മുനി) നമ്മെ അനുഗ്രഹിക്കുമെന്നു, എണ്ണി=നിനച്ചു, (അതുമൂലമുണ്ടായ ആഹ്ലാദത്താൽ) അന്തരത്തുന്തുപി മുഴക്കി=ദേവവാദ്യം മുഴക്കി, ആയ്=ദോഷവിഹീനങ്ങളായ, മലർ=പുഷ്പങ്ങളെ, ചിന്തിനർ=ചൊരിഞ്ഞു, കളിത്തനർ=അ ഹ്ലാദിച്ചു. ൨൧.

247. തൂതുവ രവ്വഴി യയോത്തി തുന്നിനാർ
മാതിരം പൊരുതതോൾ മന്നർമന്നൻമുൻ
ഓതിനർ മുനിവര വോത വേന്തനും
കാതലെൻറളവറ കടലു ളാഴ്ന്തനൻ.

പ:—അവ്വഴി=അപ്പോൾ, തൂതുവർ=ദൂതന്മാർ, അയോത്തി തുന്നിനാർ=അയോദ്ധ്യാനഗരത്തിൽചെന്ന്, മാതിരം പൊരുതതോൾ=(നിങ്ങൾ എനിക്കു തുല്യന്മാരായ്തീരുന്നുവെന്നു കരുതി) മലകളെ പ്രഹരിച്ച ഭുജങ്ങ

ളോടുകൂടിയ, മന്നർ മന്നവൻ മുൻ=ചക്രവത്തിയുടെ മുമ്പാകെ ചെന്ന്, മുണി വരവു=ഋശ്യശൃംഗമുനിയുടെ വരവിനെ, ഓതിനർ=പറഞ്ഞു, ഓത=പറഞ്ഞപ്പോഠം, വേന്തണും=ചക്രവത്തിയും, അളവു അറ=അളവററ, കാതല് എൻറ കടലുഠം=ആശയാകുന്ന കടലിൽ, ആഴ്ന്തണൻ=മുഴകി. ന്നവ്വ

248. എഴന്തണൻ പൊരുക്കെണവിരതമേറിണൻ
പൊഴിന്തണ മലർമഴൈ യാശി പൂത്തന
മൊഴിന്തണ പല്ലിയ മുരശ മാർത്തണ
വിഴന്തണ തീവിണൈ വേരിണോടുമേ.

പ:—(അങ്ങിനെ മുഴകിയ ചക്രവത്തി) പൊരുക്കെണ എഴന്തണൻ=പൊടുന്നനെ എണീററ, ഇരതം ഏറിണൻ=രഥത്തിൽ കരേറി, (അതുകണ്ടു സുരന്മാരാൽ) മലർ മഴൈ പൊഴിന്തണ=പൂമാരി ചൊരിയപ്പെട്ടു, ആശിപൂത്തണ=(ഋഷികളാലും മററും) ആശീവ്വാദം ചെയ്യപ്പെട്ടു, മുരശം ആർത്തണ=ഭേരിവാദ്യങ്ങഠം മുഴക്കപ്പെട്ടു, തീവിണൈ=പാപങ്ങഠം, വേരിണോടും=വേരോടുകൂടെ, വിഴന്തണ=വീണുപോയി. ന്നൻ

249. പിതിർന്തതെ മ്മണത്തുയർ പ്പിറങ്ക്കലെൻറകൊ
ണ്ടതിർന്തെഴ മുരശ്ശുടൈ തരശർകോമകൻ
മുതിർന്തമാ തവമുടൈ മുണിയൈക്കൺങ്കളാല്
എതിർന്തണൻ യോശണൈയിരണ്ടോടൊൻറിണേ.

പ:—അതിർന്തു എഴ=ഉച്ചത്തിൽ മുഴങ്ങുന്ന, മുരശു ഉടൈ=മുരജവാദ്യത്തോടുകൂടിയവനായ, അരശർ കോമകൻ=ചക്രവത്തി, എം=നമ്മുടെ, മണം=മനസ്സിലുണ്ടായ, തുയിർ പിറങ്ക്കല്=സന്താപമാകുന്ന പർവതം, പിതിർന്തതു എൻറ കൊണ്ടു=പൊടിപെട്ടുപോയെന്നു നിനച്ചു, മുതിർന്ത=പൂൎണ്ണമായ, മാതവം ഉടൈ=മഹാതപസ്സോടുകൂടിയ, മുണിയൈ=മുനിയെ, യോശണൈ ഇരണ്ടോടു ഒൻറിൻ=രണ്ടോടൊന്നു (മൂന്നു) യോജന ദൂരത്തിൽചെന്നു, കൺങ്കളാല് എതിർന്തണൻ=തൻെറ കണ്ണുകളാൽ കണ്ടു. ൭൦.

250. നററവ മണൈത്തുമോർ നവൈയിലാവുരു
പ്പെററിവ ണടൈന്തെണ പ്പിറങ്ക്കുവാൻറണൈ
ച്ചുററിയ ശിരെയു മുഴൈയിൻേറാററമും
മുററ പ്പൊലിതരു മൂർത്തി യാൻറണൈ.

പ.—നല് തവം അണൈത്തും=നല്ല തപസ്സുകളെല്ലാം, ഓർ=ഒരു, നവൈ ഇലാ=ഊനമില്ലാത്ത, ഉരു പെററ=രൂപം ധരിച്ചു, ഇവൻ അ

ടൈന്തെ=ഈ ലോകത്തിൽ വന്നതുപോലെ, പിറങ്ങ്കുവാൻ തണൈ=വിളങ്ങുന്നവനും, ചുററിയ ശീരൈയും=അരയിൽ ധരിച്ച ചീരവും (മരവുരിയും), ഉഴൈയിൻ തോററമും=മാനിന്റെ മുഖമിണങ്ങിയ കാഴ്ച്ചയും, മുററ ഉറ=പൂർണ്ണമായി, പൊലിതരും=കാണിക്കുന്ന, മൂർത്തിയാൻ തണൈ=രൂപം ധരിച്ചവനും. ൧൫.

251\. അണ്ടർക്കുട്ടുയരമു മരക്ക രാററലും
വിണ്ടിടപ്പൊലിതരും വിണൈവലാളണൈ
ക്കുണ്ടികൈ കുടൈയൊടു കുലവുനൂൻമുറൈ
ത്തണ്ടൊടു പൊലിതരു തടക്കൈയാൻറണൈ.

പ:—അണ്ടർകൾ തുയരമും=ദേവന്മാരുടെ സന്താപവും, അരക്കർ ആററലും=രാക്ഷസന്മാരുടെ വല്ലഭത്വവും, വിണ്ടിട=ഭേദിച്ചു പോകുംവണ്ണം, പൊലിതരും=വിളങ്ങുന്ന, വിണൈ=തപ:കർമ്മത്തിൽ, വലാളണൈ=നിപുണനും, കുണ്ടികൈ=കമണ്ഡലുവും, കുടൈ=കുടയും, കുലവു=പ്രകാശിക്കുകയും, നൂല് മുറൈ=ശാസ്ത്രവിധിപ്രകാരം, തണ്ടു=ത്രിദണ്ഡവും (മുപ്പിരിപ്പൂണനൂലും), പൊലി തരു=വിളങ്ങുകയും ചെയ്യുന്ന, തടം കൈയാൻ തണൈ=ദീർഘബാഹുവുമായ മുനിയെ (കണ്ടു) ൧൬.

252\. ഇഴിന്തു പോയിരതമാണ്ടിണൈ കൊടാൾമലർ
വിഴന്തണൻ വേന്തർതം വേന്തൻ മെയ്മ്മൈയാൻ
മൊഴിന്തണനാശികൾ മുതിയനാൻമറൈ
ക്കൊഴുന്തുമേർ പടർതര ക്കൊാം കൊമ്പായിണാൻ.

പ:—(കണ്ടപ്പോൾ) ആണ്ടു=അവിടെ, ഇരതം ഇഴിന്തു പോയ്=തേരിൽനിന്നിറങ്ങിചെന്ന്, വേന്തർ തം വേന്തൻ=ചക്രവത്തി, ഇണൈകൊൾ=രണ്ടായ, താൾ മലർ=(ആ മുനിയുടെ) പാദപത്മങ്ങളിൽ, വിഴന്തണൻ=വീണു വണങ്ങി. (അങ്ങിനെ വണങ്ങിയപ്പോൾ) മുതിയ=പഴമയുള്ളതായ, നാല് മറൈക്കൊഴുന്തു=നാലു വേദശിഖകളും, മേല് പടർ തര=മേലേറിപ്പടരും വിധം, കൊൾ കൊമ്പു ആയിണാൻ=ആക്കമുള്ള കൊമ്പായ ആ മുനി, മെയ്മ്മൈയാല്=അത്ഥവാഹുല്യങ്ങളായ വാക്കുകളാൽ, ആശികൾ മൊഴിന്തണൻ=ആശീവ്വചനങ്ങൾ ചെയ്തു.

ഭാ:—ഒരു വള്ളി ആക്കമുള്ളോരു കൊമ്പിന്മേൽ പടന്നു സവ്വന്മാക്കും ഫലപ്രദമാകുന്നതുപോലെ വേദമാകുന്ന കുനന്ത് ഈ മുനിയാകുന്ന പടർ കൊമ്പിന്മെപ്പുററിപ്പടന്നു യാവക്കും ഫലപ്രദമാകുന്നു. ൧൭

253. അയല്‌വരു മുനിവരു മാശിക്കൂറിട
പ്പുയല് പൊഴി തടക്കൈയാറെറാഴുതു പൊങ്ങ്കുനീർ
കയല് പൊരു വിഴിയൊട്ടു കലൈവലാളനൈ
ഇയല് പൊട്ടു കൊണർന്തന നിരതമേററിയേ.

പ:—അയല്‌വരും=അരികിൽ വരുന്ന, മുനിവരും=മുനികളും, ആശി കൂറിട=ആശീർവ്വാദം ചെയ്തുകൊണ്ടിരിക്കെ, പുയല്=മേഘത്തെപ്പോലെ, പൊഴി=ദ്രവ്യം പൊഴിക്കുന്ന (ദാനം ചെയ്യുന്ന), തടം കൈയാല്=വലിയ കൈകളാൽ, തൊഴുതു=അഞ്ജലികൂപ്പി, പൊങ്ങ്കു നീർ=വലിയ ജലാശയത്തിലുള്ള, കയല് പൊരു=ചെമ്മീനോടു തുല്യമായ, വിഴിയോട്ടു=മിഴികളിണങ്ങിയ ദേവിയോടുംകൂടിയ, കലൈവലാളനൈ=ശാസ്ത്രവിദഗ്ധനായ മുനിയെ, ഇരതം ഏററി=രഥത്തിൽ കരേററിക്കൊണ്ടു്, ഇയല് പോടു=മുറപോലെ, കൊണർന്തനൻ=തന്റെ നഗരത്തിലേക്കു കൊണ്ടുവന്നു. ചെമ്മീൻ=കരുമീനിനെപ്പോലെ ചുവന്ന നിറത്തിലുള്ള മീൻകണ്ണിന്റെ ചുവപ്പ് ഉത്തമസ്ത്രീലക്ഷണമായ പ്രമദാതപത്തെ കാണിക്കുന്നു. ൯ർ.

254. അടികുരൻ മുരശതി രയോത്തി മാനകർ
മുടിയുടൈ വേന്തനമ്മുനിവനോടുമോർ
കടികൈയി നടൈന്തനൻ കമല വാൺമുക
വടിവുടൈ മടന്തൈയർ വാഴ്ത്തെടുപ്പവേ.

പ:—മുടിഉടൈ വേന്തൻ=കിരീടാധിപതിയായ ലോമപാദൻ, കമലം=ചെന്താമരപ്പൂവിന്നു തുല്യമായ, വാൾ=കാന്തി കോലുന്ന, മുകം=മുഖത്തോടുകൂടി, വടിവു ഉടൈ മടന്തൈയർ=സൌന്ദര്യമുള്ള യുവതികൾ, വാഴ്ത്തെടുപ്പ=വാഴ്ത്തുകയും, അടി=അടി(ച്ചു പുറപ്പെടുവി)ക്കപ്പെടുന്ന, കുരല്=സ്വനത്തോടുകൂടിയ, മുരശു=ഭേരിവാദ്യം, അതിർ=മുഴങ്ങുകയും ചെയ്യുന്ന, അയോത്തിമാ നകർ=അയോദ്ധ്യാനഗരത്തിൽ, അമ്മുനിവനോടും=ആ മുനിയോടുകൂടെ, ഓർ കടികൈയിൻ അടൈന്തനൻ=ഒരു നാഴികനേരംകൊണ്ടു ചെന്നുചേർന്നു. ൯ദ.

255. കശട്ടറു വിനൈ ത്തൊഴിർ കൾവരാ യുഴല്
അശട്ടർകളൈവരൈ യറവ രാക്കിയ
വശിട്ടനു മരുമറൈ വടിവുപോൻറാളിർ
വിശിട്ടനും വേന്തവൈ പൊലിയ മേവിനാർ.

പ:—(അയോദ്ധ്യയിൽ ചെന്നശേഷം) കശട്ട ഉറ=കുററത്തിൽ മികച്ച, വിണൈ ത്തൊഴില്=പാപകരമായ കർമ്മം ചെയ്ത, കറംവരായ് ഉഴല്=കള്ളന്മാരായുഴന്നു നടക്കുന്ന, അശടർകറം ഐവരൈ=നീചന്മാരായ അഞ്ചുപേരെ, അറവർ ആക്കിയ=അററ (നശിച്ചു) പോയവരാക്കിത്തീർത്ത, വശിട്ടനും=വസിഷ്ഠമഹർഷിയും, അരുമറൈ=മഹിതമായ വേദത്തിൻെറ, വടിവു=രൂപം, പോൻറ=പോലെ, ഒളിർ=വിളങ്ങുന്ന, വിശിട്ടനും=വിശിഷ്ടനായ ഋശ്യശൃംഗനും, വേന്തു അവൈപൊലിയ=രാജസഭ ശോഭിക്കുംവണ്ണം, മേവിനാർ=അതിൽ പ്രവേശിച്ചു.

ഭാ:—'ഐവർ' എന്നത് ആത്മാവിനെ അപഹരിക്കുന്ന ചോരന്മാരായ പഞ്ചേന്ദ്രിയങ്ങറം. ഇവക്കുരതിവരുത്തിയവൻ ജിതേന്ദ്രിയൻ. ൧൩

256. മാമണി മണ്ടപ മണ്ണി മാശറ
തൂമണി ത്തവിശിടൈ ച്ചുരുതിയേ നികർ
കോമുണിക്കരശരൈ യിരുത്തി കൊറംകടൻ
ഏമുറ ത്തിരുത്തി വേറിണൈയ ശെപ്പിണാൻ.

പ:—(രാജസഭാപ്രവേശാനന്തരം ലോമപാദൻ) മാമണി=അമൂല്യങ്ങളായ രത്നങ്ങളാലലങ്കരിക്കപ്പെട്ട, മണ്ടപം=മണ്ഡപത്തെ, മണ്ണി=പ്രാപിച്ച്, മാശു അറ=ഊനമററ, തു=പരിശുദ്ധമായ, മണി തവിശു ഇടൈ=രത്നാസനത്തിൽ, ശുരുതിയേ നികർ=ശ്രുതി (വേദം) തന്നെ ഉപമാനമായ, കോ=മഹിമയിണങ്ങിയ, മുനിക്കു അരശരൈ=മുനീന്ദ്രനെ, ഇരുത്തി=ഇരുത്തി, കൊറംകടൻ=ആ മുനിക്കു കയ്യേറ്റുകൊള്ളുവാൻ തക്കവണ്ണം താൻ ചെയ്യേണ്ടുന്ന മുറകളെ, ഏം ഉറ തിരുത്തി=ആമോദം പെരുകുമാറു നിറവേററി, വേറ=വേറെ (പൂജിച്ചതിന്നും പുറമെ), ഇണൈയ=ഈ വാക്കുകളെ, ശെപ്പിണാൻ=പറഞ്ഞു. ൧൪

257. ശാൻറവർ ശാൻറവ തരുമ മാതവം
പോൻറാളിർ പുണിതണി ണ്ണരുളിർ പൂത്തവെൻ
ആൻറതൊല് കുലമിണി യരശിൻ വൈകുമാല്
യാൻറവമുടൈ മൈയു മിഴപ്പിൻറാമരോ.

പ:—ശാൻറവർ ശാൻറവ!=ഉല്ക്കൃഷ്ടന്മാരിൽവെച്ചുല്ക്കൃഷ്ടനായുള്ളോവേ!, തരുമം=ധർമ്മവും, മാതവം=ഉന്നതമായ തപസ്സും, പോൻറ=പോലെ, ഒളിർ=വിളങ്ങുന്ന, പുണിതാ!=പരിശുദ്ധനായുള്ളോവേ, നിൻ അരുളില് പൂത്ത=ഭവാൻെറ കൃപയാലുണ്ടായ, ആൻറ=പ്രവൃദ്ധമായ, എ

ൻ തൊല്കുലം=എന്റെ പരമ്പരാപ്രാപ്തമായ വംശം, ഇണി=ഇനിമേൽ, അരശിൻ വൈകും=ആധിപത്യത്തിലിരിക്കും. യാൻ=ഞാൻ, തവം ഉടൈ മൈയും=തപസ്സുള്ളവനാണെന്നുള്ള നിലക്കും, ഇഴപ്പു ഇൻറ ആം=ഊനമില്ലാതാകും.

ഭാ:—ഇതേവരെ എനിക്കു പുത്രന്മാരില്ലാത്തതിനാൽ ഇനി എന്റെ വംശത്തിന്നു രാജ്യാധികാരമില്ലെന്നും, ഞാൻ ചെയ്ത തപസ്സെല്ലാം വ്യർത്ഥമായിതീരുമെന്നും പരിതാപപ്പെട്ടുകൊണ്ടിരുന്നു; ഇപ്പോൾ ഭവാൻ ഇവിടെക്കെഴുന്നെള്ളിയതിനാൽ എനിക്കു പുത്രന്മാരുണ്ടായി എന്റെ വംശം രാജ്യാധിപത്യത്തോടുകൂടി വാണിരിക്കുമെന്നു താല്പര്യം. വൈ.

258\. എണ്ണലും മുനിവര ണിനിതു നോക്കുറാ
മണ്ണവർമണ്ണകേൾ വശിട്ടണെൻറണും
നണ്ണെടുന്തവൻറണൈ നവൈയില് ശെയ്കൈനീ
നിണ്ണെയി വുലകിണി ണിരുപർ നേർവരോ.

പ:—എണ്ണലും=എന്നു പറഞ്ഞപ്പോൾ, മുനിവരൻ=ഋഷിശ്രേഷ്ഠനായ ഋശ്യശൃംഗൻ, ഇണിതു നോക്കുറാ=പ്രീതിപൂർവ്വം നോക്കി, മണ്ണവർ മണ്ണ!=ഹേ സാർവ്വഭൌമ!, കേൾ=കേട്ടാലും; വശിട്ടൻ എൻറ എണ്ണം=വസിഷ്ഠനെന്നു പ്രസിദ്ധനായ, നല്=നല്ലതായ, നെടുന്തവൻ തുണൈ=ദീർഘതപസ്സിന്റെ സാന്നിദ്ധ്യമുള്ള കാലത്തോളം, നവൈ ഇല്=കളങ്കമില്ലാത്ത, ശെയ്കൈ നീ=കർമ്മങ്ങൾ ചെയ്തവനാണ് നീ; നിണ്ണെ=നിന്നെ, ഇ ഉലകിണില് നിരുപർ=ഈ ലോകത്തിലുള്ള മന്നവന്മാർ, നേർവരോ=ഒക്കുന്നവരായിരിക്കുമോ. (ആരും നിണക്കു തുല്യന്മാരായിരിക്കയില്ല.)

ഭാ:—ബ്രഹ്മപുത്രനും ഋഷികളിൽ അഗ്രഗണ്യനുമായ ആ വസിഷ്ഠന്റെ വരുതിയിൽ നടന്നു നിരപരാധിയായി കഴിഞ്ഞുവന്നതിനാൽ നിന്റെ ആ നടവടി എന്നെപ്പോലുള്ളവരെ സ്സംബന്ധിച്ചും നടന്നതിന്നു തുല്യമാണെന്നുള്ള അഭിപ്രായത്തിന്മേൽ "നണ്ണെടുന്തവൻറണൈ നവൈയില് ശെയ്കൈ" എന്നു പറഞ്ഞു. വൈ.

259\. എൻറണ പ്പർപല വിണിമൈ കൂറിനർ
കുൻറുറഴ് വരിശിലൈ ക്കുവവു ത്തോളിണായ്
നൻറികൊളരിമക നടത്ത വെണ്ണിയേ
ഇൻറണൈ യഴൈത്ത തിങ്കിയമ്പു വായെൻറാൻ.

പ:—എൻറണ=എന്നിങ്ങിനെ, പർപല=പലവിധമായ, ഇണിമൈ=പ്രിയ വചനങ്ങളെ, കൂറി=പറഞ്ഞു, നല്=അഴകുള്ള, കുൻറ ഉറഴ്=

മലക്ക സമാനമായ, വരി=വരക്കെട്ടുകളുള്ള, ശിലൈ=ചാപം കയ്യിലുണ്ട, കുവവു=മാംസളമായ, തോളിനായ്=ഭുജങ്ങളോടുകൂടിയ സാവ്ഭൌമ!, നൻറി കൊാം=നന്മ കോലുന്ന, അരിമകം=അശ്വമേധയാഗം, നടത്ത=നടത്തുവാൻ, എണ്ണിയോ=നിനച്ചോ, ഇൻറ എന്നൈ അഴൈത്തതു=ഇപ്പോാം എന്നെ വരുത്തിയത്. ഇങ്കു ഇയമ്പുവായ്=ഇവിടെ പറയുക. എൻറാൻ=എന്നുര ചെയ്തു. അരിമകം=ഹരിമഖം. വ്യം.

260. ഉലപ്പില് പല്ലാണ്ടെലാ മുറക ണിൻറിയേ
തലപ്പൊറൈ യാററിണേ ൻറണയർ വന്തിലർ
അലപ്പുനീരുടുത്ത പാരളിക്ക മൈന്തരൈ
നലപ്പുകഴ്പെറ വിണി നല്കല്വേണ്ടുമാല്.

പ:—വലപ്പു ഇല്=അവസാനമില്ലാത്ത, പല് ആണ്ടു എലാം=അനേകം സംവത്സരങ്ങാം മുഴുവനും, ഉറകൺ ഇൻറി=അല്ലലില്ലാതെ, തലപ്പൊറൈ ആററിണേൻ=ഭൂഭാരം വഹിച്ചു. (ഇതുവരെ) തണയർ വന്തിലർ=പുത്രന്മാർ പിറക്കയുണ്ടായില്ല. അലപ്പുനീർ=അലെക്കുന്ന നീരോടുകൂടിയതിനെ (കടലിനെ) ഉടുത്ത=ചുററം വഹിച്ച, പാർ=ഭൂമിയെ, അളിക്കും=ഭരിക്കത്തക്ക, മൈന്തരൈ=പുത്രന്മാരെ, നലപ്പുകഴ്പെറ=സൽക്കീർത്തി നേടത്തക്കവണ്ണം, ഇണി നല്കല്വേണ്ടും=ഇനി (കൃപചെയ്തു) നൽകേണമേ. വ്യ.

261. എൻറലു മരശനീ യിരങ്ക്കലിവ്വുല
കൊൻറമോ വുലകമീരേഴ മോമ്പിടും
വൻറിറൻ മൈന്തരൈ യളിക്ക മാമകം
ഇൻറ നീ യിയററതർ കെഴക വീണ്ടെൻറാൻ.

പ:—എൻറലും=എന്നു ദശരഥൻ പറഞ്ഞപ്പോഴെക്കും, (വസിഷ്ഠമുനി) അരശ=രാജാവേ', നീ ഇരങ്ക്കല്=നീ അല്ലൽപ്പെടേണ്ട, ഇ ഉലകു ഒൻറമോ=ഈ ലോകമൊന്നു മാത്രമോ, ഈരേഴ് ഉലകമും=പതിന്നാലു ലോകങ്ങളേയും, ഓമ്പിടും=ഭരിക്കത്തക്ക, വല്തിരല് മൈന്തരൈ=ഏററവും പ്രാപ്തന്മാരായ പുത്രന്മാരെ, അളിക്കും=നൽകുന്ന, മാമകം=മഹിമയുള്ള യാഗം (പുത്രകാമേഷ്ടി), ഇൻറ=ഇപ്പോാം, നീ ഇയററതർക്ക=നീ നടത്തുവാനായി, ഈണ്ടു എഴക എൻറാൻ=ഇപ്പോാംതന്നെ യത്നിക്കുക എന്നു പറഞ്ഞു. വ്യ.

262. ആയതർകുരിയണ കലപ്പൈ യാവൈയും
ഏയ്യെണ ക്കൊണർന്തണർ നിരുപർക്കേന്തലും

തൂയനൾ പുണല്പടീ ഇച്ചുരുതി ന്നൂൻമുറൈ
ശായ്വറ ത്തിരുത്തിയ ശാലൈ പുക്കണൻ.

പ:—ആയതർക്കു ഉരിയണ=ആ യാഗത്തിന്നനുരൂപമായ, കലപ്പെ യാവൈയും=കലപ്പ മുതലായ സർവ്വോപകരണങ്ങളും, ഏ എണ കൊണ്ടർ ന്തണർ=തൽക്ഷണം കൊണ്ടുവന്നു. നിരുപർക്കു ഏന്തലും=(അതിനെ കണ്ടു) നൃപേന്ദ്രനും, തൂയ=പരിശുദ്ധവും, നല്=നന്മ വരുത്തുന്നതുമായ, പുനല്= സരയൂനദിയിൽ, പടീ ഇ=സ്നാനം ചെയ്തു, ശ്രുതി നൂല്മുറൈ=വേദശാസ്ത്രവിധിപ്രകാരം, ശായ്വു അറ=വൈകല്യം കൂടാതെ, തിരുത്തിയ=ചെയ്യപ്പെട്ടിരിക്കുന്ന, ശാലൈ=യാഗശാലയിൽ, പുക്കണൻ=പ്രവേശിച്ചു. വൃന്ദ.

263. മുഴങ്ക്കഴൻ മുമ്മൈയു മുട്ടകി യാകുതി
വഴങ്ക്കിയേ യീരാറു തിങ്ക്കൾ വായ്ത്തപിൻ
വഴങ്ക്കിണ തുന്തുമി താവില് വാണകം
വിഴങ്ക്കിണർ വിണ്ണവർ വെളിയിൻെറണ്ണവേ.

പ:—മുഴങ്ക്കു അഴല് മുമ്മൈയും=മുഴങ്ങിക്കൊണ്ടു ജ്വലിക്കുന്ന അഗ്നിത്രയത്തേയും, മുട്ടകി=ശീഘ്രത്തിൽ വളർത്തി, ആകുതി വഴങ്ക്കി=ആഹുതി ചെയ്തു, ഈരാറുതിങ്ക്കൾ വായ്ത്തപിൻ=പന്ത്രണ്ടു മാസം കഴിഞ്ഞതിന്നു ശേഷം, തുന്തുമി വഴങ്ക്കിണ=ദേവദുന്ദുഭി മുഴങ്ങി; വിണ്ണവർ=ദേവകൾ, വെളി ഇൻറു എണ്ണ=ഒഴിഞ്ഞ സ്ഥലമില്ലെന്നു പറയത്തക്കവിധം, താ ഇല് വാണകം=നിർദ്ദോഷമായ ആകാശത്തെ, വിഴങ്ക് കിണർ=മറച്ചു. (ദേവന്മാർ ഹവിർഭാഗം ഭുജിപ്പാനായി വന്നു നിരന്നതിനാൽ ആകാശം തീരെ മറഞ്ഞു) മന്ത്രങ്ങളാൽ ആഹവനീയം, ദക്ഷിണാഗ്നി, ഗാർഹപത്യം എന്നു അഗ്നി മൂന്നായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. വൃർ.

264. മുകമല രൊളിതര മൊയ്ത്തു വാനുളോർ
അകവിരൈ നറുമലർ തൂവിയാർത്തെഴ
തകവുടൈ മുനിയുമത്തഴലിണാപ്പുണേ
മകവരു ളാകുതി വഴങ്ക്കി ണാണരോ.

പ:—തകവു ഉടൈ മുനിയും=(മനനശീലത്വം മുതലായ) യോഗ്യതയുള്ള ഋശ്യശൃംഗ മഹർഷിയും, വാൻ ഉളോർ=സ്വർഗ്ഗത്തിലുള്ളവരും, മലർ മുകം ഒളി തര—മുഖകമലം തെളിഞ്ഞുകൊണ്ടു, മൊയ്ത്തു=തിക്കിത്തിരക്കി, അകം വിരൈ=സൌരഭ്യമുള്ളക്കൊണ്ടു, നറുമലർ=മണമുള്ള കല്പകപ്പൂ

ക്കളെ, തുവി=പൊഴിച്ചു, ആർത്തു എഴ=ആർപ്പുവിളിച്ചിയലുത്തക്കവണ്ണം, അ തഴലിൻ നാപ്പൺ=ആ ഹോമാഗ്നിയുടെ ജിഹ്വയിൽ, മകവു അരുാം ആകുതി=പുത്രപ്രദമായ ആഹുതി, വഴങ്ങ്കിനാൻ=നൽകി, അരോ= അശ. വ്യ൫.

265. ആയിടൈ കനലിനിൻറമ്പൊററട്ടമീ
തൂയനർ ചുതൈനികർ പിണ്ഡമൊൻറുള്ളുഴ്
തീയെരിപ്പങ്ക്കിയുഞ്ചെവന്ത കണ്ണമായ്
ഏയെണ പ്പൂതമൊൻറെഴുന്ത തേന്തിയേ.

പ:—ആയിടൈ=ആയിടെക്ക് (അപ്പോൾ) കനലില് നിൻറ=ഹോമാഗ്നിയിൽനിന്നു, അമ്പൊൻ തട്ടം മീ=അഴകുള്ള പൊൻതട്ടിൽ, തൂയ= ശുദ്ധമായി, നല്=നല്ല, ശുതൈ നികർ=അമൃതിന്നു തുല്യമായ, പിണ്ഡം ഒൻറ=ഒരു പിണ്ഡത്തെ, ഏന്തി=എടുത്തു കൊണ്ടു, ശൂൾ=ചുഴന്നുകൊണ്ടു, തീ എരി=അഗ്നിപോലെ പ്രകാശിക്കുന്ന, പങ്ക്കിയും=കേശവും, ശിവന്ത കണ്ണമായ്=ചുവന്ന കണ്ണുമായി, പൂതം ഒൻറ=ഒരു ഭൂതം, ഏ എണ എഴുന്തു=ഏ എന്ന ധ്വനിയോടുംകൂടെപ്പൊന്തിവന്നു. വ്യ൬.

266. വൈത്തതു തരൈമിശൈ മറിത്തു മവ്വഴി
തൈത്തതു പൂതമത്തവനും വേന്തനൈ
ഉയ്ത്തനല്ലമൃതിനൈയുരിയ മാതർകൾ
കത്തക മരപിനാ ലളിത്തിയാ ലെൻറാൻ.

പ:—പൂതം=ആ ഭൂതം, (താൻ കൊണ്ടുവന്ന അമൃതത്തട്ടിനെ), തരൈ മിശൈ വൈത്തതു=നിലത്തിൽവെച്ചു, മറിത്തും=വീണ്ടും, അവ്വഴി തൈത്തതു=ആ ഹോമാഗ്നിമാർഗ്ഗമായ്ത്തന്നെ മറഞ്ഞു. അ തവനും=ആ തപസ്വിയാകട്ടെ, വേന്തനൈ=ചക്രവത്തിയോട്, ഉയ്ത്ത=(ആ ഭൂതത്തിനാൽ) ഉയത്തപ്പെട്ട, നല് അമിർതിനൈ=നന്മ കോലുന്ന അമൃതത്തെ, ഉരിയ മാതർകൾക്കു=അഹ്നതയുള്ള പത്നിമാക്ക്, അത്തക മരപിനാല്=ആ മറ പോലെ, അളിത്തി=കൊടുക്കുക, എൻറാൻ=എന്നാജ്ഞാപിച്ചു. "തകുമരപിനാല്" എന്നതു മൂത്തവരം ഇളയവരം എന്ന സ്ഥാനക്രമത്തിൽ എന്നു കാണിക്കുന്നു. ആല്=ആശ. വ്യ൭

267. മാമുണിയരുൾവഴി മണ്ണർ മണ്ണവൻ
തൂമമെൻ ശൂരികുഴററൊണ്ടു തൂയവായ്

കാമരൊൺ കൌശലൈ കരത്തിണോർപകിർ
താമുറ വളിത്തണൻ ശങ്ക മാർത്തെഴ.

പ:—മാമുണി അരുാംവഴി=മുനീന്ദ്രൻ ആജ്ഞാപിച്ചപ്രകാരം, മണ്ണർ മണ്ണവൻ=ചക്രവത്തി, ത്തമം=അകിൽപുകയേല്പിക്കപ്പെട്ട, മെല്=മൃദുവായ, ശുരികുഴല്=ചുരുണ്ട കുന്തലോട്ടം, തുയ=ശുദ്ധമായ,തൊണ്ടൈ വായ്=കോവപ്പഴത്തിന്നു തുല്യമായ അധരത്തോടും, കാമർ=അഴകുള്ള, ഒാം=കാന്തിയോടും കൂടിയ, കൌശലൈ കരത്തിൻ ഉറ=കൌസല്യയുടെ കരത്തിലാമ്മാറ, ഓർ പകിർ=ആ പിണ്ഡത്തിൽനിന്നു ഒരു ഭാഗം, ശങ്കം ആർത്തു എഴ=ദേവകാം ശംഖവാദ്യം മുഴക്കംവണ്ണം, അളിത്തണൻ=കൊടുത്തു, താം=അശ. വ്വവ്വ.

268\. കൈകയൻറണയൈതൻ കരത്തു മമ്മുറൈ
ശൈകൈയിണളിത്തണൻ തേവരാർത്തെഴ
പൊയ്കയു നതികളും പൊഴിലു മോതിമം
വൈകുറ കോശലൈ മണ്ണർ മണ്ണരേ.

പ:—(ഇങ്ങിനെ കൌസല്യക്ക കൊടുത്തതിന്നുശേഷം) പൊയ്കയും=പൊയ്കകളിലും, നതികളും=നദികളിലും, പൊഴിലും=ചോലകളിലും, ഓതിമം വൈകുറ=അരയന്നങ്ങാം വാസം ചെയ്യുന്നതായ, കോശലം=കോസലനാട്ടിൻെറ, മണ്ണർ മണ്ണൻ=ചക്രവത്തി, അമ്മുറൈ ശൈകൈയിൻ=(മുമ്പു കൊടുത്ത) ആ മുറപ്രകാരം, തേവർ ആർത്തു എഴ=ദേവന്മാർ ആത്തു ഘോഷിച്ചിയലുംവണ്ണം, കേകയൻ തണൈയെ കരത്തും=കൈകേയിയുടെ കയ്യിലും, അളിത്തണൻ=നൽകി. വ്വൻ.

269\. നമിത്തിരർ നടുക്കുറ നലങ്കൊൺ മൊയ്മ്പുടൈ
നിമിത്തിരു മരപ്പുളാൻ മുണ്ണർ നീർമൈയില്
ശുമിത്തിരൈ ക്കളിത്തണൻ ശുരർക്കു വേന്തിണി.
ശമിത്തതെൻ പകൈയെണ ത്തമരോടാർപ്പവേ.

പ:—നമിത്തിരർ നടുക്ക ഉറ=വൈരികാം നടുങ്ങുംവണ്ണം, നലം കൊാം മൊയ്പു ഉടൈ=നല്ല ബലത്തോടുകൂടിയ, നിമി=നിമിയെന്ന നരപാലൻെറ, തിരുമരപ്പു ഉളാൻ=ശോഭനമായ കുലത്തിൽ പിറന്ന ചക്രവത്തി, ശുരർക്കു വേന്തു=ദേവരാജൻ, ഇണി=ഇനി, എൻ പകൈ ശമിത്തതു എണ=എൻെറ ശത്രുത്വം തീൎന്നുവെന്ന്, തമരോടു ആർപ്പ=സ്വജനത്തോടു കൂടി ആഹ്ലാദിക്കെ, മുണ്ണർ നീർമൈയിൻ=മുമ്പ് ആ രണ്ടുപേൎക്കും

കൊടുത്ത ക്രമത്തിൽ, (മൂന്നിലൊരംശം) ശ്രുമിത്തിരൈക്കു അളിത്താൻ—സുമിത്രക്കും ആ പായസം കൊടുത്തു. ൯൦.

270. പിണ്ണുമപ്പെരുന്തകൈ പിതിർന്തു വീഴ്ന്തവൈ
തണ്ണെയും ശ്രുമിത്തിരൈ തണക്കുനല്കിണാൻ
ഒണ്ണലർക്കിടമും വേറലകിണോങ്ങ്കിയ
മണ്ണുയിർ തമക്കു നീൾവലമുന്തുള്ളവേ.

പ:—പിണ്ണും=വീണ്ടും, അ പെരുന്തകൈ=ആ ചക്രവത്തി, ശ്രുമിത്തിരൈ തണക്കു=സുമിത്രാദേവിക്കു, പിതിർന്തു വീഴ്ന്തവൈ തണ്ണെയും=ഉതിൎന്നുവീണ പായസാംശവും, ഒണ്ണലർക്കു=ശത്രുക്കാംക്കു, ഉടമും=ഇടതു പാൎശ്വവും, വേറ=മറിച്ച്, ഉലകിൻ ഓങ്ങ്കിയമൻ ഉയിർ തമക്കു=ലോകത്തിൽ ഉല്കൃഷ്ടന്മാരായ മഹാജനങ്ങാംക്കു, നീം വലമും=നീണ്ട വലതു പാൎശ്വവും, തുള്ള=തുടിക്കുംവണ്ണം, നല്കിണാൻ=നൽകി.

ഭാ:—ശത്രുക്കാംക്കിടവും മഹാജനങ്ങാംക്കു വലവും തുടിച്ചു. ഈ ഇരുഭാഗക്കാരേയും പുരുഷന്മാരായി നിർദ്ദേശിച്ചു പറഞ്ഞിരിക്കയാൽ "പുരുഷന്മാൎക്ക വാമാംഗസ്ഫുരണം ആപൽസൂചകവും ദക്ഷിണാംഗസ്ഫുരണം സമ്പത്സൂചകവുമാണ്" എന്നുള്ള നിമിത്ത ശാസ്ത്രസിദ്ധാന്തം ഇവിടെ പ്രമാണീഭവിക്കുന്നു. ൯൧

271. വാംപരി വേംവിയു മകവൈ നല്കുവ
താം പുരൈ യാകുതി പിറവു മന്തണൻ
ഓമ്പിട മുടിന്ത പിൺഉലകു കാവലൻ
ഏമ്പലോടെഴന്തണൻ യാരുമേത്തവേ.

പ:—താവും=നടക്കുന്ന, പരിവേംവിയും=അശ്വമേധവും, മകവൈ നല്കുവതു ആം=സന്താനപ്രദാനത്തിന്നു, പുരൈ=ആസ്പദമായ, ആകുതി=(ഉല്കൃഷ്ടമായ പുത്രകാമേഷ്ടി) യജ്ഞവും, പിറവും=മററ യജ്ഞങ്ങളും, അന്തണൻ ഓമ്പിട മുടിന്ത പിൻ=ഋശ്യശൃംഗൻ ശരിക്കു നടത്തി അവസാനിപ്പിച്ചതിന്നു ശേഷം, ഉലകു കാവലൻ=ചക്രവത്തി, യാവരും ഏത്ത=എവരും വാഴ്ത്തത്തക്കവണ്ണം, ഏമ്പലോടു=ആഹ്ലാദത്തോടുകൂടി, (യാഗവേദിയിൽ നിന്നു) എഴന്തണൻ=എഴുന്നേററു. ൯൨.

272. മുരുടരു പല്ലിയ മുഴങ്ങ്കി യാർത്തണ
ഇരുടരു മുലകമു മിടരു നീങ്ങ്കിണ

തെരുടരു വേൾവിയിൻ കടങ്കടീർന്തുഴി
അരുടരു മവൈയിൻ വന്തരശണെയ്തിനാൻ.

പ:—മുരുടരു പല്ലിയം=മുരുട മുതലായ പല വാദ്യങ്ങളും, മുഴങ്കി ആർത്തണ=മുഴങ്ങി ആർത്തു, ഇരുൾ തരും ഉലകമും=അവശത പൂണ്ടിരിക്കുന്ന ലോകവാസികളെല്ലാവരും, ഇടരും നീങ്കിണ=ദുഃഖത്തെ ഒഴിച്ചു. തെരുൾ തരു=(വേദങ്ങളാൽ) തെളിയിക്കപ്പെട്ട, വേൾവിയിൻ=യാഗങ്ങളുടെ, കടങ്കൾ തീർന്തുഴി=കൃത്യങ്ങൾ നിറവേററിയതിന്നു ശേഷം, അരുൾ തരും=(എവക്കും) അനുഗ്രഹം നൽകത്തക്ക, അവൈയിൻ=സഭയിൽ, അരശൻ=ദശരഥചക്രവത്തി, വന്തു എയ്തിണാൻ=വന്നുചേന്നു.

ഭാ:—ഋശ്യശൃംഗന്റെ യജനക്രിയാസമാപ്ത്യനന്തരം ചക്രവത്തി അവിടെ നിന്നെഴുന്നേററപ്പോഴേക്കും നാനാ വാദ്യങ്ങളും മുഴങ്ങുകയും, തങ്ങടെ ചക്രവത്തിയുടെ സന്തത്യഭാവത്തെപ്പററി ശോകാന്ധകാരബാധിതന്മാരായ ജനങ്ങളെല്ലാം അഴലൊഴിക്കുകയും ചെയ്തു. വിധിപ്രകാരമുള്ള യജ്ഞകൃത്യങ്ങളുടെ സമാപ്തിക്കു ശേഷം അദ്ദേഹം സർവ്വ ജനങ്ങൾക്കും അനുഗ്രഹം നൽകുന്നതായ സഭയിലേക്കു വന്നുചേരുകയും ചെയ്തു.

വി:—മുൻ 177-ാം കവിയിൽ "ഉയിരെലാ മുറൈവതോരുടമ്പുമായി ണാൻ" എന്നു പറഞ്ഞിട്ടുള്ളതിനെ അടിസ്ഥാനപ്പെടുത്തി ചക്രവത്തിയുടെ സാന്നിദ്ധ്യംകൊണ്ട്, "അരുടരുമവൈ"—കാരുണ്യനിലയമായ സഭ എന്നു കാണിച്ചതാണ്. ൻപ.

273. ശെയ്മ്മുറൈ കടൻമുറൈ തിറമ്പലിൻറിയേ
മെയ്മ്മുറൈ കടവുളുക്കീയ്ന്തു വിണ്ണുളോർ
ക്കമ്മുറൈ യളിത്തു നീടന്തണാളർക്കും
കൈമ്മുറൈ വഴങ്കിണൻ കണക മാരിയേ.

പ:—(ഇപ്രകാരം ചക്രവത്തി സഭാമണ്ഡപം പ്രാപിച്ചതിന്നു ശേഷം) ശെയ്മ്മുറൈ കടൻ മുറൈ=യജ്ഞത്തെ ആസ്പദിച്ചു ചെയ്യേണ്ടതായ മുറകളും നിത്യകമ്മങ്ങളും, തിറമ്പല് ഇൻറി=ഊനം വരാതെ, മെയ്മുറൈ=സത്യത്തെ തന്റെ മുറയാക്കി വെച്ചിട്ടുള്ള, കടവുളുക്കു=(സഹസ്രശിഷനായ) ദേവന്ന്, ഈന്തു=ചെയ്ത്, വിൺ ഉളോർക്കു=സ്വഗ്ഗത്തിലുള്ള മററ ദേവന്മാക്ക്, അമ്മുറൈ അളിത്തു=അങ്ങിനെതന്നെ കൊടുക്കേണ്ടതു കൊടുത്ത്, നീട അന്തണാളർക്കും=മഹാ ബ്രാഹ്മണക്കും, കൈ=കൈകളാൽ, മുറൈ=അവരവക്കു തക്കവണ്ണം, കണകമാരി വഴങ്കിണൻ=കനകവഷ്ം ചെയ്തു. ൻർ.

274. വേന്തർകൾ ക്കരശൊടു വെറുക്കൈ തേർപരി
വായ്ന്തനററുകിലൊടു വരിശൈ ക്കേർപ്പണ
ഈന്തണൻ പല്ലിയ ന്തുവൈപ്പ വേകിനീർ
തോയ്ന്തണൻ ശരയുനററു റൈക്കണെയ്തിയേ.

പ:—വേന്തർകൾക്കു=രാജാക്കന്മാൎക്കു, അരശൊടു=രാജ്യാധികാരത്തോടുകൂടെ, വെറുക്കൈ=ദ്രവ്യത്തെയും, തേർ=രഥങ്ങളേയും, പരി=കുതിരകളെയും, വായ്ന്ത നല് തുകിലൊടു=അവരവൎക്കു യോഗ്യമായ നല്ല വസനങ്ങളും, വരിശൈക്കു ഏർപ്പണ=അവരവരുടെ സ്ഥിതിക്കു തക്ക മറേറാരോ വസ്തുക്കളും, ഈന്തണൻ=കൊടുത്തു്, പല് ഇയംതുവൈപ്പ=പലവാദ്യങ്ങളും മുഴങ്ങുമാറ്, ഏകി=പോയ്, ശരയു=സരയൂനദിയുടെ, നല് തുറൈക്കൺ എയ്തി=ദോഷഹീനമായ ഘട്ടത്തിൽ ചെന്നു, നീർ തോയ്ന്തണൻ=(അവഭൃഥ) സ്നാനം ചെയ്തു. ൻദ.

275. മുരശിനം കറങ്ങ്കിട മുത്ത വെൺകുടൈ
വിരശിടു നിഴററ വേന്തർ ച്ചൂഴ്തര
അരശവൈ യടൈന്തുഴി യവണു നാണ്മറ
ഉരൈശെറി മുനിവർ താൾ വണങ്ങ്കി യോങ്ങ്കിനാൻ.

പ:—മുരശു ഇനം കറങ്ങ്കിട=ഭേരീവാദ്യഭേദങ്ങൾ മുഴങ്ങുകയും, മുത്തം വെൺകുടൈ=മുത്തുകളാൽ നിൎമ്മിക്കപ്പെട്ട വെള്ളക്കുട, വിരശിടു നിഴല്തര=ഉററതായ നിഴൽ നൽകുകയും, വേന്തർ ച്ചൂഴ്തര=രാജാക്കന്മാർ ചുററും വരികയും ചെയ്തുകൊണ്ടു, അരശു അവൈ അടൈന്തുഴി=രാജസഭയിൽ വന്നുചേൎന്നപ്പോൾ, അയണും നാണ്മറ=ബ്രഹ്മദേവനും നാണിക്കുംവിധം, ഉരൈ ശെറി=വേദവാക്യങ്ങൾ നിറഞ്ഞ (വേദവാക്യങ്ങളെ മുഴക്കിക്കൊണ്ടിരിക്കുന്ന), മുനിവർ=മുനികളുടെ, താൾ=പാദങ്ങളെ, വണങ്ങ്കി ഓങ്ങ്കിനൻ=തൊഴുതു നിറവേറി (ഉന്നതി പ്രാപിച്ചു.) ൻന്ന.

276. അരിയനററവമുടൈ വശിട്ട ണാണൈയാല്
ഇരലൈനർ ച്ചിരുങ്ങ്കമാ ലിറൈവൻറാടൊഴാ
ഉരിയപർ പലവുരൈ പയിററിയുയ്ന്തണൻ
പെരിയനററവവിണി പ്പെറുവതിയാതെൻറാൻ.

പ:—അരിയ=ചെയ്വാൻ കഴിയാത്ത, നല് തവം ഉടൈ=നല്ല തപസ്സോടുകൂടിയ, വശിട്ടൻ ആണൈയാല്=വസിഷ്ഠമുനിയുടെ ആജ്ഞയാൽ,

നല്=മനോഹരമായ, ഇരലൈ ശിരുങ്ക്കം=കലമൊമ്പോട്ടുകൂടിയ, മാ ഇറൈവൻ താാം=മഹാമുനിയുടെ പാദങ്ങളെ, തൊഴാ=വണങ്ങി, ഉരിയ പർപല ഉരൈ പയിററി=തക്കതായ അനേക മധുരമൊഴികളുരചെയ്തു, ഉയ്ന്തണൻ=ഞാൻ ഉജ്ജീവിച്ചു, പെരിയനല് തവ=മഹാതപോനിധേ!, ഇണി പെറവതു=ഇനി എനിക്കു ലഭിക്കേണ്ടത്, യാതു എൻറാൻ=എന്തിരിക്കുന്നു (ഒന്നുമില്ല) എന്നുണത്തിച്ചു. ൰൬.

**277.** എന്തൈനിന്നരുളിണാ ലിടരി നീങ്കിയേ
ഉയ്ന്തണണടിയണേണെന്ന വൊണ്ടവൻ
ശിന്തൈയുൺ മകിഴ്ച്ചിയാല് വാഴ്ത്തിത്തേർമിശൈ
വന്തമാ തവരൊട്ടും വഴിക്കൊണ്ടേകിണാൻ.

പ:—എന്തൈ=ഞങ്ങളുടെ പിതാവേ (വംശോദ്ധാരണത്തിന്നു കാരണഭൂതനാകയാൽ), നിൻ അരുളിനാല്=ഭവാൻെറ അനുഗ്രഹത്താൽ, അടിയൻ=ഇയ്യുള്ളവൻ, ഇടരിൻ നീങ്കി ഉയ്ന്തണൻ=അഴലിൽനിന്നൊഴിഞ്ഞു രക്ഷപ്പെട്ടു, എന്ന=എന്നു (ചക്രവത്തി) പറഞ്ഞപ്പോാം, ഒം തവൻ=തപോനിധി=ഋശ്യശൃംഗൻ, ശിന്തൈയും മകിഴ്ച്ചിയാല്=അന്തരംഗത്തിലുണ്ടായ ആമോദത്താൽ, വാഴ്ത്തി=ആശീവ്വാദം ചെയ്തു, തേർമിശൈ=തേരിന്മേലേറി, വന്ത മാ തവരോട്ടും=തന്നോടൊരുമിച്ചു വന്നിട്ടുള്ള മുനികളോടുകൂടെ, വഴിക്കൊണ്ടു ഏകിണാൻ=പ്രയാണം ചെയ്തു. ൰൭.

**278.** വാങ്കിയ തുയരുടൈ മന്നൻ പിന്നരും
പാങ്കുടൈ മുനിവർതാാം പഴിച്ചിയേത്തല്കൊൺ
ടോങ്കിയ വുവകൈയ രാശിയോടെഴാ
നീങ്കിണ്രിരുന്തണ നേമി·വേന്തണേ.

പ:—വാങ്കിയ തുയർ ഉടൈ=അകന്നുപോയ ദുഃഖത്തോടുകൂടിയ, മന്നൻ=ചക്രവത്തി, പിന്നരും=പിന്നെയും, (സഭയിലുണ്ടായിരുന്ന) പാങ്കുടൈ മുനിവർ താാം പഴിച്ചി=മഹാത്മാക്കളായ അവരുടെ പാദങ്ങളെ വാഴ്ത്തി, ഏത്തല്കൊണ്ടു=സ്തോത്രം ചെയ്തുകൊണ്ടു്, ഓങ്കിയ ഉവകൈയർ=അത്യന്തം പ്രീതന്മാരായ അവർ, ആശിയോടു എഴാ=ആശീവ്വാദം ചെയ്തുകൊണ്ടെഴുന്നേററ, നീങ്കിണർ=(സഭയിൽനിന്നു) നിഗ്ഗമിച്ചു, നേമിവേന്തൻ=ചക്രവത്തി, ഇരുന്തണൻ=(അവിടെത്തന്നെ) ഇരിക്കുകയും ചെയ്തു. ൰൮.

279. തെരിവൈയർ മൂവരുഞ്ചിറിതു നാൾചെലീഇ
മരുവിയ വയാവൊടു വരുത്തം തുയ്ത്തലാർ
പൊരുവരു തിരുമുക മൻറി പ്പൊർപ്പുനീ
ടുരുവമു മതിയമോ ടൊപ്പത്തോൻറിണാർ.

പ:—തെരിവൈയർ മൂവരും=(ചക്രവൎത്തിയുടെ) പട്ടമഹിഷികൾ മൂവ്വരും, ശിറിതുനാൾ ശെലീഇ=കുറെ നാൾ കഴിഞ്ഞശേഷം, മരുവിയ വയാവൊടു വരുത്തം തുയ്ത്തലാല്=ഗൎഭം ധരിക്കയും അതിനാലുള്ള ക്ലേശം അനുഭവിക്കയും ചെയ്കയാൽ, പൊരുവു അരു തിരുമുകം അൻറി=നിരുപമമായ തിരുമുഖം മാത്രമല്ല, പൊർപ്പു നീടു ഉരുവമും=അഴകേറിയ മേനിയും കൂടെ, മതിയമൊടു ഒപ്പ=ചന്ദ്രനു സമാനമാകത്തക്കവണ്ണം, തോൻറിണാർ=കാണപ്പെട്ടു.

ഭാ:—സ്ത്രീകൾക്കു ഗൎഭകാലത്തു ശരീരം വിളൎത്തുപോകാറുള്ളതുകൊണ്ടു ചന്ദ്രന്റെ വൎണ്ണത്തോടുപമിച്ചിരിക്കുന്നു. അവരുടെ മുഖം മുമ്പേതന്നെ ചന്ദ്രനു സമാനമാണല്ലോ. ൨൦൦.

280. ആയിടൈ പ്പരുവം വന്തടൈന്ത വെല്ലൈയിൻ
മായിരും പുവിമകൾ മകിഴ്വിണോങ്ങ്കിട
വേയ്പുനർ പൂശമും വിണ്ണുളോർകളും
തുയകർകടകമു മെഴുന്തു തുള്ളവേ.

പ:—ആയിടൈ=ആ സമയത്തിൽ (യജ്ഞസമാപ്തിയിൽ പായസം ഭുജിച്ച വൈശാഖമാസംമുതൽ പന്ത്രണ്ടാം മാസത്തിൽ) പരുവം വന്തു അടൈന്ത എല്ലൈയിൻ=പ്രസവകാലം വന്നടുത്തപ്പോൾ, മാ ഇരു പുവിമകൾ=മഹിമയേറിയ ഭൂമിദേവി, മകിഴ്വിൻ ഓങ്ങ്കി=സന്തോഷത്താൽ പരിപുഷ്ടയാവുകയും, വേയ്=അലങ്കരിക്കപ്പെട്ട, പുണർ പൂശമും=പുണർതം നക്ഷത്രവും, വിണ്ണുളോർകളും=സ്വൎഗ്ഗവാസികളും, തുയ=പരിശുദ്ധമായ, കർകടകമും=കൎക്കടകരാശിയും, എഴുന്തു തുള്ള=(പ്രമോദംപൂണ്ടു) എഴുന്നേററു നൃത്തം ചെയ്കയും, ൨൦൧.

281. ശിത്തരു മിയക്കരു ന്തെരിവൈ മാർകളും
വിത്തക മുനിവരും വിണ്ണുളോർകളും
നിത്തരു മുറൈമുറൈ നെരുങ്ങ്കി യാർപ്പുറ
ത്തത്തുറ ലൊഴിന്തു നീടരുമ മോങ്ങ്കുവേ.

പ:—ശിത്തരും=സിദ്ധന്മാരും, ഇയക്കരും=യക്ഷന്മാരും, തെരിവൈമാർകളും=അവരുടെ പത്നിമാരും, വിത്തകം മുനിവരും=ജ്ഞാനികളായ മുനികളും, വിണ്ണുളോർകളും=ദേവന്മാരും, നിത്തരും=നിത്യസൂരികളും (എന്നും കുറവില്ലാത്ത പാണ്ഡിത്യത്തോടു കൂടിയവർ), മുറൈ മുറൈ നെരുങ്കി=നിരനിരയായ്വന്നു തിരക്കി, ആർപ്പുകൂറ=ആർത്തുവിളിക്കുകയും, തത്തുറല് ഒഴിന്തു=വ്യത്യാസം കൂടാതെ, നീൾതരുമം ഓങ്ക=ശാശ്വതമായ ധർമ്മം ഉയരുകയും. ൨൮൧.

അ:—കൌസല്യാദേവിയിൽ ശ്രീരാമൻ അവതരിച്ചു.

282. ഒരുപക ലുലകെലാ മുതരത്തുൾപൊതി
ന്തരുമറൈ ക്കുണർവരു മവനൈ യഞ്ചന
ക്കരുമുകിർ കൊഴുന്തെഴില് കാട്ടുഞ്ചോതിയൈ
ത്തിരുവുറ പ്പയന്തണടിറങ്കോൾ കോശലൈ.

പ:—ഒരു പകല്=ഒരു പകലിൽ (പ്രളയകാലത്ത്), ഉലകുഎലാം=ലോകങ്ങളെ (അണ്ഡങ്ങളെ) എല്ലാം, ഉതരത്തുൾ പൊതിന്തു=തന്റെ ഉദരത്തിലടക്കി, അരുമറൈകൾ=മഹിതങ്ങളായ വേദങ്ങൾക്കും, ഉണർവരു മവനൈ=അറിവാനരുതാത്തവനും, അഞ്ചനം=അഞ്ജനത്തിനു തുല്യമായ, കരുമുകിർകൊഴുന്തു=കാർമേഘമഞ്ജരിയുടെ, എഴില്=അഴകിനെ, കാട്ടും=കാട്ടുന്ന, ശോതിയൈ=ജ്യോതിസ്വരൂപനുമായ ശ്രീമഹാവിഷ്ണുവിനെ, തിറങ്കോൾ കോശലൈ=സാദ്ധ്വിയായ കൌസല്യ, തിരു ഉറ=(ലോകവാസികൾക്കെല്ലാം) ഐഹികപാരത്രികസമ്പത്സമൃദ്ധിയുണ്ടാകത്തക്കവണ്ണം, പയന്തനൾ=പെററു. ൨൮൨.

അ:—കൈകേയിയിൽ ഭരതൻ അവതരിച്ചു.

283. ആശൈയും വിശുമ്പുനിൻറമര രാർത്തെഴ
വാശവൻ മുതലിണർ വണങ്കി വാഴ്ത്തുറ
പൂശമു മീണമും പൊലിയ നല്കിനാൾ
മാശറു കേകയൻ മാതു മൈന്തനൈ.

പ:—അമരർ=ദേവന്മാർ, ആശൈയും വിശുമ്പും നിൻറു=ദിക്കുകളിലും ആകാശത്തിലും നിന്നു, ആർത്തു എഴ=ആലഭാരംചെയ്തു നില്ക്കയും, വാശവൻ മുതലിണർ=ഇന്ദ്രൻ തുടങ്ങിയുള്ളവർ, വണങ്കിവാഴ്ത്തുറ=തൊഴുതു വാഴ്ത്തുകയും, പൂശമും=പൂയം നക്ഷത്രവും, മീണമും=മീനരാശിയും, പൊലിയ=പ്രകാശിക്കയും ചെയ്തപ്പോൾ, മാശു അറു=ദോഷമകന്ന, കേകയൻ മാതു=കേകയരാജാവിന്റെ പുത്രിയായ കൈകേയി, മൈന്തനൈ നല്കിനാൾ=പുത്രനെ പ്രസവിച്ചു. ൨൮൩.

അ:—സുമിത്രാദേവിയിൽ ലക്ഷ്മണൻ അവതരിച്ചു.

284. തളൈയവിഴ്തരുവുടൈ ച്ചയിലകോപനും
കിളൈയുമന്തരമിശൈ കെഴമി യാർപ്പുറ
അളൈപുക മരവിനോ ടലവൻ വാഴ്വുറ
ഇളൈയവർ പയന്തന ളിളൈയ മെൻകൊടി.

പ:—തളൈ അവിഴ്=(പൂക്കൾ) കൊഴിഞ്ഞു വീഴുന്ന, തരുവുടൈ=കല്പകവൃക്ഷങ്ങൾ അധീനത്തിലുള്ള, ശയിലകോപനും=(ശൈലങ്ങളുടെ നേരെ കോപിച്ചു പക്ഷഛേദം ചെയ്ത) ഇന്ദ്രനും, കിളൈയും=ശാഖക്കാരും (ദേവന്മാരും), അന്തരമിശൈ കെഴമി=ആകാശമാൎഗ്ഗത്തിൽ വന്നുചേൎന്നു, ആർപ്പുറ=ആലഭാരം ചെയ്യുകയും, അളൈപുകും അരവിനോടു=പുററിൽ പൂകുന്ന പാമ്പിനോടുകൂടി, അലവൻ=ഞണ്ടും, വാഴ്വുറ=ആമോദിക്കയും ചെയ്കെ, ഇളൈയമെൻകൊടി=ഇളം പരുവത്തിലുള്ള സുമിത്രാദേവി, ഇളൈയവൻ പയന്തനൾ=ഇളയരാജാവിനെ പ്രസവിച്ചു.

ഭാ:—അരവമെന്നതു സൎപ്പദേവതയായ ആയില്യം നക്ഷത്രവും, അലവൻ എന്നതു ഞണ്ടിൻെറ രൂപത്തിലുള്ള കൎക്കടകരാശിയുമാകുന്നു. ജനനം കൎക്കടക ലഗ്നത്തിലും ആയില്യം നക്ഷത്രത്തിലുമാണെന്നു താല്പൎയ്യം.

൧൦൫.

അ:—സുമിത്രാദേവിയിൽതന്നെ ശത്രുഘ്നൻ അവതരിച്ചു.

285. പടങ്കിളർ പറലൈപാന്ത ളേന്തുപാർ
നടങ്കിളർ താമറൈ നവില നാടകം
മടങ്കലു മകമുമേ വാഴ്വി ണോങ്കിട
വിടങ്കിളർ വിഴിയിനാൾ മീട്ടു മീൻറനൾ.

പ:—പടങ്കിളർ=പടങ്ങൾ വിളങ്ങുന്ന, പറലൈ=പല തലകളോടുകൂടിയ, പാന്തൻ=പാമ്പ് (ആദിശേഷൻ), ഏന്തു=വഹിക്കുന്ന, പാർ=ഭൂമിദേവി, നടങ്കിളർതര=നടനം ചെയ്യുകയും, മറൈ നാടകം നവില്=വേദങ്ങൾ നൃത്തമാടുകയും, മടങ്കലും=സിംഹരാശിയും, മകമും=മഖം നക്ഷത്രവും, വാഴ്വിൻ ഓങ്കിട=ആമോദിച്ചുന്നതി പ്രാപിക്കയും ചെയ്യുമ്പോൾ, വിടംകിളർ വിഴിയിനാൾ=വിഷംപോലെ കറുത്ത മിഴികളിണങ്ങിയ സുമിത്രാദേവി, മീട്ടും ഈൻറനൾ=വീണ്ടും ഒരു പുത്രനെ പ്രസവിച്ചു.

൧൦൬

286\. ആടിണ രരമ്പൈയ രമുത വേഴിശൈ
പാടിണർ കിണ്ണർ തുവൈത്ത പല്ലിയം
വീടിണ രരക്കരെൻറുവക്കും വിമ്മലാം
ഓടിണ രുലവിണ രുമ്പർ മുററുമേ.

പ:— അരമ്പൈയർ=അപ്സരസ്ത്രീകൾ, ആടിണർ=നടനം ചെയ്തു, കിണ്ണർ=കിന്നരന്മാർ, അമുതം=കർണ്ണാമൃതമായ, ഏഴ് ഇശൈ പാടിണർ=സപ്തസ്വരങ്ങളെ പാടി, പല് ഇയം തുവൈത്ത=പല വാദ്യങ്ങളും മുഴങ്ങപ്പെട്ടു, ഉമ്പർമുററും=ദേവന്മാരെല്ലാം, അരക്കർ വീടിണർ എൻറു=രക്ഷസ്സുകൾ ഹതന്മാരായി എന്ന്, ഉവക്കും വിമ്മലാല്=സന്തോഷംകൊണ്ടുള്ള ഉന്മേഷത്താൽ, ഓടിണർ ഉലവിണർ=ഓട്ടകയും ഉലാത്തുകയും ചെയ്തു.

വി:— ഏഴിശൈ=കുരല്, തുത്തം, കൈക്കിളൈ, ഉഴൈ, ഇളി, വിളരി, താരം ഇവ ക്രമത്തിൽ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഈ സപ്തസ്വരങ്ങളുടെ തമിഴ്സ്സംജ്ഞകളാണ്. ഇവയുടെ ഉല്പത്തിസ്ഥാനങ്ങൾ ക്രമത്തിൽ കണ്ഠം, ജിഹ്വ, താലു, മൂർദ്ധാവ്, ലലാടം, ഹൃദയം, നാസിക ഇവയാകുന്നു. ഇവയുടെ രസങ്ങൾ ക്രമത്തിൽ പാൽ, തേൻ, തയിർ, നൈ, ഏലം, കദളിപ്പഴം, മാതളംപഴം ഇവകളെ തുല്യങ്ങളാകുന്നു. ഇവയുടെ മാത്രകൾ ക്രമത്തിൽ നാല്, നാല്, രണ്ട്, മൂന്ന്, നാല്, മൂന്ന്, രണ്ട്, എന്നിങ്ങിനെ പഴയ തമിഴ്സ്സംഗീതശാസ്ത്രഗ്രന്ഥങ്ങളിലും "ചതുശ്ചതുശ്ചതുശ്ചൈവ, ഷഡ്ജമദ്ധ്യമപഞ്ചമാഃ ദ്വേ ദ്വേ നിഷാദഗാന്ധാരൗ, ത്രി ത്രീ ഋഷഭധൈവതൗ" എന്നു സംഗീതരത്നാകരത്തിലും കാണുന്നുണ്ട്. എന്നാൽ ഇപ്പോൾ പ്രായോഗികമായി കാണുന്നതു് ഷഡ്ജം ഒന്ന്, ഋഷഭം രണ്ട്; (ശുദ്ധഋഷഭം ചതുശ്ശ്രുതിഋഷഭം) ഗാന്ധാരം രണ്ട് (സാധാരണ ഗാന്ധാരം അന്തരഗാന്ധാരം), മദ്ധ്യമം രണ്ട് (ശുദ്ധമദ്ധ്യമം പ്രതിമദ്ധ്യമം) പഞ്ചമം ഒന്ന്, ധൈവതം രണ്ട് (ശുദ്ധധൈവതം ചതുശ്ശ്രുതിധൈവതം), നിഷാദം രണ്ട് (കൈശികീനിഷാദം കാകളീനിഷാദം) ഇങ്ങിനെ പന്ത്രണ്ടു ശ്രുതികളായിട്ടാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുതന്നെ ഹാർമ്മോണിയത്തിലും പന്ത്രണ്ടു ശ്രുതിസ്ഥാനം കല്പിച്ചിരിക്കുന്നു. ൧൦൭.

287\. ഓടിണ രരശമാട്ടുവകൈ ക്രൂരനി
ൻറാടിണർ ശിലതിയ രത്തണാളർകൾ
ക്കൂടിണർ നാളൊട്ടു കോളു നിൻറമൈ
നാടിണ രുലകിണി നവൈയിൻറൻറണർ.

നാരായണൻ നായർ.



പ:—ശിലതിയർ=തോഴിമാരായുള്ളവർ, അരശൻമാട്ടു=രാജസന്നിധിയിൽ, ഓടിണർ=ഓടിച്ചെന്നു, ഉവകൈ കൂര=സന്തോഷം അധികരിച്ചതിനാൽ, നിൻറ ആടിണർ=നിന്നു കൂത്താടി, അന്തണാളർകാം=ജ്യൗതിഷികബ്രാഹ്മണർ, കൂടിണർ=വന്നുകൂടി, ണാളൊട്ടു കോളും=നക്ഷത്രങ്ങളും ഗ്രഹങ്ങളും, നിൻറമൈ=നിന്ന നിലകാം, നാടിണർ=വിചാരംചെയ്തു്, ഇണി=ഇനിമേൽ, ഉലകു=ലോകം, നവൈ ഇൻറ എൻറണർ=ദോഷമകന്നതാണെന്നു പറഞ്ഞു. ൧൦വ്യ.

288. മേടമാ മതിതിതി നവമി മീൻകഴൈ
നീടുറ മാലൈകർ കടക നീതിശേർ
ഓടൈമാ കളിറണാ ഌതയ രാശികോാം
നാടിണേ കാതശർ നാൽവ രുച്ചരേ.

പ:—നീതിശേർ=നീതിയിണങ്ങിയ, ഓടൈ=നെററിപ്പട്ടത്തോടുകൂടിയ, മാകളിറ അണ്ണാൻ=മഹിമകോലുന്ന ഗജത്തിന്നു സമാനനായ ശ്രീരാമമൂർത്തിയുടെ, ഉതയം=ജന്മലഗ്നം, കർകടകം=കൎക്കടകം, മാ=മഹിമ കലന്ന, മതി=മാസം, മേട =മേടം; തിതി നവമി=തിഥി നവമി; മീൻ=നക്ഷത്രം, കഴൈ=പുണർതം; മാല്=ബുധൻ, ഐ=(രാജസ്ഥാനമായ) പത്താമേടത്തിൽ, നീടുറം=ബലപ്പെട്ടു നില്ക്കുന്നു. കോാം=മററുള്ള ഗ്രഹങ്ങളായ, നാല്വർ=നാലുപേരെയും, നാടിൻ=ചിന്തിച്ചുനോക്കിയാൽ, രാശി=ചന്ദ്രലഗ്ന (കൎക്കടക)ത്തിന്റെ, ഏകാതശർ=ക്രമത്തിൽ പതിനൊന്നു പതിനൊന്നിന്നധിപന്മാരായവർ, ഉച്ചർ=അവരവരുടെ ഉച്ചസ്ഥാനങ്ങളിൽ നില്ക്കുന്നു.

ഭാ:—നെററിപ്പട്ടം കെട്ടിയ ഗംഭീരനായ ഗജത്തിനെപ്പോലെ നീതിനിഷ്ഠയെ പുരസ്കരിച്ചു നടക്കുന്നവനായ ശ്രീരാമമൂർത്തിയുടെ ജനനസമയത്തെയും ഗ്രഹസ്ഥിതികളെയും പറയുന്നു. മേടമാസം ശുക്ലപക്ഷ നവമി പുണർതം നക്ഷത്രം ചതുൎത്ഥപാദം. കൎക്കടകലഗ്നം ലഗ്നത്തിൽ ചന്ദ്രനും വ്യാഴവും തുലാത്തിൽ ശനി മകരത്തിൽ ചൊവ്വ മീനത്തിൽ ശുക്രൻ മേടത്തിൽ ആദിത്യനും ബുധനും നില്ക്കുന്നു.

വി:—പുണർതം നക്ഷത്രവും കൎക്കടകലഗ്നവുമായതുകൊണ്ടു് ലഗ്നത്തിൽ ചന്ദ്രനെന്നു കണ്ടു മാസം മേടമെന്നു പറഞ്ഞതുകൊണ്ടു ആദിത്യൻ മേടം രാശിയിലാണെന്നു കണ്ടു. "ഏകാതശർ നാല്വരുച്ചരേ" എന്നു പറഞ്ഞതുകൊണ്ടു ലഗ്നാൽ പതിനൊന്നാം ഭാവമായ ഇടവത്തിന്നധിപനായ ശുക്രനും ആ ഇടവത്തിന്റെ പതിനൊന്നാമേടമായ മീനത്തി

ന്നധിപനായ വ്യാഴവും ആ മീനത്തിൻെറ പതിനൊന്നാമേടമായ മകരത്തിന്നധിപനായ ശനിയും ആ മകരത്തിൻെറ പതിനൊന്നാമേടമായ വൃശ്ചികത്തിന്നധിപനായ ചൊവ്വയും യഥാക്രമം മീനം കർക്കടകം തുലാം മകരം എന്ന തങ്ങൾ തങ്ങളുടെ ഉച്ചസ്ഥാനങ്ങളിൽ നില്ക്കുന്നതായി കണ്ടു. പന്ത്രണ്ടു രാശികളിലും യാതൊരു സ്ഥാനവും കല്പിക്കപ്പെട്ടിട്ടില്ലാത്ത ഛായാഗ്രഹങ്ങളാകയാലായിരിക്കാം രാഹുകേതുക്കളെ ഈ ജാതകക്കുറിപ്പിൽ ഉൾപ്പെടുത്താതിരുന്നത്.

ഭഗവാൻ വാല്മീകി മുനിയാകട്ടെ ഇങ്ങിനെ ജാതകം കുറിച്ചിരിക്കുന്നു.

ശ്ലോകം:—

..................ചൈത്രേനാവമികെ തിഥൌ ॥

നക്ഷത്രേഽദിതിദൈവത്യേ സ്വോച്ചസംസ്ഥേഷു പഞ്ചസു ॥

ഗ്രഹേഷുകർക്കടേ ലഗ്നേ വാക്പതാവിന്ദുനാസഹ ॥

ഭാ:—ചൈത്രമാസത്തിൽ നവമി തിഥി. പൂയം നക്ഷത്രം. അഞ്ചു ഗ്രഹങ്ങളുച്ചം, കർക്കടകലഗ്നം, ലഗ്നത്തിൽ ചന്ദ്രനോടുകൂടി വ്യാഴം.

ഇതിൽ വ്യാഴചന്ദ്രന്മാരുടെ സ്ഥിതി മാത്രം പറഞ്ഞ് മററ ഗ്രഹസ്ഥിതി ഊഹിച്ചറിയേണ്ടതിന്നായി വിട്ടിരിക്കയാണ്. ചൈത്രമാസമാകയാൽ സൂര്യൻ മേടത്തിൽ ഉച്ചസ്ഥനാണെന്നും ബുധൻ എപ്പോഴും രവിയുടെ സമീപസ്ഥനായി (മുന്നിലോ പിന്നിലോ മൂന്നു രാശികളിലധികമികലാതെ) നില്ക്കുമെന്ന നിയമമുള്ളതുകൊണ്ട് സ്വോച്ചസ്ഥാനമായ കന്നിരാശിയിലിരിപ്പാനവകാശമില്ലാത്തതിനാൽ ഉച്ചസ്ഥനല്ലെന്നും കാണാം. ഈ പറഞ്ഞ നാലു ഗ്രഹങ്ങളിൽ ചന്ദ്രനും ബുധനും ഉച്ചസ്ഥന്മാരല്ലെന്നു കണ്ടു കഴിഞ്ഞതിനാൽ ശേഷമുള്ള രവികുജ ഗുരുശുക്രമന്ദന്മാരായ അഞ്ചു ഗ്രഹങ്ങളാണുച്ചസ്ഥന്മാരെന്നു തെളിവായി. രവിയും ഗുരുവും ഉച്ചസ്ഥന്മാരാണെന്നു വന്നിരിക്കെ മററ മൂന്നു ഗ്രഹങ്ങളെ മാത്രം ഉച്ചസ്ഥന്മാരെന്നു പറയാതെ "സ്വോച്ചസംസ്ഥേഷു പഞ്ചസു" എന്നു പറഞ്ഞിട്ടുള്ളത്,

ശ്ലോകം:—

ഏകഗ്രഹോച്ചജാതസ്യ സർവ്വാരിഷ്ടവിനാശനം

ദ്വിഗ്രഹോച്ചേതു സാമന്ത സ്ത്രിഗ്രഹോച്ചേ മഹീപതിഃ

ചതുർഗ്രഹോച്ചേസമ്രാട് സ്യാല്പഞ്ചോച്ചേലോകനായകഃ

എന്ന ഫലനിർദ്ദേശത്തെ ഉദ്ദേശിച്ചാണ്. ബുധൻെറ സ്ഥിതി പറകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ "കേശവീയ ജാതകപദ്ധതി" എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ കാണുന്നു.

ശ്ലോകം:—

ഹിമാംശോർഭ്രേംഗേ ബ്ജാ സുരഗുരുരിപൌരാഹുരനുജേ
ബ്ധിഗോമന്ദ: പുണ്യേ ശിഖിയുഗുശനാ സ്തേ വനിസുതഃ
രവൌ ഖസ്ഥേ സൌമ്യേശിവഭവനഗേ മാസിമധുകേ
സിതേ മദ്ധ്യാഹ്നേ ƒഭൂദ്രഘുവരജനിർവ്വിശ്വസുഖദാ.

ഭാ:—കൎക്കടകലഗ്നം ലഗ്നത്തിൽ വ്യാഴചന്ദ്രന്മാർ മൂന്നിൽ രാഹു നാലിൽ ശനി ഒമ്പതിൽ കേതുവും ശുക്രനും, ഏഴിൽ ചൊവ്വ പത്തിൽ ആദിത്യൻ, പതിനൊന്നിൽ ബുധൻ, (ഇങ്ങിനെയുള്ള ഗ്രഹസ്ഥിതിയോടുകൂടിയ) മേടമാസത്തിൽ ശുക്ലപക്ഷത്ത് (നവമിയിൽ) മദ്ധ്യാഹ്നസമയത്ത് ലോകങ്ങൾക്കെല്ലാം സുഖപ്രദമായ രഘുവരന്റെ അവതാരം ഭവിച്ചു.

മേൽ കാണിച്ച ജാതകക്കുറിപ്പുകളിൽ കമ്പർ സപ്തഗ്രഹങ്ങളുടേയും സ്ഥിതികളേയും കാണിച്ചു. വാത്മീകിയുടെ കുറിപ്പിൽനിന്ന് ആറ ഗ്രഹങ്ങളുടെ സ്ഥിതികൾ മാത്രമെ അറിവാൻ കഴിയുന്നുള്ളു. ബുധന്റെ സ്ഥിതി അറിയുന്നില്ല. പിന്നെ മേൽകാണിച്ച ജാതകപദ്ധതിയിലെ കുറിപ്പിനെ നോക്കുമ്പോൾ ബുധൻ പതിനൊന്നിലാണ്. കമ്പരോ പത്തിലാണെന്നും പറഞ്ഞിരിക്കുന്നു. ദൈവജ്ഞകോടിയിൽ പ്രാമാണ്യം സിദ്ധിച്ച കേശവദൈവജ്ഞനും കവിചക്രവൎത്തിയായ കമ്പൎക്കും തമ്മിൽ ഭിന്നാഭിപ്രായമുണ്ടായി കാണുന്നതിനേ ഇപ്പോൾ ഗണിച്ചു നിൎണ്ണയിക്കുന്നതു ലഘുസാദ്ധ്യമല്ല. ഫഠൻ.

289. എൻറണർ ശാതക മീശർ ക്കേയ്യൈയർ
തൻറണ ക്കുന്തകു മുറൈയിററാൻററി
ന്തൊൻറിയ തമണിയ ത്തെഴുതി യോതിണാർ
വൻറിറർ ശുരർകുരു വാഴ്ത്തെടുപ്പവേ.

പ:—(ദൈവജ്ഞന്മാർ) വല്തിറല്=(ജ്യോതിഷത്തിൽ) ഏററവും വൈദഗ്ദ്ധ്യമുള്ള, ശുരർകുരു=ബൃഹസ്പതിയും, വാഴ്ത്തെടുപ്പ=അഭിനന്ദിക്കുംവണ്ണം, ഈശർക്കു=സൎവ്വേശ്വരനായ ശ്രീരാമദേവന്ന്, ശാതകം എൻറണർ=ജാതകം ഇതാണെന്നു പറഞ്ഞു. (പിന്നെ) ഏ യ്യൈയർ തൻ തണക്കും=മററുള്ള (മൂന്നു പേർ) ഓരോരുത്തൎക്കും, തകു മുറൈയിൽ തെരിന്തു=വേണ്ടുംവണ്ണം വിചാരം ചെയ്ത്, ഒൻറിയ=തക്കതായ, തമനിയത്തു=തപനീയത്തിൽ, (സ്വൎണ്ണത്തകിട്ടിൽ) എഴുതി ഓതിണാർ=എഴുതിതീൎത്തു (എഴുതി വായിച്ചു.) ഫഥം.

290. മാമുനി തന്നൊടു മന്നർ മന്നവൻ
ഏമുറ പ്പുനല് പടീഇ വിത്തൊടിൻ പൊരുൾ
താമുറ വഴങ്കിവെൺ ശങ്കമാർപ്പുറ
കോമകർ തിരുമുകങ്കുറുകി നോക്കിനാൻ.

പ:—മന്നർ മന്നവൻ=(ഇങ്ങിനെജ ാതകമെഴുതി വായിച്ചതുകേട്ടു സന്തുഷ്ടനായ) ദശരഥമഹാരാജാവു്, മാമുനി തന്നൊടും=വസിഷ്ഠമഹർഷിയോടുകൂടെ ചെന്നു്, ഏമുറ=സുഖമുണ്ടാവാനായി, പുനല് പടീഇ=സരയൂനദീജലത്തിൽ സ്നാനം ചെയ്തു്, വിത്തൊടു=വിത്തോടു (നെല്ലോടു) കൂടെ, ഇൻ പൊരുൾ=മധുരദ്രവ്യങ്ങളേയും, ഉറ വഴങ്കി=ധാരാളം (വര) ദാനം ചെയ്തു്, വെൺ ശങ്കം ആർപ്പുറ=വെണ്മ കോലുന്ന മംഗളശംഖധ്വനി മുഴങ്ങിക്കൊണ്ടിരിക്കെ, കുറുകി=വന്നു്, കോമകർ തിരുമുകം=രാജകുമാരന്മാരുടെ തിരുമുഖങ്ങളെ, നോക്കിനാൻ=കണ്ടു. ൨൯൦.

291. ഇറൈതവിർ ന്തിടുകപാർ യാണ്ടോരേഴ്നിതി
നിറൈതരു ശാലൈതാ ണീക്കി യാവൈയും
മുറൈകെട വറിയവർ മുകന്തു കൊൾകെനാ
അറൈപറൈ യെൻറന നരശർ കോമകൻ.

പ:—പാർ=പാരിലുള്ളവർ (നാട്ടുകാർ), യാണ്ടു ഓർ ഏഴ്=ഒരേഴാണ്ടുവരെക്കും, ഇറൈ തവിർന്തിടുക=കരം കൊടുക്കേണ്ടതില്ല; നിതി നിറൈതരു=ദ്രവ്യം നിറഞ്ഞിരിക്കുന്ന, ശാലൈ=ശാലയുടെ (ഭണ്ഡാരത്തിന്റെ), താഴ് നീക്കി=പൂട്ടു തുറന്നു, യാവൈയും=(അതിലുള്ള) ദ്രവ്യം മുഴവനും, വറിയവർ=ദരിദ്രന്മാർ, മുറൈകെട=ക്രമം കൂടാതെ, കൊൾക=കവന്നുകൊള്ളട്ടെ. എനാ=എന്നു ചൊല്ലി, പറൈ അറൈ എൻറനൻ=പറയടിപ്പിനെന്നു; അരശർകോമകൻ=ചക്രവത്തി, കട്ടളെയിട്ടാൻ=ആജ്ഞാപിച്ചു. ൨൯൧.

292. പടൈയൊഴിന്തിടുകതം പതികളേയിനി
വിടൈപെറുക മുടിവേന്തർ വേതിയർ
നടൈയുറ നിയമമു നവൈയിൻറാകുക
കടവുളർ വിഴവൊടു കളിപ്പ വെങ്കണും.

പ:—പടൈ=പോർത്തൊഴിൽ, ഒഴിന്തിടുക=നിർത്തിവെക്കപ്പെടട്ടെ; മുടിവേന്തർ=കിരീടാധിപതികളായ രാജാക്കന്മാർ, ഇനി=ഇനിമേൽ, തം പതികളേ=തങ്ങടെ നാടുകളിലേക്കുതന്നെ, വിടൈപെറുക=വിടവഴ

ങ്ങിപ്പോയ്ക്കൊള്ളട്ടെ; വേതിയർ=ബ്രാഹ്മണന്മാരുടെ, നടൈ ഉറ നിയമമും=നടന്നുവരുന്ന (ജപഹോമാദി) നിയമങ്ങളും, നവൈ ഇൻറ ആകുക=വീഴ്ച്ചവരാതെ നടക്കട്ടെ; എങ്കണും=എങ്ങും, കടവുളർ=ദേവന്മാർ, വിഴവോടു=ഉത്സവങ്ങളോടുകൂടെ, കളിക്ക=പ്രസാദിക്കുമാറാകട്ടെ. ൨൱൯൨

293. ആലൈയം പുതുക്കുക വന്തണാളർതം
ശാലൈയു ഞ്ചതുക്കമുഞ്ച മൈക്ക ശന്തിയും
കാലൈയും മാലൈയുങ് കടവുളർക്കണി
മാലൈയു ന്തീപമും വഴങ്ക കെൻറനൻ.

പ:—ആലൈയം പുതുക്കുക=ദേവാലയങ്ങളെ ജീർണ്ണോദ്ധാരണം ചെയ്യട്ടെ; അന്തണാളർ ശാലൈയും=ബ്രാഹ്മണരുടെ (ഇജ്യാദ്ധ്യയനാദികൾ നടത്തുന്ന) ശാലകളും, ചതുക്കമും=ചതുഷ്ഫങ്ങളും (നാലു വഴി കൂടുന്ന സ്ഥലത്തു വേണ്ടുന്ന മണ്ഡപങ്ങൾ), ശമൈക്ക=നിർമ്മിക്കപ്പെടട്ടെ; ശന്തിയും=(പ്രാതർമ്മദ്ധ്യാഹ്നസായം) സന്ധ്യകളിലും, കാലൈയും=കാലത്തും (പൂർവ്വാഹ്നത്തിലും), മാലൈയും=വൈകുന്നേരവും (അപരാഹ്നത്തിലും), കടവുളർക്കു=ദേവന്മാക്ക്, അണി=അലങ്കാരമായ, മാലൈയും=മാലയും, തീപമും=വിളക്കും, വഴങ്കുക=ഏല്പ്പെടുത്തേണം, എൻറനൻ=എന്നാജ്ഞാപിച്ചു. ൨൱൯൩

294. എൻപുഴി വള്ളുവർ യാണൈ മീമിശൈ
നൻപറൈ യറൈന്തനർ നകരമാന്തരും
മിൻപിറഴ് നകപ്പിനർ താമും വിമ്മലാല്
ഇൻപമെൻറളക്കരു മളക്കരെതിനാർ.

പ:—എൻ പുഴി=എന്നു ചക്രവർത്തി കല്പനകൊടുത്തപ്പോൾ, വള്ളുവർ=വള്ളുവന്മാർ, യാണൈ മീമിശൈ=ആനപ്പുറത്തു കരേറി, നൻ പറൈ അറൈന്തനർ=മംഗളകരമായ ഭേരി മുഴക്കി; (അതുകേട്ട) നകരമാന്തരും=നഗരവാസികളായ പുരുഷന്മാരും, മിൻ പിറഴ് നകപ്പിനർ=മിന്നൽക്കൊടിയിടമാരായ തരുണികളും, വിമ്മലാല്=ആവേശമിയന്നതിനാൽ, ഇൻപം എൻറ=ആനന്ദമാകുന്ന, അളക്ക അരു=(ഇത്രയെന്നു) അളക്കുവാനരുതാത്ത, അളക്കർ=അർണ്ണവത്തിൽ, എയ്തിനാർ=മുഴുകി. ൨൱൯൪

295. ആർത്തനർ മുറൈ മുറൈ യൻപിനാ ലുടല്
പോർത്തണ പുളകം വേർ പൊടിത്ത നീണിതി
തുർത്തണ രെതിരെതിർ ശൊല്ലിനാർക്കെലാം
തീർത്തണെൻററിന്തതോ വവർതച്ചിന്തെയേ.

പ:—(ഇങ്ങിനെ ആനന്ദപരവശന്മാരായവർ) മുറൈ മുറൈ=വരിവരിയായ്നിന്നു്, ആർത്തനർ=ആർപ്പുവിളിച്ചു; അൻപിനാല്=പ്രീതിഭാരത്താൽ, ഉടല്=(അവരുടെ) അംഗങ്ങൾ, പുളകം പോർത്തന=രോമാഞ്ചത്താൽ മൂടപ്പെട്ടു; വേർ പൊടിത്ത=വിയർപ്പുപൊടിഞ്ഞു; എതിർ എതിർ=നേരിൽ നേരിൽവന്നു, ശൊല്ലിനാർക്ക എലാം=(ഈ സന്തോഷവൃത്താന്തം) പറഞ്ഞവക്കെല്ലാം, നീൾ നിതി തൂർത്തനർ=അമിതമായ ദ്രവ്യദാനം ചെയ്തു; (അവർ അങ്ങിനെ ചെയ്തത്) അവർ ശിന്തൈ=അവരുടെ മനസ്സ്, തീർത്തൻ എൻറ അറിന്തതോ=(ഇപ്പോൾ അവതാരം ചെയ്തവൻ) തീർത്ഥ (പരിശുദ്ധനായ ശ്രീനാരായണ) നാണെന്നറിഞ്ഞതുകൊണ്ടുതന്നെയോ (എന്നറിഞ്ഞുകൂടാ.)

വി:—ഇവനെക്കാൾ പരിശുദ്ധനായി എന്നും എവിടെയും ഒരുവൻ ഇല്ലാത്തതിനാൽ "തീർത്തൻ" എന്നതിന്നു ശ്രീനാരായണനെന്നു് അൎത്ഥം കല്പിച്ചിരിക്കുന്നു. "അൻപിനാല്" എന്നതുകൊണ്ടു് മനസ്സ്, "ആർത്തനർ" എന്നതുകൊണ്ടു വാക്ക്, "ഉടല് പുളകം പോർത്തന" എന്നതുകൊണ്ടു ശരീരം ഇങ്ങിനെ ത്രികരണങ്ങൾക്കും ആനന്ദാനുഭൂതി ലഭിച്ചതായറിയുന്നു. ൨൯൫.

296. പണ്ണെയ്യു മായമുന്തിരളും പാങ്കരും
കണ്ണകൻറിരുനകർ കളിപ്പു കൈമികു
ന്തെണ്ണെയും കളപമു മിഴതു നാണമും
ചുണ്ണമും തൂവിണ വീതി തോറുമേ.

പ:—പണ്ണെയും=കാമിനീസമൂഹവും, ആയമും=ആളീജനസഞ്ചയവും, തിരളും=പുരുഷവ്യൂഹവും, പാങ്കരും=സഖാക്കളുടെ സമുദായവും ചേൎന്നു, കൺഅകല് തിരുനകർ=വിശാലമായ അയോദ്ധ്യാനഗരം, കളിപ്പു കൈ മികുന്തു=സന്തോഷം അതിർകവിഞ്ഞ്, (തന്നിവാസികൾ) എണ്ണെയും=എണ്ണയും, കളപമും=ചന്ദനക്കൂട്ടും, ഇഴതും=നെയ്യും, നാണമും=കസ്തൂരിയും, ചുണ്ണമും=സുഗന്ധചൂൎണ്ണവും, വീതിതോറും=വീഥികൾതോറും, തൂവിണർ=തൂകി (വിതറി) ൨൯൬

വൃത്തം മാറി.

297. ഇത്തകൈ മാനക രീരറു നാളും
ശിത്തമുവങ്കളി യോടു ശിറന്തേ
തത്തമൈ യൊൻറു മുണർന്തില താവാ
മെയ്ത്തവ നാമം വിതിപ്പ മതിത്താൻ.

പ:—ഇത്തകൈ=ഇപ്രകാരം, മാനകർ=മഹിമയും വൈപുല്യവുമുള്ള നഗരം (അതിലെ നിവാസികൾ), ഈരറനാളം=പന്ത്രണ്ടു ദിവസംവരേക്കും, ശിത്തം=തങ്ങളുടെ മനസ്സിൽ, ഉറം=പെരുകുന്ന, കളിയോടു=ഉന്മേഷത്തോടുകൂടെ, ശിറന്തു=അഹങ്കരിച്ച്, തത്തമൈ=തങ്ങൾ തങ്ങളെ, ഒൻറം=ഒട്ടും, ഉണർന്തില=ഉണരാതിരുന്നു, (ഇങ്ങിനെയിരിക്കുമ്പോൾ) താവാ=ദോഷമണയാത്ത, മെയ്തവൻ=ശുദ്ധതപസ്സ് (വസിഷ്ഠമഹർഷി), നാമംവിതിപ്പ=(ആ രാജകുമാരന്മാൎക്ക്) നാമകരണം ചെയ്വാൻ, മതിത്താൻ=വിചാരിച്ചു. "ദോധകം" വൃത്തംപോലെ. ൧൯൭.

അ:—ഇതുമുതൽ നാലു വിരുത്തങ്ങളാൽ നാമകരണം പറയപ്പെടുന്നു.

298\. കരാമലൈ യത്തളർ കയ്ക്കരി യെയ്ത്തേ
അരാവണൈ യിററയില് വോയെന വന്നാൾ
വിരാവി യളിത്തരുൺ മെയ്പ്പൊരുളുക്ക
ഇരാമ ണെനപ്പെയ രീയ്ന്തന ണൻേറ.

പ:—കരാ=മുതല, മലൈയ=പോർ ചെയ്തതിനാൽ, തളർ=തളൎന്ന, കൈക്കിരി=ആന, എയ്ത്തു=മെലിഞ്ഞ്, അരാ അണൈയിൻ തുയില് വോയ്=ഭുജഗശയനത്തിൽ യോഗനിദ്ര ചെയ്യോനേ, എന=എന്നു (ആഹ്വാനം ചെയ്ത), അന്നാൾ=അക്കാലത്തിൽ, വിരാവി=അതിന്നരികെ വന്ന്, അളിത്തരുൾ=കാത്തരുളിയ, മെയ്പ്പൊരുളുക്കു=പരമാൎത്ഥവസ്തുവിന്നു (ശ്രീനാരായണന്ന്), ഇരാമൻ എന=രാമൻ എന്നു, പെയർ ഈയ്ന്തനൻ=തിരുനാമം കല്പിച്ചു. ൧൯൮.

299\. കരതല മുറെറാളിർ നെല്ലി കടപ്പ
വിരത മറൈപ്പൊരുൺ മെയ്നെറി കണ്ട
വരത നുതിത്തിട മറൈറയ വൊളിയൈ
പരത ണെനപ്പെയർ പണ്ണിണ ണൻേറ.

പ:—കരതലം ഉററ=ഉള്ളങ്കയ്യിലിരുന്നു, ഒളിർ=വിളങ്ങുന്ന, നെല്ലി=നെല്ലിക്കാ, കടപ്പ=തുല്യമായി, വിരതം=(അല്പാഹാരം തൊട്ടുള്ള) വ്രതാദികളെ പ്രതിപാദിക്കുന്ന, മറൈപ്പൊരുൾ=വേദാൎത്ഥമായ, മെയ്നെറി=സത്യമൂൎത്തിയാൽ, കണ്ട=അറിഞ്ഞ, വരതൻ=വേണ്ടുന്നവൎക്കു വരം കൊടുക്കുന്നവൻ, ഉതിത്തിട=അവതരിച്ചതിനാൽ, മറൈറ അ ഒളിയൈ=ആ (അതിൻെറ അംശമായവതരിച്ച) മററൊരു തേജസ്സിന്നു, പരതൻ എന=ഭരതനെന്നു, പെയർ പണ്ണിണൻ=തിരുനാമമിട്ടു. ൧൯൯.

300. ഉലക്കുണർ വഞ്ചക രുമ്പരു മുയ്ന്താർ
നിലക്കൊടി യുന്തുയർ നീത്തണലിന്ത
വിലക്കരു മൊയ്മ്പിൻ വിളങ്ങ്കൊളി നാമം
ഇലക്കുവ ണെണ്ണ വിശൈത്തന ണൻെറ

പ:—വഞ്ചകർ=വഞ്ചനാശീലന്മാരായ രാക്ഷസന്മാർ, ഉലക്കുണർ=മരിക്കുന്നു, (അതുകാരണം) ഉമ്പരും=ദേവന്മാരും, ഉയ്ത്താർ=ജീവിച്ചു; നിലക്കൊടിയും=ഭൂമിദേവിയും, തുയർ നീത്തണം=സന്താപമൊഴിച്ചു, ഇന്ത-ഇക്കാണുന്ന, വിലക്കു അരു=ആരാലും ഒഴിച്ചുകൂടാത്ത, മൊയ്മ്പിൻ=വീര്യത്തോടുകൂടി, വിളങ്ങ്കു=വിളങ്ങുന്ന, ഒളി=ജ്യോതിസ്സിൻെറ, നാമം=തിരുനാമം, ഇലക്കുവൻ എണ്ണ=ഇലക്കുവൻ (ലക്ഷ്മണൻ) എന്നു, (വസിഷ്ഠമുനി) ഇശൈത്തനൻ=അരുളംചെയ്തു. ൧൨൧.

301. മുത്തുരു ക്കൊണ്ടുശെമ്മുളരി യലർന്താല്
ഒത്തിരു ക്കുമ്മെഴിലുടൈയവി വ്വൊളിയാല്
എത്തിരു ക്കുങ്കെടുമെൻപതൈ യെണ്ണാ
ശത്തുരു ക്കണ്ണെണച്ചാത്തിണ ണാമം.

പ:—മുത്തു=മുത്തുകാം, ഉരുക്കൊണ്ടു=പുരുഷാകാരം പൂണ്ടു, ചെമ്മുളരി അലർന്താല് ഒത്തു=ചെന്താമരപ്പൂ വിരിഞ്ഞതിന്നു സമാനമായി, ഇരുക്കും=ഇരിക്കുന്ന, എഴില് ഉടൈയ=സൌന്ദര്യത്തോടുകൂടിയ, ഇവ്വൊളിയാല്=ഈ തേജസ്സിനാൽ, (ലോകത്തിന്നു നേരിട്ടിട്ടുള്ള) എത്തിരുക്കും കെടും എമ്പതൈ=ഏതു ദോഷവും തീരുമെന്നുള്ളതിനെ, എണ്ണാ=ആലോചിച്ചു, ശത്തുരുക്കൻ എണ=ശത്തുരുക്കൻ (ശത്രുഘ്നൻ) എന്നു, നാമം ശാത്തിണൻ=പേർ വിളിച്ചു.

വി:—ശത്രുഘ്നൻ വെളുത്ത നിറത്തോടുകൂടിയവനാകയാൽ "മുത്തുരുക്കൊണ്ടു" എന്നും മുഖം, വായ, കണ്ണ്, കയ്യ്, കാൽ എന്നീ അംഗങ്ങളം ചെന്താമരമലരിൻെറ ശോഭയെ വഹിക്കുന്നതിനാൽ "ശെമ്മുളരി അലർന്താല് ഒത്തു" എന്നും കാണിച്ചിരിക്കുന്നു. ശത്രുക്കളെ ഹനിച്ചു ലോകബാധാരൂപമായ ദോഷം തീർക്കുന്നവനാകയാൽ ഇങ്ങിനെ നാമകരണം ചെയ്തു. ൧൨൨.

302. പൊയ്വഴി യിൻ മുനി പുകററു മറൈയാല്
ഇവ്വഴി പെയർ കളിശൈത്തുഴി യിറൈവൻ
കൈവഴി നിതിയെങ്ങു ന്തികളലെ മറൈയോർ
മെയ്വഴി യുവരി നിറൈത്തന മേൻമേല്.

പ:—പൊയ്‌വഴി ഇല്=അസത്യമാൎഗ്ഗത്തിൽ പ്രവേശിക്കാത്ത, മുനി=വസിഷ്ഠൻ, പുകല്‌തരു=ഉപദേശിച്ചിട്ടുള്ള, മറൈയാല്=വേദവിധി പോലെ, ഇവ്വഴി=ഈ വിധം, പെയർകാം ഇശൈത്തുഴി=(നാലു കുമാരന്മാൎക്കും) പേർ വിളിച്ചപ്പോൾ, ഇറൈവൻ=ചക്രവൎത്തി, കൈ=തൻെറ കൈകളിൽനിന്നു, വഴി=വഴിഞ്ഞൊഴുകുന്ന, നിതി നതി=ദ്രവ്യനദികളാൽ, കലൈമറൈയോർ=കലാജ്ഞന്മാരായ ബ്രാഹ്മണരുടെ, മെയ്‌വഴി=യഥാൎത്ഥസന്തതിയാകുന്ന, ഉവരി=സമുദ്രത്തെ, മേല് മേല് നിറൈത്തനൻ=മേല്ക്കുമേൽ നിറച്ചു.

ഭാ:—സമുദ്രംപോലെ വന്നുനിറഞ്ഞ ബ്രാഹ്മണൎക്ക് അപരിമിതമായ ധനം ദാനംചെയ്തു സന്തൃപ്തി വരുത്തി. ഗ-വ-മ-.

303\. കാവിയു മൊളിർതരു കമലമുമെണവേ
ഓവിയവെഴിലുടൈ യൊരുവനൈ യലതോർ
ആവിയു മുടലമു മിലതെണ വരുളിൻ
മേവിണ നുലകുടൈ വേന്തർ തം വേന്തൻ.

പ:— കാവിയും=നീലോല്പലങ്ങളും, ഒളിർതരു=(അവററിന്നിടക്കിടെ) വിളങ്ങുന്ന, കമലമും=ചെന്താമരപ്പൂക്കളും, എണ=(കലൎന്നിരിക്കുന്നു) എന്നു പറയത്തക്കവണ്ണം, ഓവിയം=ചിത്രമെഴുത്തിനാലുണ്ടായ, എഴില് ഉടൈ=സൌന്ദൎയ്യത്തോടുകൂടിയ, ഒരുവനൈ അലതു=നിരുപമനായ ശ്രീരാമസ്വാമിയെ ഒഴിച്ചു, ഓർ ആവിയും ഉടലമും=ഒരു ജീവനും ശരീരവും, ഇലതു എണ=ഇല്ലെന്നുള്ള നിലയിൽ, ഉലകു ഉടൈ=ലോകത്തെ തൻെറ അധീനത്തിൽ വെച്ചിരിക്കുന്ന, വേന്തർ തം വേന്തൻ=ചക്രവൎത്തി, അരുളിൻ മേവിണൻ=(അവനിൽ) അമ്പോടു കൂടിയിരുന്നു. ഗ-വ-ൎ.

304\. അമിർതുക കുതലൈയൊ ടണി നടൈപയിലാ
തിമിരമ തറവരു തിണ കര ണെണവും
തമരമ തുടൻവളർ ശതുമറൈ യെണവും
കുമരർക ണിലമകൾ കുറൈവറ വളർ നാൾ.

പ:—കുമരർകൾ=ഈ രാജകുമാരന്മാർ നാല്‌വരും, അമിർതു ഉകു=അമൃതു പൊഴിയുന്ന, കുതലൈയൊടു=കൊഞ്ചും മൊഴികളോടുകൂടി, അണി നടൈ പയിലാ=കൌതുകമായ നട പഠിച്ച്, തിമിരമതു അറവരു=ഇരുൾ നീങ്ങുമാറാക്കുന്ന, തിണകരൻ എണവും=സൂൎയ്യനെന്നപോലെയും, തമരമതുടൻ വളർ=സ്വരങ്ങളുടെ ധ്വനിയോടുകൂടി വൃദ്ധിയെ പ്രാപിക്കുന്ന,

ശത്രുമറൈ എണവും=ചതുർവ്വേദങ്ങൾപോലെയും, നിലമകൾ=ഭൂമിദേവിയു ടെ, കുറൈവു അറ=കുറവുകൾ (ദോഷങ്ങൾ) തീരുംവണ്ണം, വളർ നാൾ= വളൎന്നുവരും കാലത്ത്.

വി:—ഈ രാജകുമാരന്മാർ ഓരോരുത്തരും അരികളാകുന്ന ഇരുളി നെ ഉന്മൂലനം ചെയ്യുന്നവരാകയാൽ "തിമിരമതറ വരുതിണകരൻ" എ ന്നു പ്രയോഗിച്ചിരിക്കുന്നു. കുമാരന്മാർ നാല്വരാകയാൽ ചതുർവേദങ്ങ ളോടുപമിച്ചിരിക്കുന്നു. വേദവിഹിതങ്ങളായ സ്വരങ്ങൾ ഉദാത്തം, അനു ദാത്തം, സ്വരിതം, പ്രചിതം ഇങ്ങിനെ നാലാകുന്നു. ഈ സ്വരഭേദങ്ങളാ ൽ വേദത്തിൽ അൎത്ഥഭേദങ്ങളെ വൎദ്ധിപ്പിച്ചിരിക്കയാൽ "തമരമതുടൻ വ ളർ" എന്നു പറഞ്ഞിരിക്കുന്നു. ൩൦൪.

305. ചവുളമോ ടുപനയം വിതിമുറൈ തരുകു
ററിവളവ തെണ വൊരു കരൈപിറിതിലവാ
ഉവൾതരു മറൈയിണൊ ടൊഴിവറ കലൈയും
തവൾമതി പുണൈയര ണികർമുണി തരവേ.

പ:—ചവുളമോടു ഉപനയം=ചൌളം ഉപനയനം എന്നീ രണ്ടു സംസ്കാരങ്ങളും, വിതിമുറൈ=വേദവിധിപ്രകാരം, തരുകുററ=ചെയ്ത്, ഉ വൾ തരു മറൈയിണൊടു=വിളങ്ങുന്ന വേദങ്ങളോടുകൂടെ, ഒഴിവു അറ= ഒഴിച്ചുകൂടാത്ത, കലൈയും=മററ കലകളെയും, തവളം മതി പുണൈ= വെൺമതിയണിഞ്ഞ, അരൻ=ഹരനോടു, നികർ=തുല്യനായ, മുനി=വ സിഷ്ഠൻ, തര=ഉപദേശിക്കയാൽ, ഇവ്വളവതു എണ=ഇന്ന വിധമുള്ളതെ ന്നു പറയുവാൻ, ഒരുകലൈ പിറിതു ഇല=(അവർ പഠിച്ചിട്ടില്ലാത്ത) മ റെറാരു വിദ്യയും ഉണ്ടായിരുന്നില്ല.

ഭാ:—രാമാദികൾക്കു ക്ഷത്രിയകുലോചിതങ്ങളായ ജാതകൎമ്മാദി ഷോ ഡശസംസ്കാരങ്ങളിൽ ക്രമപ്രാപ്തങ്ങളായ ചൂഡാകരണവും ഉപനയനവും നടത്തിയതിന്നു ശേഷം കുലഗുരുവായ വസിഷ്ഠമഹൎഷി യഥാർഹം വേദ ങ്ങളും മററ കലകളും ഉപദേശിച്ചു. ൩൦൫.

306. യാണൈയു് മിരതമു മിവുളിയു മുതലാ
എണൈ യ പിറവുമവ്വിയല്പിണി ണടൈയു
റവുണറ പടൈ പല ശിലൈയൊടു പയിലാ
വാണവർ തണിമുതല്കിളൈയൊടു വളര.

പ:—വാണവർ=ദേവന്മാൎക്കു, തണിമുതല്=അപ്രതിമപ്രമുഖനായ

ശ്രീരാമസ്വാമി, കിളൈയൊടു=അനുജന്മാരോടുകൂടി, യാനൈയും=ആന യേററം, ഇരതമും=തേരേററം, ഇവുളിയും=കുതിരയേററം, മുതലാ=മുതലായ, ഏനൈയ പിറവും=മററുള്ള കലകളും, അപ്പിയല്പിനിൻ=അവക്കൊത്ത വിധത്തിൽ, അടൈയുററ=ഗ്രഹിച്ച്, ഊൻ ഉറ=(വൈരികളുടെ) മാംസത്തെ ബാധിക്കത്തക്ക, പല പടൈ=അനേകം ആയുധവിദ്യകളെ, ശിലൈയോടു=ധനുർവ്വിദ്യയോടുകൂടി, പയിലാ=അഭ്യസിച്ചു, വളര=വളൎന്നു വരുമ്പോഠം, കിളൈ=ശാഖ, ജ്യേഷ്ഠപുത്രനായ രാമനെ വംശസന്താനതരുവാക്കിക്കല്പിച്ചു മററുള്ളവരെ ശാഖകളായി പറഞ്ഞിരിക്കുന്നു. ൩൦൬.

307. അരുമറൈ മുനിവരു മമരരു മവനി
ത്തിരുവുമനകരുറൈ ശെനമു ഞ മിടരോ
ടിരുവിനൈ തുന്നിതരു മിവരിനി തിവണി
ൻെറാരുപൊഴു തകല്കില മുറൈയെന വുറവാർ.

പ:—അരുമറൈ=ഇതരന്മാരാൽ ദുർഗ്രാഹ്യങ്ങളായ വേദങ്ങഠം പഠിച്ചറിഞ്ഞ, മുനിവരും=മുനികളും, അമരരും=ദേവകളും, അവനിത്തിരുവും=ഭൂമിദേവിയും, അ നകർ ഉറൈ ശെനമും=ആ നഗരവാസികളായ ജനങ്ങളും, ഇവരിൻ=ഈ രാജകുമാരന്മാർ മൂലം, നം ഇടരൊടു=നമ്മുടെ ദുഃഖത്തോടുകൂടി, ഇരുവിനൈ=(അവസ്ഥക്കു കാരണമായ സല്ക്കൎമ്മം ദുഷ്കൎമ്മം എന്ന) രണ്ടു കൎമ്മങ്ങളും, തുന്നിതരും=ഒഴിഞ്ഞുപോകും, (ആകയാൽ) ഇവൺ നിൻറ=ഇവിടെ നിന്നും, ഒരു പൊഴുതു=ഒരു മുഹൂൎത്തകാലംപോലും, അകല് കിലം=ഞങ്ങഠം അകന്നു പോകുന്നതല്ല; മുറൈ=(ഇതാണു നമ്മുടെ) കൃത്യം; എന=എന്നു കരുതി, ഉറവാർ=വന്നു തിങ്ങുന്നു.

ഭാ:—മുക്തിപ്രദനായ ശ്രീനാരായണൻെറ അംശാവതാരഭൂതന്മാരായ രാമാദികളുടെ സാന്നിദ്ധ്യത്താൽ കൎമ്മബന്ധം നീങ്ങി മോക്ഷം ലഭിക്കാമെന്നു കരുതി ആ നഗരവാസികഠംക്കും പുറമെ മുനികളും ദേവന്മാരും ഭൂമിദേവിയുംകൂടെ അയോദ്ധ്യാനഗരത്തിൽ വന്നു തിങ്ങിക്കൂടി. ൩൦൭.

308. ഐയനു മിളവലു മണിനില മകടൻ
ശെയ്തവ മുടൈമൈക ടെരിതര നതിയും
മൈയ്തവഴ് പൊഴില്കളും വാവിയു മരുവി
നെയ്കുഴലുറമിഴൈ യെനനിലൈ തിരിവാർ.

പ:— ഐയനും=ലോകപിതാവായ ശ്രീരാമമൂൎത്തിയും, ഇളവലും=

ഇളയ രാജകുമാരനും (ലക്ഷ്മണനും), അണി=അഴകുള്ള, നിലമകൾതൻ= ഭൂമിദേവിയുടെ, ശെയ്തവം ഉടൈമൈകൾ=തപസ്സാഫല്യതകൾ, തെളിതര=തെളിയുംവണ്ണം, നതിയും=നദികളിലും, മൈതവഴ്=മേഘങ്ങൾ തങ്ങിനില്ക്കുന്ന, പൊഴില്കളും=ചോലകളിലും, വാവിയും=തടാകങ്ങളിലും, മരുവി=ചെന്നു, നെയ്=ദെയ്യുന്ന, കുഴല് ഉരം=കുഴലിനോടനുസ്യൂതമായ്നില്ക്കുന്ന, ഇഴൈ എന=നൂലിഴപോലെ, (ഇരുപേരും വിട്ടുപിരിയാതെ) നിലൈ=നിലനിന്നു. തിരിവാർ=സഞ്ചരിച്ചുകൊണ്ടിരിക്കും.

വി:—“നിലമകൾ ശെയ് തവമുടൈ മൈകൾ” എന്നതു രാജനീതി ഭംഗംകൂടാതെ നടന്നുവരികയാൽ സർവ്വ പ്രജകളും ധർമ്മം വിടാതെ നടത്തിവന്ന് സുഖസന്തോഷഭരിതന്മാരായിരിക്കുക, മാസത്തിൽ മൂന്നു മഴ വീതം പെയ്തുവരുന്നതിനാൽ വിളവിന്നു കുറവു വരാതിരിക്കുക ഇവയാകുന്നു. ൧൨൯

309. പരതനു മിളവലു മൊരുനൊടി പകിരാ
തിരതമു മിവുളിയു മിവരിനു മറൈനൂല്
ഉരൈതരു പൊഴുതിനു മൊഴികില രെന്നൈയാൾ
വരതനു മിളവലു മെനമരു വിനരേ.

പ:—പരതനും=ഭരതനും, ഇളവലും=ഇളയകുമാരനായ ശത്രുഘ്നനും, ഒരു നൊടി=ഒരു നിമിഷനേരവും, പകിരാതു=പിരിയാതെ, ഇരതമും=രഥത്തിന്മേലും, ഇവുളിയും=അശ്വത്തിന്മേലും, ഇവരിനും=ആരോഹണം ചെയ്യുമ്പോഴും, മറൈ നൂല്=വേദശാസ്ത്രങ്ങളെ, ഉരൈ തരു പൊഴുതിനും=അദ്ധ്യയനം ചെയ്യുമ്പോഴും, ഒഴികിലർ=വിട്ടുപിരിയാതെ, എന്നൈയാൾ=എന്നെ (ഗ്രന്ഥകാരനായ തന്നെ) പാലിക്കുന്ന, വരതനും=വരദനായ ശ്രീരാമസ്വാമിയും, ഇളവലും=ഇളയസ്വാമിയും, എന=(പിരിയാതിരിക്കുന്നതു) പോലെ, മരുവിനർ=ഇണങ്ങിയിരുന്നു. ൧൩൦.

310. വീരരു മിളൈഞരും വെറിപൊഴില്ക ളിൻവായ്
ഈരമൊ ടുരൈതരു മുനിവര രിടൈപോയ്
ച്ചോർപൊഴ തണിനകർ തുറകുവ രെതിർവാർ
കാർവര വലർ പയിർ പൊരുവുവർ കളിയാല്.

പ:—വീരരും=പരാക്രമശാലികളായ രാമനും ഭരതനും, ഇളൈഞരും=അനുജന്മാരായ ലക്ഷ്മണശത്രുഘ്നന്മാരും, വെറിപൊഴില്കളിൻവായ്=മണം വീശുന്ന പൂഞ്ചോലകളിൽ, ഈരമൊടു ഉരൈതരും=അമ്പി

നോടിരുന്നരുളുന്ന, മുനിവർ ഇടൈ പോയ്=മുനീന്ദ്രന്മാരുടെ സന്നിധാനത്തിൽ ചെന്ന്, ശോർ പൊഴുതു=അസ്തമനസമയത്തിൽ, അണിനകർ തുറകുവർ=അഴകിയലുന്ന നഗരത്തിലേക്കു വരും, എതിർ വാർ=(അങ്ങിനെ വരുമ്പോൾ) എതിരേ വരുന്നവർ, കളിയാല്=(ഇവരെ കണ്ടതിനാലുണ്ടായ) ആനന്ദത്താൽ, കാർ വര=കാർമേഘങ്ങൾ വന്നു പരന്നു കാണുമ്പോൾ, അലർ=വളരുന്ന, പയിർ പൊരുവർ=(നെല്ലു മുതലായ) വിളകളോടു തുല്യന്മാരായി ഭവിക്കുന്നു.

ഭാ:—സ്വപോഷണനിരതങ്ങളായ നവമേഘങ്ങളുടെ ആവിർഭാവത്താൽ സസ്യങ്ങൾ ഉല്ലസിക്കുമ്പോലെ തങ്ങളുടെ പരിപാലനത്തിന്നായി വന്നവതരിച്ചിരിക്കുന്ന രാജകുമാരന്മാർ ഉദ്യാനങ്ങളിലുള്ള ഋഷിവാടങ്ങളിൽനിന്നു മടങ്ങിവരുന്നതു കാണ്മാനിടവന്ന പൌരന്മാർ ഏററവും ആഹ്ലാദിച്ചിരുന്നു. ൩൰൧.

311. ഏഴൈയ രനൈവരു മിവർതട മുലൈതോയ്
കേഴ്കിളർ മതുകൈയർ കിളൈകളു മിണൈയാർ
വാഴിയ വെണവവർ മണമുറ കടവു
ട്ടാഴ്കുവർ കവുശലൈ തയരത ണെണവേ.

പ:—ഏഴൈയർ അനൈവരും=ആ നഗരത്തിലുള്ള അബലകളെല്ലാം, ഇവർ=ഈ അബലകളുടെ, തടം മുലൈ തോയ്=വിശാലങ്ങളായ സ്തനങ്ങളിൽ ആസക്തന്മാരായ, കേഴ്കിളർ=ഒളിവാർന്നു വിളങ്ങുന്ന, മതുകൈയർ=ബലശാലികളായ പുരുഷന്മാരും (ഭർത്താക്കന്മാരും), കിളൈകളും=ഇവരുടെ ബന്ധുക്കളും, ഇണൈയാർ=ഈ രാജകുമാരന്മാർ, വാഴിയ എണ=വാണിരിപ്പൂതാകയെന്നു, കവുശലൈ തയരതൻ എണവേ=കൌസല്യാദശരഥന്മാരെന്നപോലെ, അവർ മണം ഉറ=അവരുടെ ഹൃദയത്തിൽ കല്പിച്ചിരിക്കുന്ന, കടവുൾ=ദേവന്മാരെ, (ഇഷ്ടദേവതകളെ) താഴ്കുവർ=വണങ്ങിയിരുന്നു. ൩൰൨.

312. കടല്കരു മുകിലൊളിർ കമലമ തലരാ
വടവരൈ യുടൻവരു ശെയലെണ മറൈയും
തടവുത ലറിവരു തണിമുത ലവനും
പുടൈവരു മിളവലു മെണനികർ പുകല്വാർ.

പ:—മറൈയും=വേദങ്ങളും, തടവുതല് അറിവു അരു=ആരായുവാനരുതാത്ത, തണി=സാമ്യമകന്ന, മുതല്വനും=തലവനായ ശ്രീരാമനും,

പുടൈവരും=അദ്ദേഹത്തിൻെറ അരികേ വരുന്ന, ഇളവലും=ലക്ഷ്മണനും, കടല്=സമുദ്രം, കരുമുകില്=കാർമേഘം, (ഇവകഠം) ഒളിർ കമലം അലരാ=ശോഭയുള്ള താമരപ്പൂക്കഠം വിരിഞ്ഞുകൊണ്ട്, വടവരൈയുടൻ വരു=ഹിമാദ്രിയോടുകൂടെ വരുന്ന, ശെയല് എണ=നിലപോലെ ഇരിക്കുന്നുവെന്നു, നികർ പുകല്വാർ=(കണ്ടവർ) ഉപമ പറഞ്ഞിരുന്നു.

ഭാ:—കടലിന്നും കരുമുകിലിന്നും തുല്യമായ തൻകാന്തിയോടും വികചസരസീരുഹനിഭങ്ങളായ മുഖപാണിപാദങ്ങളോടും കൂടിയ ശ്രീരാമഭദ്രൻ ചന്ദ്രികാധവളകളേബരനായ ലക്ഷ്മണനോടുംകൂടെ വരുന്നതു കണ്ട ജനങ്ങഠം ഇങ്ങിനെ ഉപമിച്ചു പറഞ്ഞിരുന്നു. ൧൩൩.

313. എതിർവരു മവർകളൈ യെമൈയുടൈ യിറൈവൻ
മുതിർതരു കരുണൈയിൻ മുകമല രൊളിരാ
എതുവിനൈ യിടരിലൈ യിനിതിങു മനൈയും
മതിതരു കുമരരും വലിയർകൊ ലെനവേ.

പ:—എമൈ ഉടൈ=ഇയ്യുള്ളവരെ ആശ്രിതന്മാരായി കയ്യേറ്റുകൊണ്ടിരിക്കുന്ന, ഇറൈവൻ=പ്രഭുവായ ശ്രീരാമസ്വാമി, എതിർവരുമവർകളൈ=തൻെറ എതിരേ വരുന്നവരെ (നോക്കി), കരുണൈയിൻ=കൃപയോടെ, മുകമലർ ഒളിരാ=മുഖകമലം വികസിച്ച്, എതുവിനൈ=(നിങ്ങഠംക്കു) എന്തു കാര്യം (സാധിക്കേണം); ഇടർ ഇല്ലൈ കൊല്=സങ്കടമൊന്നുമില്ലല്ലോ; അമ്മനൈയും=നിങ്ങടെ കുഡുംബിനികളും, മതിതരു കുമരരും=അറിവുള്ള പുത്രന്മാരും, വലിയർ കൊല്=ആരോഗ്യം കയ്യേറ്റുകൊണ്ടിരിക്കുന്നുവോ, എന=എന്നു, ഇനിതിൻ=മാധുര്യത്തോടും ചോദിച്ചപ്പോഠം, ൧൩൪.

314. അഃതയ നിനൈയെമ തരശെന വുടൈയേം
ഇഃതൊരു പൊരുളല വെമതുയി രുടനേഴ്
മകിതല മുഴുതെയു മുറുകവി മലരോൻ
ഉകുപക ലളവെന വുരൈന്നനി പുരിവാർ.

പ:—അഃതു=അഗതികഠംക്കു, ഐയ=പിതാവായുള്ളോവെ, നിന്നൈ=നിന്നെ, എമതു അരശു എന ഉടൈയേം=ഞങ്ങളുടെ രാജാവാണെന്നു അംഗീകരിച്ചിരിക്കുന്നു, (ആകയാൽ) ഇഃതു ഒരു പൊരുഠം അല്ല=ഇങ്ങിനെ ഞങ്ങഠം സുഖിച്ചു വാഴുന്നത് ഒരു വലിയ കാര്യമല്ല, എമതു ഉയിരുടൻ=ഞങ്ങളുടെ ജീവനെയെന്നപോലെ, ഏഴ് മകിതലം മുഴുതൈയും=സപ്തഭുവനങ്ങളെ മുഴുവനും, ഇമലരോൻ=ഈ ബ്രഹ്മദേവൻ, ഉക

പകല് അളവും=ദേഹത്യാഗം ചെയ്യുംവരെക്കും, ഉരക=ഭവാൻ അംഗീകരിച്ച് ഭരണം നടത്തിവരുമാറാകട്ടെ. എണ=എന്നു, ഉരൈ നണിപുരിവാർ=(രാമനാൽ കുശലപ്രശ്നം ചെയ്യപ്പെട്ടവർ) ഏററവും ഉപചാരവാക്കുകൾ പറഞ്ഞിരുന്നു. ൩൰൩

വൃത്തം മാറി.

315. ഇപ്പരി ശണിനക രുറൈയും യാവരും
മെയ്പുകഴ്പുണൈതര വിളൈയ വീരർകൾ
തപ്പറ വടിനിഴ റഴവി യേത്തുറ
മുപ്പരം പൊരുളുക്കു മുതല്വൻ വൈകുറം.

പ:—ഇപ്പരിശു=ഇപ്രകാരമായി, അണിനകർ ഉറൈയും യാവരും=അഴകിയലുന്ന ആ അയോദ്ധ്യാനഗരത്തിൽ വാഴുന്ന സവ്വരാലും, മെയ്പുകഴ്പുണൈതര=യഥാർത്ഥ സ്തുതിയാൽ അലങ്കരിക്കപ്പെട്ടും, ഇളൈയവീരർകൾ=ഇളയ വീരന്മാരായ അനുജന്മാരാൽ, തപ്പു അറ=വീഴ്ച്ചവരാതെ, അടിനിഴല്തഴവി=തൻെറ തൃപ്പാദചരായ ചേന്നിരുന്നു, ഏത്തുഉറ=സ്തുതിക്കപ്പെട്ടും, മുപ്പരം പൊരുളുക്കും മുതല്വൻ=അഗ്രിമന്മാരായ ത്രിമൂർത്തികൾക്കും തലവനായ ശ്രീരാമദേവൻ, വൈകുറം=കഴിഞ്ഞിരുന്നു. ൩൰൫

316. അരൈശർതം പെരുമക ണകിലം യാവൈയും
വിരൈത്തുറ തണിക്കുടൈ വിളങ്ക്കവെൻറിശേർ
മുരൈശൊലി കറങ്ങ്കിട മുണിവ രേത്തുറ
കരൈശെയ ലരിയതോർ കളിപ്പിൻ വൈകുനാൾ.

പ:—അരൈശർതം പെരുമകൻ=ചക്രവത്തി, അകിലം യാവൈയും=ഭൂമിയിലെങ്ങും, വിരൈത്തു ഉറതണികുടൈ=തനിക്കിയലുന്ന സാമ്രാജ്യമകന്ന ഛത്രം (ആധിപത്യം), വിളങ്ക=(നിഴൽ നൽകി) പ്രകാശിക്കുകയും, വെൻറിശേർ=വിജയം കലന്ന, മുരശൂലി കറങ്ങ്കിട=ഭേരീനിനാദം മുഴങ്ങുകയും, മുണിവർകൾ ഏത്തുറ=മുനികൾതന്നെ വാഴ്ത്തുകയും ചെയ്തുകൊണ്ടു, കരൈശെയല് അരിയതു=വരമ്പിട്ടു തട്ടപ്പാനരുതാത്ത, ഓർ=എന്തൊന്നില്ലാത്ത, കളിപ്പിൻ=ആനന്ദസാഗരത്തിൽ, വൈകുംനാൾ=മുഴുകിയിരിക്കും കാലം. ൩൰൬.

൩൨ാമതായ തിരുവവതാരപ്പടലം കഴിഞ്ഞു.

# ൧ കൈയടൈപ്പടലം.

317. നണൈവരു കർപക നാട്ടു നല്ലകർ
അണൈവരു മണൈതര വയിർക്കഞ്ചിന്തെയാൻ
നിണൈയവു മരിയതു വിശുമ്പി ണീണ്ടതോർ
പുണൈമണി മണ്ടപം പൊലിയ വെയ്തിണാൻ.

പ:—നണൈവരു=മൊട്ടുകൾ പുറപ്പെടുന്ന, കർപകം=കല്പകവൃക്ഷങ്ങളോടുകൂടിയ, നാട്ടു=നാട്ടിൽ (സ്വർഗ്ഗത്തിൽ) ഉള്ള, നല് നകർ=നല്ല നഗരത്തിൽ (അമരാവതിയിൽ) വാഴുന്ന, അണൈവരും=എല്ലാവരും, അണൈതര=തങ്ങൾക്കു ചെല്ലാവുന്നതോവെന്നു, അയിർക്കും=ശങ്കിക്കുന്ന, ശിന്തെയാല്=ഹൃദയത്താൽ, നിണൈയവും=നിനക്കുവാൻ പോലും, അരിയതു=അരുതാത്തതും, വിശുമ്പിൻ നീണ്ടതു=സ്വൎഗ്ഗലോകത്തോളമുയൎന്നതുമായ, ഓർ=ഒരു, പുണൈമണ്ടപം=അലങ്കരിക്കപ്പെട്ട രത്നമണ്ഡപം, പൊലിയ=(തന്റെ സാന്നിദ്ധ്യത്താൽ) വിളങ്ങുംവണ്ണം, എയ്തിണാൻ=(അതിൽ) എഴുന്നെള്ളിയിരുന്നു.

ഭാ:—സ്വർല്ലോകപൎയ്യന്തമുയൎന്നതും തങ്ങൾക്കു ചെന്നിരിക്കാവുന്നതായ ഇന്ദ്രന്റെ സഭാമണ്ഡപമെന്നു സാമാന്യദൃഷ്ട്യാ സുരന്മാരാൽ ശങ്കിപ്പെടുവാൻപോലും അരുതാത്തവണ്ണം ശില്പവൈചിത്ര്യം ചേരുന്നതുമായ മണിമണ്ഡപത്തെ ദശരഥൻ അധിവസിച്ചു. ൧.

318. തൂയമെല്ലരിയണൈ പ്പൊലിന്തു തോൻറിണാൻ
ശേയിരു വിശുമ്പിടൈ ത്തിരിയു ഞ്ചാരണർ
നായക ണിവൻകൊലൻറയിർത്തു നാട്ടമോ
രായിര മില്ലെയെൻറയ നീങ്ങ്കിണാർ.

പ:—(ആ മണ്ഡപത്തിൽ) തൂയ=പരിശുദ്ധമായ, മെല്=മൃദുവായ, അരിയണൈ=സിംഹാസനത്തിൽ, പൊലിന്തു തോൻറിണാൻ=(ചക്രവൎത്തി) പരിലസിച്ചുകൊണ്ടിരുന്നു. (അങ്ങിനെയിരുന്ന ചക്രവൎത്തിയെ) ശേയിരുവിശുമ്പിടൈ=അതി വിശാലമായ നഭസ്സിൽ, തിരിയും=സഞ്ചരിക്കുന്ന, ചാരണർ=ചാരണന്മാർ, (കണ്ടു) നായകൻ ഇവൻകൊല് എൻറ അയിർത്തു=നമ്മുടെ നായകനായ ഇന്ദ്രൻ ഇവൻതന്നെയോവെന്നു ശങ്കിച്ചു, നാട്ടം ഓർ ആയിരം ഇല്ലൈ എൻറ=നയനങ്ങളോരായിരമില്ലെന്ന

റിഞ്ഞു, ഐയം നീങ്ങ്കിണാർ=(തങ്ങടെ) ശങ്ക തീൎത്തു, ചാരണർ=ദേവന്മാരുടെ ചാരപുരുഷന്മാർ. വ.

വിശ്വാമിത്രാഗമനം.

319. മടങ്ങ്കല് പോൻ മൊയ്മ്പിണാൻ മുന്നർ മന്നുയിർ
അടങ്ങ്കലു മുലകുംവേ റമൈത്തു ത്തേവരോ
ടിടങ്ങ്കൊണാൻമുകനൈയും പടൈപ്പ്പെണീണ്ടെണാ
ത്തൊടങ്ങ്കിയ തുണിയുറ മുനിവൻേറാൻറിണാൻ.

പ:—മടങ്ങ്കല് പോല് മൊയ്മ്പിണാൻ മുന്നർ=(ഇങ്ങിനെയിരിക്കുന്ന) സിംഹത്തെപ്പോലെ ബലവാനായ ചക്രവൎത്തിയുടെ മുമ്പിൽ, മൻ ഉയിർ അടങ്ങ്കലും=നിലവിലുള്ള ജീവികളെല്ലാവറെറയും, ഉലകും=അവ വാഴുന്ന ലോകങ്ങളേയും, വേറമൈത്തു=(താൻതന്നെ) വേറെ സൃഷ്ടിച്ചു, തേവരോടു=ദേവന്മാരോടുകൂടെ, ഇടങ്ങ്കൊൾ=വികസിതങ്ങളായ, നാൻമുകനൈയും=നാലു മുഖങ്ങളോടുകൂടിയ ബ്രഹ്മദേവനേയും, ഈണ്ടു പടൈപ്പേൻ എണാ=ഇപ്പോൾതന്നെ സൃഷ്ടിക്കുന്നുണ്ടെന്നു, തൊടങ്ങ്കിയ=തുടങ്ങിയ, തുണി ഉറ=(ഏവൎക്കും)നടുക്കമുണ്ടാക്കിത്തീൎത്തവനായ, മുനിവൻ=വിശ്വാമിത്രമുനി, തോൻറിണാൻ=പോന്നുവന്നു.

വി:—താനും വസിഷ്ഠനും തമ്മിലുണ്ടായ മത്സരത്തിൻെറ ഫലമായി വിശ്വാമിത്രൻ 'ത്രിശങ്കു'വെന്ന സൂൎയ്യകുല മന്നവനെ സശരീരസ്വൎഗ്ഗപ്രാപ്തി ലഭിപ്പാൻ തക്കതായ ഒരു മഹായജ്ഞം ചെയ്യിച്ചു സ്വൎഗ്ഗത്തിലേക്കയക്കുകയും അമരന്മാർ അംഗീകരിക്കാതെ അവനെ അധഃപതിപ്പിക്കുകയും ചെയ്തു. അപ്പോൾ വിശ്വാമിത്രൻ അത്യുഗ്രമായ കോപത്തോടുകൂടി അവനെ തൻെറ തപശ്ശക്തിയാൽ അന്തരീക്ഷത്തിൽ നിൎത്തി ആ സ്ഥാനത്തിൽതന്നെ ഒരു നവീനസ്വൎഗ്ഗനിൎമ്മാണത്തിന്നെന്നു മാത്രമല്ല ബ്രഹ്മാദിസ്തംബപൎയ്യന്തമുള്ള സൃഷ്ടി മുഴുവനും താൻതന്നെ ചെയ്യേക്കാമെന്നു അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇതുകേട്ടു ലോകത്രയവും നടുങ്ങിപ്പോയി. പിന്നെ ബ്രഹ്മാദിദേവഗണം ഗഗനസ്ഥനായ ത്രിശങ്കുവിന്നു നക്ഷത്രമണ്ഡലത്തിൽതന്നെ ഒരു സ്ഥാനം നൽകി വിശ്വാമിത്രനെ പ്രസാദിപ്പിച്ചു ലോകത്തിന്നുണ്ടായ പ്രക്ഷോഭം തീൎക്കുകയും ചെയ്തു. ന.

വൃത്തം മാറി.

320. വന്തുമുണി യെയ്തുതലു മാർപിണണിയാരം
അന്തര തലത്തിരവി യഞ്ചവൊളി വിഞ്ച

കന്തമലരിർ കടവുടൻ വരവുകാണും
ഇന്തിര ണെണക്കടി തെഴന്തടിപണിന്താൻ.

പ:—മുനി=വിശ്വാമിത്രൻ, വന്തു എയ്തുതലും=വന്നെത്തിയതും, മാർപിൻ അണി ആരം=(അദ്ദേഹത്തിൻെറ) മാറിലണിഞ്ഞ രത്നഹാരം, അന്തരതലത്തു=ആകാശത്തിൽ സഞ്ചരിക്കുന്ന, ഇരവി=സൂര്യൻ, .അഞ്ചു- നടുങ്ങത്തക്കവണ്ണം, ഒളിവിഞ്ചു=കാന്തി വർദ്ധിച്ചപ്പോൾ, കന്തം=മണമി ണങ്ങിയ, മലരില്=നാഭീകമലത്തിൽ കുടികൊള്ളുന്ന, കടവുൾ=ബ്രഹ്മാ വിൻെറ, വരവു=വരവിനെ, കാണും=കാണുന്ന, ഇന്തിരൻ എന=ഇന്ദ്രനെ ന്നപോലെ, കടിതു എഴുന്തു=വേഗത്തിൽ എണീററ്, അടിപണിന്താൻ= (ചക്രവർത്തി) മുനിയുടെ പാദങ്ങളിൽ വണങ്ങി. "ഇന്ദുവദനാ"വൃത്തം പോലെ. ർ.

321. പണിന്തു മണിശെററ പുകുയിററിയവിർ പൈമ്പൊൻ
അണിന്തതവിശിട്ടതി നരുത്തിയൊടിരുത്തി
ഇണൈന്ത കമലച്ചരണരുച്ചനൈ ശെയ്തിൻേറ
തുണിന്തതെൻ വിനൈത്തൊടർപ്പെനത്തൊഴുതുശൊന്നാൻ.

പ:—പണിന്തു=ഇങ്ങിനെ വണങ്ങി, മണിശെററ പുകുയിററി=രത്ന ങ്ങൾ ഇടചേർത്തു പതിച്ചതിനാൽ, അവിർ=വിളങ്ങുന്ന, പൈമ്പൊൻ അണിന്ത=പുതുപൊന്നിനാൽ മനോജ്ഞമായ് നിർമ്മിക്കപ്പെട്ട, തവിശു ഇട്ടു=പീഠം എടുത്തുവെച്ച്, അതിൻ=അതിന്മേൽ, അരുത്തിയോടു ഇരു ത്തി=അമ്പോടിരുത്തി, ഇണൈന്ത=ഇണയായ, കമലച്ചരൺ=ചരണകമ ലങ്ങളെ, അരുച്ചനൈ ശെയ്തു=പുഷ്പങ്ങളാൽ അർച്ചനചെയ്ത്, എൻവി നൈത്തൊടർപു=എൻെറ കർമ്മബന്ധം, ഇൻേറ തുണിന്തതു=ഇപ്പോൾത ന്നെ നീങ്ങിയിരിക്കുന്നു. എന=എന്നു, തൊഴുതു ശൊന്നാൻ=തൊഴുതുകൊ ണ്ടു പറഞ്ഞു. ൯.

322. നിലഞ്ചെയ്തവ മെൻറുണരി ണൻറുനെടി യോയെൻ
നലഞ്ചെയ്‌വിനൈ യുണ്ടെണിനു മൻറുനകർ നീയാൻ
വലഞ്ചെയ്തു വണങ്ങ്കവെളി വന്തവിതു മുന്തൈൻ
കുലഞ്ചെയ് തവ മെൻറിണിതു ക്രുറ മുനിക്രുറം.

പ:—(വീണ്ടും) നെടിയോയ്=മഹാത്മാവേ, നകർ=ഈ നഗരത്തി ൽ, നീ=ഭവാൻ, യാൻ വലം ശെയ്തു വണങ്ങ്ക=അടിയൻ പ്രദക്ഷിണം ചെയ്തു വണങ്ങത്തക്കവിധം, എളിവന്ത ഇതു=നിഷ്പ്രയാസേന വന്നതി

ന്നു കാരണം, നിലം ശെയ് തവം എൻറ ഉണരിൻ=ഇദ്ദേശവാസികൾ ചെയ്ത തപസ്സിൻെറ ഫലമായിരിക്കുമോയെന്നാലോചിക്കുന്നതായാൽ, അൻറ=അതല്ല; എൻ=എൻെറ, നലം ശെയ് വിനൈ ഉണ്ടു എനിനും അൻറ=പുണ്യകമ്മമായിരിക്കുമെന്നാലോചിച്ചാൽ അതുമല്ല; (മറേറതെന്നാൽ) മുന്നു=മുൻകാലത്ത്, എൻ കുലം=എൻെറ വംശക്കാർ, ശെയ്=ചെയ്ത, തവം എൻറ=തപസ്സാണെന്നു, ഇനിതു കൂറ=(ചക്രവത്തി) ചാതുൎയ്യത്തോടെ പറഞ്ഞപ്പോൾ, മുനികുരം=വിശ്വാമിത്രൻ പറയുന്നു.

ഭാ:—അനായാസേന ഭവാന്ന് ആതിത്ഥ്യം ചെയ്യാൻ എനിക്കു യോഗം വന്നതിന്നു കാരണം ഇദ്ദേശവാസികൾ ചെയ്ത തപസ്സല്ല. എന്തുകൊണ്ടെന്നാൽ അവരുടെ തപസ്സിൻെറ പകുതി ഫലത്തിന്നു ഞാൻ അവകാശിയാണ്. ഞാൻ അത്രമാത്രം പുണ്യവാനല്ല. എങ്കിൽ ഞാനൊരുവൻ ചെയ്ത തപഃഫലമോവെന്നു ചിന്തിക്കുമ്പോൾ അതു എത്ര തുച്ഛം. അതുമല്ല. എന്നു സ്വാഭിമാനപരിഹാരം ചെയ്ത് അനന്തരം തൻെറ വിനയത്തേയും കൃതജ്ഞതയേയും മുൻനിറുത്തി തൻെറ പിതൃപിതാമഹ പ്രപിതാമഹാദികൾ ചെയ്ത പുണ്യകമ്മമാണ് കാരണമെന്നു ദശരഥചക്രവത്തി സമത്ഥിച്ചു. സ്വ.

വൃത്തം മാറി.

323. എണ്ണൈയ മുനിവരരു മിമൈയവരു
മിടൈയൂറൊൻറുടൈയരാണാല്
പണ്ണകമു നകുവെള്ളിപ്പണിവരൈയും
പാർകടലും പതുമപീട
ത്തണ്ണകരുങ്കർപ്പക നാട്ടണിനകരു
മണിമാ ടയോത്തിയെണ്ണും
പൊണ്ണകരുമല്ലാതു പുകലുണ്ടോ
വികല്കടന്ത പുലവു വേലോയ്.

പ:—ഇകല് കടന്ത=അടരിൽ അരികളെവെന്ന, പുലവുവേലോയ്=മാംസം പററിനില്ക്കുന്ന വേലായുധമിയന്നോവേ, എൻ അണൈയ മുനിവരരും=എന്നെപ്പോലുള്ള മുനിപുംഗവന്മാരും, ഇമൈയവരും=ദേവകളും, ഇടൈയൂറ ഒൻറ ഉടൈയർ ആണാല്=സങ്കടമേതാണ്ടൊന്നു നേരിടുമ്പോൾ, പണ്ണകമും നകു=പല പവ്വതങ്ങളേയും (അവമാനിച്ചു) ഹസിക്കുന്ന, പണി=ശീതളമായ, വെള്ളിവരൈയും=വെള്ളിമലയും (കൈലാ

സാദ്രിയും), പാല് കടലും=ക്ഷീരാബ്ധിയും, പതുമപീടത്തൻ നകരും=പത്മാസനൻെറ നഗരവും (ബ്രഹ്മലോകവും), കർപകനാട്ട അണിനകരും=കല്പകവൃക്ഷങ്ങളോടുകൂടിയ നാട്ടിൽ (സുരലോകത്തിൽ) ഉള്ള മനോജ്ഞമായ നഗരവും (അമരാവതിയും), മണിമാടം=രത്നഖചിതങ്ങളായ മാളികകഠം നിരന്ന, അയോത്തി എണ്ണും=അയോദ്ധ്യയെന്നു പേർ പുകഴ്ന്ന, പൊൻ നകരം=പൊന്മയമായ ഈ നഗരവും, (ചെല്ലാവുന്നിടങ്ങളാകുന്നു) അല്ലാതു=അല്ലാതെ, പുകല് ഉണ്ടോ=(മററ) ചെല്ലാവുന്നിടമുണ്ടോ?

ഭാ:—മുനികളും ദേവകളും 'തങ്ങഠക്ക വല്ല സന്താപങ്ങളും നേരിടുമ്പോഠ അതിൻെറ നിവൃത്തിക്കായി കൈലാസാദിലോകങ്ങളിൽ ചെന്നു രുദ്രാദികളോടുണത്തിക്കുകയാണല്ലോ പതിവ്. ദശരഥനും ലോകരക്ഷാത്ഥം ദേവഷിഗണദ്വേഷികളായ അസുരന്മാരെ സംഹരിക്കുമാറുള്ളതിനാൽ ആ ലോകങ്ങഠക്കുള്ള സ്ഥാനം അദ്ദേഹത്തിൻെറ രാജധാനിയായ അയോദ്ധ്യക്കും സിദ്ധിച്ചു. എന്നാൽ അയോദ്ധ്യയുടെ പേർ പറഞ്ഞവസാനിപ്പിച്ചതിനാൽ മററു ലോകങ്ങളിൽനിന്നു സാദ്ധ്യമല്ലാത്ത കാൎയ്യവും അയോദ്ധ്യയിൽനിന്നു സാദ്ധ്യമാകുമെന്നു കാണിക്കുന്നു. ൭.

324. ഇൻറളിർക്കർ പകനറുന്തേ ണിടൈതുളിക്കു
നിഴലിരുക്കൈ യിഴന്തു പോന്തു
നിൻറളിർക്കുന്തണിക്കുടൈക്കീഴതിനൊതിങ്ങ്കി
ക്കുറൈയിരന്തു നിർപനോക്കി
കുൻറളിക്കുങ്ങ്കുലമണിത്തോട് ചമ്പരണൈ
ക്കുലത്തോടും തുലൈത്തുനീ കൊ
ണ്ടൻറളിത്തവരശൻേറാ പുരന്തരനി
ൻറാഠ കിൻറ തരശവെൻറാൻ.

പ:—ഇൻ തളിർ=രുചിരങ്ങളായ പല്ലവങ്ങളോടുകൂടിയ, കർപകം=കല്പകവൃക്ഷങ്ങഠ, നറുന്തേൻ=പരിമളമിളിതമായ മകരന്ദത്തെ, ഇടൈ=ഇടകളൂടെ, തുളിക്കും=തുള്ളികളായി വീഴ്ത്തിക്കൊണ്ടിരിക്കുന്ന, നിഴല്=നിഴലിൽ, ഇരുക്കൈ=എഴുന്നെള്ളിയിരുപ്പിനെ, ഇഴന്തു പോന്തു=വെടിഞ്ഞുവന്ന്, നിൻ=നിൻെറ, തളിർക്കും=പ്രവൃദ്ധമായിരിക്കുന്ന, തണി=നിരുപമമായ, കുടൈക്കീഴതിനൊതുങ്ങ്കി=രാജാധികാരത്തിൻ കീഴൊതുങ്ങി, കുറൈയിരന്തു നിർപ്പ=അഭയമിരന്നു നില്ക്കുന്നതിനെ, നോക്കി=കണ്ട്, കുൻറ അളിക്കും=കുന്നിൻെറ കൌതുകത്തെ കാണിക്കുന്ന, കുലം=മേ

ന്മയുള്ള, അണി=അഴകിയലുന്ന, തോറ=ഭുജങ്ങളോടുകൂടിയ, ശമ്പര ണൈ=ശംബരാസുരനെ, കുലത്തോടും തുലൈത്തു=കുലത്തോടെ റനി ച്ച്, നീ കൊണ്ടു=നീ കൈവശപ്പെടുത്തിക്കൊണ്ട്, അൻറ=അക്കാലത്ത്, അളിത്ത=(നീ സദയം) കൊടുത്ത, അരശു അൻേറാ=സ്വർല്ലോകാധിപ ത്യമല്ലേ, പുരന്തരൻ=പുരന്ദരൻ (ഇന്ദ്രൻ), ഇൻറ ആറകിൻറതു=ഇക്കാല ത്തും വെച്ചു നടത്തിവരുന്നത്, അരശ=ഹേ.സാർവ്വഭൌമ, എൻറാൻ= എന്നു പറഞ്ഞു. വ്വ

325. ഉരൈശെയ്യുമളവിണവൻ മുകനോക്കി
യുള്ളത്തി ണൊരുവരാലും
കരൈശെയ്യവരിയതൊരു പേരുവകൈ
ക്കടല് പെരുക കരങ്ക്കറക്രുപ്പി
അരൈ ശെയ്തി യിരുന്തപയണെയ്തിണമ
ററിണിച്ചെയ്വതരുളുകെൻറ
മുറൈശെയ്തു കടൈത്തലൈയാൻ മുൻമൊഴിയ
പ്പിൻ മൊഴിയു മുണിവണാങ്കേ.

പ:—ഉരൈ ശെയ്യുമളവിൻ=(മുനി ഇങ്ങിനെ) പറയുമ്പോറ, അ വൻ മുകം നോക്കി=അദ്ദേഹത്തിൻെറ മുഖം നോക്കി, ഉള്ളത്തില്=തൻെറ മനസ്സിൽ, കരൈ ശെയ്യ അരിയതു=ഒരുവരാലും വരമ്പിട്ടു തടുക്കവാന സാദ്ധ്യമായ, ഒരു=അനിർവ്വാച്യമായ, പേരുവകൈ=പരമഹർഷമാകുന്ന, കടല്=ജലനിധി, പെരുക=വദ്ധിച്ചുകൊണ്ട്, കരങ്കറകുപ്പി=കൈകറ കൂപ്പി, അരശി എയ്തി ഇരുന്ത പയൻ=രാജ്യഭാരം കയ്യേറ്റിരുന്നതി ൻെറ ഫലം, എയ്തിണൻ=(ഞാൻ ഇന്നു) ലഭിച്ചു, ഇണി ശെയ്വതു= ഇനി അടിയൻ ചെയ്യേണ്ടുന്ന കാര്യമെന്തെന്നു, അരുളുക എൻറ=അരുറ ചെയ്യേണമെന്നു, മുരശു എസ്റ്റി=ഭേരികറ മുഴങ്ങിക്കൊണ്ടിരിക്കുന്ന, ക ടൈത്തലൈയാൻ=ബഹിർദ്വാരത്തോടുകൂടിയവനായ ചക്രവത്തി, മുൻ മൊഴിയ=മുമ്പിൽ പറഞ്ഞപ്പോറ, ആങ്ക=അവിടെ, (അതു കേട്ടു) മുണി വൻ=വിശ്വാമിത്രമുനി, പിൻ മൊഴിയും=പിന്നീടു പറഞ്ഞു. ൻ

326. തരുവണത്തുറ യാണിയററം തവവേറവി
ക്കിടൈയൂറാ ത്തവഞ്ചെയ്വോർകറ
വെരുവരച്ചെൻറടൈകാമ വെകുളിയെണ
നിരുതരിടൈ വിലക്കാവണ്ണം

ശെരുമുകത്തുക്കാത്തിയെണ നിൻ ശിറവർ
നാല്വരിലും കരിയ ശെമ്മല്
ഒരുവണൈത്തന്തിടുതിയെണ വുയിരിരങ്ക്കു
മ്ക്കൊടുങ്ക്രൂററിണുളയച്ചൊണ്ണാൻ.

പ:—തരു=വൃക്ഷങ്ങൾ നിറഞ്ഞ, വണത്തുൾ=കാട്ടിനുള്ളിൽ, യാൻ ഇയററം=ഞാൻ ചെയ്യുന്ന, തവ വേൾവിക്കു=തപസ്സിന്നും യജ്ഞത്തിന്നും, ഇടൈയൂറതു=പ്രതിബന്ധമായ്വന്നു, നിരുതർ=രാക്ഷസന്മാർ, തവഞ്ചെയ്വോർകൾ വെരുവര=തപസ്സു ചെയ്യുന്നവർ നടുങ്ങുംവണ്ണം, ശെൻറ അടൈ=അവരെച്ചെന്നു ബാധിക്കുന്ന, കാമ വെകുളി എണ=കാമക്രോധങ്ങളെന്നപോലെ, ഇടൈ വിലക്കാവണ്ണം=ഇടയിൽവന്നു തടവുചെയ്യാതിരിക്കത്തക്കവണ്ണം, ശെരു മുകത്തു=രണമുഖത്തിൽ ചെന്നുനിന്ന്, കാത്തി എണ=കാത്തുകൊള്ളേണമെന്നു (ചട്ടംകെട്ടി), നിൻ ശിറവർ നാല്വരിലും=നിൻെറ പുത്രന്മാർ നാൽവരിലുംവെച്ച, കരിയ ശെമ്മല് ഒരുവണൈ=കറുപ്പു്നിറമിയന്നുള്ള ഒരുവനെ (ശ്രീരാമനെ), തന്തിടുതി എണ=തരികയെന്നു, ഉയിർ ഇരക്കും=പ്രാണനെ യാചിക്കുന്ന, കൊടു കൂററിൻ=നിഷ്ഠുരനായ അന്തകനെപ്പോലെ, ഉൾ അയ=ഹൃദയം തപിക്കുംവണ്ണം, ശൊണ്ണാൻ=പറഞ്ഞു.

ഭാ:—താപസന്മാരുടെ മനസ്സഞ്ചുംവണ്ണം അവരെ ബാധിച്ചു തപസ്സിന്നു ഭംഗം വരുത്തുന്ന കാമക്രോധങ്ങളെപ്പോലെ രാക്ഷസന്മാർ ഭയങ്കരമാംവണ്ണം എൻെറ ആശ്രമത്തെ ആക്രമിച്ചു ഞാൻ ചെയ്യുന്ന തപോയജ്ഞങ്ങൾക്കു ഭംഗം ചെയ്യാതിരിക്കത്തക്കവിധം (അവരുമായുണ്ടാവാനിടയുള്ള രണമുഖത്തിൽ) കാത്തുകൊള്ളുവാനേല്പിച്ചു നിൻെറ നാലു പുത്രന്മാരിലൊരുവനായ രാമനെ അയച്ചുതരേണമെന്നു വിശ്വാമിത്രൻ യാചിച്ചു. ഇതു യമൻ വന്നു പ്രാണനെ യാചിച്ചാലെന്നപോലെ ദശരഥന്നു ചിത്തസന്താപം ജനിപ്പിച്ചു. ൮൦

327. എണ്ണിലാവരുന്തവത്തോ ണിയമ്പിയശൊൻ
മരുമത്തി ണെറിവേല്പായ്ന്ത
പുണ്ണിലാം പെരുംപുഴൈയിർ കണലുഴൈന്താ
ലെണച്ചെവിയിർ പുകുതലോടും
ഉണ്ണിലാവിയത്തുയരം പിടിത്തുന്ത
വാരുയിർനിൻറൂശലാട

കണ്ണിലാൻ പെററിഴന്താ ണെൺവുഴന്താൻ
കട്ടന്തുയരങ്ങ് കാല വേലാൻ.

പ:—എൺ ഇലാ=എണ്ണമില്ലാത്ത, അരുതവത്തോൻ=മഹാ തപസ്സായ വിശ്വാമിത്രൻ, ഇയമ്പിയ ശൊല്=പറഞ്ഞ വാക്ക്, മരുമത്തില്=മമ്മമായ മാറിൽ, എറി വേല് പായ്ന്ത=വൈരിയാൽ ചാട്ടപ്പെട്ട വേലേററതിനാലുണ്ടായ, പുണ്ണില് ആം=മുറിയിലുണ്ടായ, പെരു പുഴൈയില്=വലിയ ദ്വാരത്തിൽ, കനല് നുഴൈന്താല് എന=തീക്കടന്നാലെന്നപോലെ, ശെവിയില് പുകുതലോട്ടം=തൻെറ ചെവിയിൽ കേട്ടമാത്രയിൽ, കാലവേലാൻ=ശത്രുക്കൾക്ക കാലനെപ്പോലെ ഭയങ്കരമായ വേലായുധം പൂണ്ട ചക്രവത്തി, ഉൾനിലാവിയ തുയരം=മനസ്സിലുണ്ടായ വ്യഥ, പിടിത്തു ഉന്ത=പിടിച്ചു തള്ളിയതിനാൽ, ആർ ഉയിർ നിൻറ ഊശലാട=സാരമായ ജീവൻ നിന്നു ഉഴിഞ്ഞാലാടി (സ്വസ്ഥാനത്തു നില്ക്കാതെ അങ്ങുമിങ്ങും അലഞ്ഞു) കൊണ്ടിരിക്കമൂലം, കൺ ഇലാൻ=ജാത്യന്ധൻ, പെററ=(ഭാഗ്യവശാൽ കണ്ണിനെ) ലഭിച്ചു, ഇഴന്താൻ എന=വീണ്ടും അതു) പോയതുപോലെ, കട്ട തുയരം ഉഴന്താൻ=കഠിനമായ ദുഃഖം അനുഭവിക്കമാറായി.

എൺ നിലാ എന്നു പദഛേദം ചെയ്തു എണ്ണത്തിൽ (മനസ്സിൽ) നില്ലാതെ (ആലോചനയിൽ നിലനില്ക്കാത്ത) എന്നും, എൺ നിലാവു എന്നു പദഛേദംചെയ്തു എണ്ണത്തിൽ (ജ്ഞാനികളുടെ മനസ്സിൽ) നിലാവുന്ന (നിലെക്കുന്ന=അറിയാവുന്ന) എന്നും അത്ഥം കല്പിക്കാം. ൧൧

328. തൊടൈയൂററുന്തേൻ തുളിക്കു നറുന്താരാ
ണൊരുവണ്ണന്തുയരനീങ്ങ്കി
പടൈയൂററമിലൻ ശിറിയണിവൻ പെരിയോയ്
പണിയിതുവേർ പണിനീർകണ്ങ്കൈ
പുടൈയൂററുഞ്ചടൈയാനു നാൻമുകനും
പുരന്തരനും പുകുന്തുശെയ്യും
ഇടൈയൂററുക്കിടൈയൂറാ യാൻ കാപ്പേൻ
പെരുവേൾവി ക്കെഴുക വെൻറാൻ.

പ:—തൊടൈ ഊററും=ഇടവിടാതെ ഒഴുകുന്ന, തേൻതുളിക്കും=തേൻതുള്ളികളെ പൊഴിക്കുന്ന, നറു താരാൻ=പരിമളമലർമാലയണിഞ്ഞ ചക്രവത്തി, ഒരുവണ്ണം=ഒരുവിധത്തിൽ, തുയരം നീങ്ങ്കി=ദുഃഖം നീങ്ങി,

(മുനിയോടു) പെരിയോയ്=(തപോ) മാഹാത്മ്യമുള്ളോവെ, ഇവൻ=ഈ രാമൻ, പടൈ ഊററം ഇലൻ=ആയോധനത്തിൽ ആസക്തിയില്ലാത്തവനാണ്, (അത്രയുമല്ല) ശിറിയൻ=ബാലനുമാണ്. (അതിനാൽ അവൻ അതിന്നുവേണ്ട) ഇതു പണി എലല്=ഇത് (ഭവാൻെറ) കല്പനയാണെങ്കിൽ, പണി=ശീതളമായ, നീർ=ജലത്തോടുകൂടിയ, കങ്കൈ=ഗംഗയെ, പുടൈ ഊററം=ഒരുഭാഗത്തുടെ ഒഴുക്കിവിട്ടിരിക്കുന്ന, ശടൈയാനും=ജടാഭാരത്തോടുകൂടിയ പരമശിവനും, പുരന്തരനും=പുരന്ദരനും (ഇന്ദ്രനും), നാൻമുകനും=ബ്രഹ്മദേവനും, പുകുന്തു ശെയ്യും=വന്നു ചെയ്യുന്ന, ഇടൈയ്യൂറവുകൾ ഇടൈയ്യൂറായ്=വിരോധങ്ങൾക്കു വിരോധമായി (അവർ ചെയ്യുന്നതിന്നുപോലും എതിരായി), യാൻ കാപ്പേൻ=ഞാൻ കാക്കുന്നുണ്ട്, പെരുവേൾവിക്കു=(ഭവാനുദ്ദേശിച്ചിട്ടുള്ള) മഹായജ്ഞം നടത്തുവാൻ, എഴുക എൻറാൻ=ഒരുങ്ങിക്കൊൾക എന്നു പറഞ്ഞു. ൧൨

329. എൻറണെൻറലു മുനിവോടെഴുന്തനൻ
മൺപടൈത്ത മുനിയിറുതിക്കാലം
അൻെറണ വാമെണ വിമൈയോ രയിർത്തനർ
മേല്വെയില്കരന്തതങ്കുമിങ്കും
നിൻറണവു ന്തിരിന്തണ മീനിവന്തകൊഴ
ങ്കടൈപ്പുരുവ നെററിമുററ
ച്ചെൻറണ വന്തണന കൈയുഞ്ചെവന്തണക
ണ്ണിരുണ്ടണ പോയ്തിശൈകളെല്ലാം.

പ:—എൻറണൻ=എന്നിങ്ങിനെ (ചക്രവത്തി) പറഞ്ഞു, എൻറലും=എന്നു വന്നപ്പോഴെക്കും, (ഇതു കേട്ട വിശ്വാമിത്രൻ) മുനിവോടു എഴുന്തനൻ=കോപത്തോടെ എണീററു, (അതു കണ്ടു) ഇമൈയോർ=ദേവന്മാർ, മൺപടൈത്ത മുനി ഇറുതിക്കാലം=ബ്രഹ്മാവിൻെറ അന്ത്യകാലം (ബ്രഹ്മപ്രളയം), അൻറു എണ ആം എണ=ഇതല്ലെന്നും ഇതാണെന്നും, അയിർന്തനർ=സന്ദേഹപ്പെട്ടു, മേല്=ആകാശത്തിലുള്ള, വെയില്=സൂര്യൻ, കരന്തതു=മറഞ്ഞുപോയി, അങ്കും ഇങ്കും=ആ ലോകത്തും ഈ ലോകത്തും (സ്വർഭൂലോകങ്ങളിൽ), നിൻറണവും=അചരങ്ങളും (പവ്വതവൃക്ഷാദികളും), തിരിന്തണ=ചുററിത്തിരിഞ്ഞുപോയി, മീനിവന്ത=മേലോട്ടുയൎന്ന, കൊഴ=തടിച്ച, കടൈപ്പുരുവം=(മുനിയുടെ) കടപ്പുരികം, നെററിമുററ ചെൻറണ=നെററിയെ മുഴുവനും വ്യാപിച്ചു, നകൈയും വന്തണ=ചിരിയും ഉ

ണ്ടായി, കൺ ശെവന്തണ=കണ്ണുകഠം ചുവന്നു, തിശൈകഠം എല്ലാം=ദിക്കുകളെല്ലാം, ഇരുണ്ടുപോയിണ=ഇരുളടഞ്ഞുപോയി. ൧൩൭.

വൃത്തം മാറി.

330. കറുത്തമാമുനി കരുത്തെയുണ്ണിനീ
പൊറുത്തിയെൻറവൻ പുകൻറ നിൻമകർ
കുറുത്തലാകലാ വുറതി യെയ്തുനാഠം
മറുത്തിയോവെണാവശിട്ടൻ കൂറിണാൻ.

പ:—(ഇങ്ങിനെ വിശ്വാമിത്രൻ കോപകലുഷിതനായപ്പോഠം) വശിട്ടൻ=വസിഷ്ഠമുനി, കറുത്ത=രോഷമാന്ന, മാമുനി=വിശ്വാമിത്രമഹർഷിയുടെ, കരുത്തെ ഉണ്ണി=ഇംഗിതത്തെ അറിഞ്ഞ്, നീ പൊറുത്തി എൻറ=ഭവാൻ ക്ഷമിക്കേണമെന്നു, അവൻ പുകൻറ=അദ്ദേഹത്തോടു പറഞ്ഞിട്ട്, (ചക്രവർത്തിയോടു) നിൻ മകർകു=നിൻെറ മകന്നു, ഉറത്തല് ആകലാ=(മററുള്ളവരിൽനിന്നു) ലഭിപ്പാൻ സാദ്ധ്യമല്ലാത്ത, ഉറതി=ഉൽകൃഷ്ടവസ്തുക്കഠം, എയ്തും നാഠം=സിദ്ധിക്കാവുന്ന കാലത്തിൽ, (അതിനെ) മറുത്തിയോ എണ=നീ തടുക്കുകയാണോവെന്നു, കൂറിണാൻ=പറഞ്ഞു. ഈ പാട്ടിൻെറ വൃത്തം "സമ്മതാ" എന്ന ഭാഗവതത്തിലെ ഗോപികാഗീതത്തിന്നൊത്തതാകുന്നു. ൧൩൮.

331. പെയ്യുമാരിയാർ പെരുകു വെള്ളംപോയ്
മൊയ്കൊഠം വേലൈവായ് മുടുകു മാറുപോല്
ഐയനിൻ മകററളവില് വിഞ്ചൈവ
ന്തെയ്തു കാലമിൻെറതിർന്തതെണ്ണവേ.

പ:— പെയ്യുമാരിയാല്=പെയ്യുന്ന മഴയാൽ, പെരുകു=പെരുകിവരുന്ന, വെള്ളംപോയ്=വെള്ളം ചെന്നു, മൊയ്കൊഠം=(എത്ര നദികഠം ഒഴുകിച്ചെന്നാലും തന്നിൽ) അടങ്ങിക്കൊഠംവാൻ തക്ക, വേലൈ വായ്=ജലനിധിയിൽ, മുടുകുമാറുപോല്=വിരവോടു ചെല്ലുന്നതുപോലെ, ഐയ=പ്രഭോ, നിൻ മകററ=നിൻെറ പുത്രന്നു, അളവു ഇല്=അളവില്ലാത്ത, വിഞ്ചൈ=വിദ്യകഠം, വന്തു എയ്തുകാലം=വന്നുചേരുന്ന കാലം, ഇൻറ എതിർന്തതു=ഇന്നു വന്നു നേരിട്ടു, എണ്ണ=എന്നു പറഞ്ഞപ്പോഠം.

ഭാ:—ജ്ഞാനാനന്ദസ്വരൂപനാകയാൽ ശ്രീരാമമൂർത്തിയെ "മൊയ്കൊഠം വേലൈ"യായും വിശ്വാമിത്രൻ ഉപദേശിക്കുന്ന മന്ത്രജാലത്തെ "വെള്ള"മായും പറഞ്ഞിരിക്കുന്നു. ൧൩൯.

332. കുരുവിൻ വാശകംകൊണ്ടു കൊററവൻ
തിരുവിൻ കേൾവനൈ ക്കൊണർമിൻ ശെൻറണ
വരുക വെൻറണ ണെൻറലോടും വ
ന്തരുക ശാർന്തണ ണറിവി ണുമ്പരാൻ.

പ:—കുരുവിൻ വാശകംകൊണ്ടു=ഗുരുവായ വസിഷ്ഠൻ പറഞ്ഞ വാക്യം അംഗീകരിച്ച്, കൊററവൻ=ചക്രവർത്തി, (ദൂതന്മാരോടു) ശെൻറു= നിങ്ങൾ പോയ്, തിരുവിൻ കേൾവനൈ=ലക്ഷ്മീവല്ലഭനെ (ശ്രീരാമനെ), കൊണർമിൻ എണ=കൂട്ടിക്കൊണ്ടുവരുവിനെന്നു കല്പിക്കയാൽ, (അവർ ചെന്നു) വരുക എൻറണൻ=(ചക്രവർത്തി) വരുവാൻ പറഞ്ഞിരിക്കുന്നു, എൻറലോടും=എന്നു പറഞ്ഞപ്പോഴെക്കും, അറിവിൻ ഉമ്പരാൻ=വേദം മുതലായവയുടെ അറിവിന്നും മേലെയിരിക്കുന്നവനായ (വേദശാസ്ത്രാദിക ളാലും അവേദ്യനായ) ശ്രീരാമമൂർത്തി, വന്തു=അവരോടുകൂടെ വന്ന്, അരു ക ശാർന്തണൻ=പിതാവിൻെറ അരികെ വന്നു.

ഭാ:—"അറിവിണുമ്പരാൻ അരുകുശാർന്തണൻ" എന്നുള്ളതുകൊ ണ്ടു മാനുഷികധർമ്മാചരണത്തെ ബോധിപ്പിക്കുന്നു. ൧൬.

333. വന്ത നമ്പിയെ തമ്പിതന്നൊടു
മുന്തൈ നാൻമറൈ മുനിക്കുക്കാട്ടിണ
റന്തൈ നീതണി ത്തായുനീയിവർ
ക്കെന്തൈ തന്തണ ണിയൈന്ത ശെയ്കെൻറാൻ.

പ:—വന്തനമ്പിയെ=വന്നവനായ രാമനെ, തമ്പിതന്നൊടു= അനുജനായ ലക്ഷ്മണനോടുകൂടെ, മുന്തൈ=പുരാതനമായുള്ള, നാൻമ റൈ=നാലു വേദങ്ങളുമുണ്ടായ, മുനിക്കു=വിശ്വാമിത്രന്നു, കാട്ടി=കാണിച്ച്, ഇവർക്കു=ഇവർക്ക്, നല് തന്തൈ നീ=നല്ലച്ഛനും നീതന്നെ, തണി താ യും നീ=നല്ലമ്മയും നീതന്നെ, എന്തൈ=(ഗൌരവം മൂലം) എൻെറ പി താവേ, തന്തണൻ=(ഭവാൻ ചോദിച്ചപ്രകാരം ഇവരെ അങ്ങേക്കു) തന്നി രിക്കുന്നു, ഇയൈന്ത=(ഇവരെക്കൊണ്ടു അങ്ങെക്ക്) വേണ്ടുന്ന കാര്യങ്ങളെ, ശെയ്ക എൻറാൻ=ചെയ്തുകൊൾക എന്നു (ചക്രവർത്തി) പറഞ്ഞു. ൧൭.

334. കൊടുത്ത മൈന്തരൈ ക്കൊണ്ടു ശിന്തൈമു
ന്തെടുത്ത ശീററം വിട്ടിണിതു വാഴ്ത്തിമേല്
അടുത്ത വേൾവിപോയ് മുടിത്തു നാമെണാ
നടത്തല് മേയിണാ ണവൈക്ക ണീങ്കിണാൻ.

പ:—(ഇങ്ങിനെ ചക്രവൎത്തി പറഞ്ഞതുകേട്ട്) നവൈക്കൺ നീങ്കിനാൻ=ദോഷത്രയമൊഴിഞ്ഞ (വിശ്വാമിത്രൻ), കൊടുത്ത=(ചക്രവൎത്തി) നല്കിയ, മൈന്തരൈ=പുത്രന്മാരെ, കൊണ്ടു=കൈക്കൊണ്ട്, മുന്നു=(ഇവരെക്കൊടുക്കുന്നതിന്നു) മുമ്പിൽ, എടുത്ത=മനസ്സിൽ വളൎന്ന, ശീററം വിട്ടു=ക്രോധംവിട്ട്, ഇനിതു വാഴ്ത്തി=ആമോദപൂൎവ്വകം ആശീൎവ്വദിച്ച്, മേല്=അതിന്നുശേഷം, അടുത്ത വേൾവി=നമുക്കു ചെയ്യാനുള്ളതായ യജ്ഞത്തെ, നാം പോയ് മുടിത്തു എൻറാ=നാം ചെന്നു സമാപ്തി വരുത്തുക എന്നു, (രാമലക്ഷ്മണന്മാരോടായിപ്പറഞ്ഞ്) നടത്തല് മേയിനാൻ=നടകൊണ്ടു, ദോഷത്രയം=കാമക്രോധമോഹങ്ങൾ.

ഭാ:—വിശ്വാമിത്രൻ മുമ്പു ക്ഷത്രിയനായിരുന്നതിനാൽ കാമാദിദോഷത്രയബാധിതനാവാനിടയുള്ളതുകൊണ്ട്, "നവൈക്കൺ നീങ്കിനാൻ" എന്നു പരിഹരിച്ചിരിക്കുന്നു. ഹവ്യ.

335\. വെൻറിവാൾ പുടൈ വിശിത്തു മെയ്മ്മൈപോല്
എൻറും തേയ്വുറാ ത്തൂണി യാർത്തിരു
കുൻറം പോൻറുയർ തോളിർ കൊററവില്
ഒൻറു താങ്കിനാ നുലക ന്താങ്കിനാൻ.

പ:—(അപ്പോൾ) ഉലകം താങ്കിനാൻ=അഖിലാണ്ഡങ്ങളേയും ഒന്നായി തൻെറ ഉദരത്തിൽ താങ്ങിയ ശ്രീരാമദേവൻ, വെൻറിവാൾ=വിജയപ്രദമായ ഖൾഗത്തെ, പുടൈ വിശിത്തു=(അരയിൽ ഇടതു) പാൎശ്വത്തിൽ ബന്ധിച്ചു, മെയ്മ്മൈപോല്=സത്യത്തെപ്പോലെ, എൻറും തേയ്വുറാ=എന്നും കുറവുവരാത്ത, തൂണി=ആവനാഴിയെ, ആർത്തു=(ഇടതു തോളിൽ) തൂക്കി, ഇരു കുൻറം പോൻറ=രണ്ടു കുന്നുകൾപോലെ, ഉയർ=ഉയൎന്ന, തോളില്=ഭുജത്തിൽ (ഒന്നായ വലതു കയ്യിൽ) കൊററ=ജയപ്രദായകമായ, വില് ഒൻറ=ഒരു വില്ലിനെയും, താങ്കിനാൻ=താങ്ങിക്കൊണ്ടു ഗമിച്ചു. ഹൻ.

336\. അണ്ണ തമ്പിയു ന്താനു മൈയ ണാം
മണ്ണ ിണ്ണുയിർ വഴിക്കൊണ്ടാലെണ
ളൊണ്ണ മാതവ നെറാടർന്ത ശായൈപോല്
പൊണ്ണിൻ മാനകർ പ്പുരിശൈ നീങ്കിനാൻ.

പ:—അണ്ണ=അങ്ങിനെയുള്ള, തമ്പിയും താണും=അനുജനും താനും കൂടെ, ഐയൻ ആം മണ്ണൻ=പിതാവായ ചക്രവൎത്തിയുടെ, ഇൻ ഉയിർ=

നല്ല ജീവൻ, വഴിക്കൊണ്ടാലെണ=പിന്തുടന്നു പോയതുപോലെ,ശൊന്ന=മുൻപറഞ്ഞ, മാതവൻ=മഹാ തപസ്വിയായ വിശ്വാമിത്രമുനിയെ, തൊടർന്ത=തുടന്നുപോകുന്ന, ശായൈ പോല്=ഛായപോലെ, പൊന്നിൻമാനകർ=പൊന്മയമായി മഹിമ കലന്ന അയോദ്ധ്യാനഗരത്തിന്റെ, പുരിശൈ=മതിലിനെ, നീങ്ങ്കിണാൻ=കടന്നുപോയി. ൩൦.

337\. വരങ്ങ്കൺ മാശറത്തവം ശെയ്തോർകൾവാഴ്
പുരങ്ങ്കണേരിലാ നകര നീങ്ങ്കിപ്പോയ്
അരങ്ങ്കിണാട്ടവാർ ശിലമ്പിണന്നനി
ൻറിരങ്ങ്കുവാർ പുണർ ശരയു വെയ്തിണാർ.

പ:—(ഇങ്ങിനെ യാത്രതുടന്ന രാമാദികൾ) വരങ്ങ്കൾ മാശ്രു അറ=(തങ്ങൾക്ക ലഭിക്കുന്ന) വരങ്ങൾ നിർദ്ദോഷങ്ങളായി തീരത്തക്കവണ്ണം, തവം ശെയ്തോർകൾ=തപസ്സ ചെയ്തവർ (ദേവന്മാർ) വാഴ്=വാഴുന്ന, പുരങ്ങ്കൾ=പദവികൾ, നേർ ഇലാ=സാമ്യമാകാത്ത, നകരം=അയോദ്ധ്യാനഗരത്തെ, നിങ്ങ്കിപോയ്=കടന്നുചെന്നു, അരങ്ങ്കിൻ ആട്ടവാർ=നാടകരംഗത്തിൽ നൃത്തമാടുന്ന, (വേശ്യകൾ പാദങ്ങളിലണിഞ്ഞിരിക്കുന്ന) ശിലമ്പിൻ=ചിലമ്പൊലിപോലെ, അന്നം നിൻറ ഇരങ്ങ്കു=അരയന്നങ്ങൾ ശബ്ദിച്ചുകൊണ്ടിരിക്കുന്നതും, വാർ പുണല്=ഒഴുകുന്ന നീരോട്ടുകൂടിയതുമായ, ശരൈയ്യു=സരയൂനദിയെ, എയ്തിണാൻ=പ്രാപിച്ചു. ൩൧.

338\. കരുമ്പു കാല്പൊര ക്കമുകിൻ വാർന്തതേൻ
വരമ്പൈ മീതിട്ട മരുത വേലിവായ്
അരുമ്പു കൊങ്ങ്കൈയാ രമ്മെലോതിപോർ
ശ്ശുരുമ്പു വാഴ്വതോർ ശോലൈ നണ്ണിണാർ.

പ:—(അനന്തരം) കരുമ്പു=കരുമ്പുകൾ, കാല്=കാററിനാൽ, പൊര=തള്ളപ്പെട്ടകയാൽ, കമുകിൻ=കവുങ്ങുകളുടെ, (പൂക്കലകളിൽനിന്നും) വാർന്ത=ഒഴുകിയ, തേൻ=തേൻ, വരമ്പു മീതിട്ടം=വരമ്പു കവിഞ്ഞൊഴുകുന്ന, മരുതവേലിവായ്=മരുത നിലത്തിൽ(വയലിൽ)അരുമ്പു കൊങ്ങ്കൈയാർ=കുരുത്തിയലുന്ന കൊങ്കകളോട്ടുകൂടിയ മങ്കമാരുടെ, അംമെല് ഓതിപോല്=അഴകും മൃദുത്വവുമുള്ള കുന്തല്പോലെയിരിക്കുന്ന, ശ്ശുരുമ്പു=വണ്ടുകൾ, വാഴ്വതു=വാഴുന്നിടമായ, ഓർശോലൈ=ഒരു ചോലയെ, നണ്ണിണാർ=ചെന്നുചേന്നു. ൩൨.

339. താഴ മാമഴൈ തഴവു നെററിയാല്
ശ്ശുഴിയാണൈ പോറേറാൻറ മാല്വരൈ
പാഴി മാമുക ട്ടച്ചി പച്ചൈമ്മാ
റ്ഏഴ മേറപ്പോ യാറ മേറിനാർ.

പ:—താഴം=വന്നു തങ്ങുന്ന, മാ മഴൈ=വലിയ മേഘങ്ങൾ, തഴവും=ചേൻറ, നെററിയാല്=ഊർദ്ധ്വപ്രദേശത്തോട്ടക്കൂടിയിരിക്കയാൽ, ശ്ശുഴിയാണൈ പോല്=നെററിപ്പട്ടം കെട്ടിയ ഗജത്തെപ്പോലെ, തോൻറം=തോന്നുന്ന, മാല്വരൈ=വലിയ അസ്തമനപർവ്വതത്തിൻെറ, പാഴി=ഉറപ്പുള്ള മാ=വലിയ, മുകട്ട ഉച്ചി=ശിഖരാഗ്രത്തിൽ, പച്ചൈ=പച്ച നിറമുള്ള, മാ ഏഴം=(ആദിത്യൻെറ) കുതിരകളേഴും, ഏറ=കരേറമാറാകുമ്പോൾ, പോയ്=(ഇവരും) ചെന്നു, യാറം ഏറിനാർ=ആറും (സരയൂവും കടന്നു അക്കരെയിൽചെന്നു) കരേറി. വ-മ.

340. തേവു മാതവ റെറാഴുതു തേവർതം
നാവു ളാകുതി നയക്കും വേൾവിവായ്
താവു മാപ്പുകൈ തഴവു ശോലൈക
ണ്ടിയാവതീതെൻറാ ണെവർക്കുമേണിൻറാൻ.

പ;—(അങ്ങിനെ കരകേ കയറിയ ഉടനെ) എവർക്കുംമേല് നിൻറാൻ=ഏവക്കും (ദേവന്മാരുടെ അറിവിന്നുപോലും എത്താതെ) മേലേ നില്ക്കുന്നവനായ ശ്രീരാമമൂർത്തി, തേവർ=ദേവകൾ, തം നാവുൾ=തങ്ങടെ നാവിൽ, (അഗ്നിയിൽ) ആകുതി നയക്കും=ആഹുതി ചെയ്യുന്നതക്ക, വേൾവിവായ്=യജ്ഞത്തിൽ നിന്നുണ്ടായി, താവും=മേല്പോട്ടുയരുന്ന, മാപ്പുകൈ=മഹാധൂമം, തഴവു=ചുററും വ്യാപിച്ചിരിക്കുന്ന, ചോലൈ കണ്ട=ഒരു ചോല കണ്ട്, തേവു മാതവത്തൊഴുതു=ദിവ്യനും തപോമഹിമയുള്ളവനുമായ വിശ്വാമിത്രമുനിയെ വണങ്ങി, ഈതു യാവതു എൻറാൻ=ഈ ചോല ഏതെന്നു ചോദിച്ചു.

വി:—"അഗ്നിമുഖാ വൈ ദേവാ:"എന്ന ശ്രുതിവാക്യം പ്രമാണിച്ചു "തേവർതം നാവുൾ" എന്നു പ്രയോഗിച്ചിരിക്കുന്നു. വ-ര.

൭ാമതായ കൈയടൈപ്പടലം കഴിഞ്ഞു.

## ൫. താടകൈവതൈപ്പടലം.

341. തിങ്കൾമേവുഞ്ചടൈ ത്തേവൻമേൻ മാരവേൾ
ഇങ്കുനിൻറെയ്യവു മെരിതരുമ് നുതല്വിഴി
പ്പൊങ്കു കോപഞ്ചുട പ്പൂളൈവീ യണ്ണതൻ
അങ്കംവെന്തൻറതൊട്ടണങ്കണേയായിണാൻ.

പ:—(ശ്രീരാമഭദ്രൻ ചോലയെപ്പററി ചോദിച്ചതിന്നു വിശ്വാമിത്ര മുനി പറയുന്നു) തിങ്കൾ മേവും=ചന്ദ്രക്കലയിണങ്ങിയ, ശടൈ=ജടമുടിയോടുകൂടിയ, തേവൻമേല്=ദേവൻെറ (ശിവൻെറ) മേൽ, മാരവേൾ=കാമദേവൻ, ഇങ്കുനിൻറ=ഇവിടെവെച്ച്, എയ്യവും=(പൂവമ്പുകളെ) എയ്യുകയും, എരിതരും=തീച്ചൊരിയുന്ന, നുതല്വിഴി=നെററിക്കണ്ണിലുണ്ടായ, പൊങ്കു=അധികരിച്ച, കോപം=കോപാഗ്നി, ചുട=ചുട്ടുനീറാക്കിയതിനാൽ, പൂളൈ വീ അണ്ണ=പൂളപ്പൂപോലുള്ള, തൻ അങ്കംവെന്തു=തൻെറ ശരീരം വെന്തുപോകയാൽ, അൻറതൊടങ്കി=അന്നു തുടങ്ങി, അണങ്കണേ ആയിണാൻ=അനംഗ (അംഗമില്ലാത്തവ) നായിത്തന്നെ ഭവിക്കുകയും ചെയ്തു. "സ്രഗ്വിണീ" വൃത്തംപോലെ. ൧.

342. വാരണത്തുരിവൈയാൻ മതണനൈ ച്ചിണവുനാൾ
ഈരമററങ്കമിങ്കുകുതലാ ലിവണെലാം
ആരണ ത്തുറൈയുളാ യങ്കനാടിതുവുമ
ക്കാരണക്കുറിപ്പുടൈ ക്കാമണാച്ചിരമമേ.

പ:—ആരണത്തുറൈ ഉളായ്=വേദമാകുന്ന അധിഷ്ഠാനത്തോടുകൂടിയവനേ, വാരണത്തു ഉരിവൈയാൻ=വാരണത്തിൻെറ തോലാകുന്ന വസനത്തോടുകൂടിയ പരമശിവൻ, മതണനൈ ശിണവുംനാൾ=മദനൻെറ നേരെ കോപിച്ച കാലത്ത്, അങ്കം=അവൻെറ ശരീരം, ഈരം അററ=പശിമയില്ലാതായി, ഇങ്കു ഉകുതലാല്=ഇവിടെ ചിതറി (ഭസ്മമായി) പോകയാൽ, ഇവൺ എലാം=ഇവിടമെല്ലാം, അങ്കനാടു="അംഗനാട്" എന്നു പറയപ്പെടുന്നു. ഇതുവും=ഈ ചോലയും, അ കാരണക്കുറി ഉടൈ=ആ കാരണപ്പേരോടുകൂടിയ, കാമണാച്ചിരമം="കാമാശ്രമം" എന്നു പറയപ്പെടുന്നു. ആരണത്തുറൈ ഉളായ്=വേദത്തെ അടിസ്ഥാനമാക്കി നടക്കുന്നവനേ എന്നും അർത്ഥമാക്കാം. ൨.

343\. പററവാ വേരൊട്ടം പശൈയററ പ്പിറവിപോയ്
മുററവാ ലുണർവുമേൻ മുടകിണാ രറിവുശെ
ൻറററവാ ണവണിരുന്തി യോകുശെയ്തണണെിർ
ശൊററവാ മളവതോ മററിതൻറുയ്മൈയേ.

പ:—പററ=രണ്ടു വക ബന്ധവും, അവാ=ആശയും, വേരോട്ടം പശൈ അറ=വേരോടെ ഭസ്മമായ് പോവുകയും, പിറവി പോയ്മുററ=ജന്മം അററി വന്നുപോകയും, വാല് ഉണർവു=യഥാർത്ഥജ്ഞാനം, മേല്മുടകിണാർ=ഉൽകൃഷ്ടമായി കരുതീട്ടുള്ള ജ്ഞാനികളുടെ, അറിവു=ബോധത്തിൽ, ശെൻറുഉററ=ചെന്നു വിളങ്ങുന്ന, വാണവൻ=പരമശിവൻ, ഇരുന്തു=സുഖാസനത്തിലിരുന്നു, യോകുശെയ്തണൻ എണിൻ=യോഗം സാധിച്ചുവെന്നാൽ, ഇതൻ തുയ്മൈ=ഈ ആശ്രമത്തിൻെറ പരിശുദ്ധത, ശൊററ അളവതോ=വാക്കിന്നു വിഷയമാകുന്നതാണോ? ൩.

344\. എൻറവന്തണണിയമ്പലും വിയന്തവ്വയിർ
ശെൻറവന്തെതിരെഴഞ്ചെണ്ണെറിച്ചെല്വരോ
ടൻറുറൈന്തലർകതിർ പ്പരിതിമണ്ടിലമകൻ
കുൻറിണിൻറിവരവോർ ശുടുശുരങ്കുറകിണാൻ.

പ:—എൻറ അ അന്തണൻ ഇയമ്പലും=എന്നു ആ വിശ്വാമിത്രൻ പറഞ്ഞപ്പോാറം, വിയന്തു=വിസ്മയിച്ച്, അവയിൻശെൻറ=അവിടെ ചെന്നു്, എതിർ ഉവന്തു എഴം=എതിരേ ഉന്മേഷം കൈക്കൊണ്ടുവരുന്ന' ശെന്നെറിച്ചെല്വരോടു=തപോധനന്മാരോടൊരുമിച്ച്, അൻറ ഉറൈന്തു=അന്നു താമസിച്ച്, (പിററന്നാറം) അലർ=പരന്ന, കതിർ=കിരണങ്ങളോടുകൂടിയ, പരിതിമണ്ഡലം=സൂൎയ്യമണ്ഡലം (മണ്ഡലാധിഷ്ഠിതനായ പരമപുരുഷൻ), അകല്=വിശാലമായ, കുൻറിൻ നിൻറ=ഉദയാദ്രിയിൽനിന്നു, ഇവര=ഉയരുമ്പോാറം (പുലരുമ്പോാറം), ഓർ=ഒരു കടു=താപജനകമായ, ശുരം=മേട്ടുപുറം (പാലനിലമെന്ന മരുഭൂമി), കുറകിണാർ=പ്രാപിച്ചു. ൪.

അ:—ഇതു മുതൽ 12 വിരുത്തങ്ങളാൽ പാലനിലത്തെ വൎണ്ണിക്കുന്നു.

345\. പരിതിവാ ണവണിലം പശൈയററ പ്പുരുകുവാൻ
വിരുത്തുമേർ കൊണ്ടുലാം വേണിലേ യല്ലതോർ
ഇരുത്തുവേ റിൻമൈയാ ലെരിശുടർ ക്കടവുളും
കരുതിൻവേ മുള്ളമും കാണില്വേം നയണമും.

പ:—(ആ നിലത്തിൽ) പരിതിവാണവൻ=സൂൎയ്യദേവൻ, നിലം=നിലത്തിലുള്ള, പശൈ അറ=നനവു നശിച്ചുപോകത്തക്കവണ്ണം, പരുകുവാൻ=വലിച്ചെടുത്തു, വിരുതു മേർകൊണ്ടു=വിജയക്കൊടിയുയൎത്തിപ്പിടിച്ചുകൊണ്ടു, ഉലാം=ഉലാത്തുന്ന, വേനിലേ അല്ലതു=വേനല്ക്കാലമല്ലാതെ, വേറ ഓർ ഇരുതു ഇൻമൈയാല്=വേറെ ഒരു ഋതുവും ആ ഭൂമിയിൽ ഇല്ലായ്കയാൽ, എരി=(താൻ ആശ്രയിക്കുന്നതെല്ലാം) ദഹിപ്പിക്കുന്ന, ശുടർക്കടവുളും=അഗ്നിദേവനും, കരുതിൻ=(ആ പാലനിലത്തെ) നിനെക്കുന്നതായാൽ, ഉള്ളമും വേം=അദ്ദേഹത്തിന്റെ ഹൃദയവും വെന്തുപോകും, കാണ്ണിൻ=കാണുന്നതായാൽ, നയണമും വേം=നേത്രങ്ങളും വെന്തുപോകും ൫

346. പടിയിൻമേല്‌വെമ്മൈയൈപകരിണും പകരുനാ
മുടിയവേ മുടിയമൂടിരുളും വാൻമുകടും വേം
വിടിയുമേല്‌വെയിലും വേമഴൈയുംവേ മിന്നിണോ
ടിടിയുംവേമെന്നില്‌വേറിയാവൈ വേവാതവേ.

പ:—പടിയിൻമേല്=ആ പാലനിലത്തിലുള്ള, വെമ്മൈയൈ=ഊഷ്മാവിനെക്കുറിച്ചു; പകരിണും=പറഞ്ഞാലും, പകരും=പറയുന്ന, നാമുടിയു=നാവു മുഴുവനും, വേം=വേകും, മുടിയ=(ലോകം) മുഴുവനും, മൂടു=മൂടിക്കൊള്ളുന്ന, ഇരുളും=അന്ധകാരവും, വാൻ മുകടും=ഈ അണ്ഡത്തിന്റെ ഉപരിഭാഗവും, വേം=വേകും, വിടിയുമേല്=ഇരുളകലുന്നതായാൽ, വെയിലും വേം=സൂൎയ്യനും വെന്തുപോകും. മഴൈയും വേം—മേഘങ്ങളും വേകും, മിന്നിനോടു=മിന്നലോടുകൂടെ, ഇടിയും വേം=ഇടിയും വേകും. എന്നിൻ=എങ്കിൽ, വേവാത=ആ നിലത്തിൽ വേകാത്തവ, വേറയാവൈ—വേറെ ഏവയുണ്ട്. (ഒന്നുമില്ല) ൬.

347. വിഞ്ചുവാൻ മഴൈയിൻ മേലമ്പും വേലുംപട
ച്ചെഞ്ചവേ ശെരുമുക ത്തൻറിയേ തിറണിലാ
വഞ്ചർ തീവിണൈകളാൻ മാണമാ മണിയിഴ
ന്തഞ്ചിണാർ നെഞ്ചുപോലെ ൻറമാറാതരോ.

പ:—വിഞ്ചു=അധികരിച്ച, വാൻമഴൈയിൻമേല്=മേഘങ്ങളുടെ വൎഷധാരകളെക്കാറം (ഞെരുങ്ങിയ) അമ്പും വേലും പട=അമ്പുകളും വേൽകളും വന്നു തങ്ങടെ ശരീരത്തിൽ തറക്കുകയാൽ, ചെഞ്ചവേ=എത്രയും നന്നായി (യുദ്ധമൎയ്യാദ വിടാതെ), ശെരു മുകത്തു അൻറിയേ=(വൈരികളുമായി പൊരുതുന്ന) പോൎക്കളത്തിലല്ലാതെ, തിറൻ ഇലാ=ആയോധന

വിഭാഗങ്ങരം അഭ്യസിച്ചിട്ടില്ലാത്ത, വഞ്ചകർ തീവിനൈകളാല്=വഞ്ചകന്മാരുടെ ക്രൂരകൃത്യങ്ങളാൽ, മാണം ആം മണി ഇഴന്തു=മാനമാകുന്ന മഹാരത്നത്തെ വെടിഞ്ഞ, അഞ്ചിണാർ=മനസ്സ നട്ടങ്ങിപ്പോയ വീരന്മാരുടെ, നെഞ്ചു പോല്=ഹൃദയംപോലെ, (ആ പാലനിലം) എൻറംആറാതു=ഒരു കാലത്തും ആറാതെ (തപിച്ചുകൊണ്ടേയിരിക്കും.)

ഭാ:—വീരന്മാർ യുദ്ധവൈദഗ്ദ്ധ്യമുള്ള വൈരികളോടു പോർചെയ്തു ജയപരാജയങ്ങളെ കൈക്കൊള്ളുന്നതു വിഹിതമായിരിക്കും. അങ്ങിനെയല്ലാതെ ചതിയന്മാരുടെ വശത്തിലകപ്പെട്ടു മാനം കളയുന്നതായാൽ അവരുടെ അകക്കാമ്പ് അതിമാത്രം അഴൽ പിണഞ്ഞുരുകുന്നതാണ്. ൧.

348. പേയ്പിളന്തൊക്ക നിൻറലർ പെരുങ്കള്ളിയിൻ
തായ്പിളന്തുക്ക കാരകില്കളുന്തഴൈയിലാ
വേയ്പിളന്തുക്ക വെണ്ടരളമും വിടവരാ
വായ്പിളന്തുക്ക ശെമ്മണിയുമേ വണമെലാം.

പ:—പേയ് പിളന്തൊക്ക=പിശാചുക്കരം വന്നു പിടിച്ചു പിളന്നതോയെന്നു തോന്നുംവണ്ണം, നിൻറ ഉലർ=നിന്നുണങ്ങുന്ന, പെരുങ്കള്ളിയിൻ=വലിയ കള്ളിമരങ്ങളുടെ, തായ്=തടിമരങ്ങരം, പിളന്തു=പിളക്കപ്പെട്ടു, ഉക്ക=വീണു തങ്ങികിടക്കുന്ന, കാർ അകില്കളും=കാരകിൽ മരങ്ങളും, തഴൈ ഇലാ വേയ്=ഇല കൊഴിഞ്ഞു വാടി നില്ക്കുന്ന മുളകരം (വേണുക്കരം) പിളന്തുഉക്ക=പിളന്നു ചിതറിയിരിക്കുന്ന, വെരം തരളം=വെണ്മ കലന്ന മുത്തുകളും, വിടം അരാ=വിഷമുള്ള സപ്പങ്ങരം, വായ്പിളന്തു ഉക്ക=വായ് തുറന്നു കക്കിയ, ശെമ്മണിയുമേ=മാണിക്കങ്ങളും മാത്രമാണ്, വണം എലാം=ആ പാലവനം മുഴവനും(നിറഞ്ഞുകിടക്കുന്നത്.) ൨.

349. പാരുമോടാതു നീടാതെണും പാലതേ
ശൂരുമോടാതു കൂടാതരോ ശൂരിയൻ
തേരുമോടാതു മാമാകമീതേരിണേർ
കാരുമോടാതു നീരം കാലുമോടാതരോ.

പ:—പാരും=ഭൂമിയും, നീടാതു എണ്ണം പാലതു=അപ്പുറത്തേക്കു കടന്നുപോവാൻ കഴിയാത്തതുകൊണ്ട്, ഓടാതു=ആ ചൂടവിട്ടോടിപ്പോകയില്ല; ശൂരും=(കാളിയാകുന്ന) ആ സ്ഥലദേവതയും, ഓടാതു കൂടാതു=ഓടാതെ കഴികയില്ല. മാമാകം മീ=മഹത്തായ ആകാശവീഥിയിൽ, ശൂരിയൻ തേരും ഓടാതു=(ഈ നിലത്തിലെ ഊഷ്മാവിനാൽ ദഹിക്കുമെ

ന്നു കരുതി) സൂൎയ്യന്റെ രഥവും അതിന്നു നേരായി ചെല്ലുകയില്ല. തേരി ൻ=ആലോചിക്കുന്നതായാൽ, നേർ=അതിന്നു നേരായി, കാരും ഓടാതു= മേഘവും സഞ്ചരിക്കയില്ല. നീരം കാലും ഓടാതു=വീശുന്ന കാററം ഓട്ടു കയില്ല.

ഭാ:—അവിടെ താപശാന്തിക്കുതകുന്നതും സൎവ്വസാധാരണവുമായ മേഘസഞ്ചാരവും വായുസഞ്ചാരവും കൂടെയില്ല. ൻ

350. കൺകിഴിത്തു മിഴ് വിടക്കണലരാ വരശ്ശുകാർ
വിൺകിഴിത്തൊളിരു മിന്നണൈയപൻമണിവെയില്
മൺകിഴിത്തിട വെഴുഞ്ചെ ഞ്ചുടർകൺമൺമകളുടർ
പുൺകിഴിത്തിട വെഴുങ്കുരുതിയേ പോലുമേ.

പ:—കൺ കിഴിത്തു=കണ്ണുകളെപ്പിളൎന്നുകൊണ്ടു, ഉമിഴ്=പുറപ്പെടുന്ന, വിടക്കണല്=വിഷാഗ്നിയോടുകൂടിയ, അരാ അരശ്ശു=നാഗരാജന്റെ, കാർ=മഹത്തായ, വിൺ കിഴിത്തു=മേഘത്തെ പിളൎന്നുകൊണ്ടു, ഒളിരും= പ്രകാശിക്കുന്ന, മിൻ അണൈയ=മിന്നൽപോലെയിരിക്കുന്നതും,' മൺകി ഴിത്തിട=ആ നിലം പിളൎന്നു (ആ പിളർപ്പിൽനിന്നു) എഴും=ഉൽഗമിക്കുന്ന തുമായ, പല്മണി വെയില്=(ഫണത്തിലുള്ള) നാനാമണിപ്രഭയുടെ, ചെഞ്ചുടർകൾ=അരുണകിരണങ്ങൾ, (എങ്ങിനെയിരുന്നുവെന്നാൽ) മൺ മകൾ=ഭൂമിദേവിയുടെ, ഉടല്പുൺ=ഉടലിലുള്ള പുണ്ണു്, കിഴിത്തിട=കീറി യപ്പോൾ, എഴും=അതിൽനിന്നു പുറപ്പെടുന്ന, കുരുതിയേ പോലും=രക്തം പോലെതന്നെയിരുന്നു.

ഭാ:—കാർമുകിൽ പിളൎന്നു പുറപ്പെട്ടൊളിവീശുന്ന തടിൽപ്രഭക്കു തുല്യമായി ഊഴിതട്ടു പിളൎന്നു പൊങ്ങി വിലസുന്ന (പാതാളവാസിയായ) ഭുജംഗരാജന്റെ ഫണാമണിപ്രഭാപടലംപോലെയും ഭൂദേവിയുടെ അംഗ ത്തിലുള്ള വ്രണം പൊട്ടിപ്പുറപ്പെടുന്ന നിണംപോലെയും ഇരുന്നു ആ പാ ലനിലത്തിന്മേൽ രക്തവൎണ്ണം പൂണ്ടു ജ്വലിക്കുന്ന ഊഷ്മാവു്. ൧൦.

വൃത്തം മാറി.

351. പുഴങ്കുവെമ്പശിയൊടു പുരളുംപോരരാ
വിഴുങ്കവന്തെതിരെതിർ വിരിത്ത വായിൻവായ്
മുഴങ്കുതിൺകരി പുകുമുടുകി മീമിശൈ
വഴങ്കുവെങ്കതിർ ശ്ശുട മറൈവു തേടിയേ.

പ:—മീമിശൈ=ആകാശത്തിൽ, വഴങ്കു=വ്യാപിക്കുന്ന, വെങ്ക തിർ=കഠോരങ്ങളായ സൂൎയ്യകിരണങ്ങൾ, ശ്ശുട=ചുടുന്നതിനാൽ, മറൈവു

തേടി=(അതു സഹിക്കവയ്യാതെ) നിഴലന്വേഷിച്ചു, മുഴങ്ങ്ക്=ഗർജിച്ചുകൊണ്ടലയുന്ന, തിൺ കരി=വലിയ ഗജങ്ങറം, പുഴങ്ങ്കു=ജ്വലിക്കുന്ന, വെമ്പശിയോടു=അതിയായ വിശപ്പോടെ, പുരളും=ഇഴഞ്ഞുനടക്കുന്ന, പോരാ=ഒന്നോടൊന്നു ചേൎന്നിരിക്കുന്ന പാമ്പുകറം, വിഴങ്ങ്കവന്നു=(അവിടെയുള്ള ജീവികളെ) വിഴുങ്ങുവാൻ കരുതിവന്നു, എതിരെതിർ=(ഓടിവരുന്ന പ്രാണികറംക്കു) നേരേനേരേയായി, വിരിത്ത=പിളൎന്നുകൊണ്ടിരിക്കുന്ന, വായിൻ വായ്=വായ്ക്കുള്ളിൽ, മുട്ടകപ്പുകും=(അവ) ബദ്ധപ്പെട്ടു ചെന്നകപ്പെട്ടും.

ഭാ:—താപാൎത്തന്മാരായ വാരണേന്ദ്രന്മാർ വിശ്രമിപ്പാൻ നിഴൽ തിരഞ്ഞു ചെല്ലുമ്പോറം പെരുമ്പാമ്പുകറം ഭക്ഷണാൎത്ഥികളായി വായും പിളൎന്നു കിടക്കുന്നതു കണ്ടു ഗുഹാഭ്രാന്തി പൂണ്ടു അവയുടെ വദനവിവരങ്ങളിൽ പുക്കു വിലയം പ്രാപിക്കുന്നു. ൫൧.

352. ഏകവെങ്കണ ലരശിരുന്ത കാട്ടിനുറം
കാകമുങ്കരികളു ങ്കരിന്തു ശാമ്പിണ
മാകവെങ്കണലെനും വടവൈത്തീ ച്ചുട
മേകമുങ്കരിന്തിടൈ വീഴ്ന്തപോലുമേ.

പ:—ഏകം=നിരുപമമായ, വെങ്കണല്=താപകാരിയായ വഹ്നിദേവൻ, അരശിരുന്ത=ആധിപത്യം വഹിച്ച, കാട്ടിനുറം=ആ കാട്ടിനകത്തു, (ചൂടിൻെറ ശക്തിയാൽ) കാകമും=കാക്കകളും, കരികളും=ഗജങ്ങളും, കരിന്തു=വെന്തു, ശാമ്പിണ=നശിച്ചുകിടക്കുന്നു. (ഇതു കണ്ടാൽ) മാകം=മഹിമകലൎന്ന, വെങ്കണലെനും=ഘോരപാവകനാകുന്ന, വടവൈത്തീ=ബഡവാമുഖാഗ്നി, ച്ചുട=തപിക്കുന്നതിനാൽ, മേകമും=മേഘങ്ങളും, കരിന്തു=കരിഞ്ഞു, ഇടൈ=ആ പാലവനത്തിൽ, വീഴ്ന്ത പോലും=വീണതുപോലെയിരിക്കും. ൫൨.

353. കാണകത്തി യങ്കിയ കഴതിൻേറർക്കുലം
താണകത്തെഴുത ലാററലൈ കൊണ്ടോടിപ്പോയ്
മേണിമിർന്തെഴുന്തിടില് വിത്തുമ്പും വേമെണാ
വാണവർക്കിരങ്കി നീർവളൈന്ത തൊത്തതേ.

പ:—കാണകത്തു=ആ വനത്തിൽ, ഇയങ്കിയ=സഞ്ചരിക്കുന്ന, കഴതിൻ തേർക്കുലം=പേയ്തേർക്കൂട്ടം (കാനൽ ജലം=മൃഗതൃഷ്ണ), അകത്തു=ആ നിലത്തിൽ, എഴുതലാല്=ഉണ്ടാകുന്നതിനാൽ, തലൈക്കൊണ്ടു=അതു

അവിടം മുഴവൻ പരന്ന്, ഓടിപ്പോയ്=ഓടിച്ചെന്നു, മേല് നിമിർന്തെഴന്തിടില്=മേല്പോട്ടാക്കമിയന്നു പൊങ്ങുന്നതായാൽ, വിശുമ്പും=സുരലോകവും, വേം എനാ=വെന്തുപോമെന്നു കരുതി, വാണവർക്ക=ദേവകൾക്ക വേണ്ടി, ഇരങ്കി=കാരുണ്യം പൂണ്ടു, നീർ=പല ജലാധാരങ്ങൾ, വളൈന്ത=ചുററിലുമുള്ള നിലയെ, ഒത്ത=വഹിച്ചിരിക്കുന്നു.

ഭാ:—ആ വനത്തിലുള്ള അതിയായ ഉഷ്ണാവിനാൽ എഴുന്നു പറന്നു വരുന്ന കാനൽ ജലപ്രവാഹം അവിടം മുഴവനും വ്യാപിച്ചടങ്ങാതെ മേലോട്ടു പാഞ്ഞുചെല്ലുന്നതായാൽ സ്വർഗ്ഗലോകം കൂടെ ദഹിച്ചുപോവാനിടവരുമെന്നു കരുതി കാരുണ്യം കലന്ന ആ വനം ഈ മൃഗതൃഷ്ണയുടെ അതിവ്യാപ്തിയെ അടക്കിനിർത്തുവാനായി നാലുപാടും നാനാരൂപങ്ങളായ ജലാശയങ്ങളെ (അരുവികൾ, പല്വലങ്ങൾ മുതലായവയെ) വഹിക്കുന്നു. ജലാശയങ്ങളുടെ ശൈത്യം മൂലം അവക്കടുത്തുള്ള ആവി അപ്പപ്പോൾ തണുത്തുപോയി ആ ഭാഗം ഒഴിഞ്ഞു കിടക്കയും തുടന്നു പൊങ്ങിക്കൊണ്ടിരിക്കുന്ന ആവിക്ക് അവിടെ വ്യാപിപ്പാനിട കിട്ടിക്കൊണ്ടിരിക്കയും ചെയ്യുന്നതായാൽ ആവിയുടെ(മൃഗതൃഷ്ണയുടെ) അതിക്രമം ഉണ്ടാകയില്ലെല്ലോ. ഫ്ന

354. ഏയ്ന്തവക്കനലിടൈ യെഴന്ത കാണറേർ
കായ്ന്തവ ക്കടുവണങ്കാക്കും വേനിലിൻ
വേന്തനുക്കരശു വീററിരുക്ക ച്ചെയ്തതോർ
വായ്ന്തപൊർ കാലുടൈ പ്പളിക്ക പ്പീടമേ.

പ:—ഏയ്ന്ത=പരന്ന, അക്കനലിടൈ=ആ തീയിൽ, എഴന്ത=മേലോട്ടുയന്ന, കാണല് തേർ=മരീചികാശ്രേണി, കായ്ന്ത=വെന്തുപോയ, അക്കടുവണം=ആ കൊടുങ്കാട്ടിനെ, കാക്കം=ഭരിക്കുന്ന, വേനിലിൻ=ഗ്രീഷ്മമാകിയ, വേന്തനുക്ക=മന്നവന്ന്, അരശു വീററിരുക്ക=രാജപദവിയിലിരിപ്പാൻ, ശെയ്തതു ഓർ=ചെയ്യപ്പെട്ടതായ ഒരു, വായ്ന്ത പൊർകാല് ഉടൈ=(ഭൂമിയിൽ കീഴ്പോട്ടു) താഴ്ന്ന കനകക്കാലോടുകൂടിയ, പളിക്കപ്പീടം=സ്ഫടികസിംഹാസനം (പോലെ ഇരിക്കുന്നു.)

ഭാ:—പീതവർണ്ണമായ അഗ്നിജ്വാലയുടെ മേൽഭാഗത്തു ശ്വേതവർണ്ണമായ്ക്കാണുന്ന മൃഗതൃഷ്ണാശ്രേണി സ്വർണ്ണക്കാലിണക്കി പണിചെയ്യപ്പെട്ട പളുങ്കപീഠത്തിന്നു തുല്യമായിരുന്നു. ഫർ.

355. താവരു മിരുവിനൈ ശെററുത്തള്ളരു
മൂവകൈ പ്പകൈയരൺ കടന്തു മുത്തിയില്

പോവതു പുരിപവർ മണമും പൊൻവിലൈ
പ്പാവൈയർ മണമും പോർപ്പശൈയു മററതേ.

പ:—(അപ്രദേശം) താവരും=നീക്കവാനരുതാത്ത, ഇരുവിനൈ=സല്ക്കർമ്മം ദുഷ്കർമ്മമെന്നിവ രണ്ടിനെയും, ശെററ=അകററി (നശിപ്പിച്ച്), തള്ളരു=തള്ളുവാൻ കഴിയാത്ത, മൂവകൈ=മൂന്നുവക (കാമക്രോധമോഹങ്ങളാകുന്ന) പകൈയരൺ=ശത്രുബന്ധത്തെ, കടന്തു=കടന്നു (ജയിച്ച്), മുത്തിയില്=മുക്തിയിൽ (നിരതിശയാനന്ദപദത്തിൽ=വൈകുണ്ഠത്തിൽ), പോവതു=പോകേണ്ടതിനെ, പുരിപവർ=ഇച്ഛിക്കുന്നവരുടെ, മണമും=മനസ്സും, പൊൻ=അഴകുള്ള, വിലൈപ്പാവൈയർ=വേശ്യകളുടെ (ദ്രവ്യം വിലകൊടുത്തനുഭവിക്കാവുന്ന സ്ത്രീകൾ), മണമും=മനസ്സും, പോല്=പോലെ, പശൈയും=ആർദ്രതയും, അററതു=ഇല്ലാത്തതുമായിരുന്നു.

ഭാ:—കർമ്മഫലങ്ങളെ ജ്ഞാനാഗ്നിയിൽ ദഹിപ്പിച്ചു കാമക്രോധമോഹങ്ങളാകുന്ന ശത്രുക്കളുടെ ബന്ധനത്തിൽനിന്നു മോചനം പ്രാപിച്ച മുമുക്ഷുക്കളുടെ മനസ്സ് എങ്ങിനെ ഒന്നിനോടും ബന്ധമില്ലാതെ (പശയററ്=ബന്ധത്തിന്നു ഹേതുവായ സ്നേഹം നീങ്ങി) ഇരിക്കുന്നുവോ അതുപോലെയും, താല്ക്കാലികമായ് ധനലാഭത്തെ മാത്രം മോഹിച്ചു പരപുരുഷന്മാരോടു ചേൎന്നു രമിക്കയല്ലാതെ ഒരുവനിലും സ്നേഹമില്ലാത്ത (പശയററ=ബന്ധഹേതുകവും സ്ത്രീസഹജവുമായ രാഗമില്ലാത്ത) വേശ്യാസ്ത്രീകളുടെ മനസ്സ് എങ്ങിനെയിരിക്കുന്നുവോ അതുപോലെയും ഈ വനം താപശക്തിയാൽ മണ്ണിന്നു സഹജമായ പശിമയും കുറഞ്ഞു വരണ്ടു ശിഥിലമായിരുന്നു. ൧൭.

356. പൊരിപരൽ പടർനിലം പൊടിന്തു കീഴറ
വിരിതലിര് പെരുവഴി വിളങ്കി ത്തോൻറലാല്
അരിമണി പ്പണത്തരാ വരശർ നാട്ടിനും
എരികതിർ ക്കിനിതു പുക്കിയങ്കലായതേ.

പ:—പൊരി=പൊരിഞ്ഞ, പരല്=ഉരുളക്കല്ലുകൾ, പടർ=പരന്ന, നിലം=ഭൂമി, പൊടിന്തു=ഭസ്മമായി, കീഴറ വിരിതലില്=അടിവരെ വിടൎന്നു, പെരുവഴി=(പാതാളപര്യന്തം) ദൂരമുള്ള വഴി, വിളങ്കി=തെളിഞ്ഞു, തോൻറലാല്=കാണുകയാൽ, അരിമണി=മാണിക്കങ്ങളിണങ്ങിയ, പണത്തു=ഫണങ്ങളോടുകൂടിയ, അരാവരശർ=നാഗരാജാക്കന്മാരുടെ, നാട്ടിനും=(പാതാള)ലോകത്തിലും, എരികതിൎക്കു=ദീപ്തിമാനായ ദിവാകരന്ന്,

ഇണിതു=സുഖമാംവണ്ണം, പുക്ക=പ്രവേശിച്ച്, ഇയങ്ങ്കലായതു=വിലസുമാറായ് വന്നു.

ഭാ:—കളിമൺ നിലങ്ങളിൽ വേനലിൻെറ കാഠിന്യത്തിന്നനുസരിച്ച അഗാധങ്ങളായ വിടവുകൾ കാണുമാറുണ്ടല്ലോ. ൩൫൬.

357. എരിന്തെഴ കൊട്ടഞ്ചുര മിണൈയ തെയ്തലും
അരുന്തവ നിവർ പെരിതളവി ലാററലൈ
പ്പൊരുന്തിന രായിനും പൂവിൻ മെല്ലിയർ
വരുന്തുവർ ശിറിതെണ മണത്തിനോക്കിനാൻ.

പ:—എരിന്തു എഴ=തപിച്ചിയങ്ങുന്ന, ഇണൈയതു=ഇങ്ങിനെയുള്ള, കൊട്ടഞ്ചുരം=കൊടുതായ പാലവനത്തിൽ, എയ്തലും=ചെന്നപ്പോൾ, അരുന്തവൻ=മഹാതപസ്സായ വിശ്വാമിത്രമുനി, ഇവർ=ഈ ബാലന്മാർ, പെരിതു=അധികമായ, അളവില് ആററലൈ=അളവററ ഊർജിതം, പൊരുന്തിനർ ആയിനും=പൂണ്ടവരാണെന്നിരിക്കിലും, പൂവിൻ മെല്ലിയർ=പുഷ്പത്തെക്കാളും മൃദുവായ പ്രകൃതിയോടുകൂടിയവരാണ്. (ആകയാൽ) ശിറിതു വരുന്തുവർ എണ=അല്പം ക്ലേശിക്കുമെന്നു, മണത്തില് നോക്കിനാൻ=മനസ്സിൽ നിരൂപിച്ചു. ൩൫൭.

358. നോക്കിന നവർ മുക നോക്ക നോക്കുടൈ
കോക്കുമരരു മടിക്കുറക നാൻമുകൻ
ആക്കിയ വിഞ്ചൈക ളിരണ്ടു മവ്വഴി
ഊക്കിന നവൈയവ രുള്ളത്തുള്ളിനാർ.

പ:—(അങ്ങിനെ ചിന്തിച്ചു) അവർ മുകം നോക്കിനൻ=അവരുടെ മുഖങ്ങളെ നോക്കി, നോക്ക=(അങ്ങിനെ) നോക്കിയപ്പോൾ, നോക്കു ഉടൈ=അതിയായ സൌന്ദര്യമിയന്ന, കോക്കുമരരും=രാജകുമാരന്മാരും, അടികുറക=തൻെറ പാദങ്ങളെ അണയുകയും, നാൻമുകൻ=നാന്മുഖൻ, ആക്കിയ=തനിക്കുപദേശം നൽകിയ, വിഞ്ചൈകൾ ഇരണ്ടും=വിദ്യകൾ (ബല അതിബലാ എന്നിവ) രണ്ടിനേയും, അവ്വഴി=അപ്പോൾ, ഊക്കിനൻ=അവക്കുപദേശിക്കയും ചെയ്തു. അവൈ=ആ മന്ത്രങ്ങളെ, അവർ=രാമലക്ഷ്മണന്മാർ, ഉള്ളത്തു ഉള്ളിനാർ=മനസ്സിൽ ധാരണം ചെയ്തു. ൩൫൮.

359. ഉള്ളിയ കാലൈയി ലൂഴിത്തീയിണൈ
എള്ളുറ കൊഴുങ്കണലെഞ്ചും വെഞ്ചുരം
തെള്ളുതൺ പുണലിടൈ ച്ചേറലൊത്തതു
വള്ളല്ല മുനിവരൈ വണങ്ങ്കി ക്കൂറുവാൻ,

പ:—ഉള്ളിയ കാലൈയില്=(ആ മന്ത്രങ്ങളെ) ഉള്ളിൽ നിനച്ചപ്പോഠം, ഊഴിത്തീയിനൈ=ബഡവാഗ്നിയെ, എള്ളുറ=നിസ്സാരമാക്കത്തക്ക, കൊഴക്കനല്=ജ്വലിക്കുന്ന അഗ്നിയും, എഞ്ചും=അഞ്ചുന്നതായ, വെംചുരം=തപിച്ചിരിക്കുന്ന ചുരം (പാലവനം), തെള്ളു=തെളിഞ്ഞ, തൺ=തണുത്ത, പുനലിടൈ=ജലത്തിൽ, ശേറല് ഒത്തതു=ചെല്ലുന്നതിന്നു തുല്യമായ കുളൎമയോടുകൂടിയതായിരുന്നു, വള്ളലും=ശ്രീരാമസ്വാമിയും, മുനിവനൈ വണങ്ങ്കി=മുനിയെ തൊഴുതു, കൂറവാൻ=പറഞ്ഞുതുടങ്ങി. ൯൯.

360\. ശ്ശുഴിപടു കങ്ങ്കൈയന്തൊങ്ങ്കൻ മൌലിയാൻ
വിഴിപട വെന്തതോ വേറ താരുണ്ടോ
പഴിപടാ മണ്ണവൻ പടൈത്തനാട്ടിനൂ
ങ്ങ്കഴിവതെൻ കാരണ മറിഞ്ഞ കൂറെൻറാൻ.

പ:—(ഈ വനം) ശ്ശുഴിപടു=ചുഴികളുണ്ടാകുമാറുള്ള, കങ്ങ്കൈഅം=ഗംഗാജലത്തെയും, തൊങ്ങ്കല്=കൊന്നപ്പൂമാലയേയും അണിഞ്ഞ, മൌലിയാൻ=ജടമുടിയോടുകൂടിയ പരമശിവൻെറ, വിഴിപട=നിടിലദൃഷ്ടിപാതത്തിനാൽ, വെന്തതോ=ദഹിക്കപ്പെട്ടുവോ, (അല്ലാതെ) വേറ ഉണ്ടോ=മററ വല്ല കാരണമുണ്ടോ, പഴി പടാ=ആരെയും പഴിക്കാത്ത, മണ്ണവൻ=ചക്രവൎത്തി, പടൈത്ത=വഹിച്ചിട്ടുള്ള, നാട്ടിൻ=നാട്ടിൻെറ, ഊങ്ങ്കു=ഉന്നതി, അഴിവതു=ഇങ്ങിനെ ക്ഷയിപ്പാൻ, എൻ കാരണം=എന്തുകാരണം, അറിഞ്ഞ=അറിവുടയോനേ, കൂറ എൻറാൻ=അരുളചെയ്യേണമെന്നു പറഞ്ഞു. ൧൦.

361\. എൻറലു മിരാമനൈനോക്കി യിന്നുയിർ
കൊൻറുഴല് വാഴ്കൈയഠ കൂററിൻേററാററത്താഠ
അൻറിയുമൈ യിരുനൂറ മൈയൻമാ
ഒൻറിയ വലിയിണ ളുറതി കേളെണാ.

പ:—എൻറലും=എന്നു ചോദിച്ച മാത്രത്തിൽ, (മഹൎഷി) ഇരാമനൈ നോക്കി=രാമസ്വാമിയെ നോക്കി, ഇൻ ഉയിർ=ഇമ്പം കലൎന്നു വാഴുന്ന ജീവികളെ, കൊൻറു=കൊന്നു ഭക്ഷിച്ചു, ഉഴല്=ഉഴന്നു നടക്കുന്ന, വാഴ്കൈയഠ=ജീവിതവൃത്തിയോടു കൂടിയവളും, കൂററിൻ=യമൻെറ, തോററത്താഠ=ജനനമെടുത്തിരിക്കുന്നവളും, അൻറിയും=അതിന്നും പുറമെ, ഐയിരുനൂറ=അഞ്ചിരുനൂറ് (ആയിരം), മൈയല്മാ=മദമുള്ള ഗജങ്ങഠ, ഒൻറിയ=ഒന്നിച്ചു വഹിച്ചിരിക്കുന്ന, വലിയിണഠ=ബലത്തോടു കൂടിയവ

ളുമായ, (ഒരു രാക്ഷസിയുണ്ട്) ഉരതി=അവളുടെ തിടം (ധൈര്യവീര്യാദികാ), കേം എനാ=കേട്ടുകൊാംകയെന്ന്. വ. ര.

362. മണ്ണുരുത്തെടുപ്പി നുങ്കടലൈ വാരിനും
വിണ്ണുരുത്തിടിപ്പിനും വേണ്ടിർ ചെയ്കിർപാം
എണ്ണുരുത്തെരിവരും പാവമീണ്ടിയോർ
പെണ്ണുരുക്കൊണ്ടെന തെരിയും പെററിയാം.

പ:—(അവാം) മൺ=ഭൂമിയെ, ഉരുത്തു എടുപ്പിനും=കോപിച്ചു എടുക്കേണമെന്നു വരികിലും, കടലൈ=സമുദ്രജലത്തെ, വാരിനും=ഏന്തി കുടിക്കേണമെന്നു വരികിലും, വിൺ=സ്വർഗ്ഗത്തെ, ഉരുത്തു ഇടിപ്പിനും=കോപിച്ചു ഇടിച്ചുതകക്കേണമെന്നു വരികിലും, വേണ്ടിൻ ശെയ്കിർപ്പാം_തനിക്കു വേണമെന്നു തോന്നുന്നതായാൽ ചെയ്യാൻ തക്ക കെല്പുള്ളവളും, എൺ=ഇത്രയെന്നുള്ള എണ്ണവും, ഉരു=രൂപവും, തെരിവു അരു=അറിവാൻ കഴിയാത്ത, പാവ=പാപം, ഈണ്ടി=ഒന്നിച്ചുകൂടി, ഓർ പെൺ ഉരുകൊണ്ടെന=ഒരു സ്ത്രീരൂപം കൈക്കൊണ്ടതുപോലെ, തെരിയും=കാണപ്പെടുന്ന, പെററിയാം=നിലയെ പൂണ്ടവളുമായിരിക്കുന്നു. വ. വ.

363. പെരുവരൈ യിരണ്ടൊടും പിറന്ത നഞ്ചൊടും
ഉരുമുറഴ് മുഴക്കൊടു മൂഴിത്തീയോടും
ഇരുപിറൈ ശെറിന്തെഴ കടലുണ്ടാമെനിൻ
വെരുവരു തോററത്തൺ മേണി മാനുമേ.

പ:—പെരുവരൈ ഇരണ്ടൊടും=രണ്ടു വലിയ മലകളോടും, പിറന്തു=തന്നിൽനിന്നുണ്ടായ, നഞ്ചൊടും=വിഷത്തോടും, ഉരും ഉറഴ്=ഇടിക്കു തുല്യമായ, മുഴക്കൊടും=മുഴക്കത്തൊടും, ഊഴിത്തീയോടും=ബഡവാഗ്നിയോടുംകൂടി, ഇരുപിറൈ ശെറിന്തു=രണ്ടു ചന്ദ്രക്കലകളെ വഹിച്ചു, എഴ=നില്ക്കുന്ന, കടല്=ഒരു കരുങ്കടൽ, ഉണ്ടാം എനില്=ഉണ്ടെന്നു വരികിൽ, വെരുവരു=കാണികാംക്കു നാണമുളവാക്കുവാൻ തക്കവിധം, തോററത്താം=ജന്മമെടുത്തിട്ടുള്ളവളായ (ആ രാക്ഷസിയുടെ) മേണി=ശരീരം, (അതിന്നു) മാനും=ഒത്തിരിക്കും.

ഭാ:—അവളുടെ അതി വിപുലോന്നതങ്ങളായ സ്തനങ്ങളെ പർവ്വതങ്ങളായും, അത്യുഗ്രങ്ങളായ നയനങ്ങളെ വിഷമായും, അത്യുച്ചഗംഭീരമായ അട്ടഹാസത്തെ ഇടിമുഴക്കമായും, ചെമ്പിച്ചു ചിതറിക്കാററിനാലലയുന്ന കേശത്തെ ബഡവാഗ്നിയായും, വെളുത്തു വക്രാകാരങ്ങളായ ദംഷ്ട്രങ്ങ

ളെ രണ്ടു ചന്ദ്രക്കലകളായും, നീലമേഘനിറം കലൎന്നു നിതാന്തം സമുൽലോന്നതമായ ശരീരത്തെ ഒരു കരുങ്കടലായും കല്പിച്ചിരിക്കുന്നു. ഇവളുടെ സൃഷ്ടി വൈരൂപ്യമിയന്നതാകയാൽ അതിൻെറ കാഴ്ച അന്യന്മാൎക്കു ലജ്ജാവഹമായിരിക്കുന്നു. വ.ന.

364. ശൂടക വരവുറഴ് ശൂലക്കൈയിണറം
കാട്ടുറൈ വാഴ്ക്കൈയരും കണ്ണിൽ കാൺപരേല്
ആടവർ പെൺമൈയൈ യവാവുന്തോളിണായ്
താടകൈ യെൻപത ച്ചഴക്കി നാമമേ.

പ:—ശൂടകം=കങ്കണമായ, അരവു ഉറഴ്=സൎപ്പാഭരണം ചേൎന്ന, ശൂലം=ശൂലം കയ്യിലുണ്ടു, കൈയിണറം=കയ്യോടു കൂടിയവളും, കാട്ടു ഉറൈ=കാട്ടിലുള്ള, വാഴ്ക്കൈയരം=വാഴ്ച്ചയോടു കൂടിയവളുമാകുന്നു. കണ്ണില്=കണ്ണുകളാൽ, കാൺപരേല്=കാണുന്നതായാൽ, ആടവർ=പുരുഷന്മാർ, പെൺമൈയൈ=സ്ത്രീത്വത്തെ, അവാവും=ഇച്ഛിക്കത്തക്ക വിധമുള്ള, തോളിണായ്=ഭുജങ്ങളിണങ്ങിയ ഹേ ശ്രീരാമ!, അശഴക്കി=ആ ദുഷ്ടയുടെ, നാമം=പേർ, താടകൈ എൻപതു=താടകയെന്നു പറയപ്പെടുന്നു.

ഭാ;—ബലസമ്പന്നങ്ങളായ രാമൻെറ ഭുജങ്ങളെ കാണുന്ന പുരുഷന്മാർ അവയെ അപേക്ഷിച്ചു തങ്ങടെ ഭുജങ്ങളെ ദുൎബ്ബലങ്ങളായി കണ്ടു സജാതീയമായ പുരുഷത്വംമൂലം തങ്ങളേ ബാധിച്ചിരിക്കുന്ന അപകൎഷത്തെയോൎത്ത് ഈ ബാധക്കു വിഷയമല്ലാത്ത സ്ത്രീത്വത്തെ ആശിക്കുന്നു. (പുരുഷനായാൽ രാമനെപ്പോലെ ഭുജബലം വേണം. അല്ലെന്നിരിക്കിൽ സ്ത്രീയാവുന്നതാണു നല്ലത്.) എന്നു സാരം. വ.ർ.

365. കണ്ണവിറോളിണായ് കമലത്തോ ണരുറം
മണ്ണുയി രണൈത്തെയും വാരി വായ്പടു
ത്തിണ്ണുയിർ വളൎക്കുമോ രെരികൊറം ക്രൂററനേർ
അണ്ണവറം യാവളെൻററൈയ ക്കേട്ടിയാല്.

പ:—കല്നവില്=മലക്കു തുല്യമായ് കാണപ്പെടുന്ന, തോളിണായ്=ഭുജങ്ങളോടു കൂടിയ രാമ!, കമലത്തോൻ അരുറം=ബ്രഹ്മദേവൻ കാരുണ്യം പൂണ്ടു സൃഷ്ടിച്ച, മൺ ഉയിർ അണൈത്തെയും=നിലനിന്നു പോരുന്ന ജീവികളെയെല്ലാം, വാരി വായ്പടുത്തു=വാരി വായിലിട്ടുകൊണ്ടു, ഇൻ ഉയിർ=പ്രിയപ്പെട്ട തൻെറ ഒരു ജീവനെ മാത്രം, വളൎക്കും=വളൎത്തുന്ന, ഓർ=നിസ്തുലമായ, എരികൊറം=കോപാഗ്നി കയ്യിലുണ്ടു, ക്രൂററം

നേർ=യമനനുസമാനയായ, അണ്ണവാം=ആ താടക, യാവാം എൻറ=എങ്ങിനെയുള്ളവളെന്നു, അ്റൈയ=ഞാൻ പറയുന്നത്, കേട്ടി=കേട്ടകൊാംക വ൫

366. ഇയക്കർ തങ്കുലത്തുളാ നുലക മെങ്കണും
വിയക്കുറ മൊയ്മ്പിണാ നെരിയിൻ വെമ്മൈയാൻ
മയക്കില്ശർചരണെണും വലത്തിണാനരുാം
തുയക്കിലൻ ശുകേതുവെൻറളനോർ തൂയ്മൈയാൻ.

പ:—ഇയക്കർ തം കുലത്തുള്ളാൻ=യക്ഷന്മാരുടെ കുലത്തിലുള്ളവനും, ഉലകം എങ്കണും=ലോകവാസികളെല്ലാം, വിയക്കും=വിസ്മയിക്കത്തക്ക, മൊയ്മ്പിണാൻ=ബലമുള്ളവനും, എരിയിൻ=അഗ്നിയെപ്പോലെ, വെമ്മൈയാൻ=കോപമുള്ളവനുമായ, മയക്കു ഇല്=ക്ലേശലില്ലാത്ത, ചർ ചരൻ എണും=ചർച്ചരനെന്നു പേരുള്ള, വലത്തിണാൻ=ബലവാൻ (വിജയി), അരുാം=കാരുണ്യമോടെ ഉല്പാദിപ്പിച്ച, തുയക്കു ഇലൻ=തളച്ച്യില്ലാത്തവനായ, ശുകേതു എൻറ=സുകേതുവെന്ന( ഓർ തൂയ്മൈയാൻ=ഒരു പരിശുദ്ധൻ, ഉളൻ=ഉണ്ടായിരുന്നു. വ൬

367. അണ്ണവൻ മകവിലാ തയരു ഞ്ചിന്തൈയാൻ
മണ്ണെട്ടു ന്താമരൈ മലരിൻ വൈകുറ
നണ്ണെട്ടു മുതല്വണൈ വഴുത്തി നററവം
പണ്ണെട്ടം പകലെലാം പയിൻറ പാൻമൈയാൻ.

പ:—അണ്ണവൻ—ആ സുകേതുവെന്ന യക്ഷൻ, മകവു ഇലാതു=സന്താനമില്ലാതെ, അയരും=സന്തപിക്കുന്ന, ശിന്തൈയാൻ=ഹൃദയത്തോടുകൂടിയവനായി, മൻ=ശാശ്വതമായ നിലയുള്ള, നെടുതാമരൈ മലരിൻ=വലിയ മൂലത്താമരപ്പൂവിൽ, വൈകുറ=വാസം ചെയ്യുന്ന, നല്നെടു=നന്മ പുകഴുന്ന, മുതല്വണൈ=ആദിമനായ ബ്രഹ്മദേവനെ, വഴുത്തി=സ്തോത്രം ചെയ്ത്, നല്തവം=ഉഗ്രമായ തപസ്സിനെ, പല് നെടുപകല് എലാം=അനേകം നാാം, പയൻറ=(ചെയ്തു) പഴകിയ, പാൻമൈയാൻ=നിയമത്തോടുകൂടിയവൻ. വ൭

368. മുന്തിണ നരു മറൈ ക്കിഴവൻ മുറനിൻ
ശിന്തണൈ യെണ്ണെണ ച്ചിറവരിൻ മൈയാൻ
നൊന്തണ നരുാം കെണ നുണങ്കു കോംവിയായ്
മൈന്തർകളിലെലവൊരു മകളുണ്ടാമെൻറാൻ.

പ:—(ഇങ്ങിനെ ഇവൻ തപം ചെയ്യുമ്പോൾ) അരുമറൈ കിഴവൻ=വേദങ്ങൾക്കധികാരിയായ ബ്രഹ്മാവ്, മുന്തിനൻ=പ്രത്യക്ഷനായി, (അവനോട്) നിൻ ശിന്തൈ മുററം=നിൻെറ ചിന്ത മുഴുവനും, എൻ എന=എന്തെന്നു ചോദിച്ചപ്പോൾ, (അവൻ) ശിറവർ ഇൻമൈയാല്=പുത്രന്മാരില്ലാത്തതിനാൽ, നൊന്തനൻ=ദുഃഖിച്ചതാണ്, അരുൾ എന=ഇനിമേലെങ്കിലും പുത്രന്മാരുണ്ടാകത്തക്കവണ്ണം) കൃപ ചെയ്യേണമെന്നു പ്രാർത്ഥിച്ചപ്പോൾ, (ബ്രഹ്മദേവൻ അവനോട്) നുണങ്ക് കേൾവിയായ്=സൂക്ഷ്മമായ് ശാസ്ത്രശ്രവണം ചെയ്തവനേ, (കേട്ടുകൊൾക നിണക്ക്) മൈന്തർകൾ ഇല്ലൈ=പുത്രന്മാരുണ്ടാകയില്ല. ഒരു മകൾ ഉണ്ടാം എൻറാൻ=ഒരു പുത്രിയുണ്ടാകും എന്നു പറഞ്ഞു. വ-വ്യ.

369. പൂമട മയിലിനൈ പ്പൊരുവും പൊർപൊട്ടും
ഏഴുറ മതമലൈ യീരൈഞ്ഞൂറുടൈ
താമികു വലിയൊടുന്തനൈയടോൻറുനീ
പോവെന മലരയൻ പുകൻറു പോയിനാൻ.

പ:—പൂമടം മയിലിനൈ=താമരമലരിൽ കുടികൊള്ളുന്നവളും ഇളമയിലിന്നൊത്തവളുമായ ലക്ഷ്മിദേവിയെ, പൊരുവും=അനുകരിക്കുന്ന, പൊർപൊട്ടും=അഴകോട്ടും, എം ഉറ=പുളപ്പേറിയ, മതംമലൈ ഈരൈഞ്ഞൂറുഉടൈ=മത്തഗജങ്ങൾ രണ്ടഞ്ഞൂറിന്ന് (ആയിരത്തിന്നു) ഉള്ള, മികു വലിയോടും=അധികരിച്ച ബലത്തോടും, തനൈയൾ=പുത്രി, തോൻറും=ഉണ്ടാകും, നീ പോ എന=നീ പോയ്കൊൾകയെന്ന്, മലർ അയൻ=കമലാസനനായ ബ്രഹ്മദേവൻ, പുകൻറുപോയിനാൻ=പറഞ്ഞു മറഞ്ഞുപോയി. വൻ,

370. ആയവ നരുൾവഴി യലർന്ത താമരൈ
ച്ചേയവ ളെനവളർ ശെവ്വി കണ്ടിവൾ
ക്കായവൻ യാർകൊലെൻറായ്ന്തു തൻകിളൈ
നായകൻ ശ്രുന്തനെൻറവർകു നല്കിനാൻ.

പ:—ആയവൻ=ആ ബ്രഹ്മദേവൻെറ, അരുൾവഴി=അനുഗ്രഹം വഴിക്ക്, അലർന്ത=വിരിഞ്ഞ, താമരൈ=താമപ്പൂവിൽ വാഴുന്ന, ശേയവൾ എന=ശ്രീദേവിയെപ്പോലെ, (ഒരു മകളുണ്ടായി. അവൾ) വളർ=വളരുന്ന, ശെവ്വികണ്ടു=യവ്വനപ്പരുവം കണ്ട്, ഇവട്ക്ക്=ഇവൾക്ക്, ആയവൻ=അനുരൂപനായ വരൻ, യാർ എൻറ ആയ്ന്തു=ആരാണെന്നാരാ

ഞ്ഞ്, തൻകിളൈ നായകൻ=തൻെറ വർഗ്ഗക്കാരുടെ രാജാവായ, ശൂന്തൻ എൻറവർകു, സുന്ദനെന്നവനു, നല്കിനാൻ=പാണിഗ്രഹണം കഴിപ്പിച്ചുകൊടുത്തു. കൊല്=അശ. ൩൦.

371. കാമനു മിരതിയും കലന്ത കാട്ചിയി
താമെന വിയക്കനു മണങ്ക്കണാളും വേ
റിയാമമും പകലുമോ രീറിൻെറല്ലലായ്
ത്താമുറ പെരുങ്കളി ച്ചലതി മൂഴ്കിനാർ.

പ:—(വിവാഹാനന്തരം) കാമനം ഇരതിയും=കാമനും രതീദേവിയും, കലന്ത=തമ്മിൽ ചേൎന്ന, കാട്ച്ചി=കാഴ്ച, ഇതു ആം എന=ഇതാണ് എന്നു മററുള്ളവർ പറയത്തക്കവണ്ണം, ഇയക്കനും=സുന്ദനെന്ന യക്ഷനും, അണങ്കു=ദേവനാരീസമാനയായ, അന്നാളും=അവളും (താടകയും), വേറു=വേറെ (മററുള്ളവരെ പിരിഞ്ഞു നവവധൂവരന്മാൎക്കു നിവാസയോഗ്യമായ പ്രത്യേകവസതിയിലിരുന്നുകൊണ്ട്), യാമമും പകലും=രാവിനും പകലിന്നും, ഓർ ഈറു ഇൻറു=ഒരു അവസാനം ഇല്ല, എന്നല് ആയ്=എന്നു പറയത്തക്കവണ്ണം (രാപ്പകലറിയാതെ), ഉറുപെരുകളി=ഏററവും ആഹ്ലാദമായ, ശലതി=ജലധിയിൽ, മൂഴ്കിനാർ=മുഴുകി.

ഭാ:—ആ വധൂവരന്മാർ നവമായ ദാമ്പത്യസുഖാനുഭൂതിയിൽ അത്യാസക്തന്മാരായി അനേകം അഹോരാത്രങ്ങൾ കഴിഞ്ഞുപോകുന്നതറിയാതെ സന്തോഷസാഗരത്തിൽ നിമഗ്നരായി ഭവിച്ചു. സന്തോഷകാലം അനല്പമായിരുന്നാലും അതു അല്പമെന്നും സന്താപകാലം അല്പമായിരുന്നാലും അതു അനല്പമെന്നുമുള്ള ഭാവന ജീവികൾക്കു സഹജമാകുന്നു. കാളിദാസമഹാകവി കുമാരസംഭവകാവ്യത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"സമദിവസനിശീഥം സംഗിനസ്തത്രശംഭോ
ശ്ശതമഗമദൃതൂനാം സാൎദ്ധമേകാനിശേവ"

(നവോഢയായ പാൎവ്വതിയുമായി രാവും പകലും ഒരുപോലെ ദാമ്പത്യസുഖമനുഭവിച്ചുകൊണ്ടിരുന്ന പരമേശ്വരനു ഒരുനൂറ് ഋതുക്കൾ (ഇരുനൂറു മാസങ്ങൾ) ഒരു രാത്രിപോലെ കഴിഞ്ഞു. ൩൧.

372. പർപല നാട്ചെലീഇപ്പത്തുമൈ പോലിയ
പൊർപിണാൾ വയിററിടെ പ്പുവണ മേങ്കിട
വെർപണി പുയത്തുമാ രീശനും വിറല്
മർപൊരു ശ്ശുവാകുവും വന്തു തോൻറിനാർ.

പ:—(ഇങ്ങിനെ ഇവർ സുഖിച്ചു വാഴുമ്പോൾ) പർപലനാൾ ശെലീഇ=അനേകം നാൾ കഴിഞ്ഞപ്പോൾ, പതുമൈപോലിയ=പത്മയെ (ലക്ഷ്മീദേവിയെ) പോലുള്ള, പൊർപിനാൾ=അഴകിയലുന്ന അവളുടെ, വയററിടൈ=വയററിൽ, പൂവനം എന്ദ് കിട=ഭൂവനവാസികൾ ദുഃഖിക്കും വണ്ണം (ഇവർ ലോകോപദ്രവികളായി ഭവിക്കുന്നതിനാൽ), വെർപുഅണിപുയത്തു=പൎവ്വതാകാരങ്ങളായ ഭുജങ്ങളോടുകൂടിയ, മാരീശനും=മാരിചനും, വിറല്=ജയശീലനും, മല്പൊരു=മല്ലയുദ്ധം നടത്തുന്നവനുമായ, ശുവാകുവും=സുബാഹുവും, വന്തുതോൻറിനാർ=വന്നു ജനിച്ചു. ൩൭൨.

373. മായമും വഞ്ചമും വരമ്പിലാററലും
തായിനും പഴകിനാർ തമക്കുന്തേർവൊണാ
തായവർ വളർ വുഴി യവരൈ യീൻറവ
ക്കായ്ചിന ത്തിയക്കണുങ്ങ് കളിപ്പിൻ മേൻമ്മെയാൻ

പ:—മായമും=മായയും, വഞ്ചമും=വഞ്ചനയും, വരമ്പു ഇല് ആററലും=അതിർ ഇല്ലാത്ത ബലവും, തായിനും പഴകിനാർ=മാതാവിനേക്കാളും അധികം പൂൎത്തിയായി, (അവയുടെ പ്രാബല്യം) തമക്കും=തങ്ങൾക്കുംകൂടെ, തേർ വൊണാതു=അറിവാൻ കഴിയാതെ, ആയവർ=അവർ രണ്ടുപേരും, വളർ ഉഴി=വളൎന്നുവരുമ്പോൾ, അവരൈ=അവരെ, ഈൻറ=ഉല്പാദിപ്പിച്ചു, അ=ആ, കായ്ചിനത്തു=(മററുള്ളവരെ) വ്യസനിപ്പിക്കുന്ന കോപത്തോടുകൂടിയ, ഇയക്കണും=യക്ഷനും, കളിപ്പിൻ മേന്മെയാൻ=സന്തോഷം മികച്ചവനായിതീൎന്നു. ൩൭൩

374. തീതുറ മവുണർക ടീമൈ തീർതര
മോതുറ കടലെലാ മൊരുകൈ മൊണ്ടിടു
മാതവ നുറൈവിട മതനിൻ വന്തുനീൾ
പാതവ മഠൈത്തെയും പറിത്തു വീശിനാൻ.

പ:—തീതു ഉറ=ദുഷ്ടത വൎദ്ധിച്ചിരിക്കുന്ന, അവുണർകൾ=അസുരന്മാർ ചെയ്യുന്ന, തീമൈ=ഉപദ്രവങ്ങൾ, തീർ തര=തീരുവാൻവേണ്ടി, മോതു ഉറ=(അലകൾ) അടിച്ചുകൊണ്ടിരിക്കുന്ന, കടല് എലാം=സമുദ്രം മുഴുവനും, ഒരു കൈ=ഒരു കൈകൊണ്ട്, മൊണ്ടിടും=മോന്തിയ (ആചമിച്ച), മാതവൻ=മഹിമയിണങ്ങിയ തപസ്സോടുകൂടിയവൻ (അഗസ്ത്യമുനി), ഉറൈവിട മതണിൻ വന്തു=വാസം ചെയ്യുന്നേടത്തു (ആശ്രമത്തിൽ) ചെന്നു, (അവിടെയുള്ള) നീൾ=നീണ്ട (ഉയൎന്ന), പാതവം=പാദപങ്ങളെ (വൃക്ഷ

ങ്ങളെ), അഖൈത്തെയും=മുഴവനും, (സുന്ദൻ) പറിത്തു വീശിനാൻ=പറിച്ചെറിഞ്ഞു. ൩൮

375. വിഴൈവുറ മാവതം വെഃകിണോർ വിരു
മ്പുഴൈകലൈ യിരലൈയെയുയി രുണ്ടോങ്കിയ
വഴൈയൊടു മരണെലാ മടിപ്പ മാറവ
ൻറഴലെഴ വിഴിത്തണൻ ശാമ്പറായിണാൻ.

പ:—വിഴൈവു ഉറം=(ഏവക്കും) സ്പൃഹണീയമായ, മാതവം=മഹാതപസ്സിനെ, വെഃകിണോർ=ശ്രദ്ധയോടെ ചെയ്യുന്നവരാൽ (മുനികളാൽ), വിരുമ്പു=സ്നേഹിക്കപ്പെടുന്ന, (തപോവനത്തിലുള്ള) ഉഴൈയെ=പെൺമാനുകളെയും, കലൈയെ=ആൺമാനുകളേയും, ഇരലൈയെ=കലമാൻ വൎഗ്ഗത്തേയും, ഉയിർ ഉണ്ടു=കൊന്നതിനാലും, ഓങ്കിയ=ഉയൎന്നു വളൎന്നിരിക്കുന്ന, വഴൈയൊടു=സുരപുന്ന (ചെറുപുന്ന) മരങ്ങളോടുകൂടെ, മരൻ എലാം=(മററു) മരങ്ങളേയുമെല്ലാം, മടിപ്പ=നശിപ്പിച്ചതിനാലും, (ക്രുദ്ധനായ) മാതവൻ=മഹാ തപസ്സായ അഗസ്ത്യമഹൎഷി, തഴല് എഴ=തീപ്പൊരികൾ ചിതറുംവണ്ണം, വിഴിത്തണൻ=നോക്കി, (ആ നോട്ടത്താൽ സുന്ദൻ) ശാമ്പർ ആയിണാൻ=ഭസ്മമായ്പ്പോയി. ൩൯

376. മററവൻ വിളിന്തമൈ മൈന്തർ തമ്മൊടും
പൊററൊടി കേട്ടു വെങ്കണലില് പൊങ്കുറാ
മുററുറ മുടിക്കുവെൻ മുനിയെ യെൻറഴാ
നററവ നുറൈവിട മതനൈ നണ്ണിനാൾ.

പ:—അവൻ=ആ യക്ഷൻ, വിളിന്തമൈ=മരിച്ചതിനെ, മൈന്തർ തമ്മൊടും=പുത്രന്മാരോടുംകൂടി, പൊററൊടി=സുന്ദരി (താടക), കേട്ടു=കേട്ടറിഞ്ഞ്, വെം കണലിൻ=കൊടുന്തീപ്പോലെ, പൊങ്കുറാ=ക്ഷോഭിച്ച്, (എൻെറ കണവനെ കൊന്ന) മുനിയെ=മുനിയെ, മുററു ഉറ=അന്തം വരത്തക്കവണ്ണം, മുടിക്കുവേൻ=വീഴ്ത്തുന്നുണ്ട്, എൻറു എഴാ=എന്നു പറഞ്ഞുകൊണ്ടു പുറപ്പെട്ട്, നല്തവൻ=ഉത്തമമായ തപസ്സിനെ അനുഷ്ഠിക്കുന്ന അഗസ്ത്യമുനി, ഉറൈ ഇടം അതനൈ=വസിക്കുന്ന ആശ്രമത്തെ, നണ്ണിനാൾ=പ്രാപിച്ചു, മററു=അശ. ൩൰

377. ഇടിയൊടു മടങ്കലും വലിയു മേങ്കിട
ക്കടികെട വമരർകൾ കതിരു മുട്കുറ

തുടിയുടൈ മുകിർകുല ഞ്ചലിപ്പ വണ്ടമും
വെടിപട വതിർന്തെതിർ വിളിത്തു മണ്ടവേ.

പ:—(അങ്ങിനെ പ്രാപിച്ച താടക) ഇടിയൊടു=ഇടിമുഴക്കത്തോടു കൂടെ, മടങ്കലും=ബഡവാഗ്നിയും, വളിയും=കല്പാന്തമാരുതനും, ഏങ്കിട=നടുങ്ങുകയും, അമരർകൾ=ദേവന്മാർ, കടികെട=രക്ഷയില്ലാഞ്ഞോടുകയും, കതിരും=തേജോദയവും (സൂര്യചന്ദ്രന്മാരും) ഉട്കഉറ=ലജ്ജിക്കുകയും, തടി ഉടൈ=തടിത്തോടു (മിന്നലോടു) കൂടിയ, മുകില് കുലം=മേഘജാലം, ശലിപ്പ=അഞ്ചുകയും, അണ്ടമും വെടിപ്പ=ബ്രഹ്മാണ്ഡം കൂടെ പിളരുകയും ചെയ്യത്തക്കവണ്ണം, അതിർന്തു=അലറി, എതിർവിളിത്തു=എതിരേ കൂക്കുവിളിച്ചുകൊണ്ട്, മണ്ട്=ഓടി (അടുത്തു) വരികവേ. ൩൭.

378. തമിഴെണു മളപ്പരു ഞ്ചലതി തന്തവൻ
ഉമിഴ്കനല്വിഴിവഴി യൊഴുകവുങ്കരി
ത്തഴിവന ശെയ്തലാ ലരക്ക രാകിയേ
ഇഴികെന വുരൈത്തന നശനി യെഞ്ചവേ.

പ:—തമിഴ് എനം=തമിഴ് (ഭാഷ) എന്നുള്ള, അളപ്പരു=അളപ്പാനരുതാത്ത, ശലതി=ജലധിയെ, തന്തവൻ=തന്നവൻ, (ദ്രാവിഡഭാഷാകത്താവായ അഗസ്ത്യമുനി), ഉമിഴ്=പൊഴിയുന്ന, കനല്=തീപ്പൊരികൾ വിഴിവഴി=കൺവഴിയായി, ഒഴുക=ചിതറുംവണ്ണം, ഉങ്കരിത്തു=(അവരുടെ നേരെ) ഹുങ്കാരം ചെയ്തുകൊണ്ട്, അഴിവന ശെയ്തലാല്=(നിങ്ങൾ നാശകരങ്ങളായ കർമ്മങ്ങൾ ചെയ്കയാൽ, അരക്കർആകി=രാക്ഷസന്മാരായി, ഇഴിക എന=അധഃപതിച്ചുപോവിൻ എന്ന്, അശനിഎഞ്ച=ഇടിയും ഇടിഞ്ഞ നിലയിലാകുംവണ്ണം, ഉരൈത്തനൻ=(അത്യുച്ചത്തിൽ വിളിച്ചു) പറഞ്ഞു. ൩൮.

379. വെരുക്കൊൾ വുലകൈയും വിണ്ണുളോരെയും
മുരുക്കിയെ വ്വുയിരുമുണ്ടുഴല്വ മൂർക്കരാം
അരക്കർക ളായിന രക്കണത്തിനില്
ഉരുക്കിയ ശെമ്പെന വുമിഴ്കട്ടീയിനർ.

പ:—അ കണത്തിനില്=ആ ക്ഷണത്തിൽതന്നെ, (അവർ) ഉരുക്കിയ ശെമ്പു എന=ഉരുക്കിയ ചെമ്പുപോലെ, ഉമിഴ്കൺ തീയിനർ=പൊഴിയുന്ന നേത്രാഗ്നിയോടു കൂടിയവരായി, വെരുകൊള=ലജ്ജ ബാധിക്കത്തക്കവണ്ണം, ഉലകൈയും=ഭൂലോകവാസികളെയും, വിൺ ഉള്ളോരെ

യും=സ്വൎഗ്ഗവാസികളെയും, മുരുക്കി=ഹനിച്ച്, എ ഉയിരും ഉണ്ടു=എല്ലാ ജീവികളെയും ഭക്ഷിച്ചുകൊണ്ട്, ഉഴലും=അലഞ്ഞുനടക്കുന്ന, മൂൎക്കൎആം= മൂൎഖന്മാരായ, അരക്കർകൾ ആയിനർ=രാക്ഷസന്മാരായി ഭവിച്ചു.

ഭാ:—താടകയും പുത്രന്മാരും മുമ്പ് രൂപഗുണമുള്ള യക്ഷന്മാരായിരുന്നു. ശാപംമൂലം ബീഭത്സമായ രാക്ഷസരൂപം അവൎക്കു ലജ്ജാവഹമായിത്തീൎന്നു. ൩൯.

380. ആങ്ങ്കവൻ വെകുളിയു മറൈന്ത ശാപമും
താങ്ങ്കിന രെതിർ ശെയ്യു ന്തരുക്കിലാമൈയിൻ
നീങ്ങ്കിനർ ശുമാലിയൈ നേൎന്തു നിർകിയാം
ഓങ്ങ്കിയ പുതല്വരെൻറവു ക്രൂർന്തനർ.

പ:—(ഇങ്ങിനെ ശപിക്കപ്പെട്ട അവർ) അങ്ങ്കു=ആ വിധത്തിൽ, അവൻ=അവന്റെ (ആ മുനിയുടെ) വെകുളിയും=കോപത്തെയും, അറൈന്ത=(ആ കോപത്താൽ) അരുളിയ, ശാപമും=ശാപത്തെയും, താങ്ങ്കിനർ= ഏററുകൊണ്ട്, എതിർശെയ്യും=പകരം ചെയ്വാൻ തക്ക, തരുക്കു ഇലാമൈയിൻ=കരുത്തില്ലായ്കയാൽ, നീങ്ങ്കിനർ=അവിടം വിട്ടുപോയ്, ശുമാലിയൈ നേൎന്തു_സുമാലിയെന്ന രാക്ഷസന്റെ, മുമ്പിൽ ചെന്ന്, (അവനോടു) നിർക്കു=നിണക്കു, യാം=ഞങ്ങൾ, ഓങ്ങ്കിയ പുതല്വർ എൻറു=മികച്ച പുത്രന്മാരാണെന്നു, ഉറവു കൂറിനാർ=(തങ്ങൾക്കു സുമാലിയുമായുള്ള) വേഴ്ചയെ പ്രബലപ്പെടുത്തിപ്പറഞ്ഞു. (സുമാലി—വിശ്രുവസ്സിന്റെ ദ്വിതീയ ഭാൎയ്യയും രാവണന്റെ മാതാവുമായ കൈകസിയുടെ അച്ഛൻ) ൮൦.

381. അവണൊടും പാതലത്തനേകനാൾ ശെലീഇ
ത്തവവുറ തശമുകൻറണക്കു മാതുലർ
ഇവരെണ പ്പുടൈത്തഴിത്തുലക മെങ്ങ്കണും
പവണിററിരികുനർ പാതകി മൈന്തർകൾ.

പ:—അവണൊടും=ആസുമാലിയോടുകൂടെ, പാതലത്തു=പാതാളലോകത്തിൽ, അനേകനാൾ ശെലീഇ=അനേകം നാൾ കഴിച്ചു, (പിന്നെ) തവൻ ഉറ=തപസ്സുകൾ മികച്ചിരിക്കുന്ന, തശമുകൻ തണക്കു=രാവണന്ന്, ഇവർ മാതുലർ എണ=ഇവർ മാതുലന്മാരാണെന്നു പറയത്തക്കവണ്ണം, പാതകി മൈന്തർകൾ=ആ പാതകി (താടക)യുടെ മക്കൾ, ഉലകം എങ്ങ്കണും=ലോകത്തെ മുഴുവനും, പുടൈത്തു അഴിത്തു=അടിച്ചുതകൎത്തു നാശം

ചെയ്ത്, പവണനിൻ=പവനനെ (കല്പാന്തമാരുതനെ) പോലെ, തിരികു നർ=ചുററിത്തിരിഞ്ഞുകൊണ്ടിരുന്നു. ൪൧.

382. മികുന്തിറൻ മൈന്തരൈവേറ നീങ്കറാ
അതകുന്തൊഴിൻ മുനിവരൻ ശലത്തെയുണ്ണിയേ
വകുന്തുവിൻ വത്തുവരി വതിന്ത തിവ്വണം
പുകുന്തനെ ളഴലെന പ്പുഴങ്ക് നെഞ്ചിനാൾ.

പ:—അഴല് എന=അഗ്നിപോലെ, പുഴങ്കും=വിങ്ങുന്ന, നെഞ്ചിനാൾ=മനസ്സോടുകൂടിയ ആ താടക, മികും തിറല്=ഏററവും ശേഷിയുള്ള, മൈന്തരൈ=തന്റെ പുത്രന്മാരെ, വേറ നീങ്കറാ=വിട്ടുപിരിഞ്ഞു, തകും തൊഴില്=തക്കതായ തപോവൃത്തിയോടുകൂടിയ, മുനിവരൻ=മുനിശ്രേഷ്ഠന്റെ(അഗസ്ത്യന്റെ) ശലത്തെ ഉണ്ണി=ക്രോധത്തെ നിനച്ചു, വകുന്തുവിൻ=അതുമൂലം, (ഇദ്ദേഹം കോപിച്ചു സമുദ്രത്തെ ആചമിച്ചതുപോലെ തന്നെയും ആചമിച്ചേക്കുമോയെന്നു ശങ്ക ജനിച്ചതു മൂലം) വത്തുവരി വതിന്തതു=ബഡവാഗ്നി കുടികൊണ്ടിരിക്കുന്ന, (തായി തോന്നുന്ന) ഇ വണം=ഈ വനത്തിൽ, പുകുന്തനൾ=വന്നു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ൪൨

383. ഉളപ്പരും പിണിപ്പുറാ വുലോപ മൊൻറമേ
അളപ്പരും കുണങ്കളൈ യഴിക്ക മാറുപോല്
കിളപ്പരുങ്കൊടുമൈയ വരക്കി കേടിലാ
വളപ്പരു മരുതവൈ പ്പഴിത്തു മാററിനാൾ.

പ:—ഉളപ്പരും പിണിപ്പു ഉറാ=മനസ്സിൽ അധികമായ ബന്ധമുള്ളവായി, ഉലോപം ഒൻറമേ=ലോഭമെന്ന ഗുണമൊന്നുമാത്രം, (ഒരുവന്നുണ്ടായിരുന്നാൽ അത്) അളപ്പു അരു=ഇത്രയെന്നു ഗണിപ്പാനരുതാത്ത, കുണങ്കളൈ=(അവന്റെ) സൽഗ്ഗുണങ്ങളെ, അഴിക്കും ആറുപോല്=നാശിപ്പിക്കുന്നതുപോലെ, കിളപ്പു അരു കൊടുമൈയ=പറഞ്ഞറിയിപ്പാനസാദ്ധ്യമായ നിഷ്ഠൂരകർമ്മങ്ങളിണങ്ങിയ, അരക്കി=രാക്ഷസി, കേടു ഇലാ=ഊനമില്ലാത്ത, വളപ്പരു=ഫലശക്തിയിൽ മികച്ച, മരുതവൈപ്പു=മരുതനിലത്തെ (വയലിനെ) അഴിത്തു=നശിപ്പിച്ചു, മാററിനാൾ=(പാലനിലമാക്കി) മാററി.

ഭാ:—ലോഭമെന്നുള്ള ഒരു ദുർഗ്ഗുണം ഒരുവന്റെ അനേകം സൽഗ്ഗുണങ്ങളെ നശിപ്പിക്കുന്നതുപോലെ താടകയെന്ന ദുഷ്ടരാക്ഷസി മരുതനിലത്തിന്റെ അനേക ഗുണങ്ങളെ നശിപ്പിച്ചു. ൪൩.

വൃത്തം മാറി.

384. ഇലങ്ക്കൈയരശൻ പണിയമൈന്തൊ രിടൈയൂറാ
വിലങ്ക്കല് വലികൊണ്ടെണതു വേൾവിനലികിൻറാൾ
അലങ്ക്കൻ മുകിലേയവളിവ്വങ്ക്കനില മെങ്ക്കും
കുലങ്ക്കളൊടടങ്ക്കനണി കൊൻറു തിരികിൻറാൾ.

പ:—ഇലങ്ക്കൈ അരശൻ പണി=ലങ്കേശ്വരൻെറ (രാവണൻെറ) ആജ്ഞകരം, അമൈന്തു=കീഴടങ്ങി, ഓർ ഇടൈയൂറ ആ=(എല്ലാവക്കും) ഒരു പ്രതിബന്ധമായി, വിലങ്ക്കല് വലികൊണ്ടു=മലക്കൊത്ത ബലത്തോടു കൂടിയവളായ്, എണതു വേൾവിനലികിൻറാൾ=എൻെറ യജ്ഞത്തെ ദൂഷിപ്പിക്കുന്നു, (അത്രയുമല്ല) അലങ്ക്കല്=പൂമാലയണിഞ്ഞവനായ, മുകിലേ=മേഘംപോലെ വിളങ്ങുന്ന രാമഭദ്ര!, അവൾ=ആ രാക്ഷസി, ഇ അങ്ക്കനിലം എങ്ക്കും=ഈ അംഗദേശത്തിലെങ്ങും (ഉള്ള ജീവികളെ), കുലങ്ക്കളോടു അടങ്ക്ക=കുലത്തോടെ നശിക്കത്തക്കവണ്ണം, നണി കൊൻറു തിരികിൻറാൾ=തീവ്രമാംവണ്ണം കൊലചെയ്തുകൊണ്ടു സഞ്ചരിക്കുന്നു. ൪൪

385. മുന്നുലകളിത്തു മുറൈനിൻറ വുയിരെല്ലാം
തന്നുയിരെണക്കരുതു തൻമൈയവൻ മൈന്ത
എന്നിനിയുണർത്തുവതിണിച്ചിറുതു നാളിൻ
മന്നുയിരനൈത്തെയും വയിററിണിടു മെൻറാൻ.

പ:—മുൻ ഉലകു അളിത്തു=ആദിയിലേ ഉള്ള ഈ ലോകത്തെ പരിപാലിച്ചു, മുറൈ നിൻറ ഉയിർ എലാം=ധമ്മത്തിന്നു ഭംഗം വരാതെ നിലനിന്നുവന്ന ജീവരാശികളെയെല്ലാം, തൻ ഉയിർ എണ കരുതു=തൻെറ പ്രാണനെപ്പോലെ കരുതുന്ന, തൻ മൈയിണൻ=സ്വഭാവത്തോടുകൂടിയ ദശരഥചക്രവത്തിക്കു, മൈന്ത=പുത്രനായുള്ളോവേ!, ഇണി ഉണർത്തുവതു എൻ=ഇനി പറഞ്ഞറിവിക്കേണ്ടതെന്താണുള്ളത്, ഇണി ശിറിതുനാളില്=ഇനി കുറേനാൾകൊണ്ട്, മൻ ഉയിർ അനൈത്തെയും=(ഈ ലോകത്തിലുള്ള) ജീവരാശികളെയെല്ലാം, (അവൾ) വയററിൻ ഇടും=വയററിനകത്താക്കും (ഭക്ഷിക്കും), എൻറാൻ=എന്നു വിശ്വാമിത്രമുനി പറഞ്ഞു. ൪൫

386. അങ്ക്കിറൈവനപ്പരിശ്രുരൈപ്പവതു കേളാ
കൊങ്ക്കുറൈ നറൈക്കുല മലർച്ചെണി കുലക്കാ
എങ്ക്കുറൈവതിത്തൊഴിലിയററപവളെൻറാൻ
ശങ്ക്കുറെ കരത്തൊരു തണിച്ചിലൈ തരിത്താൻ.

പ:—അങ്ങ്കു=അവിടെ, ഇറൈവൻ=തപസ്വീശ്വരനായ വിശ്വാമിത്രമുനി, അ പരിശു ഉരൈപ്പ=അപ്രകാരം പറഞ്ഞപ്പോൾ, അതു=ആ വൃത്താന്തത്തെ, ശങ്ങ്കു ഉറൈ=ശംഖമിയലുന്ന, കരത്തു=ഇടതുകയ്യിൽ, ഒരു തണി ചിലൈ തരിത്താൻ=ഒരു നിരുപമമായ വില്ലിനെ ധരിച്ച ശ്രീരാമദേവൻ, കേളാ=കേട്ട്, കൊങ്ങ്കു ഉറൈ=മണമിണങ്ങി, നറൈ=തേനിയലുന്ന, കുലം മലർ=ഉത്തമമായ മലർമാലയണിഞ്ഞ, ചെന്നി=ശിരസ്സിനെ, കുലുക്കാ=കുലുക്കി, ഇ തൊഴില് ഇയററുപവൾ=ഈ കൃത്യം ചെയ്യുന്നവൾ, ഉറൈവതു=വസിക്കുന്നത്, എങ്ങ്കു എൻറാൻ=എവിടെയാണെന്നു ചോദിച്ചു. ൪൬

387. കൈവരൈ യെണത്തകൈയ കാളൈയുരൈ കേളാ
ഐവരൈയകത്തിടൈയടൈത്ത മുനിയൈയ
ഇവ്വരൈയിരുപ്പതവളെൻ പതണിൻ മുൻപോർ
മൈവരൈ നെരുപ്പെരിയ വന്തതെണ വന്താൾ.

പ:—ഐവരൈ=പഞ്ചേന്ദ്രിയങ്ങളെ, അകത്തിടൈ അടൈത്ത മുനി=(പുറത്ത് സ്വ സ്വവിഷയങ്ങളിൽ ചെല്ലാതെ) അകത്തടക്കീട്ടുള്ള മുനി, കൈവരൈ ഏണ തകൈയ=ആനയാണെന്നു (മററുള്ളവർക്കു) പറയുവാൻ തക്കവനായ, കാളൈ=തരുണനായ ശ്രീരാമദേവന്റെ, ഉരൈ=വാക്കിനെ, കേളാ=കേട്ട്, (അവനോട്) ഐയ=ഹേ ദേവ; അവൾ=ആ രാക്ഷസി, ഇ വരൈ ഇരുപ്പതു=ഈ മലയിൽ ഇരിക്കുന്നുണ്ട്, എൻപതണിൻ മുൻപു=എന്നു പറയുന്നതിന്നു മുമ്പെതന്നെ, ഓർ മൈവരൈ=ഒരു കരുമല, നെരിപ്പു എരിയ വന്തതു എണ=തീപ്പാററി എരിഞ്ഞുംകൊണ്ടു വന്നിരിക്കയാണെന്നു തോന്നുംവണ്ണം, വന്താൾ=(ആ രാക്ഷസി) വന്നു. ൪൭

388. ശിലമ്പുകൾ ശിലമ്പിടൈ ശെറിന്തകഴലോടു
നിലമ്പുക മിതിത്തണണെളിത്ത കുഴിവേലൈ
ച്ചലം പുകവണററകണന്തകണു മഞ്ചി
പ്പിലംപുക നിലക്കിരികൾ പിൻറാടര വന്താൾ.

പ:—ശിലമ്പുകൾ=മലകളെ, ശിലമ്പിടൈ=തന്റെ കാൽചിലമ്പുകളിൽ, ശെറിന്ത=തരികളാക്കി നിറച്ച, കഴലോടു=കാലുകളാൽ, നിലം പുക=നിലം കുഴിയുംവണ്ണം, മിതിത്തണൾ=ചവിട്ടി, നെളിത്തകുഴി=അങ്ങിനെ ചവിട്ടുകൊണ്ടു താഴ്ന്ന കുഴികളിൽ, വേലൈശലം പുക=കടൽവെള്ളം പായുകയും, അണല്=അഗ്നിയെപ്പോലെ, തറകൺ=ക്രൂരദൃഷ്ടി

ല്ലാത്ത, അന്തകൻ=കാലനും, അഞ്ചി=ഭയപ്പെട്ടു, പിലംപുക=പാതാളത്തിലേക്കു പോവുകയും, നിലക്കിരികൾ പിൻതൊടര=ഭൂലോകത്തിലുള്ള പർവ്വതങ്ങൾ പിൻതുടരുകയും ചെയ്യത്തക്കവണ്ണം, വന്താൾ=അവിടേക്കു വന്നു. ർവ്വ.

389. ഇറൈക്കടൈ തുടിത്തപുരുവത്തളെയിറെണ്ണും
പിറൈക്കടൈ പിറക്കിടമടിത്ത പിലവായൾ
മറൈക്കടൈ യരക്കിവടവൈക്കന ലിരണ്ടായ്
നിറൈക്കടൻ മുളൈത്തെന നെരുപ്പെഴ വിഴിത്താൾ.

പ:—ഇറൈ=അല്പം, കടൈതുടിത്ത=കട തുടിച്ചുകൊണ്ടിരിക്കുന്ന പുരുവത്തൾ=പുരികത്തോടുകൂടിയവളും, എയിറ എണ്ണും=ദംഷ്ട്രകളാകുന്ന, പിറൈ=ചന്ദ്രക്കലകൾ, കടൈ=കടവായിൽ, പിറക്കിട=വിളങ്ങുംവണ്ണം, മടിത്ത=മൂടിയ പിലം=ബിലം (ഗുഹ) പോലെയുള്ള, വായൾ=വായോടുകൂടിയവളുമായ്, മറൈക്കടൈ=വൈദികാചാരം വിട്ടുനടക്കുന്ന, അരക്കി=രാക്ഷസി, നിറൈകടല്=പൂർണ്ണത്വം പൂണ്ട കടലിൽ, വടവൈകനല്=ബഡവാഗ്നി, ഇരണ്ടായ് മുളൈത്തെന=രണ്ടായി മുളച്ചതുപോലെ, (തോന്നുംവിധം) നെരുപ്പു എഴ=തീപ്പൊരി പറക്കുംവണ്ണം=വിഴിത്താൾ=കണ്ണുരുട്ടിനോക്കി. ർൻ.

390. കടങ്കലുഴ് തടം കളിറ കൈയൊടു കൈത്തറ
വടങ്കൊള നടങ്കുമിടൈ യാൺമറകി വാനോർ
ഇടങ്കളു നെടുന്തിശൈയു മേഴുലകുമെങ്കും
അടങ്കലു നടുങ്കവുരുമഞ്ചനണിയാർത്താൾ.

പ:—കടം കലുഴ്=മദജലം പൊഴിഞ്ഞുകൊണ്ടിരിക്കുന്ന, തടം കളിറ=വലിയ ഗജങ്ങളെ, കൈയൊടു കൈത്തറ=(തുമ്പി) കൈയോടു കൈ കൂട്ടിക്കെട്ടി, വടംകൊള=മാലയായണിഞ്ഞിരിക്കുന്നതിനാൽ, നടുങ്കും ഇടൈയാൾ=കുഴയുന്ന അരക്കെട്ടോടുകൂടിയ താടക, വാനോർ ഇടങ്കളും=ദേവലോകങ്ങളും, നെടുന്തിശൈയും=അതിദൂരമുള്ള ദിക്കുകളും, ഏഴുലകും=ഏഴു ലോകങ്ങളുമായ, എങ്കും അടങ്കലും=എല്ലായിടത്തുമുള്ള ജീവരാശികൾ മുഴുവൻ, മറകിനടുങ്ക=മനം കലങ്ങി നടുങ്ങുകയും, ഉരും അഞ്ച=ഇടിനിനാദം അഞ്ചുകയും ചെയ്യത്തക്കവണ്ണം, നണി ആർത്താൾ=ഉച്ചത്തിൽ അലറി. ർം.

391. ആർത്തവരൈ നോക്കിനകൈ ശെയ്തെവരു മഞ്ച
ക്രൂർത്തനുതി മുത്തലൈ യയിർകൊടിയ ക്രൂറ്റൈറ
പാർത്തെയിറു തിൻറുപകു വായ്മുഴൈ തിറന്തോർ
വാർത്തൈയുരൈ ശെയ്തണ ളിടിക്കുമഴൈ യണ്ണാൾ.

പ:—ആർത്തു=ഇങ്ങിനെ ഗർജ്ജനം ചെയ്തു, അവരൈനോക്കി=(വിശ്വാമിത്രാദികളായ) അവരെ നോക്കി, നകൈശെയ്തു=(ധിക്കാരം പൂണ്ടു ചിരിച്ച്, എവരും അഞ്ച=എല്ലവരും നടുങ്ങുംവണ്ണം, കൂർത്തനുതി=കൂൎത്ത അഗ്രത്തോടും, മുത്തലൈ=മൂന്നു കവരത്തോടും കൂടിയ, അയിൽ=തന്റെ) ശൂലമാകുന്ന, കൊടിയ കൂറ്റൈറ=ഘോരനായ അന്തകനെ, പാർത്തു=നോക്കിക്കൊണ്ട്, എയിറുതിൻറു=പല്ലുകടിച്ച്, ഇടിക്കുംമഴൈ അണ്ണാൾ=ഇടിവെട്ടുന്ന മേഘത്തിന്നൊത്തവളായ താടക, പകുവായ്=വിഭജിക്കപ്പെട്ട വായയാകുന്ന, മുഴൈ തിറന്തു=ഗുഹ തുറന്നു, ഓർ വാർത്തൈ ഉരൈത്തണൾ=ഒരു വാക്കു പറഞ്ഞു. ൭൧.

392. കടക്കരു വലത്തെണതു കാവലിതില് യാവും
കെടക്കരി ശുത്തണെനിച്ചുവൈ കിടക്കും
വിടക്കരി തെണക്കരുതിയോ വിതികൊടുന്ത
പ്പടക്കരുതിയോ പകർമിൻ വന്തപരിശെൻറ.

പ:—കടക്ക് അരു=ആരാലും (അടക്കുവാൻ) ജയിപ്പാനരുതാത്ത, വലത്തു=ബലത്തോടുകൂടിയ, എണതു കാവല്=എന്റെ രക്ഷയിലിരിക്കുന്ന, ഇതില്=ഈ വനത്തിലുള്ള, യാവുംകെട=എല്ലാ ജീവികളും ഇല്ലാതാകത്തക്കവണ്ണം, കരിശ്തു അരുത്തണൻ=ഞാൻ പററുത്തിരിക്കുന്നു. (അതിനാൽ) ഇനി=ഇനിമേൽ, ചുവൈകിടക്കും വിടക്കു=രുചിയുള്ള മാംസം, അരിതു എണ കരുതിയോ=(എനിക്കു കിട്ടുവാൻ) വിഷമമാണെന്നു ചിന്തിച്ചോ, വിതികൊടു ഉന്ത=എന്റെ ഭാഗ്യംകൊണ്ടു വന്നുതള്ളിയതു മൂലം, പടക്കരുതിയോ=മരിപ്പാൻ നിനച്ചോ, വന്ത പരിശു=(നിങ്ങൾ) വന്ന വിധം, പകർമിൻ എൻറു=നിങ്ങൾ പറവിൻ എന്നു (പറഞ്ഞ്) ൭൨.

393. മേകമവൈ യിറുക വിഴിത്തണൾ പുഴങ്കാ
മാകവരൈ യറുക വുതൈത്തണൺ മതിത്തിൺ
പാകമെരു മുറ്റെയിറുതുക്കിയയില്പററാ
ആകമുറ വുയ്ത്തെറിവ ണെൻറതിരഴൻറാൾ.

പ:—മേകമവൈ=മേഘജാലം, ഇററഉക=പൊട്ടിച്ചിതറം വിധം, വിഴിത്തണാം=തുറിച്ചുനോക്കി, പുഴങ്കാ=മനസ്സ വിങ്ങി, മാകം (മാ ഖം) ആകാശം മുട്ടിനില്ക്കുന്ന, വരൈ=മലകാം, അററ ഉക=പൊട്ടി തെറിക്കും വണ്ണം, ഉതൈത്തണാം=നിലത്തു ചവിട്ടി, മതി=ചന്ദ്രന്റെ, തിൺ പാകം എനും=നിരക്കെ ചേത്തുവെച്ച കലകളാണെന്നു പറയത്തക്ക, മുററ എയിറ അതുക്കി=മൂഴത്ത ഘോരദംഷ്ട്രകളെ കാണിച്ചുകൊണ്ട്, അയില്പറാ=ശൂലത്തെ കയ്യിലെടുത്ത്, ആകം ഉറ=(ശ്രീരാമദേവന്റെ) മാറിൽ കൊള്ളത്തക്കവണ്ണം, ഉയ്ത്തു എറിവൻ എൻറ=ഉന്നം നോക്കി എറിയുന്നുണ്ടെന്നനിലയിൽ, എതിർഅഴൻറാം=എതിരേനിന്നുകോപിച്ചു. ഭന-.

394\. അണ്ണൻ മുനിവർക്കതു കരുത്തെനിഌ മാവി
ഉണ്ണെണ വടിക്കണൈ തൊടുക്കില ഌയിർക്കേ
തുണ്ണെനും വിനൈത്തൊഴി റൊടങ്ങ്കിയുള ളേനും
പെണ്ണെണ മനത്തിടൈ പെരുന്തകൈ നിനൈത്താൻ.

പ:—അണ്ണല്=മേധാവിയായ, മുനിവർക്കു=മുനിക്ക്, അതു കരുത്തു എനിഌം=അതു (അവളെ വധിക്കുന്നത്) സമ്മതമാണെന്നിരിക്കിലും, പെരുന്തകൈ=മഹാമഹിമാവായ രാമദേവൻ, ആവി ഉൺ എണ=പ്രാണങ്ങളെ ഉാക്കൊാകെന്നു കല്പിച്ചു, വടികണൈ=ബാണദണ്ഡങ്ങളെ, തൊടുക്കിലൻ=പ്രയോഗിച്ചില്ല. (എന്തുകൊണ്ടെന്നാൽ) ഉയിർക്കേ=തന്റെ ജീവന്നുതന്നെ, തുൺ എണ=നടുക്കം തട്ടുംവിധം, വിനൈ തൊഴില്=പാപകൃത്യം, തൊടങ്ങ്കി ഉളാം എനും=തുടങ്ങിയിരിക്കുന്നവളായിരുന്നാലും, പെൺ എണ=ഒരു പെണ്ണാണെല്ലോവെന്നു, മനത്തിടൈ നിനൈത്താൻ=മനസ്സിൽ ആലോചിച്ചു. ഒർ.

വൃത്തം മാറി.

395\. വെറിന്ത ശെമ്മയിർ വെള്ളെയിററാളയില്
എറിന്തു കൊല്വെണെൻേറർകവും പാർക്കിലാ
ശെറിന്ത താരവൻ ശിന്തൈ ക്കരുത്തെലാം
അറിന്തു നാൻ മറൈ യന്തണൻ ക്രൂവാൻ.

പ:—വെറിന്ത ശെമ്മയിർ=എറിച്ചു നില്ക്കുന്ന ചെമ്പൻ മുടിയെയും, വൊ എയിററാം=വെളുത്ത പല്ലുകളേയും കയ്യൊണ്ടിരിക്കുന്ന ആ രാക്ഷസി, അയില് എറിന്തു=ശൂലത്തെയെറിഞ്ഞു, കൊല്വെൻ എൻറ=കൊല്ലുന്നുണ്ടെന്ന നിലയിൽ, എർകവും=എത്തുത്തപ്പോാം, പാർക്കി

ലാ=അതിനെ ഗണ്യമാക്കാത്തവനും, ശെറിന്ത=(പുഷ്പദളങ്ങൾ) ഇടതിങ്ങിയ, താരവൻ=മലർമാലയണിഞ്ഞവനുമായ ശ്രീരാമദേവൻെറ, ശിന്തൈ കരുത്തു എലാം=മനസ്സിൽ കരുതിയതെല്ലാം, നാൻമറൈ അന്തണൻ=നാലു വേദങ്ങളുമറിഞ്ഞ മഹർഷി; അറിന്തു=ഗ്രഹിച്ചുകൊണ്ട്, കൂറവാൻ=പറയുന്നു. ൩൫

396. തീതെൻറുള്ളവൈ യാവൈയും ശെയ്തെമൈ
ക്കോതെൻറുണ്ടിലളിത്തിണൈയേ കുറൈ
യാതെ ൻെറണ്ണുവതിക്കൊടിയാളൈയും
മാതെൻെറണ്ണുവതോ മണിപ്പൂണിനായ്.

പ:—മണി പൂണിനായ്=രത്നഹാരമണിഞ്ഞ രാമഭദ്ര!, തീതു എൻറ ഉള്ള യാവൈയും ശെയ്തു=ദുഷ്കൃതങ്ങളെന്നു പറയത്തക്കവയെല്ലാം ചെയ്തു, എമൈ=ഞങ്ങളെ, കോതു എൻറ=കൊതുക്കൾ (നിസ്സാരന്മാർ) എന്നു കരുതി, ഉണ്ടിലൾ=കൊന്നു ഭക്ഷിക്കാതെ വിട്ടിരിക്കയാണ് ഇത്തിണൈയേ കുറൈ=ഇത്ര മാത്രമാണ് (ഹിംസാ കർമ്മത്തിൽ അവൾക്കു പററീട്ടുള്ള) പോരായ്മ, യാതു എൻറ എണ്ണുവതു=എന്തെന്നു കരുതും (ഇവളെ ഏതൊരു ദുഷിച്ച വസ്തുവെന്നു നിർണ്ണയിക്കും) ഇക്കൊടിയാളൈയും= ഈ കൊടിയവളേയും, മാതു എൻറ എണ്ണുവതോ=പെണ്ണെന്നു നിനക്കുകയോ (ഒരിക്കലും നിനച്ചു കൂടുന്നതല്ല.) ൩൬.

397. നാൺമൈയേ യുടൈയാർ പിഴൈത്താർ നകു
വാൺമൈയേ പൊറവൻറിറലാടവർ
തോൻമൈ യേയിവൾ പേർശൊല ത്തോർപരേല്
ആൺമൈ യെണ്ണമതാരിടൈ വൈകുമേ.

പ:—നാൺമൈയേ ഉടൈയാർ=(ഇവളോടു പൊരുതുവാൻ) നാണമുള്ളവർ മാത്രം, പിഴൈത്താർ=(പ്രാണഹാനി വരാതെ) പിഴച്ചു. നകു= വിളങ്ങുന്ന, വാൺമൈ പൊറ=വലിയ വല്ലഭത്വം തന്നെ കൈക്കൊണ്ടിരിക്കുന്ന, വല് തിറല്=മഹാ വിജയികളായ, ആടവർ=പുരുഷന്മാർ, ഇവൾ പേർ ശൊല=ഇവളുടെ പേർ പറഞ്ഞ മാത്രത്തിൽ, തോൺമൈ തോർപർ ഏല്=കരബലംകൊണ്ടു തോല്ക്കുന്നുവെങ്കിൽ, ആൺമൈ എണ്ണം അതു=പൌരുഷമെന്നു പറയുന്നതു, ആർ ഇടൈ വൈകും=ആരിൽ നില്ക്കും. ൩൭.

398. ഇന്തിരന്നിടൈന്താ രുടൈന്തോടിനാർ
തന്തിരം പടത്താണവർ വാണവർ
മന്തരമ്മിവടോളെണിൻ മൈന്തരോ
ടന്തരമ്മിനിയാതു കൊലാൺമൈയേ.

പ:—ഇന്തിരൻ=ദേവേന്ദ്രൻ, ഇടൈന്താൻ=ഇവളോട്ട തോററ, താണവർ വാണവർ=ദാനവന്മാരും ദേവന്മാരും, തന്തിരം പട=സേനകൾ നശിച്ചതിനാൽ, ഉടൈന്തു ഓടിനാർ=തോറേറാടിപ്പോയി. ഇവൾ തോൾ= ഇവളുടെ ഭുജങ്ങൾ, മന്തരം എണിൻ=മന്ദരഗിരിക്കൊക്കുമെന്നു വരികിൽ, ആൺമൈ=പൌരുഷം, അന്തരം=മറഞ്ഞുപോയിരിക്കെ, മൈന്തരോട്ട= പുരുഷന്മാരിൽ, ഇനിയാതു=ഇനിമേൽ എന്താണുള്ളത്.

ഭാ.—താടക തന്റെ കരബലംകൊണ്ടു ദേവാസുരന്മാരെപ്പോലും ജയിച്ചിരിക്കുന്നു. അവളെ ജയിപ്പാൻ ഒരു പൂരുഷനുമില്ല. സ്ത്രീത്വത്തെ അപേക്ഷിച്ചു ബലാധികവും ശ്രേഷ്ഠവുമായി പുരുഷനിൽ കാണുന്ന ശക്തിയാണു "പൌരുഷ"മെന്നു വ്യവഹരിക്കപ്പെടുന്നത്. ഇതിന്റെ അഭാവമാണിപ്പോൾ കാണുന്നത്. ഇങ്ങിനെയായാൽ മേലിൽ പുരുഷന്മാരിലെന്തൊന്നുള്ളു. ദ്രവ്യ.

399. മണ്ണർ മണ്ണവൻ കാതല മററമൊ
ൻറിണ്ണം യാനുരൈക്കിൻറ തിയാതെണിൻ
മുണ്ണോർ കാലനികഴ്ന്ത മുറൈമൈയീ
തെണ്ണു വോതലുററാ ൻറവത്തിറിലാൻ.

പ:—മണ്ണർ മണ്ണവൻ കാതല=ചക്രവത്തികുമാര!, മററം ഒൻറു=മററൊരു വൃത്താന്തം, ഇണ്ണം=ഇനിയും, യാൻ ഉരൈക്കിൻറതു=ഞാൻ പറയുവാനുള്ളതുണ്ട്. യാതു എണില്=ഏതെന്നാൽ, മുൻ ഓർ കാലം=മുമ്പൊരു കാലത്ത്, നികഴ്ന്ത=നടന്ന, മുറൈമൈ ഈതു എണ്ണ=മുറ ഇതാണെന്നു, തവത്തു ഈറ ഇലാൻ=തപോബലംകൊണ്ടു നാശമണയാത്ത മാമുനി, ഓതലുററാൻ=പറഞ്ഞുതുടങ്ങി. ഒൻ

400. പിരുകു വെണ്ണം പെരുന്തവൻറൻ മനൈ
വരുകയർ കട്കിയാതിവല്ലാ ശ്ശൂരർ
കരുകു കാത ലുറവുറ വാതലേ
കരുതി യാവി കവർന്തണ നേമിയാൻ.

പ:—പിരുകു എണ്ണം=ഭഗ്നവെന്ന; പെരുന്തവൻ മനൈ=തപോധനന്റെ പത്നിയും, വരു=വിശാലങ്ങളായ, കയല് കൺ=കയൽ (കരുമീൻ) കണ്ണിയുമായ, കിയാതി=ഖ്യാതി, വല് ആ ശൂരർക്കു=വലിയ അസുരന്മാൎക്കു, ഉരുകു=മനസ്സുരുകുന്ന, കാതല് ഉറ=ആശ വൎദ്ധിക്കത്തക്ക, ഉറവു ആതലേ കരുതി=ക്കൂട്ടുകെട്ടുണ്ടാവുന്നതിനെത്തന്നെ നിനച്ച് (അവൾ ദുർവൃത്തയെന്നു കണ്ട്), നേമിയാൻ=ചക്രധരനായ വിഷ്ണു, ആവി കവർന്തനൻ=(അവളുടെ) പ്രാണനെ ഹരിച്ചു. (ചക്രംകൊണ്ടു വധിച്ചു) ന്നം.

401. വാണകന്തണിൻ മണ്ണിണിൻ മണ്ണയിർ
പോണകം തണക്കെന്റെണ്ണം പുന്തിയ
താണവൾ കുമതിപ്പെയരാടണൈ
ഉഊണൊഴിത്തണൻ വിച്ചിരത്തുമ്പർകോൻ.

പ:—വാണകന്തണിൻ=ദേവലോകത്തിലും, മണ്ണിണിൻ=ഭൂലോകത്തിലും, മൻ=നിലനിന്നു വരുന്ന, ഉയിർ=ജീവികളെ, തണക്കു പോണകം എന്റ എണ്ണം=തനിക്കാഹാരമാണെന്നു നിനച്ചുകൊണ്ടിരിക്കുന്ന, പുന്തിയ=ബുദ്ധിയോടുകൂടിയ, താണവൾ=ദാനവി (അസുരസ്ത്രീ)യായ, കുമതിപ്പെയരാൾ തണൈ=കുമതിയെന്ന നാമധേയത്തോടുകൂടിയവളെ, വച്ചിരത്തു=വജ്രായുധത്തിനാൽ, ഉമ്പർകോൻ=ദേവേന്ദ്രൻ, ഊൻ ഒഴിത്തനൻ=ഉടലിനെ (പ്രാണനിൽനിന്നു) വേർപെടുത്തി. ന്ന൧.

402. ആതലാ ലരിക്കാ കണ്ടലൻറണ
ക്കോതു കീർത്തിയുടൈയ വല്ലാതിടൈ
ഏതമെൻപണ വെയ്തിയവോ ശൊലായ്
താതടർന്തു തയങ്ങ്കിയ താരിണായ്.

പ:—താതു അടർന്തു=മകരന്ദം നിറഞ്ഞു, തയങ്ങ്കിയ=വിളങ്ങിയ, താരിണായ്=മാലയണിഞ്ഞ ഹേ രാമ!, ആ തലാല്=ആ കൃത്യം (ഖ്യാതിയുടെയും കുമതിയുടെയും വധം) ചെയ്കതിനാൽ, അരിക്കു=ഹരിക്കും, ആകണ്ടലൻ തണക്കു=ആഖണ്ഡല (ഇന്ദ്ര)നും, ഓതു=(മറവുള്ളവൎക്കു) പറയത്തക്കവണ്ണം, കീർത്തി ഉടൈ അല്ലാതു=കീൎത്തിയുണ്ടായെന്നല്ലാതെ, ഇടൈ=(ജനങ്ങളുടെ) ഇടയിൽ, ഏതം എൻപണ എയ്തിയവോ=അപവാദമെന്നതു സംഭവിച്ചുവോ, ശൊലായ്=പറഞ്ഞാലും. ന്നവ.

403. കറങ്ങ്കിട ത്തികിരിപ്പടി കാത്തവർ
പിറങ്ങ്കുടൈ പ്പെരിയോയ് പെരിയോരൊടും

മറങ്ങ്കൊടിത്തരൈ മണ്ണുയിർ മായ്ത്തുനി
ൻറ റങ്ങ്കെട്ടത്തവട് കാൺമൈയും വേണ്ടുമോ.

പ:—തികിരി കറങ്ങ്കിട=ആജ്ഞാചക്രം എങ്ങും തിരിയുംവണ്ണം, പടികാത്തവർ=ഭൂമിയെ പരിപാലിച്ച സൂര്യവംശരാജാക്കന്മാരുടെ, പിറങ്ങ്കടൈ=വംശത്തിൽ പിറന്ന, പെരിയോയ്=മഹാത്മാവേ, പെരിയോരൊടു മറം കൊടു=മഹാജനങ്ങളോടു വൈരം കൈക്കൊണ്ടു, ഇ തരൈ= ഈ ഭൂമിയിൽ, മൻ ഉയിർ മായ്ത്തു=നിലകൊള്ളുന്ന ജീവികളെ കൊന്ന്, നിൻറ അറം കെട്ടത്തവട്ക്കു=ശാശ്വതമായ്നിന്ന വൈദികധർമ്മത്തെ കെടുത്തവൾക്ക്, ആൺമൈയും വേണ്ടുമോ=പൌരുഷവും സ്ഥാപിച്ചു കൊടുക്കേണമോ?

ഭാ:—ഹേ രാമ! നിങ്ങടെ പൂർവ്വപുരുഷന്മാർ ഭൂമണ്ഡലം മുഴുവനും തങ്ങടെ ആജ്ഞ നടത്തി പ്രജാക്ഷേമതല്പരന്മാരായി വാണിരുന്ന പുരുഷകേസരികളാണ്. ഭവാൻ അവരുടെ പിൻഗാമിയായ ഒരു വീരപുരുഷനമാണെല്ലോ. ഇങ്ങിനെയിരിക്കെ മഹാജനങ്ങളിൽ വിദ്വേഷം വെച്ചും അനേകം ജീവരാശികളെ കൊന്നു ഭക്ഷിച്ചും വൈദികധർമ്മങ്ങളെ ഉന്മൂലനം ചെയ്തും ആരാലും ജയിക്കപ്പെട്ടുവാൻ കഴിയാതെ അഹങ്കരിച്ചു നടക്കുന്ന ഈ രാക്ഷസിയിൽ പുരുഷന്മാർക്കപകർഷജനകമാമ്മാറു "പൌരുഷം നില നിന്നുകൊള്ളട്ടെ" എന്നു വിചാരിക്കുന്നുണ്ടോ? സന്ത.

404. ശാററനാളററതെണ്ണി തരുമം പാർ
ത്തേററം വിണ്ണെൻപതൻറി യിവളൈപ്പോല്
നാററങ്കേട്ടലു ന്തിണ്ണ നയപ്പതോർ
കൂററണ്ടോ ശൊലൈ കൂററുറഴ് വേലിനായ്.

പ:—ശാററം=വിധിക്കപ്പെട്ടിട്ടുള്ള, നാറം=ആയുസ്സ്, അററതു=അവസാനിച്ചതിനെ, എണ്ണി=കരുതി, തരുമം പാർത്തു (അവർ ചെയ്ത) സുകൃതം നോക്കി, വിൺ ഏററം എൻപതു അൻറി=സ്വർഗ്ഗലോകം പ്രാപിപ്പിക്കുമെന്നല്ലാതെ, ഇവളൈപ്പോല്=ഇവളെപ്പോലെ, നാററം കേട്ടലും= ചൂരു കേട്ട മാത്രയിൽ, തിണ്ണ നയപ്പതു=തിന്നുവാൻ കൊതിക്കുന്ന, ഓർ കൂററ ഉണ്ടോ=ഒരു കാലനുണ്ടോ?, ശൊല്=നീ പറഞ്ഞാലും, കൂററ ഉറഴ് വേലിനായ്=വൈരികൾക്കു കാലനായ വേലായുധമിണങ്ങിയ ഹേ രാമഭദ്ര!

വി:—ഇതിൽ അവളുടെ ഘ്രാണേന്ദ്രിയത്തിന്നു സുദൂരവ്യാപിയായ ശ്രോത്രേന്ദ്രിയത്തേക്കാൾ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ദൂരവർത്തികളായ

ആസ്വാദ്യപദാൎത്ഥങ്ങളെ ആരാഞ്ഞറിയുന്നതിൽ ഘ്രാണേന്ദ്രിയത്തിന്നു പാടവമേറുന്നതാണ്. അതിനാൽ രസനേന്ദ്രിയത്തിൻെറ പ്രേരണക്കു വശംവദമായ ഘ്രാണേന്ദ്രിയത്തിൻെറ ചേഷ്ടയെ പറഞ്ഞ് താടകയുടെ ബുഭുക്ഷാതിശയത്തെ വ്യഞ്ജിപ്പിച്ചു. ൩൪

405. മണ്ണും പല്ലുയിർ വാരിത്തൻ വായ്പ്പെയ്തു
തിണ്ണും പുൻമൈയിററീമൈയതേയൈ യ
പിണ്ണും താഴ്കുഴർ പേതൈമൈ പ്പെണ്ണിവൾ
എണ്ണുന്തൻമൈ യെളി മൈയിൻ പാലതേ.

പ:—മണ്ണും=നില നില്ക്കുന്ന, പല് ഉയിർ=പല ജീവികളെയും, വാരി=വാരിയെടുത്തു, തൻവായ് പെയ്തു=തൻെറ വായിലിട്ടു, തിണ്ണും=തിന്നുന്ന, പുൻമൈയിൻ=നീചത്വം നോക്കുന്നതായാലും, തീമൈയതേ=ദുഷ്ടത്വംതന്നെ, ഐയ=സ്വാമിൻ, ഇവൾ=ഈ രാക്ഷസി, പിണ്ണും=പിന്നിവെച്ചിട്ടുള്ള, താഴ്കുഴല്=നീണ്ട തലമുടിയോടും, പേതൈമൈ=സാധുത്വത്തോടും കൂടിയ, പെൺ എണ്ണും തൻമൈ=പെണ്ണാണെന്നുള്ള ഭാവം, എളിമൈയിൻ പാലതേ=അറിയായ്മകൊണ്ടുള്ളതാകുന്നു. ൩൫

406. ഈറി നല്ലറം പാർത്തിശൈത്തേണിവൾ
ശീറി നിൻറിതു ശെപ്പുകിൻെറണലേൻ
ആറി നിൻറ തറൺൻറരക്കിയൈ
ക്കോറി യെൻെറതിരന്തണൻ ക്കുറിണാൻ.

പ:—ഈറു ഇല്=അന്തമില്ലാത്ത, നല് അറം പാർത്തു=നല്ല ധൎമ്മത്തെ നോക്കി, ഇശൈത്തേൻ=പറഞ്ഞതാണ്. ഇവൾ ശീറി നിൻറ=ഇവളുടെ നേരെ ക്രോധിച്ചുനിന്നു, ഇതു ശെപ്പുകിൻേറൻ അലേൻ=ഇതു പറയുന്നതല്ല. (ആകയാൽ) ആറിനിൻറതു=നീ കോപമടങ്ങി നിന്നതു, അറൻ അൻറ=ധൎമ്മമല്ല. അരക്കിയൈ=രാക്ഷസിയെ, കോറി എൻറ=കൊൽകയെന്നു, എതിർ=രാമനെതിരേ നിന്നു്, അന്തണൻ കൂറിണാൻ=വിശ്വാമിത്രമഹൎഷി പറഞ്ഞു. ൩൬

407. ഐയ്യ ണങ്കതു കേട്ടറണല്ലവും
എയ്തിണാലതു ശെയ്കവെൻേറവിണാൻ
മെയ്യ നിണ്ണരൈ വേതമെണക്കൊട്ടു
ശെയ്കൈയൻേറാവറം ശെയ്യുമാറെൻറാൻ.

പ:—ഐയ്യൻ=ശ്രീരാമദേവൻ, അങ്ക് അതു കേട്ടു=അവിടെ ആ വാക്കുകേട്ട്, അറൻ അല്ലവും=ധൎമ്മമല്ലാത്തതും, എയ്തിനാല്=സംഭവിച്ചാൽ, അതു=അതിനെ, ശെയ്ക എൻറു=ചെയ്യേണമെന്നു, ഏവിനാല്=നിയമിച്ചാൽ, മെയ്യ=ഹേ സത്യവാദിൻ, നിൻ ഉരൈ=ഭവാൻെറ വാക്കിനെ, വേതം എണ കൊട്ടു=വേദവാക്യമായി മനസ്സിൽ കൈക്കൊണ്ട്, ശെയ്കൈ അൻേറാ=അങ്ങിനെ ചെയ്യുന്നതല്ലേ, അറം ശെയ്യം ആറു=ധൎമ്മം ചെയ്യുന്നവിധം, എൻറാൻ=എന്നു പറഞ്ഞു. ൩൭

408. കങ്കൈത്തിമ്പുണ നാടൻ കരുത്തൈയും
മങ്കൈത്തീയണൈയാളും മണക്കൊളാ
ശെങ്കൈച്ചൂലവെന്തീയിണൈ ത്തീയതൻ
വെങ്കട്ടീയൊടു മേർചെല വീശിനാൾ.

പ:—തീ പുനല്=സ്വാദുജലത്തോടുകൂടിയ, കങ്കൈ നാടൻ=ഗംഗാനദിയാൽ ചുററപ്പെട്ട കോസലദേശീയനായ ശ്രീരാമദേവൻെറ, കരുത്തൈയും=ആശയത്തെ, മങ്കൈ തീ അണൈയാളും=സ്ത്രീരൂപം ധരിച്ച അഗ്നിക്കു സമാനയായ താടക, മണം കൊളാ=മനസ്സിൽ ഗ്രഹിച്ച്, ശെങ്കൈ ശൂലം വെന്തീയിണൈ=തൻെറ ചുവന്ന കയ്യിലുള്ള ശൂലമാകുന്ന കൊടുന്തീയിനെ, തീയ=ക്രൂരമായ, തൻ=തൻെറ, വെങ്കൺ തീയൊടു=ഉഗ്രങ്ങളായ നേത്രങ്ങളിൽനിന്നു പുറപ്പെട്ട തീപ്പൊരിയോടുകൂടെ, മേല് ചെല്ല=(ശ്രീരാമൻെറ) അംഗത്തിലേല്ക്കുംവിധം, വീശിനാൾ=എറിഞ്ഞു.

409. പുതിയ ക്കൂററണൈയാൾ പുകൈന്തേവിയ
കതിർകൊൾ മൂവിലൈക്കാലവെന്തീ മുനി
വിതിയൈ മേർകൊണ്ടു നിൻറവൻ മേലുവാ
മതിയിൻമേല് വരുങ്കോളെണ വന്തതേ.

പ:—പുതിയ കൂററ അണൈയാൾ=പുതിയ യമനു തുല്യയായ താടക, പുകൈന്തു=ഏവിയ=മനസ്സു പുകഞ്ഞുവിട്ട, കതിർകൊൾ=ഒളി തിരളുന്ന, മൂവിലൈ=മൂന്നു കവരങ്ങളുള്ള ശൂലമാകുന്ന, കാലവെം തീ=വേകുന്ന കാലാഗ്നി, മുനി=വിശ്വാമിത്രൻെറ, വിതിയൈ=ആജ്ഞയെ, മേർകൊണ്ടു നിൻറവൻ മേല്=വഹിച്ചുനിന്ന ശ്രീരാമദേവൻെറ മേല്, ഉവാമതിയിൻമേല് വരും=പൂൎണ്ണചന്ദ്രന്മേൽ വരുന്ന, കോൾ എണ=രാഹുവെന്നപോലെ, വന്തതു=വന്നു. ൩൯

410. മാല്യ മക്കണം വാളിയൈ തൊട്ടതും
കോലവിർ കാല് കുനിത്തതും കണ്ടിലർ

ശാലരൈപ്പറിത്ത ക്കടിയാ൦ വിട്ട
ശൂലമററ തുണ്ടങ്ക൦ കണ്ടനർ.

പ:—മാലും=ശ്രീരാമദേവനാകട്ടെ, അ കണം=ആ ക്ഷണത്തിൽ, വാളിയൈ തൊട്ടതും=ബാണമെടുത്തതും, കോലം=അഴകുള്ള, വില്=വില്ലിൻെറ കാല് കുനിത്തതും=അഗ്രങ്ങളെ വളച്ചതും, കണ്ടിലർ=ആരും കണ്ടതില്ല. (മററന്തു കണ്ടുവെന്നാൽ) കാലരൈ പറിത്തു=കാലനോടപഹരിച്ചു, അ കടിയാ൦=ആ കൊടിയവ൦, വിട്ട=പ്രയോഗിച്ചു, ശൂലം അററ തുണ്ടങ്ക൦=ശൂലം മുറിക്കപ്പെട്ടുവീണ തുണ്ടുക൦, കണ്ടനർ=അവർ കണ്ടു. ൧൦

411. അല്ലിൻ മാരിയരൈയ നിറത്തവ൦
ശൊല്ലിൻ മാത്തിരൈയിർ കടല് തൂർപ്പണ
കല്ലിൻ മാരിയൈ കൈവകുത്താളതു
വില്ലിൻ മാരിയിൻ വീരൻ വിലക്കിനാൻ.

പ:—അല്ലിൻ=രാത്രികാലത്തിലുള്ള, മാരി അരൈയ=മേഘത്തിന്നു തുല്യമായ, നിറത്തവ൦=നിറം കലന്ന താടക, ശൊല്ലിൻ മാത്തിരൈയിൻ=പറഞ്ഞ മാത്രയിൽ (ക്ഷണത്തിൽ), കടല്=സമുദ്രങ്ങളേയും, തൂപ്പണ=തൂക്കുവാൻ മതിയായ, കല്ലിൻ മാരിയൈ=ശിലാവഷത്തെ, കൈവകുത്താ൦=കൈകൊണ്ടു ചെയ്തു. അതു=ആ കല്ലേറിനെ, വീരൻ=പരാക്രമിയായ ശ്രീരാമദേവൻ, വില്ലിൻ മാരിയിൻ=വില്ലിൽനിന്നുണ്ടായ ശരമാരിയാൽ, വിലക്കിനാൻ=നീക്കിക്കളഞ്ഞു. ൧൧

വൃത്തം മാറി.

412. ശൊല്ലൊക്കങ്കടിയവേക
ച്ചുട്ട ശരങ്കരിയ ശെമ്മല്
അല്ലൊക്കു നിറത്തിനാൺമേല്
വിട്ടതലും വയിരക്കുൻറ
ക്കല്ലൊക്കു നെഞ്ചിററങ്കാ
തപ്പുറം കഴൻറുകല്ലാ
പ്പുല്ലർക്കു നല്ലോർ ശൊന്ന
പൊരുളെനപ്പോയിററൻേറ.

പ:—കരിയ ശെമ്മല്=ശ്യാമളവൎണ്ണനായ ശ്രീരാമദേവൻ, ശൊല് ഒക്കും=(മുനിയുടെ) നിഗ്രഹാനുഗ്രഹവചനത്തിന്നു തുല്യം, കടിയ വേകം=

അതിവേഗത്തോട്ടകൂടിയ, ശൂട്ടശരം=ഒരു ഉഗ്രമായ ബാണത്തെ, അല് ഒക്കും=ഇരുളിന്നു തുല്യമായ, നിറത്തിനാം മേല്=നിറത്തെ വഹിച്ചിരിക്കുന്ന താടകയുടെ മേൽ, വിട്ടതലും=എയ്യപ്പോഠം, (അതു) വയിരക്കൻറം=വൈരമലയുടെ, കല് ഒക്കും=കല്ലിന്നൊത്ത, നെഞ്ചില്=അവളുടെ മാറിൽ, തങ്കാതു=തറച്ചുനില്ക്കാതെ, അപ്പുറം കഴൻറ=മറപുറം പാഞ്ഞു (ഊട്ടൂരി), കല്ലാ=പഠിക്കാത്ത, പുല്ലർക്കു=നീചന്മാൎക്ക, നല്ലോർ ശൊന്ന=ഉത്തമന്മാരുപദേശിച്ച, പൊരുഠ എന=അൎത്ഥവിശേഷമെന്നപോലെ, പോയിററ=പോയ്ക്കളഞ്ഞു.

വി:—ഫലപൂൎണ്ണമായ വാക്യം അതിവേഗത്തിൽ ഫലിക്കുന്നതുപോലെ ഉഗ്രമായ ബാണവും അതിൻെറ ഫലമായ ലക്ഷ്യഭേദനകൎമ്മം അതിവേഗത്തിൽ ചെയ്യുന്നതാകയാൽ "ചൊല്ലൊക്കങ്കടിയ വേകച്ചുട്ടശരം" എന്നു പ്രയോഗിച്ചു. താടകയുടെ മാറിടത്തിന്നു അഭേദ്യത്വവും ഗുരുത്വവും കാണിപ്പാൻ "വയിരക്കൻറക്കല്ലൊക്കും" എന്നു ഉപമാനം കല്പിച്ചു. പ്രാജ്ഞന്മാരാൽ അജ്ഞന്മാൎക്കായി ചെയ്യപ്പെടുന്ന സാരോപദേശങ്ങഠ അവരുടെ ഹൃദയത്തിൽ പതിയാതെ തൽക്ഷണം അകന്നുപോകുന്നതുപോലെ മഹനീയമായ ആ രാമബാണം നീചയായ അവളുടെ ഹൃദയത്തിൽ തറച്ചുനില്ക്കാതെ ഊട്ടൂരി പോയ്ക്കളഞ്ഞുവെന്നുപമിച്ചിരിക്കുന്നു. വെ.

413. പൊന്നെട്ടങ്കുൻറ മന്നാൻ
 പുകർ മുകപ്പുകഴിയെന്നും
മന്നെട്ടങ്കാലവൻ കാ
 ററടിത്തലു മിടിത്തുവാനില്
കന്നെട്ട മാരിപെയ്യ
 ക്കടൈയുകത്തെഴന്ത മേകം
മിന്നൊട്ട മശനിയോട്ടും
 വീഴ്വതേപോല വീഴ്ന്താഠ.

പ:—നെട്ട=വലിയ, പൊൻ കുൻറം അന്നാൻ=പൊന്മലക്കു തുല്യനായ ശ്രീരാമദേവൻെറ, പുകർ മുകപ്പുകഴി എന്നും=നീലിച്ച മുനയിണങ്ങിയ ബാണമാകുന്ന, നെട്ട=വലിയ, അ വെം കാലക്കാററ=ആ ഉഗ്രമായ പ്രളയക്കാററ്, അടിത്തലും=അടിച്ചപ്പോഴെക്കും, വാനിൻ=ആകാശത്തിൽ, കല് നെട്ടമാരിപെയ്യ=വലിയ കൽമഴ പൊഴിക്കുവാനായി, കടൈയുകത്തു=യുഗാന്തകാലത്തിൽ, ഇടിത്തു=ഗർജിച്ചുകൊണ്ടു, എഴന്ത=ഉദ്ഗമിച്ച, മേകം=മേഘം, മിന്നൊട്ടും=മിന്നലോട്ടും, അശനിയോട്ടും=അ

ശനിപാതത്തോടുംകൂടി, വീഴ്വതേ പോല=വീഴുന്നതുപോലെ, വീഴ്ന്താ ൾ=(മരിച്ചു) വീണു.

ഭാ:—കല്പാന്തവാതമേററ മഹാമേഘം ഇടിയും മിന്നലും കലൎന്നു ഭൂമിയിൽ പതിച്ചതുപോലെ താടക ഉച്ചത്തിൽ അലറി പല്ലിളിച്ചു നിലം പതിച്ചു. ൧൩.

414. പൊടിയുടൈ ക്കാണമെങ്കും
കുരുതിനീർ പൊങ്ക വീഴ്ന്ത
തടിയുടൈയെയിററു പ്പേഴ്വായ്
ത്താടകൈ തലൈകടോറും
മുടിയുടൈ യരക്കർകന്നാൾ
മുന്തിയുർ പാതമാക
പ്പടിയിടൈ യററവീഴ്ന്ത
വെററിയം പതാകൈയൊത്താൾ.

പ:—പൊടി ഉടൈ=പൊടിയോടുകൂടിയ, കാണം എങ്കും=ആവനം മുഴുവനും, കുരുതി നീർ പൊങ്ക വീഴ്ന്ത=ചോര നീർ പരന്നു പൊങ്ങുംവിധം വീണ, തടി ഉടൈ=(ഇതരപ്രാണികളെ ഭക്ഷിക്കുമ്പോൾ അവയുടെ മാംസം പറിച്ചിടിച്ചിരിക്കയാൽ) തടികൂടിയ, എയിററു=ദന്തങ്ങളെയും, പേഴ്വായ്=വലിയ വായിനെയും കയ്ക്കൊണ്ട, താടകൈ=ആ താടക, തലൈകൾതോറും=(തൻെറ പത്തു) ശിരസ്സുകളിലും, മുടിഉടൈ= മകുടങ്ങളണിഞ്ഞ, അരക്കർകു=രാക്ഷസാധമനു, അ നാൾ മുന്തി=(തൻെറ) ആ മരണദിനത്തിന്നു മുൻകൂറായി, ഉർപാതം ആക=ദുൎന്നിമിത്തമായി, പിടിയിടൈ=ഭൂതലത്തിന്മേൽ, അററ വീഴ്ന്ത=അററവീണ, വെററി പതാകൈ=വിജയക്കൊടികൾ, ഒത്താൾ=ഒത്തിരുന്നു.

ഭാ:—താടകയുടെ പതനം രാവണൻെറ മരണത്തെ മുൻകൂട്ടി അറിവിക്കുന്ന അവൻെറ ജയപതാകയുടെ പതനംപോലെയിരുന്നു. കൊടിക്കൂറയററവീഴുന്നതു രാജാക്കന്മാൎക്കു മരണസൂചകമായ ഒരു ദുൎന്നിമിത്തമാകുന്നു. ൧൪

415. കാൻറിരിന്താഴിയാക
ത്താടകൈ കടിണമാർപ
ത്തൂൻറിയ പകഴിവായൂ
ടൊഴുകിയ കുരുതിവെള്ളം

ആൻറവക്കാണമെല്ലാ
മായിണ തന്തിമാലൈ
ത്തോൻറിയ ശെക്കർ വാണ
ന്തൊടക്കററ വീഴ്ന്തതൊത്തേ.

പ:—കാൻ=ആ കാട്ട, തിരിന്തു=മാറ്റ, ആഴി ആക=കടലായിതീരും വണ്ണം, താടകൈ=താടകയുടെ, കടിനം=കഠിനമായ, മാർപത്തു=മാറിടത്തിൽ, ഊൻറിയ=ഊന്നിയ (തറച്ച), പകഴിവായൂടു=ബാണംകൊണ്ടു തുളഞ്ഞ ദ്വാരത്തിൻവഴിയായി, ഒഴുകിയ=ഒലിച്ചുചാടിയ, കുരുതി വെള്ളം=രക്തപ്രവാഹം, അന്തിമാലൈ=സായം സന്ധ്യാകാലത്തിൽ, തോൻറിയ=ഉണ്ടായ, ശെക്കർവാണം=ചെമ്മാനം, തൊടക്കു അററ=തൻെറ അവലംബം അററ, വീഴ്ന്തതു ഒത്തു=വീണതിന്നു തുല്യമായി, ആൻറ=അകന്ന (വിസ്തീൎണ്ണമുള്ള) അ കാണം എല്ലാം=ആ വനം മുഴവനും, ആയിണതു=ആയി (പരന്നു.)

വി:—താടകയുടെ മാറിൽ രാമബാണമേററ തുളഞ്ഞ ദ്വാരത്തിലൂടെ പുറപ്പെട്ട രക്തപ്രവാഹം കടൽപോലെ പരന്നതിനാൽ ആ വനം സന്ധ്യാസമയത്തിലുള്ള ചെമ്മാനം ഇടിഞ്ഞു താഴെ വീണു കിടക്കുമ്പോലെ കാണപ്പെട്ടു. ൧൫

416. വാശനാൺ മലരോണ്ണ
മാമുണി പണി മാറാത
കാശ്ശുലാങ്ങ് കണകപ്പൈമ്പൂട്
കാകുത്തൻ കണ്ണിപ്പോരില്
ക്കൂശിവാളരക്കർ തങ്ങ്കൾ
കുലത്തുയിർ കുടിക്കവഞ്ചി
ആശൈയാലുഴല്വം ക്രൂററ
ഞ്ചുവെശിറി തറിന്തതൻേറ

പ:—വാശം=മണമിയലുന്ന, നാൾ=പുതിയ, മലരോൻ=താമരമലരിൽ കുടികൊള്ളുന്ന ബ്രഹ്മദേവന്നു, അണ്ണ=തുല്യനായ, മാമുണി=മഹാമുനിയായ വിശ്വാമിത്രൻെറ, പണി മറാത=ആജ്ഞയെ ലംഘിക്കാത്ത, കാശ്ശു ഉലാം കണകം പൈംപൂൺ=രത്നഖചിതങ്ങളായ പൊന്നാഭരണങ്ങളണിഞ്ഞ, കാകുത്തൻ=കാകുൽസ്ഥ (കകുൽസ്ഥ കലജാത) ൻെറ, കണ്ണിപ്പോരില്=പ്രഥമയുദ്ധത്തിൽ, വാൾ ഏരക്കർ തങ്ങ്കൾ കുലത്തു=

ലാംഗധാരികളായ രാക്ഷസകുലജാതന്മാരുടെ, ഉയിർ കുടിക്ക=പ്രാണവായുവിനെ പാനം ചെയ്വാൻ, കൂശി=മടിച്ച്, അഞ്ചി=ഭയപ്പെട്ട്, ആശൈയാല് ഉഴലും=ഭക്ഷണാൎത്ഥിയായുഴലുന്ന, കൂററം=യമനും, ശിറിതു=അല്പം, ശുവൈ അറിന്തതു=(രക്ഷസ്സുകളെ ഭക്ഷിക്കുന്നതിലുള്ള) സ്വാദറിഞ്ഞു, അൻറു-ഏ ഇവ അശകരം.

ഭാ:—ശ്രീരാമൻ ആയുധപ്പയററ കഴിച്ചതിനുശേഷം ആദ്യമായ് നടത്തിയ ഒരു യുദ്ധമാണ് വിശ്വാമിത്രശാസനക്കൊപ്പെട്ട നടത്തിയ ഈ താടകാവധം. രാക്ഷസന്മാരെ ഭുജിപ്പാൻ കാംക്ഷയുണ്ടെന്നിരിക്കലും അവരിൽ സങ്കോചവും ഭയവും നേരിട്ട ഭഗ്നാശനായുഴലുന്ന അന്തകന് അല്പം ആ സ്വാദറിയുവാൻ ഇതൊരു നല്ല തക്കമായിതീൎന്നു.

വി:—സൂൎയ്യവംശോൽഭൂതനായ ഇക്ഷ്വാകുവിൻെറ പുത്രൻ ശശാദൻെറ മകനാണ് "പുരഞ്ജയൻ" എന്ന രാജാവ്. ഇദ്ദേഹവും തൻെറ പൂൎവ്വപുരുഷന്മാരെപ്പോലെതന്നെ അസുരന്മാരാൽ ബാധിക്കപ്പെടുന്ന സുരന്മാരുടെ രക്ഷക്കായി സ്വൎല്ലോകത്തേക്ക ചെന്ന് അസുരന്മാരെ പൊരുതു പരാജിതന്മാരാക്കി സ്വൎവ്വാസികൾക്ക രക്ഷനൽകുമാറുണ്ട്. ഒരിക്കൽ ആ വിധം നടന്ന ഒരായോധനത്തിൽ സുരപക്ഷത്തിന്നു അല്പം ദൌൎബ്ബല്യം ഭവിച്ചതായി കണ്ടു സുരനായകനും നരനായകനും അന്യോന്യം ചിന്തിച്ച ജയോപായത്തിൻെറ ഫലമായി സുരേന്ദ്രൻ ഒരു മഹോക്ഷരൂപം പൂണ്ടു നില്ക്കുകയും നരേന്ദ്രൻ ആ വൃഷത്തെ അധിരൂഢനായ് നിന്നു പൊരുതി നിൎജ്ജരവൈരികളെ പലായിതന്മാരാക്കുകയും ചെയ്തു. ഇങ്ങിനെ വൃഷരൂപം ധരിച്ചതിനാൽ ഇന്ദ്രന്നു 'വൃഷാ' എന്നും ആ വൃഷത്തിൻെറ കകുത്തിൽ (പൂനക്കടത്തിൽ-കൊത്തിൽ-കഴുത്തിൽ) സ്ഥിതിചെയ്തുകൊണ്ട് പുരഞ്ജയ രാജാവിന്നു "കകുൽസ്ഥൻ" എന്നും നാമധേയം പ്രസിദ്ധമായി.

417. യാമുമെമ്മിരുക്കൈ പെറേറ
മുണക്കിടൈ യൂറമില്ലൈ
കോമകർ ക്ിനിയ തൈവ
പ്പടൈക്കലങ്ങ്കൊടുത്തിയെണ്ണാ
മാമുണിക്കരൈത്തുപ്പിണ്ണർ
വിർകൊണ്ട മഴൈയണാൻ മേർ
പൂമഴൈ പൊഴിന്തു വാഴ്ത്തി
വിണ്ണവർ പോയിണാരേ.

പ:—(പിന്നെ) വിണ്ണവർ=ദേവകരം, യാമും=ഞങ്ങളും, എം=ഞങ്ങളുടെ, ഇരുക്കൈ=ഇരിപ്പിടങ്ങളെ, പെറേറം=ലഭിച്ചു, ഉനക്കു=നിണക്കു, ഇടൈയൂറ ഇല്ലൈ=(യാഗാദി കമ്മങ്ങരംക്കു) വിഘ്നങ്ങളൊന്നും ഇനിയുണ്ടാകയില്ല, കോമകർക്കു=ചക്രവത്തിയുടെ പുത്രനായ ശ്രീരാമന്നു്, ഇനിയ=പ്രീതികരങ്ങളായ തൈവപ്പടൈക്കലം=ദിവ്യായുധങ്ങളെ, കൊട്ടത്തി=കൊട്ടത്താലും, എണ്ണാ=എന്നു, മാമുണിക്കു ഉരൈത്തു=മഹാമുനിയായ വിശ്വാമിത്രനോടു പറഞ്ഞു്, പിണ്ണർ=അതിന്നുശേഷം, വില് കൊണ്ട=ചാപമേന്തിയ, മഴൈ അണ്ണാൻ മേല്=മേഘത്തിന്നു സദൃശനായ ശ്രീരാമദേവന്മേൽ, പൂമഴൈ പൊഴിന്തു=പുഷ്പവഷം ചെയ്തു, വാഴ്ത്തി=ആശീവ്വദിച്ചു, പോയിണാർ=സ്വസ്ഥാനങ്ങളിലേക്കു പോയി. ൭൭

വൃ_ാമതായ താടകൈവതൈപ്പടലം കഴിഞ്ഞു.

## ൯. വേദവിപ്പടലം.

418. വിണ്ണവർ പോയപിന്നെൻറ
വിരിന്തപൂമഴൈയിനാലേ
തണ്ണെണ്ണങ്കാണനീങ്കി
ത്താങ്ക്കരുന്തവത്തിൻമിക്കോൻ
മണ്ണവർ വറുമൈനോയ്ക്കു
മരുന്തണ ച്ചടൈയെൻവെണ്ണെയ്
അണ്ണറല്ശൊല്ലേയണ്ണ
പടൈക്കല മരുളിനാനേ.

പ:—വിണ്ണവർ=ദേവന്മാർ, പോയ പിന്നെൻറ=പോയതിൽ പിന്നെ, വിരിന്ത=പരന്ന, പൂമഴൈയിനാല്=പുഷ്പവർഷത്താൽ, തൺ എണ്ണം=ശീതളമായിതീൎന്ന, കാണം=ആ വനത്തിൽനിന്നു, നീങ്കി=പോയ്, താങ്ക്കഅരു=(മററുള്ളവരാൽ) വഹിപ്പാനരുതാത്ത, തവത്തിൻ=തപോനിഷ്ഠയാൽ, മിക്കോൻ=ശ്രേഷ്ഠനായ വിശ്വാമിത്രമുനി, മണ്ണവർ=ഭൂലോകവാസികളുടെ, വറുമൈ നോയ്ക്കു=ദാരിദ്ര്യവ്യാധിക്കു, മരുന്തു അണ്ണ=മരുന്നുപോലെയുള്ള, ശടൈയൻ=ശടൈയപ്പനെന്നു പേരുള്ള, വെണ്ണെ അണ്ണല്=തിരുവെണ്ണെനല്ലൂരിലുള്ള ദാതാ (പ്രഭു) വിൻെറ, ശൊല്ലേ അണ്ണ=വാക്കിനോടുതന്നെ തുല്യമായ, പടൈക്കലം=ആയുധങ്ങളെ (ജൃംഭകാസ്ത്രങ്ങളെ), അരുളിനാൻ=സദയം കൊടുത്തു.

ഭാ:—മരുന്നുകൾ തങ്ങടെ സാന്നിദ്ധ്യംകൊണ്ടു വ്യാധികളെ അകററും പോലെ തൻെറ സാന്നിദ്ധ്യത്താൽ നാട്ടാരുടെ ദാരിദ്ര്യത്തെ ഉന്മൂലനം ചെയ്യുന്ന ദാതാവായ വെണ്ണനല്ലൂർ ശടയപ്പമുതലിയാരുടെ വാക്കുപോലെ ഒരിക്കലും പഴുതു വരാത്ത ദിവ്യാസ്ത്രങ്ങളെ അന്യാദൃശമായ തപോനിഷ്ഠകൊണ്ടു ശ്രേഷ്ഠനായ വിശ്വാമിത്രമഹാമുനി രാമഭദ്രനു സന്തോഷപൂൎവ്വം നൽകി.

വി:—ബ്രഹ്മാദികളായ പുരാതനഗുരുക്കന്മാർ ബ്രാഹ്മണ്യത്തിൻെറ രക്ഷക്കായി അനേകായിരം സംവത്സരം തപം ചെയ്തതിൻെറ ഫലമായി തങ്ങടെ തപോമയങ്ങളായ തേജസ്സുകൾ പ്രത്യക്ഷീഭവിച്ചു. ഈ തേജസ്സുഞ്ചയമാകുന്നു മന്ത്രോപനിഷത്തെന്നു പേരായ ജൃംഭകാസ്ത്രമന്ത്രസമുച്ചയം,

രഹസ്യമായ ഇതിനെ ഭൃശാശ്വനെന്ന മുനിപുംഗവൻ ആയിരത്തിൽപരം സംവത്സരം ഗുരുശുശ്രൂഷാനിരതനായിരുന്ന തന്റെ ശിഷ്യനായ വിശ്വാമിത്രനുപദേശിച്ചു ഈ ദിവ്യാസ്ത്രങ്ങളെയാണ് രാമനുപദേശിച്ചത്. ഇവ സഹസ്രാധികങ്ങളാണ്. ഇവയിൽ ദണ്ഡചക്രാദികളായ അയ്മ്പത്തഞ്ചസ്ത്രങ്ങളുടെ പേർ വാല്മീകി രാമായണത്തിൽ പറഞ്ഞിട്ടുണ്ട്. ൧.

419. ആറിയ വറിഞ്ഞൻക്കുറി
യളിത്തല്യ മണ്ണറൻപാല്
ഊറിയ വുവകൈയോട്ടു
മുമ്പർതം പടൈകളെല്ലാം
തേറിയമണത്താൻശെയ്ത
നല്വിണൈപ്പയൻകളെല്ലാം
മാറിയ പിറപ്പിറേറടി
വരുവപോല് വന്തവന്റേ.

പ:—ആറിയ=കാമക്രോധമോഹങ്ങളടങ്ങിയ, അറിഞ്ഞൻ=അറിവുള്ള വിശ്വാമിത്രമുനി, ക്കുറി=(അതാതിന്നനുയോജ്യങ്ങളായ മന്ത്രങ്ങളെ) ഉപദേശിച്ച്, അളിത്തലും=കൊടുത്തപ്പോാം, ഉമ്പർ പടൈകാം എല്ലാം=ദിവ്യാസ്ത്രങ്ങളെല്ലാം, തേറിയ മണത്താൻ=നിഷ്കളമാനസനായ ഒരുവൻ, ശെയ്ത=ചെയ്ത, നല്വിണൈ=സല്കർമ്മങ്ങളുടെ, പയൻകളെല്ലാം=ഫലങ്ങളെല്ലാം, മാറിയപിറപ്പിൻ=മറജന്മത്തിൽ, തേടിവരുവപോല്=അവനെ തിരഞ്ഞുവന്നു ചേരുംപോലെ, അണ്ണല്പാല്=ശ്രീരാമദേവനിൽ, ഊറിയ=ഊറന്ന, ഉവകൈയോട്ടും=സന്തോഷത്തോട്ടുംകൂടെ, വന്ത=വന്നു ചേന്നു.

ഭാ:—പരിശുദ്ധമാനസനായ ഒരുവൻ ചെയ്ത, സൽകർമ്മഫലങ്ങാം പുനർജ്ജന്മത്തിൽ അവനെച്ചെന്നു ചേരുംപോലെ, തേജോമയങ്ങളായ ആ ദിവ്യാസ്ത്രങ്ങാം, ശസ്ത്രങ്ങാംക്കെല്ലാം അധിപനായ സുദശ്നചക്രത്തെ ധരിച്ചിരിക്കുന്ന ശ്രീരാമദേവനെ വന്നുചേന്നു. വ.

420. മേവിണം പിരിതലാറേറം
വീരനീ വിതിയിണൈമ്മെ
ഏവിണ ശെയ്ത്തു നിൻറ
മിളൈയവൻപോലവെൻറ

തേവർതം പടൈകൾശെപ്പ
ച്ചെവ്വിതെൻറവണും നേര
പൂവൈപോ ണിറത്തിണാർകു
പ്പുറത്തൊഴില് പുരിന്തവൻേറ.

പ:—തേവർ പടൈകൾ=(അങ്ങിനെ വന്നുചേൎന്ന) ദിവ്യാസ്ത്രങ്ങൾ, (ശ്രീരാമദേവനോട്ട) വീര=ഹേ വീര, മേവിനം=ഞങ്ങൾ നിന്നെ പ്രാപിച്ചിരിക്കുന്നു. പിരിതല് ആറോം=(ഇനി നിന്നെ വിട്ടു) ഞങ്ങൾ പിരിയുകയില്ല. വിതിയൻ=മുറപ്രകാരം, എമ്മൈ=ഞങ്ങളെ, ഏവിണ=ഏല്പിച്ച (കാൎയ്യങ്ങളെ), ഇളൈയവൻ പോല=അനുജനായ ലക്ഷ്മണനെന്ന പോലെ, ശെയ്തുനിൻറം എൻറ=ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നു, ശെപ്പ=പറഞ്ഞപ്പോൾ, അവണും=ആ ശ്രീരാമദേവനും, ശെവ്വിതെൻറനേര=നല്ലത് (അങ്ങിനെയാവട്ടെ) എന്നു സമ്മതിക്കുകയും, (ആ ദിവ്യാസ്ത്രങ്ങൾ അന്നു മുതൽ) പൂവൈപോല് നിറത്തിനാർകു=കായാമ്പൂവൎണ്ണനായ ശ്രീരാമദേവന്നു, പുറത്തൊഴില് പുരിന്ത=പുറമ്പണികൾ നടത്തിക്കൊണ്ടു വാഴുകയും ചെയ്തു. ന.

421. ഇളൈയണ നികഴ്ന്തപിന്നർ
ക്കാവത മിരണ്ടുശെൻറാർ
അളൈയവർ കാണവാണ്ടോ
രരവം വന്തണുകിത്തോൻറ
മുളൈവ ഈതിയാവതെൻറ
മുന്നവൻ വിണവപ്പിന്നർ
വിളൈയറ നോററനിൻറ
മേലവൻ വിളമ്പലുററാൻ.

പ:— ഇളൈയണ=ഇങ്ങിനെയുള്ള കാൎയ്യങ്ങൾ, നികഴ്ന്തപിന്നർ=നടന്നതിന്നു ശേഷം, കാവതം ഇരണ്ടുശെൻറാർ=രണ്ടു കാതം വഴിപോയി, അളൈയവർകാണ=അവർ കാണത്തക്കവിധം, ആണ്ടു=അവിടെ, ഓർ അരവം വന്തു അണുകി കൊണ്ടതു=ഒരു രവം (ധ്വനി) ഉച്ചത്തിൽ കേൾക്കുമാറായപ്പോൾ, മുന്നവൻ=ഏവൎക്കും മുമ്പനായ ശ്രീരാമദേവൻ, (മുനിയോട്ടു) മുളൈവ=അല്ലയോ മുനേ, ഈതു=ഈ ധ്വനി, യാവതു=എന്തുമൂലമുണ്ടായതാണ്, എൻറ വിണവ=എന്നു ചോദ്യം ചെയ്തപ്പോൾ, വിളൈ അറ=കൎമ്മങ്ങൾ (പുണ്യപാപങ്ങൾ) നശിക്കുംവണ്ണം, നോററനി

ൻറ=തപം ചെയ്തു സിദ്ധിവന്ന, മേലവൻ=മേന്മയിണങ്ങിയ വിശ്വാമിത്ര മുനി, വിളമ്പല് ഉററാൻ=പറഞ്ഞു തുടങ്ങി. ർ.

422. മാണശ മടുവിറേറാൻറി
വരുതലാർ ചരയുവെൻേറ
മേൻമുറൈ അമരർപോററും
വിഴനതി യതണിണോടും
ആണകോ മതിവന്തെയ്ത്തു
മരവമതെണ്ണവപ്പാർ
പോണപിൻ പവങ്കടീർക്കും
പുണിതമാ നതിയൈയുററാർ.

പ:—മാണശമടുവില്തോൻറി=മാനസസരസ്സിൽനിന്നുദ്ഭവിച്ച, വരുതലാല്=വരുന്നതിനാൽ, ശരയു എൻറ=സരയുവെന്നു (സരസ്സിൽനിന്നുണ്ടായത്) പേർ സിദ്ധിച്ച്, മേല്മുറൈ=പ്രമാണപ്രകാരം, അമരർപോററും=ദേവകളാൽ വണങ്ങപ്പെടുന്ന, വിഴനതി അതണിണോടും=മഹിമയിണങ്ങിയ നദിയോടു, ആണ=(മുമ്പൊരു കാരണവശാൽ) ഉണ്ടായ, കോമതി=ഗോമതിയെന്ന നദിയുടെ, വന്തു എയ്തും=സംഗമത്താൽ പുറപ്പെടുന്ന, അരവം എണ്ണ=ആരവമാണിതെന്നു പറഞ്ഞു, അപ്പാല്പോണപിൻ=(അവിടംവിട്ടു) അപ്പുറത്തുചെന്നതിന്നുശേഷം, പവങ്കം തീർക്കും=(തന്നിൽ സ്നാനം ചെയ്യുന്നവരുടെ) സംസാരബന്ധത്തെ അകററുന്ന, പുണിതം ആം=പരിശുദ്ധമായ, നതിയൈ=ആ നദിയെ, ഉററാർ=പ്രാപിച്ചു. ഒ

423. ശൂരർതൊഴ തിറഞ്ചർ കൊത്ത
തൂനതി യാവതെൻറു
വരമുണി തന്നൈയണ്ണല്
വിണവുറ മലരുറം വൈകും
പിരമണൻറളിത്ത വെൻറി
പ്പെരുന്തകൈ കുശനെൻേറാതും
അരശർകോൻ മണൈവിതൻപാ
ലളിത്തവർ നാല്വരാകും.

പ:—(ഇങ്ങിനെ ആ നദിക്കരുകെ ചെന്ന ഉടൻ) അണ്ണല്=ശ്രീരാമദേവൻ, വരമുണിതന്നൈ=മുനിശ്രേഷ്ഠനോടു, ശൂരർ=ദേവന്മാരും, തൊഴു ഇറഞ്ചർകു ഒത്ത=തൊഴുതുവണങ്ങുവാൻതക്ക, തൂനതി=പരിശുദ്ധമായ

ഈ നദി, യാവതു എൻറ വിണവുറ=എങ്ങിനെയുള്ളതാണെന്നു ചോദിച്ചപ്പോഠ, (മുനി പറയുന്നു) മലരുറം വൈകും=പങ്കജത്തിൽ വാസം ചെയ്യുന്ന, പിരമൻ=ബ്രഹ്മദേവൻ, അൻറങ്ങളിത്ത=അക്കാലത്തിൽ നൽകിയ, വെൻറി=ജയത്തെയും, പെരുന്തകൈ=മഹാവീൎയ്യത്തെയും കയ്ക്കൊണ്ടു, കുശൻ എൻറ ഓതും=കുശനെന്നു പ്രസിദ്ധനായ, അരശർകോൻ മനൈവി തൻപാല്=രാജേന്ദ്രൻ തൻെറ പത്നിയിൽ, അളിത്തവർ=ഉല്പാദിപ്പിച്ച പുത്രന്മാർ, നാല്വർ=നാലുപേരാണ്. "ആകും" എന്നത് അശ. ൯

424. കുശൻകുശനാപൻ കോതില്
കുണത്തിണ ത്തുർത്തൻ കൊററ
ത്തിശൈ കെഴ വത്തുവെൻറോതു
മിവർപെയരിവർ കടമ്മില്
കുശൻ കവുശാമ്പിനാപൻ
കുളിർമകോതയമത്തുർത്തൻ
വശൈയില്തൻ മവണമററൈ
വത്തുകിരി വിരശം വാഴ്ന്താൻ.

പ:—കുശൻ=കുശൻ, കുശനാപൻ=കുശനാഭൻ, കോതുഇല്=ദോഷമകന്ന, കുണത്തിൻ=ഗുണത്തോടുകൂടിയ, അത്തുർത്തൻ=ആ ധൂൎത്തൻ, കൊററത്തു=വിജയത്തിനാൽ, ഇശൈകെഴ=കീൎത്തിയിണങ്ങിയ, വത്തു=വസു, എൻറ ഓതും=എന്നു പറയപ്പെട്ടത്, ഇവർ=ഇവരുടെ, പെയർ=പേരുകളാണ്, ഇവർകഠ തമ്മില്=ഇവരിൽ, കുശൻ=കുശനെന്നവൻ, കവുശാമ്പി=കൌശാംബീനഗരത്തിലും, നാപൻ=കശനാഭനെന്നവൻ, കുളിർ=കുളൎന്തായ, മകോതയം=മഹോദയനഗരത്തിലും, അ ത്തുർത്തൻ=ആ ധൂൎത്തനെന്നവൻ, വശൈയില് തൻ മവണം=ദോഷവിഹീനമായ ധൎമ്മാരണ്യമെന്ന നഗരത്തിലും, മററൈ വത്തു=മറേറവനായ വസുവെന്നവൻ, കിരിവിരശം=ഗിരിവ്രജനഗരത്തിലും, വാഴ്ന്താർ=നാടുവാണിരുന്നു. കുശാംബൻ, കുശനാഭൻ, ധൂൎത്തരജസ്സ്, വസു എന്നു വാന്മീകിരാമായണത്തിൽ കാണുന്നു. ൧

425. അവർകളിർ കുശനാപർകേ
യെയിരുപതിൻ മരഞ്ചൊല്
തുവരിതഴ്ത്തെരിവൈനല്ലാർ
തോൻറിണർ വളരുനാളില്

ഇവർപൊഴിററലൈക്കണായ
ത്തെയ്ത്തുഴി വായുവെയ്തി
കവർമണ ത്തിണ ണായന്ത
ക്കണ്ണിയർ തമ്മൈനോക്കി.

പ:—അവർകളില്=അവരിൽ, കുശനാപർകു=കുശനാഭന്നു, അംശൊല്=ചാരുവാണികളും, തുവർ ഇതഴ്=മൃധുരാധരികളുമായ, തെരിവൈ നല്ലാർ=സ്ത്രീകാം (പെൺമക്കാം), ഐയിരുപതിൻമർ=നൂറപേർ, തോൻറിണർ=ഉണ്ടായി, വളരും നാളില്=വളരുന്ന കാലത്ത്, ഇവർ=ഈ കുമാരികാം, പൊഴില് തലൈക്കൺ=ഒരു പൂഞ്ചോലയിൽ, ആയത്തു്=തോഴികളുടെ കൂട്ടത്തോടുകൂടേ, എയ്ത്തുഴി=ചെന്നുചേന്ന സമയം, വായു=വായുഭഗവാൻ, എയ്തി=അവിടെ വന്ന്, കവർ=(ആ കന്യകമാരെ) അപഹരിക്കേണമെന്ന, മണത്തിണണായ്=വിചാരത്തോടുകൂടിയവനായി, അന്ത കണ്ണിയർ തമ്മൈ നോക്കി=ആ കന്യകമാരെ നോക്കി. വ്യ

426. കൊടിത്തണിമകരങ്കൊണ്ടാൻ
കുനിശിലൈച്ചരത്താ ണൊന്തേൻ
വടിത്തട ങ്കണ്ണീരെണ്ണൈ
മണത്തിരെൻറുരൈപ്പവെന്തൈ
അടിത്തലത്തുരൈത്തുനീരോ
ടളിത്തിടിണന്നൈത്തുമെണ്ണ
ഒടിത്തണൻ വെരികൈ വീഴ്ന്താ
രൊളിവളൈ മകളിരെല്ലാം.

പ:—തണി=സാമ്യമില്ലാത്ത, മകരം=മകരമത്സ്യത്തെ, കൊടികൊണ്ടാൻ=കൊടിയാക്കി കൈക്കൊണ്ടവനായ കാമദേവൻെറ, കുനി=വളക്കപ്പെട്ട, ശിലൈ=കരുമ്പു വില്ലിൽ (തൊടുത്തയക്കപ്പെട്ട), ശരത്താല്=പുഷ്പബാണങ്ങളാൽ, നൊന്തേൻ=ഞാൻ വേദനപ്പെട്ടിരിക്കുന്നു. (ആകയാൽ) വടി=(ഇളമാങ്ങക്കീറപോലെ) നീണ്ടു, തടം=വിശാലമായ, കണ്ണിർ=കണ്ണുകളിണങ്ങിയ കാമിനിമാരേ!, എണ്ണൈ മണത്തിര=എന്നെ പുണരുവിൻ, എൻറ ഉരൈപ്പ=എന്നു പറഞ്ഞപ്പോാം, എന്തൈ=ഞങ്ങളുടെ പിതാവിൻെറ, അടിത്തലത്തു=പാദങ്ങളിൽ (മുമ്പാകെ), ഉരൈത്തും=അപേക്ഷിക്കാം. (അദ്ദേഹം അതിന്നനുസരിച്ച്) നീരോടു അളിത്തിടിൻ=നിങ്ങടേ ഒരുമിച്ച് ഞങ്ങളെ അയക്കുന്നതായാൽ, അന്നൈത്തും=(നിങ്ങളോടു)

ചേൎന്നുകൊള്ളാം, എണ=എന്നു അവർ പറഞ്ഞതിനാൽ, (വായുദേവൻ) വെരികൈ=(അവരുടെ) മുതുകിനെ (മുതുകെല്ലുകളെ), ഒടിത്തണൻ=ഒടിച്ചു (കൂനികളാക്കി) വിട്ടു. (ഉടനേ) ഒളി=കാന്തിയുള്ള, വളൈ=വളകളണിഞ്ഞ, മകളിർ എല്ലാം=ആ കന്യകമാരെല്ലാം, വീഴ്ന്താർ=താഴെവീണുപോയി. ൻ

427. ശമിരണ ണകൻറ പിണ്ണർ
തൈയലാർ തവഴ്ന്തുശെൻറ
അമിർതുകു കുതലൈ മാഴ്കി
അരശൻ മാട്ടുരൈപ്പവണ്ണാൻ
നിമിർ കുഴൻ മടവാർ ത്തേററി
നിറൈതവൻ ശൂളി നല്കും
തിമിരറ പിരമതത്തർ
കളിത്തണൻറിരുവണാരൈ.

പ:— ശമിരണൻ=സമീരണൻ (വായുദേവൻ), അകൻറ പിണ്ണർ= (ഇങ്ങിനെ ചെയ്തു) പോയതിന്നുശേഷം, തൈയലാർ=ആ കന്യമാർ, തവഴ്ന്തു ശെൻറ=ഇഴഞ്ഞുചെന്നു, അമിർതു ഉകു=അമൃതുപൊഴിക്കുന്ന, കുതലൈ=കൊഞ്ചും മൊഴികളാൽ, മാഴ്കി=തളൎന്നുകൊണ്ടു, അരശൻമാട്ടു= രാജാവിനോടു, ഉരൈപ്പ=പറഞ്ഞപ്പോൾ, അണ്ണാൻ=അദ്ദേഹം, നിമിർ കുഴല്=നീണ്ട കുന്തലോടൊത്ത, മടവാർത്തേററി=ആ കന്യമാരെ ആശ്വസിപ്പിച്ചു, തിരു അണ്ണാരൈ=ലക്ഷ്മീസമാനകളായ അവരെ, നിറൈവൻ= (തപസ്സുകൊണ്ടു) പരിപൂൎണ്ണനായ, ശൂളി=ചൂളിയെന്ന മഹൎഷി, നല്കും= ഉല്പാദിപ്പിച്ച, തിമിർ അറ=തിമിരമററ (അജ്ഞാനം നീങ്ങിയ), പിരമതത്തർകു=ബ്രഹ്മദത്തനെന്ന മഹൎഷിക്കു, അളിത്തണൻ=ദാനംചെയ്തു. ൧൦

428. അവൻ മലർ കൈകെടീണ്ട
കൂണിമിർന്തഴകു വായ്ന്താർ
പുവണമുററുടൈയ കോവും
പുതല്വരില്ലാമൈ വേദംവി
തവർ കളിർ പുരിതലോടു
ന്തകൈയുററതഴലിണാപ്പൺ
കവണവേകത്തുരങ്ക
ക്കാതിവന്തുതയം ശെയ്താൻ.

പ:—അവൻ=ആ ബ്രഹ്മദത്തമുനി, മലർ കൈകറം=താമരസകോമളങ്ങളായ (ആ കാമിനികളുടെ) കരങ്ങളെ, തീണ്ട=ഗ്രഹിച്ചപ്പോറം, കൂൻ നിമിർന്തു=കൂനൽ നിവൎന്ന്, അഴകു വായ്ത്താർ=സൌന്ദൎയ്യത്തെ പ്രാപിച്ചു, പുവണം മററ ഉടൈയ=ഭുവനം മുഴവനും തൻെറ അധീനത്തിൽ വെച്ചിട്ടുള്ള, കോവും=ആ കുശനാഭരാജാവും, പുതല്വർ ഇല്ലാമൈ=പുത്രന്മാരില്ലായ്കയാൽ, വേറവി=പുത്രകാമേഷ്ടിയെ, തവർകളിൻ=മുനികളെക്കൊണ്ടു, പുരിതലോടും=ചെയ്യിപ്പിച്ചപ്പോറം, തകൈ ഉറ=ശോഭനമാംവണ്ണം, തഴലിൻ നാപ്പൺ=ആ യജ്ഞാഗ്നിമദ്ധ്യത്തിൽനിന്നു, കവണവേകം=ഗമനവേഗമുള്ള, തുറങ്കം=തുരംഗങ്ങളോടു (കുതിരകളോടു)കൂടിയ, കാതി=ഗാധിയെന്നവൻ, വന്തു ഉതയംശെയ്താൻ=വന്നുപിറന്നു. ൧൧

429. അണ്ണവൻറണക്കു വേന്ത
നരശൊടു മുടിയുമീന്തു
പൊന്നക രടൈന്ത പിന്നർ
പ്പുകഴ്മകോതയത്തില്വാഴും
മന്നവൻ കാതിക്കിയാണും
കവുശികിയെന്നമാതും
മുന്നർവന്തുതിപ്പവന്ത
മുടിയുടൈ വേന്തർവേന്തൻ.

പ:—അണ്ണവൻതണക്കു=ആ ഗാധിക്കു, വേന്തൻ=കുശനാഭമന്നവൻ, അരശൊടുമുടിയും=രാജ്യാധികാരവും മകുടവും, തന്തു=കൊടുത്തു, പൊൻനകർ അടൈന്ത പിന്നർ=സ്വൎഗ്ഗം പ്രാപിച്ചതിന്നുശേഷം, പുകഴ്=പുകറം പെററ, മകോതയത്തില്=മഹോദയനഗരത്തിൽ, വാഴും=വാണിരിക്കുന്ന, മന്നവൻ=രാജാവായ, കാതിക്കു=ഗാധിക്ക്, യാണും=ഞാനും, കവുശികി എന്നും മാതും=കൌശിയെന്ന സ്ത്രീയും, മുന്നർ=പൂൎവ്വത്തിൽ, വന്തു ഉതിപ്പ=വന്നു ജനിച്ചപ്പോറം, അന്ത മുടിയുടൈ വേന്തർ വേന്തൻ=ആ കിരീടധാരിയും രാജരാജനുമായ ഗാധി ൧൨.

430. പിരുകുവിൻ മതലൈയായ
പെരുന്തകൈപ്പിതാവു മൊവ്വാ
ഇരുശികണെൻ പവർകു
മെല്ലിയ ലാളെയീന്താൻ

അരുമറൈ യവണുഞ്ചിണ്ണാ
ളറം പൊരുളിമ്പ മുററ
വിരിമലർ ത്ത വിശോൻറൻപാല്
വിഴത്തവം പുരിന്തുമീണ്ടാൻ.

പ:—(അങ്ങിനെ ഞങ്ങഠം വളന്നുവരും കാലത്തു ഞങ്ങളുടെ പിതാവായ ഗാഥിമഹാരാജാവു) പിറകുവിൻ മതലൈ ആയ=ഭൃഗുവിൻെറ പുത്രനായ, പെരുന്തകൈ പിതാവും ഒപ്വാ=മഹിമയേറിയ തൻെറ പിതാവും (തപോനിഷ്ഠകൊണ്ടു തനിക്കു) തുല്യനാകാത്ത, ഇരുശികൻ എൻപവർകു=ഋചീകനെന്ന മുനിക്കു, മെല്ലിയലാളൈ=കൃശാംഗിയെ (എൻെറ സഹോദരിയായ കൌശികിയെ), ഈന്താൻ=നൽകി. അരുമറൈയവണും—മനോജ്ഞങ്ങളായ വേദങ്ങളെ ഓതിയുണന്ന ആ മുനിയും, ശിലനാഠം=ഏതാനും കാലം, അറംപൊരുഠം ഇമ്പം മുററി ധമ്മാത്ഥകാമങ്ങളെ നിറവേററി, വിഴതവം പുരിന്തു=(പിന്നെ) ശ്രേഷ്ഠമായ തപസ്സചെയ്തു, വിരിമലർ തവിശോൻ പാല് മീണ്ടാൻ=വികചകമലാസനനായ ബ്രഹ്മാവിൻെറ പദം പ്രാപിച്ചു. ൪൩൦

431. കാതലൻ ശേണിനീങ്ക
കവുശികൈ തരിക്കലാററാഠം
മീതുറ പ്പടരലുററാഠം
വിഴനതി വടിവമാകി
മാതവർക്കരശു നോക്കി
മാണില ത്തുറകണീക്ക
പ്പോതുക നതിയായെണ്ണാ
പ്പൂമക ളുലകു പുക്കാൻ.

പ:—കാതലൻ=തൻെറ പ്രിയൻ, ശേണില് നീങ്ക=സുരലോകം പ്രാപിച്ചപ്പോഠം, കവുശികൈ=കൌശികി, തരിക്കലാററാഠം=വിരഹം സഹിക്കവയ്യാതെ, വിഴനതി വടിവം ആകി=ആ ദിവ്യനദീരൂപം കൈക്കൊണ്ടു, മീതു ഉറ പടരല് ഉററാഠം=(പ്രിയനോടുകൂടെ) മേലുലകത്തിലേക്കു അദ്ദേഹത്തെ പിന്തുടന്നു. മാതവർക്കരശു=മഹാ തപസ്വീശ്വരനായ ഋചീകമഹഷി, നോക്കി=(അവഠം അങ്ങിനെ വരുന്നതിനെ) നോക്കി, മാണിലത്തു=വിസ്തീണ്ണമായ ഭൂലോകത്തിൽ വാഴുന്നവരുടെ, ഉറകൺ നീക്ക=അല്ലലകററുവാനായി, നതി ആയ്=ഈ നദീരൂപമായ്ത്തന്നെ, പോ

ക എണാ=(ഭൂലോകത്തിൽ) ചെല്ലമാറായ്പരികെന്നു പറഞ്ഞു, പൂമകൻ ഉലകു പുക്കാൻ=ബ്രഹ്മലോകം പൂകി. ഫർ

432. എമ്മുണാ ണങ്ങ്കൈയിന്ത
വിരുനതി യായിണാളെ
ൻറമ്മുണി പുകലക്കേളാ
വതിശയ മികവുന്തോൻറ
ച്ചെമ്മല്യ മിളൈയ കോവു
ഞ്ചിറിതിട ന്തീർന്ത പിണ്ണർ
മൈമ്മലി പൊഴില്യാതെണ്ണ
മാതവൻ ക്കുറല്യുററാൻ.

പ:—എമ്മുണ്ണാം നങ്ങ്കൈ=എൻെറ ജ്യേഷ്ഠസഹോദരിയായ കൌശികിയെന്നവരം, ഇന്ത ഇരുനതി ആയിണാം എൻറ=ഈ മഹിമയുള്ള നദിയായിത്തീൎന്നുവെന്നു, അ മുണി പുകല കേളാ=ആ വിശ്വാമിത്രമുനി പറഞ്ഞതു കേട്ട്, മികവും അതിശയം തോൻറ=ഏററവും അതിശയം തോന്നുകയാൽ, ശെമ്മലും=ശ്രീരാമദേവനും, ഇളൈയ കോവും=ഇളയ രാജകുമാരനും (ലക്ഷ്മണനും), ശിറിതു ഇടം തീർന്ത പിണ്ണർ=കുറെ ദൂരം ചെന്ന ശേഷം, (അവിടെ കാണപ്പെട്ട ഒരു ചോലയെ നോക്കി) മൈമ്മലി പൊഴില്=മേഘങ്ങൾ തങ്ങിനില്ക്കുന്ന ഈ ചോല, യാതു എണ=ഏതെന്നു ചോദിച്ചപ്പോൾ, മാതവൻ കുറല് ഉററാൻ=മാമുനി പറഞ്ഞുതുടങ്ങി. "മൈമലിന്ത" എന്നതിന്നു "ഇരുൾനിറഞ്ഞ" എന്നും അൎത്ഥമാക്കാം. ഫ്ഭ

433. തങ്ങ്കണായ കരിറൈറവ
ത്തവം പിറിതിലവെൻറണ്ണം
മങ്ങ്കൈമാർ ശിന്തൈപോല
ത്തുയത്തു മററങ്ങ്കേളായ്
എങ്ങ്കണാൻ മറൈക്കന്തേവ
രറിവിർക്കും പിറർക്കുമെട്ടാ
ച്ചെങ്ങ്കൺമാലിരുന്തു മേണാട്
ശെയ്തവം ശെയ്തതൻേറ.

പ:—(ഈ ചോല) തങ്ങ്കൾ നായകരിൻ=തങ്ങടെ ഭൎത്താക്കന്മാരെ ഒഴിച്ച്, തൈവമും തവമും പിറിതു ഇല=ദൈവവും തപസ്സും വേറെയില്ല.

എൻറ എണ്ണം=എന്നു കരുതുന്ന, മങ്കൈമാർ=(പതിവ്രതാ) സ്ത്രീകളുടെ, ശിന്തൈപോല=മനസ്സുപോലെ, തൂയതു=പരിശുദ്ധമായിരിക്കുന്നതാണ്. മററം കേളായ്=(ഇതിൻെറ മാഹാത്മ്യത്തെ) ഇനിയും കേട്ടുകൊൾക. എങ്കൾ നാന്മറൈകളം=ഞങ്ങൾക്കുള്ളതായ നാലു വേദങ്ങൾക്കും, എട്ടാ=എത്തുവാൻ കഴിയാത്ത, ശെങ്കൺമാല്=ചെന്താമരക്കണ്ണനായ ശ്രീമഹാവിഷ്ണു, മേല്നാൾ ഇരുന്തു=മുൻകാലത്തിരുന്നു, ശെയ്തവം ശെയ്തതു=തനിക്കു ചെയ്യേണ്ടതായ തപസ്സു ചെയ്ത സ്ഥലമാണ്. ൧൬

434. പാരിൻപാല് വിശുമ്പിൻപാലും
പററ റപ്പടിപ്പതണ്ണാൻ
പേരെൻപാണവൻ ശെയ്മായ
പ്പെരുമ്പിണക്കൊരുങ്കു തേർവാർ
ആരെൻപാണമല മൂർത്തി
കരുതിയ തറിതറേററാം
ഈരൈരെമ്പാണൂഴികാല
മിരുന്തവ മിയററിയിട്ടാൻ.

പ:—പാരിൻപാല്=ഭൂലോകത്തിലും, വിശുമ്പിൻപാലും=ദേവലോകത്തിലും, (ഉള്ളവർ) പററ അറ=തങ്ങടേ ബന്ധമററ തേരുന്നതിന്നായ്, പടിപ്പതു=പഠിക്കുന്നതു, അണ്ണാൻ=ദേവൻെറ, പേർ=തിരുനാമമാണ്. അവൻ ശെയ്=അവൻ ചെയ്യുന്ന, മായം പെരു പിണക്കു=മായമാകുന്ന മഹാ വിരുദ്ധഗതിയെ, ഒരുങ്കു തേർവാർ ആർ=മുഴുവനും അറിവാൻ കഴിയുന്നവരാരുണ്ട്. (ആരുമില്ല.) അമല മൂത്തി=നിമ്മലമൂത്തിയായ, (ആ ഭഗവാൻ) കരുതിയതു=കരുതിയതിനെ, അറിതല് തേററാം=നാമറിഞ്ഞിട്ടില്ല, (അദ്ദേഹം) ഈരൈരംപാൻ ഊഴികാലം=നൂറ ചതുയ്യുഗകാലം, (ഇവിടെയിരുന്നരുളി) ഇരുതവം ഇയററിയിട്ടാൻ=മഹിതമായ തപം ചെയ്തു പൂത്തിയാക്കി. ൧൭

മഹാബലി ചരിതം.

വൃത്തം മാറി.

435. ആണവണിങ്കുറൈകിൻറ വന്നാൾവായ്
ഊണമിൻ തൊലമൊടുങ്കു മെയിററാൺ
ഏണമെണുന്തിറൻ മാവലിയെൻപാൻ
വാണമും വൈയമും വവ്വുതല്ശെയ്താൻ.

പ:—ആണവൻ=അഞ്ജിനെയുള്ള ഭഗവാൻ, ഇങ്ക് ഉറൈകിൻറ അന്നാഠം വായ്=ഇവിടെ തപസ്സ ചെയ്തിരിക്കുന്ന അക്കാലത്ത്, ഊണം ഇല് ഞാലം=ഊനം പററാത്തതായ ഈ ലോകം, ഒട്ടങ്കും=അടങ്ങിയ, എയിറ=തേററകളോട്ടു കൂടിയ, ആൺ എണം എണ്ണം=ആ പന്നിയായ ആദിവരാഹമെന്നു പറയത്തക്ക, തിറല്=വല്ലഭത്വം പൂണ്ട, മാവലി എൻപാൻ=മഹാബലിയെന്നവൻ, വാണമും വൈയമും=സ്വർല്ലോകത്തേയും ഭൂലോകത്തേയും, വവ്വുതല് ശെയ്താൻ=(തപോബലംകൊണ്ട്) അപഹരിച്ചു. “ദോധക” വൃത്തംപോലെ. ഫവ്വം

436. ശെയ്തവർ വാണവരുഞ്ചെയലാററാ
നെയ്തവഠം വേഠംവിയൈ മുററിട നിൻറാൻ
ഐയമില്ശിന്തൈയ ണന്തണർ തം പാല്
വൈയമും യാവും വഴങ്ക വലിത്താൻ.

പ:—ശെയ്തവർ=തപസ്സ ചെയ്തു പൂർത്തിയാക്കുന്ന മുനികഠംക്ക, വാണവരും=ദേവകഠംക്കും, ശെയല്ആററാ=ചെയ്യാൻ കഴിയാത്ത, നെയ്തവഴ്=ആജ്യധാര പൊഴിക്കുന്ന, വേഠംവിയൈ=ഒരു യാഗത്തെ, മുററിട=ചെയ്തു പൂർത്തിയാക്കുവാൻ, നിൻറാൻ=ഒരുങ്ങി, ഐയം ഇല് ശിന്തൈയൻ=(യജ്ഞഫലപ്രാപ്തിയിൽ) അസന്ദിഗ്ദ്ധചിത്തനായി, അന്തണർതംപാല്=ബ്രാഹ്മണൎക്കായികൊണ്ട്, വൈയമും=ഭൂമിയും, യാവും=(മററ ധനധാന്യാദി വസ്തുക്കഠം) സർവ്വവും, വഴ്ങക=ദാനം ചെയ്യാൻ, വലിത്താൻ=ജാഗ്രതയോടെ ഒരുങ്ങി. ഫൻ

437. ആയതറിന്തണർ വാണവരന്നാഠം
മായനൈ വന്തു വണങ്കിയിരന്താർ
തീയവൻ വെന്തൊഴില്തീരെണ നിൻറാർ
നായകനുമ്മതു ശെയ്യ നയന്താൻ.

പ:—ആയതു=ആ വൃത്താന്തത്തെ, വാണവർ=ദേവന്മാർ, അറിന്തണർ=അറിഞ്ഞ്, അന്നാഠം=അക്കാലത്ത്, വന്തു=ഇവിടെവന്ന്, മായനൈ വണങ്കി=വിചിത്രമാമ്മാറുള്ള വ്യഗ്രതയോടുകൂടിയ നാഥനെ വണങ്ങി, ഇരന്താർ=അഭയമിരന്ന്, തീയവൻ=നിഷ്ഠുരനായ ആ മഹാബലിയുടെ, വെം തൊഴില്=കഠിനകൃത്യങ്ങളെ, തീർ എണ=തീൎത്തുതരേണമെന്നു പറഞ്ഞു, നിൻറാർ=സ്തുതിച്ചുനിന്നു. നായകനും=നാഥനും, അതു ശെയ്യ=ആ കാൎയ്യം ചെയ്യാൻ, നയന്താൻ=നിനച്ചു.

വി:—മഹാബാലി ചെയ്യുന്ന യജ്ഞം തനിക്ക് ഇന്ദ്രപട്ടം ലഭിപ്പാൻ വേണ്ടിയുള്ളതാകയാൽ അവനെ നിഷ്ഠുരനെന്നും അവൻ ചെയ്യുന്ന സല്ക്കർമ്മത്തെ കഠിനകൃത്യമെന്നും അസുരന്മാരിൽ വൈരം നിലനിൎത്തിയിരുന്ന ദേവന്മാർ പറയുവാനിടയായതാണ്. ൨൦

വാമനാവതാരം.

438. കാല ഞുണിത്തുണർ കാശിപ ണെണ്ണും
വാലറിവർ കതിതിക്കൊരു മകവായ്
നീല നിറത്തു നെടുന്തകൈ വന്തോ
രാലമർ വിത്തിണരുങ്കുറളാണാൻ.

പ:—(ഇങ്ങിനെ കരുതിയ) നീലം നിറത്തു നെടുന്തകൈ=നീലവൎണ്ണനായ വിശ്വംഭരമൂൎത്തി, കാലം=(ഭൂതം വൎത്തമാനം ഭാവിയെന്ന) ത്രികാലങ്ങളേയും, നുണിത്തു ഉയർ=സൂക്ഷ്മമായറിയത്തക്ക, കാശിപൻ എണ്ണും=കാശ്യപനെന്ന, വാല് അറിവർക്കു=തത്വജ്ഞാനിക്കും, അതിതിക്കു=അവന്റെ പത്നിയായ അദിതിക്കും, ഒരു മകവായ് വന്തു=ഒരു മകനായ്യന്നവതരിച്ച്, ഓർ ആല് അമർവിത്തിൻ=ഒരു ആൽമരത്തെ തന്നിലടക്കിവെച്ച വിത്തിനെപ്പോലെ, അരുകുറൾ ആണാൻ=മഹിമകലൎന്ന വാമനരൂപം പൂണ്ടു. ൨൧

439. മുപ്പിരി നൂലിണൻ മുഞ്ചിയൻ വിഞ്ചൈ
കർപതോർ നാവണനർ പടുകൈയൻ
അർപുത ണർപുതരേ യറിയുന്തൻ
ശിർപത മൊപ്പുതോർ മെയ്ക്കൊടു ശെൻറാൻ.

പ:—മുപ്പിരി നൂലിണൻ=മൂന്നിഴയായ പൂണുനൂലോടു കൂടിയവനും, മുഞ്ചിയൻ=മുഞ്ഞപ്പുല്ലുകൊണ്ടു പിരിച്ച അരഞ്ഞാൺ ധരിച്ചവനും, വിഞ്ചൈ കർപ്പതു=(വേദവേദാംഗാദി) വിദ്യകളെ ഓതിപഠിക്കുന്ന, ഓർ=അസാധാരണമായ, നാവൻ=നാവോടുകൂടിയവനും, അനല് പടു കൈയൻ=(അഗ്നിഹോത്ര) അഗ്നിയെ കയ്യിൽ ധരിച്ചവനും, അർപുതൻ=(ജ്ഞാനസ്വരൂപനാകയാൽ) അത്ഭുതവിഗ്രഹനുമായ ആ വാമനൻ, അർപുതരേ അറിയും=ജ്ഞാനികൾ മാത്രം അറിയുന്നതായ, തൻ=തന്റെ, ശിർപം ഒപ്പതു=ജ്ഞാനപദത്തിന്നൊത്തതായ, ഓർ മെയ്യോടു=അന്യാദൃശമായ വിഗ്രഹം കയ്ക്കൊണ്ടു, ശെൻറാൻ=വന്നു. ൨൨

440. അൻറവൻ വന്തതറിന്തുലകെല്ലാം
വെൻറവൻ മുന്തി വിയന്തെതിർ കൊണ്ടാൻ
നിൻറണി ഞന്തണരില്ലെ നിറൈന്തോയ്
എൻറണി യുയ്ന്തവർ യാരിനി യെൻറാൻ.

പ:—അൻറ=അന്നാം, അവൻ=ആ വാമനൻ, വന്തതു=(തൻെറ വസതിയിൽ) എഴുന്നള്ളിയതിനെ, ഉലകു എല്ലാം വെൻറവൻ=ത്രിലോകങ്ങളേയും ജയിച്ചവനായ മഹാബലി, അറിന്തു=അറിഞ്ഞു, മുന്തി വിയന്തു=മുമ്പിൽവന്നു ആശ്ചയ്യപ്പെട്ടു, എതിർകൊണ്ടാൻ=എതിരേററ്, നിറൈന്തോയ്=(തപസ്സിനാൽ) പരിപൂൎണ്ണനായുള്ളോവേ, നിൻറണിൻ=ഭവാനെക്കാം, (വിശിഷ്ടന്മാരായ) അന്തണർ ഇല്ലൈ=ബ്രാഹ്മണരില്ല. (ഭവാൻെറ ദശനം സിദ്ധിച്ചതിനാൽ) എൻറണിൻ=എന്നെപ്പോലെ, ഉയ്ന്തവർ=ഉജ്ജീവിച്ചവർ (ഉൽകൃഷ്ടജീവിതം ലഭിച്ചവർ), ഇനിയാവർ എൻറാൻ=ഇനി ആരാണുള്ളത് (ആരുമില്ല) എന്നു പറഞ്ഞു. വ.ന.

441. ആണ്ടകൈ യവ്വുഴി ക്കുറ വറിന്തോൻ
വേണ്ടിനർ വേട്കൈയിൻ മേർ പടവീശി
നീണ്ട കൈയായിനി നിന്നുഴൈ വന്തോർ
മാണ്ടവ രല്ലവർ മാൺപില രെൻറാൻ.

പ:—ആൺതകൈ അവ്വുഴിക്കുറ=മഹാബലി ആ വിധം പറഞ്ഞപ്പോം. അറിന്തോൻ=എല്ലാമറിഞ്ഞവനായ വാമനൻ, (മാവെലിയോട്) വേണ്ടിനർ=കാംക്ഷിച്ചുവന്നവരുടെ, വേട്കൈയിൻ മേർപട=മനോരഥത്തിൽനിന്നും അധികമായി, വീശി=കൊടുത്ത്, (അതിനാൽ) നീണ്ട കൈയായ്=നീണ്ടിരിക്കുന്ന കയ്യോടുകൂടിയവനേ, ഇനി=ഇനിമേലും നിൻ ഉഴൈ വന്തോർ=നിൻെറ അടുക്കൽ വന്നവർ, മാണ്ടവർ=പ്രഭാവമുള്ളവരാണ്. അല്ലവർ=അല്ലാത്തവർ, മാൺപു ഇലർ=പ്രഭാവമില്ലാത്തവരുമാണ്. എൻറാൻ=എന്നു പറഞ്ഞു. വർ

442. ശിന്തൈയുവ ന്തെതിരെൻ ശെയ വെൻറാൻ
അന്തണൻ മൂവടി മണ്ണരു ളുണ്ടേല്
വെന്തിറലായിതു വേണ്ടു മെണാ മുൻ
തന്തണ ണെൻറണൻ വെള്ളി തടുത്താൻ.

പാ:—(വാമനൻെറ ഈ വാക്കു കേട്ട മഹാബലി) ശിന്തൈ ഉവന്തു=മനസ്സിൽ ആമോദം പൂണ്ടു, എതിർ=അതിന്നുത്തരമായി, എൻ ശെയ

എൻറാൻ=ഈയ്യുള്ളവൻ എന്തു ചെയ്യേണമെന്നു ചോദിച്ചു. അന്തണൻ=വാമനൻ, ഉണ്ടേല് മൂവടി മൺ അരുഠം=തരുന്നുണ്ടെങ്കിൽ മൂന്നടി മണ്ണു തരിക. വെന്തിറലായ്=ഏറെ ഉഗ്രപരാക്രമ, അതു വേണ്ടും=അതുതന്നെയാണെനിക്കു വേണ്ടത്, എന്മൊമൂൻ=എന്നു പറയുംമുമ്പെ, (മാവെലി) തന്തൻ എൻറണൻ=തന്നിരിക്കുന്നു എന്നു പറഞ്ഞു (ഇതു കേട്ടുകൊണ്ടരികെയിരുന്ന) വെള്ളിതടുത്താൻ=ശുക്രമഹർഷി അതിനെ തടുത്തു പറഞ്ഞു. വ൮.

443. കണ്ട തിറത്തിതു കൈതവ മൈയ
കൊണ്ട ലിറക്കുറളെൻപതു കൊള്ളേല്
അണ്ടമുമുറമകണ്ടമു മേനാൾ
ഉണ്ടവ നാമി തുണർന്തുകൊളെൻറാൻ.

പ:—ഐയ=പ്രഭോ!, കണ്ടതിറത്തു=നാം കണ്ട സ്വഭാവംകൊണ്ട്, ഇതു=ഈ രൂപം, കൈതവം=കപടരൂപമാകുന്നു, കൊണ്ടല് നിറം=മേഘവർണ്ണംപൂണ്ട, കുറളെൻപതു=വാമന (കുറിയവ) നാണെന്നു, കൊള്ളേല്=കരുതേണ്ട, (ഇവനാരെന്നാൽ) അണ്ടമും=അണ്ഡങ്ങളേയും, മുറമും=അവയിലുള്ള സകല വസ്തുക്കളേയും, അകണ്ടമും=അഖണ്ഡ വസ്തുവിനേയും, മേല് നാൾ=മുൻകാലത്ത്, ഉണ്ടവൻ ആം=ഉൾക്കൊണ്ടവനായ നാഥനാകുന്നു, ഇതു=ഈ വൃത്താന്തത്തെ, ഉണർന്തുകൊൾ=അറിഞ്ഞുകൊള്ളുക, എൻറാൻ=എന്നു പറഞ്ഞു. വ൯.

444. നിനൈക്കിലൈ യെൻകൈ നിമിർന്തിട വന്തു
തണക്കിയ ലാവകൈ താഴ്‌വതു താഴ്‌വില്
കണക്കരി യാണതു കൈത്തല മെണ്ണിൻ
എണക്കിതിൻ മേനലം യാതുകൊ ലെൻറാൻ.

പ:—(അതുകേട്ട മഹാബലി) എൻ കൈ നിമിർന്തിട=എൻെറ കൈമേലെയാകത്തക്കവണ്ണം, താഴ്‌വുഇല്=താഴ്ചയില്ലാത്ത, (കല്ല്യാണപൂർണ്ണമായ), കണം കരിയാണതുകൈത്തലം=കാർവർണ്ണൻെറ കരതലം, തണക്കിയലാവകൈ=തൻെറ നിലക്കു ചേരാത്ത വിധം, വന്തു താഴ്‌വതു=എണ്ണിൻ=വന്നു താഴെ നില്ക്കുന്നുവെങ്കിൽ, എണക്കു=എനിക്കു, ഇതിൻമേല് നലം=ഇതിലധികമായ മേന്മ, യാതു=എന്താണുള്ളതെന്നു, നിനൈക്കിലൈ=അങ്ങുന്നാലോചിച്ചിട്ടില്ലയോ, എൻറാൻ=എന്നു പറഞ്ഞു. വ൧.

445. തുണ്ണിണർ തുണ്ണല രെൻപതു ശൊല്ലാർ
മണ്ണിയ നണ്ണറി നൂലവർ മുൻവ

ന്നുണ്ണിയ താണ മുയർന്തവർ കൊൾക
എണ്ണി നിവൻറുണൈ യാവ രുയർന്താർ

പ:—മുണ്ണിയ=(അറിവുള്ളവരാൽ) ബഹുമാനിക്കപ്പെട്ടവരും, നല് നെറി=നല്ല മാർഗ്ഗത്തെ ചൊല്ലുന്നവരുമായ, നൂലവർ=ശാസ്ത്രജ്ഞന്മാർ, (ദാനം കൊടുക്കുന്നവരോടു) തുണ്ണിനർ=(വാങ്ങുവാൻ) വന്നവർ, തുണ്ണലർ= വൈരികളാണ്, എൻപതു=എന്നുള്ളവാക്ക,ശൊല്ലാർ=പറകയില്ല, മുൻവ ന്തു=മുന്നിൽ വന്നു, ഉണ്ണിയതാണം=തങ്ങാൾ ആശിച്ചുവന്ന ദാനം, ഉയർ ന്തവർകൊൾക=ഉയന്നവൎക്ക ലഭിക്കേണ്ടതാണ്, എണ്ണിൻ=എന്നു പറയു ന്നതാണെങ്കിൽ, ഇവൻ തുണൈ=ഇവന്നു തുല്യം, ഉയർന്താർ=ഉയന്നവർ, യാവർ—ആരുണ്ട്. (ആരുമില്ല.)

ദാ:—മാന്യന്മാരും സന്മാൎഗ്ഗോപദേഷ്ടാക്കളുമായ ശാസ്ത്രവേദികൾ ഒരു ദാതാവിനെ ഉപഗതന്മാരായ അൎത്ഥികളിൽ ശത്രുത്വം ആരോപിക്കു മാറില്ല. ദാതാവിൻെറ മുൻപിൽവന്നു തങ്ങാൾ ആശിക്കുന്ന ദാനം ഉയന്ന വൎക്ക കിട്ടുവാനവകാശമുണ്ടെന്നാണ് ആചാരമെങ്കിൽ ഇദ്ദേഹത്തെപ്പോ ലെ (അതിന്നധികാരിയായി) ഉന്നതനായി മററാരാണുള്ളത്, ആരു മില്ല. വ.വ്യ.

446. വെള്ളിയൈ യാതല് വിളമ്പിനൈ മേലോർ
വള്ളിയ രാക വഴങ്കുവ തല്ലാല്
എള്ളുവ വെൻശില വിണ്ണുയിരേനും
കൊള്ളുതല് തീതു കൊടുപ്പതു നൻറാല്.

പ:—വെള്ളിയൈ ആതല്=വെള്ളിയെന്ന പേരിനെ വഹിച്ചി രിക്കയാൽ, വിളമ്പിനൈ=ഭവാൻ ഇങ്ങിനെ പറഞ്ഞതാണ്, മേലോ ർ=ശ്രേഷ്ഠന്മാർ, വള്ളിയർ ആക=(തവണപറയാതെ അഭീഷ്ടദാനം ചെ യ്യുന്ന) ദാതാക്കന്മാരാണെന്നു വരുവാൻവേണ്ടി, വഴങ്കുവതു അല്ലാല്=കൊ ടുക്കുന്നതേയല്ലാതെ, എള്ളുവ=അവരാൽ നിസ്സാരമാക്കി തള്ളപ്പെടു ന്ന, ശില=ചില വസ്തുക്കൾ, എൻ=ഏവ? (ഒന്നുമില്ല) ഇൻ ഉയിരേനും= (ഒരുവൻ തൻെറ) പ്രിയപ്പെട്ട പ്രാണനെത്തന്നെയും, കൊള്ളുതല്=യാ ചിച്ചു വാങ്ങുന്നതു, തീതു=പാപകരം, കൊടുപ്പതു=(തൻെറ ജീവനെ മ റെറാരുവന്നു) കൊടുക്കുന്നതു, നൻറു=പുണ്യപ്രദം, (വെള്ളിയൈ=വെള്ള യായ-ശുദ്ധമായ അറിവോടുകൂടിയവൻ, വെള്ളി=ശുക്രൻ.)

ഭാ:—അങ്ങുന്ന് ("നിമ്മലജ്ഞാനസമ്പന്നൻ" എന്ന വാച്യാത്ഥത്തിന്നു വിഷയമാകാതെ അതിൻെറ വാചകമായ "വെള്ളി" എന്ന സംജ്ഞക്കു വിഷയമായിരിക്കയാൽ ഇങ്ങിനെ പറഞ്ഞതാണ്. ഉന്നതപദവിയിലിരിക്കുന്നവർ തങ്ങടെ ഉൽഗതിക്കായി ദാനം ചെയ്യുന്നുവെന്നല്ലാതെ ഒന്നിനേയും ലഘുവാക്കി കരുതിട്ടല്ല. തൻെറ പ്രാണനെ വീണ്ടുകിട്ടുവാൻപോലും യാചിക്കുന്നതു ദുഷ്കൃതമാണ്. തൻെറ പ്രാണനെത്തന്നെയും ദാനം ചെയ്യുന്നതു സുകൃതവുമാണ്.

തൻെറ ഗുരുവാകയാൽ അദ്ദേഹത്തെ "പരിശുദ്ധജ്ഞാന വിഹീനൻ" എന്നു പ്രത്യക്ഷത്തിൽ പറയുന്നതിലുള്ള അനൌചിത്യത്തെ ശങ്കിച്ചു "വെള്ളിയെ" എന്ന ശ്ലേഷപ്രയോഗം ചെയ്തതാണ്. വ-ൻ.

447. മായ്ന്തവർ മായ്ന്തവരല്ലർ കൺമായാ
തേന്തിയ കൈ കൊടിരന്തവരെന്തായ്
വീയ്ന്തവ രെമ്പവർ വീയ്ന്തവരേഞം
ഈയ്ന്തവ രല്ല തിരുന്തവർ യാരേ.

പ:—എന്തായ്=ഞങ്ങടേ പിതാവേ (ഗുരോ), മായ്ന്തവർ=മരിച്ചവർ, മായ്ന്തവർ അല്ലർ=മരിച്ചവരല്ല. (എന്നാൽ മരിച്ചവരാരെന്നു വരികിൽ) കൺമായാതു=ദൃഷ്ടിപ്രകാശം മാഞ്ഞുപോകാതെ, എയ്തിയ കൈകൊട്ടു=നീട്ടിയ കൈകഠംകൊണ്ട്, ഇരന്തവർ=ഇരന്നവർ തന്നെയാണ്, വീന്തവർ എമ്പവർ=മരിച്ചവരെന്നു പറയപ്പെടുന്നവർ, വീന്തവരേഞം=മരിച്ചവർ തന്നെയെന്നിരിക്കിലും, ഈന്തവർ=ദാനം ചെയ്തവർ, ഇരുന്തവർ=ഇരുന്നവർ, അല്ലതു യാർ=അല്ലാതെ ആർ (എന്നു പറയപ്പെടുന്നു.)

ഭാ:—ഇരപ്പന്മാർ ജീവിക്കിലും (നിന്ദ്യഭാവം നിമിത്തം) മരിച്ചവരാണ്. ദാതാക്കന്മാർ മരിക്കിലും (യശശ്ശരീരികളായ്) ജീവിക്കുന്നവർ തന്നെ. മ-ം.

448. അടുപ്പ വരും പഴി ശെയ്ഞ്ഞരു മല്ലർ
കൊടുപ്പവർ മുമ്പു കൊടേലെണ നിൻറു
തടുപ്പവരേ പകൈ തമ്മൈയു മണ്ണർ
കെടുപ്പവരണ്ണതോർ കേടിലൈ യെൻറാൻ.

പ:—അടുപ്പ=അടുക്കഠംവണ്ണം (ശരിയാംവണ്ണം), അരു പഴി ശെയ്ഞ്ഞരും അല്ലർ=(ഒരുവന്ന്) ശക്തിമത്തായ വിദ്വേഷം ചെയ്യുന്നവ

രും (അവനു വിരോധികൾ) അല്ല. കൊടുപ്പവർ മുമ്പു=ദാനം ചെയ്യുന്നവരുടെ മുമ്പിൽ, നിൻറു=നിന്നു, കൊടേല് എന്ന തടുപ്പവർ=കൊടുക്കരുതെന്നു തടുക്കുന്നവർതന്നെ, പകൈ=വിരോധികൾ. അന്നർ=അവർ, (ദാനം ചെയ്യുന്നവരേ മാത്രമല്ല) തമ്മെയും കെടുപ്പവർ=തങ്ങളെയും കെടുക്കുന്നവരാണ്. (അതിനാൽ) അന്നതു=അങ്ങിനെയുള്ളതായ, ഓർ കേടു=ഒരു ദോഷം, ഇല്ലൈ എൻറാൻ=(മററൊന്നും) ഇല്ലെന്നു പറഞ്ഞു.

ഭാ:—ഒരുവൻ അന്യനു ദാനം ചെയ്യുന്നതിനെ ചെന്നു മുടക്കുന്നവൻ ആ ദാതാവിനെ അധർമ്മിഷ്ഠനാക്കി ദൂഷിപ്പിക്കുക മാത്രമല്ല, ദാനത്തെ മുടക്കിയ പാപമേററു താനും കൂടെ ദൂഷിച്ചുപോകയാണു ചെയ്യുന്നത്. അതിനാൽ ദാനം ചെയ്യുന്നതിനെ മുടക്കുന്നതിനെക്കാൾ പാപകരമായി മററൊന്നില്ല. . ന-മ.

449. കട്ടുരൈ യിററമ കൈത്തുള പോഴ്തേ
ഇട്ടിശൈ കൊണ്ടറ ണെയ്ത മുയൻറോർ
ഉട്ടെറു വെംപകൈ യായതു ലോപം
വിട്ടിട ലെൻറു വിലക്കിനർ താമേ,

പ:—കട്ടു ഉരൈയിൻ=(പൂജ്യന്മാരുടെ) സാരോപദേശപ്രകാരം, തമകൈത്തുള പോഴ്തേ=(തങ്ങടെ ധനം) സ്വാധീനത്തിലിരിക്കുമ്പോൾതന്നെ, ഇട്ടു=(യാചകന്മാൎക്കു) കൊടുത്തു, ഇശൈ കൊണ്ടു=(ഇഹത്തിൽ)കീൎത്തി നേടി, അറൻ എയ്ത=(പരത്തിൽ) പുണ്യഫലം ലഭിപ്പാൻ, മുയൻറോർ=മുതിൎന്നവരുടെ, ഉൾ=അന്തരംഗത്തിലിരുന്നു, തെറു=ദൂഷിപ്പിക്കുന്ന, വെം പകൈയാവതു=ഭയങ്കരവൈരിയാകുന്നതു, ഉലോപം=ലോഭമാണ്. (ആകയാൽ അതിനെ) വിട്ടിടലെൻറു=നാം വിട്ടുകളയേണ്ടതാണെന്നു, വിലക്കിനർ=അവർ വിരോധിച്ചിരിക്കുന്നു. ന-വ.

വൃത്തം മാറി.

450. എടുത്തൊരു വരുക്കൊരുവ രീവതണിൻ മുന്നേ
തടുപ്പതു നിനക്കഴകിതോ തകവില് വെള്ളി
കൊടുപ്പതു വിലക്കു കൊടിയോയുനതു ശുററം
ഉടുപ്പതുവു മുൺപതുവു മിൻറി വിടുകിൻറായ്.

പ:—ഒരുവർ=ഒരു ദാതാവു, എടുത്തു—(അപേക്ഷിക്കുന്ന ഒരു ദ്രവ്യത്തെ) എടുത്തു, ഒരുവരുക്കു=ഒരുയാചകന്ന്, ഈവതണിൻ മുൻ=കൊടുക്കുന്നതിന്നുമുമ്പേ, തടുപ്പതു=അതിനെ തടുക്കുന്നതു, നിനക്കു=(ആചാൎയ്യനായ)

നിണക്കു, അഴകിതോ=യോഗ്യമായിരിക്കുമോ. തകവുഇല്=നീതിവിഹീനനായ, വെള്ളി=ഹേ ശുക്ര, കൊടുപ്പതു=(ഒരുവന്നു മററൊരുവൻ) കൊടുക്കുന്നതിനെ, വിലക്കു=തടയുന്ന സ്വഭാവമുള്ള, കൊടിയോയ്=ദുഷ്ട!, ഉന്തു ശുറ്റം=നിൻെറ വേഴ്പക്കാർ, ഉടുപ്പതുവും ഉൺപതുവും ഇൻറി=ഉടുപ്പാനുള്ളതും ഉണ്മാനുള്ളതുമില്ലാതെ, (വലയുംവണ്ണം)വിടുകിറായ്—(നീ അവരെ നിരാധാരന്മാരാക്കി) വിടുന്നു. ൩൩.

വൃത്തംമാറി.

451. മുടിയവി മ്മൊഴിയെലാ മൊഴിന്തു മന്തിരി
കൊടിയനെൻറവരൈത്ത ശൊല്ലൊൻറും കൊണ്ടിലൻ
അടിയൊരു മൂൻറു നീയളന്തു കൊൾകെന
നെടിയവൻ കുറിയകൈ നീരിനീട്ടിനാൻ.

പ:—ഇ മൊഴിയെലാം=ഇങ്ങിനെയുള്ള വാക്കുകളെല്ലാം, മുടിയമൊഴിന്തു=മുഴുവനും പറഞ്ഞു, മന്തിരി കൊടിയൻ എൻറു=നമ്മുടെ മന്ത്രി (ഗുണദോഷവിചിന്താനത്തിൽ സഹകാരിയായ ശുക്രൻ) ക്രൂരനാണെന്നു നിശ്ചയിച്ച്, ഉരൈത്ത ശൊല്=അവൻ പറഞ്ഞ വാക്കുകളിൽ, ഒൻറും കൊണ്ടിലൻ=ഒന്നും കൈക്കൊള്ളാതെ, അടി ഒരു മൂൻറു=മൂന്നടി സ്ഥലത്തെ, നീ അളന്തുകൊൾക എന=നീ തന്നെ അളന്നെടുത്തുകൊൾകയെന്നു പറഞ്ഞപ്പോൾ, നെടിയവൻ=വിശ്വരൂപിയായ വാമനൻ, കുറിയകൈ=കുറുതായ തൻെറ കയ്യിനെ, നീരിൻ നീട്ടിനാൻ=ദാനോദകം വാങ്ങുവാനായി നീട്ടിക്കാണിച്ചു.

ഭാ:—ഇങ്ങിനെയെല്ലാം പറഞ്ഞ്, ഈ ശുക്രൻ കഠോരനാകയാൽ തൻെറ മന്ത്രിസ്ഥാനം വഹിപ്പാൻ അയോഗ്യനാണെന്നുറച്ച്, അവൻ പറഞ്ഞതൊന്നും വകവെക്കാതെ വാമനൻ ചോദിച്ചപ്രകാരം മൂന്നടി നിലം നീയളന്നെടുത്തുകൊൾകെന്നു മഹാബലി പറയുകയും അപ്രകാരം ഉദകം വാങ്ങുവാൻ വാമനൻ കൈനീട്ടുകയും ചെയ്തു.

വി:—യാചകന്മാൎക്കിഷ്ടദാനം ചെയ്യുന്നതുകൊണ്ടു അവർ സന്തൃപ്തന്മാരായിത്തീരുകയും ദാതാവിൻെറ ഔദാൎയ്യം പ്രകാശിക്കയും ചെയ്യുന്നതാകയാൽ "നീയളന്തുകൊൾക" എന്നു പറഞ്ഞതാണ്. എല്ലാ ദാനങ്ങളും ഉദകപൂൎവ്വകമായിരിക്കേണമെന്നാണ് വിധി. ഇതിന്നു പുരാതനമായ നടപ്പും ഉണ്ട്. ജന്മഭൂമികളുടെ വിക്രയപത്രങ്ങളിൽപ്പോലും "നീരായി നീർ മുതലായി നീരട്ടിപ്പേറായി നീരോട്ടിക്കൊടുത്താൻ" എന്ന വാചകം

കാണ്മാനുണ്ട്. പ്രതിഫലം കൊട്ടത്തിട്ടാണെങ്കിലും "ഭൂമി ഉദകം വാങ്ങി" എന്നു പറഞ്ഞുവരാറുമുണ്ട്. നർ.

452. കയന്തരു നറുമ്പുനല്കൈയിററീണ്ടലും
പയന്തവർ കളുമികഴ്കുറളൻ പാർത്തെതിർ
വിയന്തവർ വെരുക്കൊള വിശ്രുമ്പിണോങ്ങ്കിണാൻ
ഉയർന്തവർ ക്കുതവിയ വുതവിയൊപ്പവേ.

പ:—കയം തരും നറും പുനല്=തടാകങ്ങളിലുള്ള ശുദ്ധജലത്തെ, കൈയില് തീണ്ടലും=കയ്യിൽ ഏററപ്പോഴേക്കും, പയന്തവർകളും=മാതാപിതാക്കന്മാരാൽ കൂടി, ഇകഴ=(ഹ്രസ്വതകൊണ്ട്) നിന്ദിക്കത്തക്കവനായ, കുറല്=വാമനൻ, എതിർ=നേരിൽ, പാർത്തു=കണ്ട്, വിയന്തണർ=വിസ്മയിച്ചവർ, വെരുക്കൊള=(തങ്ങടെ ഗണനാക്കു വിഷയമല്ലാതിരുന്നതിനാൽ) നാണിക്കുംവണ്ണം, ഉയർന്തവക്കു ഉതവിയ=പ്രാജ്ഞന്മാക്കു ലഭിച്ച, ഉതവി ഒപ്പ=സഹായത്തിന്നു തുല്യമായി, വിശുമ്പിൻ ഓങ്ങ്കിണാൻ=ആകാശംവരേ ഉയന്നു.

ഭാ:—മാതാപിതാക്കന്മാക്കുപോലും വൈകൃതമായി തോന്നത്തക്ക ഹ്രസ്വാകാരനായ വാമനൻ മഹാബലിയോട്ടുദകം വാങ്ങിയ ക്ഷണത്തിൽ അപ്രതീക്ഷിതമായ ആകാരഭേദത്താൽ കാണികാംക്കു ആശ്ചയ്യവും ലജ്ജയും ജനിക്കുംവണ്ണം മഹാകായനായി ആകാശത്തെ വ്യാപിക്കുമാറയന്നു. ഈ ഉയച്ച്ച വിദ്യാവിനയാദിസമ്പന്നന്മാക്കു ചെയ്ത ഉപകാരം എങ്ങിനെ അവിചാരിതമാംവണ്ണം അഭ്യുന്നതിയെ പ്രാപിക്കുമോ അപ്രകാരമായിരുന്നു. നഭ

453. നിൻറകാൻ മണ്ണെലാ നിരപ്പിയപ്പുറം
ശെൻറ പരവിററിലൈ ശിറിതു പാരെണാ
ഒൻറ വാണകമെലാ മൊടുക്കിയുമ്പരൈ
വെൻറകാൻ മീണ്ടതു വെളിപെറാമൈയേ.

പ:—നിൻറകാല്=നിന്ന കാലടി, മൺ എലാം നിരപ്പി=ഭൂമണ്ഡലം മുഴവനും വ്യാപിച്ചു, പാർ ശിറിതു എണാ=ഭൂമി ചെറുതല്ലേ, അപ്പുറം ശെൻറ പരവിററില്ലൈ=അപ്പുറത്തേക്കു ചെന്നു പരന്നിട്ടില്ല; ഒൻറ=തനിക്കു ചേരത്തക്ക, വാണകമെല്ലാം=ആകാശത്തെ മുഴവനും, ഒടുക്കി=തന്നിലടക്കി, ഉമ്പരൈ വെൻറകാല്=സ്വർഗ്ഗലോകത്തേയും കടന്ന മറേറപാദം, വെളിപെറാമൈ=(അപ്പുറവും ചെല്ലുവാൻ) വേറെ സ്ഥലം കിട്ടാഞ്ഞതിനാൽ, മീണ്ടതു=മടങ്ങി.

ഭാ:—നിന്ന കാലടിയുടെ അളവിന്നു ഭൂലോകം മതിയായില്ല. മേലോട്ടു നീട്ടിയ മറേറ കാലടിയുടെ അളവിന്നു സുരലോകവും മതിയായില്ല. ൩൩

454. ഉലകെലാ മുള്ളടി യടക്കി യോരടി
ക്കലകിലാ തവ്വടി ക്കൻപൻ മെയ്യതാം
ഇലൈ കുലാ ത്തുഴായ്മുടി യേക നായകൻ
ശിലൈ കുലാ ന്തോളിണായ് ശിറിയൻ ശാലവേ.

പ:—ശിലൈ കുലാം തോളിണായ്=വില്ലിണങ്ങി വിലസുന്ന ബാഹുവോടുചേൎന്ന ഹേ രാമ!, ഉലകു എല്ലാം=ഭൂസ്വൎഗ്ഗലോകങ്ങളെ, ഉള്ളടി യടക്കി=തൻെറ രണ്ടടിയിലടങ്ങത്തക്കവണ്ണമാക്കി, ഓരടിക്കു=മറെറാരടിക്കു, അലകു ഇലാതു=അളവുള്ള നിലം കിട്ടായ്കയാൽ, അവ്വടിക്കു=ആ മൂന്നാമത്തെ അടിക്കു, (അളവുനിലം) അൻപൻ=അമ്പുള്ളവനായ മഹാബലിയുടെ, മെയ് ആം=ശരീരംതന്നെ, ആകും ഇലൈ കുലാം തുഴായ്മുടി= ഇലകളോടുകൂടിയ തുളസിമാലയണിഞ്ഞ തിരുമുടിയോടുകൂടിയ, ഏകനായകൻ=നിരുപമനായ ദേവനോ, ശാലശിറിയൻ=ഏററവും ചെറിയവൻ.

ഭാ:—ഒരടിയാൽ ഭൂമിയേയും മറെറാരടിയാൽ സ്വൎഗ്ഗത്തേയും അളന്ന് മൂന്നാമത്തെ അടിയളക്കുവാനുള്ള സ്ഥലം കാട്ടിത്തരികെന്നു വാമനൻ പറഞ്ഞു. അപ്പോൾ മഹാബലി "എൻെറ ശിരസ്സുതന്നെ അതിന്നുള്ള സ്ഥലം" എന്നു മറുപടി പറഞ്ഞു. തൽക്ഷണം വാമനൻ അവൻെറ തലയിൽ അടിവെച്ചമൎത്തി പാതാളത്തിലേക്കു താഴ്ത്തിക്കളഞ്ഞു. ഇതാണു പുരാണകഥ. ൩൭

455. ഉരിയതിന്തിരർ കിതെൻറുലക മീയ്ന്തുപോയ്
വിരിതിരൈ പ്പാർകടർ പള്ളി മേവിണാൻ
കരിയവ നുലകെലാ ങ്കടന്ത താളിണൈ
തിരുമകൾ കരന്തൊട ച്ചെവന്തു കാട്ടവേ.

പ:—ഇന്തിരർകു ഉരിയതു ഇതു എൻറു=ഇന്ദ്രന്ന് ഇതു ഉപയുക്തമാണെന്നു വെച്ച്, ഉലകം=(താനളന്ന ഈ) ലോകത്തെ, ഈയ്ന്തു പോയി=കൊടുത്തുചെന്ന്, കരിയവൻ=നീലവൎണ്ണനായ ശ്രീനാരായണൻ, ഉലകു എലാം കടന്ത താൾ ഇണൈ=ലോകങ്ങളെയെല്ലാം കടന്ന തൻെറ കാലിണയേ, തിരുമകൾ=ശ്രീദേവി, കരം തൊട=കൈകൊണ്ടു തലോടുമ്പോൾ, (അത്) ശെവന്തു കാട്ട=ചുവപ്പായി കാണുംവണ്ണം, വിരിതിരൈ=വിസ്തൃ

തമായ വീചിമാലയോടുകൂടിയ, പാർ കടല്=ശ്രീപാല്ക്കടലിൽ, പള്ളിമേവിനാൻ=(അനന്തശയനത്തിൽ) പള്ളികൊണ്ടു.

ഭാ:—വിശ്രാന്തിക്കായി പത്മാലയാദേവി തൻെറ മൃദുലങ്ങളായ കരങ്ങളാൽ പരിമാർജ്ജനം ചെയ്കയും അപ്പോഠം പാദങ്ങളിൽ മണ്ണുളന്നു പററിയ മാലിന്യം നീങ്ങി സഹജമായ അരുണവൎണ്ണം പ്രകാശിക്കുവാനിടവരികയും ചെയ്യുമെന്നു താല്പൎയ്യം. ന-വ.

456\. ആതലാ ലരുവിണൈ യറുക്ക മാരിയ
കാതലാർ കണ്ടവർ പിറവി കാൺകുറാർ
വേതന്തൻ മുറൈമൈയാല് വേഠംവി മുററുവെർ
കീതലാതില്ലെ വേറിരുക്കർപാലതേ.

പ:—അരുവിണൈ അറുക്കും ആരിയ=അന്യരാൽ ഛേദിപ്പാനരുതാത്ത കൎമ്മബന്ധത്തെ ഛേദിച്ചരുളുന്ന ഹേ രാമ!, ആതലാല്=(ഈ ചോലയുടെ ഐതിഹ്യം ഇത്) ആകയാൽ, കാതലാല് കണ്ടവർ=പ്രീതിപൂൎവ്വം ഇതിനെ കണ്ടവർ, പിറവി കാൺ കുറാർ=ജനനത്തെ കാണുകയില്ല. വേതന്തല് മുറൈമൈയാല്=വേദശാസ്ത്രവിധിപ്രകാരം, വേഠംവി മുററുവെർകു=യജ്ഞം ചെയ്യുന്ന എനിക്കു, ഇരുക്കർ പാലതു=ഇരിപ്പാൻ തക്ക സ്ഥലം, ഈതു അലാതു വേറ ഇല്ലൈ=ഇതല്ലാതെ മററൊന്നില്ല. ന-ൻ.

457\. ഈണ്ടിരുന്തിയററുവേൻ യാകം യാണൈനാ
നീണ്ടപൂമ്പഴവത്തു നെറിയിണെയ്തിപ്പിൻ
വേണ്ടുവ കൊണ്ടുതൻ വേഠംവി മേവിനാൻ
കാണ്ടകു കുമരരൈ ക്കാവലേവിയേ.

പ:—(ഇങ്ങിനെ പറഞ്ഞ വിശ്വാമിത്രമുനി ശ്രീരാമനോട്) യാൻ ഈണ്ടു ഇരുന്തു=ഞാൻ ഇവിടെ ഇരുന്നുകൊണ്ടു, യാകം ഇയററുവേൻ എനാ=യാഗം ചെയ്യുന്നുണ്ടെന്നു പറഞ്ഞു, നീണ്ട പൂമ്പഴവത്തു നെറിയിൻ എയ്തി=വിശാലവും പുഷ്പഫലാഢ്യവുമായ ആ വനത്തിൻ വഴിയായി ചെന്ന്, പിൻ=പിന്നെ, വേണ്ടുവകൊണ്ടു=(യാഗത്തിന്നു) വേണ്ടുന്ന സാമഗ്രികഠം സംഭരിച്ച്, കാൺ തകു കുമരരൈ=(ഏവൎക്കും) കാണ്മാൻ തക്ക സുന്ദരന്മാരായ രാജകുമാരന്മാരെ, കാവല് എവി=കാവൽ ഏല്പിച്ചും വെച്ച്, തൻ വേഠംവി മേവിനാൻ=തൻെറ യജ്ഞം ആരംഭിച്ചു. ൪ം.

458\. എണ്ണുതർ കാക്കരി തിരണ്ടു മൂൻറുനാഠം
വിണ്ണവർക്കാക്കിയ മുണിവൻ വേഠംവിയെ

മണ്ണിണൈ ക്കാക്കിൻറ മന്നൻ മൈന്തർകൾ
കണ്ണിണൈ ക്കാക്കിൻറ വിമൈയിർ കാത്തണർ.

പ:—മണ്ണിണൈ കാക്കിൻറ=ഭൂലോകത്തെ ദോഷം നേരിടാതെ കാക്കുന്ന, മന്നൻ മൈന്തർകൾ=രാജകുമാരന്മാർ, എണ്ണുതർക്കു ആക്ക അരിതു=(ഇന്ന വിധമെന്നു) ചിന്തിപ്പാനും ചെയ്യാനും അരുതാത്തവണ്ണം, ഇരണ്ടു മൂൻറുനാൾ=(രണ്ടും മൂന്നും) അഞ്ചു നാളുകളെ (നക്ഷത്രങ്ങളെ), വിണ്ണവർക്ക ആക്കിയ=ദേവന്മാർ (തൻെറ ആജ്ഞാപാലനം ചെയ്ത) നിമിത്തം സൃഷ്ടിച്ചവനായ, മുനിവൻ വേദാവിയെ=മുനിയുടെ (വിശ്വാമിത്രൻെറ) യാഗത്തെ, കണ്ണിണൈ=കണ്ണുകളെ, കാക്കിൻറ=(ഒരു ഭംഗവും വരാതെ) കാക്കുന്ന, ഇമൈയിൻ=ഇമകൾ (കൺപോളകൾ) എന്നപോലെ, കാത്തണർ=കാത്തു രക്ഷിച്ചു.

ഭാ:—ഭൂമിയെക്കാക്കുന്നതു രാജാവിൻെറ വൃത്തിയായതുകൊണ്ടു പുത്രന്മാൎക്കും ആ വൃത്തി സഹജമാകയാൽ രാജകുമാരന്മാരായ രാമലക്ഷ്മണന്മാർ, കണ്ണിന്നു പൊടി മുതലായതു ബാധിക്കാതെ കാത്തുവരുന്ന ഇമകളെന്നപോലെ മുനിയുടെ യാഗത്തിന്നു രാക്ഷസബാധ മുതലായ ദോഷങ്ങളൊന്നും ബാധിക്കാതെ കാവൽനിന്നു രക്ഷിച്ചു.

വി:—"കണ്ണിണൈ കാക്കിൻറവിമൈയിർ കാത്തണർ" ഇതിൽ—മേലേ ഇമ താഴെ ഇമ എന്നിവ രണ്ടിൽ മേലിമ വലുതും കീഴിമ ചെറുതുമാണ്: മേലിമയിളകിക്കൊണ്ടിരിക്കും; കീഴിമയിളകാതെ നില്ക്കും. മേലിമപോലെ മൂത്തവനായ രാമൻ ഒരിടത്തു നില്ക്കാതെ ആശ്രമത്തിന്നു നാലുപാടും രാക്ഷസന്മാർ വന്നുപദ്രവിക്കാതിരിക്കത്തക്കവണ്ണം ചക്രം ചുററംപോലെ ചുററിസ്സഞ്ചരിച്ചു കാവൽ നടത്തി. കീഴിമപോലെ ഇളയവനായ ലക്ഷ്മണൻ ഉള്ളിൽ ആരും കടപ്പാതിരിപ്പാൻവേണ്ടി ആശ്രമദ്വാരത്തിൽ അനങ്ങാതെ നിന്ന നിലയിൽ കാവൽ നടത്തി. ഇങ്ങിനെ കാവൽ നടത്തിവരുന്ന ഇവരിൽ രാമൻ ആശ്രമത്തിന്നു പുറമേ ചുററിവരുമ്പോഴെല്ലാം മേലിമ കീഴിമയെ ചിമ്മിയും മിഴിച്ചും അടുത്തുവന്നു മുട്ടുന്നതുപോലെ ദ്വാരദേശത്തിൽ നില്ക്കുന്ന ലക്ഷ്മണനെ ഓരോ ചുററു വരുമ്പോഴും പുറത്തു തട്ടി, "ലക്ഷ്മണാ! ജാഗ്രത" എന്നറിയിച്ചുംകൊണ്ടേ വന്നുവെന്ന അൎത്ഥത്തിന്നുൽകൎഷം ലഭിച്ചിരിക്കുന്നു.

"ഇരണ്ടു മൂൻറുനാൾ വിണ്ണവർക്കാക്കിയ"

ദേവന്മാർ നിമിത്തം അനിഷം മുതൽ ഉത്രാടംവരെ അഞ്ചു നക്ഷത്രങ്ങളെ തെക്കേ ദിക്കിലാക്കിയവൻ. ഈ സംഭവം 631-ാമത്തെ കവിയാൽ വിശദമാക്കുന്നുണ്ട്.

രൂ.

459. കാത്തണർ തിരികിൻറ കാളൈ വീരരില്
മൂത്തവൻ മുഴുതുണർ മുനിയൈ മുണ്ണിനീ
തീത്തൊഴി ലിയററവ രെൻറ തീയവർ
ഏത്തരുങ്കുണത്തിനായ് വരുവതെൻറൻറാൻ.

പ:—കാത്തണർ തിരികിൻറ=യാഗത്തെ കാത്തു ചുററിനടക്കുന്ന, കാളൈവീരരില്=യുവവീരന്മാരിരുവരിൽ, മൂത്തവൻ=മൂത്തവനായ ശ്രീരാമദേവൻ, മുഴുതു ഉണർ മുനിയൈ മുണ്ണി=എല്ലാമറിഞ്ഞ വിശ്വാമിത്ര മുനിയുടെ മുന്നിൽചെന്നു്, ഏത്ത=ആരാലും ഇന്നവണ്ണമെന്നു പുകഴ്ത്തുവാൻ, അരു=അരുതാത്ത, കുണത്തിനായ്=കല്യാണഗുണയുക്തനായുള്ളോവേ, നീ=ഭവാൻ, തീ്തൊഴില് ഇയററവർ എൻറ=ദുഷ്ടകൃത്യങ്ങൾ ചെയ്യുന്നവരാണെന്നു പറഞ്ഞ, തീയവർ=ആ ക്രൂരന്മാർ, എൻറ വരുവതു എൻറാൻ=എന്നു വരുമെന്നു ചോദിച്ചു. ൪൫.

460. വാർത്തൈമാ റുരൈത്തിലൻ മുനിവൻ മൌനിയായ്
പോർത്തൊഴിർ കുമരനു ന്തൊഴുതു പോന്തപിൻ
പാർത്തനൻ വിശുമ്പിനൈ പ്പരുവ മേകംപോല്
ആർത്തന രിടിത്തന രശനി യഞ്ചവേ.

പ:—(അങ്ങിനെ ചോദിച്ചതിന്നു) മുനിവൻ=മഹർഷി, മാറ ഉരൈത്തിലൻ=ഉത്തരം പറയാതെ, മൌനി ആയ്=മൌനിയായിരിക്കുകയും' പോർ തൊഴില് കുമരനും=ആയോധനകർമ്മത്തിൽ വിദഗ്ധനായ ശ്രീരാമദേവൻ, തൊഴുതു പോന്തപിൻ=തൊഴുതു പിൻവാങ്ങിയതിന്നു ശേഷം, വിശുമ്പിനൈ പാർത്തനൻ=ആകാശത്തെ നോക്കുകയും ചെയ്തു. (അപ്പോൾ) പരുവമേകം പോല്=വർഷകാലത്തിലെ മേഘംപോലെ, ആർത്തനർ=(രാക്ഷസർ)·ആർത്തുവിളിച്ചു; അശനി അഞ്ച=ഇടിയും നടുങ്ങുംവണ്ണം, ഇടിത്തനർ=(അത്യുച്ചത്തിൽ) നിഷേധിച്ചു പറഞ്ഞു. ൪൬.

461. എയ്തന രെറിന്തന രെരിയു നീരുമാ
പ്പെയ്തനർ പെരുവരൈ പിടുങ്കി വീശിനർ
വൈതനർ തെഴുത്തനർ മഴക്കൊണ്ടോച്ചിനർ
ശെയ്തന രൊൻറല തീയമായമേ·

പ:—(ആ രാക്ഷസർ) എയ്തനർ=അമ്പുകളെയ്തു; എറിന്തനർ=(വേൽ മുതലായ ആയുധങ്ങളെ) എറിഞ്ഞു; എരിയും നീരും ആ പെയ്ത

ണർ=തീയ്യും വെള്ളവുംകൂടെ വർഷിച്ചു, പെരുവരൈ പിടുങ്ങ്കി വീശിണർ= വലിയ പർവ്വതങ്ങളെ പറിച്ചെടുത്തെറിഞ്ഞു, വൈതണർ=അധിക്ഷേപിച്ചുപറഞ്ഞു, തെഴത്തണർ=നിഷേധിച്ചു, മഴക്കൊണ്ടു ഓച്ചിണർ=വെണ്മഴകൊണ്ടെറിഞ്ഞു, ഒൻറു അല്ല തീയമായം ശെയ്തണർ=അവർ ഒന്നല്ല ദുഷ്മായം ചെയ്തത്. (അനേകം ദുർമ്മായങ്ങൾ ചെയ്തു) ൪൪.

462. ഊണകു പടൈക്കലമുരുത്തു വീശിണ
കാണക മറൈത്തണ കാലമാരി പോല്
മീണകു തിരൈക്കടല് വിശുമ്പു പോർത്തെണ
വാണക മറൈത്തണ വളൈന്ത ശേനൈയേ.

പ:—ഊൻ നകു=(ശത്രുക്കളുടെ) മാംസത്തോടുകൂടെ പ്രകാശിക്കുന്ന, പടൈക്കലം=ആയുധങ്ങൾ, ഉരുത്തുവീശിണ=കോപത്തോടെ എറിഞ്ഞു. (ആ ആയുധങ്ങൾ) കാലമാരിപോല്=കാലവർഷംപോലെ, കാണകം മറൈത്തണ=ആ വനത്തെ മറച്ചു. മീൻ നകു=മത്സ്യങ്ങൾ കളിക്കുന്ന, തിരൈക്കടല്=അലകടൽ, വിശുമ്പുപോർത്തെണ=ആകാശത്തെ മറച്ചതുപോലെ, വളൈന്ത ശേനൈ=(ആ രാക്ഷസന്മാരോടുകൂടെ വന്നു) വളഞ്ഞ സേനകൾ, വാണകം മറൈത്തണ=ആകാശത്തെ മുഴുവനും മൂടി. ൪൭.

463. വില്ലൊടു പകഴിവാൾ മിടൈന്തുലാവിട
പ്പല്ലിയങ്കടിപ്പിണി ണിടിക്കും പല്പടൈ
ഒല്ലെണ വുരറിയ വൂഴി പ്പേർച്ചിയുൾ
വല്ലെവ ന്തെഴുന്തതോർ മഴൈയും പോൻറതേ.

പ:—വില്ലൊടു പകഴി=വില്ലുമമ്പും, വാൾ=വാളും, ഇടൈന്തു ഉലാവിട=ഇടതിങ്ങി പ്രയോഗിക്കയും, പല് ഇയം=പല വാദ്യങ്ങളും, കടിപ്പിനിൻ ഇടിക്കും=കുറുങ്കോലുകളാലടിക്കുകയും ചെയ്യുന്ന, പല് പടൈ=പല സേനകൾ, ഒല് എണ ഉരറിയ=ഒൽ എന്നു പുറപ്പെട്ടവിച്ച നിനാദങ്ങൾ, ഊഴിപ്പേർച്ചിയുൾ=ഭൂമിയുടെ വിലയകാലത്ത്, വല്ലെ=പെട്ടെന്നു, വന്തു എഴുന്തതു=ഉത്ഭവിച്ചു മേലോട്ടുയൎന്നതായ, ഓർമഴൈയും പോൻറതു=സാമ്യമില്ലാത്ത മേഘനാദത്തിന്നു തുല്യമായിരുന്നു. ൪൮.

464. കവരുടൈ യെയിററിണർ കടിത്ത വായിണർ
തുവർ നിറ പ്പങ്ങ്കിയർ ശുഴല് കട്ടീയിണർ
പവർശടൈ യന്തണൻ പണിന്ത തീയവർ
ഇവരെണ വിലക്കവർ കിരാമൻ കാട്ടിനാൻ.

പ:—കവർ ഉടൈ എയിററിനർ=പിലന്ന പല്ലുകളോടുകൂടിയവരും, കടിത്ത വായിനർ=ചുണ്ടുകൾ കടിച്ചു (അമ്മകടിച്ചു) വരും, തുവർ നിറപ്പുങ്കിയർ=ചെമ്പൻ മുടിയോടുകൂടിയവരും, ശുഴല് കൺ തീയിനർ=ചുഴന്നുകൊണ്ടിരിക്കുന്ന ദൃഷ്ടികളിൽ തീപ്പൊരി പുറപ്പെടുന്നവരും, പവർശടൈ അന്തണൻ=ഇടതിങ്ങിയ ജട പൂണ്ട വിശ്വാമിത്രമുനി, പണിന്താ=പറഞ്ഞവരുമായ തീയവർ ദുഷ്ടന്മാർ, ഇവർ എണ=ഇവരാണെന്നു, ഇരാമൻ=ശ്രീരാമദേവൻ, ഇലക്കവർക്കു കാട്ടിനൻ=ലക്ഷ്മണന്നു കാട്ടിക്കൊടുത്തു. ൪൬.

465. കണ്ടവ ക്കുമരനു ങ്കടൈക്കൺടീയുക
വിണ്ടനൈ നോക്കിത്തൻ വില്ലൈ നോക്കിനാൻ
അണ്ടർനായക വിനി ക്കാണ്ടി യീണ്ടവർ
തുണ്ടം വീഴ്വണ വെണ ത്തൊഴുതു ശൊല്ലിനാൻ.

പ:—കണ്ട=(ആ രാക്ഷസസേനയെ)ക്കണ്ട, അക്കുമരനും=ആ ലക്ഷ്മണകുമാരനും, കടൈക്കൺ=കടക്കണ്ണുകളിൽ, തീ ഉക=തീക്കനൽ ചിതറും വണ്ണം, വിൺതനൈ നോക്കി=ആകാശത്തെ നോക്കി, തൻ വില്ലൈ നോക്കിനാൻ=തന്റെ വില്ലിനേയും നോക്കി, (ശ്രീരാമദേവനോടു) അണ്ടർനായക=ഹേ ദേവനായക, ഈണ്ടു=ഇവിടെ, അവർ തുണ്ടം=അവരുടെ ശരീരഖണ്ഡങ്ങൾ, വീഴ്വണ=വീഴുന്നതിനെ, ഇനി കാണ്ടി=ഇനി കണ്ടുകൊൾക, എണ=എന്ന്, തൊഴുതു ശൊല്ലിനാൻ=വന്ദനത്തോടെ പറഞ്ഞു.

ഭാ:—ആകാശത്തിൽ തിങ്ങിനിറന്ന രാക്ഷസസേനയെ നോക്കിക്കണ്ട ഉടൻ ലക്ഷ്മണൻ അവരെ ഹനിപ്പാൻതക്ക വൈഭവമുള്ള തന്റെ ധനുസ്സിനേയും നോക്കിസ്സന്നദ്ധനായി. ൪൭.

466. തൂമവേ ലരക്കർ തന്നിണമു ഞ്ചോരിയും
ഓമവെ ങ്കനലിടൈ യുകുമെൻറുന്നിയ
ത്താമരൈ ക്കണ്ണനു ഞ്ചരങ്കളേകൊടു
കോമുനി യിരുക്കൈയോർ ക്രുട മാക്കിനാൻ.

പ:—തൂമവേല് അരക്കർ=പുകഞ്ഞുകൊണ്ടിരിക്കുന്ന വേലായുധം കയ്യിലേന്തിയ രാക്ഷസരുടെ, നിണമും=കൊഴുപ്പും, ശോരിയും=ചോരയും, ഓമവെങ്കനലിടൈ ഉകും എൻറു ഉന്നി=ജ്വലിക്കുന്ന ഹോമാഗ്നിയിൽ വീഴുമെന്നു കരുതി, അ താമരൈക്കണ്ണനും=ആ താമരക്കണ്ണനായ ശ്രീരാമദേ

വന്നം, രങ്ങ്കളേ കൊട്ട=ബാണങ്ങളാംകൊണ്ടു തന്നെ, കോമുനി ഇരു കൈ=മുനിശ്രേഷ്ഠന്റെ ഇരുപ്പിടത്തിന്നു, ഓർ കൂടം ആക്കിനാൻ=ഒരു മേല്പുരയുണ്ടാക്കി. ൪൬.

467. നഞ്ചട വെഴതല്യ നടുങ്ങ്കി നാൺമതി
ശെഞ്ചടൈ ക്കടവുളെ യടൈയും തേവർ?പാല്
വഞ്ചണൈ യരക്കരൈ വെരുവി മാതവർ
അഞ്ചണവണ്ണ നിണ്ണപയം യാമെൻറാർ.

പ:—നഞ്ചു=(അമൃതമഥനത്തിൽ പാൽക്കടലിൽ നിന്നുണ്ടായ) കാളകൂടം, അട എഴതലും=കൊല്ലുവാൻ പുറപ്പെടുകയാൽ, നടുങ്ങ്കി=നടുങ്ങി, നാാംമതി=ബാലചന്ദ്രനെയണിഞ്ഞ, ശെഞ്ചടൈ=ചെഞ്ചിട പൂണ്ട, കടവുളൈ=ദേവനെ (ശിവനെ), അടൈയും=ശരണം പ്രാപിച്ച, തേവർപോല്=ദേവന്മാരെന്നപോലെ, മാതവർ=(അവിടെയുള്ള) തപോധനന്മാർ, വഞ്ചണൈ=വഞ്ചനയിണങ്ങുന്ന, അരക്കരൈ വെരുവി=രാക്ഷസരെപ്പേടിച്ചു, .(ശ്രീരാമദേവനോട്) അഞ്ചണവണ്ണ=ഹേ അഞ്ജനവണ്ണ, യാം=ഞങ്ങൾ, നിൻ അപയം എൻറാർ=ഭവാന്റെ ആശ്രിതന്മാരാണെന്നു പറഞ്ഞു. ൫൦.

468. കുവിത്തണൻ കരതല ങ്ക്കണീരെണ
ച്ചെവിത്തല നിറുത്തിണൻ ശിലൈയിൻ തെയ്വനാ
പുവിത്തല ങ്കുരുതിയിൻ പുണരി യാക്കിണൻ [ൺ
കുവിത്തണ ണരക്കർത ഞ്ചിരത്തിൻ കുൻറമേ.

പ:—(അപ്പോൾ ശ്രീരാമദേവൻ ആ മുനിമാരോടു) നീർ കലങ്ക്കല് എണ=നിങ്ങൾ വ്യസനിക്കേണ്ട എന്നു പറഞ്ഞ്, കരതലം കുവിത്തണൻ=കയ്യേന്തി, ശിലൈയിൻ=തന്റെ കോദണ്ഡത്തിന്റെ, തെയ്വനാൺ=ദിവ്യമായ ഞാണിനെ, ശെവിത്തലം നിറുത്തിണൻ=കാതോളം വലിച്ചു നിറുത്തി, (അമ്പയച്ച്) പുവിത്തലം=ഭൂമിയെ, കുരുതിയിൻ പുണരി ആക്കിണൻ=ശോണിതസാഗരമാക്കി, അരക്കർ ശിരക്കൂററം കുവിത്തണൻ=രാക്ഷസന്മാരുടെ ശിരസ്സുകളെ കുന്നുകളാക്കിക്കൂട്ടി ൫൧.

469. തിരുമക ണായക.ൻ തെയ്വവാളിതാൻ
വെരുവരു താടകൈ പയന്ത വീരർകൾ
ഇരുവരി ണൊരുവണൈ ക്കടലിണിട്ടത
ങ്കൊരുവണൈ യന്തക പുരത്തിണുയ്ത്തതേ,

പ:—തിരുമകൾ നായകൻ=ലക്ഷ്മീനാഥന്റെ, തെയ്‌വ വാളി=ദിവ്യാസ്ത്രം, വെരുവരു=(കാണികൾക്ക) നാണമുളവാക്കുന്ന, താടകൈ പയന്തു=താടക പെററ, വീരർകൾ ഇരുവരിൻ=വീരന്മാർ ഇരുവരിൽ, ഒരുവനൈ=ഒരുവനായ മാരീചനെ, കടലിൻ ഇട്ടതു=സമുദ്രത്തിൽ വീഴ്ത്തുകയും, അങ്ങ്കു=അപ്രകാരം, ഒരുവനൈ=അന്യനായ സുബാഹുവിനെ, അന്തകപുരത്തിൻ ഉയ്ത്തതു=അന്തകപുരത്തിന്നയക്കുകയും ചെയ്തു.

തെയ്‌വ വാളി=ഗാന്ധർവ്വം, ആഗ്നേയം, വായവ്യം എന്നിവയാകുന്നു. ൪൬൯.

470. തുണർത്ത പൂന്തൊടൈയലാൻ പകഴി തൂവിനാൻ
കണത്തിടൈ വിശുമ്പിനൈ ക്കവിത്തുത്തുർത്തലാല്
പിണത്തിടൈ നടന്തിവർ പിടിപ്പ രീണ്ടെനാ
ഉണർത്തിന രൊരുവർ മുന്നൊരുവ രോടിനാർ.

പ:—തുണർത്ത=പൂക്കളാൽ തൊടുക്കപ്പെട്ട, പൂന്തൊടയലാൻ=പൂമാലയണിഞ്ഞ രാമദേവൻ, പകഴിതൂവിനാൻ=ബാണങ്ങൾ പ്രയോഗിച്ചു, കണത്തിടൈ=ക്ഷണനേരംകൊണ്ട്, വിശുമ്പിനൈ=ആകാശത്തെ, കവിത്തു തുർത്തലാല്=മറച്ചുകളഞ്ഞതിനാൽ, (ഇനി) ഇവർ=ഈ രാമലക്ഷ്മണന്മാർ, ഈണ്ടു പിണത്തിടൈ നടന്തു=തിങ്ങിക്കിടക്കുന്ന ശവങ്ങളെ ചവിട്ടി കടന്നുവന്ന്, പിടിപ്പാർ എനാ=നമ്മെപ്പിടിക്കുമെന്നു, ഉണർത്തിനർ=(അന്യോന്യം) അറിയിച്ച്, ഒരുവർ മുൻ ഒരുവർ=ഒന്നിൻ പിന്നൊന്നായി, ഓടിനാർ=ഓടിപ്പോയി. ൪൭൦.

471. ഓടിന വരക്കരൈ യുരുമിൻ വെങ്കണൈ
കൂടിന കുറൈത്തലൈ മിറൈത്തു ക്കൂത്തുനി
ൻറാടിന വലകൈയു മൈയൻ കീർത്തിയൈ
പ്പാടിന പരന്തന പറവൈ പ്പന്തരേ.

പ:—ഓടിന=ഇങ്ങിനെ ഓട്ടവാൻ തുനിഞ്ഞ, അരക്കരൈ=രാക്ഷസന്മാരെ, ഉരുമിൻ വെങ്കണൈ=ഇടിമിന്നൽപോലെ വെണ്മകലന്ന ബാണങ്ങൾ, കൂടിന=വിടാതെ പിന്തുടന്നു, കുറൈത്തലൈ=കബന്ധങ്ങൾ, മിറൈത്തുനിൻറ കൂത്താടിന=കുതിച്ചുനിന്നു കൂത്താടി. അലകൈയും=പിശാചങ്ങളും, ഐയൻ കീർത്തിയൈ പാടിന=ശ്രീരാമദേവന്റെ കീത്തിയെ പുകഴ്ത്തിപ്പാടി. പറവൈപ്പന്തർ പരന്തന=കഴുകൻ തുടങ്ങിയ പക്ഷികളാകുന്ന പന്തലുകൾ (പന്തലുകൾ പോലെ പറക്കുന്ന പക്ഷികൾ) പരന്നു. ൪൭൧.

472. പന്തരൈ ക്കിഴിത്തണ പരന്ത പൂമഴൈ
അന്തര തുന്തുമി മുകിലി ണാർത്തണ
ഇന്തിരൻ മുതലിയ വമര രീണ്ടിണാർ
ശ്ശുന്തര വില്ലിയൈ ത്തൊഴുതു വാഴ്ത്തിണാർ.

പ:—പരന്ത=(ദേവന്മാരാൽ ചൊരിയപ്പെട്ടു) പരന്ന, പൂമഴൈ=പുഷ്പവൎഷങ്ങൾ, പന്തരൈ കിഴിത്തണ=(മുൻപറഞ്ഞ പ്രകാരം ഇടതിങ്ങി പറക്കുന്ന പക്ഷികളാകുന്ന) പന്തലിനെ പൊളിച്ചു. അന്തരതുന്തുമി=ദേവദുന്ദുഭികൾ, മുകിലിൻ ആർത്തണ=മേഘങ്ങളെപ്പോലെ മുഴങ്ങി. ഇന്തിരൻ മുതലിയ അമരർ=ഇന്ദ്രാദിദേവകൾ, ഈണ്ടിണാർ=(ആകാശത്തിൽവന്നു) തിങ്ങിനിന്നു, ശ്ശുന്തരവില്ലിയൈ=സുന്ദരനായ കോദണ്ഡപാണിയെ, തൊഴുതു വാഴ്ത്തിണർ=വണങ്ങി മംഗളപ്രാൎത്ഥന ചെയ്തു. ൩൧.

വൃത്തം മാറി.

473. പുണിതമാതവ രാശിയിൻ പൂമഴൈ പൊഴിന്താർ
അണൈയകാണത്തു മരങ്കളു മലർമഴൈ ശൊരിന്ത
മുണിയുമവ്വഴി വേംവിയൈ മുറൈമൈയിൻ മുററി
ഇണിയശിന്തൈയ ണിരാമനു ക്കിണൈയണ വിരൈത്താൻ

പ:—പുണിതമാതവർ=പരിശുദ്ധന്മാരായ താപസശ്രേഷ്ഠന്മാർ, ആശിയിൻ പൂമഴൈ പൊഴിത്താർ=ആശീർവ്വാദമാകുന്ന പുഷ്പവൎഷം ചെയ്തു. അണൈയ=അങ്ങിനെയുള്ള, കാണത്തു=വനത്തിലുള്ള, മരങ്കളും=വൃക്ഷങ്ങളും, മലർമഴൈ പൊഴിന്ത=പുഷ്പവൎഷം ചെയ്തു മുനിയും=വിശ്വാമിത്രമുനിയും, അവ്വഴി=അപ്പോൾ, വേംവിയൈ=യാഗത്തെ, മുറൈമൈയിൻ മുററി=ക്രമപ്രകാരം നിറവേററി, ഇണിയ ശിന്തൈയൻ=സന്തുഷ്ടചിത്തനായി, ഇരാമനുക്കു=ശ്രീരാമദേവന്നു, ഇണൈയണ=ഈ ഉപചാരവാക്കുകളെ, ഉരൈത്താൻ=പറഞ്ഞു. ൩൨.

473. പാക്കിയമെണ ക്കുളതെണ നിണൈവുറം പാൻമൈ
പോക്കിനിക്കിതുപൊരുളെണ വുണർകിലേൻ പുവണം
ആക്കിമററവൈ യകിലമു മണിവയിററടക്കി
ക്കാക്കുനീയൊരു വേംവികാത്തണൈ യെണുങ്കരുത്തേ.

പ:—(രാമഭദ്ര!) എണക്കു=എനിക്കു, പാക്കിയം ഉള്ളതു എണ=ഭാഗ്യം ഭവിക്കാവുന്നതാണെന്നു, നിണൈവുറം പാൻമൈപോക്കി=നിന്റെ

ക്കാവുന്ന നില വിട്ടു, വിർകു=നിണക്കു, ഇതുപൊരുൾ എന=ഇതൊരു വ ലിയ കാൎയ്യമാണെന്നു, ഉണർകിലേൻ=നിനച്ചിട്ടില്ല. (എന്തുകൊണ്ടെന്നാൽ) പുവനം=ഭുവനങ്ങളെ, ആക്കി=സൃഷ്ടിച്ചു, അവൈ അകിലമും=അവ യശേഷവും, അണിവയിററടക്കി=തിരുവുദരത്തിലടക്കി, കാക്കും=രക്ഷിക്കു ന്ന, നീ=അങ്ങുന്ന്, ഒരു വേൾവി=ഒരു യജ്ഞത്തെ, കാത്തലൈ എണ്ണും കരുത്തു=(നിർബാധമായി) കാത്തുവെന്നുള്ളതു ഗൌരവമായി ഭവിക്കുമോ॰

ഭാ:—ഹേ രാമഭദ്ര! ഭവാൻ നടത്തിയ ഈ കൃത്യം എന്നെസ്സംബന്ധിച്ചേടത്തോളം ഭാഗ്യോദയമെന്നല്ലാതെ അങ്ങക്കു ഗണ്യമായിട്ടുള്ളതാണെന്നു ഞാൻ കരുതീട്ടില്ല. സകല ലോകങ്ങളേയും സൃഷ്ടിച്ചു അവയെ കല്പാന്തത്തിൽ യാതൊരു ബാധയും പററാതെ (വീണ്ടും പ്രപഞ്ചീകരിക്കത്തക്ക വണ്ണം) തന്റെ തിരുവുദരത്തിലടക്കി രക്ഷിക്കുന്ന ഭവാന്ന് ഒരു യാഗരക്ഷ ചെയ്തുയെന്നുള്ളതു എത്രകണ്ടു ഗണ്യമായിരിക്കും. ൭൬.

475. എൻറക്കൂറിയ പിന്നര് വ്വെഴിൻമലർ ക്കാണ
ത്തൻറതാണ്ടുറൈ ന്തരുന്തവ മുണിവരോടിരുന്ത
കുൻറപ്പോർകുണ ത്താനെതിർ കോശലൈ കുരുശിൽ
ഇൻറിയാൻശെയ്യും പണിയെൻകൊല് പണിയെണ
വിശൈത്താൻ.

പ:—എൻറക്കൂറിയ പിന്നർ=എന്നു (വിശ്വാമിത്രൻ) പറഞ്ഞതിന്നു ശേഷം, അ=ആ, എഴില്=അഴകുള്ള മലർക്കാണത്തു=പുഷ്പങ്ങളിടതിങ്ങിയ വനത്തിൽ, അൻറ ഉറൈന്തു=അന്നു തിങ്ങി, അരുന്തവം=മഹാതപസ്വികളായ, മുണിവരോടു ഇരുന്ത=മുനികളോടു കൂടിയിരുന്ന, കുൻറപ്പോല് കുണത്താൻ എതിർ=സൽഗുണങ്ങൾ (നിസ്സംഗത്വം, പരമാത്മജ്ഞാനം, നിരീഹത്വം മുതലായവ) കുന്നുപോലെ വൎദ്ധിച്ചിരിക്കുന്ന വിശ്വാമിത്ര മുനിയുടെ മുമ്പിൽ, കോശലൈകുരുശില്=കോസല രാജകുമാരനായ ശ്രീരാമദേവൻ, (നിന്നു മുനിയെ നോക്കി) ഇൻറ=ഇപ്പോൾ, യാൻ ശെയ്യും പണി എൻ=ഞാൻ ചെയ്യേണ്ടതായ കാൎയ്യം യാതൊന്നോ, (അതു) പണി എണ ഇശൈത്താൻ=ഫണിക്കുക (ആജ്ഞാപിക്കുക) എന്നു പറഞ്ഞു. ൭൭.

476. അരിയയാൻ ശൊലിണൈയ നിർകരിയ തൊൻറില്ലെ
പെരിയകാരിയ മുളവങ്ങവെ മുടിപ്പതു പിന്നർ

വിരിയുംവാർപുനൽ മരുതച്ചൂഴ് മിതിലൈയർകോമാൻ
പുരിയുംവേൾവിയു ങ്കാണ്ടുനാ മെഴുകെൻറു പോനാൻ

പ:—(വിശ്വാമിത്ര മുനി പറഞ്ഞു.) യാൻ പുരിയ=ഞാൻ ഗൌരവമുള്ളവയാണെന്നു കരുതി, ശൊലില്=ചില കാൎയ്യങ്ങൾ പറഞ്ഞാലും, ഐയ=സ്വാമിൻ, നിർക്കു അരിയതു ഒൻറു ഇല്ലൈ=ഭവാനു ചെയ്വാൻ വലുതായിട്ടൊന്നുമില്ല. (എന്നാൽ) പെരിയകാരിയം ഉള=വലിയ കാൎയ്യങ്ങളുമുണ്ട്. അവൈ മുടിപ്പതു പിന്നർ=അവയെ നിവൎത്തിക്കുന്നതു പിന്നെയാവാം (ഇപ്പോൾ) വിരിയും വാർപുനല്=പരന്നൊഴുകുന്ന ജലസമൃദ്ധിയിണങ്ങുന്ന, മരുതം ശൂഴ്=മരുത (വിള) നിലങ്ങൾ ചുററി പരന്നു കിടക്കുന്ന, മിതിലൈയർകോമാൻ=മിഥിലയ്ക്കധിപനായ ജനകമഹാരാജാവ്, പുരിയും=നടത്തുന്ന, വേൾവിയും=യജ്ഞത്തെയും, നാം കാണ്ടും=നാം ചെന്നു കാണുക. എഴുക എൻറു=പുറപ്പെടുകയെന്നു ചൊല്ലി, പോനാൻ=പോയി. ൭൰.

൮-ാമതായ "വേൾവിപ്പടലം" കഴിഞ്ഞു.

---

# ൧൦. അകലികൈപ്പടലം.

---

## അഹല്യയുടെ ശാപമോക്ഷാദികളെ പറയുന്നത്.

---

477. അലമ്പു മാമണി യാരത്തോ ടകിലളൈ പുളിന
നലമ്പെയ് പൂൺ മുലൈ നാകിളവഞ്ചിയാ മരുങ്കുർ
പുലമ്പു മേകലൈ പ്പുതുമലർ പ്പുണൈയററ ക്കുന്തർ
ശിലമ്പു ശ്ശൂഴങ്കാർ ശോണമാ ന്തെരിവൈയെച്ചേർന്താർ

പ:—അലമ്പു=ചലിച്ചുകൊണ്ടിരിക്കുന്ന, മാമണി=ഉത്തമരത്നങ്ങളോടും, ആരത്തോടും=ചന്ദനത്തോടും, അകില് അളൈ=അകിൽമുട്ടികളിണങ്ങിയ, പുളിനം=മണൽത്തിട്ടുകളാകുന്ന, നലം പെയ്=പ്രമോദജനകമായ, പൂണ്=ഭൂഷണങ്ങളണിഞ്ഞ, മുലൈ=മുലകളേയും, നാകു ഇളവഞ്ചി ആം=ഏററവും ഇളംപ്രായത്തിലുള്ള പൂങ്കൊടിയാകുന്ന, മരുങ്കു=അരക്കെട്ടിനേയും, പുലമ്പും=ശബ്ദിക്കുന്ന, മേകലൈ=(അലയാകുന്ന) മേഖലാ ഭൂഷണത്തേയും, പുതുമലർ=പുത്തൻ പൂക്കളാൽ, പുനൈ=അലങ്കരിക്കപ്പെട്ട, അറല്=കരുമണലാകുന്ന, കുന്തല്=കുന്തലിനേയും, ശിലമ്പു ശ്ശൂഴം കാല്=ചിലമ്പു ചൂഴന്നിരിക്കുന്ന കാലോടുംകൂടിയ, ശോണം ആം=ശോണനദിയാകുന്ന, തെരിവൈയൈ=വനിതയെ, ശേർന്താർ=പ്രാപിച്ചു, ചിലമ്പു ശ്ശൂഴങ്കാല്=മലയാൽ ചുററപ്പെട്ട കരയോടുകൂടിയത്.

ഭാ:—പ്രവാഹവേഗത്താൽ ചലിക്കപ്പെടുന്ന രത്നങ്ങളോടും ചന്ദനമുട്ടികളോടും, (രത്നാഭരണങ്ങളണിഞ്ഞു ചന്ദനം പൂശി) പുളിനങ്ങളാകുന്ന സ്തനങ്ങളോടും, ഇളങ്കൊടിയാകുന്ന മദ്ധ്യപ്രദേശത്തോടും, അലകളാകുന്ന അരഞ്ഞാണോടും, പുതുമലർ നിരന്ന കരുമണലാകുന്ന പൂമുടിയോടും, മലയാൽ ചുററപ്പെട്ട തീരദേശത്തോടും (ചിലമ്പണിഞ്ഞ പാദത്തോടും) കൂടിയ "ശോണ"യെന്ന നദിയാകുന്ന കാമിനിയെ രാമലക്ഷ്മണന്മാരാൽ അനുഗതനായ് വിശ്വാമിത്രൻ പ്രാപിച്ചു. ൧

478. നതിക്കു വന്തവ രെയ്ത്തല്യ മരുണന്റണയണ
ക്കതിക്കു മുന്തുറ കലിണമാൻേറരൊടും കതിരോൻ
ഉതിക്കു ങ്കാലൈയിററൺമൈശെയ് വാൻറണതുരുവില്
കൊതിക്കുംവെണ്മൈയെ യാററവാൻപോർകടർകുളിത്താൻ

പ:—അവർ=വിശ്വാമിത്രാദികൾ, വന്തു=വന്നു, നതിക്ക എയ്തലും= നദിക്കരികിലെത്തിയപ്പോഴെക്കും, അരുണൻ തൻ=അരുണൻെറ, നയണ ക്കതിക്കു=ദൃഷ്ടിവേഗത്തിന്നു, മുന്തു ഉറ=മുമ്പിൽ അകപ്പെട്ടിരിക്കുന്ന (ദൃഷ്ടി യെത്താത്ത ദൂരത്തിലെത്തിയ) കലിണം മാ=ഖലീനം (കടിഞ്ഞാൺ) പൂണ്ട കുതിരയെ പൂട്ടിയ, തേരൊട്ടും=രഥത്തോടുംകൂടെ, കതിരോൻ=സൂൎയ്യൻ, ഉതിക്കും കാലൈയില്=താൻ ഉദിക്കുന്നസമയത്ത്, തൺമൈ ശെയ്യാൻ= തണുപ്പുണ്ടാക്കുവാൻ, തന്നു ഉരുവില്=തൻെറ അംഗത്തില്, കൊതിക്കും വെമ്മൈയൈ=ജ്വലിക്കുന്ന ചൂടിനെ, ആററവാൻ പോല്=ശമിപ്പിക്കു വാൻ തുനിയുന്നവനെന്നപോലെ, കടല് കുളിത്താൻ=പശ്ചിമസമുദ്രത്തി ൽ മുഴകി. (സൂൎയ്യൻ അസ്തമിച്ചു.) വ.

479. കറങ്ക്കുതൺപുണർ കടിനെടു ന്താളുടൈ ക്കമല
ത്തറങ്ക്കൊണ്ണാൾ മലർ ക്കോയില്കളിതഴ്ക്കതവടൈപ്പ
പ്പിറങ്ക്കു താമരൈ വണംവിട്ടു പ്പെടൈയൊടു കളിവ
ണ്ടുറങ്ക്കുകിൻറതോർ നറുമലർച്ചോലൈ പുക്കുറൈന്താർ.

പ:—കറങ്ക്കുതൺ പുനല്=തിളങ്ങുന്ന കുളുത്ത ജലാശയങ്ങളില്വ ള്ള, കടി=മണമുള്ള, നെടു താൾ ഉടൈ=നീണ്ട നാളങ്ങളോടുകൂടിയ, കമ ലത്തു=താമരകളുടെ, അറം കൊൾ=(മധുവിനെ ദാനംചെയ്കയെന്നുള്ള) ധൎമ്മം കയ്ക്കൊണ്ട, നാൾ മലർ കോയില്കൾ=പുതുമലർകളാകുന്ന ദേവാ ലയങ്ങൾ, ഇതഴ് കതവു അടൈപ്പ=ദളങ്ങളാകുന്ന കവാടങ്ങളെ അടച്ച തിനാൽ, പിറങ്ക്കു=പ്രകാശിക്കുന്ന, താമരൈ വണം വിട്ടു=കമലവന ത്തെ വിട്ട്, കളിവണ്ടു=കളിയിൽ ആസക്തങ്ങളായ വണ്ടുകൾ, പെടൈ യോടു=പെൺവണ്ടുകളോടുകൂടെ, ഉറങ്ക്കുകിൻറതു=ഉറങ്ങുന്നിടമായ, ഓർ നറുമലർ ശോലൈ=ഒരു നല്ല പൂഞ്ചോലയിൽ, പുക്കു ഉറൈന്താർ=ചെ ന്ന് (അന്നുരാത്രി തങ്ങി) ന.

480. ഇണൈയശോലൈ മററിയാതെണ വിരാകവൻ,വിണവ
വിണൈയെലാമറ നോററവൻ വിളമ്പുവാൻ മേണാൾ
തണൈയരാണവർക്കിരങ്ക്കിയേ കാശിപൻറണതു
മണൈയുളാൾ തവം പുരിന്തണ ളിവണെണ വലിത്താൻ.

പ:—ഇണൈയ ശോലൈ=ഈ ചോല, മററു ഇയാതു എണ=ഏ തൊന്നാണെന്നു, ഇരാകവൻ വിണവ=രാമദേവൻ ചോദിച്ചപ്പോൾ, വി ണൈ എലാം=കൎമ്മങ്ങളെല്ലാം, അറ=അറുംവണ്ണം, നോററവൻ=തപംചെ

സ്ഥിട്ടുള്ള മുനി, വിളമ്പുവാൻ=പറയുന്നു. (എങ്ങിനെയെന്നാൽ) മേല് നാൾ=മുൻകാലത്തിൽ തണെയർ ആണവർക്കു=പുത്രലാഭാത്ഥം, ഇരങ്കി=വ്യസനിച്ചു, കാശിപൻ തണ്ടു മടനൈളെല്ലാം=കാശ്യപ പ്രജാപതിയുടെ പത്നിയായ അദിതി, ഇവൺ=ഇവിടെ, തവം പുരിന്തണൾ=തപസ്സചെയ്തു, എണ വലിത്താൻ=എന്നു ഗൌരവത്തോടെ പറഞ്ഞു. ർ

481. അണ്ടകോളത്തൈക്കപ്പുറത്തെന്നൈയാളുടൈയ
കൊണ്ടനീൾപതത്തെയ്തിയോർ വിഞ്ചൈയർ കോതൈ
പുണ്ടരീകമെൻ പതത്തിയൈ പുകഴ്ന്തനൾപുകഴ
വണ്ടറാമതു മാലൈകൈ കൊടുത്തനൾമകിഴ്ന്തു

പ:—അണ്ടകോളത്തൈക്കു=അണ്ഡഗോളത്തിന്നു, അപ്പുറത്തു=അങ്ങേപ്പുറത്തുള്ള, എന്നൈ ആൾ ഉടൈയ=എന്നെ അടിമയാക്കി കയ്ക്കൊണ്ടിട്ടുള്ള, കൊണ്ടല്=കൊണ്ടല്വർണ്ണൻെറ, നീൾ പതത്തു=ശാശ്വതമായ വൈകുണ്ഠപദത്തിൽ, ഓർവിഞ്ചൈയർ കോതൈ=ഒരു വിദ്യാധരസ്ത്രീ, എയ്തി=പ്രാപിച്ച്, പുണ്ടരീകം=താമരപ്പൂപോലെ, മെല്=മൃദുവായ, പതത്തിയൈ=തിരുവടികളിയലുന്ന മഹാലക്ഷ്മിയെ, പുകഴ്ന്തനൾ=സ്തുതിച്ചു. പുകഴ=അങ്ങിനെ സ്തോത്രം ചെയ്തപ്പോൾ, മകിഴ്ന്തു=ആ ദേവി പ്രസാദിച്ച്, വണ്ടു അറാ=വണ്ടുകൾ വിട്ടൊഴിയാത്തവണ്ണം, മതു=മകരന്ദപൂർണ്ണമായ, മാലൈ=ഒരു പൂമാലയെ, കൈകൊടുത്തനൾ=അവളുടെ കയ്യിൽ കൊടുത്തു. ര.

ബ്രഹ്മലോകത്തിലേക്കു ആ മാലയും കൊണ്ടുവരുന്ന വിദ്യാധരിയെ ദുർവ്വാസസ്സ കാണുന്നത്.

482. അണ്ണമാലൈയൈ യാഴിടൈപ്പിണിത്തയ ലുലകം
കണ്ണിമീടലുങ്കശട്ടുറ മുണിയെതിർ കാണാ
എണ്ണൈയാളുടൈ നായകിക്കിശൈയെടുപ്പവളെ
ന്റണ്ണൽതാളിണൈ വണങ്കിനിൻേറത്തലുമവൈയാൾ.

പ:—അണ്ണമാലൈയൈ=അങ്ങിനെയുള്ള മാലയെ, യാഴ് ഇടൈ പിണിത്തു=തൻെറ വീണയുടെ തലപ്പിൽ കെട്ടി, കണ്ണി=ആ വിദ്യാധരി, അയൻ ഉലകം=ബ്രഹ്മലോകത്തേക്കു, മീടലും=മടങ്ങുമ്പോൾ, കശടു ഉറ=കളങ്കമേറിയ, മുണി=ദുർവ്വാസസ്സ്, എതിർ കാണാ=എതിരിൽ കണ്ട്, (ഇവൾ) എന്നൈ ആൾ ഉടൈ നായകിക്കു=എനിക്കു ശരണമായ രമാദേവിക്കു, ഇശൈ എടുപ്പവൾ എൻറ=ഗീതം പാടുന്നവളാണെന്നറിഞ്ഞ,

അണ്ണറം താറം ഇണൈ=അവളുടെ അടിയിണയെ, വണങ്കി നിൻറ ഏത്തലും=വണങ്ങിനിന്നു സ്തുതിക്കയാൽ, അണൈയാറം=അവറം (ആ വിദ്യാധരി), കോപം പാപങ്ങളിൽ മികച്ചതാകയാൽ കോപശീലനായ ദുർവ്വാസസ്സിനെ "കശട്ടരമുണി" എന്നു പറഞ്ഞു. സ്വ.

483. ഉലകംയാവൈയും പടൈത്തളി ത്തുണ്ടുമിഴൊരുവൻ
ഇലകുമാർപക ത്തിരുന്തുയിർ യാവൈയു മീൻറ
തിലകവാണുതല് ശെണ്ണിയിർ ശൂടിയ തെരിയല്
അലകിൻമാമുണി പെറുകെന വളിത്തനളളിയാല്.

പ:—ഉലകം യാവൈയും=എല്ലാ അണ്ഡങ്ങളേയും, പടൈത്തു=സൃഷ്ടിച്ചു, അളിത്തു=രക്ഷിച്ചു, ഉണ്ടു=വിഴുങ്ങി (സംഹരിച്ച്), ഉമിഴ്=വമിക്കുന്ന (വീണ്ടും സൃഷ്ടിക്കുന്ന), ഒരുവൻ=നിർദ്വന്ദ്വനായ ഈശ്വരന്റെ, ഇലകു=പ്രകാശിക്കുന്ന, മാർപകത്തു=തിരുമാറിടത്തിൽ, ഇരുന്തു=തങ്ങിയിരുന്നു, ഉയിർ യാവൈയും ഈൻറ=സർവ്വ പ്രാണികളേയും പ്രസവിച്ച, തിലകം വാറം നുതല്=തിലകം പൂണ്ടു വിളങ്ങുന്ന നെററിത്തടത്തോടുകൂടിയ മഹാലക്ഷ്മിയുടെ, ശെണ്ണിയില് ശൂടിയ=കുന്തലിലണിഞ്ഞതായ, തെരിയല്=ഈ മാലയെ, അലകു ഇല് മാമുണി=(തപോമഹിമക്കു ഒരു) അളവില്ലാത്ത ഹേ മഹാമുനേ, പെറുക എന=(ഇതിനെ) വാങ്ങികൊറംകെന്നു പറഞ്ഞു, അളിയാല്=കാരുണ്യത്തോടെ, അളിത്തനറം=കൊടുത്തു. ൧.

484. തെയ്വനായകി ശെണ്ണിയിർ ശൂടിയ തെരിയല്
അയ്യയാൻപെറ പ്പുരിന്തതെത്തവമെന വാടി
വെയ്യമാമുണി ശെണ്ണിയിർ ചൂടിയേ വിണൈപോയ്
ഉയ്യുമാറിതെൻറവന്തുവ ന്തുമ്പർ നാടടൈന്താൻ.

പ:—വെയ്യമാമുണി=(അങ്ങിനെ ആ മാല വാങ്ങിയ) കൊടുങ്കോപമിയലുന്ന ദുർവ്വാസാമുനി, തെയ്വനായകി=ദേവാധിനാഥയായ മഹാലക്ഷ്മി, ശെണ്ണിയിർ ചൂടിയ=തന്റെ തിരുമുടിയിൽ ചൂടിയ, തെരിയല്=മാല, അയ്യ=ആശ്ചര്യം, യാൻ പെറ=എനിക്കു ലഭിപ്പാൻ, പുരിന്തതു=ചെയ്തതു, എത്തവം എന ആടി=എന്തൊരു തപസ്സാണെന്നു ചിന്തിച്ചാമോദിച്ചു നൃത്തമാടി, ശെണ്ണിയില് ചൂടി=മൂർദ്ധാവിലണിഞ്ഞ്, വിണൈപോയ് ഉയ്യും ആറു ഇതു എൻറ=കർമ്മങ്ങറം നീങ്ങി ഉജ്ജീവിപ്പാനുള്ള മാർഗ്ഗം ഇതാണെന്നു, ഉവന്തു ഉവന്തു=പലവട്ടം പരിതോഷിച്ചു, ഉമ്പർ നാടു അടൈന്താൻ=സ്വർഗ്ഗലോകം പ്രാപിച്ചു. വൃ.

ഇതുമുതൽ നാലു വിരുത്തങ്ങളാൽ ഇന്ദ്രൻെറ ഘോഷയാത്ര.

485. പെയ്യുമാമുകില് വെള്ളിയം പിറങ്ങ്കൻമീ പ്പിറഴം
ശെയ്യുതാമരൈ യായിര മലർന്തു ശെങ്ങ്കതിരിൻ
മൊയ്യശോതിയൈ മിലൈച്ചിയ മുറൈമൈപോൻെറാളിരും
മെയ്യിനോടയി രാവത·ക്കളിററിൻ മേല് വിളങ്ങ്ക.

പ:—പെയ്യും=വർഷിക്കുന്ന, മാമുകില്=മഹാമേഘം, അം=അഴകിയ ലുന്ന, വെള്ളി പിറങ്ങ്കല് മീ=വെള്ളിമലയിന്മേൽ, പിറഴം=വിലസുന്ന ശെയ്യതാമരൈ ഒരായിരം മലർന്തു=ചെന്താമരപ്പൂക്കൾ ഒരായിരം പൂത്തു (തന്നിൽ വികസിപ്പിച്ചു), ശെങ്ങ്കതിരിൻ=സൂൎയ്യൻെറ, മൊയ്യ ശോതിയൈ=ഇടതിങ്ങിയ കിരണങ്ങളെ, മിലൈച്ചിയ=ധരിച്ച, മുറൈമൈ പോൻറ=നിലപോലെ, ഒളിരും=വിളങ്ങുന്ന മെയ്യിനോടു=ശരീരത്തോടെ, അയിരാവതക്കളിററിൻ മേല് വിളങ്ങ്ക=ഐരാവതമായ വെള്ളാനക്കഴുത്തിൽ പ്രശോഭിക്കയും.

ഭാ:—ഒരു വലിയ മേഘം, വെള്ളിമലയുടെ മൂൎദ്ധാവിൽ തങ്ങിനിന്നു തന്നിൽ ഒരായിരം ചെന്താമരപ്പൂക്കളെ വികസിപ്പിച്ച് ആദിത്യൻെറ നിബിഡിതങ്ങളായ രശ്മികൾ പതിച്ചാലുണ്ടാകാവുന്ന കാന്തിയോടുകൂടെ ദേവേന്ദ്രൻ, തൻെറ വാഹനമായ ഐരാവതത്തെ ആരൂഢനായ് വിളങ്ങി.

വി:—വെള്ളിമല ഐരാവതത്തിന്നും, മേഘം ഇന്ദ്രന്നും, താമരപ്പൂക്കൾ ഇന്ദ്രൻെറ (ആയിരം) നയനങ്ങൾക്കും സൂൎയ്യകിരണങ്ങൾ അവൻെറ ഭൂഷണങ്ങൾക്കും ഉപമാനമായ്നില്ക്കുന്നു. ൻ.

486. അരമ്പൈ മേനകൈ തിലോത്തമൈ യുരുപ്പ
ശിയണങ്ങ്കൻ
ശരമ്പെയ്തൂണിയിററളിരടി നൂപുരന്തഴൈപ്പ
കരുമ്പൈയു ഞ്ചുവൈ കൈപ്പിത്ത കുതലൈയർവിളരി
നിരമ്പപാടലോ ടാടിണർ വീതിക ണെരുങ്ങ്ക.

പ:—അരമ്പൈ മേനകൈ തിലോത്തമൈ ഉരുപ്പശി=രംഭ മേനക തിലോത്തമ ഉൎവ്വശി ഇവർ നാൽവരും, അണങ്ങ്കൻ ശരമ്പെയ് തൂണിയിൽ=മന്മഥൻെറ ശരങ്ങളെഴുന്ന തൂണിക്കു തുല്യമായ മുഴങ്കാലോടുകൂടിയ, തളിർ അടി=തളിർപോലുള്ള പാദങ്ങളിലണിഞ്ഞ, നൂപുരം=കാൽചിലമ്പുകൾ, തഴൈപ്പ=ധ്വനിച്ചുകൊണ്ടും, കരുമ്പൈയും=കരിമ്പിൻ നീ

രിനേയും, ചുവൈ=മാധുൎയ്യത്താൽ, കൈപ്പിത്തെ=വെറപ്പിച്ച (ആസ്വദിക്ക ന്നവൎക്ക വെറക്കത്തക്ക നിലയിലാക്കിയ), കുതലൈയർ=കൊഞ്ചും മൊ ഴികളെ മൊഴിഞ്ഞുകൊണ്ടും, വിളരി നിരമ്പുപാടലോടും=ധൈവതസ്വ രപ്രധാനമായ ഗാനത്തോടും, ആടിനർ=നൃത്തമാടിക്കൊണ്ടു, വീതികൾ നെരുങ്ക=വീഥികളിൽ ജനം നിറഞ്ഞുകൊണ്ടുവരികയും. ൫൦.

487. നീലമാല്വരൈ തവഴ്തരു കതിർനിലാക്കററൈ
പോലവേയിരു പുടൈയിനു ഞ്ചാമരൈ പുരള
കോലമാമതി കുറൈവറ നിറൈന്തൊളിരുലാവ
മേല്നിവർന്തെണ വെള്ളിയ ന്തണിക്കുടൈ വിളങ്ക.

പ:—നീലമാല്വരൈ=വലിയ നീലമലയുടെ, (ഇരുപുറത്തും) തവ ഴ്തരു=വിലസുന്ന, കതിർ=കിരണരൂപമായ, നിലാക്കററൈപോലവെ= ചന്ദ്രികയുടെ കററകൾ പോലെ, ഇരുപുടൈയിണം=ഇരുപുറത്തും, ശാമ രൈ പുരള=ചാമരം വീശിക്കൊണ്ടും, കോലം മാ മതി=അഴകാൎന്ന പൂൎണ്ണ ചന്ദ്രൻ, കുറൈവു അറ നിറൈന്തു=ഊനം കലരാതെ മൂതിൎന്നു, ഒളിർ ഉ ലാവ=കാന്തി കോലും വണ്ണം, മേല് നിവർന്തെണ=മേല്പോട്ടുയൎന്നു നിന്ന തുപോലെ, വെള്ളി അം തണിക്കുടൈ വിളങ്ക=വെളുത്തുമനോഹരമാ യ് സാമ്യമകന്ന കുട വിദ്യോതിക്കയും. ൫൧.

488. തഴങ്കുപേരിയുങ്കുറട്ടൊടു പാണ്ടിലു ഞ്ചങ്കും
വഴങ്കുകമ്പലൈ മങ്കല കീതത്തൈ മറൈപ്പ
മുഴങ്കുനാൻമറൈ മൂരിനീർ മുഴക്കെണ വുലകൈ
വിഴുങ്കുമാവരും വിഴാവണി കണ്ടുളം വിയന്താൻ.

പ:—തഴങ്കു പേരിയും=മുഴങ്ങുന്ന ഭേരിവാദ്യവും, കുറട്ടൊടു=കുറട്ടു എന്ന വാദ്യത്തോടുകൂടെ, പാണ്ടിലും=ജലതാളവും, ശങ്കും=ശംഖവും, വഴങ്കു=നൽകുന്ന, കമ്പലൈ=ധ്വനി, മങ്കലകീതത്തൈ മറൈപ്പ= (വന്ദികൾ പാടുന്ന) മംഗളഗീതങ്ങളെ മറെക്കുകയും, മുഴങ്കും=ഘോഷി ക്കുന്ന, നാല്മറൈ=നാലു വേദങ്ങളുടെ ധ്വനി, മൂരിനീർമുഴക്ക എണ=വാ രിധിവാരിയുടെ മുഴക്കത്തെപ്പോലെ, ഉലകൈ വിഴുങ്കു മാ=ലോകത്തെ വിഴുങ്ങുമാറു മുഴങ്ങുകയും ചെയ്യു, വരും=വരുന്ന, വിഴാ അണി=ഉത്സവ ത്തിൻെറ ആഡംബരത്തെ, കണ്ടു=സന്ദൎശിച്ച് (ദുർവ്വാസാവ്) ഉളം വിയ ന്താൻ=ചിത്താനന്ദം പൂണ്ടു. ൫൨.

489. തണൈയൊവ്വാതവൻ മകിഴ്ച്ചിയാല് വ ശ
വൻറൻകൈ
വണൈയുമാലൈയൈ നീട്ടലു ന്തോട്ടിയാല് വാങ്കി
ത്തുണൈവലത്തയി രാവത ത്തെരുത്തിടൈ ത്തൊട്ടത്താൻ
പണൈശെയ്കൈയിനാർ പറിത്തടി പ്പട്ടത്തത പ്പകട്ടു.

പ:—തണൈ ഒവ്വാതവൻ=തനിക്കെതിരില്ലാത്ത ആ മുനി, മകിഴ്ച്ചിയാല്=സന്തോഷത്താൽ, വണൈയും മാലൈയൈ=താൻ ധരിച്ചിട്ടുള്ള മാലയെ, വാശവൻ കൈ നീട്ടലും=വാസവൻെറ കയ്യിൽ കൊടുത്തപ്പോൾ, (അവൻ അതിനെ) തോട്ടിയാല് വാങ്കി=ആനത്തോട്ടികൊണ്ടു വാങ്ങി, തുണൈ=വേഗതയിൽ പോകുന്ന, വലത്തു=ബലവാനായ, അയിരാവതത്തു=ഐരാവതത്തിൻെറ, എരുത്തിടൈ=കഴുത്തിൽ, തൊട്ടത്താൻ=ഇട്ടു. (ഉടനെ) അ പകട്ടു=ആ ആന, പണൈ ശെയ് കൈയിനാല് പറിത്തു=പനപോലെ നീണ്ടുരുണ്ട തുമ്പിക്കൈകൊണ്ടു വലിച്ചു, അടിപ്പട്ടത്തു=കാലിന്നടിയിലിട്ടു. ൯൩.

490. കണ്ടമാമുനി വിഴിവഴി യൊഴുകുവെങ്കണലാല്
അണ്ടക്കൂടമു ഞ്ചാമ്പരാ യൊഴിയുമെൻറഴിയാ
വിണ്ടുനീങ്കിനർ വിണ്ണവ രിരുശ്ശുടർ മീണ്ട
എണ്ടിശാമുക മിരുണ്ടതു ശ്ശുഴൻറതെവ്വുലകം.

പ:—കണ്ട=അതു കണ്ട, മാമുനി=മുനിവരൻെറ, വിഴിവഴി=കണ്ണിലൂടെ, ഒഴുകു=നിർഗ്ഗമിക്കുന്ന, വെംകണലാല്=ജ്വലിക്കുന്ന തീപ്പൊരികളാൽ, അണ്ടക്കൂടമും=ബ്രഹ്മാണ്ഡോപരിഭാഗംകൂടെ, ശാമ്പരായ് ഒഴിയും എൻറു=ഭസ്മമായ് പോകുമെന്നു കണ്ടു, വിണ്ണവർ=ദേവകൾ, അഴിയാ=മനസ്സിടിഞ്ഞു. വിണ്ടു നീങ്കിനർ=സ്വസ്ഥാനങ്ങളെ വിട്ടുപോയി. ഇരുശ്ശുടർ മീണ്ട=തേജോദയം (ചന്ദ്രസൂൎയ്യന്മാർ ഉദയാസ്തമനം ചെയ്യുന്ന) ദിക്കുകൾ മാറി. എൺ തിശാമുകം ഇരുണ്ടതു=എട്ടു ദിങ്മുഖങ്ങളും ഇരുണ്ടു. എവ്വുലകം ശുഴൻറതു=എല്ലാ ലോകവും ചുററിത്തിരിഞ്ഞു. ൯൪.

491. പുകൈയെഴുന്തണ വുയിർതൊറു മെയില്പൊടിത്തവണി
നകൈയെഴുന്തണ നിവന്തണ പുരുവനണ്ണുതലില് [ല്
ശികൈയെഴുഞ്ചുടർ വിഴിയിണ നശനിയു ന്തികൈപ്പ
മികൈയെഴുന്തിട്ടു ശതമക കേളണ വെകുണ്ടാൻ.

പ:—ഉയിർതോറം=ആ മുനി നിശ്വസിക്കുന്തോറം, പുകൈ എഴ ന്തണ=പുക പുറപ്പെട്ടു, എയില് പൊടിത്തവണില്=മുപ്പുരങ്ങളെ എരി ച്ചവനുണ്ടായതുപോലെ, നകൈ എഴന്തണ=(മുനിക്കു) ചിരി പുറപ്പെട്ടു; നല് നുതലില്=തിരുനെററിയിൽ, പുരുവം നിവന്തണ=പുരികങ്ങാം ക യറി, ശികൈ എഴം=ജ്വാലകാം പൊങ്ങുന്ന, ശുടർ=അഗ്നിപോലെയുള്ള വിഴിയിണൻ=മിഴികളോടുകൂടിയവനായ്, അശണിയും തികൈപ്പ=ഇടി യും നടുങ്ങുമാറച്ചത്തിൽ, മികൈ എഴന്തിടു ശതമക=മികച്ച ആഡംബര ത്തോടെ വരുന്ന ശതമഖ!, കേരം എണ=കേട്ടുകൊാംകെന്നു, വെകുണ്ടാ ൻ=കോപത്തോടെ പറഞ്ഞു. ൧൦.

492. പൂതനായകൻ പുവിമക ണായകൻ പൊരുവില്
വേതനായകൻ മാർപക ത്തിണിതു വീററിരുക്കും
ആതിനായകി വിരുപ്പുറ തെരിയല്കൊണ്ടണൈന്ത
മാതരാൻവയിർ പെററണെൻ മുയൻറമാ തവത്താല്.

പ'—പൂതനായകൻ=(പൃഥിവ്യാദി) പഞ്ചമഹാഭൂതങ്ങാംക്കും നാഥ നും, പുവിമകാംനായകൻ=ഭൂമിദേവിയുടെ വല്ലഭനും, പൊരുവു ഇല്= സാമ്യമില്ലാത്ത, വേതനായകൻ=വേദങ്ങാംക്കാദിയുമായ ശ്രീനാരായണ ൻെറ, മാർപകത്തു=മാറിടത്തിൽ, ഇണിതു വീററിരുക്കും=ആമോദിച്ചുവാ ഴുന്ന, ആതിനായകി=ശ്രീമഹാലക്ഷ്മി, വിരുപ്പു ഉറ=വാഞ്ഛിക്കുന്ന, തെരി യല്കൊണ്ടു അണൈന്ത=പൂമാല കൊണ്ടുവന്ന, മാതരാംവയിൻ=(ഒരു വിദ്യാധര) സ്ത്രീയുടെ വശത്തിൽ നിന്ന്, മുയൻറ മാതവത്താല്=ഞാൻ പണിപ്പെട്ടു ചെയ്ത തപസ്സിൻെറ മഹിമകൊണ്ട്, പെറേറൻ=(ഇതിനെ) ലഭിച്ചു. ൧൩.

493. ഇൻറു നിൻപെരു ശെവ്വിക ണ്ടുവകൈയി ണീന്ത
മൻറലന്തൊടൈ യി കഴ്ന്തണൈ നിണതു മാ നിതിയും
ഒൻറലാത പല്വളങ്കളു മുവരിപ്പു ക്കൊളിപ്പ
ക്കൻറിനീതുയ രുറുകെണ വുരൈത്തണൻ കൊടിയോൻ

പ:—ഇൻറു=ഇപ്പോാം, നിൻ പെരുശെവ്വികണ്ടു=നിൻെറ ഘോഷ യാത്രയുടെ മനോജ്ഞതകണ്ട്, ഉവകൈയിൻ(=ഈ മാല നിണക്കു യോ ഗ്യമാണെന്നു) സന്തുഷ്ടമനസ്സോടെ, ഈന്ത=നൽകപ്പെട്ട, മൻറല് അം തൊടൈ=മണവും അഴകുമുള്ള മാലയെ, ഇകഴ്ന്തണൈ=നി ധിക്കരിച്ചു. (അതിനാൽ) നിണതു=നിൻെറ, മാനിതിയും=മഹിമ കലരുന്ന നിധികളും

(മഹാപത്മം, പത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, വരം ഇങ്ങിനെ നവ്നിധികാം), ഒൻറു അല്ലാത=ഒന്നു മാത്രമല്ലാതെ, പല് വളങ്കളും=പല സമ്പത്തുകളും, ഉവരി=സമുദ്രത്തിൽ, പുക്ക ഒളിപ്പ= ചെന്നു മറയവേ, നീ കുൻറി=നീ മഹിമകുറഞ്ഞു, തുയിർ ഉറക=ദുഃഖിക്ക ക, എണ=എന്നു, കൊടിയോൻ=ഉഗ്രനായ ദുർവ്വാസാമുനി, ഉരൈത്താൻ= പറഞ്ഞു (ശപിച്ചു.) ൯൧

494. അരമടന്തൈയർ കർപക നവനിതി യമിർതം
ശുരപി വാം പരി മതമലൈ മുതലിയ തൊടക്ക
റെറാരു പെരുമ്പൊരു ളിൻറിയേ യുവരിപു ക്കൊളിപ്പ
വെരുവിയോടിണ വെണ്ണെവാഴ് കണ്ണൻമേവാരിൻ

പ:—അരമടന്തൈയർ=അമരസ്ത്രീകാം, കർപകം=കല്പകവൃക്ഷം, നവനിതി=നവനിധികാം, അമിർതം=അമൃത്, ശുരപി=കാമധേനു, വാവും പരി=ഉച്ചൈശ്രവസ്സെന്ന അശ്വം, മതമലൈ=ഐരാവതമെന്ന ഗജം, മുതലിയ=മുതലായ, തൊടക്ക അററ=തൊട്ടുതുടങ്ങുവാനില്ലാതെ, ഒരു പെരു പൊരുാം ഇൻറി=ഒരു വിശിഷ്ടവസ്തുവുമില്ലാതെ, ഉവരി പുക്ക ഒളിപ്പ= കടലിൽചെന്നൊളിപ്പാനായി, വെണ്ണെ=തിരുവെണ്ണ നല്ലൂരിൽ, വാഴ്= വാഴുന്ന, കണ്ണൻ=കണ്ണനെന്ന പ്രഭുവിനെ, മേവാരിൻ=മേവാതവരെ (ആശ്രയിച്ചു ജീവിക്കാത്ത അദ്ദേഹത്തിൻെറ വൈരികളെ) പോലെ, വെരുവി ഓടിണ=ഭയന്നോടിപ്പോയി.

വെണ്ണനല്ലൂർ പ്രഭുക്കാം മൂന്നുപേരാണ്. അവരിൽ ജ്യേഷ്ഠൻ ശടൈയപ്പൻ, അടുത്ത അനുജൻ കണ്ണൻ, രണ്ടാമത്തെ അനുജൻ ശരരാമൻ. ൯൨

495. വെയ്യമാമുണി വെകുളിയാല് വിണ്ണക മുതലാം
വൈയം യാവൈയും വറുമൈനോയ് നലിതര വാനോർ
തൈയല് പാകണു ഞ്ചതുമുക ക്കടവുളുങ്ക്കൂടി
ച്ചെയ്യതാമരൈ ത്തിരുമറു മാർപനൈ ച്ചേർന്താർ

പ:—വെയ്യ=കൊടുമകളിൽ, മാ=കോംവിപ്പെട്ട, മുണി=ദുർവ്വാസമുനിയുടെ, വെകുളിയാല്=ശാപത്താല്, വിണ്ണകം മുതല് ആം=സ്വർഗ്ഗം മുതലായ, വൈയം യാവൈയും=ലോകങ്ങളെല്ലാം, വറുമൈ നോയ് വലിതര=ദാരിദ്ര്യദുഃഖം ബലമായി ബാധിക്കയാൽ, (അതുകണ്ടു) വാനോർ= ദേവകളും, തൈയല് പാകണം=അർദ്ധനാരീശ്വരനും (ശിവനും), ചതുമുകക്കടവുകളും=ചതുർമ്മുഖദേവനും, കൂടി=ചേന്നു, ശെയ്യതാമരൈ=ചെ

ന്താമരപ്പൂവിൽ കുടികൊള്ളുന്ന, തിരു=ശ്രീമഹാലക്ഷ്മിയേയും, മറു=ശ്രീവത്സലാഞ്ഛനത്തേയും പൂണ്ട, മാർപണൈ=തിരുമാറിടത്തോടുകൂടിയ ശ്രീനാരായണനെ, ശേർന്താർ=പ്രാപിച്ചു. ൧൯

496. വെഞ്ചൊൽ മാമുനി വെകുളിയാല് വിളൈന്തമൈ വിള
കഞ്ചനാൺ മലർക്കിഴവണുങ്ക്കടവുളർ പിറരും [മ്പി
തഞ്ചമില്ലൈ നിൻ ശരണമേ ശരണെണ ച്ചലിയാ
തഞ്ചലഞ്ചലെൻറുരൈത്തണ നുലകെലാ മളന്തോൻ.

പ:—(അങ്ങിനെ ചെന്നു) വെം ചൊല്=കഠോരവാക്കായ, മാ=മഹിമയുള്ള, മുനി=മുനിയുടെ, വെകുളിയാല്=കോപത്താൽ, വിളൈന്തവൈ=(ഇങ്ങിനെ) സംഭവിച്ച കാൎയ്യത്തെ, വിളമ്പി=പറഞ്ഞ്, നാറം കഞ്ചമലർ കിഴവണും=പുതിയ താമരമലരിൽ വാസംചെയ്യുന്നതക്ക ബ്രഹ്മദേവനും, കടവുളർ പിറരും=മററ മഹേശ്വരാദി ദേവന്മാരും, തഞ്ചം ഇല്ലൈ=(ഞങ്ങാംക്കു) വേറെ ശരണമില്ല, നിൻ ശരണമേ ശരൺ എണ=ഭവാൻെറ പാദങ്ങാംതന്നെ ഞങ്ങാംക്കു പ്രാപ്യസ്ഥാനം എന്നപേക്ഷിച്ചപ്പോാം, ഉലകു എല്ലാം അളന്തോൻ=എല്ലാ ലോകങ്ങളേയും തിരുവടിയാലളന്ന ശ്രീനാരായണൻ, ശലിയാതു=ചാഞ്ചലം കൂടാതെ, അഞ്ചല് അഞ്ചല് എൻറു ഉരൈത്തണൻ=ഭയപ്പെടേണ്ട ഭയപ്പെടേണ്ട എന്നരുളിച്ചെയ്തു. ൨൦

497. മത്തുമന്തരം വാശുകികടൈ കയിറടൈതുൺ
മെത്തുശന്തിരൻ ശുരാശുരർ വേറു വേറുള്ള
കൊത്തിരണ്ടുപാല് വലിപ്പവ രോടതി കൊട്ടത്തു
കത്തുവാരിതി മറുകുറ വമിഴ്തെഴ ക്കടൈമിൻ.

പ:—(എന്നു പറഞ്ഞു വീണ്ടും) മന്തരം=മന്ദരപൎവ്വതത്തെ, മത്തു=മത്താക്കിയും, വാശുകി=വാസുകിയെ, കടൈ കയിറു=കടയുവാനുള്ള കയറാക്കിയും, മെതുശന്തിരൻ=മൃദുലനായ ചന്ദ്രനെ, അടൈ തുൺ=കടയുവാനുള്ള തൂണാക്കിയും, ശുരാശുരർ=സുരാസുരന്മാരുടെ, വേറ വേറ ഉള്ള കൊത്തു=വെവ്വേറെയുള്ള കൂട്ടങ്ങാം, ഇരണ്ടുപാല്=ഇരുപുറത്തും നിന്നു, വലിപ്പവർ=(കയറു പിടിച്ചു) വലിച്ചു കടയുന്നവരായും, ഓടതി കൊട്ടത്തു=അമൃതവല്ലിയെന്ന ഓഷധിയെ മേലെ പരത്തി, കത്തു=ഇരെക്കുന്ന, വാരിതി=വാരിധി, മറുകു ഉറ=കലക്കം പൂണ്ടു, അമിഴ്തു എഴ=അമൃതുണ്ടാകുംവണ്ണം, കടൈമിൻ=കടയുവിൻ. ൨൧.

498. യാമുമവ്വയിൻ വരുതുനീർ കതുമെണ വെഴന്തു
പോമിണെൻറരുൾ പുരിതലു മിറൈഞ്ചിണർ പുകഴ്ന്താർ
നാമമിൻെറണ ക്കുണിത്തണർ നല്കുര വൊഴിന്ത
താമെണ്ണുമ്പെരുങ്കളിതുളക്കുറതലാ ലമരർ.

പ:—യാമും=നാമും, അവ്വയിൻ=അവിടത്തെക്കു, വരുതും=വരാം. നീർ=നിങ്ങൾ, കതുമെണ=വേഗത്തിൽ, എഴന്തു പോമിൻ എൻറ=പുറപ്പെട്ടു പോകുവിൻ എന്നു, അരുൾ പുരിതലും=അരുൾ ചെയ്കയും, അമരർ=ബ്രഹ്മാദി ദേവകൾ, ഇറൈഞ്ചിണർ പുകഴ്ന്താർ=(നാഥനെ) വണങ്ങി സ്തുതിച്ചു, നാമം ഇൻറ എണ=(ഇനി നമുക്കു) ഭയമില്ലെന്നു കരുതി, നല്കുരവു=(നമ്മുടെ) ദുഗ്ഗതി, ഒഴിന്തതു എണ്ണം=നീങ്ങിയെന്നുള്ള, പെരും കളി=വലിയ സന്തോഷം, തുളക്കു ഉറതലാല്=തിളക്കംകൊണ്ടതിനാൽ, കുണിത്തണർ=കുന്തിക്കളിക്കയും ചെയ്തു. വ-വ.

499. മലൈപിടുങ്കിണർ വാശുകി പിണിത്തണർ മതിയം
നിലൈപെറമ്പടി നട്ടണ രോടതി നിറൈത്താർ
അലൈപെറമ്പടി പയോതതി കടൈന്തണ രവണി
നിലൈതളർന്തിട വണന്തണുങ്കീഴുറ നെളിത്താൻ.

പ:—(പിന്നെ ദേവകൾ ദേവദേവൻെറ അരുളപ്പാടനുസരിച്ച്) മലൈ പിടുങ്കിണർ=മന്ദരപവ്വതത്തെ പുഴക്കി, വാശുകി=പിണിത്തണർ=(അതിനെ) വാസുകിയാൽ ബന്ധിച്ച്, മതിയം നിലൈ പെറമ്പടി നട്ടാർ=ചന്ദ്രനെ (തൂണായി) നിലനില്ക്കത്തക്കവണ്ണം നാട്ടി, ഓടതി നിറൈത്താർ=ഓഷധികളെ പരത്തി, അലൈ പെറമ്പടി=അലകളതിയായിളകുംവണ്ണം, പയോതതി=പയോദധിയെ (പാൽക്കടലിനെ), കടൈന്തണർ=കടഞ്ഞു. (മഥനക്ഷോഭംകൊണ്ട്) അവണി=ഭൂമി, നിലൈ തളർന്തിട=നില തെററുംപ്രകാരം, അണന്തണും=ആദിശേഷനും, കീഴ്=പാതാളത്തിൽ, ഉറ=ഏററവും, നെളിത്താൻ=ഉടൽ ഞെളിച്ചു. വ-ബ.

500. തിറല്കൊളാമൈയായ് മുതുകിണിൻ മന്തര ന്തിരിയ
വിറല്കൊളായിര ന്തടക്കൈകൾ പരപ്പി മീവലിപ്പ
മറനിലാമണി വെകുളിയിൻ മടിന്തണ വരവേ
അറനിലാമണ ത്തടൈയലാ നെടുന്തകൈ യമൈത്താൻ.

പ:—അറൻ ഇലാമണത്തു=ധമ്മബോധമില്ലാത്ത മനസ്സിൽ, അടൈ

യലാ=വാസം ചെയ്യാത്ത, നെടുന്തകൈ=പരമകാരുണികനായ ശ്രീനാരായണമൂർത്തി, തിറല്കൊാം=ശ്രേഷ്ഠാന്തിയോടുകൂടിയ, ആ മൈയായ്=ആമയായവതരിച്ചു, മുതുകിനില്=തന്റെ മുതുകിൽ, മന്തരം തിരിയ=മന്ദരഗിരി തിരിയുംവിധം, വിറല്കൊാം=സമ്പ്രാപ്തവിജയങ്ങളായ, ആയിരം തടം കൈകാം പരപ്പി=തന്റെ ആയിരം പെരുങ്കൈകളെ പരത്തി, മീവലിപ്പ=മേല്പോട്ടുയർത്തി തിരിച്ച്, മറൻ ഇല്ലാ=പാപഹീനനായ, മുനിവെകുളിയിൻ=മുനിയുടെ ശാപത്താൽ, മടിന്തന=മറഞ്ഞുപോയ സമ്പത്തുക്കാം, വര=വീണ്ടും ഉണ്ടായി വരുംവണ്ണം, അമൈത്താൻ=നടത്തിവെച്ചു.

ഭാ:—മുൻപ്, "കൊടിയമുണി" "വെയ്യമാമുണി" ഇത്യാദി പ്രയോഗങ്ങാം ചെയ്തിരിക്കെ ഇവിടെ "മറനിലാമുണി" എന്ന പ്രയോഗം തപസികാംക്കരുതാത്തതായ കോപമെന്ന ഒരു ദോഷം ബാധിച്ചിട്ടുണ്ടെന്നല്ലാതെ മററു ദുഗ്ഗുണങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചിട്ടില്ലെന്നു കാണിപ്പാൻ വേണ്ടിയാകുന്നു. ദേവാസുരഗണം ചേൎന്നു വലിച്ചിട്ടും ഭ്രമണശക്തി പോരാഞ്ഞതിനാൽ കൂർമ്മരൂപിയായ ഭഗവാൻ തന്റെ സഹസ്രം ഭുജങ്ങളാൽ മന്ദരത്തെ പിടിച്ചു തിരിച്ചു. വ.ർ.

501. ഇറന്തു നീങ്കിന യാവൈയു മെമ്പിരാ നരുളാല്
പിറന്ത വവ്വയിർ ശൂരാശൂരർ തങ്കളിർ പിണങ്ക
ശിറന്തമോകിനി മടന്തൈയാ ലവുണർ തഞ്ചെയ്കൈ
തുറന്തു മാണ്ടന രാരമിർതമരർകാം തുയ്ത്താർ.

പ:—ഇറന്തു നീങ്കിന യാവൈയും=മുമ്പു പയോനിധിയിൽ മറഞ്ഞുപോയ വസ്തുക്കളെല്ലാം, എമ്പിരാൻ അരുളാല്പിറന്ത=നമ്മുടെ നാഥന്റെ അനുഗ്രഹത്താൽ ഉണ്ടായ്വന്നു. അവ്വയിൻ=അപ്പോാം, ശൂരാശൂരർ തങ്കളില്പിണങ്ക=ദേവാസുരർ തമ്മിൽ പിണങ്ങുകയും, (അതു കണ്ടു നാഥൻ കയ്ക്കൊണ്ട) ശിറന്ത=മേന്മകലൻ്ന, മോകിനി മടന്തൈയാല്=മോഹിനിയെന്ന സ്ത്രീരൂപത്താൽ, അവുണർ=അസുരന്മാർ, തം ശെയ്കൈ തുറന്തു=(അമൃതിന്നുവേണ്ടി പിണങ്ങിയ) തങ്ങടെ കൃത്യത്തിൽ നിന്നൊഴിഞ്ഞ്, മാണ്ടനർ=മൃതരാകയും ചെയ്തു. ആർ അമിർതു=ശ്രേഷ്ഠമായ. അമൃതിനെ, അമരർകാം തുയ്ത്താർ=ദേവകാം ഭുജിച്ചു. വ.൫

502. വെരുവുമാലമും പിറൈയും വെവ്വിടൈയവർ കീന്തു
തരുവും വേറള തകൈമൈയു ഞ്ചതമകർ കരുളി

മരുവുതൊല് പെരുവളങ്കളും വേറ വഴങ്കി
ത്തിരുവുമാരമു മണിന്തണൻ ശീതരമൂർത്തി.

പ:—വെരുവും ആലമും=ഭയം ജനിപ്പിക്കുന്ന വിഷത്തെയും, പിറൈയും=ബാലചന്ദ്രനെയും, വെവ്വിടൈയവർക്കു ഈന്തു=നിഗളിച്ച വൃഷഭംവാഹനമായ പരമേശ്വരന്നു നൽകി, തരുവും=കല്പകവൃക്ഷവും, വേറ ഉള്ളതകൈമെയും=മററുള്ള മഹിമ കലന്ന വസ്തുക്കളും, ശതമകർകു അരുളി=ശതമഖന്നു (ഇന്ദ്രന്നു) നൽകി, മരുവു=മൊത്തമായുള്ള, തൊല്=പുരാതനങ്ങളായ, പെരുവളങ്കളും=അമൂല്യങ്ങളായ സമ്പത്തുക്കളേയും, വേറ ഉറ വഴങ്കി=(കുബേരാദികളായ) മററുള്ള ദേവന്മാക്കും നൽകി, ശീതരമൂർത്തി=ശ്രീധരമൂത്തി, തിരുവും=ശ്രീദേവിയേയും, ആരമും=ഹാരത്തേയും (കൌസ്തുഭരത്നമാലയേയും) അണിന്തണൻ=അണിഞ്ഞു. വ-൩

503. അന്തവേലൈയിററിതി പെരുന്തുയരുഴ ന്തഴിവാൾ
വന്തു കാശിപൻ മലരടി വണങ്കിയെൻ മൈന്തർ
ഇന്തിരാതിയർ പുണർപ്പിണാ ലിറന്തന രെണക്കോർ
മൈന്ത നീയരുളവർ തമൈ മടിത്തല്യ ക്കെൻറാൾ.

പ:—അന്ത വേലൈയില്=ആ സമയത്തിൽ, തിതി=(അസുരമാതാവായ) ദിതി, തുയർ ഉഴന്തു അഴിവാൾ=ദുഃഖംകൊണ്ടുഴന്നു ശിഥിലമനസ്സായി, വന്തു=വന്നു, കാശിപൻ മലർ അടി വണങ്കി=കാശ്യപൻെറ പാദപത്മങ്ങൾ വണങ്ങി, എൻ മൈന്തർ=എൻെറ മക്കൾ, ഇന്തിരാതിയർ പുണർപ്പിനാല്=ഇന്ദ്രാദി ദേവന്മാരുടെ കാപട്യത്താൽ, ഇറന്തനർ=മരണം പ്രാപിച്ചു, (ആയതിനാൽ) അവരൈ മടിത്തലുക്കു=അവരെ വധിപ്പാനായി, എനക്കു ഓർ മൈന്തൻ=എനിക്കു ഒരു പുത്രനെ, നീ അരുൾ എൻറാൾ=നീ കൃപചെയ്തു തരേണമെന്നു പറഞ്ഞു. വ-൭

504. എൻറ കൂറല്യ മകവുണ ക്കളിത്തന മിനി നീ
ശെൻറ പാരിടൈ പ്പരുവമോരായിരന്തീര
നിൻറ മാതവം പുരിതിയേ നിണൈവു മുററതിയെ
ൻറൻറ കൂറിട പ്പരിന്തണളന്തരുവ മണൈയാൾ.

പ:—എൻറ കൂറലും=എന്നു (ദിതി) പറഞ്ഞപ്പോൾ, (കാശ്യപൻ) ഉനക്കു മകവു അളിത്തനം=നിനക്കു നാം പുത്രനെ നൽകിയിരിക്കുന്നു. ഇനി=ഇനിമേൽ, നീ പാർഇടൈ ശെൻറ=നീ ഭൂലോകത്തിൽപോയ്, പരുവം ഒരായിരം തീര നിൻറ=ആയിരം സംവത്സരം കഴിയുംവരെ ഇരു

ന്ന്, മാതവം പുരിതി എല്=ഘോരമായ തപസ്സചെയ്യുന്നതായാൽ, നി ണൈവു മുററതി എൻറ=നിൻെറ കാമിതം നിറവേറമെന്നു, അൻറ കൂറി ട=അപ്പോഠം പറഞ്ഞതിനാൽ, അണൈയാഠം=അവഠം, അരുതവം പുരി ന്തനഠം=ഘോരമായ തപം ചെയ്തു. വ.വ്യ

505. കേട്ടവാശവ നണ്ണവഠം കടിമൈയിർ കിടൈത്തു
വാട്ടമാതവ ത്തുണർന്തവഠം വയിററമ മകവൈ
വീട്ടിയേ യെഴക്കുറ ശെയ്തിട്ടതലും വിമ്മി
നാട്ടനീർതര മരുത്തെണു നാമമു നവിൻറാൻ.

പ:—കേട്ട=അതുകേട്ട, വാശവൻ=ഇന്ദ്രൻ, (വേഷചരന്നനായി) അ ണ്ണവഠംകഃ=ആ ദിതിക്ക, അടിമൈയിൻ കിടൈത്തു=ഒരു അടിമയെപ്പോ ലെ ചെന്നുചേൎന്ന്, മാ തവത്തു=(അവഠം ചെയ്യുന്ന) ഉഗ്രതപസ്സിൽ, വാട്ടം ഉണർന്തു=ധൎമ്മവൈകല്യം കണ്ട്, അവഠം വയിററ=അവളുടെ വ യററിൽ, ഉറം മകവൈ=ഉള്ളശിശുവിനെ, വീട്ടി=ഹനിച്ച്, ഏഴക്കുറ ശെ യ്തിട്ടതലും=ഏഴ ഖണ്ഡങ്ങളാക്കുകയും, (അതിനാൽ) വിമ്മി=(അവഠം) കരഞ്ഞ്, നാട്ടം നീർ തര=കണ്ണുനീർ പൊഴിക്കയും ചെയ്തതിനാൽ, (ആ ഖണ്ഡങ്ങഠംക്ക) മരുത്തു എണ്ണം നാമമും=മരുത്തുക്കഠം (സപ്തമരുത്തുക്കഠം) എന്ന പേരും, നവിൻറാൻ=കല്പിച്ചു.

വി:— "ഗഗനഃ, സ്പൎശനോ, വായു, രനിലശ്ച (തഥാപരഃ)
പ്രാണഃ, പ്രാണേശ്വരോ, ജീവ ഇത്യേതേ സപ്തമാരുതാഃ"
എന്നു വിഷ്ണുപുരാണം.

"ആവഹഃ, പ്രവഹഃ, സംവഹഃ, ഉദ്വഹഃ, വിവഹഃ, പരിവഹഃ, പരാവഹഃ എന്നും പേരുകഠം കാണുന്നുണ്ട്. ദിതി തലവെക്കേണ്ടുന്ന സ്ഥാ നത്തു കാലും കാൽവെക്കേണ്ടുന്ന സ്ഥാനത്തു തലയും വെച്ചു മദ്ധ്യാഹ്ന ത്തിൽ നിദ്രചെയ്തിരുന്നു. സ്ഥാനംമാററി തലവെച്ചതും മദ്ധ്യാഹ്നത്തിൽ നിദ്രചെയ്തതും ധൎമ്മവൈകല്യമാകയാൽ അവഠം നീചയാണെന്നു കണ്ട് ഇന്ദ്രൻ അവളുടെ ഗൎഭത്തെ ഖണ്ഡിച്ചു. വ.ൻ

506. ആയതിവ്വിട മവ്വിട മവിർ മതി യണിന്ത
തൂയവൻറണ ക്കരിവൈയിറേറാൻറിയ തൊല്ലെ
വായുവുമ്പുണർ കണ്ട്കൈയും പൊറുക്കലാ വലത്ത
ശേയ്‌വളർന്തരുഠം ശരവണമെൻപതു ന്തെരിത്താൻ.

പ:—ആയതു ഇവ്വിടം=അങ്ങിനെയുള്ളതാണ് ഇവിടം; അ ഇടം=

അവിടം (ആ കാണുന്ന പ്രദേശമാകട്ടെ) അവിർ=വിളങ്ങുന്ന, മതി അണി ന്ത=ചന്ദ്രക്കലാധരനായ, തൂയവൻ തണക്ക=പരിശുദ്ധനായ പരമശിവ നും, അരിവൈയില് തോൻറിയ=ഉമാദേവിയിലുണ്ടായ, തൊല്ലൈ വാ യുവും=പുരാണവായുവിനാലും, പുണല് കങ്ക്കൈയും=ജലമിയലുന്ന ഗം ഗയാലും, പൊറക്കലാ=സഹിക്കവാനരുതാത്ത, വലത്ത=വീഴ്ച്ചത്തോടുകൂ ടിയ, ശേയ്=പുത്രൻ (സുബ്രഹ്മണ്യൻ), വളർന്തരുൾ=വളൎന്നരുളിയ, ശര വണം=ശരവണപ്പൊയ്കയാണ്, എൻപതും=എന്നുള്ളതും, തെരിത്താർ= പറഞ്ഞറിവിച്ചു. ൫൦

507. കാലൻമേണിയിൻ കരുകിരുൾ കടിന്തുല കളിപ്പാൻ
നീലവാർ കലി ത്തേരൊടു നിറൈ കതിർ ക്കടവുൾ
മാലിൻ മാമണി യുന്തിയി ണയണൊടു വന്ത
മൂലതാമരൈ മുഴമലർ മുളൈത്തെണ മുളൈത്താൻ.

പ:—കാലൻ മേണിയിൻ=കാലന്റെ മേനിപോലെ, കരുകു ഇരു ൾ=കറുത്ത ഇരുളിനെ, കടിന്തു=അകററി, ഉലകു അളിപ്പാൻ=ലോകത്തെ രക്ഷിപ്പാൻവേണ്ടി, നീല ആർകലി=നീലക്കടലിൽ, തേരോടു=തേരോടു കൂടി, നിറൈ കതിർക്കടവുൾ=നിബിഡിതങ്ങളായ കിരണങ്ങളോടുകൂടി യ (സൂൎയ്യ) ദേവൻ, മാലിൻ=വിഷ്ണുവിന്റെ, മാമണി ഉന്തിയിൻ=കൌസ്തുഭ മണിമാലയിണങ്ങിയ തിരുനാഭിയിൽ, അയണോടു=അജനോടു (ബ്രഹ്മദേ വനോടുകൂടെ), വന്ത മൂലതാമരൈ മുഴമലർ മുളൈത്തെണ=ഉണ്ടായ്വന്ന മൂലത്താമരപ്പൂ വികസിതമായി ഉൽഗമിച്ചതുപോലെ, മുളൈത്താൻ=ഉദി ച്ചുയൎന്നു.

ഭാ:—സഹസ്രകിരണനായ സൂൎയ്യൻ സഹസ്രപത്രമായ നാഭീകമലം പോലെ ആവിൎഭവിച്ചു. ൫൧

508. അങ്കു നിൻറെഴുന്തയൻ മുതൻ മൂവരു മനൈയാർ
ശെങ്കണേററവൻ ശെറിശടൈ പ്പുഴവത്തി ണിറൈതേൻ
പൊങ്കുകൊൻറൈയിൻ ത്തൊഴകലാർ പൊണ്ണിയൈ
പ്പൊരുവും
കങ്കൈയെണ്ണുമ ക്കറൈ പൊരു തിരുനതി കണ്ടാർ

പ:—അങ്കു നിൻറ=അവിടേനിന്നു, എഴുന്തു=പുറപ്പെട്ടു, അയൻ മുതല് മൂവരും അനൈയാർ=ബ്രഹ്മാദികളായ ത്രിമൂൎത്തികൾക്കു തുല്യന്മാ രായ ഈ മൂന്നുപേരും, ശെങ്കൺ എററവൻ=ചുവന്ന കണ്ണോടുകൂടിയ

വൃഷഭാരൂഢനായ പരമേശ്വരന്റെ, ശെറി=ഇടതിങ്ങിയ, ശടൈപ്പഴവത്തിൻ=ജടാടവിയിലുള്ള, നിറൈ തേൻപൊങ്കു=നിറഞ്ഞ മകരന്ദത്താൽ തിളങ്ങുന്ന, കൊന്റൈ=കൊന്നമാലയെ, ഈർത്തു=ആകർഷിച്ചുകൊണ്ടു, ഒഴകലാല്=പ്രവഹിക്കുന്നതിനാൽ, പൊണ്ണിയൈ പൊരുവും=കാവേരിയോടൊക്കുന്ന, കങ്കൈ എന്നും=ഗംഗയെന്ന, അ=ആ, കരൈ പൊരു=കരയിൽ വന്നു അലെക്കുന്ന, തിരുനതി=അഴകാന്ന നദിയെ, കണ്ടാർ=അവർ കണ്ടു.

ഭാ:—പുതുവെള്ളം വരുമ്പോൾ മനയോല മുതലായ ധാതുദ്രവ്യങ്ങൾ കലങ്ങി പൊൻനിറം കലന്നൊഴുകുമാറുള്ളതിനാൽ കാവേരിക്കു 'പൊന്നി' യെന്നുള്ള പുരാതനപ്പേർ സിദ്ധിച്ചു. ൩൮

509. ഇന്തമാണതി ക്കുറവുള തകൈമൈയ യാവും
എന്തൈ കൂറുകെൻറിരാകവൻ വിണവുറ വെന്നൈയാൾ
മൈന്തനിൻറിരുമരപുളാ ണയോത്തിമാ ണകർവാഴ്
വിന്തൈ ശേർപുയൻ ശകരണിമ്മേതിണി പുരന്തോൻ.

പ:—ഇന്ത മാനതിക്കു=ഈ മഹാനദിക്കു്, ഉറവുള തകൈമൈയ യാവും=ലഭിച്ചിട്ടുള്ള മഹിമകളെല്ലാം, എന്തൈ=എന്റെ പിതാവേ (ഗുരോ) കൂറുക എൻറ=പറഞ്ഞരുളേണമെന്നു, ഇരാകവൻ വിണവുറ=ശ്രീരാമദേവൻ അറിവിച്ചപ്പോൾ, (മുനി) എന്നൈ ആൾ മൈന്ത=എനിക്കു ശരണമായ മകനേ, നിൻ തിരുമരപു ഉളാൻ=നിന്റെ കുലത്തിലുണ്ടായവനും, അയോത്തി മാ ണകർ വാഴ്=അയോദ്ധ്യാനഗരത്തിൽ വാണിരുന്നവനും, വിന്തൈ ശേർപുയൻ=വിജയശ്രീയാന്ന ഭുജങ്ങളോടുകൂടിയവനുമായ, ശകരൻ=സഗരനെന്ന രാജാവു്, ഇമ്മേതിണി പുരന്തോൻ=ഈ ഭൂമണ്ഡലം പരിപാലിച്ചു. ൩൯

510. വിറല്കൊൾവേന്തനു ക്കുരിയവ രിരുവരില്വിതർപ്പൈ
പൊറൈയിനല്കിയ പോശണ ണെൻറാരുപുതല്വൻ
പറവൈ വേന്തനു ക്കിളൈയമെൻ സുമതിമുർപയന്ത
അറണിൻ മൈന്തരാറയുതർ മററഞ്ചുമാണവൻ ശേയ്.

പ:—വിറല്കൊൾ=വിജയം പൂണ്ട, വേന്തനുക്കു=ആ രാജാവിന്നു്, ഉരിയവർ ഇരുവരില്=അനുരൂപിണികളായ (ഭാര്യമാർ) ഇരുവരിൽ, വിതർപ്പൈ=വിദർഭരാജപുത്രിയായ "കേശിനി"യെന്നവൾ, പൊറൈയിൻ നല്കിയ=ഗർഭമാന്നു പ്രസവിച്ച, പോശണൻ എൻറ പുതല്വൻ=ദ്ര്വോ

ഷണൻ (അസമഞ്ജൻ) എന്ന ഒരു പുത്രനുണ്ടായിരുന്നു. പറവൈ വേന്തി ന്റെ ഇളൈയ=പക്ഷിരാജന്നു (ഗരുഡന്നു) ഇളയ സഹോദരിയായ, മെല് ശുമതി=കൃശാംഗിയായ സുമതി, മുൻ പയന്ത=മുമ്പേതന്നെ പ്രസവിച്ച, അറനിൻ മൈന്തർ=ധൎമ്മത്തിൽ നിഷ്ഠയുള്ള പുത്രന്മാർ, ആറ അയുതർ=അ റുപതിനായിരം പേരുണ്ട്. അവൻ ശേയ്=ആ പോഷണന്റെ പുത്രൻ, അഞ്ചുമാൻ=അംശുമാൻ ൫൧൦

511. തിണ്ടിറർ പുണൈ ശകരനു ന്തണൈയർ ശേവകന്താൻ
കണ്ടു മുററിയവയമകം പുരിതലുങ്കണൻറ,
വണ്ടു തുററതാർ വാശവർ കുണർത്തിനർ വാണോർ
ഒൺടിറർ പരി കപിലണതിടൈയിനിലൊളിത്താൻ

പ:—തിൺ തിറല് പുണൈ=ഏററവും ജയശാലിയായ, ശകരനും= സഗരമഹാരാജാവും, തണയർ ശേവകം കണ്ടു=തന്റെ തനയന്മാരുടെ പരാക്രമം കണ്ട്, മുററിയ=പൂർണ്ണമായ, അയമകം പുരിതലും=ഹയമഖം (അശ്വമേധം) ചെയ്തപ്പോൾ, വാണോർ കണൻറ=ദേവന്മാർ കോപിച്ച്, വണ്ടു തുററ—വണ്ടുകൾ നിറഞ്ഞ, താർ=മാല (അണിഞ്ഞ), വാശവൻകു= ദേവേന്ദ്രനോട്, ഉണർത്തിനർ=ഉണൎത്തിച്ചു. (ഇന്ദ്രനാകട്ടെ) ഒൾ തിറല് പരി=ബലശാലിയായ ആ യജ്ഞാശ്വത്തെ, കപിലണതു ഇടൈയിനി ല്=(പാതാളത്തിലുള്ള) കപിലമുനിയുടെ ആശ്രമത്തിൽ, ഒളിത്താൻ=(കൊ ണ്ടുചെന്ന്) ഒളിച്ചുനിറുത്തി. ൫൧൧

512. വാവുവാശിപിൻ ശെൻറണ ഞ്ചുമാൻ മറുകി
പ്പൂവിണോരിട മൻറിയേ നാടിനൻ പുകുന്തു
തേവർകോമകൻ കരന്തമൈ യറിന്തിലൻ തികൈത്തു
മേവുതാതൈ തൻറാതൈപാലുരൈത്തണൻ മീണ്ടു.

പ:—വാവു=ധാവനം ചെയ്യുന്ന, വാശിപിൻ=വാജിയുടെ പിമ്പേ, ശെൻറണൻ അഞ്ചുമാൻ=ചെന്നിരുന്ന അംശുമാൻ, മറുകി=ക്ലേശിച്ച്, പൂ വിൻ=ഭൂമിയിൽ, ഓർ ഇടം ഇൻറി നാടിനൻ(=കുതിരയെ കണ്ടുകിട്ടാതെ) ഒരിടവും വിടാതെ തിരഞ്ഞു, പുകുന്തു=ചെന്ന്, തേവർ കോമകൻ=ദേവ രാജൻ, കരന്തമൈ=ഒളിച്ചുവെച്ചതിനെ, അറിന്തിലൻ=അറിയാതെ, തി കൈത്തു=മനസ്സുചലിച്ച്, മീണ്ടു=മടങ്ങിവന്ന്, മേവു=(തന്നെ പ്രതീക്ഷി ച്ചു) മേവുന്ന, താതൈ തൻ താതൈ പാല്=താതന്റെ താതനായ സഗര ന്റെ സന്നിധിയിൽചെന്ന്, ഉരൈത്തണൻ=ഈ വൃത്താന്തം അ റിവിച്ചു. ൫൧൨

513. കേട്ടവേന്തരു മതലൈയർ ക്കമ്മൊഴി കിളത്ത
വാട്ടമീക്കൊള ച്ചകരർകൾ വടവൈയിൻ മറുകി
നാട്ടംവെങ്കനല് പൊഴിതര നാണിലന്തടവി
ത്തോട്ടനങ്കിണർ പുവിയിണൈ പാതലന്തോൻറ

പ:—(അംശുമാൻെറ വാക്യം) കേട്ട വേന്തരും=കേട്ട സഗരമഹാരാജാവും, മതലൈയർക്ക=തൻെറ പുത്രന്മാരോടു, അമ്മൊഴി കിളത്ത=ആ വൃത്താന്തം പറഞ്ഞപ്പോൾ, വാട്ടം മീകൊള=അഴല് വർദ്ധിച്ച്, ശകരർകൾ=സഗരപുത്രന്മാർ (അറുപതിനായിരം പേർ), വടവൈയിൻ മറുകി=ബഡബാഗ്നിപോലെ ക്ഷോഭിച്ച്, നാട്ടം=നേത്രങ്ങൾ, വെങ്കനല് പൊഴിതര=എരികനൽ ചൊരിയെ, നാണിലം തടവി=ഭൂമിയിലാരാഞ്ഞുനോക്കി, (കാണാതേ) പാതലം തോൻറ=പാതാളലോകം കാണത്തക്കവണ്ണം, പുവിയിണൈ=ഭൂമിയെ, തോട്ടനങ്കിണർ=തോണ്ടിയിട്ടു (കുളിച്ചെട്ടത്തു.) ൩൭

514. നൂറുയോശനൈ യകലമു മാഴമു നടങ്ക
ക്കൂറശെയ്തന രെൻപരാല് വടകുണത്തിശൈയിൻ
ഏറമാതവക്കപിലനിലിവുളി കണ്ടെരിയില്
ശീറിവൈതനർ ശെരുക്കിനർ നെരുക്കിനർശെറുത്താർ.

പ:—നൂറുയോശനൈ അകലമും ആഴമും=നൂറുയോജന വിസ്താരവും ആഴവുമായി, നടങ്ക=(ഭൂമിദേവിയും) കുഴങ്ങുംവിധം, കൂറശെയ്തനർ എൻപർ=കുഴിച്ചുവെന്നു അറിവുള്ളോർ പറയുന്നു. (അങ്ങിനെ കുഴിച്ചുനോക്കിയപ്പോൾ) വടകുണത്തിശൈയിൻ=വടക്കുകിഴക്കേ ദിക്കിൽ, ഏറം മാതവം=മികച്ച തപസ്സോടുകൂടിയ, കപിലൻ ഇല്=കപിലമഹർഷിയുടെ ആശ്രമത്തിൽ, ഇവുളി കണ്ടു=കുതിരയെ കണ്ട്, എരിയിൻ=അഗ്നിയെപ്പോലെ, ശീറിവൈതനർ=ക്രുദ്ധിച്ചുകൊണ്ടധിക്ഷേപവാക്കുകൾ പറഞ്ഞു. ശെരുക്കിനർ=അഹങ്കരിച്ച്, നെരുക്കിനർ=അടുത്തുചേന്നു, ശെറുത്താർ=കോപിച്ചു. ൩൮

515. മൂളും വെഞ്ചിന ത്തരുന്തവൻ മുനിന്തെരി വിഴിപ്പ
പ്പൂളൈത്തുടിത ണ്ണകൈയിണി ലെയില്പൊടിത്തനപോ [ല്
ആളുമൈന്തരാറ യുതരുഞ്ചാമ്പരാ യവിന്താർ
വേൾവികണ്ട നല്വേന്തരുക്കുരൈത്തനർ വേകർ.

പ:—മൂളും വെഞ്ചിനത്തു=ഉഗ്രകോപനായ, അരുന്തവൻ=മഹാത

പസ്സായ കപിലമുനി, മുനിന്തു=കോപിച്ച്, എരി വിഴിപ്പ=അഗ്നിയെന്ന പോലെ നോക്കിയപ്പോൾ, പൂളൈ ശ്രുടിതൻ നകൈയിനില്=പൂളമലർമാലയണിഞ്ഞ പരമശിവൻ ചിരിച്ചപ്പോൾ, എയില് പൊടിത്തണ പോല്=മതിലുകൾ (ത്രിപുരന്മാരുടെ മൂന്നു കോട്ടകൾ) ദഹിച്ചതുപോലെ, ആളും മൈന്തർ ആറ അയുതം=ഭൂഭാരത്തിന്നു യോഗ്യന്മാരായ കുമാരന്മാർ അറുപതിനായിരം പേരും, ശാമ്പർ ആയ് അവിന്താർ=ഭസ്മമാമ്മാറ ദഹിച്ചുപോയി. വേകർ=(ഈ വൃത്താന്തമറിയിപ്പാനായി) വേഗത്തിലോട്ടന്ന ദൂതന്മാർ, വേൾവി കണ്ട=യാഗം ദീക്ഷിച്ച, നല്=നന്മയുള്ള, വേന്തനുക്കു=സഗരമഹാരാജാവിനോടു, ഉരൈത്തണർ=ഉണർത്തിച്ചു. ന.ൻ

516. ഉഴൈത്തു വെന്തുയർക്കളറ കാൺകിലണുണർവൊഴിയാ
തഴൈത്തുമൈന്തണൻ മൈന്തണൈയവർ കഴിന്തണരേല്
ഇഴൈത്ത വേൾവിയിൻറിഴപ്പതോവെണ വവണെഴന്തു
തഴൈത്ത മാതവ കപിലൻ വാഴ് പാതലഞ്ചാർന്താൻ.

പ:—(ഇതു കേട്ട സഗരൻ) ഉഴൈത്തു=ഉഴന്ന്, വെന്തുയക്ക=ഭീമമായ ദുഃഖത്തിന്നു, ഉളറ കാൺകിലൻ=നിവൃത്തി കാണാതിരുന്നാലും, ഉണർവു ഒഴിയാതു=(യജ്ഞത്തെസ്സംബന്ധിച്ച) ധാരണ വിടാതെ, മൈന്തൻ നൻ മൈന്തനൈ അഴൈത്തു=(പുത്രനായ അസമഞ്ജൻ അയോഗ്യനാകയാൽ) പൌത്രനായ അംശുമാനെ വരുത്തി, അവർ കഴിന്തനരേല്=അവർ നിധനം പ്രാപിച്ചുവെന്നിരിക്കിൽ, ഇഴൈത്ത വേൾവി=ദീക്ഷിച്ച യാഗം, ഇൻറ ഇഴപ്പതോ=ഇപ്പോൾ നിറവേററാതിരിക്കത്തക്കതാണോ? എണ=എന്നു ചോദിച്ചപ്പോൾ, അവൻ എഴന്തു=അവൻ അതിന്നു മുതിന്ന്, തഴൈത്ത മാതവം=മികച്ച തപോബലമുള്ള, കപിലൻ വാഴ്=കപിലമുനി വാഴുന്ന, പാതലം=പാതാളലോകത്തെ, ശാർന്താൻ=പ്രാപിച്ചു. ർം.

517. വിണ്ടുനീങ്കിണ രുടലുക പിറങ്കല്വെണ്ണീറ
കണ്ടുതുണ്ണെണു മണത്തിണൻ കപിലമാമുണി തൻ
പുണ്ടരീകമെൻറാടൊഴ തെഴന്തണൻ പുകല
ക്കൊണ്ടുപോകനിണ്ണിവുളിയെൻററെതുങ്കുറിത്താൻ

പ:—വിണ്ടു നീങ്കിണർ=ദേഹത്തെ വിട്ടുനീങ്ങിയവരുടെ, ഉടല് ഉക=ശരീരങ്ങൾ ഉതിർത്ത, പിറങ്കല് വെണ്ണീറകണ്ടു=മലപോലെ കൂടിക്കിടക്കുന്ന വെണ്ണീറകണ്ട്, തുണ്ണെണും മണത്തിണൻ=ലജ്ജിച്ച മനസ്സോടു കൂടിയുവനായി, കപിലമാമുനിവൻ=കപിലമഹർഷിയുടെ, പുണ്ടരീകം മെല്

താറം=പുണ്ഡരീകംപോലെ മൃദുലങ്ങളായ പാദങ്ങളെ, തൊഴതു=വണങ്ങി, എഴന്തണൻ=എഴന്നേററ, പുകല=(താൻ വന്ന സംഭവത്തെ) പറഞ്ഞപ്പോറം, (മുനി) നിൻ ഇവുളി=നിൻെറ കുതിരയെ, കൊണ്ടുപോക=കൊണ്ടുപൊയ്ക്കൊറംക, എൻറ=എന്നാജ്ഞചെയ്തു, ഉററതും കുറിത്താൻ=നടന്ന സംഭവങ്ങളേയും പറഞ്ഞു. ൪൱.

518. പഴുതിലാതവ നുരൈത്ത ശൊർ കേട്ടലും പരിവാല്
തൊഴുതുവാം പരി കൊണർന്തവി ശ്ശുരർകളുക്കീയാ
മുഴുതും വേറംവിയൈ മുററുവിത്തരശു മുടിന്താൻ
എഴുതു കീത്തിയായ് മൈന്തനുക്കരശിയലീയ്ന്തു.

പ:—പഴതു ഇലാതവൻ=നിഷ്ക്കളങ്കനായ മുനി, ഉരൈത്ത ശൊല്=പറഞ്ഞ വാക്കിനെ, കേട്ടലും=കേട്ട മാത്രത്തിൽ, (അംശുമാൻ), പരിവാല് തൊഴതു=അമ്പോടു വണങ്ങി, വാം പരി കൊണർന്തു=ധാവനം ചെയ്യുന്ന അശ്വത്തെ കൊണ്ടുവരികയും, ശുരർകളുക്കു=ദേവകറംക്ക്, അവി ഈയാ=ഹവിർഭാഗങ്ങളെക്കൊടുത്ത്, വേറംവിയെ മുഴതും മുററുവിത്തു=യാഗത്തെ മുഴുവൻ പൂത്തിയാക്കി, മൈന്തനുക്കു അരശിയല് ഈന്തു=പുത്രനു രാജ്യഭാരം നൽകി, അരശും മുടിന്താൻ=സഗരനും സ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു. എഴുതു കീത്തിയായ്=ബുധന്മാരാൽ ആദരണീയമായ കീത്തി കോലുന്ന ഹേ രാമ! ൪൲.

ഭഗീരഥചരിതം.

519. ശകരർ തൊട്ടലാർ ചാകരമെണപ്പെയർ തഴൈപ്പ
മകരവാരിതി ശിറന്തതു മകിതല മുഴുതും
നികരിൻ മൈന്തണേ പുരന്തന നിവനെടു മരപില്
പകിരതണ്ണെണും പാത്തിപൻ വന്തനൻ പരിവാല്.

പ:—ശകരർ തോട്ടലാല്=സഗരന്മാർ തോണ്ടിയ (കുഴിച്ച)തിനാൽ, ശാകരം എണ പെയർ തഴൈപ്പ=സാഗരമെന്ന പേർ വിളങ്ങുംവണ്ണം, മകരം വാരിതി=മകരാലയമായ വാരിധി, ശിറന്തതു=മഹിമയുള്ളതായ്ത്തീന്നു, മകിതലം മുഴതും=മഹീതലം മുഴുവനും, നികർ ഇല്=എതിരില്ലാത്ത( മൈന്തണേ=(പോഷണനെന്ന) പുത്രൻതന്നേ, പുരന്തനൻ=പരിപാലിച്ചു, ഇവൻ നെടുമരപില്=ഇവൻെറ വലിയ വംശത്തിൽ, പകിരതൻ എണ്ണും പാർത്തിപൻ=ഭഗീരഥനെന്ന പാത്ഥിവൻ, (അസമഞ്ജൻ, അംശുമാൻ, ദി

ലീപൻ, ഭഗീരഥൻ ഈ ക്രമത്തിൽ) പരിവാല്=പരിചോടെ, വന്തണൻ=വന്നു പിറന്നു.

വി—"സഗരൻ സ്വൎഗ്ഗതനായപ്പോഠ പ്രജകഠ അംശുമാനെ രാജാവാക്കി വാഴിച്ചു" എന്നാണ് വാല്മീകിരാമായണത്തിൽ കാണുന്നത്. ആദിയിൽതന്നെ ദുർവൃത്തനെന്നു കണ്ടു് അസമഞ്ജനെ വിലക്കിനിൎത്തുകയും അശ്വമേധീയാശ്വാന്വേഷണാൎത്ഥം സുമതീപുത്രന്മാരെതന്നെ ഭരമേല്പിക്കയും ചെയ്ത സഗരൻ പിന്നീട് അസമഞ്ജനെത്തന്നെ സിംഹാസനാരോഹണം ചെയ്യിച്ചുവെന്നുള്ളതിൽ അസാംഗത്യദോഷമുണ്ടു്. ൪൩.

520. ഉലകം യാവൈയും പൊതുവാ ത്തികിരിയൈ യുരുട്ടി
ഇലകുമണ്ണവ ണിരുന്തുഴി യിറന്തമൈ വിനവ
അലകിററൊൻ മുനിയുരൈത്തിട ക്കേട്ടന ണരശൻ
തിലകമണ്ണാ വണങ്ങ്കി നിൻറൊരു മൊഴി ശെപ്പും

പ—ഉലകം യാവൈയും=ലോകം മുഴുവനും, പൊതു അറ=അസാധാരണമായി (സ്വതന്ത്രമായി), തികിരിയെ ഉരുട്ടി=ആജ്ഞാചക്രം നടത്തി, ഇലകം മണ്ണവൻ=വിളങ്ങുന്ന ആ ഭഗീരഥമഹാരാജാവ്, ഇരുന്തുഴി=വാഴുന്ന കാലത്ത്, ഇറന്തമൈ=(സഗരന്മാരുടെ നിൎയ്യാണത്തെസ്സംബന്ധിച്ച്) വിനവ=ചോദിക്കയും, അലകു ഇല്=അളവില്ലാത (തപസ്സിദ്ധിയോടുകൂടിയ) തൊല്=പഴമയുള്ള, മുനി=വസിഷ്ഠമഹർഷി, ഉരൈത്തിട=പറകയും ചെയ്തതു, കേട്ടനൻ=കേട്ട, അരശൻ=രാജാവ്, തികം=നെററിയിലണിഞ്ഞ ഊൎദ്ധ്വപുണ്ഡ്രം, മൺ ഉറ വണങ്ങ്കിനിൻറ=നിലം പതിക്കുംവിധം നമസ്കാരംചെയ്തുനിന്ന്, ഒരു മൊഴി ശെപ്പും=ഒരു വാക്കു പറയുന്നു. ൪൪.

521. കൊടിയമാമുനി വെകുളിയിൻ മടിന്തവെങ്ങ്കുരവർ
മുടിയനീണിരയത്തിണി ലഴന്തിട്ട മുറൈമൈ
കടിയുമാറെണ ക്കരുന്തവ മതർക്കുറ കരുമം
അടികഠശൊററുക വെൻറല്ല മന്തണണരൈവാൻ.

പ:—കൊടിയ മാമുനി=ഉഗ്രനായ മഹാമുനിയുടെ, വെകുളിയിൻ=കോപത്തിനാൽ, മടിന്ത=മരിച്ച, എം കുരവർ=ഞങ്ങടേ പൂൎവ്വന്മാർ, മുടിയ=മുഴുവനും, നീഠ നിരയത്തില്=മഹാ നരകത്തിൽ, അഴന്തിട്ടും മുറൈമൈ=ആണ്ടു കിടക്കുന്ന നില, കടിയും ആറ=ഒഴിയുന്ന മാൎഗ്ഗം, (കാണണമെന്നുള്ളത്) എണക്കു അരുന്തവം=എനിക്കു ഒരു മഹാവ്രതമാണ്. അ

തർകു ഉറ കരുമം=അതിന്നു പററിയ കർമ്മം, അടികാം=സ്വാമികാം, ശൊ റവക എൻറാലും=അരുാം ചെയ്യേണമെന്നു പ്രാർത്ഥിച്ചപ്പോാം, അന്തണൻ അറൈവാൻ=വസിഷ്ഠമുനി പറയുന്നു.

ഭാ:—പിതൃഭക്തനായ ഭഗീരഥൻ തൻെറ പിതൃക്കളെ നരകത്തിൽ നിന്നു വിമുക്തന്മാരാക്കേണ്ടതിലേക്കാണ് തൻെറ തപസ്സ് എന്നു പറയു ന്നു. പുത്രശബ്ദത്തിന്നു പും എന്ന നരകത്തിൽനിന്നു പിതൃക്കളെ ത്രാണ നം ചെയ്യുന്നവനെന്നർത്ഥമാകയാൽ ധർമ്മജ്ഞനായ ഭഗീരഥൻ ഈ വ്രതം കയ്ക്കൊണ്ടിരിക്കുന്നതാണ്. ർദ്ദ

522. വൈയമാളുടൈ മണ്ണവർ മണ്ണവ മടിന്തോർ
ഉയ്യനീടവ മൊഴിവറ പകലെലാ മൊരുങ്ങ്കേ
ശെയ്യനാൺ മലർക്കിഴവനൈ നോക്കി നീചെയ്തി
നൈയലെൻറിനി തുരൈത്തനൻ നവൈയറ മുനിവൻ.

പ:—വൈയം=ലോകത്തെ, ആാം ഉടൈ=ഭരിക്കുകയെന്നുള്ള കൃ ത്യം കയ്ക്കൊണ്ട, മണ്ണവർ മണ്ണവ=ചക്രവർത്തിയായുള്ളോവേ!, മടിന്തോർ ഉയ്യ=മരിച്ചവർ ജീവിക്കും പ്രകാരം, നീാം തവം=മഹാ തപസ്സിനെ, ഒഴി വു അറ പകല് എലാം=ഇടവിടാതെ അനേകം നാാം, ശെയ്യ നാാം മല ർകിഴവനൈ നോക്കി=ചെന്താമരപ്പൂപ്പൂവിൽ വാസം ചെയ്യുന്ന ബ്രഹ്മ ദേവനെ ഉദ്ദേശിച്ച്, നീ ചെയ്തി നീ ചെയ്യുക, നൈയല്=വ്യസനിക്കേ ണ്ട, എൻറ=എന്ന്, നവൈ അറ മുനിവൻ=ദോഷമകന്ന മുനി, ഇനി തു ഉരൈത്തനൻ=മധുരമായ് പറഞ്ഞു. ർസം

523. ഞാലംയാവൈയു ഞ്ചുമന്തിരൻറൻ വയിനല്കി
കോല്യമാതവ ത്തിമകിരി മരുങ്ങ്കി നിർ കുറുകി
കാലമോർ പതിനായിര മരുന്തവങ്ങ്കഴിപ്പ
മൂലതാമരൈ മുഴുമുതർ കിഴവൻ മുന്തിനനേ.

പ:—(ഇങ്ങിനെ വസിഷ്ഠവചനം കേട്ട ഭഗീരഥൻ) ഞാലം യാ വൈയും=ലോകം മുഴുവനും, ശുമന്തിരൻ തൻ വയിൻ നല്കി=സുമന്ത്ര ൻെറ വശം ഏല്പിച്ച്, കോല്യം മാതവത്തു=മററത്തരമായ തപസ്സു ചെയ്യാ ൻ തക്ക, ഇമയകിരി മരുങ്ങ്കിനില് കുറുകി=ഹിമാലയ പർവ്വതപാർശ്വത്തി ൽ ചെന്ന്, ഓർ പതിനായിരം കാലം=ഒരു പതിനായിരം വർഷം, അരു ന്തവം കഴിപ്പ=ഘോരമായ തപസ്സു ചെയ്തുകൊണ്ടിരിക്കയും, മൂലതാമ രൈ=നാഭീകമലത്തിൽ ഉത്ഭൂതനായ, മുഴു മുതല് കിഴവൻ=ബ്രഹ്മദേവൻ, മുന്തിനൻ=പ്രത്യക്ഷനാവുകയും ചെയ്തു. ർ൭

524. നിൻപെരുന്തവം വിയന്തണം നിണതു നീൾകുരവർ
മുൻപിറന്തണ രരുന്തവൻ മുനിവി നാതലിനാല്
മൻപെരുമ്പുവി യതണില് വാണതി കടിതണുകി
എൻപുതോയുമേ ലിരുങ്കതി പെറുവരെൻറിശൈത്താൻ

പ:—നിൻ പെരുന്തവം വിയന്തണം=നിന്റെ മഹിതമായ തപസ്സിനാൽ ഞാൻ സന്തോഷിക്കുന്നു. നിണതുനീൾ കുരവർ=നിന്റെ പൂർവ്വന്മാരായ പിതാക്കന്മാർ, അരുന്തവൻ മുനിവില്=കപിലമഹർഷിയുടെ ശാപത്താൽ, മുൻപു ഇറന്തണർ ആതലിനാല്=മുമ്പു മൃതന്മാരായിതീർന്നുവെന്നതിനാൽ, മൻ=നിലകൊള്ളുന്ന, പെരുമ്പുവിയതണില്=വിശാലമായ ലോകത്തിൽ, വാൻ നതി=ആകാശഗംഗ, കടിതു അണുകി=വേഗത്തിൽ വന്നു, എൻപു=(ആ മരിച്ചവരുടെ) അസ്ഥിയിൽ, തോയുമേല്=തങ്ങുമെന്നിരിക്കിൽ, ഇരു കതിപെറുവർ=ഉൽകൃഷ്ടമായ ഗതിയെ പ്രാപിക്കും, എൻറ ഇശൈത്താൻ=എന്നു പറഞ്ഞു. ർവ്വ

525. മാകനണ്ണതി പുവിയിടൈ വരുകിൻ മററവൾതൻ
വേകമാററുതല് കണ്ണുതർ കൻറി വേററിതാല്
തോകൈപാകനൈ നോക്കിനീ യരുന്തവം തൊടങ്കെ
ൻറേകിനാനുല കനൈത്തു മെയ്യുയിർകളു മീയ്ന്താൻ.

പ:—ഉലകു അനൈത്തും=സകല ലോകങ്ങളേയും, എവ്വുയിർകളും=സർവ്വ ജീവരാശികളേയും, ഈയ്ന്താൻ=സൃഷ്ടിച്ച ബ്രഹ്മദേവൻ, (ഭഗീരഥനോട്) മാകം നല് നതി=ആകാശത്തിലുള്ള വിശിഷ്ടനദീരൂപിണിയായ ഗംഗാദേവി, പുവി ഇടൈ വരുകിൻ=ഭൂമിയിൽ വരുന്നതായാൽ, അവൾ വേകം ആററുതല്=അവളുടെ പതനവേഗത്തെ താങ്ങുകയെന്നുള്ളത്, കണ്ണുതല്കു അൻറി=നിടിലനേത്രനായ പരമശിവനല്ലാതെ, വേറ അരിതു=മററുള്ളവൎക്ക അസാദ്ധ്യമാകുന്നു. (ആകയാൽ) തോകൈ പാകനൈ നോക്കി=അർദ്ധനാരീശ്വരനായ അദ്ദേഹത്തെ ധ്യാനിച്ചു, നീ അരുന്തവം തൊടങ്കു എൻറ=നീ ഉൽകൃഷ്ടമായ തപസ്സു തുടങ്ങുകയെന്ന്, ഏകിനാൻ=അരുളിച്ചെയ്തു. ർൻ.

526. മങ്കൈ പാകനൈനോക്കിമുൻ മൊഴിന്തണ വരുടം
തങ്കുമാതവം പുരിതല്യ ന്തഴനിറ ക്കടവുൾ
അങ്കുവന്തുനിൻ കരുത്തിനൈ മുടിത്തുമെൻറകൻറാൻ
കങ്കൈയെത്തൊഴ ക്കാലമയ്യായിരങ്കഴിത്താൻ.

പ:—മങ്കൈ പാകനൈ നോക്കി=അദ്ധനാരീശ്വരനെ കുറിച്ചു, മുൻ മൊഴിന്ത വരുടം=മുൻപറഞ്ഞ പതിനായിരം സംവത്സരക്കാലം തങ്കും=നിഷ്ഠയോടുകൂടിയ, മാതവം പുരിതലും=മഹാ തപസ്സ് ചെയ്തപ്പോൾ, തഴല്നിറം കടവുൾ=അഗ്നിവൎണ്ണനായ മഹാദേവൻ, അങ്കു വന്തു=അവിടേക്ക് വന്ന്, നിൻ കരുത്തിനൈ=നിൻെറ അഭിമതത്തെ, മുടിത്തും എൻറു=നിറവേററാമെന്നരുളി, അകൻറാൻ=മറഞ്ഞുപോയി. (പിന്നെ) കങ്കൈയൈ തൊഴ=ഗംഗയെസ്സേവിപ്പാൻ, കാലം അയ്യായിരം കഴിത്താൻ=അയ്യായിരം സംവത്സരക്കാലം (തപം ചെയ്തു) കഴിച്ചു. ൫൦

527. ഒരുമടക്കൊടി യാകിവന്തുണതു മാതവമെൻ
പൊരുപുനൽ കൊടി വരിണവൾ വേകമാർ പൊറുപ്പാർ
അരനുരൈത്തശൊല്വിനോത മററിണ്ണും നീയറിന്തു
പെരുകുനററവം പുരിയെന വരനതി പെയർന്താൾ.

പ:—വരനതി=ദിവ്യനദീരൂപിണിയായ ഗംഗാഭഗവതി, ഒരു മടക്കൊടി ആകി=ഒരു ബാലസ്ത്രീയായി, വന്തു=അവൻെറ മുമ്പിൽ വന്ന്, (ഇങ്ങിനെ പറഞ്ഞു) ഉനതു മാതവം എൻ=നിൻെറ ഈ വലിയ തപസ്സിന്നു കാരണമെന്ത്, പൊരു=അലകൾ അടിച്ചുകൊണ്ടിരിക്കുന്ന, പുനല് കൊടി=ജലരൂപിണിയായ ഗംഗ, വരിൻ=വന്നാൽ, അവൾ വേകം=അവളുടെ വേഗത്തെ, ആർ പൊറുപ്പാർ=ആർ താങ്ങും. അരൻ ഉരൈത്ത ശൊല്=ശിവൻ അരുൾചെയ്ത വാക്യം, വിനോതം=വിനോദമാണ് (അതിനാൽ) ഇണ്ണും നീ അറിന്തു=വീണ്ടും നീ അറിഞ്ഞ്, പെരുകും നല്തവം പുരി എന=ദീർഘമായ തപസ്സു ചെയ്യുകയെന്നു പറഞ്ഞുംവെച്ച്, പെയർന്താൾ=അവൾ പോയി. ൫൧

528. കരന്തൈമത്തമോ ടെരുക്കലർ കൂവിളൈ കടുക്കൈ
നിരന്തപൊൻശടൈ നിൻമല ക്കൊഴുന്തിനൈ നിനൈയാ
അരനൈയുററവ നിരണ്ടരൈ യായിരമാണ്ടു
പുരിന്തു നററവം പൊലിതര വരൈമകൾ പുനിതൻ.

പ:—അരനൈ ഉററവൻ=(തൻെറ പൂൎവ്വപിതാക്കന്മാരെക്കുറിച്ചു) ദുഃഖമിയന്നവനായ ഭഗീരഥൻ, കരന്തൈ=കരന്തക്കൊത്തും (ഒരു കുറഞ്ചെടി), മത്തം ഓടു=ഉമ്മത്തിൻപൂവും, എരുക്കു അലർ=എരുക്കിൻപൂവും, കൂവിളൈ=വില്വദളവും, കടുക്കൈ=കൊന്നപ്പൂവും, നിരന്ത=നിരയായണിഞ്ഞ, പൊൻശടൈ=പൊൻനിറമായ ജടയോടുകൂടിയ, നിൻ

മലക്കൊഴന്തിനൈ=നിമ്മലമായ അങ്കരത്തെ (പരമശിവനെ), നിനൈയാ=നിനച്ച്, ഇരണ്ടരൈ ആയിരം ആണ്ടു=രണ്ടായിരത്തഞ്ഞൂറ സംവത്സരം, നല് തവം=വിധിപൂൎവ്വകമായ തപസ്സ്, പൊലിതര പുരിന്തു=ശോഭനമാംവണ്ണം ചെയ്തതിനാൽ, (സന്തുഷ്ടനായ) വരൈ മകൾ പുണിതൻ=പാൎവ്വതീവല്ലഭനും പരിശുദ്ധനുമായ ശിവൻ. ൨൮.

529. എതിർന്തുനിന്നിനൈ വെന്നെണ വിറൈഞ്ചി
യെമ്പെരുമ
അതിർന്തുകങ്കൈയീ തറൈന്തണ ളെൻറലുംഅഞ്ചേല്
പിതിർന്തിടാവകൈ കാത്തുമെൻറേകിയ പിന്റെ
മുതിർന്തമാതവ മിരണ്ടരൈ യായിര മുടിത്താൻ.

പ:—എതിർന്തു=അവനു പ്രത്യക്ഷമായി, നിൻ നിനൈവു എൻ എണ=നിന്റെ ഉദ്ദേശമെന്തെന്നു ചോദിച്ചപ്പോൾ, (രാജാവ്) ഇറൈഞ്ചി=വണങ്ങി, എം പെരുമ=എന്റെ ഭഗവാനേ!, കങ്കൈ=ഗംഗാദേവി, അതിർന്തു=മുഴങ്ങികൊണ്ടു വന്ന്, ഈതു അറൈന്തണൾ എൻറലും=ഇതു അരുൾ ചെയ്തവെന്നു പറഞ്ഞ മാത്രത്തിൽ, (ശിവൻ) അഞ്ചേല്=ഭയപ്പെടേണ്ട, പിതിർന്തിടാവകൈ കാത്തും എൻറ=(നീർ അല്പംപോലും) ചിതറിപോകാത്തവണ്ണം കാത്തുകൊള്ളാമെന്നു പറഞ്ഞ്, ഏകിയ പിന്റെ=പോയതിന്നു ശേഷം, മുതിർന്തമാതവം=ഏററവും വലിയ തപസ്സിനെ, ഇരണ്ടരൈ ആയിരം=രണ്ടായിരത്തഞ്ഞൂറ സംവത്സരംകൊണ്ടു, മുടിത്താൻ=സമാപ്തിവരുത്തി. ൨൯.

530. പെരുകു നീരൊടു പൂതിയും വായുവും പിറങ്ക്കു
ശരുകുംവെങ്കതിരൊളിയൈയും തുയ്ത്തു മററതൈയും
പരുകലിൻറിയു മുപ്പതിണായിരം പരുവം
മുരുകുകാതലിൻ മന്നവണരുന്തവ മുയൻറാൻ.

പ:—മന്നവൻ=ഭഗീരഥൻ, പെരുകും നീർ=ഒഴുകിവരുന്ന നീരിനെയും, പൂതിയും=ഭസ്മത്തെയും, വായുവും=കാററിനെയും, പിറങ്ക്കു ശരുകം=ഇറഞ്ഞുകാണുന്ന കരിയിലകളെയും, വെങ്കതിർ ഒളിയൈയും=ഉഷ്ണത്തോടു കൂടിയ സൂൎയ്യകിരണത്തെയും, തുയ്ത്തു=ആഹരിച്ചും, (പിന്നെ) അതൈയും=ആ ആഹാരത്തെയും, പരുകല് ഇൻറിയും=ആഹരിക്കാതെ കണ്ടും, മുപ്പതിണായിരം പരുവം=മുപ്പതിനായിരം വൎഷം, മുരുക കാതലിൻ=അപ്പപ്പോഴുണ്ടായ ഇച്ഛപോലെ, അരുന്തവം മുയൻറാൻ=ദുഷ്കരമായ തപം ചെയ്തു. ൩൦.

ശിവൻ ഗംഗയെ ധരിച്ചത്.

531. ഉന്തിയുമ്പുയ ത്തുതിത്തവ നുറൈതരു മുലകും
ഇന്തിരാതിയ രുലകമു നടക്കുറ വിരൈത്തു
വന്തുതോൻറിനൾ വരനതി മലൈമകൾ കൊഴുനൻ
ശിന്തിടാതൊരു ശടൈയിനിർ കരന്തനൻശേര.

പ:—(ഭഗീരഥൻ ഇങ്ങിനെ തപം ചെയ്യുമ്പോൾ) വരനതി=ഗംഗാനദി, ഉന്തി അമ്പുയത്തു=ശ്രീനാരായണൻെറ നാഭീകമലത്തിൽ, ഉതിത്തവൻ=ഉൽഭൂതനായ ബ്രഹ്മദേവൻ, ഉറൈതരും=വാസം ചെയ്യുന്ന, ഉലകും=ലോകവും, ഇന്തിരാതിയർ ഉലകമും=ഇന്ദ്രാദികളുടെ ലോകങ്ങളും, നടുക്കുഉറ=നടുങ്ങുംവണ്ണം, ഇരൈത്തു=ആരവം ചെയ്ത്, വന്തു തോൻറിനൾ=വന്നു പ്രത്യക്ഷമായി. (അതുകണ്ട) മലൈമകൾ കൊഴുനൻ=പാർവ്വതീവല്ലഭനായ ശിവൻ, ശിന്തിടാതു=ആ ഗംഗാജലം ചിന്നിപ്പോകാതെ, ശേര=മുഴുവനും, ഒരു ശടൈയില് കരന്തനൻ=തൻെറ ഒരു ചിടയിൽ തങ്ങുംവണ്ണം മറെച്ചുനിത്തി. ൩൧

532. പുല്ലുനിത്തകു പനിയെന വരനതി പുനിതൻ
ശെന്നിയിർകര ന്തൊളിതര വണങ്കിനൻ തികൈത്തു
മന്നനിററലും വരുന്തനം ചടൈയൾ വാനതിയി
ൻെറന്നവിട്ടന നൊരു ശിറി തവനിപോന്തിഴിന്താൾ.

പ:—പുല് നുനി തകു=പുല്ലിന്നഗ്രത്തിൽ തങ്ങിയ, പനി എന=മഞ്ഞുത്തുള്ളിപോലെ, വരനതി=ഗംഗ, പുനിതൻ=ശിവൻെറ, ശെന്നിയില്=ശിരസ്സിൽ, കരന്തു ഒളിതര=ലയിച്ചുമറഞ്ഞപ്പോൾ, മന്നൻ=ഭഗീരഥൻ, തികൈത്തു വണങ്കിനൻ നിററലും=പകച്ചു വണങ്ങിനിന്നപ്പോൾ, (ശിവൻ) വരുന്തല്=നീ ദുഃഖിക്കേണ്ട, വാൻനതി=സ്വൎന്നദി, ഇൻറ=ഇപ്പോൾ, നം ശടൈയൾ=നമ്മുടെ ജടയിലിരിക്കുകയാണ്. എന്ന=എന്നു പറഞ്ഞ്, ഒരു ശിറിതു=കുറേ നീരിനെ, വിട്ടനൻ=വിട്ടു. (അപ്പോൾ ആ ഗംഗാ) അവനി=ഭൂമിയിൽ, പോന്തു ഇഴിന്താൾ=വന്നിറങ്ങി. ൩൨

533. ഇഴിന്ത കണ്ടുകൈമുൻ മന്നവൻ വിരൈവൊടുമേക
ക്കഴിന്തമന്നവർ കതിപെറ മുടുകിയ കതിയാല്
അഴുന്തു മാതവച്ചുന്നവിൻ വേൾവിയൈ യഴിപ്പ
ക്കൊഴുന്തുവിട്ടെരി വെകുളിയൻ കുടങ്കൈയിർകൊള്ളാ.

പ:—ഇഴിന്ത=ഇങ്ങിനെ ഇറങ്ങിയ, കങ്കൈ മുൻ=ഗംഗയുടേ മുന്നിൽ, മണ്ണവൻ=രാജാവ്, വിരൈവൊടും ഏക=വേഗത്തിൽ നടക്കുകയും, കഴിന്ത മണ്ണവർ=കാലം കഴിഞ്ഞ രാജാക്കന്മാർ, കതിപെറ=ഗതിയടയുവാൻ, മുടുകിയ കതിയാല്=ത്വരിതഗതിപൂണ്ടു, (പ്രവഹിച്ച്) അഴുന്തു മാതവം=മികച്ച തപസ്സോടുകൂടിയ, ശണ്ണവിൻ വേറാവിയൈ അഴിപ്പ=ജഹ്നുമഹർഷിയുടെ (ആശ്രമത്തിലേക്കൊഴുകി യാഗത്തെ നശിപ്പിക്കയും, (അദ്ദേഹം) കൊഴുന്തുവിട്ടു എരി-ജ്വാലയേയും കടന്നു ജ്വലിക്കുന്ന, വെകുളിയൻ=കോപാഗ്നിയോടുകൂടിയവനായ്, കുടങ്കൈയില് കൊളാ=(ആ ജലത്തെ) കരപുടത്തിൽ ഏന്തി. ൫൩൩

534. ഉണ്ടുവന്തണൻ മറൈമുണി ക്കണങ്കൾ കണ്ടുവപ്പ
കണ്ടുവേന്തനും വണങ്കി മുന്നികഴ്ന്തന കഴറ
ക്കൊണ്ടുപോകെന ച്ചെവി വഴി കൊടുത്തനൻ കുതിത്തു
വിണ്ടുനീങ്കിന ഉടലുകു പൊടിയിൽ മേവിനളേ

പ:—(അങ്ങിനെ കരപുടത്തിലേന്തിയത്) മറൈമുണി കണങ്കൾ=വേദജ്ഞന്മാരായ മുനികളുടെ ഗണങ്ങൾ, കണ്ടു ഉവപ്പ=കണ്ടു സന്തോഷിക്കത്തക്കവണ്ണം, ഉണ്ടു ഉവന്തനൻ=പാനംചെയ്തു പ്രീതനായി. വേന്തനും കണ്ടു=ഭഗീരഥനും അതുകണ്ട്, വണങ്കി=തൊഴുത്, മുൻ നികഴ്ന്തന=മുൻനടന്ന സംഭവങ്ങൾ, കഴറ=പറയുകയും, (മുനി) കൊണ്ടുപോക എന=(ഗംഗയെ) കൊണ്ടുപോയ്ക്കൊൾകെന്നു പറഞ്ഞ്, ശെവി വഴികൊടുത്തനൻ=ചെവി വഴിയെ വിട്ടുകൊടുക്കുകയും ചെയ്തു. (അപ്പോൾ നദി) കുതിത്തു=ചെവിയിൽനിന്നൊഴുകിചാടി, വിണ്ടുനീങ്കിനർ ഉടല്=സ്വർഗ്ഗം പ്രാപിച്ചവരുടെ (സഗരന്മാരുടെ) ശരീരങ്ങളിൽനിന്നും, ഉകു=ഉതിർന്ന, പൊടിയില്=ചാരത്തിൽ, മേവിനൾ=ചെന്നുപടിഞ്ഞു. ൫൩൪

535. നിരൈയമുററിയ ശകരർക ണെടുങ്കതി ശെല്ല
വിരൈമലർപ്പൊഴിന്താർത്തന വിണ്ണവർ കുഴാങ്കൾ
മുരശമുററിയ് പല്ലിയ മുറൈ മുറൈ മുഴങ്ക
അരശണപ്പൊഴുതണിമതിലയോത്തി മീണ്ടടൈന്താൻ.

പ —(സഗരന്മാരുടെ ശവഭസ്മം ഗംഗാജലത്തിൽ മഗ്നമായ ഉടൻ തന്നെ) നിരൈയം മുററിയ=നരകത്തിൽ മുഴുകിയ, ശകരർകൾ=സഗരന്മാർ (അറുപതിനായിരം പേരും), നെടുകതി ശെല്ല=ശാശ്വതമായ സൽഗതിയെ പ്രാപിക്കുകയും (അതുകണ്ട) വിണ്ണവർ കുഴാങ്കൾ=സുരനിവ

ഹം, വിരൈ മലർപൊഴിന്തു=നറുമലർ മാരിപൊഴിച്ചു, ആർത്തണ=മംഗളദ്ധ്വനി മുഴക്കുകയും, അപ്പൊഴുതു=അപ്പോാം, അരശൻ=ഭഗീരഥൻ, മുരശം=ഭേരിയും, മുററിയ പല് ഇയല്=എങ്ങും മുഴങ്ങുന്ന മററു പല വാദ്യങ്ങളും, മുറൈ മുറൈ=വഴിക്കുവഴിയെ, മുഴങ്ക്=ഘോഷിച്ചുകൊണ്ട്, അണിമതില്=അഴകുള്ള മതിലിനാൽ ചുററപ്പെട്ട, അയോത്തി=അയോദ്ധ്യാനഗരത്തേക്കു, മീണ്ടു അടൈന്താൻ=മടങ്ങി ചെല്ലുകയും ചെയ്തു. ൫൯

536. അണ്ടകോള കൈപ്പുറത്തതാ യകിലമൻറളന്ത
 പുണ്ടരീകമെൻ പതത്തിടൈ പ്പിറന്തു പൂമകനാർ
 കൊണ്ടതീർത്തമായരൻ കൊള പ്പകിരതൻ കൊണര
 മണ്ടലത്തുവ ന്തടൈന്തതി മ്മാനതി മൈന്ത.

പ:—മൈന്ത=ശ്രീരാമഭദ്ര!, ഇ=ഈ, മാനതി=മഹാനദി, (മുമ്പു) അണ്ടകോളകൈപ്പുറത്തു ആയ്=ബ്രഹ്മാണ്ഡത്തിന്നപ്പുറത്തിരുന്നതായി, അകിലം=അഖിലഭുവനത്തെയും, അൻറു അളന്ത=അന്ന് (വാമനാവതാരത്തിൽ) അളന്നരുളിയ, പുണ്ടരീകം=പങ്കജമലർപോലെ, മെല്=മൃദുവായ, പതത്തിടൈ=(ശ്രീനാരായണൻെറ) തിരുവടിയിൽ, പിറന്തു=ഉത്ഭവിച്ച്, പൂമകനാർ=താമരസോത്ഭവൻ (ബ്രഹ്മാവ്), കൊണ്ട=തൻെറ കമണ്ഡലത്തിലെടുത്ത, തീർത്തമായ്=തീർത്ഥമായി, അരൻകൊള്ള=ശിവൻ തൻെറ ജടയിൽ കയ്ക്കൊള്ളുകയും, പകിരതൻ കൊണര=ഭഗീരഥൻ കൊണ്ടുവന്നതിനാൽ, മണ്ടലത്തു വന്തു അടൈന്തതു=ഭൂലോകത്തിൽ വന്നുചേരുകയും ചെയ്തു. ൬൦

537. ശകരർതം പൊരുട്ടരുന്തവം പെരുമ്പകല് തള്ളി
 പ്പകിരതൻ കൊണർന്തിട്ടതലാർ പകിരതിയാകി
 മകിതലത്തിടൈ ച്ചണ്ണുവിൻ ശെവിവഴി വരലാല്
 നികരില് ചാണവി യെണപ്പെയർ പടൈത്തതി ണ്ണീത്തം.

പ:—ഇ നീത്തം=ഈ നദി, ശകരർ തം പൊരുട്ടു=സഗരന്മാരുടെ നിമിത്തം, പെരുമ്പകല്=അനേകം നാാം, അരുതവം തള്ളി=അരിയ തപസ്സുചെയ്തു കഴിച്ച്, പകിരതൻ=ഭഗീരഥനാൽ, കൊണർന്തിട്ടതലാല്=കൊണ്ടുവരപ്പെട്ടതിനാൽ, പകിരതിയാകി=ഭാഗീരഥിയെന്നും, ശണ്ണുവിൻ ശെവിവഴി=ജഹ്നുമഹർഷിയുടേ കണ്ണം വഴിയായി, മകിതലത്തിടൈ വരലാല്=ഭൂലോകത്തേക്കു വന്നതിനാൽ, നികർ ഇല്=(തെളിമ മുതലായ ഗുണങ്ങളാൽ) സാമ്യമകന്ന, ശാണവിയെണ=ജാഹ്നവിയെന്നും, പെയർ പടൈത്തതു=പേർ കയ്ക്കൊണ്ടു. ൬൧

538. എൻറ ക്രൂറലും വിയപ്പിനോടു വന്തണ രിറൈഞ്ച
ച്ചെൻറ തീർന്തണർ കങ്കൈയെ വിശാലൈ
വാഴ്ശികര
ക്കുൻറ പൊർപ്പുയത്തരശൻ വന്തടിയിണൈ കുറക
നിൻറ നല്ലുരൈ വിളമ്പി മറവ്വയിനീങ്കാ.

പ:—എൻറ ക്രൂറലും=എന്നു വിശ്വാമിത്രമുനി പറഞ്ഞപ്പോൾ, (രാമലക്ഷ്മണന്മാർ) വിയപ്പിനോടുഉവന്തണർ=അത്ഭുതം പൂണ്ടു സന്തോഷിച്ചു, ഇറൈഞ്ച=വണങ്ങിയതിന്നുശേഷം, (മൂവ്വരുംകൂടി) ശെൻറ=ചെന്നു, കങ്കൈയെ തീർന്തണർ=ഗംഗയെ തരണംചെയ്തു, (അവിടെ) വിശാലൈ=വിശാലാനഗരത്തിൽ, വാഴ്=വാഴുന്ന, ശികരം കുൻറപോല്=ശിഖരങ്ങളിണങ്ങിയ പവ്വതങ്ങൾക്കു തുല്യങ്ങളായ, പുയത്തു=ഭുജങ്ങളോടുകൂടിയ, അരശൻ=രാജാവ്, വന്തു=നേരിൽ വന്ന്, അടിയിണൈ കുറക=അടിയിണ വണങ്ങിയതിനാൽ, നിൻറ=അവിടെ അല്പസമയം നിന്ന്, നല് ഉരൈ വിളമ്പി=മധുരവാക്കുകൾ പറഞ്ഞ്, അവ്വയിൻ നീങ്കാ=അവിടംവിട്ടു നടന്നു. സ്വ-

539. പള്ളിനീങ്കിയ പങ്കയപ്പഴണ നണ്ണാരൈ
വെള്ളവാൻകളൈ കളൈവുറ കടൈശിയർമിളിർന്ത
കള്ളവാനെടുങ്കണ്ണിഴല് കയലെണ ക്കരുതാ
അള്ളിനാണുറ മകൻ പണൈ മിതിലൈ നാടടൈന്താർ.

പ:—പള്ളി നീങ്കിയ=ഉറങ്ങിയെണീററ, പങ്കയം പഴണം=താമരവയൽകളിലുള്ള, നല് നാരൈ=അഴകുള്ള നാരപ്പക്ഷികൾ (ഒരുവക ഹംസങ്ങൾ), വെള്ളം=വെള്ളത്തിൽ കാണുന്ന, വാൻകളൈ=താമര, കരിങ്കുവളം മുതലായ നല്ല കളകളെ, കളൈവുറ=പറിച്ചെടുക്കുന്ന, കടൈശിയർ=ചെറമികളുടെ, മിളിർന്ത=വിളങ്ങുന്ന, കള്ളം=കാപട്യമുള്ള, വാൾ=ഒളിതിരളുന്ന, നെടു=ദീർഘങ്ങളായ, കൺ നിഴല്=കണ്ണിൻെറ നിഴലിനെ, കയല് എണ കരുതാ=കെണ്ട മീനുകളെന്നു കരുതി, അള്ളി=കൊക്കുകൊണ്ടു കൊത്തി, നാണുറ=(തങ്ങൾ കരുതിയപ്രകാരമല്ലാതിരുന്നതിനാൽ) നാണിക്കുവാനിടയാകുന്ന, അകൻ പണൈ=വിശാലങ്ങളായ വയലുകളാൽ ചൂഴപ്പെട്ട, മിതിലൈ=മിഥിലാനഗരത്താലലംകൃതമായ, നാടു=വിദേഹരാജ്യത്തെ, അടൈന്താർ=പ്രാപിച്ചു.

ഭാ:—ഈ രാജ്യം വിശാലങ്ങളായ വയലുകൾ എങ്ങും പരന്നു കിട

കുന്നതാണ്. അവിടത്തെ ജലസമൃദ്ധി മൂലം വയലുകളിലുണ്ടാകുന്ന കള കാം താമര, കരിങ്കുവലയം മുതലായവയാണ്. ഇവയിൽ അരയന്നങ്ങാം വാസം ചെയ്യുന്നു. ഇത്തരം വയലുകളിൽ കളപറിക്കുന്ന പള്ളസ്ത്രീകളുടെ വിശാലായതലോചനങ്ങാം വയലിലെ നീരിൽ നിഴലിച്ചു കാണുകയാൽ സുപ്തോത്ഥിതങ്ങളായ ഹംസങ്ങാം ആ നേത്രപ്രതിബിംബങ്ങളെ പകിരി മീനുകളെന്ന ഭ്രാന്തിനിമിത്തം കൊത്തിയെടുപ്പാനുദ്യമിക്കയും പിന്നീടു വാസ്തവബോധമുളവായി ലജ്ജിക്കയും ചെയ്യുന്നു. വിശ്വാമിത്രാദികാം ഇപ്രകാരം ജലസമൃദ്ധിയുംസസ്യസമൃദ്ധിയുമുള്ള വിദേഹരാജ്യത്തിലെത്തി. സമ്പ

540\. വരമ്പില്വാൻ ശിറൈമതകുകൺ മുഴവൊലിവഴങ്ക
അരുമ്പുനാൾ മലരഃശോകങ്കളലർ വിളക്കെടുപ്പ
നരമ്പിനാൻറ തേൻറാരൈ കോണവമലർ യാഴിൻ
ശ്രുരുമ്പുപാൺശെയ ത്തോകൈ നിൻറാടുവ ശോലൈ

പ:—വരമ്പു ഇല്=അളവില്ലാത്ത, വാൻശിറൈ മതകുകാം=വലിയ തടാകങ്ങളുടെ ഓവുകാം (വഴിയായി പോകുന്ന വെള്ളച്ചാട്ടം), മുഴവൊലി വഴങ്ക=മദ്ദളധ്വനിയുണ്ടാക്കുകയും, അരുമ്പും=ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന, നാാം മലർ=പുതുമലർകളോടുകൂടിയ, അശോകങ്കാം=അശോകമരങ്ങാം, അലർ വിളക്കു എടുപ്പ=പുഷ്പങ്ങളാകുന്ന വിളക്കുകളെ കൊളുത്തിപ്പിടിക്കുകയും, നരമ്പിൻ=ഞെരമ്പു (കമ്പി) പോലെ, നാൻറ=ഒഴുകുന്ന, തേൻ താരൈ കൊാം=തേൻ ധാരകൊള്ളുന്ന, നവമലർ=സുഗന്ധപുഷ്പങ്ങളിൽ, യാഴിൻ=വീണയിലെന്നപോലെ, ശ്രുരുമ്പു=വണ്ടുകാം, പാൺശെയ=പാട്ടുപാടുകയും, ശോലൈ=പൂഞ്ചോലകളിൽ, തോകൈ=മയിലുകാം, നിൻറ ആടുവ=നിന്നു ആടുകയും ചെയ്യുന്നു.

ഭാ:—ആ ചോലകാം നൃത്തഗീതവാദ്യങ്ങളെന്ന തൌര്യത്രികത്തോടും ദീപത്തോടും ചേൻ വിളങ്ങുന്നതുപോലെ കാണപ്പെട്ടു. സര.

541\. പട്ടവാണുതല്മടന്തൈയർ പാർപ്പെണ ന്തുതാല്
എട്ടവാതരി ത്തുഴല്പവ രിതയങ്കാം വെറപ്പ
വട്ടനാൺമരൈ മലരിൻമേല് വയലിടൈ മള്ളർ
കട്ടകാവിയങ്കട്കടൈ കഴിപ്പണ കഴണി.

വ:—പട്ടം=പൊൻ പട്ടമണിഞ്ഞ, വാാംനുതല്=ഒളി തിരളുന്ന നെററിത്തടത്തോടുകൂടിയ, മടന്തൈയർ=നാരിമാരുടെ, പാർപ്പ എണ്ണം=നോട്ടമാകുന്ന, തൂതാൽ=ദൂതിനാല്, എട്ട=അവരെയണയുവാൻ, ആതരി

ത്തു=ഇച്ഛിച്ച്, ഉഴല്പവർ=ഉഴലുന്നവരായ പുരുഷന്മാരുടെ, ഇതയങ്ക ൾ വെരുപ്പ=ഹൃദയങ്ങൾ വെരക്കംവണ്ണം, വട്ടം=വൃത്താകാരമായ, മരൈ= താമരയുടെ, നാൾ മലരിൻ മേല്=പുതുപ്പൂക്കളിന്മേൽ, വയലിടൈമള്ള ർ=വയലിലുള്ള പള്ളന്മാർ, കട്ട=പറിച്ചെറിഞ്ഞ, കാവി=കരിങ്കുവളപ്പൂക്ക ൾ, (പതിഞ്ഞ്) കഴണി=ആ വയലുകളിലുള്ള, അം കൺ=(പള്ള സ്ത്രീകളു ടെ) അഴകിയലുന്ന നയനങ്ങളുടെ, കടൈ കഴിപ്പണ=കടക്കൺ നോട്ട ത്തെ പിൻവലിച്ചിരുന്നു.

ഭാ:—കള പറിക്കുന്ന പണിയർ വയലിൽനിന്നു പറിച്ചെറിഞ്ഞ നീലത്താമരപ്പൂക്കൾ ചെന്താമരപ്പൂക്കളിന്മേൽ പതിഞ്ഞ് അവ മുഖങ്ങ ളും നേത്രങ്ങളും ആണെന്ന ഭ്രാന്തി ജനിക്കയാൽ അയൽവാസികൾ തങ്ങ ളെ നോക്കുന്നുണ്ടെന്നു കരുതി പള്ളികൾ കാമുകന്മാരുടെ നേർക്കു വിട്ടിരു ന്ന കടാക്ഷങ്ങളെ പിന്തിരിക്കയാൽ കാമപരവശന്മാരായുഴലുന്ന ആ യു വാക്കന്മാർ നിരാശന്മാരായിതീരുന്നു. സ്ഥ

542\. തുവിയന്ന ന്തമിണമെൻറ നടൈകണ്ടു തൊടര
കൂവുമെൻകുയിർ കുതലൈയർകുടൈന്തതൺപുണല്വായ്
ഓവില്കുങ്കുമ ച്ചുവടുറ വൊൻറൊടൊൻറൂടി
പൂവുറങ്കിണും പുള്ളുറങ്കാതണ പൊയ്കൈ.

പ:—കൂവും മെല് കുയില് കുതലൈയർ=കൂകുന്നവയും മേന്മ കോ ലുന്നവയുമായ കുയിലുകളുടെ നാദത്തിന്നൊത്ത കൊഞ്ചലാന്ന മൊഴിക ളോടുകൂടിയ കാമിനികളുടെ, നടൈ കണ്ടു=ഗമനം കണ്ട്, തുവിഅന്നം=അ ഴകുള്ള ചിറകുകളോടുകൂടിയ ഹംസങ്ങൾ, തം ഇണം എൻറ തൊടര= തങ്ങടെ വർഗ്ഗമാണെന്നു ചിന്തിച്ചു പിന്തുടരുവാനൊരുങ്ങിചെന്ന്, കുടൈന്ത=(അവർ) കുളിച്ച, പൊയ്കൈ തൺ പുണല്വായ്=പൊ യ്കയിലുള്ള കുളുത്ത നീരിൽ, (കലങ്ങിയിരുന്ന) ഓ ഇല്=നീക്കമില്ലാത്ത (ശരിയായ) കുങ്കമച്ചുവടു ഉറ=കുങ്കമച്ചാറിൻെറ പാടു ദേഹത്തിൽ പതി ഞ്ഞു വൈവർണ്യം ഭവിക്കുകയാൽ, ഒൻറൊടു ഒൻറ ഊടി=(സ്ത്രീപുരുഷന്മാ ർ) ഒന്നോടൊന്നു പിണങ്ങി, പൂവുറങ്കിണം=(ആ തടാകത്തിലുള്ള) താമ രപ്പൂക്കൾ ഉറങ്ങിയാലും, പുൾ=പക്ഷികൾ, ഉറങ്കാതണ=ഉറങ്ങാതിരി ക്കയാണ്.

ഭാ:—പൊയ്കയിൽ നീരാടുവാൻ വന്ന പെൺമണികളുടെ ഗമനം കണ്ടു അരയന്നപ്പിടകൾ അവർ തങ്ങടെ (ഹംസ) വർഗ്ഗത്തിൽ പെട്ടവരാ

ണ്ണെന്നു ധരിച്ച് അവരെ അനുഗമിപ്പാൻ തുനിഞ്ഞു അവർ നീരാടിയ ഘട്ടത്തിലെത്തിയാറെ അവിടെ ജലത്തിൽ മിശ്രിതമായിരുന്ന ആ കാമിനികളുടെ കുങ്കുമാംഗരാഗം അരയന്നങ്ങളുടെ അംഗങ്ങളിൽ പകൎന്നു. ഇങ്ങിനെ അംഗത്തിന്നു ആരുണ്യവും സൌരഭ്യവും സംഭവിച്ചതുമൂലം സ്ത്രീപുരുഷന്മാർ അന്യോന്യം കലഹിച്ച് സ്വാവാസങ്ങളായ പങ്കജങ്ങൾ മുകുളീഭവിച്ചുവെന്നിരിക്കിലും രാത്രികാലത്തെ മുഴുവനും നിദ്രയില്ലാതെതന്നെ നയിച്ചിരുന്നു. അംഗരാഗം പൂണ്ട പിടകളെകണ്ട ചേവലുകൾക്ക് ഉശ്ശങ്ക ജനിക്കയാൽ അന്യോന്യം കലഹിച്ചതാണ്. ൫൬

543. മുറൈയി നിൻ മുതുമേതിയിൻ മുലൈവഴി പാലും
തുറൈയി നിൻറുയർ മാങ്കനി തൂങ്കിയ ശാറും
അറൈയു മെൻ കരുമ്പാടിയവ മുതമു മഴിതേം
നറൈയു മല്ലതു നളിർപുനല് പെരുകലാ നതികൾ.

പ:—നതികൾ=നദികളിൽ, മുറൈയിനില്=അനുക്രമത്തിൽ, മുതുമേതിയിൻ=മൂത്തന്ന എരുമകളുടേ, മുലൈ=മുലകളിൽനിന്നും, വഴി=ഒഴുകുന്ന, പാലും=പാലും, തുറൈയിനിൻറ=കരകളിൽനിന്നു, ഉയർ=ഉയൎന്ന, മാങ്കനി=മാമ്പഴങ്ങളിൽനിന്നും, തൂങ്കിയ=ഒഴുകിയ, ചാറം=നീരും, അറൈയും—ആലയിൽ ആട്ടുന്ന മെല് കരുമ്പു=മൃദുവായ കരിമ്പ്, ആടിയ=ആലയിലാട്ടിയതിനാലുണ്ടായ, അമിർതമും=നീരും, അഴി=തകൎന്ന, തേൻ=തേൻകൂട്ടിൽനിന്നും ഒഴുകിയ, നറൈയും=തേനും, അല്ലതു=(പെരുകുന്നതു) അല്ലാതെ, നളിർ പുനല് പെരുകലാ=കുളുൎത്ത ജലരാശികൾ പെരുകുകയില്ല.

ഭാ:—നദികൾ കരകവിഞ്ഞൊഴുകുന്നത് പാൽ മുതലായ ദ്രവദ്രവ്യങ്ങൾ ഒഴുകി ചെന്നുചേരുന്നതിനാലാണ്. അല്ലാതെ മററു പോഷകജലപ്രവാഹാദികളെക്കൊണ്ടല്ല. എന്നുപറഞ്ഞ് നാട്ടിലെ ക്ഷീരാദിപദാൎത്ഥങ്ങളുടെ സമൃദ്ധിയെ കാണിക്കുന്നു. ൫൭

544. ഇഴൈക്കു നുണ്ണിടൈ യിടൈതരമുകട്ടുയർ കൊങ്കൈ
മഴൈക്കൺ മങ്കൈയ രരങ്കിനില്വയിരിയർമുഴവം
മുഴക്കുമിണ്ണിശൈ വെരുവിയ മോട്ടിളമൂരി
ഉഴക്ക വാളൈകൾ പാളൈയിർ കുതിപ്പുണ വോടൈ

പ:—ഇഴൈക്കു=നൂലിഴയേക്കാൾ, നുൺ ഇടൈ=നനുത്ത അരക്കെട്ട്, ഇടൈ തര=ഉലയുംവിധം, മുകട്ടു ഉയർ കൊങ്കൈ=കുന്നുപോലുയൎന്ന

സ്തനങ്ങളോടും, മഴൈ കൺ=കുളുത്ത നോട്ടത്തോടും കൂടിയ, മങ്ക്കൈയർ=നടികാം, (നടനം ചെയ്യുന്ന) അരങ്ങ്കിനില്=നാടകരംഗത്തിൽ, വയിരിയർ=നടന്മാർ, മുഴവം മുഴക്കം=മദ്ദളം കൊട്ടുന്നതിനാലുണ്ടാകുന്ന, ഇൻ ഇശൈ=മധുരസ്വനം കേട്ടു, വെരുവിയ=അഞ്ചിയ (പേടിച്ച), മോട്ട ഇളമൂരി=വലിപ്പവും ഇളംപ്രായവുമുള്ള എരുമകാം, ഓടൈ ഉഴക്ക=നീർതോടുകളിൽ ചാടി കലക്കുമ്പോാം, (അതിന്നു ഭയന്നു്) വാളൈകാം=(ആ തോടുകളിലുള്ള) വാളമത്സ്യങ്ങാം, (തുള്ളിച്ചാടി) പാളൈയില് കുതിപ്പണ=(തെങ്ങു കവുങ്ങു മുതലായവയുടെ) പാളകളിൻമേൽ ചെന്നടിക്കുന്നു. നുവ്വ

545. പടൈനെടുങ്ങ്കൺ വാളുറൈ പുക പ്പടർപുണൻ മൂഴ്കി
കടൈയ മുൻകടർ ശെഴന്തിരു വെഴമ്പടി കാട്ടി
മിടൈയും വൊംവളൈ പുള്ളോടു മൊലിപ്പ മെല്ലിയലാർ
കുടൈയ വണ്ടിണങ്ങ്കടിമലർ കുടൈവണ കുളങ്ങ്കാം.

പ:—കുളങ്ങ്കാം=തടാകങ്ങളിൽ, മെല്ലിയലാർ=തന്വംഗികാം, പടൈ നെടുങ്ങ്കൺ വാാം=വേൽപോലെ നെടുതായ നയനങ്ങളാകുന്ന ഖഡ്ഗങ്ങാം, ഉറൈ പുക=(ഇമകളാകുന്ന) ഉറകളിൽ പൂകുംവണ്ണം, പടർ പുണല് മുഴകി=പരന്നുനില്ക്കുന്ന വെള്ളത്തിൽ കുളിച്ചു്, മുൻകടൈയ=മുൻകാലത്തിൽ കടഞ്ഞപ്പോാം, കടല്=പാൽക്കടലിൽ, ശെഴ=പ്രകാശിച്ച, തിരു=ശ്രീദേവി, എഴംപടി=മേലോട്ടു പൊങ്ങിവരുംപ്രകാരം, കാട്ടി=തോന്നിച്ചു്, മിടൈയും=ഞെരുങ്ങിയ, വൊംവളൈ=വെണ്മ കലന്ന വളകാം, പുള്ളോടും ഒലിപ്പ=അതിലുള്ള നീർപക്ഷികളോടുകൂടെ ധ്വനിക്കുംവണ്ണം, കുടൈയ=കടഞ്ഞുകൊണ്ടിരിക്കയും, വണ്ടിണം=വണ്ടിൻകൂട്ടം, കടിമലർ=നറുംപൂക്കളെ, കുടൈ വണ=(തങ്ങടെ പതനത്താൽ) ചലിപ്പിക്കയും ചെയ്യുന്നു.

ഭാ:—തടാകങ്ങളിൽ തരുണീമണികാം മുങ്ങി പൊങ്ങുന്നതു്, പാലാഴിയിൽനിന്നുള്ള ലക്ഷ്മീദേവിയുടെ ആവിർഭാവംപോലെയിരുന്നു. അവരുടെ കൈവളകളുടെ കിലുകിലധ്വനി നീർപക്ഷികളുടെ നിനാദത്തോടു കലന്നു കോക്കപ്പെട്ടു. മധുപാനത്തിന്നായി വന്നണഞ്ഞ വണ്ടുകളുടെ പതനത്താൽ പുഷ്പങ്ങാം ചഞ്ചലങ്ങളായിതീൎന്നു.

വി:—വെള്ളത്തിൽ മുങ്ങുമ്പോാം കണ്ണടെക്കുന്നതു സഹജമാകയാൽ "കൺവാളുറൈ പുക" എന്നു പറഞ്ഞു. നുൻ

അഹല്യയുടെ വൃത്താന്തം.

546. ഇണൈയനാട്ടിണൈ യിണിതുശെൻറിഞ്ചി ശൂഴ് മിതിലൈ
പൂണൈയുനീൾ കൊടി പ്പുരിശൈയിൻ പുറത്തുവന്തിര
മണൈയിൻമാട് ച്ചിയൈ യഴിത്തിഴി മാതവ പ്പണ്ണി [ത്താർ
കണൈയുമേട്ടുയർ കരുങ്കലോർ വെള്ളിടൈക്കണ്ടാർ.

പ:— ഇണൈയ നാട്ടിണൈ=ഇങ്ങിനെയുള്ള വിദേഹനാട്ടിനെ, ഇണിതു ശെൻറ=കൌതുകം പൂണ്ടു പ്രവേശിച്ച്, ഇഞ്ചിശൂഴ്=മതിലുകളാൽ ചുററപ്പെട്ട, മിതിലൈ=മിഥിലാനഗരത്തെ, പൂണൈയും=അലങ്കരിച്ചുകൊണ്ടിരിക്കുന്ന, നീൾ കൊടി=നീണ്ട കൊടികൾ കെട്ടിത്തൂക്കിയ, പരിശൈയിൻ പുറത്തു=മതിലിന്നു പുറത്ത്, വന്തു ഇറുത്താർ=വന്നുതങ്ങി, മണൈയിൻ മാട്ചിയൈ=(ചാരിത്രം മുതലായ) ഗൃഹിണീധമ്മങ്ങളെ, അഴിത്തു=ഭഞ്ജിച്ച്, ഇഴി=(അതിനാൽ) നിലകിഴിഞ്ഞ, മാതവപ്പണ്ണി=മഹാതപസ്വിയുടെ പത്നി (അഹല്യാ), (ശാപവശാൽ) കണൈയും മേട്ടു ഉയർ=വലിയ മേടായി ഉയന്നുകാണുന്ന, കരുങ്കല്=കരിങ്കല്ലിനെ, ഓർ വെള്ളിടൈ=ഒരു വെളിപ്രദേശത്തു, കണ്ടാർ=അവർ കണ്ടു. ൧൦

547. കണ്ടകൻമിശൈ ക്കാകുത്തൻ കഴററുകൾ കതുവ
ഉണ്ടപേതൈമൈ മയക്കറ വേറുപട്ടുരുവം
കൊണ്ടുമെയ്യുണർ പവൻകഴല് ക്രൂടിയ തൊപ്പ
പണ്ടൈ വണ്ണമായ് നിൻറണൺ മാമുണി പണിപ്പാൻ.

പ:—കണ്ടകല് മിശൈ=ആ കണ്ട കല്ലിന്മേൽ, കാകുത്തൻ=കാകുൽസ്ഥൻ, കഴല് തുകൾ=പാദരേണു, കതുവ=ഏററതിനാൽ, ഉണ്ട=(ശരീരികളെ) വിഴുങ്ങിയ, പേതൈമൈ മയക്കു=അജ്ഞാനജന്യമായ മോഹം, അറ=നീങ്ങിയതിനാൽ, (ഒരുവൻ) ഉരുവം വേറ പട്ടു=രൂപമററ് (ദിവ്യരൂപം ലഭിച്ച്) മെയ്യുണർവുകൊണ്ടു=പരമാത്മജ്ഞാനം സിദ്ധിച്ച്, അവൻ=ആ ശ്രീനാരായണൻെറ, കഴല്=തിരുവടിയെ, കൂടിയതു ഒപ്പ=ചേന്നതിന്നു തുല്യമായി (സായൂജ്യം ലഭിച്ചപോലെ), പണ്ടൈ വണ്ണമായ് നിൻറണൾ=പൂവ്വരൂപം പൂണ്ടുനിന്നു. (അതു കണ്ട) മാമുണി=വിശ്വാമിത്രമുനി, പണിപ്പാൻ=(ശ്രീരാമദേവനോടു) പറയുന്നു. ൧൧.

വൃത്തം മാറി.

548. മായിരു വിശുമ്പിർ കങ്കൈ
മൺമിശൈ യിഴിത്തോൻ മൈന്ത

മേയിണ വുവകൈയോടു
മിന്നെണവൊതുങ്ങ്കി നിൻറാൾ
തീവിനൈ നയന്തു ശെയ്ത
തേവർകോൻ റണക്കുച്ചെങ്ക
ണ്ണായിര മളിത്തോൻ പണ്ണി
യകലികൈ യാകുമെൻറാൻ

പ:—മാ ഇരു=ഏററവും മഹിമയുള്ള, വിശുമ്പിർ കങ്കൈ=ആകാശഗംഗയെ, മൺ മിശൈ=മന്നിടത്തിൽ, ഇഴിത്തോൻ=കൊണ്ടുവന്ന ഭഗീരഥൻെറ, മൈന്ത=(കുലത്തിൽ പിറന്ന) മകനേ, മേയിണ ഉവകൈയോടു=ഉണ്ടായ സന്തോഷത്തോടെ, മിൻ എണ=മിന്നൽകൊടിപോലെ, ഒതുങ്ങ്കി നിൻറാൾ=ഒതുങ്ങിനിന്ന ഇവൾ, (ആരെന്നാൽ) തീവിനൈ=ദുഷ്കർമ്മത്തെ, നയന്തു ശെയ്ത=വാഞ്ഛയോടെ ചെയ്ത, തേവർ കോൻ തനക്കു=ദേവേന്ദ്രനു, ശെങ്കൺ ആയിരം=ആയിരം ചെങ്കണ്ണുകളെ, അളിത്തോൻ=നൽകിയ ഗൌതമമുനിയുടേ, പണ്ണി=പത്നിയായ, അകലികൈ ആകും=അഹല്യയാണ്. എൻറാൻ=എന്നു പറഞ്ഞു.

കണ്ണു ചുവന്നിരിക്കയെന്നത് ഉത്തമസ്ത്രീപുരുഷന്മാരിൽ കാണാവുന്നതും സാമുദ്രികശാസ്ത്രപ്രകാരം മഹാ ഭാഗ്യസൂചകവുമാണ്. ൭വ.

549. പൊന്നെയെയ് ശടൈയാൻകൂറ
കേട്ടലും പൂമികേൾവൻ
എന്നെയേ എന്നെയേ യി
വ്വുലകിയലിരുന്തവണ്ണം
മുന്നെയ്യൂഴ് വിനൈയിനാലോ
നടുവൊൻറു മുടിന്തതുണ്ടോ
അന്നെയേ യനൈയാൾക്കിവ്വാ
റടുത്ത വാറരുളകെൻറാൻ.

പ:—പൊന്നെ എയ്=പൊന്നിനോടൊത്ത, ശടൈയാൻ=ജടാഭാരം പൂണ്ട വിശ്വാമിത്രമുനി, കൂറ=പറഞ്ഞതു, കേട്ടലും=കേട്ട മാത്രത്തിൽ, പൂമികേൾവൻ=ഭൂവല്ലഭനായ ശ്രീരാമദേവൻ, ഇ ഉലകു ഇയല്=ഈ ലോകസ്വഭാവം, ഇരുന്തവണ്ണം=ഇരുന്ന പ്രകാരം, എന്നെ എന്നെ=എങ്ങിനേ എങ്ങിനേ, (എന്നു അത്ഭുതപ്പെട്ടു) മുന്നെ=പഴമയായ, ഊഴ്വി

നൈയിനാലോ=പ്രാരബ്ധകർമ്മത്താലോ, നടു ഒൻറു=ഇടയിൽ ഒരു കാരണത്താൽ( മുടിന്തതു ഉണ്ടോ=വന്നു ഭവിച്ചതോ, അന്നൈയേ അനൈയാറംക്കു=മാതൃസമാനയായ അഹല്യക്ക്, ഇവ്വാറു=ഇപ്രകാരം, അടുത്ത ആറു= നേരിട്ട വിധത്തെ, അരുളുക എൻറാൻ=പറഞ്ഞരുളേണമെന്നു പ്രാർത്ഥിച്ചു.

തൻെറ ഏകപത്നീവ്രതത്തേയും ധർമ്മനിഷ്ഠയേയും പര്യാലോചിച്ചു രാമദേവൻ അഹല്യാവൃത്താന്തശ്രവണത്താൽ "എന്നൈ എന്നൈ"എന്നു വിസ്മയിച്ചു പറഞ്ഞതാണ്. ൫൦.

550. അവ്വുരൈ യിരാമൻക്കുറ
വറിഞ്ഞനു മവനൈ നോക്കി
ശെവ്വിയോയ് കേട്ടിമേനാറം
ശെറി ശുടർക്കുലിശത്തണ്ണല്
അവ്വിയ മവിത്ത ശിന്തൈ
മുനിവനൈ യററനോക്കി
നവ്വിപോല് വിഴിയിനാടൻ
വണമുലൈ നണുകലുററാൻ.

പ:—അ ഉരൈ=ആ വാക്യം, ഇരാമൻ കൂറ=ശ്രീരാമൻ പറഞ്ഞപ്പോറം, അറിഞ്ഞനും=മുനിയും, അവനൈ നോക്കി=അവനെ നോക്കി, ശെവ്വിയോയ്=സദ്വൃത്തനായുള്ളോവേ, കേട്ടി=കേട്ടുകൊണ്ടാലും, മേല് നാറം=മുൻകാലത്ത്, ശെറി ശുടർ=ഏററവും കാന്തിയുള്ള, കുലിശത്തു അണ്ണല്=വജ്രപാണിയായ ഇന്ദ്രൻ, അവ്വിയം അവിത്ത=അസൂയാദി ദുർഗ്ഗുണങ്ങളെ വെടിഞ്ഞ, ശിന്തൈ=മനസ്സോടുകൂടിയ, മുനിവനൈ=ഗൌതമമുനിയുടെ, അററം നോക്കി=സാന്നിദ്ധ്യമില്ലാത്ത സമയംനോക്കി, നവ്വിപോല് വിഴിയിനാറം=മാനിൻെറ മിഴിക്കൊത്ത മിഴിയോടുകൂടിയ അഹല്യയുടെ, വണം മുലൈ=അഴകിയലുന്ന കൊങ്കകളെ, നണുകല് ഉററാൻ= ചേരുവാൻ (പുണരുവാൻ) ഇച്ഛിച്ചു. ൫൪.

551. തയ്യലാണയ ണവേല്യ
മൻമതൻ ശരമും പായ
ഉയ്യലാ മുവതി നാടി
യുഴല്പവ ണൊരുനാളുററ

മെയ്യലാ ലറിവുനീങ്ങ്കി
മാമുണിക്കററഞ്ചെയ്തു
പൊയ്യിലാ വുള്ളത്താൻറ
രുരുവമേകൊണ്ടു പുക്കാൻ.

പ:—തൈയലാറം നയണവേലും=ആ അഹല്യയുടെ നയനമാകുന്ന വേലും, കാമൻ ശരമും=മന്മഥൻെറ ബാണങ്ങളും, പായ=തൻേറ മേൽ പാഞ്ഞതിനാൽ, (നേരിട്ട ബാധ നീങ്ങി) ഉയ്യലാം ഉറതി നാടി=രക്ഷപ്പെട്ടുവാൻ തക്ക നിലയേ ആരാഞ്ഞ്, ഉഴല്പവൻ=ഉഴലുന്ന ഇന്ദ്രൻ, ഒരു നാറം=ഒരു ദിവസം, ഉററ=തനിക്കുണ്ടായ, മെയ്യലാല്=കാമമോഹത്താൽ, അറിവു നീങ്ങ്കി=മതികെട്ട്, മാമുണിക്കു=മഹാനായ ഗൌതമമുനിക്ക്, അററം ശെയ്തു=അകന്നുപോകേണ്ടും സന്ദൎഭമുണ്ടാക്കിതീൎത്ത്, പൊയ്ഇല്ലാ ഉള്ളത്താൻ=നിഷ്കപടമാനസനായ ആ ഋഷിയുടെ, ഉരുവമേ കൊണ്ടു=രൂപംതന്നെ, കയ്ക്കൊണ്ടു, പുക്കാൻ=അഹല്യയുടെ അടുത്തുചെന്നു. ൭൭.

552. പുക്കവ ളോടും കാമ
പ്പുതുമണ മതുവിൻേറ ല്
ഒക്കവു ണ്ടിരുത്തലോടു
മുണർന്തന ളുണർന്തപിണ്ണും
തക്കതൻെറണ്ണവോരാറം
താഴ്ന്തന ളിരുപ്പത്താഴാ
മുക്കണ്ണാനമൈയ വാററൻ
മുനിവരു മുടുകി വന്താൻ.

പ:—പുക്കു=ഇങ്ങിനെ ചെന്ന്, അവളോടും=ആ അഹല്യയോടുകൂടി, കാമം=കാമമാകുന്ന, പുതുമണം=നവസംഗമത്തിൻെറ, മതുവിൻ തേറല്=അതിമധുരമായ മധുവിനെ, ഒക്ക ഉണ്ടു ഇരുത്തലോടും=(ഇരുവരും) ഒത്തനുഭവിച്ചുകൊണ്ടിരിക്കുമ്പോറം, ഉണർന്തനറം=(അഹല്യ, സ്വഭൎത്താവല്ലെന്ന്) അറിഞ്ഞു. ഉണർന്ത പിണ്ണും=അറിഞ്ഞതിന്നു ശേഷവും, തക്കതു അൻറ എണ്ണ=ഇതു തനിക്കു യോഗ്യമായിട്ടുള്ളതല്ലെന്ന്, ഓരാറം=ഓൎക്കാതെ, (ആ കൃത്യത്തിൽ നിന്നൊഴിയാതെ), താഴ്ന്തനറം ഇരുപ്പ=താമസിച്ച് (വിലംബിച്ച്) ഇരിക്കെ, താഴാ=അഹല്യാവൃത്താന്തം ദിവ്യചക്ഷുസ്സിനാൽ ഗ്രഹിച്ച മാത്രയിൽ) അടങ്ങിയിരിക്കാതേ, മുക്കണ്ണാൻ അമൈ

യ ആററല്=മുക്കണ്ണനായ പരമശിവനെപ്പോലെ വ്യഗ്രനായ, മുനിവ നം=ഗൌതമമുനിയും, മുടുകി വന്താൻ=ബദ്ധപ്പെട്ടു വന്നു.

വി:—"താഴ്ന്തണം" "താഴാ" എന്ന പദങ്ങാംക്കു "താണവം" "താഴാതവൻ" എന്ന അൎത്ഥകല്പനം അവരുടെ തല്ക്കാലനിലയെ ധ്വനിപ്പിക്കുന്നു. ൧൬

553. ശരന്തരു ശാപമല്ലാ
റററട്ടപ്പരുഞ്ചാപം വല്ല
വരന്തരു മുനിവണെയ്ത
വരുതലും വെരുവിമായാ
നിരന്തര മുലകിണിർകു
നെടുമ്പഴി പൂണ്ടാണിൻറാം
പുരന്തര ണടുങ്കിയാങ്കോർ
പൂശൈയായ് പോകലുററാൻ.

പ:—ശരം തരു=അമ്പു തൊടുത്തെയ്യുവാൻതക്ക, ശാപം അല്ലാല്=ശാപത്തിലല്ലാതെ (വില്ലമ്പുകൊണ്ടല്ലാതേ) തടുപ്പു അരു=തടുപ്പാനരുതാത്ത, ശാപം വല്ല=ശാപം നൽകുവാൻതക്ക വല്ലഭത്വമുള്ള (ചൊല്ലമ്പു കൊണ്ടു ഹനിപ്പാൻ കഴിവുള്ള), വരം തരു മുനിവൻ=അനുഗ്രഹം ചെയ്യാനാളായ മുനി, എയ്ത വരുതലും=അടുത്തുവരുമ്പോഴേക്കും, മായാ=മാഞ്ഞു പോകാതെ, നിരന്തരം=എന്നെക്കും, ഉലകില് നിർകും=ലോകത്തിൽ നിലയുറച്ച, നെടുംപഴി=നെടുതായ അപവാദത്തെ, പൂണ്ടാം=വഹിച്ചവളായ അഹല്യ, വെരുവിനിൻറാം=ഭയപ്പെട്ടുനിന്നു. പുരന്തരൻ=പുരന്ദരൻ (ഇന്ദ്രൻ), നടുകി=നടുങ്ങി, അങ്കു=അവിടേനിന്നും, ഓർ പൂശൈ ആയ്=ഒരു പൂച്ചയുടെ രൂപം കയ്ക്കൊണ്ടു, പോകല് ഉററാൻ=പോകുവാൻ തുനിഞ്ഞു.

ഭാ:—കരബലംകൊണ്ടു സാദ്ധ്യമായ വില്ലമ്പുകൊണ്ടല്ല, തപോബലംകൊണ്ടു സാദ്ധ്യമായ ചൊല്ലമ്പുകൊണ്ടു ശപിപ്പാ (ഹനിപ്പാ)നും അനുഗ്രഹിപ്പാനും പ്രാഭവമുള്ള ഗൌതമമഹൎഷി 412_ാംകവിയിൽ "ശൊല്ലൊക്കും ശുടുശരം" എന്നു പറഞ്ഞിരിക്കുന്നു. ൧൭

554. തീവിഴി ശിന്തനോക്കി
ച്ചെയ്തതൈ യുണർന്തുശെയ്യ

തുയവണവണെ നിൻകൈ
ച്ചുടുശര മണെയ ശൊല്ലാല്
ആയിര മാതർക്കുള്ള
വറികുറി യുണക്കുണ്ടാകെ
ൻറയിണ നവൈയെലാം വ
ന്തിയെന്തണ വിമൈപ്പിൻമുണ്ണം.

പ:—ശെയ്യ തുയവൻ=സമബുദ്ധിയും പരിശുദ്ധനുമായ ഗൌതമൻ, (അപ്പോഠം) വിഴി തീശിന്ത നോക്കി=കണ്ണുകഠം തീപ്പൊരി പൊഴിക്കും വണ്ണം നോക്കി, ശെയ്തതൈ ഉണർന്തു=അവരിരുവേരും ചെയ്ത കൃത്യത്തെ അറിഞ്ഞ്, അവണൈ=ആ ഇന്ദ്രനോട്, നിൻ കൈ=നിന്റെ കയ്യിലുള്ള, ശുടുശരം അണൈയ=ചൂടുള്ള ശരത്തിന്നു തുല്യമായ, ശൊല്ലാല്=വാക്കിനാൽ, (ഹേ സുരേന്ദ്ര) ഉണക്കു=നിന്റെ ശരീരത്തിൽ, മാതർക്കുള്ള=സ്ത്രീകഠംക്കുള്ള, അറികുറി=ചിഹ്നം (യോനി), ആയിരം ഉണ്ടാക എൻറ=ഒരായിരം എണ്ണം ഉണ്ടായിവരട്ടെ എന്ന്, ഏയിണൻ=ശപിച്ചു. (അപ്രകാരം) അവൈ എലാം=അവയെല്ലാം, ഇമൈപ്പിൻ മുണ്ണം=ഒരു നിമേഷത്തിന്നുള്ളിൽ, വന്തു ഇയൈന്തണ=(അവന്റെ അംഗത്തിൽ) ഉണ്ടായ്വന്നു. ൭വ്വ

555. എല്ലൈയി ണാണമെയ്തി
യാവർക്കു നകൈ വന്തെയ്ത
പ്പുല്ലിയ പഴിയിണോടും
പുരന്തരൻ പോയപിന്റെ
മെല്ലിയലാളൈ നോക്കി
വിലൈമകളണൈയ നീയും
കല്ലിയ ലാതിയെൻറാൻ
കരുങ്കലായ് മരുങ്കുവീഴ്വാഠം.

പ:—(അപ്പോഠം) പുരന്തരൻ=ദേവരാജൻ, എല്ലൈ ഇല്=അളവില്ലാത്ത, നാണം എയ്തി=നാണം പൂണ്ട്, യാവർക്കും നകൈ വന്തു എയ്ത=എല്ലാവക്കും പരിഹാസം ജനിക്കത്തക്കവണ്ണം, പുല്ലിയ പഴിയിണോടും=വന്നുചേൎന്ന അപവാദത്തോടെ, പോയ പിന്റെ=പോയതിന്നുശേഷം, മെല്ലിയലാളൈ നോക്കി=തന്നപംഗിയായ അഹല്യയെ നോ

ക്കി, വിലൈ മകഠം അണൈയ നീയും=വേശ്യയെപ്പോലെയുള്ള നീയും, കല് ഇയല് ആതി=ശിലാരൂപിണിയായ് ഭവിക്കും, എൻറാൻ=എന്നു ശപിച്ചു. (അങ്ങിനെ ശപിച്ചപ്പോഠം) കരുകല് ആയ്=കരിങ്കല്ലായി, മരുങ്കു വീഴ്വാഠം=താഴത്തു വീഴുന്നവഠം. ൫൯

556. പിഴൈത്തതു പൊറുത്തലെൻറം
പെരിയവർ കടനേ യെൻപാർ
അഴററരു ങ്കടവുളണ്ണായ്
മുടിവിതർ ക്കരുളുകെണ്ണ
ത്തഴൈത്തുവ ണ്ടിമിരുന്തണ്ടാർ
ത്തശരത രാമനെൻപാൻ
കഴററുകഠം കതുവവിന്ത
ക്കല്ലുരു തവിർതിയെൻറാൻ.

പ:—(ആ മഹർഷിയോട്) അഴല് തരും കടവുഠം അണ്ണായ്=അഗ്നിപ്രഭനായ ഉമാപതിക്കു തുല്യനായുള്ളോവേ, എൻറം=എന്നും, പിഴൈത്തതു പൊറുത്തല്=(എളിയവർ) പിഴചെയ്തതിനെ പൊറുക്കുന്നത്, പെരിയവർ=വലിയവരുടെ, കടനേ എൻപാർ=ചുമതലയാണെന്നു അറിവുള്ളോർ പറയും, (ആകയാൽ) ഇതർകു=ഈ ശാപത്തിന്നു, മുടിവു അരുളുക എണ്ണ=പര്യവസാനം (ശാപമോക്ഷം) അരുളിച്ചെയ്യണമെന്നു പ്രാർത്ഥിക്കവേ, (ഗൌതമമുനി അവളോട്ടു) തഴൈത്തു=വികസിച്ച്, വണ്ടു ഇമിരും=വണ്ടുകഠം ഗാനംചെയ്തുകൊണ്ടിരിക്കുന്ന, തൺ താർ=കുളുത്ത പൂമാലയണിഞ്ഞ, തശരത രാമൻ എൻപവൻ=ദാശരഥിരാമനെന്നു പേരുള്ളവന്റെ, കഴല് തുകഠം കതുവ=പാദധൂളികഠം ഏല്ക്കുന്നതുകൊണ്ട്, ഇന്തകല് ഉരു തവിർതി=ഈ ശിലാരൂപത്തെ നീ വെടിയും, എൻറാൻ=എന്നു പറഞ്ഞു. ൫൬

557. അന്തവിന്തിരനൈ കണ്ട
വമരർകഠം പിരമൻ മുന്നാ
വന്തു കോതമനൈ വേണ്ട
മററവൈ തവിർത്തു മാറാ
ച്ചിന്തൈയിൻ മുനിവു തീർന്തു
ശിറന്തവായിരങ്കണ്ണാക്ക

ത്തന്തമതുലക്ക പുക്കാർ
തൈയലും കിടന്താൾ കല്ലായ്.

പ:—അന്ത ഇന്തിരനൈക്കണ്ട അമരർകൾ=ആ ഇന്ദ്രനെകണ്ട ദേവന്മാർ, പിരമൻ മുൻ ആവന്തു=ബ്രഹ്മദേവനെ മുൻനിറുത്തി വന്ന്, കോതമനൈ വേണ്ട=ഗൌതമനോടപേക്ഷിക്കയും, (അദ്ദേഹം) അവൈ തവിർന്തു=അവയെ (ആ ആയിരം യോനികളെ) മാററി, ശിന്തൈയിൻ മാറാ=മനസ്സിൽനിന്നു വിട്ടുപോകാത്ത, മുനിവു=കോപവും, തീർന്തു=തീന്ന്, ശിറന്ത ആയിരം കൺ ആക്ക=ശ്രേഷ്ഠങ്ങളായ ആയിരം കണ്ണുകളാക്കുകയും ചെയ്തതിനാൽ, (ദേവന്മാർ) തം തമതു ഉലകു=തങ്ങൾ തങ്ങളുടേ ലോകങ്ങളിലേക്കു, പുക്കാർ=ചെന്നുചേന്നു. തൈയലും=അഹല്യയാകട്ടെ, കല് ആയ് കിടന്താൾ=കല്ലായി കിടക്കുകയും ചെയ്തു. വൃ.

558. ഇവ്വണ്ണ നികഴ്ന്തവണ്ണ
മിണിയിന്തവുലകുക്കെല്ലാം
ഉയ്വണ്ണ മൻറി മററോർ
തുയർവണ്ണ മുറവതുണ്ടോ
മൈവണ്ണത്തരക്കി പോരിൽ
മഴൈവണ്ണത്തണ്ണലേയുൻ
കൈവണ്ണമങ്ങ്കുക്കണ്ടേൻ
കാൽവണ്ണമിങ്ങ്കുക്കണ്ടേൻ.

പ:—നികഴ്ന്തവണ്ണം ഇവ്വണ്ണം=(മുൻകാലത്ത്) നടന്നവിധം ഇങ്ങിനെയാണ്. ഇണി=ഇനിമേൽ, ഇന്ത ഉലകുക്കെല്ലാം=ഈ ലോകത്തിന്നെല്ലാം ഉയ്വണ്ണം അൻറി=ഉജ്ജീവനമുണ്ടാകുന്നതല്ലാതെ, മറേറാർ തുയർവണ്ണം=മററൊരു ദുഃഖത്തിന്നു കാരണം, ഉറവതു ഉണ്ടോ=ഉണ്ടാകുമോ, മഴൈ വണ്ണത്തു അണ്ണലേ=മേഘവർണ്ണനായ രാമദേവ, അങ്ങ്കു=അവിടെ, മൈവണ്ണത്തു=മയ്യിൻെറ വർണ്ണംപൂണ്ട, അരക്കി പോരില്=രാക്ഷസിയായ താടകയുമായുണ്ടായ യുദ്ധത്തിൽ, ഉൻ കൈവണ്ണം കണ്ടേൻ=നിൻെറ ഭുജമഹിമ ഞാൻ കണ്ടു. ഇങ്ങ്കു=ഇവിടെ, കാല് വണ്ണം കണ്ടേൻ=ഇവിടെ പാദത്തിൻെറ മാഹാത്മ്യം കണ്ടു.

ഭാ:—ഇങ്ങിനെ ഭുജപാദങ്ങളുടെ മഹത്വം കാണ്മാൻ കഴിഞ്ഞു. ഇതുപോലെ ഭവദീയങ്ങളായ മറേറാരോ അംശങ്ങളുടേയും മഹിമ കണ്ടുകൊൾവാൻ കാംക്ഷയുണ്ടെന്നു താല്പയ്യം. വൃ.

559. തീതിലാ വുതവി ശെയ്ത
ശേവടി ക്കരിയശെമ്മല്
കോതിലാ ക്കുണത്താൻ ശൊണ്ണ
പൊരുളെലാ മണത്തിർ കൊണ്ടു
മാതവണരുളുണ്ടാകില്
വഴിപടർ പടരുറാതേ
പോതുനീ യന്നൈ യെൻറു
പൊണ്ണടി വണങ്ങ്കപ്പോണാൾ.

പ:—തീതു ഇലാ=ദോഷമില്ലാത്ത, ഉതവി ശെയ്ത=ഉപകാരം ചെയ്ത, ശേവടി=ചേവടിയോടുകൂടിയ, കരിയ ശെമ്മല്=ശ്യാമളവർണ്ണനായ ശ്രീരാമദേവൻ, കോതു ഇല്ലാ കുണത്താൻ=കളങ്കമററ ഗുണങ്ങളോടുകൂടിയ, (വിശ്വാമിത്രമുനി) ശൊണ്ണ പൊരുൾ എല്ലാം=പറഞ്ഞ വൃത്താന്തമെല്ലാം, മണത്തില്കൊണ്ടു=മനസ്സിൽ ധരിച്ച്, (അഹല്യയെ നോക്കി) അന്നൈ=അമ്മേ, മാതവൻ=ഗൌതമമഹർഷിയുടേ, അരുൾ ഉണ്ടാകില്=അനുഗ്രഹമുണ്ടെന്നു വരികിൽ, വഴിപടർ പടർ ഉറാതു=വഴിയാത്ര ചെയ്വാൻ കഷ്ടപ്പാടുണ്ടാകയില്ല. നീ പോതു എൻറു=നീ പോന്നുകൊൾകയെന്ന്, പോണ്ണടി വണങ്ങ്ക=അവളുടെ അഴകാന്ന പാദങ്ങളെ വണങ്ങുകയും, (രാമവാക്യത്തെ അനുസരിച്ച്) പോണാൾ=(അവരോടൊരുമിച്ച്) അവൾ പോവുകയും ചെയ്തു. വൃന്ദ.

560. അരുന്തവ ഞുറൈ യുടന്നൈ
വണൈയവ രണുകലോടും
വിരുന്തിണർ തമ്മൈക്കാണാ
മെയ്മ്മുണി വിയന്തനെഞ്ചൻ
പരിന്തെതിർ കൊണ്ടുപുക്കു
ക്കടൻമുറൈ പഴുതുറാമല്
പുരിന്ത പിൻ കാതിശെമ്മല്
പുണിത മാതവണൈ നോക്കി.

പ:—അരുന്തവൻ=തപോനിധിയായ ഗൌതമമുനിയുടെ, ഉറൈയുൾ തന്നൈ=ആശ്രമത്തെ, അണൈയവർ=അവർ, അണുകലോടും=പ്രാപിച്ചപ്പോഴേക്കും, മെയ് മുണി=യഥാർത്ഥജ്ഞനായ മുനി, വിരുന്തിണർ ത

മൈമ കാണാ=അത്ഭുതികളെ കണ്ട്, വിയന്ത നെഞ്ചൻ-വിസ്മിത ചിത്ത നായി, പരിന്തു എതിർ കൊണ്ടു പുക്കു=അമ്പോടെ എതിരേററ കൊണ്ടു ചെന്ന്, കടൻ മുറൈ=താൻ ചെയ്യേണ്ടതായ ഉപചാരമുറകളെല്ലാം, പ ഴുതു ഉറാമല്=ലോപം വരാതെ, പുരിന്ത പിൻ=ചെയ്തതിന്നു ശേഷം, കാ തിശെമ്മല്=ഗാധിനന്ദനനായ വിശ്വാമിത്രമുനി, പുണിതൻ=പരിശുദ്ധ നം, മാ=മഹാനുമായ, തവനൈ=തപസ്വിയെ (ഗൌതമമുനിയെ), നോ ക്കി=നോക്കി. വ്യർ.

561. അഞ്ചണവണ്ണത്താൻറ
ണ്ണടിത്തുകൾ കതുവാമുണ്ണം
വഞ്ചിപോലിടൈയാൺ മുന്നൈ
വണ്ണത്തളാകി നിൻറാൾ
നെഞ്ചിനാർ പിഴൈപ്പിലാളൈ
നീയഴൈത്തിടുകവെണ്ണ
കഞ്ചമാമുനിവണ്ണ
മുനിവനും കരുത്തും കൊണ്ടാൻ.

പ:—അഞ്ചണവണ്ണത്താൻ തൻ=അഞ്ജനവർണ്ണനായ ശ്രീരാമദേവ ൻെറ, അടി തുകൾ=പാദധൂളി, കതുവാ മുണ്ണം=തട്ടുന്നതിനു മുമ്പേ, വഞ്ചി പോല് ഇടൈയാൾ=വള്ളിപോലെ നനുത്ത മദ്ധ്യപ്രദേശത്തോടുകൂടിയവ ളായ അഹല്യ, മുന്നൈ വണ്ണത്തൾ ആകി നിൻറാൾ=മുമ്പിരുന്നവണ്ണം ത ന്നെ (മോഹനാംഗി)യായി നിന്നു. നെഞ്ചിനാല് പിഴൈപ്പു ഇലാളൈ= മനഃപൂർവ്വം പിഴചെയ്തിട്ടില്ലാത്ത ഇവളെ, നീ അഴൈത്തിടുക എണ്ണ=ഭവാ ൻ പരിഗ്രഹിക്കേണമെന്നു ചൊല്ലുകയും, കഞ്ചമാമുനിവൻ അണ്ണ=ബ്രഹ്മ ദേവനു തുല്യനായ, മുനിവനും=ഗൌതമമുനിയും, (ആ വാക്കിനെ) കരു ത്തും കൊണ്ടാൻ=മനസ്സാൽ അംഗീകരിക്കയും ചെയ്തു. വൃദ

562. കണങ്ങ്കളാലുയർന്ത വള്ളല്
കോതമൻ കമലത്താൾകൾ
വണങ്ങ്കിനൻ വലങ്ങ്കൊണ്ടേത്തി
മാശറുകർപ്പിൻ മിക്ക
അണങ്ങ്കിനൈയവൻ കൈയീന്താ
ണ്ടരുന്തവണോടും വാശ

മണങ്ങ്കിളർ ശോലൈ നീങ്ങ്കി
മണിമതിർ കിടക്കൈ കണ്ടാർ.

പ:—(അപ്പോരം) കുണങ്ങ്കളാല് ഉയർന്ത വള്ളല്=ഗുണങ്ങരം കൊണ്ടു മഹിതനായ ശ്രീരാമദേവൻ, കോതമൻ=ഗൌതമന്റെ, കമല ത്താരംകരം=കമലത്തിന്നൊത്ത പാദങ്ങളെ, വണങ്ങ്കിനൻ=തൊഴുത്, വലംകൊണ്ടു=പ്രദക്ഷിണം ചെയ്ത്, ഏത്തി=സ്തുതിച്ച്, മാശു അറ=ദോഷ മകന്ന, കർപില് മിക്ക=പാതിവ്രത്യത്തിൽ മികച്ച, അണങ്ങ്കിനൈ=അ ഹല്യയെ, അവൻ കൈ ഈന്തു=അവന്റെ (ഗൌതമന്റെ) കയ്യിൽ ഏ ല്പിച്ച്, ആണ്ടു=അവിടേനിന്നും, അരുതവനോടും=മഹാതപസ്സായ വി ശ്വാമിത്രമുനിയോടുംകൂടെ, വാശം മണം കിളർ=അതിയായ മണം വീശു ന്ന, ശോലൈ=ചോലയെ, നീങ്ങ്കി=വിട്ട്, മണി=രത്നങ്ങളമുഴ്ത്തിയ, മതില് കിടക്കൈ=(മിഥിലാനഗരിയുടെ) മതിലിന്റെ കിടപ്പിനെ (നില യെ), കണ്ടാർ=അവർ കണ്ടു. വൃന

൧൦-ാമതായ അകലിികൈപ്പടലം കഴിഞ്ഞു.

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. M894.811 Acc. No. 19644
This book should be returned on or before the date last stamped below.

| | | |
|---|---|---|
| 12 JUL 2008 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

894.811
NAR-S

19644

നാരായണൻ നായർ. ചി

ശ്രീമത് കമ്പരാമായണം.

KOTTAYAM PUBLIC LIBRARY
894.811
Call No. NAR-S Acc. No. 12644
Author നാരായണൻ നായർ. പി
Title ശ്രീമത് കമ്പരാമായണം.

Indic Digital Archive Foundation
gpura.org